പ്രളയാനന്തരം...?

പ്രളയാനന്തര
പ്രവർത്തനങ്ങൾക്കായി
സർക്കാർ പുറപ്പെടുവിച്ച
ഉത്തരവുകളും
നിർദ്ദേശങ്ങളും അവയുമായി
ബന്ധപ്പെട്ട് ഉയർന്ന്
വന്ന സംശയങ്ങളും
വിശദീകരണങ്ങളും

കില

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
മുളങ്കുന്നത്തുകാവ്, തൃശ്ശൂർ 680 581

പ്രളയാനന്തരം...?

പ്രളയാനന്തര പ്രവർത്തനങ്ങൾക്കായി സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകളും നിർദ്ദേശങ്ങളും അവയുമായി ബന്ധപ്പെട്ട് ഉയർന്ന് വന്ന സംശയങ്ങളും വിശദീകരണങ്ങളും

കില

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ

മുളങ്കുന്നത്തുകാവ്, തൃശ്ശൂർ 680 581

സെപ്റ്റംബർ 2018

പ്രളയാനന്തരം...?

പ്രളയാനന്തര പ്രവർത്തനങ്ങൾക്കായി സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകളും നിർദ്ദേശങ്ങളും അവയുമായി ബന്ധപ്പെട്ട് ഉയർന്ന് വന്ന സംശയങ്ങളും വിശദീകരണങ്ങളും

സെപ്റ്റംബർ 2018

തയ്യാറാക്കിയത്:

കില ടീം

NB: *ഭരണപരമായ കാര്യങ്ങൾക്ക് ഔദ്യോഗികരേഖകളും സർക്കാർ ഉത്തരവുകളും നിർദ്ദേശങ്ങളുമാണ് ആധികാരിക രേഖയായി കണക്കാക്കേണ്ടത്.*

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ

മുളങ്കുന്നത്തുകാവ്, തൃശൂർ 680 581

ഫോൺ (ഓഫീസ്) (0487) 2207000, (ഡയറക്ടർ) 2201312, (ഡെപ്യൂട്ടി ഡയറക്ടർ) 2207002,
(കില–ഹെൽപ്പ് ഡെസ്ക്) 0487-2455000

ഫാക്സ് : 0487-2201062

ഇ–മെയിൽ : info@kila.ac.in

Website : www.kila.ac.in

Sri.A.C.Moideen
Minsiter for Local Self Govt Department
Govt of Kerala

സന്ദേശം

നമ്മുടെ സംസ്ഥാനം ഇന്നുവരെ കണ്ടിട്ടില്ലാത്ത വലിയ പ്രളയ ദുരന്തമാണ് അഭിമുഖീകരിച്ചത്. ഈ പ്രളയക്കെടുതിമൂലം ദുരന്തം അനുഭവിച്ചവരെ രക്ഷിക്കാൻ മുന്നിട്ടിറങ്ങിയ എല്ലാവരേയും, പ്രത്യേകിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ അഭിനന്ദിക്കുന്നു.

മാലിന്യ നിർമ്മാർജ്ജനം, കുടിവെള്ളം, ഭക്ഷണം, സഹായധനം, പുനരധിവാസം, ആസ്തികളുടെ പുനർനിർമ്മാണം, നഷ്ടപ്പെട്ട രേഖകൾ വീണ്ടെടുക്കൽ, നഷ്ടങ്ങളുടെ കണക്കെടുപ്പ്, ദുരിതാശ്വാസനിധി, ആരോഗ്യവും ശുചിത്വവും തുടങ്ങിയവയുമായി ബന്ധപ്പെട്ട നിരവധി പ്രശ്നങ്ങൾ പ്രളയത്തിനുശേഷം നാം അഭിമുഖീകരിക്കുന്നുണ്ട്. ഈ പ്രശ്നങ്ങളിലെ ഇടപെടലുകൾ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ കേരള സർക്കാർ സമയബന്ധിതമായി പുറപ്പെടുവിച്ചിട്ടുണ്ട്.

പ്രസ്തുത ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പ്രളയാനന്തര ഇടപെടലുകൾ സംബന്ധിച്ച സംശയങ്ങൾക്കും ചോദ്യങ്ങൾക്കും **'പ്രളയാനന്തരം .....?'** എന്ന കൈപ്പുസ്തകത്തിലൂടെ ഉത്തരം നൽകുകയാണ് 'കില'. ഈ ഉദ്യമത്തിന് നേതൃത്വം നൽകിയ കില ടീം അംഗങ്ങളെ പ്രത്യേകം അഭിനന്ദിക്കുന്നു.

സ്നേഹപൂർവ്വം

ശ്രീ.എ.സി.മൊയ്തീൻ
ബഹു.തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രി

തിരുവനന്തപുരം
27-9-2018

ആമുഖം

സമാനതകളില്ലാത്ത പ്രളയദുരന്തം കേരളത്തിൽ വരുത്തിവച്ച നാശം വിവരണാതീതമാണ്. കേരളത്തെ പുനരുദ്ധരിക്കുന്നതിനും ദുരന്തം അനുഭവിച്ച ജനങ്ങളെ സാധാരണ ജീവിതത്തിലേക്ക് തിരിച്ചുകൊണ്ടു വരുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും വിശിഷ്യാ ജനപ്രതിനിധികൾക്കും കാര്യമായ പങ്കുവഹിക്കാനുണ്ട്. അവർ വഹിക്കേണ്ട ചുമതലകൾ സുഗമമായി നിർവ്വഹിക്കുന്നതിനാവശ്യമായ നിരവധി ഉത്തരവുകളും നിർദ്ദേശങ്ങളും സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ട്. അപ്രകാരം പുറപ്പെടുവിച്ച നിർദ്ദേശങ്ങളും സംശയങ്ങളും ക്രോഡീകരിച്ചുകൊണ്ട് തയ്യാറാക്കിയതാണ് ഈ കൈപ്പുസ്തകം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെടുത്തി പ്രവർത്തിക്കുന്നവർക്കും പ്രളയദുരിതമനുഭവിക്കുന്നവർക്കും ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന വേളയിൽ ഒരു സഹായഹസ്തമാകും ഈ കൈപ്പുസ്തകം എന്ന് പ്രതീക്ഷിക്കുന്നു.

കില
27-8-2108

ഡോ. ജോയ് ഇളമൺ
ഡയറക്ടർ, കില

ഉള്ളടക്കം

1.	മാലിന്യനിർമ്മാർജ്ജന പ്രവർത്തനങ്ങൾ	01
2.	കുടിവെള്ളം, ഭക്ഷ്യവസ്തുക്കൾ ലഭ്യത	03
3.	സഹായ ധനം	04
4.	പുനരധിവാസം	07
5.	ആസ്തികളുടെ പുനഃർനിർമ്മാണം	09
6.	നഷ്ടപ്പെട്ട രേഖകളുടെ വീണ്ടെടുക്കൽ	11
7.	നഷ്ടങ്ങളുടെ കണക്കെടുപ്പ്	13
8.	ദുരിതാശ്വാസ നിധി	15
9.	ആരോഗ്യവും ശുചിത്വവും	16
അനുബന്ധം 1 – റീബിൽഡ് കേരള മൊബൈൽ ആപ്ലിക്കേഷൻ പ്രവർത്തന സഹായി		21
അനുബന്ധം 2 – പ്രളയദുരന്തവുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപന അദ്ധ്യക്ഷന്മാർക്കും സെക്രട്ടറിക്കും വാർഡ് മെമ്പർമാർക്കുമുള്ള ചെക്ക് ലിസ്റ്റ്		31
അനുബന്ധം 3 – പ്രളയ ദുരിതാശ്വാസവുമായി ബന്ധപ്പെട്ട ഉത്തരവുകളും സർക്കുലറുകളും		49

1. മാലിന്യനിർമ്മാർജ്ജന പ്രവർത്തനങ്ങൾ

(1) ഓരോ പ്രദേശങ്ങളിലും കുന്നുകൂടി ഇട്ടിരിക്കുന്ന മാലിന്യങ്ങൾ നീക്കം ചെയ്യാൻ എന്തു നടപടിയാണ് തദ്ദേശഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ടത്?

മാലിന്യനിർമ്മാർജ്ജനവും ശുചീകരണ പ്രവർത്തനങ്ങളും നടത്തുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ശുചിത്വ മിഷനും ആരോഗ്യ കുടുംബക്ഷേമ വകുപ്പുമായി യോജിച്ച് പ്രവർത്തിക്കേണ്ടതാണ്. ഇതിനായി ക്ലീൻ കേരള കമ്പനിക്കു പുറമെ ഗ്രീൻ വോംസ് എക്കോ സൊല്യൂഷൻസ്, എൽ.എൽ.പി., വെർട്ടിക്കിൾ കോഴിക്കോട്, ക്രൈസ് ഗ്ലോബൽ ട്രേഡേഴ്സ്, വേങ്ങൽ, ആലിൻതുരുത്ത് കോസ്റ്റ്, തിരുവല്ല, ഒലീന മഹിളാ സമാജം, നിറവ് സീറോ വേസ്റ്റ് മാനേജ്മെന്റ്, കോഴിക്കോട്, പ്ലാസ്റ്റിക് റീ സൈക്ലിംഗ് ഇൻഡസ്ട്രിയൽ അസോസിയേഷൻ പെരുമ്പാവൂർ, എറണാകുളം, സ്ക്രാപ്പ് മർച്ചന്റ് അസോസിയേഷൻ, വയനാട്, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം അസോസിയേഷന്റെ ജില്ലാതല സ്ഥാപനങ്ങൾ. ഇതിനുപുറമെ ഇവരുടെ സേവനം പ്രയോജനപ്പെടുത്തി പ്രളയബാധിത പ്രദേശങ്ങളിലെ തുണികൾ, മറ്റു വസ്തുക്കൾ ഇ-മാലിന്യങ്ങൾ നീക്കം ചെയ്യാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ടതാണ്. ഇതു സംബന്ധിച്ച ചെലവുകൾ 16.08.2018 ലെ സ.ഉ.(സാധാ)/2262/2018/തസ്വഭവ, പ്രകാരം അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കേണ്ടതാണ്. ഇതിലേക്ക് ഡംപിംഗ് സ്ഥലങ്ങൾ കണ്ടെത്തണം. ശുചീകരണ പ്രവർത്തനങ്ങൾക്കായി സ്ക്വാഡുകൾ ശുചീകരണ ശുചീകരണ പ്രവർത്തനങ്ങൾക്ക് കുടുംബശ്രീ പ്രവർത്തകർ, ഹരിത കർമ്മസേന, സന്നദ്ധ സാമൂഹ്യ സംഘടനകൾ, യുവജന-വിദ്യാർത്ഥി സംഘടനകൾ എന്നിവരുടെ സേവനങ്ങളും പരമാവധി പ്രയോജനപ്പെടുത്തണം. ഇതിന് അത്യാവശ്യം വേണ്ടുന്ന തുക തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ചെലവ് ചെല്ലാവുന്നതാണ്. [(1) ഉത്തരവ് നമ്പർ: സ.ഉ.(സാധാ) 453/201//സി.എം.ഡി. തീയതി 20.8.2018. (2) സ.ഉ.(സാധാ) 2267/2018/തസ്വഭവ തീയതി 17.8.2018, (3) 27.08.2018 ലെ ഇനം 2813/ഓ/2018/SM ശുചിത്വ മിഷൻ എക്സിക്യൂട്ടീവ്].

(2) ശുചീകരണത്തിന് ആവശ്യമായ തൊഴിൽ ഉപകരണങ്ങളും ശുചിത്വ സാമഗ്രികളും എവിടെ നിന്നും ലഭിക്കും?

ശുചീകരണത്തിനായി വാർഡ്തലത്തിൽ രൂപീകരിച്ച വളണ്ടിയർ സ്ക്വാഡുകൾക്ക് തൊഴിലുറപ്പ് സംവിധാനത്തിൽ നിന്നും കാർഷിക കർമ്മസേനയിൽ നിന്നും ഓരോ സ്ക്വാഡിനും വേണ്ട ശുചീകരണ ഉപകരണങ്ങൾ (മൺവെട്ടി, തൂമ്പ്, മണ്ണുകോരി, ചട്ടി, വാക്കത്തി, ബക്കറ്റ് എന്നീ ഉപകരണങ്ങൾ) പ്രാദേശികമായി സംഘടിപ്പിക്കേണ്ടതാണ്. ലഭ്യമല്ലെങ്കിൽ വാടകയ്ക്കോ, വിലയ്ക്കോ വാങ്ങേണ്ടതാണ്. ആവശ്യമായ ബ്ലീച്ചിങ്ങ് പൗഡർ ആരോഗ്യ കേന്ദ്രങ്ങളിൽ നിന്നും ലഭ്യമാക്കണം. (സ.ഉ.(സാധാ) 2288/2018/തസ്വഭവ തീയതി 19.08.2018).

(3) വ്യക്തികളുടെ വീടുകൾ ശുചീകരിച്ചു കൊടുക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് ബാധ്യത ഉണ്ടോ?

സന്നദ്ധ സംഘടനകളുടെയും തൊഴിലുറപ്പ് പദ്ധതി, ശുചിത്വ മിഷൻ, കുടുംബശ്രീ, യുവജന സംഘടനകൾ, മറ്റ് സാമൂഹ്യ പ്രസ്ഥാനങ്ങൾ എന്നിവരെയെല്ലാം സംഘടിപ്പിച്ചുകൊണ്ട് തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വ്യക്തികളുടെ വീടുകളും ശുചീകരണ പ്രവർത്തനം നടത്തണം. (സ.ഉ.(സാധാ) 2288/2018/തസ്വഭവ തീയതി 19.08.2018).

(4) മാലിന്യങ്ങൾ തരം തിരിക്കൽ എന്തു ചെയ്യണം? ചുമതല ആർക്കാണ്?

മേൽ ഉത്തരങ്ങളിൽ പ്രതിപാദിച്ചപോലെ സന്നദ്ധ സംഘടനകളെയും കുടുംബശ്രീ, തൊഴിലുറപ്പ് പദ്ധതി എന്നിവരടങ്ങുന്ന വളണ്ടിയർ ടീമിനെ ഉപയോഗിച്ച് തരം തിരിച്ച് സൂക്ഷിക്കാനുള്ള ചുമതല തദ്ദേശഭരണ സ്ഥാപനങ്ങൾക്കുണ്ട്. (സ.ഉ.(സാധാ.) 2288/2018/തസ്വഭവ തീയതി 19.08.2018). ജൈവ, അജൈവ മാലിന്യങ്ങൾ തരം തിരിച്ച് വയ്ക്കണം. പ്ലാസ്റ്റിക് വസ്തുക്കളും അജൈവ മാലിന്യങ്ങളും ചാക്കിൽ കെട്ടി സൂക്ഷിക്കുക. അവ ക്ലീൻ കേരള മിഷൻ, സ്ക്രാച്ച് ഡീലേഴ്സ് എന്നിവരുമായി ബന്ധപ്പെട്ട് മാറ്റാൻ നടപടി സ്വീകരിക്കുക. ജൈവ മാലിന്യങ്ങൾ യുക്തിസഹജമായ രീതിയിൽ കമ്പോസ്റ്റ് മുതലായവയായി പരിവർത്തനം ചെയ്യാൻ നടപടി സ്വീകരിക്കാം. (ഉത്തരവ് നം. 2773/എ/2018/ശു.മി. തീയതി 17.08.2018).

(5) ചത്തുകിടക്കുന്ന മൃഗങ്ങളേയും പക്ഷികളേയും നിർമ്മാർജ്ജനം ചെയ്യാൻ എന്തു നടപടിയാണ് സ്വീകരിക്കേണ്ടത്?

ആരോഗ്യ വകുപ്പിലെ ഉദ്യോഗസ്ഥരും ക്ലീൻ കേരള മിഷനുമായി ചേർന്ന് തദ്ദേശഭരണ സ്ഥാപനത്തിലെ ക്ലീനിങ്ങ് സ്ക്വാഡിനെ ഉപയോഗിച്ച് ചത്തുകിടക്കുന്ന പക്ഷിമൃഗാദികളെ അണുവിമുക്തമായ രീതിയിൽ സംസ്കരിക്കാൻ ഏർപ്പാടു ചെയ്യേണ്ടതാണ്. കണ്ടെത്തുന്ന മൃഗങ്ങളുടെ ശരീരം ഏറ്റെടുത്ത് ഭദ്രമായ സ്ഥലത്ത് സുരക്ഷിതമായി സംസ്കരിക്കണം. ജെ.സി.ബി. ഉപയോഗിച്ച് മൃഗസംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിലാണ് സംസ്കരിക്കേണ്ടത്. ഉറപ്പുള്ള സ്ഥലമാണെങ്കിൽ ജലസ്രോതസ്സിൽ നിന്നും 10 മീറ്റർ മാറി 5 മുതൽ 6 അടി വരെ താഴ്ചയുള്ള കുഴിയെടുത്ത് സംസ്കരിക്കണം. നായ മുതലായവ മാന്തിയെടുക്കാതെ വേണം സംസ്കരിക്കാൻ. ഈർപ്പമുള്ള മണ്ണാണെങ്കിൽ ജലസ്രോതസ്സിൽ നിന്നും 10 മീറ്റർ മാറി ഇഷ്ടിക ഉപയോഗിച്ച് തറ നിരപ്പിൽ നിന്ന് 50 സെ.മീ. ഉയർന്ന പ്ലാറ്റ്ഫോം നിർമ്മിച്ച് മൃതശരീരം അതിൽവെച്ച് കരിയില, നീറ്റുകക്ക എന്നിവ ചേർത്ത് മണ്ണിട്ട് മൂടണം. കുഴിയെടുക്കാൻ ബുദ്ധിമുട്ടുള്ള സ്ഥലത്ത് ചിതയൊരുക്കി കത്തിച്ച് സംസ്കരിക്കണം. (ഉത്തരവ് നം. 2813/എ/2018/ശു.മി. തീയതി 20.08.2018).

2. കുടിവെള്ളം, ഭക്ഷ്യവസ്തുക്കൾ

(1) കുടിവെള്ള പ്രശ്നമുള്ളിടത്ത് കുടിവെള്ള വിതരണത്തിന് എന്ത് ചെയ്യും?

കുടിവെള്ള പ്രശ്നമുള്ള സ്ഥലങ്ങളിൽ കുടിവെള്ള വിതരണത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ക്രമീകരണം ചെയ്യേണ്ടതാണ്. നിലവിലെ കിയോസ്കുകൾ വൃത്തിയാക്കി ഉപയോഗപ്രദമാക്കണം. പുതിയ ടാങ്കുൾ വാങ്ങാം. കിണറുകൾ സാനിറ്റേഷൻ നടത്തുന്നതുവരെ വാട്ടർ അതോറ്റിറ്റിയുടെ ശുദ്ധീകരിച്ച വെള്ളം ടാങ്കർ ലോറിയിൽ വിതരണം ചെയ്യണം. ഉൾപ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കാൻ വീതിക്കുറങ്ങ റോഡുകൾക്ക് അനുയോജ്യമായ വാഹനം വാടകയ്ക്ക് എടുക്കേണ്ടതാണ്. ആവശ്യമെങ്കിൽ ബോട്ടുകളിലോ, വള്ളങ്ങളിലോ കുടിവെള്ളം എത്തിക്കാം. (സ.ഉ. 2773/എ2018/എസ്.എ. തീയതി 17.08.2018).

(2) അങ്കൺവാടികളിലും സ്കൂളുകളിലുമുള്ള ഭക്ഷ്യധാന്യങ്ങൾ നശിച്ചുപോയത്/ഗുണമേന്മ ഉറപ്പാക്കൽ എന്തു നടപടിയാണ് ചെയ്യേണ്ടത്?

അങ്കൺവാടികളിലും സ്കൂളുകളിലും സൂക്ഷിച്ച ഉപയോഗശൂന്യമായ ഭക്ഷ്യവസ്തുക്കൾ ഭദ്രമായ സ്ഥലത്ത് കുഴിച്ചുമൂടി നശിപ്പിച്ചു കളയണം. ബാക്കിയുള്ളവയുടെ ഗുണമേന്മ പരിശോധിക്കുന്നതിനുള്ള നടപടി ആരോഗ്യ വകുപ്പ് ഭക്ഷ്യസുരക്ഷാ വകുപ്പ് എന്നിവരുമായി ചേർന്ന് നടപ്പാക്കണം. സ്കൂൾ അധികൃതരും ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഇക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

(3) കുടിവെള്ള ലഭ്യത ഉറപ്പുവരുത്താൻ എന്തൊക്കെ ചെയ്യാം?

ദുരന്തബാധിതർക്ക് കുടിവെള്ളം ലഭ്യമാക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്ന് ആവശ്യമായ തുക വിനിയോഗിക്കാവുന്നതാണ്. (സ.ഉ.(സാധാ.) 2221/2018/തസ്വഭവ തിരുവനന്തപുരം തീയതി 10.08.2018). തുക മതിയാകാതെ വന്നാൽ ജില്ലാ കളക്ടറുമായി ബന്ധപ്പെടുക. കിണറുകൾ, പൈപ്പുകൾ എന്നിവ ശുചീകരിക്കുന്നതിനുള്ള നടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയും ആരോഗ്യ വകുപ്പിന്റെയും ശുചിത്വ മിഷന്റെയും സഹായത്തോടെ ചെയ്യണം. കിണറുകളും മറ്റു ജലസ്രോതസ്സുകളും ക്ലോറിനേറ്റ് ചെയ്ത് ശുചിയായ സൂക്ഷിക്കേണ്ടതാണ്. (ഉത്തരവ് നം. 2773/എ/2018/ശു.മി. തീയതി 17.08.2018).

3. സഹായ ധനം

(1) ക്യാമ്പുകളിൽ താമസിച്ചവർക്ക് സഹായം ലഭിക്കുന്നുണ്ട്. ബന്ധുവീടുകളിലിലും മറ്റും താമസിച്ചവർക്ക് ദുരിതാശ്വാസം എങ്ങനെ ലഭിക്കും?

രണ്ട് ദിവസത്തിലധികം വെള്ളം കെട്ടിനിൽക്കുക, മണ്ണിടിച്ചിൽ തുടങ്ങിയ കാരണങ്ങളാൽ വീട് വാസയോഗ്യമല്ലാതായാൽ ഓരോ കുടുംബത്തിനും ആശ്വാസ ധനസഹായമായി 10,000 രൂപ ലഭിക്കും. ഇക്കാര്യങ്ങൾ വ്യക്തമാക്കി അവർ വിവരശേഖരണത്തിന് വരുന്ന ഉദ്യോഗസ്ഥരോട് വില്ലേജ് ആഫീസറേയോ വിവരം അറിയിക്കണം. (നടപടി –റവന്യൂ/ദുരന്ത നിവാരണം/(കലാമിറ്റി റിലീഫ് ഫണ്ട് (സി.ആർ.എഫ്.) വകുപ്പുകൾ).

(ദുരന്തനിവാരണ (എ) വകുപ്പ് – സ.ഉ.(കൈ) നം. 13/2018/ദു.നി.വ. തിരുവനന്തപുരം, തീയതി 16.08.2018).

(2) ഒറ്റപ്പെട്ട് താമസിക്കുന്ന ചിലർ അവർ വിവരം ക്യാമ്പുകളിലോ റവന്യൂ അധികാരികളുടെ അടുത്തോ അറിയിച്ചിട്ടില്ല. അവർക്കുള്ള സഹായം എങ്ങനെ ലഭ്യമാക്കും?

ഒറ്റപ്പെട്ട താമസിക്കുന്നവർ വിവരശേഖരണത്തിന് ചുമതലപ്പെട്ട ബൂത്ത് ലവൽ ഓഫീസർമാരോട് (ബി.എൽ.ഒ.മാരോട്)/റവന്യൂ അധികാരികളോട് വിവരം അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം അവർ പഞ്ചായത്തിലോ വില്ലേജ് ആഫീസറുടെ അടുത്തോ വിവരം അറിയിക്കണം.

(3) വ്യാപാര വ്യവസായ സ്ഥാപനങ്ങൾ, തൊഴിലിടങ്ങൾ എന്നിവ നശിച്ചുപോയവർ ജീവിക്കാൻ വഴികാണാതെ കഷ്ടപ്പെടുന്നു. എന്തു ചെയ്യും?

അപ്രകാരം സംഭവിച്ചതിന്റെ കണക്കുകൾ ശേഖരണം നടത്തി നഷ്ടം വിലയിരുത്തി ഡാറ്റ കളക്ട് ചെയ്യാനുള്ള സംവിധാനം റവന്യൂ വകുപ്പ് മുഖേന ഏർപ്പാടു ചെയ്തിട്ടുണ്ട്. നഷ്ടം വിലയിരുത്തിയശേഷം ആവശ്യമായ ധനസഹായം ലഭിക്കുന്നതിന് ജില്ലാ കളക്ടറേറ്റിലെ ഉദ്യോഗസ്ഥരുമായി ബന്ധപ്പെടേണ്ടതാണ്.

(4) കൃഷിയിടങ്ങളും കന്നുകാലികളും നശിച്ചുപോയി. എന്തു ചെയ്യും?

റവന്യൂ വകുപ്പ് വഴിയും ബന്ധപ്പെട്ട കൃഷി/മൃഗസംരക്ഷണ വകുപ്പുകൾ വഴിയും നഷ്ടം വിലയിരുത്തിയശേഷം ആവശ്യമായ സഹായ നടപടികൾക്കായി ജില്ലാ കളക്ടറേറ്റിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരേയോ/വില്ലേജ് ആഫീസറേയോ വിവരം അറിയിക്കണം.

(5) നിലവിൽ കുടുംബശ്രീ അംഗമല്ലാത്തവർക്ക് 1 ലക്ഷം രൂപ വരെയുള്ള വായ്പ ലഭിക്കുമോ?

പ്രളയ ദുരിതം അനുഭവിച്ചവർക്കുള്ള റിസന്റ് കേരള വായ്പ കുടുംബത്തിലെ ഗൃഹനാഥ/വനിതാ കുടുംബാംഗം, നിലവിൽ കുടുംബശ്രീ അംഗമല്ലെങ്കിൽ അംഗത്വം സ്വീകരിക്കുന്ന മുറയ്ക്ക് ലഭിക്കുന്നതാണ്. എന്നാൽ 10000/- രൂപയുടെ പ്രളയ ദുരിതാശ്വാസം ലഭിച്ച കുടുംബമായിരിക്കണം. കൂടാതെ അംഗമായി ചേർന്നവർ കുടുംബശ്രീ ദർശനം ഉൾക്കൊള്ളുകയും അയൽക്കൂട്ട യോഗത്തിൽ പങ്കെടുത്ത് സ്വാഭാവിക പ്രവർത്തനം തുടരുകയും ചെയ്യണം. (സ.ഉ.(കൈ)326/2018/റ.വ. തീയതി 07.09.2018).

(6) ഏതെല്ലാം ആവശ്യങ്ങൾക്കാണ് ഈ വായ്പ ഉപയോഗിക്കാവുന്നത്?

പ്രളയത്തിൽ നഷ്ടപ്പെട്ട ഗൃഹോപകരണങ്ങൾ വാങ്ങുന്നതിന് ഉപയോഗിക്കാം (ടി.വി, ഫ്രിഡ്ജ്, മിക്സി, ഗ്യാസ് സ്റ്റൗ, ഫർണീച്ചർ, മെത്ത, കുക്കർ) മുതലായവ വാങ്ങുന്നതിനോ, നഷ്ടപ്പെട്ട ഉപജീവന ഉപാധികൾ വാങ്ങുന്നതിനോ (കോഴി, ആട്, മുതലായവ മുതൽ മുടക്ക് കുറഞ്ഞ സംരംഭങ്ങൾ മാത്രം) ഈ വായ്പ തുക ഉപയോഗിക്കാവുന്നതാണ്.

(7) വീട് പൂർണ്ണമായോ ഭാഗീകമായോ നഷ്ടപ്പെട്ടവർക്ക്ഈ വായ്പക്ക് അപേക്ഷിക്കാമോ ?

വീട് പൂർണ്ണമായോ ഭാഗീകമായോ നഷ്ടപ്പെട്ടവർക്കുള്ള ധനസഹായം സർക്കാർതലത്തിൽ പ്രത്യേകം പരിഗണിക്കുന്നതാണ്. ഇതിനുള്ള വിവര ശേഖരണം നടന്നു കൊണ്ടിരിക്കുന്നു. ആകയാൽ വീട് പുനർ നിർമ്മിക്കുന്നതിന് ഈ വായ്പയ്ക്ക് അപേക്ഷിക്കേണ്ടതില്ല.

(8) ഈ വായ്പയുടെ തിരിച്ചടവ് കാലാവധി, പലിശ തുടങ്ങിയവ വ്യക്തമാക്കാമോ ?

വായ്പയുടെ തിരിച്ചടവ് കാലാവധി 36 മുതൽ 48 മാസം വരെയായിരിക്കും. വായ്പയുടെ പലിശ 9 % മാണ്. എന്നാൽ ഇത് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ലഭിക്കുന്നതാണ്. വായ്പലഭ്യമായാൽ അടുത്ത മാസംമുതൽ തിരിച്ചടവ് തുടങ്ങണം.

(9) അപേക്ഷിച്ച എല്ലാവർക്കും 1 ലക്ഷം രൂപ വീതം വായ്പ ലഭിക്കുമോ ?

ഇല്ല. സാധനങ്ങളുടെ ആവശ്യകത അനുസരിച്ചും തിരിച്ചടവിനുള്ള പ്രാപ്തിയും വിലയിരുത്തും. ബന്ധപ്പെട്ട അയൽക്കൂട്ടത്തിന് ബാങ്ക് അനുവദിക്കുന്ന പരമാവധി വായ്പാതുകയായ 10 ലക്ഷത്തിന് വിധേയമായിട്ടായിരിക്കണം അംഗങ്ങൾക്ക് വായ്പാ ലഭിക്കുന്നത്.

(10) റിസർജന്റ് കേരള വായ്പ പ്രത്യേക ഫോറമുണ്ടോ ? അപേക്ഷകൻ ജാമ്യം നൽകേണ്ടതുണ്ടോ?

പ്രത്യേകം ഫോറം ഉണ്ട്. ഫോറം അയൽക്കൂട്ടത്തിൽ നിന്നും ലിക്കുന്നതാണ്. അപേക്ഷയോടൊപ്പം ലോൺ തിരിച്ചടവ് കൃത്യമായി നടത്തുമെന്ന സത്യവാങ്മൂലം റവന്യൂ സ്റ്റാമ്പ് ഒട്ടിച്ച് മാതൃകാ ഫോറത്തിൽ നൽകേണ്ടതാണ്. ആ ഫോറവും അയൽക്കൂട്ടത്തിൽ നിന്നും ലഭിക്കും.

(11) പ്രളയം ബാധിക്കാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വാർഷികപദ്ധതി ഭേദഗതി ചെയ്യാൻ പറ്റുമോ?

ഇത്തരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സർക്കാർ നിർദ്ദേശിച്ചിട്ടുള്ള പ്രോജക്ടുകൾ ഏറ്റെടുക്കാനല്ലാതെ അഴിച്ചു പണി നടത്താൻ പാടുള്ളതല്ല. (സർക്കാർ ഉത്തരവ് നം.ഡി.എ 1/652/2018/തസ്വഭവ തീയതി 17.9.2018). കൂടാതെ പ്രളയബാധിക്കാത്ത പ്രദേശങ്ങളിൽ പ്രളയക്കെടുതി മൂലമുള്ള പുനർ നിർമ്മാണമെന്ന നിലയിലുള്ള പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതല്ല.

(12) താമസമില്ലാതെ ഒഴിഞ്ഞുകിടക്കുന്ന വെള്ളം കയറിയ വീട്ടിൽ നഷ്ടപരിഹാരം കിട്ടുമോ?

താസമില്ലാതെ കിടക്കുന്ന വീട്ടിൽ കെട്ടിടത്തിന് നാശനഷ്ടമുണ്ടായിട്ടുണ്ടെങ്കിൽ നഷ്ടപരിഹാരത്തിന് അപേക്ഷിക്കാവുന്നതാണ്.

(13) വാടകക്കാരന്റെ വീട്ടിൽ/സ്ഥാപനത്തിൽ വെള്ളം കയറിയാൽ നഷ്ടപരിഹാരം ആർക്കാണ് ലഭിക്കുക? വീട്ടുടമസ്ഥനോ, വാടകക്കാരനോ?

കെട്ടിടത്തിന് സംഭവിച്ച നാശനഷ്ടത്തിന് കെട്ടിട ഉടമയ്ക്കാണ് നഷ്ടപരിഹാരം ലഭിക്കുക.

(14) 10,000 രൂപ ലഭിക്കാൻ തിരിച്ചറിയൽ രേഖകൾ നൽകണോ? വെള്ളത്തിൽ രേഖകൾ നഷ്ടപ്പെട്ടവർ എന്തു ചെയ്യും?

വേണ്ട. ബാങ്ക് അക്കൗണ്ട് രേഖ മാത്രം മതി. ഗുണഭോക്താവിന്റെ വിവരങ്ങൾ വിവരശേഖരണത്തിന് എത്തിയ ഉദ്യോഗസ്ഥരെ ധരിപ്പിക്കുക. അക്കൗണ്ട് നമ്പറും ബാങ്ക് ഐ.എഫ്.എസ്.സി കോഡും നൽകുക. അക്കൗണ്ടിലേക്ക് പണം നിക്ഷേപിച്ച് തരും

(15) ഒരു ലക്ഷം രൂപ വരെ പലിശരഹിത വായ്പ കുടുംബശ്രീ വഴി ലഭിക്കുന്നത് അംഗങ്ങൾ അല്ലാത്തവർക്ക്എങ്ങനെ ലഭിക്കും?

അവർ കുടുംബശ്രീയിൽ അംഗമായി ചേർന്ന് വായ്പ്ക്ക് അപേക്ഷിക്കാം. 10000/- രൂപ നഷ്ടപരിഹാരം ലഭിച്ചവർക്ക് മാത്രമാണ് ഇപ്രകാരമുള്ള വായ്പക്ക് അർഹത.

(16) വീട്ടുപകരണങ്ങൾ നഷ്ടപ്പെട്ടവർക്ക് നഷ്ടപരിഹരം ലഭിക്കുമോ?

നഷ്ടപ്പെട്ട വീട്ടുപകരണങ്ങൾ വാങ്ങാൻ കുടുംബശ്രീ വഴി ഒരു ലക്ഷം രൂപ വരെ വായ്പ ലഭിക്കാവുന്നതാണ്.

(17) ഇടത്തരക്കാർക്കും മാസശമ്പളക്കാർക്കും നഷ്ടപരിഹാരം ലഭിക്കാൻ അർഹതയുണ്ടോ?

പ്രളയ ദുരിതം ഉണ്ടായ എല്ലാവർക്കും ദുരിതാശ്വാസ ധനസഹായത്തിന് അപേക്ഷിക്കാവുന്നതാണ്.

(18) നിലവിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടുള്ള പദ്ധതിയും പ്രോജക്ടും പ്രളയാനന്തര പ്രവർത്തനങ്ങൾക്ക് അനുസരിച്ച് ഭേഗതിക്ക് അംഗീകാരം കിട്ടുമോ?

പ്രാധാന്യമില്ലാത്ത പ്രോജക്ടുകളും നിരസിച്ച പ്രോജക്ടുകളും ഭേദഗതി ചെയ്യാൻ പ്രളയബാധിത തദ്ദേശ സ്ഥാപനങ്ങളെ അനുവദിച്ചിട്ടുണ്ട്. (സർക്കുലർ നമ്പർ ഡി.എ1/652/2018/തസ്വഭവ തീയതി 17.09.2018).

4. പുനരധിവാസം

(1) വീട് നഷ്ടപ്പെട്ടവർ ഇപ്പോഴും പൊതു ഇടങ്ങളിൽ താമസിക്കുന്നുണ്ട്. അവരെ പുതിയ വീട് വയ്ക്കുന്നതിന് മുമ്പ് താല്ക്കാലികമായി പുനരധിവസിപ്പിക്കാൻ എന്തു ചെയ്യണം?

പ്രളയക്കെടുതി മൂലം വീട് നഷ്ടപ്പെട്ടവരേയും വീട് വാസയോഗ്യമല്ലാതായിത്തീർന്നവരേയും പുനരധിവസിപ്പിക്കേണ്ടതിന് സ്വീകരിക്കേണ്ട നടപടികൾ : (1) വാസയോഗ്യമല്ലാത്തതും പരിസ്ഥിതിക്ക് അനുയോജ്യമല്ലാത്തതുമായ ഭൂമി ഏതെന്ന് കണ്ടെത്തി എത്ര കുടുംബങ്ങളെ മാറ്റി പാർപ്പിക്കേണ്ടിവരുമെന്നും അതിനാവശ്യമായ ഭൂമി ജില്ലാ കളക്ടർമാർ കണ്ടെത്തി സർക്കാരിന് റിപ്പോർട്ട് നൽകണം. സർക്കാർ ഭൂമിയോ, പുറമ്പോക്ക് ഭൂമിയോ മറ്റ് വകുപ്പുകളുടെ ഭൂമിയോ, സംഭാവനയായി ലഭിച്ച ഭൂമിയോ, ഇതിനായി ഉപയോഗിക്കാം. ഭൂമി ലഭ്യമായ സ്ഥലത്ത് ഓരോ കുടുംബത്തിനും 3 മുതൽ 5 സെന്റ് വരെ ഭൂമിയും വീടും നൽകിയോ, ഫ്ലാറ്റുകൾ പണിതോ അവരെ പുനരധിവസിപ്പിക്കേണ്ടതാണ് (സ.ഉ.(സാധാ)486/2018/ഡി.എം.സി. തീയതി 06.09.2018).

(2) വീടുകളിൽ നശിച്ചുപോയ വീട്ടുപകരണങ്ങൾ നന്നാക്കികൊടുക്കുവാൻ വയറിംഗ്, പ്ലംബിംഗ് എന്നിവ മെയിന്റനൻസ് ചെയ്തു കൊടുക്കുവാനും എന്തു ചെയ്യാൻ കഴിയും?

പ്രളയത്തോടനുബന്ധിച്ച് വീടുകളിൽ നശിച്ചുപോയ വൈദ്യുതി ഉപകരണങ്ങൾ നന്നാക്കുന്നതിനും അതിനു വേണ്ട ലഘു ഉപകരണങ്ങളോ സാധനങ്ങളോ വാങ്ങുന്നതിനും ഇലക്ട്രീഷ്യൻ/പ്ലംബർ എന്നിവരുടെ സേവനം പ്രയോജനപ്പെടുത്തുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നോ, തനത് ഫണ്ടിന്റെ അഭാവത്തിൽ പ്ലാൻ ഫണ്ടിൽ നിന്നോ ഒറ്റത്തവണ മാത്രം തുക ചെലവഴിക്കാവുന്നതാണ്. (സ.ഉ.(സാധാ.) 2314/2018/തസ്വഭവ തിരുവനന്തപുരം തീയതി 23.08.2018).

(3) സമയബന്ധിതമായി വീടുകൾ കേടുപാടുകൾ തീർക്കാൻ, വിലയിരുത്തൽ നടത്തുന്നതിന് പഞ്ചായത്തിലെ എഞ്ചിനീയറെ കൊണ്ട് മാത്രം കഴിയുമോ? ബദൽ സംവിധാനം എന്താണ്?

പഞ്ചായത്തിലെ എൽ.എസ്.ജി.ഡി. എഞ്ചിനീയറെയും ഓവർസിയറെയും നിയോഗിക്കുക. ഇവരുടെ സേവനം മതിയാകാതെ വന്നാൽ എക്സിക്യൂട്ടീവ് എഞ്ചിനീയറെയോ ജില്ലാ കളക്ടറെയോ ബദൽ സംവിധാനത്തിനായി അറിയിക്കുക. 30 ദിവസം വരെ താല്ക്കാലികമായി എഞ്ചിനീയറെ നിയമിക്കാവുന്നതുമാണ്. (സർക്കുലർ നമ്പർ ഡി.എ1/652/2018/തസ്വഭവ തീയതി 17.09.2018).

(6) പ്രളയം, മലയിടിച്ചിൽ, ഉരുൾപൊട്ടൽ മുതലായവയ്ക്ക് സാധ്യതയുള്ള സ്ഥലങ്ങളിൽ അപകടഭീതിയില്ലാതെ പുനരധിവസിപ്പിക്കാൻ എന്തു നടപടിയാണ് സ്വീകരിക്കേണ്ടത്?

ജിയോളജി വകുപ്പുമായി ബന്ധപ്പെട്ട് ആവശ്യായ പരിശോധന നടത്തി വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്. ജില്ലാ കളക്ടേറ്റിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥനുമായോ തഹസിൽദാരുമായോ ബന്ധപ്പെട്ട് കൂടുതൽ നടപടികൾ സ്വീകരിക്കുക.

(7) ചുമരുകൾക്ക് വിള്ളലുള്ള വാസയോഗ്യമല്ലാത്ത വീടുകൾ ഭാഗികമായി റിപ്പയർ ചെയ്തു വാസയോഗ്യമാക്കാം. ഇതിനു നിലവിലുള്ള ഉത്തരവിൽ പ്രൊവിഷൻ ഉണ്ടോ?

ഉണ്ട്. എഞ്ചീനയറുടെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കെട്ടിടത്തിന്റെ സുരക്ഷ ഉറപ്പ് വരുത്തിയ ശേഷം റിപ്പയർ ചെയ്യാവുന്നതാണ്.

(8) **ലൈഫ് മിഷനിൽ ഏറ്റെടുക്കേണ്ട വീടുകളുടെ ലിസ്റ്റ് അംഗീകരിച്ചുകഴിഞ്ഞു. ഈ ലിസ്റ്റിൽ പെടാത്ത പുനരുദ്ധാരണം ആവശ്യമുള്ള വീടുകൾ എങ്ങനെ ഏറ്റെടുക്കും? ലൈഫ് ലിസ്റ്റിൽ ഉൾപ്പെടുത്തിയവ തന്നെ ഉടൻ ഏറ്റെടുക്കാൻ കഴിയില്ല. ഇത്തരം വീടുകൾ എങ്ങനെ ഏറ്റെടുക്കാൻ കഴിയും?**

പ്രളയ ദുരിതത്തിൽ പെട്ട വീടുകൾ പ്രത്യേക പരിഗണ നൽകി റിപ്പയർ ചെയ്യുകയോ പുനർനിർമ്മിക്കുകയോ ചെയ്യാം.

(9) **ഇപ്പോഴും ക്യാമ്പുകളിൽ താമസിക്കുന്നവർക്ക് മുൻഗണന നൽകി വീട് നിർമ്മിച്ചുകൊടുക്കാൻ കഴിയുമോ?**

പ്രളയ ദുരിതമനുഭവിക്കുന്നവർക്കുള്ള പ്രത്യേക പരിഗണന നൽകി ചെയ്യാം

(10) **ലൈഫ് ലിസ്റ്റിൽ പെടാത്ത വീടുകൾക്ക് പ്ലാൻ ഫണ്ട് ഉപയോഗിച്ച് പ്രത്യേകം പ്രോജക്ട് ഉണ്ടാക്കി നിർവ്വഹണം നടത്താമോ?**

പ്രളയദുരിത ബാധിതരും 10000/- രൂപ സഹായധനം ലഭിച്ചവരുമാണെങ്കിൽ പ്രത്യേക പരിഗണന നൽകി വീടുകൾ നൽകാം.

(11) **ഇലക്ട്രിക്കൽ പ്ലംബിംഗ് പണികൾ പഞ്ചായത്തിലെ ലൈസൻസ്ഡ് ഇല്ക്ട്രീഷ്യന്മാരെ ഉപയോഗിച്ച് ചെയ്യാൻ കഴിയുമോ? ഇപ്പോഴത്തെ ഉത്തരവിൽ ഏജൻസികളെക്കൊണ്ട് ചെയ്യിക്കാമെന്നാണ്. എന്നാൽ അത്തരം ഏജൻസികളെ എല്ലാ പഞ്ചായത്തിലും ലഭ്യമല്ല.**

ലൈസൻസ്ഡ് ഇലക്ട്രീഷൻസ്, പ്ലംബർമാർ എന്നിവരുടെ സേവനം ഉപയോഗപ്പെടുത്തി പ്രളയബാധിതരുടെ വീടുകൾ അറ്റക്കുറ്റ പണി നടത്താം.

(12) **വീട് പുനരധിവാസത്തിന് ആവശ്യമായ തനത് ഫണ്ട് ഇല്ലാത്ത പഞ്ചായത്തുകളാണ് കൂടുതൽ. അവർ എന്ത് ചെയ്യും?**

നിലവിലുള്ള പദ്ധതികളിൽ ഭേദഗതി ചെയ്യാൻ കഴിയുന്നവ ഭേദഗതി ചെയ്ത് പ്ലാൻ ഫണ്ടും ഉപയോഗിക്കാം

(13) **പ്രളയ ബാധിത പ്രദേശങ്ങളിലെ പുനരധിവാസ പ്രവർത്തനങ്ങൾ ഗ്രാമ, ബ്ലോക്ക് ജില്ലാ പഞ്ചായത്തുകൾ സംയുക്തമായി തയ്യാറാക്കുന്നതിന് സംവിധാനമുണ്ടോ?**

ഉണ്ട്. തൃതല പഞ്ചായത്തുകൾക്ക് സംയുക്തമായി ഏറ്റെടുക്കാം.

5. ആസ്തികളുടെ പുനർ നിർമ്മാണം

(1) പൊതു കെട്ടിടങ്ങളും റോഡുകളും തകർന്നു പോയിട്ടുണ്ട്. അവ പുനരുദ്ധരിക്കാൻ അടിയന്തിരമായി എന്തു ചെയ്യാൻ കഴിയും?

പൂർണ്ണമായോ ഭാഗികമായോ തകർന്ന റോഡുകൾ ഉൾപ്പെടെയുള്ള ആസ്തികളുടെ പുനർനിർമ്മാണവും അറ്റകുറ്റപ്പണിയും നടത്തേണ്ട സാഹചര്യം നേരിടുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അടിയന്തിര സ്വഭാവമുള്ള പ്രവൃത്തികൾ അവയുടെ നടപ്പ് വാർഷിക പദ്ധതിയുടെ ഭാഗമാക്കുന്നതിന് അനുമതി നൽകേണ്ടതുണ്ടെന്ന് 2018 ആഗസ്റ്റ് 21 ന് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ തീരുമാനിക്കുകയുണ്ടായി.

ഇതു സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ സ.ഉ.(സാധാ).നം.2313/2018/തസ്വഭവ തീയതി 23-08-2018 ഉത്തരവായിട്ടുണ്ട്. അത്യാവശ്യം ഇല്ലാത്തതും മാറ്റി വെയ്ക്കാവുന്നതുമായ പ്രോജക്ടുകൾ, ഡി.പി.സി/വെറ്റിംഗ് ആഫീസർ നിരസിച്ച ആസ്തികൾ പുനസൃഷ്ടിക്ക് ഉപയോഗിക്കാം. (സി.എ 1/652/2018/ത.സ്വ.ഭ.വ. തീയ്യതി 17.09.2018 നമ്പർ കത്ത്) പ്ലാൻ ഫണ്ട് മതിയാകെ വരുന്നവർ ആവശ്യമായ കണക്കെടുപ്പ് നടത്തി വിവരം തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയെ അറിയിക്കുക.

(2) ഉപകരണങ്ങൾ പലതും ഓഫീസുകളിൽ നശിച്ചു പോയിട്ടുണ്ട് അവയ്ക്ക് എന്ത് ചെയ്യാം?

പ്രളയത്തെ തുടർന്ന് കമ്പ്യൂട്ടർ അടക്കമുള്ള ഉപകരണങ്ങൾ നശിച്ചു പോയിട്ടുള്ളത് റിപ്പയർ ചെയ്യിക്കുക. അല്ലാത്തവർക്ക് പകരം അടിയന്തിരമായി പുതിയത് വാങ്ങുക.

(സർക്കുലർ നമ്പർ ഡി.എ1/652/2018/ത.സ്വ.ഭ.വ 17.09.2018)

(3) കേടുപാടുകളും നാശങ്ങളും വന്ന കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ഓഫീസുകൾ തുടർന്ന് പ്രവർത്തിക്കുവാൻ എന്ത് ചെയ്യും?

കെട്ടിടങ്ങളുടെ റിപ്പയർ കഴിയുന്നത് വരെയും തൽക്കാലം വാടകയ്ക്ക് എടുത്ത് പ്രവർത്തിക്കുക. പൂർണ്ണമായി നശിച്ചു പോയവയും, തൽകാലം വാടകയ്ക്ക് എടുത്ത് പ്രവർത്തിക്കുകയും പുതിയവ നിർമ്മിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

(4) അങ്കൺവാടി കെട്ടിടങ്ങൾ, പൊതു ടോയ്‌ലറ്റുകൾ തുടങ്ങിയ പല പൊതു സ്ഥാപനങ്ങളും നശിച്ചു പോയിട്ടുണ്ട്. അടിയന്തിരമായി എന്താണ് ചെയ്യേണ്ടത് ?

പൊതു കെട്ടിടങ്ങളും പൊതു റോഡുകളും തുടങ്ങിയവ പുനർനിർമ്മിക്കുന്നതിനും അറ്റക്കുറ്റപ്പണി നടത്തുന്നതിനും പദ്ധതികൾ ഭേദഗതി ചെയ്ത് പണം കണ്ടെത്തി ചെയ്യാവുന്നതാണ്. കൂടാതെ സന്നദ്ധ സേവനം ഉപയോഗിച്ചും പരമാവധി ചെയ്യാൻ ശ്രമിക്കാം. എം.എൽ.എ, എം.പി., സി.എസ്.ആർ വിഹിതം സ്പോൺസർഷിപ്പ് എന്നിവയിലൂടെയും ഇക്കാര്യങ്ങൾ നിർവ്വഹിക്കുവാൻ പരമാവധി ശ്രമിക്കുക.

(5) കക്കൂസുകൾ പലതും നശിച്ച് പോയിട്ടുണ്ട്. പുനർനിർമ്മിക്കുവാൻ എന്ത് ചെയ്യണം?

കക്കൂസുകൾ റിപ്പയറിംഗ് ആവശ്യമുള്ളത്അതത് തദ്ദേശ സ്ഥാപനങ്ങൾക്ക് ചെയ്യാവുന്നതാണ്. വെള്ളം കയറിക്കിടക്കുന്ന സ്ഥലങ്ങളിൽ വെള്ളം ഇറങ്ങിയ ശേഷമാണ് റിപ്പയറിംഗ് നടത്തേണ്ടത്. പ്രളയബാധിത പ്രദേശത്തിന് അനുയോജ്യമായ കക്കൂസ് നിർമ്മിക്കുന്നതിന്റെ സാധ്യത പരിശോധിച്ച് ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ റിപ്പോർട്ട് നൽകേണ്ടതാണ്. വെള്ളപ്പൊക്കത്തിൽ നശിച്ചുപ്പോയ പൊതു ശൗച്യാലയങ്ങൾ അതത് തദ്ദേശ സ്ഥാപനങ്ങൾ പുനർനിർമ്മിക്കുകയോ അറ്റക്കുറ്റപ്പണി നടത്തുകയോ ചെയ്യേണ്ടതാണ്. ഇക്കാര്യങ്ങളിൽ നിലവിലുള്ള പ്രോജക്ടുകൾ ഭേദഗതി ചെയ്ത് ലഭിക്കുന്ന പ്ലാൻഫണ്ട് ഉപയോഗിക്കാം

(ഡി.എ 1/652/2018 ത.സ്വ.ഭ.വ – 17.09.2018 – സർക്കുലർ)

6. നഷ്ടപ്പെട്ട രേഖകളുടെ വീണ്ടെടുപ്പ്

(ജി.ഒ (ആർ.ടി) 238/2018 ഐ.റ്റി.ഡി – തീയ്യതി 14.09.2018)

(1) നഷ്ടപ്പെട്ട രേഖകൾ വീണ്ടെടുക്കാൻ എന്തു ചെയ്യണം?

(1) നഷ്ടപ്പെട്ട ആധാരങ്ങളും മറ്റു രേഖകളും ലഭിക്കാൻ റവന്യു അധികാരികൾ നടത്തുന്ന അദാലത്തിൽ അപേക്ഷിക്കുക.

(2) **റേഷൻ കാർഡ് നഷ്ടപ്പെട്ടാൽ :** പ്രളത്തിൽ റേഷൻ കാർഡ് നഷ്ടപ്പെട്ടവർക്ക് ഡ്യൂപ്ലിക്കേറ്റ് കിട്ടാൻ നിശ്ചിത ഫോറത്തിലുള്ള (ഫോറം അടക്കം ചെയ്യുന്നു) അപേക്ഷ ബന്ധപ്പെട്ട റേഷനിംഗ് ഓഫീസർക്ക് നൽകണം. പൂർണ്ണമായും കാർഡ് നഷ്ടപ്പെട്ടവർ അപേക്ഷയോടൊപ്പം സ്വയം സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലം വെള്ള കടലാസ്സിൽ (മുദ്രപത്രം ആവശ്യമില്ല) നൽകണം. കേടുപാടുകൾ പറ്റിയ റേഷൻ കാർഡുകൾ കൈവശമുള്ളവർ അപേക്ഷയോടൊപ്പം അവ തിരികെ നൽകണം. (സ.ഉ.(സാധാ) 435/2018/ഭ.പൊ.വി.വ. തീയതി 23.08.2018).

(3) **എസ്.എസ്.എൽ.സി. ബുക്ക്, സർട്ടിഫിക്കറ്റുകൾ നഷ്ടപ്പെട്ടാൽ :** എസ്.എസ്.എൽ.സി. ബുക്ക്, സർട്ടിഫിക്കറ്റുകൾ എന്നിവ നഷ്ടപ്പെട്ടവർക്ക് സ്കൂൾ/കോളേജ് അധികൃതർ മുഖേന അപേക്ഷിച്ചാൽ അത് ലഭ്യമാക്കാൻ നിർദ്ദേശമുള്ളതാണ്. പ്രളയക്കെടുതിയിൽ എസ്.എസ്.എൽ.സി. ഉൾപ്പെടെ പൊതു പരീക്ഷകളുടെ സർട്ടിഫിക്കറ്റ് നഷ്ടമായവർക്ക് ഡ്യൂപ്ലിക്കേറ്റ് ലഭിക്കും. നിശ്ചിത ഫോറത്തിൽ സ്കൂൾ അധികാരികൾക്കാണ് അപേക്ഷിക്കേണ്ടത്. ഫാറങ്ങൾ സൗജന്യമായി ബന്ധപ്പെട്ട സ്കൂളിൽ നിന്നും ലഭിക്കും. 2001 മുതലുള്ള എസ്.എസ്.എൽ.സി. വിദ്യാർത്ഥികളുടെ വിവരം ഡിജിറ്റലൈസ് ചെയ്തിട്ടുള്ളതിനാൽ താമസംവിന ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റ് ലഭിക്കും. 2001 മുമ്പുള്ള വിദ്യാർത്ഥികളുടെ ഡ്യൂപ്ലിക്കേറ്റിനുള്ള അപേക്ഷ പരീക്ഷാഭവനിൽ ഉടൻ ബ്ലാങ്ക്ബുക്ക്, ബയോഡേറ്റാ രേഖപ്പെടുത്താൻ സ്കൂളുകളിലേക്ക് അയച്ച് അത് തിരികെ പരീക്ഷാഭവനിൽ എത്തി മാർക്ക് വിവരങ്ങൾ രേഖപ്പെടുത്തി അയക്കേണ്ടതിനാൽ കാലതാമസം നേരിടാവുന്നതാണ്. എസ്.എസ്.എൽ.സി. ബുക്ക് നഷ്ടപ്പെട്ടാൽ സാധാരണഗതിയിൽ വേണ്ടതായ പത്രപരസ്യം, ജുഡീഷ്യൽ മജ്സിട്രേറ്റിന്റെ അഫിഡവിറ്റ്, ഫീസ് എന്നിവ പ്രത്യേക സാഹചര്യം പരിഗണിച്ച് ഒഴിവാക്കിയിട്ടുണ്ട്. (ഡി.പി.ഐ.യുടെ 20/08/2018 ലെ E.x/CGL.1/34123/CGA നമ്പർ കത്ത്. ഈ കത്ത് പ്രകാരം അപേക്ഷ സമർപ്പിക്കാനുള്ള അവസാന തീയതി 3.9.2018 ആയിരുന്നു).

(4) **സി.ബി.എസ്.ഇ. രേഖകൾ നഷ്ടപ്പെട്ടാൽ :** മാർക്ക് ഷീറ്റ്, മൈഗ്രേഷൻ സർട്ടിഫിക്കറ്റ്, പാസ്സ് സർട്ടിഫിക്കറ്റ് തുടങ്ങിയ സി.ബി.എസ്.ഇ. രേഖകൾ നഷ്ടപ്പെട്ടവർക്ക് അത് സൗജന്യമായി നൽകുന്നതിനുള്ള നടപടികൾ സെൻട്രൽ ബോർഡ് ഓഫ് സെക്കന്ററി എഡ്യുക്കേഷൻ സ്വീകരിച്ചിട്ടുണ്ട്. പരിണം മഞ്ജുഷ/ഡിജിലോക്കർ (Parinan Manjusha/Digilocker) എന്ന ആപ്പ് വഴിയാണ് സേവനം ലഭ്യമാക്കുന്നത്. ഇതുവഴി രേഖകൾ ലഭിക്കുന്നതിന് എന്തെങ്കിലും ബുദ്ധിമുട്ടുകളനുഭവിക്കുന്നവർ https://digtallocker.gov.in എന്ന സൈറ്റ് വഴിയോ തിരുവനന്തപുരത്തെ സി.ബി.എസ്.ഇ. റീജിയണൽ ഓഫീസ് വഴിയോ പരിഹാരം കണ്ടെത്താവുന്നതാണ്. (ഫോൺ നമ്പർ 0471–2534404). റോൾ നമ്പർ, പേര്, ക്ലാസ്സ്, പരീക്ഷ തുടങ്ങിയ വിവരങ്ങൾ support@digitallocker.gov.in എന്ന മെയിൽ ഐഡിയിലേക്ക് ഇ–മെയിൽ അയച്ചും പരിഹാരം തേടാം.

(5) **ഡ്രൈവിംഗ് ലൈസൻസ്, ആർ.സി. ബുക്ക് :** വെള്ളപ്പൊക്കത്തിൽ നശിച്ച ഡ്രൈവിംഗ് ലൈസൻസ്, ആർ.സി. ബുക്ക് എന്നിവ സഹിതം ജോയിന്റ് ആർ.ടി.ഒ. ഓഫീസുകളിൽ അപേക്ഷിച്ചാൽ പുതിയ രേഖ ലഭിക്കും. ആർ.സി. ബുക്കോ, ഡ്രൈവിംഗ് ലൈസൻസോ തിരിച്ചുകിട്ടാത്തവിധം നഷ്ടപ്പെട്ടുവെങ്കിൽ പത്രപരസ്യം നൽകിയശേഷം 14 ദിവസങ്ങൾക്കകം പുതിയ ആർ.സി. ബുക്ക്/ഡ്രൈവിംഗ് ലൈസൻസ് നൽകും. സെപ്റ്റംബർ 30 വരെ ഡ്യൂപ്ലിക്കേറ്റ് രേഖകൾക്ക് ഫീസ് ഈടാക്കുന്നില്ല (ട്രാൻസ്പോർട്ട് കമ്മീഷണറുടെ 7.9.2018 ലെ C.1/258/2018-T.C നമ്പർ കത്ത്).

(6) **പാസ്പോർട്ട് നഷ്ടപ്പെട്ടാൽ :** ഡ്യൂപ്ലിക്കേറ്റ് പാസ്പോർട്ട് ലഭിക്കുന്നതിനായി (Reissue of Passport) ഓൺലൈനിൽ അപേക്ഷ സമർപ്പിച്ചശേഷം പാസ്പോർട്ട് സേവാ കേന്ദ്രത്തിൽ ചെന്നാൽ പാസ്പോർട്ട് ലഭിക്കും. വെള്ളപ്പൊക്ക ദുരിതാശ്വാസം എന്ന നിലയ്ക്ക് സൗജന്യമായിട്ടാണ് ഈ സേവനം ലഭ്യാക്കുന്നത്. ഇതിനായി പാസ്പോർട്ട് സേവാ കേന്ദ്രങ്ങൾ അദാലത്ത് സംഘടിപ്പിച്ചിരുന്നു.

(7) **ആധാർ കാർഡ് നഷ്ടപ്പെട്ടാൽ :** ആധാർ കാർഡ് നഷ്ടപ്പെട്ടവർ അടുത്തുള്ള അക്ഷയ കേന്ദ്രത്തിൽ എത്തി നിങ്ങളുടെ പേരും വിലാസവും (ആധാർ കാർഡിൽ ഉണ്ടായിരുന്ന വിലാസം) ജനന തീയതിയും നൽകുക. വിരലടയാളവും നൽകണം. ഇ-ആധാർ ലഭിക്കും. ഇതിന്റെ പ്രിന്റ് എടുത്ത് ഉപയോഗിക്കാം.

(8) **ആധാരം നഷ്ടപ്പെട്ടാൽ :** ആധാരം രജിസ്റ്റർ ചെയ്ത തീയതിയും ആധാരത്തിന്റെ നമ്പരും കിട്ടിയാൽ അതിന്റെ അടിസ്ഥാനത്തിൽ അടയാള പകർപ്പിനായി (Certified Copy) സബ് രജിസ്ട്രാർ ഓഫീസിൽ അപേക്ഷിക്കാം. 1992 ജനുവരി മുതലുള്ള ആധാരങ്ങളുടെ ഡിജിറ്റൽ പതിപ്പ് ഇപ്പോൾ ലഭ്യമാണ്. ആധാരം നമ്പർ ലഭിക്കാത്ത സംഗതികളിൽ വർഷം, പേരിന്റെ ആദ്യാക്ഷരം, വില്ലേജ്, ദേശം എന്നിവ വെച്ച് പരിശോധിച്ചും കണ്ടെത്താം.

(9) **വോട്ടർ ഐഡന്റിറ്റി കാർഡ് നഷ്ടപ്പെട്ടാൽ :** തിരഞ്ഞെടുപ്പ് കമ്മീഷന്റെ www.ceo.kerala.gov.in എന്ന വെബ് സൈറ്റിൽ നിന്നും അപേക്ഷാ ഫാറം ഡൗൺലോഡ് ചെയ്ത് താലൂക്ക് ഓഫീസിലെ ഇലക്ഷൻ വിഭാഗത്തിൽ സമർപ്പിക്കണം. (അക്ഷയ കേന്ദ്രങ്ങൾ വഴിയും അപേക്ഷാ ഫാറം ലഭിക്കും). നിലവിലുണ്ടായിരുന്ന കാർഡിന്റെ നമ്പർ അറിയാത്തവർക്ക് ഇതേ വെബ് സൈറ്റിലെ വോട്ടർ പട്ടിക എന്ന ലിങ്കിൽ നിന്നും (ജില്ല, അസംബ്ലി മണ്ഡലം, വീട്ടുപേര്, വീട്ടു നമ്പർ എന്നിവയുടെ അടിസ്ഥാനത്തിൽ) ഐ.ഡി. കാർഡ് നമ്പർ ലഭിക്കും.

(10) **പാഠപുസ്തകം നഷ്ടപ്പെട്ടാൽ :** കുട്ടി പഠിക്കുന്ന സ്കൂൾ ഹെഡ് മാസ്റ്ററിൽ നിന്നുള്ള സാക്ഷ്യപത്രവുമായി വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിൽ എത്തിയാൽ സൗജന്യമായി പാഠപുസ്തകങ്ങൾ ലഭിക്കും.

7. നഷ്ടങ്ങളുടെ കണക്കെടുപ്പ്

(1) നാശനഷ്ടത്തിന്റെ തോത് വിലയിരുത്തുന്നതിന്റെ മാനദണ്ഡം എന്തൊക്കെയാണ്?

കാറ്റഗറി	നാശനഷ്ട ശതമാനം	നാശനഷ്ടത്തിന്റെ തരം
1	15%	മുട്ടൊപ്പം പൊക്കത്തിൽ (50 സെ.മീ.), വെള്ളം കയറി ചെറിയ കേടുപാടുകൾ വന്നു or 10% ത്തിൽ താഴെ മേച്ചിൽ ഓടുകൾ നഷ്ടമായി.
2	16–29%	വെള്ളം കയറിയതുകൊണ്ട് തറയ്ക്ക് കേടുപാടുകൾ വന്നു, ഇലക്ട്രിക്കൽ, പ്ലംബിങ് തകരാറുകൾ വന്നു or മേൽക്കൂരയുടെ 25% വരെ മേച്ചിൽ ഓടുകൾ നഷ്ടമായി, ഇലക്ട്രിക്കൽ – പ്ലംബിങ് തകരാറുകൾ വന്നു.
3	30–59%	ജനലും വാതിലും മുങ്ങുന്ന പൊക്കത്തിൽ (ലിന്റൽ ലെവൽ) വെള്ളം കയറിയതുമൂലം ചുമർ ദുർബ്ബലമായി, പൊട്ടലുകൾ വന്നു or 50% ത്തിലേറെ മേച്ചിൽ ഓടുകൾ നഷ്ടമായി എന്നാൽ മേച്ചിൽക്കൂട് സ്ട്രക്ചറൽ തകരാറില്ല.
4	60–74%	ഒന്നോ ഏറെ ചുമരുകൾ തകർന്നു, എന്നാൽ മേച്ചിൽ ഓടുകൾ നഷ്ടമായതല്ലാതെ മേൽക്കൂരയ്ക്ക് സ്ട്രക്ചറൽ തകരാറില്ല.
5	>75%	മേൽക്കൂര തകർന്നു. (സ്ട്രക്ചറൽ തകരാറ്)

(2) നാശനഷ്ടത്തിന്റെ തോത് ശതമാനം കണക്കാക്കുന്നതിൽ തർക്കമുണ്ടായാൽ ആർക്കാണ് അപ്പീൽ നല്കേണ്ടത്?

ജില്ലാ കളക്ടർക്ക്അപ്പീൽ സമർപ്പിക്കണം.

(3) റീബിൽഡ് കേരള മൊബൈൽ ആപ്ലിക്കേഷൻ പ്രവർത്തനരീതി വിശദീകരിക്കാമോ?

താഴെ പറയുംപ്രകാരമാണ് റീബിൽഡ് കേരള മൊബൈൽ ആപ് ഉപയോഗിക്കേണ്ടത്.

ഭാഗം 1

(1) സെക്രട്ടറിയുടെ സി.യു.ജി. നമ്പർ ഐ.ഡി. ആയും ലഭ്യമായ പാസ്സ് വേർഡ് ഉപയോഗിച്ച് ലോഗിൻ ചെയ്യുക.

(2) ഇടതുവശത്തുള്ള ലോക്കൽ ബോഡീസ് എന്ന ടാബ് ക്ലിക്ക് ചെയ്താൽ നിലവിലെ വിവരങ്ങൾ ലഭ്യമാകും

(3) ലോക്കൽ ബോഡീസിൽ ക്ലിക്ക് ചെയ്യുമ്പോൾ ലഭിക്കുന്ന വിന്റോയിൽ ഗ്രാമപഞ്ചായത്തിന്റെ പേരിൽ ക്ലിക്ക് ചെയ്താൽ എല്ലാ വാർഡുകളുടെയും വിവരങ്ങൾ ലഭ്യമാകും.

(4) പ്രളയബാധിത വാർഡുകളിലാണ് ലെയിസൺ ഓഫീസർമാരെ ആഡ് ചെയ്യേണ്ടത്.

(5) ഓരോ വാർഡിനും നേരെയുള്ള ആഡ് ലെയിസൺ ഓഫീസർ എന്ന പച്ച ടാബിൽ ക്ലിക്ക് ചെയ്ത് പേര്, മൊബൈൽ നമ്പർ എന്നിവ നൽകി സബ്മിറ്റ് ചെയ്താൽ ആ വാർഡിലേക്കുള്ള ലെയിസൺ ഓഫീസർ ക്രിയേറ്റ് ചെയ്യപ്പെടും.

(6) മുകളിലേക്കുള്ള വൊളണ്ടിയേഴ്സ് എന്ന ടാബിൽ ക്ലിക്ക് ചെയ്യുമ്പോൾ രജിസ്റ്റർ ചെയ്തിട്ടുള്ള വൊളണ്ടിയേഴ്സിനെ കാണാൻ സാധിക്കും. Assign to Officer/Re Assign LO എന്നീ ടാബുകൾ ക്ലിക്ക് ചെയ്ത് വൊളണ്ടിയർമാരെ ലെയിസൺ ഓഫീസർമാർക്ക് ആവശ്യാനുസരണം മാറ്റി നൽകാവുന്നതാണ്.

(7) ഓഫീസർ എന്ന ടാബിൽ ക്ലിക്ക് ചെയ്താൽ വാർഡിലേക്ക് അസ്സൈൻ ചെയ്തിരിക്കുന്ന ലെയിസൺ ഓഫീസർ ആന്റ് വൊളണ്ടിയർ എന്നിവരെ കാണാൻ സാധിക്കും.

(8) ഓർക്കുക, ലെയിസൺ ഓഫീസറെ ഉൾപ്പെടുത്തുക, വൊളണ്ടിയേഴ്സിനെ ഉൾപ്പെടുത്തുക എന്നിവ സെക്രട്ടറി ലോഗിനിൽ നിന്നും മാത്രമെ ചെയ്യാൻ സാധിക്കുകയുള്ളു.

ഭാഗം 2

(1) മൊബൈൽ ആപ്സ് വൊളണ്ടിർ ഡൗൺലോഡ് ചെയ്ത് ഇൻസ്റ്റാൾ ചെയ്യുക. ലഭ്യമായ പാസ്സ് വേർഡ് ഉപയോഗിച്ച് ലോഗിൻ ചെയ്യുക. ഭാഗം 1 വഴി ഉൾപ്പെടുത്തിയ വിവരങ്ങൾ ലഭ്യമായിട്ടുണ്ടാകും. ആവശ്യമായ വിവരങ്ങൾ ശേഖരിക്കുക.

(2) ഓഫ് ലൈനായും ഓൺലൈനായും വിവരങ്ങൾ ശേഖരിക്കാം, വിവരങ്ങൾ ട്രാൻസ്ഫർ ചെയ്യാം.

ഭാഗം 3

ചെയ്യേണ്ട കാര്യങ്ങൾ

(1) ലോഗിൻ ചെയ്യുന്നതുവഴി സുലേഖ ആപ്ലിക്കേഷൻ വഴി സെക്രട്ടറിയെ അപ്രൂവർ, അസി. എഞ്ചിനീയർ വെരിഫയറായി ഉൾപ്പെടുത്തുക.

(2) സുലേഖ ലോഗിൻ ഉപയോഗിച്ച് htt://rebuild.lsgkerala.gov.in ൽ ലോഗിൻ ചെയ്യുക.

(3) മൊബൈൽ ആപ് വഴി രേഖപ്പെടുത്തി ട്രാൻസ്ഫർ ചെയ്ത വിവരങ്ങൾ ഇവിടെ ലഭ്യമായി തുടങ്ങും. ആവശ്യമായ മേൽ നടപടി സ്വീകരിക്കാവുന്നതാണ്.

Rebuild Kerala പ്രവർത്തന സഹായി ഉൾപ്പെടുത്തിയിട്ടുണ്ട്. (അനുബന്ധം 1).

8. ദുരിതാശ്വാസ നിധി

(1) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന അടയ്ക്കേണ്ടത് എങ്ങനെ? അക്കൗണ്ട് നമ്പർ പറയാമോ?

Account-holder name	: Chief Minister's Distress Relief Fund
Bank	: State Bank of India
Account number	: 67319948232
IFSC	: SBIN0070028
Branch	: City Branch, Trivandrum
UPI	: keralacmdrf@sbi അക്കൗണ്ട് നമ്പർ : 67319948232

(2) പഞ്ചായത്ത് പ്രസിഡന്റിന് ദുരിതാശ്വാസ നിധി ഉണ്ടാക്കി ദുരിതമനുഭവിക്കുന്നവരെ സഹായിക്കാമോ?

പാടില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സ്വന്തം ദുരിതാശ്വാസ ഫണ്ടിലേക്ക് ഇപ്പോൾ തുകകൾ ശേഖരിക്കാൻ പാടില്ല. ഇതനുസരിച്ചുള്ള ഉത്തരവ് സ.ഉ.(സാധാ) നം.2310/2018/തസ്വഭവ തിരുവനന്തപുരം, തീയതി 23.08.2018. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സ്വന്തം നിലയിൽ തുക സമാഹരിച്ച് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് സംഭാവന ചെയ്യാവുന്നതാണ്.

(3) തദ്ദേശ സ്ഥാപനത്തിന്റെ തനത് ഫണ്ടിൽ നിന്ന് തുക നൽകാമോ?

നൽകാം. ഇതനുസരിച്ചുള്ള ഉത്തരവ് സ.ഉ.(സാധാ) നം.2310/2018/തസ്വഭവ തിരുവനന്തപുരം, തീയതി 23.08.2018.

(4) ഉപജീവനം നഷ്ടപ്പെട്ടവർക്ക് എന്ത് സഹായം ചെയ്യാൻ കഴിയും?

പ്രളയക്കെടുതിയുടെ പ്രത്യേക പശ്ചാത്തലത്തിൽ പശുക്കളെ വാങ്ങി നൽകുന്ന പ്രോജക്ടുകൾക്ക് തദ്ദേശസ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണ്. ഇതിനായി ജില്ല/ബ്ലോക്ക് /പഞ്ചായത്തുകൾക്കും കന്നുകാലികളെ നൽകുന്ന പദ്ധതി ഏറ്റെടുക്കാൻ ഈ വർഷത്തേക്ക് മാത്രമായി പ്രത്യേക അനുമതി നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകൾ നൽകുന്ന ഗ്രാമസഭ ലിസ്റ്റ് പ്രകാരമായിരിക്കണം ഇപ്രകാരം ചെയ്യേണ്ടത്. പ്രളയക്കെടുതിമൂലം കുറവുള്ള സംസ്ഥാനത്തിന്റെ കന്നുകാലി സമ്പത്ത് വർദ്ധിപ്പിക്കാൻ കന്നുകാലികളെ സംസ്ഥാനത്തിനും പുറക്കു നിന്നും വാങ്ങാവുന്നതാണ്. സുതാര്യമായ രീതിയിൽ ഗുണമേന്മയുള്ള കന്നുകാലികളെ സംസ്ഥാനത്തിന് പുറത്തു നിന്ന് വാങ്ങുന്നതിന് വെറ്റിനറി ഡോക്ടർമാരും തദ്ദേശഭരണ സ്ഥാപനങ്ങളും ക്രമീകരണം നടത്തണം. എല്ലാ കന്നുകാലികൾക്കും ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കണം. കർഷകർക്ക് കറവപശുവിനെ വാങ്ങുന്നതിന് ബാങ്ക് ലോൺ വഴിയാക്കണം. പലിശ തദ്ദേശസ്ഥാപനങ്ങൾ നൽകണം. ക്ഷീരകർഷകർക്ക് പലിശ രഹിത വായ്പ ലഭിക്കുന്ന രീതിയിൽ പദ്ധതി വിഭാവനം ചെയ്യണം. കുടുംബശ്രീ വഴി വായ്പ ഉപയോഗിച്ച് കോഴി, ആട് മുതലായ മുതൽമുടക്ക് കുറഞ്ഞ സംരംഭങ്ങൾ ആരംഭിക്കാവുന്നതാണ് (സർക്കുലർ ഡി.എ1/652/2018/തസ്വഭവ 17.09.2018)

9. ആരോഗ്യവും ശുചിത്വവും

(1) മാലിന്യ നിർമ്മാർജ്ജനത്തിൽപ്പെട്ടവർക്കും ക്യാമ്പുകളിൽ താമസിച്ചവർക്കും പലവിധ ആരോഗ്യ പ്രശ്നങ്ങളുമുണ്ട്. അതിന് എന്തു ചെയ്യും?

ആരോഗ്യരംഗത്ത് പ്രവർത്തിക്കുന്നവരും ആരോഗ്യ വകുപ്പുമായി ഇടപെട്ട് ആവശ്യമായ സൗകര്യം ഒരുക്കേണ്ടതാണ്. എലിപ്പനി മുതലായ രോഗങ്ങൾ വരാതിരിക്കാനുള്ള മരുന്നുകൾ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ലഭ്യമാണ്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ ഉൾപ്പെടെ എല്ലാ ആരോഗ്യ കേന്ദ്രങ്ങളിലും ആവശ്യത്തിനുള്ള മരുന്നും ചികിത്സാ സൗകര്യം ഒരുക്കൻ വേണ്ട ശ്രമങ്ങൾ തദ്ദേശഭരണ സ്ഥാപനം വഴി ചെയ്യേണ്ടതാണ്.

(2) എല്ലാം നഷ്ടപ്പെട്ട് മാനസികമായി തകർന്നുപോയ കുടുംനാഥന്മാരെ/നാഥകളെ ആശ്വസിപ്പിക്കാൻ എന്തു ചെയ്യണം?

ഇക്കാര്യത്തിൽ പ്രാദേശികമായി ലഭ്യമായ കൗൺസിലർമാരെയോ അദ്ധ്യാപകരെയോ ആരോഗ്യ പ്രവർത്തകരെയോ ഉൾപ്പെടുത്തി ഒരു കൗൺലിങ്ങ് ടീം ഉണ്ടാക്കി ആവശ്യമായ ബോധവൽക്കരണം നടത്താവുന്നതാണ്. സ്കൂളുകൾ കേന്ദ്രീകരിച്ചും ഇത്തരം പ്രവർത്തനം നടത്താവുന്നതാണ്.

(3) കുട്ടികളുടെ മാനസിക സമ്മർദ്ദവും പ്രളയദുരന്തം കണ്ടിട്ടുണ്ടായിട്ടുള്ള ഭീതിയും അകറ്റാൻ എന്തു ചെയ്യണം?

ഇക്കാര്യത്തിൽ പ്രാദേശികമായി ലഭ്യമായ കൗൺസിലർമാരെയോ അദ്ധ്യാപകരെയോ ആരോഗ്യ പ്രവർത്തകരെയോ ഉൾപ്പെടുത്തി ഒരു കൗൺലിങ്ങ് ടീം ഉണ്ടാക്കി ആവശ്യമായ ബോധവൽക്കരണം നടത്താവുന്നതാണ്. സ്കൂളുകൾ അങ്കൺവാടികൾ കേന്ദ്രീകരിച്ചും ഇത്തരം പ്രവർത്തനം നടത്താവുന്നതാണ്.

(4) വെള്ളപ്പൊക്കം – വെള്ളം കേറിവരുന്നത് കണ്ട് പ്രയാമായ എന്റെ അച്ഛന് ഒരു തരം മാനസിക വിഭ്രാന്തി ഉണ്ടായി. ഇപ്പോഴും അദ്ദേഹം അതിൽ നിന്നും മുക്തനായിട്ടില്ല. എന്താണ് ചെയ്യേണ്ടത്? ഡോക്ടറെ കാണാൻ അദ്ദേഹം കൂട്ടാക്കുന്നില്ല.

പ്രളയാനന്തരം ജനങ്ങളിലുണ്ടായ വിവിധ തരത്തിലുള്ള മാനസിക സംഘർഷങ്ങൾ ലഘൂകരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാന ആരോഗ്യ വകുപ്പ് സാന്ത്വനമേകുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇതിനായി മാനസികാരോഗ്യ ദുരന്തനിവാരണ സംഘങ്ങൾ രൂപീകരിച്ചിട്ടുണ്ട്. ഇതിന്റെ ഒന്നാം ഘട്ടം പൂർത്തിയായി. രണ്ടാം ഘട്ടത്തിൽ പ്രവർത്തനങ്ങൾ വിപുലീകരിക്കാനും സ്ഥിരം സംവിധാനം ഒരുക്കാനുമാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ആശാവർക്കർമാരെ കൂടി ഉൾപ്പെടുത്തിയാണ് ഈ സംവിധാനം വിപുലീകരിക്കുന്നത്.

താങ്കൾ പഞ്ചായത്തിലെ ആശാവർക്കർമാരുമായി ബന്ധപ്പെടുക.

(5) പ്രളയാനന്തരം കടുത്ത വരൾച്ച വരുമെന്ന ആശങ്ക ഉണ്ടാകുന്നുണ്ട്. വരൾച്ചയെ പ്രതിരോധിക്കാൻ എന്തെല്ലാമാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ചെയ്യാൻ കഴിയുക?

വരൾച്ചയെ മുൻകൂട്ടി കണ്ട് പ്രതിരോധിക്കാനുള്ള കർമ്മപരിപാടികൾ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ആവിഷ്കരിക്കേണ്ടതുണ്ട്. ആസന്നമായ തുലാവർഷത്തെ ഇതിനായി ഉപയോഗപ്പെടുത്താം. മഴക്കൊയ്ത്ത് ഉത്സവങ്ങൾ വാർഡ്തലത്തിൽ സംഘടിപ്പിച്ച് ഇതിനുള്ള ബോധവൽക്കരണം നടത്തണം. നിലവിലുള്ള ജലസ്രോതസ്സുകളുടെ സംരക്ഷണം, കിണറുകളുടെ ശുചീകരണം, കിണർ റീചാർജ്ജിംഗ് (ഹരിതകേരളം മിഷൻ മാർഗ്ഗരേഖ, കിണർ റീചാർജ്ജിംഗ് മാർഗ്ഗരേഖ എന്നിവയിൽ വിശദാംശങ്ങൾ കാണുക) തുടങ്ങിയ പദ്ധതികൾക്ക് മുൻതൂക്കം നൽകണം.

(6) വെള്ളപ്പൊക്കത്തിനുശേഷം അവലംബിക്കേണ്ട ആരോഗ്യ മുൻകരുതലുകൾ എന്തൊക്കെ?

വെള്ളപ്പൊക്കം മാറി ആളുകൾ വീടുകളിലേക്ക് തിരിച്ചുപോയി തുടങ്ങുമ്പോൾ ഉണ്ടാകാവുന്ന ആരോഗ്യ പ്രശ്നങ്ങൾ നിരവധിയാണ്. അവ:

1. പാമ്പ് കടി
2. വൈദ്യുതാഘാതം
3. പരിക്കുകൾ
4. ജലജന്യ രോഗങ്ങൾ
5. ജന്തുജന്യ രോഗങ്ങൾ
6. കൊതുകുജന്യ രോഗങ്ങൾ
7. വായുജന്യ രോഗങ്ങൾ
8. മലിനജലവും ആയി സമ്പർക്കം മൂലം ഉണ്ടാകാവുന്ന രോഗങ്ങൾ

(6.1) പാമ്പ് കടി ഏറ്റാൽ എന്തു ചെയ്യണം?

പ്രഥമ ശുശ്രൂഷ

- ശരീരത്തിന്റെ മറ്റു ഭാഗങ്ങളിലേക്ക് വിഷം വ്യാപിക്കുന്നത് പരമാവധി തടയുന്നതിനുള്ള പ്രഥമ ശുശ്രൂഷയാണ് പ്രാഥമിക ലക്ഷ്യം
- പാമ്പ് കടിയേറ്റെന്ന് മനസ്സിലായാൽ ഒരു കാരണവശാലും പരിഭ്രാന്തരാകുകയോ കടിയേറ്റ വ്യക്തിയെ പേടിപ്പിക്കുകയോ അരുത്. പേടിച്ചാൽ രക്തയോട്ടം കൂടുകയും അതുവഴി വിഷം ശരീരത്തിൽ പെട്ടെന്ന് വ്യാപിക്കുന്നതിനും കാരണമാകും.
- മറിവേറ്റ ഭാഗം സോപ്പും വെള്ളവും ഉപയോഗിച്ച് നന്നായി കഴുകുക
- കടിയേറ്റ വ്യക്തിയെ ഒരു നിരപ്പായ പ്രതലത്തിൽ കിടത്തുക
- മുറിവിന് മുകളിലായി കയറോ തുണിയോ മുറുക്കി കെട്ടേണ്ടതില്ല. ഇത് രക്തയോട്ടം തടസ്സപ്പെടുത്തി കോശങ്ങൾ നശിക്കുന്നതിന് കാരണമാകും
- അഥവാ മുറിവിന് മുകളിൽ തുണി കെട്ടണമെന്നുണ്ടെങ്കിൽ ഒരു വിരൽ ഇടാവുന്ന അയവിൽ മാത്രം തുണി കെട്ടാവുന്നതാണ്
- നിങ്ങളുടെ പരിസരത്ത് പാമ്പുകടിക്കുള്ള ചികിത്സ ലഭ്യമായിട്ടുള്ള ഏറ്റവും അടുത്ത ആശുപത്രി മനസ്സിലാക്കി എത്രയും വേഗം വിദഗ്ദ്ധ സേവനം ലഭ്യാക്കുക.

(6.2) വൈദ്യുതാഘാതം ഏറ്റാൽ എന്തു ചെയ്യണം?

- സുരക്ഷിതമായി വ്യക്തിയും വൈദ്യുതിയുമായുള്ള ബന്ധം വേർപ്പെടുത്തുക
- രോഗിക്ക് ബോധം നഷ്ടപ്പെട്ടിട്ടില്ലെങ്കിൽ നിരപ്പായ പ്രതലത്തിൽ കിടത്തി, ആശ്വസിപ്പിച്ച് ഹൃദയസ്പന്ദനവും ശ്വാസോച്ഛ്വാസവും നിരീക്ഷിച്ച് സാധാരണ നിലയിലാണെന്ന് ഉറപ്പുവരുത്തി വിദഗ്ധ വൈദ്യ സഹായം നൽകുക
- ബോധം നഷ്ടപ്പെട്ടിട്ടുണ്ടെങ്കിൽ നിരപ്പായ പ്രതലത്തിൽ കിടത്തി, കഴുത്ത് ഒരു വശത്തേക്ക് ചരിച്ച്, താടി അൽപ്പം ഉയർത്തി, ശ്വാസതടസ്സം ഇല്ലായെന്ന് ഉറപ്പുരുത്തുകയും ഉടൻ വിദഗ്ധ വൈദ്യസഹായം നൽകുകയും ചെയ്യുക.

(6.3) പരിക്കുകൾ പറ്റിയാൽ എന്തു ചെയ്യണം?

പരിക്കേറ്റ രോഗികൾക്ക് മെഡിക്കൽ ക്യാമ്പ്, മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ, മൊബൈൽ പൊതുജനാരോഗ്യ യൂണിറ്റുകൾ എന്നിവിടങ്ങളിൽ നിന്ന് പരിചരണവും ടെറ്റ്നസ് ടോക്സോയഡ് ഇഞ്ചക്ഷനും നൽകുന്നതാണ്.

(6.4) ജലജന്യ രോഗങ്ങൾ തടയാൻ എന്തു ചെയ്യണം?

(വയറിളക്കം, കോളറ, ടൈഫോയിഡ്, മഞ്ഞപ്പിത്തം മുതലായവ)

- തിളപ്പിച്ച വെള്ളം മാത്രം കുടിക്കുക
- വെള്ളം ബ്ലീച്ചിംഗ് പൗഡർ ഉപയോഗിച്ച് സൂപ്പർ ക്ലോറിനേറ്റ് ചെയ്ത് ഉപയോഗിക്കുക
- പാത്രങ്ങളും പച്ചക്കറികളും കഴുകുന്ന വെള്ളം ക്ലോറിനേറ്റ് ചെയ്ത് ഉപയോഗിക്കുക
- ഭക്ഷണം പാചകം ചെയ്യുന്നതിന് മുമ്പും കഴിക്കുന്നതിന് മുമ്പും മലമൂത്ര വിസർജ്ജനത്തിന് ശേഷവും കൈകൾ സോപ്പും വെള്ളവും ഉപയോഗിച്ച് കഴുകുക
- വയറിളക്കം വന്നാൽ ഒ.ആർ.എസ്. ലായനി ആവശ്യാനുസരണം നൽകുക. കൂടെ ഉപ്പിട്ട കഞ്ഞിവെള്ളം, കരിക്കിൻ വെള്ളം എന്നിവയും കൂടുതലായി നൽകുക
- വയറിളക്കം ബാധിച്ചാൽ ഭക്ഷണവും വെള്ളവും കൂടുതലായി നൽകേണ്ടതുണ്ട്
- നിർജ്ജലീകരണത്തിന്റെ ലക്ഷണങ്ങൾ (വർദ്ധിച്ച ദാഹം, ഉണങ്ങിയ നാവും ചുണ്ടുകളും, വരണ്ട ചർമ്മം, മയക്കം, മൂത്രക്കുറവ്, കടുത്ത മഞ്ഞ നിറത്തിൽ മൂത്രം മുതലായവ) കണ്ടാൽ ഉടനെ ആശുപത്രിയിൽ എത്തിക്കുക.

(6.5) ജന്തുജന്യ രോഗങ്ങൾ തടയാൻ എന്തു ചെയ്യണം?

- എലി, കന്നുകാലികൾ, നായ്ക്കൾ എന്നിവയുടെ മൂത്രം കൊണ്ട് മലിനം ആകാൻ സാധ്യതയുള്ള വെള്ളവുമായുള്ള സമ്പർക്കമാണ് എലിപ്പനിക്ക് കാരണമാകുന്നത്. അതുകൊണ്ട് മലിനജലവുമായി സമ്പർക്കം പരമാവധി ഒഴിവാക്കുക.
- കൈകാലുകളിൽ മുറിവുകൾ ഉള്ളവർ മലിനജലവുമായി സമ്പർക്കം വരാതെ നോക്കുകയോ, വ്യക്തിഗത സുരക്ഷാമാർഗ്ഗങ്ങൾ സ്വീകരിക്കുകയും ചെയ്യുക.
- മലിനജലത്തിൽ ജോലി ചെയ്യേണ്ടിവരുന്നവരും ദുരിതാശ്വാസ പ്രവർത്തനത്തിന്റെ ഭാഗമായി ശുചീകരണ പ്രവർത്തനത്തിലേർപ്പെടേണ്ടി വരുന്നവരും എലിപ്പനിക്കെതിരെ പ്രതിരോധ ഗുളിക (ആഴ്ചയിൽ ഒരിക്കൽ 200 മി.ഗ്രാം. ഡോക്സിസൈക്ലിൻ) നിർബന്ധമായും സ്വീകരിക്കേണ്ടതാണ്.

(6.6) കൊതുകജന്യ രോഗങ്ങൾ വരാതിരിക്കാൻ എന്തു ചെയ്യണം?

- ഡെങ്കിപ്പനി, മലമ്പനി, വെസ്റ്റ് നൈൽ പനി, ജപ്പാൻ ജ്വരം മുതലായ കൊതുകുജന്യ രോഗങ്ങൾ വെള്ളപ്പൊക്കത്തിനുശേഷം കൂടുതലായി വരാൻ സാധ്യതയുണ്ട്.
- കൊതുക് വളരാൻ സാധ്യതയുള്ള സാഹചര്യങ്ങൾ നിർബന്ധമായും ഒഴിവാക്കുക.
- കൊതുക്/കൊതുക് കൂത്താടി സാന്നിദ്ധ്യം ശ്രദ്ധയിൽ പെട്ടാൽ ആയത് ആരോഗ്യ പ്രവർത്തകരെ അറിയിക്കുകയും പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുക.

(6.7) വായുജന്യ രോഗങ്ങൾ പകരാതിരിക്കാൻ എന്തു ചെയ്യണം?

- ചിക്കൻപോക്സ്, എച്ച്1 എൻ1, വൈറൽ പനി തുടങ്ങിയ വായുജന്യ രോഗങ്ങൾ വെള്ളപ്പൊക്കത്തിനു ശേഷം കൂടുതലായി വരാൻ സാധ്യതയുണ്ട്.
- ചിക്കൻപോക്സിനെതിരായ ബോധവത്കരണം നൽകുക.
- ചിക്കൻപോക്സ് ലക്ഷണങ്ങൾ പ്രകടമായാൽ രോഗികളെ മാറ്റി പാർപ്പിച്ച് പ്രത്യേകമായ ചികിത്സ നല്കുക.
- എച്ച്1 എൻ1, വൈറൽ പനി തുടങ്ങിയ രോഗങ്ങൾക്ക് ആവശ്യമായ ബോധവത്ക്കരണവും പരിചരണവും നൽകുക.

(6.8) മലിനജലവും ആയി സമ്പർക്കം മൂലം ഉണ്ടാകാവുന്ന രോഗങ്ങൾ എന്തൊക്കെ? പരിഹാരം എന്ത്?

- ത്വക്ക് രോഗങ്ങളും, കണ്ണ്, ചെവി എന്നിവയിലെ അണുബാധകളും വെള്ളപ്പൊക്കത്തിനുശേഷം കൂടുതലായി വരാൻ സാധ്യതയുണ്ട്.
- കഴിയുന്നതും ചർമ്മം ഈർപ്പരഹിതമായി സൂക്ഷിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.
- മലിനജലത്തിൽ ഇറങ്ങേണ്ടി വരുമ്പോൾ ആയതിനുശേഷം ക്ലോറിനേറ്റ് ചെയ്ത വെള്ളത്തിൽ കൈകാലുകൾ കഴുകി വൃത്തിയാക്കി ഉണക്കേണ്ടതാണ്.
- വളംകടി പോലെയുള്ള രോഗങ്ങൾ ശ്രദ്ധയിൽ പെട്ടാൽ ഉടൻ വൈദ്യസഹായം ഉറപ്പാക്കുക.
- ചെങ്കണ്ണ്, ചെവിയിലുണ്ടാകുന്ന അണുബാധ എന്നിവയ്ക്കും വൈദ്യസഹായം ഉറപ്പാക്കുക.

ആരോഗ്യവും ശുചിത്വവും സംബന്ധിച്ച കില തയ്യാറാക്കിയ വീഡിയോ, ക്യു.ആർ.കോഡ് എന്നിവ ചുവടെ കൊടുത്തിരിക്കുന്നു.

വീഡിയോ ലിങ്ക് : http://kila.ac.in/FloodReliefVideo

ക്യു.ആർ.കോഡ് :

അനുബന്ധം 1

Rebuild Kerala
പ്രവർത്തന സഹായി

2018 ഓഗസ്റ്റ് മാസം കേരളത്തെ നടുക്കിയ പ്രളയവും പേമാരിയും കാരണം വീട് നഷ്ടപെടുകയും വീടുകൾ താമസ യോഗ്യമല്ലാതെകുകയും ചെയ്ത സാഹചര്യത്തിൽ ആ വിവരങ്ങൾ രേഖപെടുത്തുന്നതിനുവേണ്ടിയുള്ള മൊബൈൽ ആപ്ലിക്കേഷനാണ് **Rebuild kerala.** ഇതുവഴി ഓരോ യൂസറും അവർക്ക് അനുവദിച്ച സ്ഥലങ്ങളിലെ വിവരങ്ങളാണ് രേഖപെടുത്തേണ്ടത്. ഓൺ ലൈനായി വിവരങ്ങൾ അയക്കുന്നതോടൊപ്പം ഓഫ് ലൈനായും ഡേറ്റാ സേവ് ചെയ്യുന്നതിനുള്ള സംവിധാനവും ഉണ്ട്. വീടുകളുടെ ഇപ്പോഴത്തെ അവസ്ഥയുടെ ചിത്രങ്ങൾ എടുക്കുന്നതിനും അതാത് വീടുകളുടെ വിവരങ്ങളോടൊപ്പം അയക്കുന്നതിനും ഉള്ള സംവിധാനം ഉണ്ട്.



ചിത്രം 1

മൊബൈൽ ആപ്പ് ഇൻസ്റ്റാൾ ചെയ്യുന്ന വിധം

1. ഗൂഗിൾ പ്ലേ സ്റ്റോറിൽ നിന്നും Rebuild kerala(ചിത്രം 1) ഇൻസ്റ്റോൾ ചെയ്യുക. അപ്പോൾ ചിത്രം 2 ൽ കാണുന്നപോലുള്ള സ്ക്രീൻ ലഭിക്കും.



ചിത്രം 2

2. ഇൻസ്റ്റോൾ എന്ന ബട്ടൺ ക്ലിക്ക് ചെയ്യുക. അപ്പോൾ ചിത്രം 3 ൽ കാണുന്നപോലുള്ള സ്ക്രീൻ ലഭിക്കും. അതിൽ ഓപ്പൺ എന്നത് ടച്ച് ചെയ്യുക.



ചിത്രം 3

3. ആപ്ലിക്കേഷൻ ഇൻസ്റ്റോൾ ആയി കഴിഞ്ഞാൽ ചിത്രം 4 ൽ കാണുന്ന പോലുള്ള സ്ക്രീൻ ലഭിക്കും.



ചിത്രം 4

വിവരങ്ങൾ രേഖപെടുത്തുന്ന വിധം

- Username എന്നതിൽ Rescue.in ൽ നിന്ന് ലഭിച്ച യൂസർ നെയിമും പാസ്‌വേഡും നൽകി ലോഗിൻ ബട്ടൺ ക്ലിക് ചെയ്യുക. അപ്പോൾ ചിത്രം 5 ൽ കാണുന്നപോലുള്ള സ്ക്രീൻ ലഭിക്കും.



ചിത്രം 5

- ഇവിടെ PENDING എന്നുള്ളതിൽ ഓഫ് ലൈനായി സേവ് ചെയ്ത വിവരങ്ങളാണ് ഉള്ളത്. SUBMITTED എന്നതിൽ ഓൺലൈനായി അയച്ച വിവരങ്ങളാണ് . പുതുതായി വിവരങ്ങൾ രേഖപെടുത്തണമെങ്കിൽ താഴെ കാണുന്ന പ്ലസ് + എന്ന ചിഹ്നത്തൽ ടച്ച് ചെയ്യേണ്ടതാണ്. അപ്പോൾ ചിത്രം 6 ൽ കാണുന്ന പോലുള്ള സ്ക്രീൻ ലഭിക്കും.



ചിത്രം 6

- ഇതിൽ യൂസർക്ക് അനുവദിച്ച ജില്ലയും ലോക്കൽബോഡി ടൈപ്പും ലോക്കൽബോഡിയും ഡിഫോൾട്ടായി വരും. ഇതിൽ മാറ്റം വരുത്താൻ കഴിയില്ല.

- Choose a Taluk എന്നതിൽ നിന്നും വീട് സ്ഥിചെയ്തിരുന്ന സ്ഥലത്തെ താലൂക്ക് തെരഞ്ഞെടുക്കുക.
- താലൂക്ക് തെരഞ്ഞെടുത്താൽ തൊട്ടുതാഴെ Choose a Village എന്ന് വരും അതിൽ നിന്നും ബന്ധപ്പെട്ട വില്ലേജ് തെരഞ്ഞെടുക്കുക.
- അടുത്തതായി വാർഡ് നമ്പർ രേഖപെടുത്തുക
- വീടിന്റെ Door No രേഖപെടുത്തുക. വീടിന് സബ് നമ്പരുണ്ടെങ്കിൽ അതും രേഖപെടുത്തുക.
- അടുത്ത കോളത്തിൽ വീടിന്റെ ഉടമസ്ഥന്റെ പേര് രേഖപെടുത്തുക(ചിത്രം 7).

ചിത്രം 7

- അടുത്ത കോളത്തിൽ നിന്നും Gender തെരഞ്ഞെടുക്കുക.
- അടുത്ത കോളങ്ങളിൽ കുടുംബത്തിലെ അംഗങ്ങളുടെ എണ്ണം പ്രായപൂർത്തിയായവരുടേയും കുട്ടികളുടേയും എണ്ണം വെവ്വേറെ രേഖപെടുത്തുക.
- Address എന്ന കോളത്തിൽ നാശനഷ്ടം സംഭവിച്ച വീടിന്റെ മേൽവിലാസം രേഖപെടുത്തുക.
- അടുത്ത കോളത്തിൽ Choose a category എന്നതിൽ നിന്നും പൊതുവിഭാഗം/പട്ടികജാതി/പട്ടികവർഗ്ഗം/മൈനോറിറ്റി എന്നിവയിൽ ഒന്ന് തെരഞ്ഞെടുക്കുക.
- Choose a Sub category എന്നതിൽ നിന്നും സബ് കാറ്റഗറി ഉണ്ടെങ്കിൽ തെരഞ്ഞെടുക്കുക.
- അടുത്തതായി Choose Damage type തെരഞ്ഞെടുക്കുക.
  - ഇതിൽ കെട്ടിടം പൂർണ്ണമായും നശിച്ചെങ്കിൽ Complte loss of Building തെരഞ്ഞെടുക്കുക.
  - കെട്ടിടവും സ്ഥലവും പൂർണ്ണമായും നശിച്ചെങ്കിൽ Complte loss of Land and Building തെരഞ്ഞെടുക്കുക.
  - കെട്ടിടം ഭാഗീകമായി കേടുപാടുകൾ സംഭവിച്ചെങ്കിൽ Partial Damage for Buildings എന്നത് തെരഞ്ഞെടുക്കുക
- മേൽ പറഞ്ഞ Partial Damage for Buildings ആണ് തെരഞ്ഞെടുക്കുന്നതെങ്കിൽ Partial Damage Type വരും (ചിത്രം 8) . അതിൽ നിന്നും ആവശ്യമായവ തെരഞ്ഞെടുക്കുക



ചിത്രം 8

- അടുത്തതായി Ration Card no, Aadhar no, Mobile no ഇവ അതാത് കോളങ്ങളിൽ രേഖപെടുത്തുക(ചിത്രം 9).
- അടുത്തത് ബാങ്ക് അക്കൌണ്ട് ഡീറ്റെയിൽസ് ആണ് രേഖപെടുത്തേണ്ടത്.
  - Account Holder Name എന്നതിൽ അക്കൊണ്ട് ഹോൾഡറുടെ പേര് രേഖപെടുത്തുക
  - Bank name, Branch name, IFS Code ഇവ അതാത് കോളങ്ങളിൽ രേഖപെടുത്തുക.
  - A/c number എന്ന കോളത്തിൽ അക്കൊണ്ട് നമ്പരും Conform A/c number അക്കൊണ്ട് വീണ്ടും രേഖപെടുത്തുക.
  - Remarks എന്ന കോളത്തിൽ അഭിപ്രായകുറിപ്പ് എന്തെങ്കിലും ഉണ്ടെങ്കിൽ രേഖപെടുത്തുക



ചിത്രം 9

- അടുത്തത് നാശനഷ്ടം സംഭവിച്ച കെട്ടിടത്തിന്റെ ഇമേജ് എടുക്കുകയാണ് വേണ്ടത് (ചിത്രം 10).
  - Photo of damage caused to roof എന്നതിൽ ക്യാമറാ ചിഹ്നം ( ) ഉപയോഗിച്ച് കേട് പറ്റിയ മേൽക്കൂരയുടെ ഫോട്ടോ എടുക്കുക.
  - Photo of damage to Wall എന്നതിൽ കേട് പാട് പറ്റിയ ചുമരിന്റെ ഫോട്ടോ എടുക്കുക
  - Photo of damage എന്നതിൽ കേട്പാട് പറ്റിയ കെട്ടിടത്തിന്റെ ഫോട്ടോ എടുക്കുക.
  - എടുത്ത ഫോട്ടോ ഡിലീറ്റ് ചെയ്യണമെങ്കിൽ X ബട്ടൺ ഉപയോഗിക്കാവുന്നതാണ്. ആവശ്യമുണ്ടെങ്കിൽ വീണ്ടും ഫോട്ടോ എടുക്കാവുന്നതാണ്.

ചിത്രം 10

- അടുത്തത് ഡോക്യുമെന്റ് എന്തെങ്കിലും ഉണ്ടെങ്കിൽ അതിന്റെ ഫോട്ടോ എടുക്കേണ്ടതാണ്(ചിത്രം 10.1)



ചിത്രം 10.1

- അടുത്തതായി വീട് സ്ഥിതി ചെയ്യുന്ന സ്ഥാനം (അക്ഷാംശം,രേഖാംശം) അവിടെ കാണാവുന്നതാണ്. ഇല്ലെങ്കിൽ അതിനായി റിഫ്രഷിൽ ടച്ച് ചെയ്താൽ മതിയാകും (ചിത്രം 10.2).



ചിത്രം 10.2

- ഈ വിവരങ്ങളെല്ലാം രേഖപെടുത്തിയ ശേഷം Submit ചെയ്താൽ Do you want to sbmit now എന്ന മെസേജ് വരും(ചിത്രം 11). അപ്പോൾ തന്നെ സബ്മിറ്റ് ചെയ്യാവുന്നതാണ്. അല്ലെങ്കിൽ Save Off line ചെയ്യാവുന്നതാണ്. ഇങ്ങനെയാണെങ്കിൽ Pending എന്ന മെനുവിൽ വരുകയും അവിടെ നിന്ന് സബ്മിറ്റ് ചെയ്യാനും കഴിയും.



ചിത്രം 11

അനുബന്ധം 2

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ

മുളങ്കുന്നത്തുകാവ്, തൃശൂർ - 680 581

പ്രളയാനന്തര ദുരിതാശ്വാസ നടപടികൾ- തദ്ദേശഭരണസ്ഥാപനങ്ങൾക്ക് നിർവ്വഹണത്തിനും മേൽനോട്ടത്തിനും സഹായകരമായ ചെക്ക് ലിസ്റ്റ്

(അതത് ദിവസങ്ങളിൽ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുവാനും സ്വയം അവലോകനം നടത്തുവാനും സഹായകമാകുന്ന ചെക്ക് ലിസ്റ്റാണ് താഴെ നൽകുന്നത്. അതത് അദ്ധ്യക്ഷ/ൻ സ്വയം ഇത് ഉപയോഗിച്ച് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാവുന്നതാണ്. താങ്കൾ നടത്തുന്ന പ്രവർത്തനങ്ങളിൽ ചിലത് മാത്രമാണ് താഴെ കൊടുത്തിട്ടുള്ളത്. കൂടുതൽ മെച്ചപ്പെടുത്തി ഉപയോഗിക്കാവുന്നതാണ്)

തദ്ദേശസ്വയംഭരണസ്ഥാപനം:

തീയതി:

തദ്ദേശ സ്വയം ഭരണസ്ഥാപന അദ്ധ്യക്ഷ/ൻ

ക്ര.നം	ചെക് ലിസ്റ്റ്	ഉണ്ട്	ഇല്ല	തുടർനടപടി
1.	എല്ലാ വാർഡുകളിലും വാർഡ്തലസമിതികൾ രൂപീകരിച്ചുവോ ?			
2.	സന്നദ്ധപ്രവർത്തകർ ആവശ്യപ്രകാരം ലഭ്യമാണോ			
3.	ഇല്ലായെങ്കിൽ സ്വീകരിച്ച അനന്തര നടപടി (മേലുദ്യോഗസ്ഥരേയും മറ്റ് സ്ഥലങ്ങളിലെ വളണ്ടിയർ സംവിധാനങ്ങളേയോ സമീപിക്കാൻ കഴിഞ്ഞുവോ			
4.	വളണ്ടിയർ സ്ക്വാഡുകളുടെ തദ്ദേശതല ഏകോപനം സാധ്യമാകുന്നുണ്ടോ			
5.	വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട ഏകോപന പ്രവർത്തനങ്ങൾ നടന്നു വരുന്നുണ്ടോ			
6.	സ്ത്രീകൾ പ്രത്യേകമായി അനുഭവിക്കുന്ന പ്രശ്നങ്ങൾ വിലയിരുത്തുന്നതിനും നടപടികൾ എടുക്കുന്നതിനുമായുള്ള സ്ത്രീകളുടെ സംഘങ്ങളുടെ പ്രവർത്തനം വിലയിരുത്തുന്നുണ്ടോ			
	വെള്ളം ഇറങ്ങുമ്പോൾ			
1.	വെള്ളം കയറിയ വീടുകൾ മുഴുവനായി കണ്ടെത്തുവാനുള്ള ചുമതലക്കാരെ നിശ്ചയിച്ചുവോ			
2.	എത്ര വീടുകൾ ഇതിനകം വൃത്തിയാക്കുന്നതിനും ആളുകളെ പ്രവേശിപ്പിക്കുന്നതിനും കഴിഞ്ഞു എന്നതിന്റെ വിവരം ലഭിക്കുന്നതിന് വേണ്ട ചുമതല നൽകിയോ			
3.	വൃത്തിയാക്കാനാവശ്യമായ സാധന സാമഗ്രികൾ (ബ്ലീച്ചിംഗ് പൗഡർ, ഗ്ലൗസ്, വൈപ്പർ തുടങ്ങിയവ) ശേഖരിച്ചു വിതരണം ചെയ്യുന്നതിനുള്ള ചുമതലക്കാരെ കണ്ടെത്തിയോ			
4.	ശുചീകരണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന വളണ്ടിയർമാരുടെ ഏകോപന ചുമതല നൽകിയിട്ടുണ്ടോ			

മാലിന്യ സംസ്കരണം				
1.	മാലിന്യങ്ങൾ കുമിഞ്ഞുകൂടി കിടക്കുന്ന സ്ഥലം കണ്ടെത്താനും നീക്കം ചെയ്യാനും ഉള്ള ചുമതല നൽകിയിട്ടുണ്ടോ			
2.	മാലിന്യം നീക്കം ചെയ്ത പ്രദേശം അണുവിമുക്തമാക്കാനുള്ള സാമഗ്രികൾ ലഭ്യമാക്കാനും അണുവിമുക്തമാക്കുവാനും ഉത്തരവാദിത്തം ഏൽപ്പിച്ചിട്ടുണ്ടോ			
കുടിവെള്ളവും ഭക്ഷണവും				
1.	പഞ്ചായത്തിലെ കുടിവെള്ളം ലഭ്യമല്ലാത്ത പ്രദേശങ്ങൾ കണ്ടെത്തുന്നതിനും അവിടേക്ക് ശുദ്ധമായ കുടിവെള്ളം എത്തിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കി വിതരണ ചെയ്യുന്നതിനുള്ള ചുമതല നൽകിയിട്ടുണ്ടോ			
2.	കുടിവെള്ള വിതരണം ഉറപ്പാക്കാൻ കഴിയാത്ത പ്രദേശങ്ങളിൽ കുപ്പിവെള്ള വിതരണമടക്കമുള്ള താൽകാലിക നടപടികൾ ഏർപ്പാടാക്കിയിട്ടുണ്ടോ			
3.	അംഗൻവാടി, സ്കൂളുകൾ മുതലായ സ്ഥലങ്ങളിൽ സംഭരിച്ചിരിക്കുന്ന ഭക്ഷ്യ ധാന്യങ്ങളുടെ ഗുണമേന്മ ഉറപ്പ് വരുത്താനുള്ള ഉത്തരവാദിത്തം ഉദ്യോഗസ്ഥരെ ഏൽപ്പിച്ചോ			
4.	വീടുകളിലെ കുടിവെള്ള സ്രോതസ്സുകൾ അണുവിമുക്തമാക്കി കുടിക്കാൻ ഉപയുക്തമാക്കാനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചിട്ടുണ്ടോ			
5.	വീടുകളിൽ തിരിച്ച് പോയി താമസിക്കുന്നവർക്ക് നിത്യോപയോഗസാധനങ്ങൾ (ഭക്ഷ്യവസ്തുക്കളും വസ്ത്രങ്ങളും അടക്കം) ലഭ്യമാക്കാൻ ബന്ധപ്പെട്ടവരെ ചുമതലപ്പെടുത്തിയിട്ടുണ്ടോ			
വീടുകളും കെട്ടിടങ്ങളും				
1.	ക്യാമ്പിൽ നിന്ന് തിരിച്ചുപോയി താമസമാക്കിയ വീടുകളുടെ ബലക്ഷമതയും സുരക്ഷിതത്വവും ഉറപ്പ് വരുത്തുവാൻ ഉതകുന്ന സാങ്കേതിക സംഘത്തെ ഒരുക്കിയിട്ടുണ്ടോ			
2.	വീടുകൾ വാസയോഗ്യമാക്കാനുള്ള അടിയന്തിര സംവിധാനങ്ങൾ (പ്ലംബിംഗ്, വയറിംഗ്, ഉപകരണങ്ങൾ നന്നാക്കൽ, മരപ്പണി മുതലായവ) ഒരുക്കുന്നതിനായി ഒരു ടീമിനെ രൂപപ്പെടുത്തി ഉത്തരവാദിത്തം നൽകിയിട്ടുണ്ടോ			
വൈദ്യുതാഘാതം				
1.	വൈദ്യുതാഘാതത്തിന് കാരണമായ മരങ്ങളും മറ്റ് പ്രതിബന്ധങ്ങളും കണ്ടെത്താനും നീക്കം ചെയ്യുവാനും ആവശ്യമായ ചുമതല നൽകിയിട്ടുണ്ടോ			
2.	വീടുകളിലേക്കുള്ള വൈദ്യുത ബന്ധം പുനസ്ഥാപിക്കുന്നതിന് വൈദ്യുത ബോർഡുമായി ബന്ധപ്പെട്ടിട്ടുണ്ടോ			
3.	ഇലക്ട്രോണിക്സ് ഉപകരണങ്ങളുടെ പ്രവർത്തനക്ഷമത ഉറപ്പ് വരുത്താനുള്ള സാങ്കേതിക സംഘത്തെ രൂപീകരിച്ചിട്ടുണ്ടോ			
രോഗ പ്രതിരോധ സംവിധാനങ്ങൾ				
1.	പകർച്ച വ്യാധികൾ ഉണ്ടാകാന് സാധ്യതയുള്ള പ്രദേശങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടോ			
2.	പകർച്ച വ്യാധികൾ തടയുന്നതിനും നിയന്ത്രിക്കുന്നതിനും നടപടികൾ എടുക്കുന്നതിനും ആരോഗ്യസേനയെ			

	ഉത്തരവാദിത്തം ഏൽപ്പിച്ചുണ്ടോ			
	ജലജന്യ രോഗങ്ങൾ പ്രതിരോധിക്കൽ			
1.	കെട്ടിക്കിടക്കുന്ന ജലാശയങ്ങൾ അണുവിമുക്തമാക്കാനുള്ള നടപടികൾക്കായി വാർഡ് തല ശുചിത്വ സമിതിയുടെ പ്രവർത്തന ഏകോപനം നടത്തിയോ			
	ജന്തു സംരക്ഷണം - ജന്തു ജന്യ രോഗങ്ങൾ			
1.	ജന്തുജന്യ, ജലജന്യ രോഗങ്ങളുമായി ബന്ധപ്പെട്ട ബോധവത്ക്കരണം നടത്തുന്നതിന് മൃഗസംരക്ഷണ ഉദ്യോഗസ്ഥർക്ക് ചുമതല നൽകിയിട്ടുണ്ടോ			
2.	ചത്തുകിടക്കുന്ന പക്ഷി മൃഗാദികളുടെ ശാസ്ത്രീയ സംസ്കരണത്തിനുള്ള നടപടികളായോ?			
3.	വളർത്തുമൃഗങ്ങളുടെ പുനരധിവാസവുമായി ബന്ധപ്പെട്ട് അവയുടെ ഭക്ഷണം, കുടിവെള്ളം ഉറപ്പ് വരുത്താൻ ചുമതല നൽകിയോ			
	ഭക്ഷ്യ വിഷബാധ തടയൽ			
1.	അംഗൻവാടി, സ്കൂളുകൾ മുതലായ സ്ഥലങ്ങളിൽ സംഭരിച്ചിരിക്കുന്ന ഭക്ഷ്യ ധാന്യങ്ങളുടെ ഗുണമേന്മ ഉറപ്പ് വരുത്താനുള്ള ഉത്തരവാദിത്തം ഉദ്യോഗസ്ഥരെ ഏൽപ്പിച്ചോ			
	കൊതുകജന്യ രോഗങ്ങൾ			
2.	കെട്ടിക്കിടക്കുന്ന ജലാശയങ്ങളിലെ കൊതു വിമുക്തമാക്കാനുള്ള നടപടികൾ സ്വീകരിക്കുവാൻ വാർഡ്തല ശുചിത്വ സമിതിക്ക് ചുമതലയും ഏകോപനവും നൽകിയോ			
3.	കൊതുക് നിവാരണത്തിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ (ഫോഗിംഗ് ഉൾപ്പെടെ)			
	രോഗികൾ/ അഗതികളുടെ പരിചരണവും പ്രത്യേക മേൽനോട്ടവും			
1.	കിടപ്പ് രോഗികളുടേയും മാറാ രോഗികളുടേയും സംരക്ഷണവും മരുന്നിന്റെ ലഭ്യതയും ഉറപ്പ് വരുത്തുന്നതിന് ആരോഗ്യവകുപ്പിന് ചുമതല നൽകിയിട്ടുണ്ടോ			
	തുടർ (ബോധവത്കരണ) പ്രവർത്തനം (ഐ.ഇ.സി., ബി.സി.സി)			
2.	ക്യാമ്പിൽ നിന്ന് തിരിച്ച് വീട്ടിൽ താമസിക്കുന്നവരുമായി നിരന്തരം സമ്പർക്കം പുലർത്തുന്നതിനുള്ള (മാനസിക സമ്മർദ്ദം കുറയ്ക്കുന്നതിന്) പദ്ധതി വാർഡ്തല ജനപ്രതിനിധികളുമായി കൂടിയാലോചിച്ച് തയ്യാറാക്കിയിട്ടുണ്ടോ			
3.	ക്യാമ്പിൽ വരാതെ ബന്ധുവീടുകളിലും സുഹൃത്തുക്കളുടെ വീടുകളിലും അഭയം തേടിയവരുമായി സമ്പർക്കം പുലർത്തുന്നതിനുള്ള പദ്ധതി വാർഡ്തല ജനപ്രതിനിധികളുമായി കൂടിയാലോചിച്ച് തയ്യാറാക്കിയിട്ടുണ്ടോ			
4.	കുട്ടികളുടെ മാനസികോല്ലാസങ്ങൾ ഉറപ്പാക്കാനുള്ള കൂട്ടായ്മകൾ (ബാലസഭ, കളി-വിനോദങ്ങൾ) സംഘടിപ്പിക്കാൻ വാർഡ് മെമ്പർ, അദ്ധ്യാപകർ, കുടുംബശ്രീ എന്നിവരെ ചുമതലപ്പെടുത്തിയിട്ടുണ്ടോ			
5.	മനശ്ശാസ്ത്രപരമായ സുരക്ഷിതത്വം ഉറപ്പാക്കാനാവശ്യമായ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനും (ഉദാ- ആവശ്യമെങ്കിൽ കൗൺസിലിംഗ്, ഗൃഹസന്ദർശനം) അദ്ധ്യാപകരുടെ സേവനം വിനിയോഗിക്കുന്നതിനും ഏകോപന			

	ചുമതല നൽകിയിട്ടുണ്ടോ			
6.	കുട്ടികളെ സ്കൂളുകളിൽ/അങ്കണവാടികളിൽ തിരിച്ച് പ്രവേശിപ്പിക്കുന്നതിനാവശ്യമായ നടപടികൾ (കെട്ടിടങ്ങളുടെ ബലക്ഷമത ഉറപ്പ് വരുത്തൽ ഉൾപ്പടെ) സ്വീകരിക്കുന്നുണ്ടോ ?			
7.	പൊതുജനങ്ങൾക്ക് ബോധവത്ക്കരണത്തിനുള്ള അറിയിപ്പുകൾ നൽകുവാൻ ആവശ്യമായ പ്രചരണം, മൈക്ക് അനൗൺസ്മെന്റ്, പൊതുനോട്ടീസ് ബോർഡുകൾ തുടങ്ങിയവ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ			
നിയമപരമായ ഇടപെടലുകൾ				
1.	പ്രദേശങ്ങളിൽ (പ്രത്യേകിച്ച് ഒറ്റപ്പെട്ട വീടുകളിൽ) അപരിചിതരുടെ സാന്നിദ്ധ്യമുണ്ടോയെന്ന് അറിയുന്നതിന് ആവശ്യമായ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ			
2.	സാമൂഹ്യവിരുദ്ധ സമീപനങ്ങളായ മായം ചേർക്കൽ, പൂഴ്ത്തിവെയ്പ്പ്, അമിത വില ഈടാക്കൽ തുടങ്ങിയവ ശ്രദ്ധയിൽപ്പെട്ടാൽ എടുക്കേണ്ട നടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ട വകുപ്പുകൾക്ക് (ഭക്ഷ്യ സുരക്ഷാ വകുപ്പ്, അളവ്തൂക്ക വകുപ്പ്, പോലീസ്) ചുമതല നൽകിയിട്ടുണ്ടോ			
3.	സർട്ടിഫിക്കറ്റുകളും മറ്റ് രേഖകളും നഷ്ടപ്പെട്ടവർക്ക് ജില്ലാ അദാലത്തിൽ/മറ്റ് ബന്ധപ്പെട്ട ഏജൻസികളുമായി ബന്ധപ്പെടുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുവാനാകുന്നുണ്ടോ			

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ

മുളങ്കുന്നത്തുകാവ്, തൃശൂർ - 680 581

പ്രളയാനന്തര ദുരിതാശ്വാസ നടപടികൾ- തദ്ദേശഭരണസ്ഥാപനങ്ങൾക്ക് നിർവ്വഹണത്തിനും മേൽനോട്ടത്തിനും സഹായകരമായ ചെക്ക് ലിസ്റ്റ്

(അതത് ദിവസങ്ങളിൽ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുവാനും സ്വയം അവലോകനം നടത്തുവാനും സഹായകമാകുന്ന ചെക്ക് ലിസ്റ്റാണ് താഴെ നൽകുന്നത്. അതത് ഉദ്യോഗസ്ഥർ സ്വയം ഇത് ഉപയോഗിച്ച് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാവുന്നതാണ്. താങ്കൾ നടത്തുന്ന പ്രവർത്തനങ്ങളിൽ ചിലത് മാത്രമാണ് താഴെ കൊടുത്തിട്ടുള്ളത്. കൂടുതൽ മെച്ചപ്പെടുത്തി ഉപയോഗിക്കാവുന്നതാണ്)

തദ്ദേശസ്വയംഭരണസ്ഥാപനം:

തീയതി:

തദ്ദേശഭരണസ്ഥാപന സെക്രട്ടറി

ക്ര.നം	ചെക് ലിസ്റ്റ്	ഉണ്ട്	ഇല്ല	തുടർനടപടി
1.	എല്ലാ വാർഡുകളിലും വാർഡ്തല സമിതികൾ രൂപീകരിച്ച് കഴിഞ്ഞുവോ.			
2.	വാർഡുകളിൽ ആവശ്യാനുസരണം സന്നദ്ധപ്രവർത്തകർ ലഭ്യമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ			
3.	ഇല്ലായെങ്കിൽ അനന്തരനടപടികൾ സ്വീകരിച്ചിട്ടുണ്ടോ			
4.	വാളണ്ടിയർ സ്ക്വാഡുകളുടെ വാർഡ്തല ഏകോപനം സാധ്യമാക്കുന്നുണ്ടോ			
5.	വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട ഏകോപന പ്രവർത്തനങ്ങൾ നടന്ന് വരുന്നുണ്ടോ			
6.	സ്ത്രീകൾ പ്രത്യേകമായി അനുഭവിക്കുന്ന പ്രശ്നങ്ങൾ വിലയിരുത്തുന്നതിനും നടപടികൾ എടുക്കുന്നതിനുമായി സ്ത്രീകളുടെ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ടോ			
	വെള്ളം ഇറങ്ങുമ്പോൾ			
1.	വെള്ളം കയറിയ വീടുകൾ മുഴുവനായി കണ്ടെത്തുവാനുള്ള ചുമതല ജീവനക്കാർക്ക് നൽകിയോ			
2.	വീടുകൾ വൃത്തിയാക്കുകയും ആളുകളെ പ്രവേശിപ്പിക്കുകയും ചെയ്യുന്ന പ്രവർത്തനം ഉറപ്പ് വരുത്തിയോ			
3.	വൃത്തിയാക്കാനാവശ്യമായ സാധന സാമഗ്രികളുടെ ലഭ്യത (ബ്ലീച്ചിംഗ് പൗഡർ, ഗ്ലൗസ്, വൈപ്പർ തുടങ്ങിയവ) ഉറപ്പ് വരുത്തിയോ			
4.	ശുചീകരണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന വളണ്ടിയർമാർ ആവശ്യമായ മുൻകരുതലുകൾ സ്വീകരിക്കുന്നുണ്ടോ എന്ന് ഉറപ്പ് വരുത്തിയോ			

മാലിന്യ സംസ്കരണം				
1.	കുമിഞ്ഞുകൂടി കിടക്കുന്ന മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ വിലയിരുത്തിയോ			
2.	മാലിന്യം നീക്കം ചെയ്ത പ്രദേശം അണുവിമുക്തമാക്കാനുള്ള സാമഗ്രികൾ ലഭ്യത ഉറപ്പ് വരുത്തിയിട്ടുണ്ടോ			
കുടിവെള്ളവും ഭക്ഷണവും				
1.	പഞ്ചായത്തിലെ എല്ലാ പ്രദേശത്തും ശുദ്ധമായ കുടിവെള്ള വിതരണം നടക്കുന്നുണ്ടോ എന്ന് ഉറപ്പ് വരുത്തിയിട്ടുണ്ടോ			
2.	കുടിവെള്ള വിതരണം ആരംഭിക്കുവാൻ കഴിയാത്തിടങ്ങളിൽ കുപ്പിവെള്ള വിതരണമടക്കമുള്ള സൗകര്യങ്ങൾ ഏർപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ			
3.	അംഗൻവാടി, സ്കൂളുകൾ മുതലായ സ്ഥലങ്ങളിൽ സംഭരിച്ചിരിക്കുന്ന ഭക്ഷ്യ ധാന്യങ്ങളുടെ ഗുണമേന്മ ഉറപ്പ് വരുത്തിയാണോ വിതരണം ചെയ്യുന്നതെന്ന് അന്വേഷിച്ചുവോ			
4.	വീടുകളിലെ കുടിവെള്ള സ്രോതസ്സുകൾ അണുവിമുക്തമാക്കി കുടിക്കാൻ ഉപയുക്തമാക്കാനുള്ള പ്രവർത്തനങ്ങൾ ഉറപ്പ് വരുത്തിയിട്ടുണ്ടോ			
5.	വീടുകളിൽ തിരിച്ച് പോയി താമസിക്കുന്നവർക്ക് നിത്യോപയോഗ സാധനങ്ങളുടെ (ഭക്ഷ്യവസ്തുക്കളും വസ്ത്രങ്ങളും അടക്കം) ലഭ്യത ഉറപ്പ് വരുത്തിയിട്ടുണ്ടോ			
വീടുകളും കെട്ടിടങ്ങളും				
1.	ക്യാമ്പിൽ നിന്ന് തിരിച്ചുപോയി താമസമാക്കിയ വീടുകളുടെ ബലക്ഷമതയും സുരക്ഷിതത്വവും ഉറപ്പ് വരുത്തുന്നുണ്ടോയെന്ന് പരിശോധിക്കുന്നുണ്ടോ			
2.	വീടുകൾ വാസയോഗ്യമാക്കാനുള്ള അടിയന്തിര സംവിധാനങ്ങൾ (പ്ലംബിംഗ്, വയറിംഗ്, ഉപകരണങ്ങൾ നന്നാക്കൽ, മരപ്പണി മുതലായവ) ഒരുക്കുന്നതിനായി ഒരു ടീമിനെ രൂപപ്പെടുത്താൻ സാധിച്ചിട്ടുണ്ടോ			
വൈദ്യുതാഘാതം				
1.	വൈദ്യുതാഘാതത്തിന് കാരണമായ മരങ്ങളും മറ്റ് പ്രതിബന്ധങ്ങളും നീക്കം ചെയ്യുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ടോ			
2.	വീടുകളിലേക്കുള്ള വൈദ്യുത ബന്ധം പുനസ്ഥാപിക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ടോ			
3.	ഇലക്ട്രോണിക്സ് ഉപകരണങ്ങളുടെ പ്രവർത്തനക്ഷമത ഉറപ്പ് വരുത്താനുള്ള സാങ്കേതിക സഹായം ലഭ്യമാക്കുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ			
കന്നുകാലികൾ				
1.	ചാണക കുഴികൾ വൃത്തിയാക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനുള്ള ചുമതല ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ടോ			
2.	കന്നുകാലികൾക്ക് ആവശ്യമായ ഭക്ഷണം കുടിവെള്ളം എന്നിവ നൽകുന്നതിന് പ്രാദേശിക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ			
3.	തൊഴുത്തുകളുടെ ശുചിത്വം ഉറപ്പാക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ			

രോഗ പ്രതിരോധ സംവിധാനങ്ങൾ				
1.	പ്രദേശത്തെവിടെയെങ്കിലും പകർച്ച വ്യാധികൾ ഉണ്ടാകാനുള്ള സാധ്യതയുണ്ടോയെന്ന് ആരോഗ്യവിഭാഗവുമായി അന്വേഷിച്ചുവോ			
2.	തടയുന്നതിനും നിയന്ത്രിക്കുന്നതിനും നടപടികൾ ആലോചിച്ച് നടപ്പാക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ടോ (കൊതുകു നിവാരണം അടക്കം)			
ജലജന്യ രോഗങ്ങൾ പ്രതിരോധിക്കൽ				
1.	കെട്ടിക്കിടക്കുന്ന ജലാശയങ്ങൾ അണുവിമുക്തമാക്കാനുള്ള നടപടികൾക്കായി ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ടോ			
ജന്തു സംരക്ഷണം - ജന്തു ജന്യ രോഗങ്ങൾ				
2.	ജന്തുജന്യ, ജലജന്യ രോഗങ്ങളുമായി ബന്ധപ്പെട്ട ബോധവത്ക്കരണപ്രവർത്തനങ്ങളുടെ ചുമതല ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ടോ			
3.	ചത്തുകിടക്കുന്ന പക്ഷി മൃഗാദികളുടെ ശാസ്ത്രീയ സംസ്കരണത്തിനുള്ള നടപടികൾ ഉറപ്പ് വരുത്തിയിട്ടുണ്ടോ			
4.	വളർത്തുമൃഗങ്ങളുടെ പുനരധിവാസവുമായി ബന്ധപ്പെട്ട് ഭക്ഷണം, കുടിവെള്ളം ഉറപ്പ് വരുത്താനായിട്ടുണ്ടോ			
ഭക്ഷ്യ വിഷബാധ തടയൽ				
1.	അംഗൻവാടി, സ്കൂളുകൾ മുതലായ സ്ഥലങ്ങളിൽ സംഭരിച്ചിരിക്കുന്ന ഭക്ഷ്യ ധാന്യങ്ങളുടെ ഗുണമേന്മ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചേർന്ന് ഉറപ്പ് വരുത്തിയിട്ടുണ്ടോ			
കൊതുകജന്യ രോഗങ്ങൾ				
1.	കെട്ടിക്കിടക്കുന്ന ജലാശയങ്ങളെ കൊതു വിമുക്തമാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ടോ			
2.	കൊതുക് നിവാരണത്തിനുള്ള നടപടിക്കായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ടോ (ഫോഗിംഗ് ഉൾപ്പെടെ)			
രോഗികൾ/ അഗതികളുടെ പരിചരണവും പ്രത്യേക മേൽനോട്ടവും				
1.	കിടപ്പ് രോഗികളുടേയും മാറാ രോഗികളുടേയും സംരക്ഷണം ഉറപ്പ് വരുത്തുവാൻ ചുമതല നൽകിയിട്ടുണ്ടോ			
തുടർ (ബോധവത്കരണ) പ്രവർത്തനം (ഐ.ഇ.സി., ബി.സി.സി)				
1.	ക്യാമ്പിൽ നിന്ന് തിരിച്ച് വീട്ടിൽ താമസിക്കുന്നവരുമായി നിരന്തരം സമ്പർക്കം പുലർത്തുവാൻ സാധിക്കുന്നുണ്ടോ എന്ന് പരിശോധിക്കുവാൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ (മാനസിക സമ്മർദ്ദം കുറയ്ക്കുന്നതിന്)			
2.	ക്യാമ്പിൽ വരാതെ ബന്ധുവീടുകളിലും സുഹൃത്തുകളുടെ വീടുകളിലും അഭയം തേടിയവരുമായി സമ്പർക്കം പുലർത്തുവാൻ സാധിക്കുന്നുണ്ടോ എന്ന് പരിശോധിച്ചുവോ (മാനസിക സമ്മർദ്ദം കുറയ്ക്കുന്നതിന്) ?			

3.	കുട്ടികളുടെ മാനസികോല്ലാസങ്ങൾ ഉറപ്പാക്കാനുള്ള കൂട്ടായ്മകൾ (ബാലസഭയടക്കം), കളികൾ, മറ്റ് വിനോദങ്ങൾ സംഘടിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിയോ			
4.	മനശ്ശാസ്ത്രപരമായ സുരക്ഷിതത്വം ഉറപ്പാക്കാനാവശ്യമായ പ്രവർത്തനങ്ങൾ സ്വീകരിച്ചുവെന്ന് ഉറപ്പ് വരുത്തിയോ (ഉദാ- ആവശ്യമെങ്കിൽ കൗൺസിലിംഗ്, ഗൃഹസന്ദർശനം)			
5.	കുട്ടികളെ സ്കൂളുകളിൽ/അങ്കണവാടികളിൽ തിരിച്ച് പ്രവേശിപ്പിക്കുന്നതിനാവശ്യമായ നടപടികൾ (കെട്ടിടങ്ങളുടെ ബലക്ഷമത ഉറപ്പ് വരുത്തൽ ഉൽപ്പടെ)ചെയ്യുന്നുണ്ടോ എന്ന് പരിശോധിച്ചുവോ			
6.	പൊതുജനങ്ങൾക്ക് ബോധവത്ക്കരണത്തിനുള്ള അറിയിപ്പുകൾ നൽകുന്നതിന് ജനകീയ സംവിധാനത്തെ ഏർപ്പെടുത്തുവാൻ കഴിഞ്ഞുവോ (ആവശ്യമായ പ്രചരണം, മൈക്ക് അനൗൺസ്മെന്റ്, പൊതുനോട്ടീസ് ബോർഡുകൾ തുടങ്ങിയവ)			
	15. രോഗ വിവര മേൽനോട്ടം			
1.	രോഗങ്ങളുടെ വ്യാപനം സംബന്ധിച്ച വിവരങ്ങൾദൈനംദിനം ആരോഗ്യവിഭാഗത്തിൽ നിന്ന് ലഭ്യമാക്കിയോ			
2.	തടയുന്നതിനും നിയന്ത്രിക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ടോ (കൊതുകു നിവാരണം അടക്കം)			
3.	ആരോഗ്യ സ്ഥാപനങ്ങളിൽ മരുന്നും ചികിത്സാ ഉപകരണങ്ങളും ആവശ്യാനുസൃതം ലഭ്യമാണോ എന്ന് ഉറപ്പ് വരുത്തിയോ			
	നിയമപരമായ ഇടപെടലുകൾ			
1.	പ്രദേശങ്ങളിൽ (പ്രത്യേകിച്ച് ഒറ്റപ്പെട്ട വീടുകളിൽ) അപരിചിതരുടെ സാന്നിദ്ധ്യം ഉണ്ടോയെന്ന വാർഡ് ജനപ്രതിനിധിയുമായി ചേർന്ന് ശ്രദ്ധിച്ചിട്ടുണ്ടോ			
2.	സാമൂഹ്യവിരുദ്ധ സമീപനങ്ങളായ പൂഴ്ത്തിവെയ്പ്പ്, അമിത വില ഈടാക്കൽ തുടങ്ങിയവ വാർഡ് ജനപ്രതിനിധിയുമായി ചേർന്ന് നിരീക്ഷിച്ചിട്ടുണ്ടോ			
3.	സർട്ടിഫിക്കറ്റുകളും മറ്റ് രേഖകളും നഷ്ടപ്പെട്ടവർക്ക് ജില്ലാ അദാലത്തിൽ/മറ്റ് ബന്ധപ്പെട്ട ഏജൻസികളുമായി ബന്ധപ്പെടുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ			

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ

മുളങ്കുന്നത്തുകാവ്, തൃശൂർ – 680 581

പ്രളയാനന്തര ദുരിതാശ്വാസ നടപടികൾ- തദ്ദേശഭരണസ്ഥാപനങ്ങൾക്ക് നിർവ്വഹണത്തിനും മേൽനോട്ടത്തിനും സഹായകരമായ ചെക്ക് ലിസ്റ്റ്

(അതത് ദിവസങ്ങളിൽ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുവാനും സ്വയം അവലോകനം നടത്തുവാനും സഹായകമാകുന്ന ചെക്ക് ലിസ്റ്റാണ് താഴെ നൽകുന്നത്. അതത് ജനപ്രതിനിധികൾ സ്വയം ഇത് ഉപയോഗിച്ച് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാവുന്നതാണ്. താങ്കൾ നടത്തുന്ന പ്രവർത്തനങ്ങളിൽ ചിലത് മാത്രമാണ് താഴെ കൊടുത്തിട്ടുള്ളത്. കൂടുതൽ മെച്ചപ്പെടുത്തി ഉപയോഗിക്കാവുന്നതാണ്)

തദ്ദേശസ്വയംഭരണസ്ഥാപനം:

തീയതി:

വാർഡ്തല ജനപ്രതിനിധികൾ

ക്ര.നം	ചെക് ലിസ്റ്റ്	ഉണ്ട്	ഇല്ല	തുടർനടപടി
	വെള്ളം ഇറങ്ങുമ്പോൾ			
1.	വാർഡ്തല സമിതികൾ രൂപീകരിച്ചുവോ			
2.	വാർഡ്തല സമിതികളുടെ പ്രവർത്തനം ആരംഭിച്ചുവോ			
3.	വെള്ളം കയറിയ വീടുകൾ മുഴുവനായി കണ്ടെത്തുവാൻ കഴിഞ്ഞുവോ			
4.	എത്ര വീടുകൾ ഇതിനകം വൃത്തിയാക്കി ആളുകളെ പ്രവേശിപ്പിച്ചും എന്നതിന്റെ വിവരം ലഭിച്ചുവോ.ഇനി ചെയ്യാവുന്നവയുടെ കണക്ക് തയ്യാറാക്കിയോ			
5.	ഇനിയുള്ളവയുടെ പ്രവർത്തനങ്ങൾക്ക് പരിപാടി തയ്യാറാക്കിയോ			
6.	ഇനി വൃത്തിയാക്കാനാവശ്യമായ സാധന സാമഗ്രികൾ ലഭ്യമാണോ, ശേഖരിച്ചുവോ (ബ്ലീച്ചിംഗ് പൗഡർ, ഗ്ലൗസ്, വൈപ്പർ തുടങ്ങിയവ)			
7.	ശുചീകരണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന വളണ്ടിയർമാർ ആവശ്യമായ മുൻകരുതലുകൾ സ്വീകരിക്കുന്നുണ്ടോ എന്ന് ഉറപ്പ് വരുത്തിയോ			
8.	സ്ത്രീകൾ പ്രത്യേകമായി അനുഭവിക്കുന്ന പ്രശ്നങ്ങൾ വിലയിരുത്തുന്നതിനും നടപടികൾ എടുക്കുന്നതിനുമായി സ്ത്രീകളുടെ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ടോ			
	മാലിന്യ സംസ്കരണം			
1.	കുമിഞ്ഞുകൂടി കിടക്കുന്ന മാലിന്യങ്ങൾ നീക്കം സംവിധാനം ഏർപ്പെടുത്തിയോ			

2.	മാലിന്യം നീക്കം ചെയ്ത പ്രദേശം അണുവിമുക്തമാക്കാനുള്ള സാമഗ്രികൾ ലഭ്യമാണോ			
	കുടിവെള്ളവും ഭക്ഷണവും			
1.	കുടിവെള്ള വിതരണം ആവശ്യമായ പ്രദേശങ്ങളുടെ ലിസ്റ്റ് തയ്യാറായോ			
2.	പഞ്ചായത്തിലെ എല്ലാ പ്രദേശത്തും ശുദ്ധമായ കുടിവെള്ള വിതരണം ആരംഭിക്കാൻ കഴിഞ്ഞുവോ?			
3.	കുടിവെള്ള വിതരണം ആരംഭിക്കുവാൻ കഴിയാത്തിടങ്ങളിൽ കുപ്പിവെള്ള വിതരണമടക്കമുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിയോ			
4.	അംഗൻവാടി, സ്കൂളുകൾ മുതലായ സ്ഥലങ്ങളിൽ സംഭരിച്ചിരിക്കുന്ന ഭക്ഷ്യ ധാന്യങ്ങളുടെ ഗുണമേന്മ ഉറപ്പ് വരുത്താൻ ഏർപ്പാടാക്കിയോ. ആ രീതിയിലാണോ കാര്യങ്ങൾ നടക്കുന്നത്			
5.	വീടുകളിലെ കുടിവെള്ള സ്രോതസ്സുകൾ അണുവിമുക്തമാക്കി കുടിക്കാൻ ഉപയുക്തമാക്കാനുള്ള പ്രവർത്തനങ്ങൾ ഏർപ്പെടുത്തിയോ?			
6.	വീടുകളിൽ തിരിച്ച് പോയി താമസിക്കുന്നവർക്ക് നിത്യോപയോഗസാധനങ്ങൾ (ഭക്ഷ്യവസ്തുക്കളും വസ്ത്രങ്ങളും അടക്കം) ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ടോ?			
	വീടുകളും കെട്ടിടങ്ങളും			
1.	ക്യാമ്പിൽ നിന്ന് തിരിച്ചുപോയി താമസമാക്കിയ വീടുകളുടെ ബലക്ഷമതയും സുരക്ഷിതത്വവും ഉറപ്പ് വരുത്തുവാനുള്ള സംവിധാനം ഏർപ്പെടുത്തിയോ			
2.	വീടുകൾ വാസയോഗ്യമാക്കാനുള്ള അടിയന്തിര സംവിധാനങ്ങൾ (പ്ലംബിംഗ്, വയറിംഗ്, ഉപകരണങ്ങൾ നന്നാക്കൽ, മരപ്പണി മുതലായവ) ഒരുക്കുന്നതിനായി ഒരു ടീമിനെ രൂപപ്പെടുത്താൻ സാധിച്ചിട്ടുണ്ടോ			
	വൈദ്യുതാഘാതം			
1.	വൈദ്യുതാഘാതത്തിന് കാരണമായ മരങ്ങളും മറ്റ് പ്രതിബന്ധങ്ങളും നീക്കം ചെയ്യുവാൻ നടപടി എടുത്തിട്ടുണ്ടോ			
2.	വീടുകളിലേക്കുള്ള വൈദ്യുത ബന്ധം പുനസ്ഥാപിച്ചുവോ			
3.	ഇലക്ട്രോണിക്സ് ഉപകരണങ്ങളുടെ പ്രവർത്തനക്ഷമത ഉറപ്പ് വരുത്താനുള്ള സാങ്കേതിക സഹായം ലഭ്യമാക്കിയിട്ടുണ്ടോ			
	കന്നുകാലികൾ			
1.	ചാണക കുഴികൾ വൃത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ			
2.	കന്നുകാലികൾക്ക് ആവശ്യമായ ഭക്ഷണം കുടിവെള്ളം എന്നിവ ഉറപ്പാക്കിയിട്ടുണ്ടോ			
3.	തൊഴുത്തുകളുടെ ശുചിത്വം ഉറപ്പാക്കിയിട്ടുണ്ടോ			
	രോഗ പ്രതിരോധ സംവിധാനങ്ങൾ			
1.	പ്രദേശത്തെവിടെയെങ്കിലും പകർച്ച വ്യാധികൾ ഉണ്ടാകാനുള്ള സാധ്യതയുണ്ടോ എന്ന് ആരോഗ്യവകുപ്പുമായി ചർച്ച ചെയ്തോ			

2.	തടയുന്നതിനും നിയന്ത്രിക്കുന്നതിനും നടപടികൾ ആലോചിച്ച് നടപ്പിലാക്കിയോ (കൊതുകു നിവാരണം അടക്കം)			
ജലജന്യ രോഗങ്ങൾ പ്രതിരോധിക്കൽ				
3.	കെട്ടിക്കിടക്കുന്ന ജലാശയങ്ങൾ അണുവിമുക്തമാക്കാനുള്ള നടപടികൾ സ്വീകരിക്കുവാൻ കഴിഞ്ഞോ?			
ജന്തു സംരക്ഷണം - ജന്തു ജന്യ രോഗങ്ങൾ				
4.	ജന്തുജന്യ, ജലജന്യ രോഗങ്ങളുമായി ബന്ധപ്പെട്ട ബോധവത്ക്കരണത്തിന്റെ ഭാഗമായി ഏതെങ്കിലും അനുബന്ധ പ്രവർത്തനങ്ങൾ നടത്താനായോ?			
5.	ചത്തുകിടക്കുന്ന പക്ഷി മൃഗാദികളുടെ ശാസ്ത്രീയ സംസ്കരണത്തിനുള്ള നടപടികളായോ?			
6.	വളർത്തുമൃഗങ്ങളുടെ പുനരധിവാസവുമായി ബന്ധപ്പെട്ട് ഭക്ഷണം, കുടിവെള്ളം ഉറപ്പ് വരുത്താനായിട്ടുണ്ടോ?			
ഭക്ഷ്യ വിഷബാധ തടയൽ				
7.	അംഗൻവാടി, സ്കൂളുകൾ മുതലായ സ്ഥലങ്ങളിൽ സംഭരിച്ചിരിക്കുന്ന ഭക്ഷ്യ ധാന്യങ്ങളുടെ ഗുണമേന്മ ഉറപ്പ് വരുത്തിയാണോ വിതരണം ചെയ്യുന്നത് എന്ന് അന്വേഷിച്ചുവോ			
കൊതുകജന്യ രോഗങ്ങൾ				
8.	കെട്ടിക്കിടക്കുന്ന ജലാശയങ്ങളിലെ കൊതു വിമുക്തമാക്കാനുള്ള നടപടികൾ സ്വീകരിക്കുവാൻ കഴിഞ്ഞോ?			
9.	കൊതുക് നിവാരണത്തിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ (ഫോഗിംഗ് ഉൾപ്പെടെ)			
രോഗികൾ/ അഗതികളുടെ പരിചരണവും പ്രത്യേക മേൽനോട്ടവും				
10.	കിടപ്പ് രോഗികളുടേയും മാറാ രോഗികളുടേയും സംരക്ഷണം ഉറപ്പ് വരുത്താനുള്ള ഏർപ്പാട് ചെയ്തോ			
തുടർ (ബോധവത്കരണ) പ്രവർത്തനം (ഐ.ഇ.സി., ബി.സി.സി)				
11.	ക്യാമ്പിൽ നിന്ന് തിരിച്ച് വീട്ടിൽ താമസിക്കുന്നവരുമായി നിരന്തരം സമ്പർക്കം പുലർത്താൻ സാധിക്കുന്നുണ്ടോ? (മാനസിക സമ്മർദ്ദം കുറയ്ക്കുന്നതിന്)			
12.	ക്യാമ്പിൽ വരാതെ ബന്ധുവീടുകളിലും സുഹൃത്തുകളുടെ വീടുകളിലും അഭയം തേടിയവരുമായി സമ്പർക്കം പുലർത്തി വരുന്നുണ്ടോ (മാനസിക സമ്മർദ്ദം കുറയ്ക്കുന്നതിന്) ?			
13.	കുട്ടികളുടെ മാനസികോല്ലാസങ്ങൾ ഉറപ്പാക്കാനുള്ള കൂട്ടായ്മകൾ (ബാലസഭയടക്കം), കളികൾ, മറ്റ് വിനോദങ്ങൾ സംഘടിപ്പിക്കാനായോ			
14.	മനശ്ശാസ്ത്രപരമായ സുരക്ഷിതത്വം ഉറപ്പാക്കാനാവശ്യമായ പ്രവർത്തനങ്ങൾ സ്വീകരിച്ച് വരുന്നുണ്ടോ? (ഉദാ- ആവശ്യമെങ്കിൽ കൗൺസിലിംഗ്, ഗൃഹസന്ദർശനം) അദ്ധ്യാപകരുടെ സേവനം വിനിയോഗിക്കാവുന്നതാണ്			
15.	കുട്ടികളെ സ്കൂളുകളിൽ/അങ്കണവാടികളിൽ തിരിച്ച് പ്രവേശിപ്പിക്കുന്നതിനാവശ്യമായ നടപടികൾ (കെട്ടിടങ്ങളുടെ ബലക്ഷമത ഉറപ്പ് വരുത്തൽ ഉൾപ്പടെ) ഏർപ്പാടാക്കിയോ			

16.	പൊതുജനങ്ങൾക്ക് ബോധവത്ക്കരണത്തിനുള്ള അറിയിപ്പുകൾ നൽകുവാൻ കഴിഞ്ഞോ? (ആവശ്യമായ പ്രചരണം, മൈക്ക് അനൗൺസ്മെന്റ്, പൊതുനോട്ടീസ് ബോർഡുകൾ തുടങ്ങിയവ)			
15. രോഗ വിവര മേൽനോട്ടം				
1.	രോഗവിവരങ്ങൾ ദൈനംദിനം ആരോഗ്യവിഭാഗത്തിൽ നിന്ന് ശേഖരിക്കാനായോ			
2.	തടയുന്നതിനും നിയന്ത്രിക്കുന്നതിനും നടപടികൾ ആലോചിച്ച് നടപ്പിലാക്കി വരുന്നുണ്ടോ? (കൊതുകു നിവാരണം അടക്കം)			
3.	ആരോഗ്യ സ്ഥാപനങ്ങളിൽ മരുന്നും ചികിത്സാ ഉപകരണങ്ങളും ആവശ്യാനുസൃതം ലഭ്യമാണ് എന്ന് ഉറപ്പ് വരുത്തിയോ			
നിയമപരമായ ഇടപെടലുകൾ				
1.	പ്രദേശങ്ങളിൽ (പ്രത്യേകിച്ച് ഒറ്റപ്പെട്ട വീടുകളിൽ) അപരിചിതരുടെ സാന്നിദ്ധ്യമുണ്ടോയെന്ന് ശ്രദ്ധിയ്ക്കുന്നുണ്ടോ?			
2.	സാമൂഹ്യവിരുദ്ധ സമീപനങ്ങളായ പൂഴ്ത്തിവെയ്പ്പ്, അമിത വില ഈടാക്കൽ തുടങ്ങിയവ ശ്രദ്ധയിൽപെടാനും നടപടി സ്വീകരിക്കാനും കഴിഞ്ഞിട്ടുണ്ടോ?			
3.	സർട്ടിഫിക്കറ്റുകളും മറ്റ് രേഖകളും നഷ്ട്ടപ്പെട്ടവർക്ക് ജില്ലാ അദാലത്തിൽ/മറ്റ് ബന്ധപ്പെട്ട ഏജൻസികളുമായി ബന്ധപ്പെടുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുവാനാകുന്നുണ്ടോ?			

അനുബന്ധം 3

പ്രളയ ദുരിതാശ്വാസവുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച ഉത്തരവുകളും സർക്കുലറുകളും

ക്രമ നമ്പർ	ഉത്തരവ് നമ്പർ	വിഷയം	പേജ് നം
1.	സർക്കുലർ നമ്പർ 239/ഡിആർഎഫ്-എ.1/2018 / റവന്യൂ തീയതി 18.06.2018	മുഖ്യമന്ത്രിയുടെ ദുരിതാശ്വാസം – ധനസഹായം ലഭിക്കുന്നതിനുള്ള അപേക്ഷ സംബന്ധിച്ച്	49
2.	സ.ഉ.(സാധാ)2221/2018/തസ്വഭവ തീയതി 10.08.2018	കാലവർഷക്കെടുതി ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്താൻ തനത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കാൻ അനുമതി	53
3.	മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് മിഷൻ ഡയറക്ടറുടെ 13.08.2018 ലെ 2001/ഇ.ജി.എസ്.ഡി.18/ആർ.ഇ.ജി.എസ്. കത്ത്	ദുരിതബാധിത പ്രദേശങ്ങളിൽ തൊഴിലുറപ്പ് പദ്ധതി മുഖേന പുനരുദ്ധാരണ പ്രവർത്തനങ്ങൾ ഏറ്റെടുക്കൽ – സംബന്ധിച്ച്	54
4.	നം. 74/18/ധന തീയതി 14.08.2018	2018 ആഗസ്റ്റ് മാസത്തെ ശമ്പളത്തിൽ നിന്നും വിഹിതം നൽകുന്നത് സംബന്ധിച്ച്	92
5.	ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 16.08.2018 ലെ അറിയിപ്പ്	വെള്ളപ്പൊക്കം – ആരോഗ്യ പരിരക്ഷക്കായി ശ്രദ്ധിക്കേണ്ട കാര്യങ്ങൾ	94
6.	സ.ഉ.(സാധാ)2262/2018/തസ്വഭവ തീയതി 16.08.2018	ദുരിതാശ്വാസ പ്രവർത്തനങ്ങൾ – അടിയന്തിരമായി ചെയ്യേണ്ട പ്രവൃത്തികൾ സംബന്ധിച്ച്	97
7.	ഉത്തരവ് നം. 10718/2018/ചീഫ് എഞ്ചിനീയർ	കാലവർഷക്കെടുതി – സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തി – ഉത്തരവ്	99
8.	സ.ഉ.(കൈ)13/2018/ദു.നി.വ. തീയതി 16.08.2018	മഴക്കെടുതി, കാലവർഷക്കെടുതിമൂലമുണ്ടായ നാശനഷ്ടങ്ങൾ – ദുരിതാശ്വാസ നടപടി സ്വീകരിക്കാനുള്ള നിർദ്ദേശങ്ങൾ	105
9.	നം. ഡിബി2/16412/17/തസ്വഭവ തീയതി 16.08.2018	കാലവർഷക്കെടുതി നേരിടുന്നത് സംബന്ധിച്ച്	112
10.	ഉത്തരവ് നമ്പർ ജി2/12156/12 തീയതി 16.08.2018	ദുരിതാശ്വാസ പ്രവർത്തനങ്ങൾ പഞ്ചായത്തുകളിൽ ഏകോപന ചുതമല സംസ്ഥാന തലത്തിൽ	115
11.	സ.ഉ.(സാധാ)2267/2018/തസ്വഭവ തീയതി 17.08.2018	പ്രളയബാധിത പ്രദേശങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ സ്വീകരിക്കേണ്ട ശുചീകരണ പ്രവർത്തനങ്ങൾ	116
12.	സ.ഉ.(കൈ)114/2018/തസ്വഭവ തീയതി 17.08.2018	ദുരിതാശ്വാസ നടപടികൾ സ്വീകരിക്കുന്നതിനുള്ള ക്രമീകരണങ്ങൾ സംബന്ധിച്ച്	119
13.	ഉത്തരവ് നമ്പർ ഡി.പി.4/12889/2018 തീയതി 17.08.2018	ഏകോപനത്തിന് ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയ ഉത്തരവ്	121
14.	സർക്കുലർ നമ്പർ 2773/എ/2018/എസ്.എം. തീയതി 17.08.2018	ശുചിത്വ മിഷൻ അടിയന്തിര ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നത് സംബന്ധിച്ച്	123

15.	സ.ഉ.(കൈ) 14/2018/ഡി.എം.ഡി. തീയതി 17.08.2018	നാശനഷ്ടങ്ങൾ വിലയിരുത്തി ദുരിതാശ്വാസ നടപടികൾ സ്വീകരിക്കൽ – തുടർ നിർദ്ദേശങ്ങൾ	126
16.	സർക്കുലർ നമ്പർ 389/ഡിസി./3/2018/ തസ്വഭവ തീയതി 18.08.21018	പ്രളയബാധിത പ്രദേശങ്ങളിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ട അടിയന്തിര നടപടികൾ സംബന്ധിച്ച്	130
17.	സ.ഉ.(സാധാ) 450/2018/DMD തീയതി 18.08.2018	നാശനഷ്ടങ്ങൾ വിലയിരുത്തി അടിയന്തിര നടപടി സ്വീകരിക്കാൻ കളക്ടർമാരെ ചുമതലപ്പെടുത്തിയ ഉത്തരവ്	132
18.	നം. 134/2018/ധന തീയതി 18.08.2018	ഉത്സവ ബത്ത വിതരണം ചെയ്യുന്നത് സംബന്ധിച്ച്	134
19.	സ.ഉ.(സാധാ)2288/2018/തസ്വഭവ തീയതി 19.08.2018	പ്രളയം മൂലം നശിച്ച വീടുകൾ സ്ഥാപനങ്ങൾ, പൊതു സ്ഥലങ്ങൾ തുടങ്ങിയവ ഉപയോഗ്യമാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സംബന്ധിച്ച്	137
20.	G.O.(Rt) 451/2018/DMD dated 19.08.2018	Flood Relief – Arrangements of Collecting and Sorting of items to various camps – orders	143
21.	എസ്.എസ്.(1)/19/2018/ഡി.പി.ഐ തീയതി 19.08.2018	കാലവർഷക്കെടുതി – വിവരശേഖരണവും നടപടികളും	146
22.	സ.ഉ.(സാധാ) 2293/2018/തസ്വഭവ തീയതി 20.08.2018	സെക്രട്ടേറിയറ്റിൽ കൺട്രോൾ റൂം പ്രവർത്തിക്കാൻ ഉത്തരവ്	148
23.	ഉത്തരവ് നം. ഡി.പി.4/12889/2018/സി.ആർ.ഡി. തീയതി 20.08.2018	സംസ്ഥാന തലത്തിൽ കൺട്രോൾ റൂം പ്രവർത്തിക്കാൻ ഉത്തരവ്	150
24.	G.O.(Rt)453/2018/DMD dated 20.08.2018	Flood Relief Measures – Clearance of affected areas – orders	152
25.	നമ്പർ 2813/ZS/2018/S.M. തീയതി 20.08.2018	മൃഗങ്ങളുടെയും ജന്തുക്കളുടെയും അവശിഷ്ടങ്ങളും ശവശരീരങ്ങളും സംസ്കരിക്കാൻ നടപടികൾ	153
26.	സർക്കുലർ നമ്പർ 76/2018/ധന. തീയതി 21.08.2018	ദുരിതാശ്വാസ നിധിയിലേക്ക് സർക്കാർ ജീവനക്കാരുടെ ഉത്സവ ബത്ത നൽകാനുള്ള നിർദ്ദേശങ്ങൾ	154
27.	സ.ഉ.(സാധാ) 5580/2018/പൊ.ഭ.വ. തീയതി 21.08.2018	ദുരിതാശ്വാസ പ്രവർത്തനം – ഉദ്യോഗസ്ഥരുടെ ക്രമീകരണം സംബന്ധിച്ച്	156
28.	സ.ഉ.(സാധാ) 16/2018/ദു.നി.വ. തീയതി 21.08.2018	ദുരിതാശ്വാസ പ്രവർത്തനങ്ങൾ – തുടർ നിർദ്ദേശങ്ങൾ	157
29.	സർക്കുലർ നമ്പർ ഡി.എം.എ.1/378/2018/ഡി.എം.ഡി. തീയതി 21.08.2018	ദുരിതാശ്വാസ ക്യാമ്പുകളുടെ നടത്തിപ്പിനുള്ള നിർദ്ദേശങ്ങൾ	159
30.	സ.ഉ.(സാധാ) 457/2018/ഡി.എം.ഡി. തീയതി 22.08.2018	ദുരിതാശ്വാസം – കിറ്റ് നൽകുന്നതിനുള്ള സാധനങ്ങളുടെ ലിസ്റ്റ്	162
31.	സർക്കുലർ ഡി.എം.1/385/2018/ഡി.എം.ഡി. തീയതി 22.08.2018	ദുരിതാശ്വാസ ക്യാമ്പിലേക്ക് ഭക്ഷ്യേതര സാധനങ്ങളുടെ സംഭരണവും വിതരണവും	164

32.	സ.ഉ.(സാധാ) 435/2018/പൊ.വി.വ. തീയതി 23.08.2018	റേഷൻ കാർഡ് നഷ്ടപ്പെട്ടവർക്ക് റേഷൻ കാർഡ് ലഭിക്കാൻ	167
33.	സ.ഉ.(സാധാ)2310/2018/തസ്വഭവ തീയതി 23.08.2018	ദുരിതാശ്വാസ നിധിയിലേക്ക് സർക്കാർ തനത് ഫണ്ടിൽ നിന്നും സംഭാവന നൽകുന്നതിനുള്ള ഉത്തരവ്	169
34.	നം. 16629/2018/ധന തീയതി 23.08.2018	ഉത്സവ ബത്ത ദുരിതാശ്വാസി നിധിയിലേക്ക് നൽകുന്നത് സംബന്ധിച്ച്	170
35.	സ.ഉ.(സാധാ)2313/2018/തസ്വഭവ തീയതി 23.08.2018	ആസ്തികളുടെ പുനഃർനിർമ്മാണ പ്രവർത്തനങ്ങൾ - പദ്ധതിയുടെ ഭാഗമാക്കാൻ ഉത്തരവ്	172
36.	സ.ഉ.(സാധാ)2314/2018/തസ്വഭവ തീയതി 23.08.2018	പുനരധിവാസ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താൻ തുക ചെലവഴിക്കാൻ അനുമതി നൽകിയ ഉത്തരവ്	176
37.	ജി.ഒ.(പി) 137/2018/ഫിൻ കീ.കി 23.08.2018	പ്രളയം മൂലം കേടുവന്ന സർക്കാർ സ്ഥാപനങ്ങൾ അറ്റക്കുറ്റപ്പണി നടത്തൽ - അക്രഡിറ്റഡ് ഏജൻസികളെ പ്രവൃത്തി ഏല്പിക്കുന്നത് സംബന്ധിച്ച്	177
38.	ജി3/356/2018/പൊ.വി.വ. തീയതി 23.08.2018	വെള്ളപ്പൊക്കത്തിനുശേഷം സ്കൂളുകൾ പ്രവർത്തനം ആരംഭിക്കുന്നത് സംബന്ധിച്ച്	179
39.	കത്ത് നമ്പർ ജി2.12561/12/ പഞ്ചായത്ത് ഡയറക്ടർ തീയതി 24.08.2018	മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന സ്വീകരിക്കാൻ നിർദ്ദേശം	181
40.	വിദ്യാഭ്യാസ മന്ത്രി യുടെ കത്ത് തീയതി 26.08.2018	വിദ്യാഭ്യാസ മന്ത്രി – സ്കൂൾ തുക്കുന്നതു സംബന്ധിച്ച നിർദ്ദേശങ്ങൾ	182
41.	അവലോകന തീരുമാനം തീയതി 26.08.2018	മുഖ്യമന്ത്രിയുടെ അവലോകനം	183
42.	അവലോകന തീരുമാനം തീയതി 26.08.2018	മുഖ്യമന്ത്രിയുടെ സന്ദേശം	184
43.	നം. ജി2-12561/12 തീയതി 26.08.2018	പഞ്ചായത്ത് ഡയറക്ടർ - മൃഗങ്ങളുടെയും പക്ഷികളുടെയും ശവശരീരങ്ങൾ സംസ്കരിക്കുന്നത് സംബന്ധിച്ച്	185
44.	പഞ്ചായത്ത് ഡയറക്ടറുടെ യോഗത്തിന്റെ നടപടിക്രമങ്ങൾ തീയതി 27.08.2018	ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഏകോപനം സംബന്ധിച്ച്	186
45.	ഉത്തരവ് നമ്പർ 2813/എ/2018/എസ്.എം. തീയതി 27.08.2018	അജൈവ മാലിന്യങ്ങൾ നീക്കം ചെയ്യുന്നത് സംബന്ധിച്ച്	190
46.	പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 28.08.2018 ലെ എസ്.എസ്. 1/28/8/ഡിപിഐ നമ്പർ കത്ത്	പ്രളയബാധിത മേഖലകളിൽ സ്കൂൾ തുറക്കുമ്പോൾ സ്വീകരിക്കേണ്ട മുൻകരുതലുകൾ - സംബന്ധിച്ച്	194
47.	സർക്കുലർ നമ്പർ 80/2018/ധന. തീയതി 30.08.2018	പ്രളയക്കെടുതി ലഘൂകരിക്കുന്നതിന് ആസ്തി വികസന ഫണ്ട് ഉപയോഗിക്കുന്നതിന് അനുവാദം	198
48.	സ.ഉ.(സാധാ)2326/2018/തസ്വഭവ തീയതി 30.08.2018	നഗരസഭകളിൽ കരാർ വ്യവസ്ഥയിൽ ഹെൽത്ത് ഓഫീസർ/മെഡിക്കൽ ഓഫീസർ എന്നിവരുടെ ഒഴിവുകൾ നികത്തുന്നത് സംബന്ധിച്ച്	200

49.	സർക്കുലർ നമ്പർ ഡി.ബി.1/521/2018/തസ്വഭവ തീയി 30.08.2018	പ്രളയത്തിന്റെ പശ്ചാത്തലത്തിൽ പരിസ്ഥിതിലോല പ്രദേശങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങൾ സംബന്ധിച്ച്	201
50.	G.O.(P)4/2018/DMD dated 30.08.2018.	Flood affected villagers list	202
51.	സ.ഉ.(കൈ)18/2018/ഡി.എം.ഡി. തീയതി 03.09.2018	വീടുകളുടെയും കടകളുടെയും മറ്റ് സ്ഥാപനഹ്ങളുടെയു നാശനഷ്ടങ്ങളുടെ അടിസ്ഥാന വിവരശേകരണം സംബന്ധിച്ച്	212
52.	സർക്കുലർ നമ്പർ എൻ.2/90010/2017/ഡി.പി.ഐ. തീയതി 03.09.2018	വിദ്യാർത്ഥികളിൽ നിന്നും ഫണ്ട് ശേഖരണം സംബന്ധിച്ച്	215
53.	സ.ഉ.(സാധാ) 480/2018/ദു.നി.വ. തീയതി 04.09.2018	ദുരിതാശ്വാസ വസ്തുക്കൾ വിതരണം ചെയ്യുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ	217
54.	സ.ഉ.കൈ. 195/2018/പൊ.ഭ.വ. തീയതി 04.09.2018	ഉത്സവ ആഘോഷ പരിപാടികൾ ഒഴിവാക്കിക്കൊണ്ട് ഉത്തരവ്	221
55.	ജി.ഒ.(ആർ.ടി) 475/2018/ഡി.എം.ഡി. തീയതി 04.09.2018	മുല്ലപ്പെരിയാർ ഡാം – ദുരന്തനിവാരണ എക്സിക്യൂട്ടീവ് കമ്മിറ്റി	222
56.	സ.ഉ.(സാധാ)7431/2018/ധന. തീയതി 05.09.2018	പ്രളയ ദുരന്തത്തിൽ നഷ്ടപ്പെട്ട ട്രഷറി രേഖകളുടെ ഡ്യൂപ്ലിക്കേറ്റ് നൽകുന്നതു സംബന്ധിച്ച്	224
57.	ജി.ഒ.(ആർ.ടി) 484/2018/ഡി.എം.ഡി. തീയതി 05.09.2018	10,000 രൂപ ധനസഹായത്തിന് അർഹരായവരുടെ ലിസ്റ്റ് അന്തിമമാക്കൽ – ഉത്തരവ്	226
58.	ജി.ഒ.(ആർ.ടി) 483/2018/ഡി.എം.ഡി. തീയതി 05.09.2018	വെള്ളപ്പൊക്ക അടയാള ബോർഡ് സ്ഥാപിക്കൽ – ഉത്തരവ്	227
59.	സർക്കുലർ എ.ബി.ഡി.സി2/ 125872/2018/എച്ച്.എസ്.ഇ. തീയതി 06.09.2018	വിദ്യാർത്ഥികളിൽ നിന്നും ഫണ്ട് ശേഖരിക്കുന്നത് സംബന്ധിച്ച്	229
60.	സ.ഉ.(സാധാ) 486/2018/സി.എം.ഡി. തീയതി 06.09.2018	വീട് നഷ്ടപ്പെട്ടവരുടെ പുനരധിവാസം – വാസയോഗ്യമായ ഭൂമി കണ്ടെത്തി വീടുകൾ, ഫ്ലാറ്റുകൾ നിർമ്മിക്കൽ സംബന്ധിച്ച്	231
61.	സർക്കുലർ എൻ2.90010/2017/ ഡി.പി.ഐ. തീയതി 07.09.2018	ഫണ്ട് ശേഖരണം സംബന്ധിച്ച മുഖ്യമന്ത്രിയുടെ സന്ദേശം സ്കൂളുകളിൽ വായിക്കുന്നത് – സംബന്ധിച്ച്	233
62.	സ.ഉ.(കൈ) 326/2018/റവന്യൂ തീയതി 07.09.2018	പ്രളയ ദുരിതം – ഗാർഹിക വായ്പാ പദ്ധതി നടപ്പാക്കിയ ഉത്തരവ്	234
63.	സ.ഉ.(കൈ) 21/2018/ഡി.എം.ഡി. തീയതി 07.09.2018	ഡ്യൂപ്ലിക്കേറ്റ്/പുതിയത് – ഫീസ് വാങ്ങാതെ നൽകാൻ നിർദ്ദേശം	236
64.	KBC/BA/1322/2018 തീയതി 11.09.2018	ബാർ കൗൺസിൽ ഓഫ് കേരള – പ്രളയബാധിത വക്കീൽമാർക്ക് ദുരിതാശ്വാസം നൽകൽ	238
65.	സ.ഉ.(അച്ചടി) 144/2018/ധന. തീയതി 11.09.2018	മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സർക്കാർ ജീവനക്കാരുടെ ഒരു മാസത്തെ ശമ്പളം നൽകുന്നത് മാർഗ്ഗനിർദ്ദേശങ്ങൾ	240

66.	സ.ഉ.(സാധാ) 497/2018/സി.എം.ഡി. . തീയതി 13.09.2018	ദേശീയ ദുരന്ത പ്രതികരണ നിധിയിൽ നിന്ന് ദുരിതാശ്വസം – സ്പഷ്ടീകരണം	245
67.	KSHO/8943/C/18 dated 13.09.2018	പ്രകൃതിക്ഷോഭത്തെ തുടർന്ന് പ്രഖ്യാപിച്ച കുടുംബശ്രീ വായ്പാ പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച്	247
68.	G.O.(Rt)238/2018/ITD dated 14.09.2018.	Certificate Retrieval Camp at the Flood Affected Area – reg.	272
69.	1/652/2018/ തസ്വഭവ തീയതി 17.09.2018	പ്രളയക്കെടുതി നേരിടുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ട നടപടികൾ	276
70.	സ.ഉ.(എം.എസ്.) 132/2018/തസ്വഭവ തീയതി 19.09.2018	തീവ്ര ശുചീകരണ പ്രവർത്തനങ്ങൾ സംബന്ധിച്ച നിർദ്ദേശം	279
71.	സ.ഉ.(സാധാ) നം. 2462/2018/തസ്വഭവ തീയതി 19.09.2018	2019–20 വാർഷിക പദ്ധതിയിൽ പ്രളയ ദുരിതാശ്വാസത്തിന് ജൈവവൈവിദ്ധ്യ മാനേജ്മെന്റ്, പരിസ്ഥിതി സംരക്ഷണം, ദുരന്തനിവാരണം മേഖല ഉൾപ്പെടുത്തുന്നത് സംബന്ധിച്ച്	282
72.	ആരോഗ്യ വകുപ്പ് ഡയറക്ടറുടെ നിർദ്ദേശങ്ങൾ	വെള്ളപ്പൊക്കത്തിനുശേഷം അവലംബിക്കേണ്ട ആരോഗ്യരക്ഷാ മുൻകരുതലുകൾ	285

കേരള സർക്കാർ

നം.239/ഡിആർഎഫ്-എ 1//2018/റവ

റവന്യൂ (ഡിആർഎഫ്-എ) വകുപ്പ്
തിരുവനന്തപുരം,
തീയതി- 18/06/2018

അഡീഷണൽ ചീഫ് സെക്രട്ടറി

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും

സർ,

വിഷയം- മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി- മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം ലഭിക്കുന്നതിന് ഓൺലൈനായി അപേക്ഷ സമർപ്പിക്കാൻ കഴിയാത്ത രോഗികളിൽ നിന്നും അപേക്ഷ സജ്ജമാക്കുന്നതിനുള്ള വിവരങ്ങൾ നേരിട്ട് ശേഖരിക്കുന്നത് - സംബന്ധിച്ച്

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായത്തിനായി ഓൺലൈൻ വഴി അപേക്ഷ സമർപ്പിക്കാൻ കഴിയാത്ത രോഗികളിൽ നിന്നും ആവശ്യമായ വിവരങ്ങൾ നേരിട്ട് ശേഖരിച്ച് ഓൺലൈനായി അപേക്ഷ സജ്ജമാക്കുന്നതിന് സർക്കാർ തീരുമാനിക്കുകയും ആയത് പ്രകാരം വിവര ശേഖരണത്തിന് നിശ്ചിത മാതൃകയിലുള്ള അപേക്ഷ ഫോറം അംഗീകരിക്കുകയും ചെയ്തു ടി അപേക്ഷഫാറത്തിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. ആയത് ജില്ലാ കളക്ടർമാർ എല്ലാ തഹസീൽദാർമാർക്കും വില്ലേജ് ഓഫീസർമാർക്കും നൽകേണ്ടതും ടി വിവരം പൊതുജനങ്ങളെ അറിയിക്കുന്നതിനും അത്തരത്തിൽ ശേഖരിക്കപ്പെടുന്ന വിവരങ്ങൾ ഓൺലൈനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ വെബ്സൈറ്റ് മുഖേന Upload ചെയ്യുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതിനും എല്ലാ വില്ലേജ് ഓഫീസർമാരെയും ചുമതലപ്പെടുത്തേണ്ടതുമാണ്.

വിശ്വസ്തതയോടെ,
ഗീത.എൽ,
സ്പെഷ്യൽ സെക്രട്ടറി

അംഗീകാരത്തോടെ
സെക്ഷൻ ആഫിസർ

പകർപ്പ്-ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി (അപേക്ഷഫോമിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു)
ബഹു.മുഖ്യമന്ത്രിയുടെ ഓഫീസ് "
ബഹു.റവന്യൂവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി "
അഡീഷണൽ ചീഫ് സെക്രട്ടറി , റവന്യൂ വകുപ്പ് "
ധനകാര്യ (ഫണ്ട്സ്) വകുപ്പ് "
റവന്യൂ (ഡിആർഎഫ്--ബി, സി വകുപ്പ്) "
വിവരപൊതുജന സമ്പർക്ക വകുപ്പ് "
കരുതൽ ഫയൽ/ഓഫീസ് കോപ്പി. "

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായത്തിനുള്ള അപേക്ഷ

ഗുണഭോക്താവിന്റെ വിവരങ്ങൾ

1	പേര് (In Malayalam) (In English)	
2	സ്ത്രീ /പുരുഷൻ	സ്ത്രീ / പുരുഷൻ /ഭിന്നലിംഗം
3	വയസ്സ്	
4	ജില്ല	
5	കോർപ്പറേഷൻ / മുൻസിപ്പാലിറ്റി /ഗ്രാമ പഞ്ചായത്ത്	കോർപ്പറേഷൻ / മുൻസിപ്പാലിറ്റി / ഗ്രാമ പഞ്ചായത്ത്
6	തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പേര്	
7	വാർഡ് നമ്പർ	
8	താലൂക്ക്	
9	വില്ലേജ്	
10	മേൽവിലാസം	
11	പോസ്റ്റ് ഓഫീസ്	
12	പിൻകോഡ്	
13	ഗുണഭോക്താവിന്റെ വിഭാഗം	എസ് സി / എസ് ടി / മത്സ്യ തൊഴിലാളി / മറ്റുള്ളവ
14	റേഷൻ കാർഡ് നമ്പർ	
15	ആധാർ കാർഡ് നമ്പർ	
16	ഇ-മെയിൽ വിലാസം	
17	മൊബൈൽ നമ്പർ ഗുണഭോക്താവിന്റെ : മറ്റുള്ളവരുടെ :	
18	**അപേക്ഷകനും ഗുണഭോക്താവും ഒന്നാണോ?**	അതെ / അല്ല
a	അല്ല എങ്കിൽ	
	അപേക്ഷകന്റെ പേര്	
b	ഗുണഭോക്താവുമായുള്ള ബന്ധം	
19	അപേക്ഷകന്റെ മേൽവിലാസം (ഗുണഭോക്താവിന്റെയും അപേക്ഷകന്റെയും മേൽവിലാസം ഒന്നല്ലെങ്കിൽ)	

	ധനസഹായത്തിന്റെ തരം	
20	അസുഖത്തിന്റെ / അപകടത്തിന്റെ വിഭാഗം : (ഏറ്റവും അനുയോജ്യമായ ഒന്ന് മാത്രം രേഖപ്പെടുത്തുക)	അപകടമരണം അപകടം - അതീവ ഗുരുതരം ക്യാൻസർ ഹൃദയ ചികിത്സ കിഡ്നി സംബന്ധമായ അസുഖം കരൾ മസ്തിഷ്കം, നാഡീവ്യൂഹം മറ്റു ചികിത്സാ ധനസഹായം
a	അസുഖത്തിന്റെ / അപകടത്തിന്റെ തരം (20ൽ രേഖപ്പെടുത്തുന്നതിനെ ആധാരമാക്കിയുള്ള വിശദീകരണം) [ഉദാ: അപകടം - വാഹനാപകടം, തീപിടുത്തം ക്യാൻസർ - ബ്ലഡ് ക്യാൻസർ, ലംഗ് ക്യാൻസർ]	
b	ചികിത്സാരീതി (20ൽ രേഖപ്പെടുത്തുന്നതിനെ ആധാരമാക്കിയുള്ള വിശദീകരണം) [ഉദാ: അപകടം - സർജറി, കൃത്രിമ അവയവം വയ്ക്കൽ ക്യാൻസർ - സർജറി, റേഡിയേഷൻ, കീമോതെറാപ്പി]	
c	അപകടം നടന്ന സ്ഥലം	
d	അപകടത്തിന്റെ തീയതി	
21	അസുഖത്തിന്റെ / അപകടത്തിന്റെ സ്വഭാവം:	
22	മെഡിക്കൽ സർട്ടിഫിക്കറ്റ് ഡോക്ടർ മുഖേന മൊബൈൽ ആപ്ലിക്കേഷനിൽ രേഖപ്പെടുത്തിയിട്ടുണ്ടോ?	ഉണ്ട് / ഇല്ല
a	ഉണ്ടെങ്കിൽ മെഡിക്കൽ സർട്ടിഫിക്കറ്റ് നമ്പർ	
23	നിലവിൽ ചികിത്സയിലാണോ?	അതെ / അല്ല
a	അതെ എങ്കിൽ ചികിത്സ തുടരേണ്ട കാലാവധി	
24	നിലവിൽ ആശുപത്രിയിൽ പ്രവേശിപ്പിച്ചിട്ടുണ്ടോ?	ഉണ്ട് / ഇല്ല
	ഉണ്ട് എങ്കിൽ	
a	ആശുപത്രി വിഭാഗം	സർക്കാർ / പ്രൈവറ്റ്
b	ആശുപത്രി സ്ഥിതി ചെയ്യുന്ന ജില്ല	

c	ആശ്രുപത്രിയുടെ പേര്	
d	IP രജിസ്ട്രേഷൻ നമ്പർ	
25	ഇതേ ആവശ്യത്തിന് മുമ്പ് ഏതെങ്കിലും സാമ്പത്തിക സഹായം / നഷ്ടപരിഹാരം ലഭിച്ചിട്ടുണ്ടോ?	ഉണ്ട് / ഇല്ല
	ഉണ്ട് എങ്കിൽ	
a	ലഭിച്ച പദ്ധതി	
b	ലഭിച്ച തുക	
c	ലഭിച്ച വർഷം / മാസം	
	വരുമാന വിവരങ്ങൾ	
26	തൊഴിൽ	
27	ഭൂമി സ്വന്തമായുണ്ടോ?	ഉണ്ട് / ഇല്ല
	ഉണ്ട് എങ്കിൽ	
a	വില്ലേജ്	
b	ഉണ്ടെങ്കിൽ ഭൂമിയുടെ വിസ്തീർണ്ണം (സെന്റിൽ)	
c	വസ്തുവിൽ നിന്നുള്ള വരുമാനം	
28	മറ്റു വരുമാനം	
29	വാർഷിക കുടുംബ വരുമാനം	
	അക്കൗണ്ട് വിവരങ്ങൾ	
30	ബാങ്ക് സ്ഥിതി ചെയ്യുന്ന ജില്ല	
31	ബാങ്കിന്റെ പേര്	
32	ബ്രാഞ്ച് പേര്	
33	IFSC കോഡ്	
34	അക്കൗണ്ട് ഹോൾഡറുടെ പേര് (In English)	
35	അക്കൗണ്ട് നമ്പർ	

സാക്ഷ്യ പത്രം

മേൽ പ്രസ്താവിച്ചിട്ടുള്ള കാര്യങ്ങൾ സത്യമാണെന്ന് സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം : അപേക്ഷകന്റെ പേരും, ഒപ്പും.

തീയതി :

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കാലവർഷക്കെടുതി - ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ തുക ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്

സ.ഉ.(സാധാ) നം. 2221/2018/തസ്വഭവ തിരുവനന്തപുരം, തീയതി, 10/08/2018

പരാമർശം:- 26/07/2018 ലെ സ.ഉ.(സാധാ) നം. 2047/2018/തസ്വഭവ നമ്പർ ഉത്തരവ്

ഉത്തരവ്

പരാമർശ പ്രകാരം മഴക്കാല ദുരിതാശ്വാസ പ്രവർത്തനത്തിന്റെ ഭാഗമായി ദുരിത ബാധിത പ്രദേശങ്ങളിൽ ഗുരുതരമായ സാംക്രമിക രോഗങ്ങൾ, പകർച്ച വ്യാധികൾ എന്നിവ തടയുന്നതിന് ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി ആവശ്യമായ തുക ചെലവിടുന്നതിന് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

സംസ്ഥാനത്തെ സ്ഥിതി വിശേഷം വളരെ ഗുരുതരമായ രീതിയിൽ മാറിയിട്ടുള്ള സാഹചര്യത്തിൽ ദുരന്ത നിവാരണ പ്രവർത്തനങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സജീവമായി ഇടപെടേണ്ടതുണ്ട്. ദുരന്ത ബാധിതരുടെ പുനരധിവാസം, കുടിവെള്ളം ലഭ്യമാക്കൽ, തകർന്ന് പോയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ഘടക സ്ഥാപനങ്ങളുടെയും സംരക്ഷണം, ഉൾപ്പെടെയുള്ള എല്ലാവിധ ക്രമീകരണങ്ങളും ചെയ്യുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്ന് ആവശ്യമായ തുക വിനിയോഗിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. കൂടാതെ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

- ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ നടന്ന് വരുന്ന ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ പൂർണ്ണമായ പങ്കാളിത്തവും സഹകരണവും ലഭ്യമാക്കുവാൻ തദ്ദേശ സ്വയംഭരണ മേധാവികളും ഉദ്യോഗസ്ഥരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.
- ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്നതിൽ എസ്റ്റിമേറ്റ് തയ്യാറാക്കൽ, സാങ്കേതികാനുമതി നൽകൽ തുടങ്ങിയ നടപടി ക്രമങ്ങൾ തടസ്സമാകുന്നില്ല എന്ന് ചീഫ് എഞ്ചിനീയർ ഉറപ്പ് വരുത്തേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
റ്റി.കെ.ജോസ് ഐ.എ.എസ്,
അഡീഷണൽ ചീഫ് സെക്രട്ടറി.

എല്ലാ ജില്ലാ കളക്ടർമാർക്കും
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ,തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ (പകർപ്പ് വകുപ്പ് തലവൻമാർ മുഖേന)
തദ്ദേശ സ്വയംഭരണ (ഇ.ഡബ്ല്യൂ) വകുപ്പ് (അറിവിലേയ്ക്കും തുടർ നടപടിക്കുമായി)
ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി(കേരളം)
(അഞ്ചാം നില, സ്വരാജ് ഭവൻ, നന്തൻകോട്, കവടിയാർ.പി.ഒ.)
തിരുവനന്തപുരം-695003
ഫോൺ: 0471-2313385 , 0471-2314385, 1800 425 1004 (Helpline)
ഫാക്സ്: 0471-2312385 ഇ-മെയിൽ: mgnregakerala@gmail.com

നം.2001/ഇ.ജി.എസ്. സി/18/ആർ.ഇ.ജി.എസ് തീയതി: 13.08.2018

പ്രേഷകൻ

മിഷൻ ഡയറക്ടർ

സ്വീകർത്താവ്

എല്ലാ ജോയിന്റ് പ്രോഗ്രാം കോർഡിനേറ്റർമാർക്കും

സർ,

വിഷയം : മഹാത്മാ ഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (കേരളം)- സംസ്ഥാനത്ത് പ്രകൃതിക്ഷോഭവും വെള്ളപ്പൊക്കവും നിമിത്തം ദുരിത ബാധിതമായ പ്രദേശങ്ങളിൽ തൊഴിലുറപ്പ് പദ്ധതി മുഖേന പുനരുദ്ധാരണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നത് - സംബന്ധിച്ച്

സൂചന: വിവിധതദ്ദേശ സ്വയംഭരണ സ്ഥാപന അദ്ധ്യക്ഷൻമാരും പ്രതിനിധികളും ഉന്നയിച്ചിട്ടുള്ള ആവശ്യം

വിഷയത്തിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

കേരളത്തിലെ വെള്ളപ്പൊക്ക ബാധിത പ്രദേശങ്ങളിൽ മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മുഖേന പുനരുദ്ധാരണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നത് സംബന്ധിച്ച് ജനപ്രതിനിധികളിൽ നിന്നും നിർവ്വഹണതല ഉദ്യോഗസ്ഥരിൽ നിന്നും നിരവധി അന്വേഷണങ്ങളും അപേക്ഷകളും ലഭ്യമാകുന്നുണ്ട്. പ്രധാനമായും വെള്ളപ്പൊക്ക ബാധയെ തുടർന്ന് നഷ്ടം സംഭവിച്ചിട്ടുള്ള പൊതു ആസ്തികളുടെ പുനരുദ്ധാരണവും സംരക്ഷണവുമാണ് ഇടപെടലുകൾ ആവശ്യമായി ഉയർന്നുവന്നിട്ടുള്ളത്. ഈ സാഹചര്യത്തിൽ പദ്ധതി പ്രകാരം ദുരിതബാധിത മേഖലകളിൽ ഏറ്റെടുക്കാൻ കഴിയുന്ന പുനരുദ്ധാരണ പ്രവർത്തനങ്ങൾ സംബന്ധിച്ച ഒരു വിശദീകരണം ചുവടെ ചേർക്കുന്നു.

മഹാത്മാ ഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ പുതുക്കിയ പട്ടിക-1 ഖണ്ഡിക IV.iv പ്രകാരം ദുരന്തനിവാരണത്തിനായി ഏറ്റെടുക്കാവുന്ന പ്രവൃത്തികളെ സംബന്ധിച്ച് ഉള്ള നിർദ്ദേശം ചുവടെ ചേർക്കുന്നു:

"Works for improving disaster preparedness or restoration of roads or restoration of other essential public infrastructure including flood control and protection works, providing drainage in water logged areas, deepening and repairing of flood channels, chaur renovation, construction of storm water drains for coastal protection"

മേൽ നിർദ്ദേശപ്രകാരം ഏറ്റെടുക്കാവുന്ന എല്ലാ പ്രവൃത്തികളും നിലവിൽ എം.ഐ.എസ്. ൽ ലഭ്യമായ 260 തരം പ്രവൃത്തികളുടെ കൂട്ടത്തിൽ ഉൾച്ചേർത്തിട്ടുണ്ട്. ഈ ലിസ്റ്റിൽ നിന്നും എല്ലാ ഗ്രാമപഞ്ചായത്തുകളും തങ്ങളുടെ ഗ്രാമപഞ്ചായത്തുകളിൽ ദുരന്തനിവാരണത്തിന് ആവശ്യമായ ഇടപെടലുകൾ ഏതൊക്കെയാണെന്ന് കണ്ടെത്തേണ്ടതും പ്രവൃത്തി സംഘടിപ്പിക്കേണ്ടതുമാണ്. ഇത്തരത്തിൽ തെരഞ്ഞെടുത്ത പ്രവൃത്തികൾ ആക്ഷൻപ്ലാനിൽ ഉൾപ്പെടുത്തി അനുമതി വാങ്ങുന്നതിനുള്ള പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടപ്പിലാക്കുന്നുണ്ട് എന്ന് ബ്ലോക്ക് പ്രോഗ്രാം ഓഫീസർമാർ മുഖേന ജോയിന്റ് പ്രോഗ്രാം കോർഡിനേറ്റർമാർ ഉറപ്പുവരുത്തേണ്ടതാണ്.

പ്രവൃത്തികൾ ഏറ്റെടുക്കുന്നവേളയിൽ തൊഴിലുറപ്പ് നിയമത്തിൽ നിഷ്കർഷിച്ചിരിക്കുന്ന പ്രകാരം പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് ചുവടെ പറയുന്ന കാര്യങ്ങൾ കൂടി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്:

1. ആകെ ഏറ്റെടുക്കുന്ന പ്രവൃത്തികളുടെ വേതന-സാധന ഘടകം 60:40 അനുപാതത്തിൽ അധികരിക്കാൻ പാടുള്ളതല്ല എന്ന നിർദ്ദേശം പാലിക്കേണ്ടതാണ്.

2. പ്രകടമല്ലാത്തതും, അളന്നു തിട്ടപ്പെടുത്താൻ കഴിയാത്തതുമായ പ്രവൃത്തികളും പുല്ല് നീക്കം ചെയ്യൽ, കല്ല് നീക്കം ചെയ്യൽ, ആവർത്തന സ്വഭാവമുള്ള പ്രവൃത്തികൾ എന്നിവയും stand alone' പ്രവൃത്തിആയി ഏറ്റെടുക്കാതിരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

പ്രളയക്കെടുതി മൂലം തകർന്ന റോഡുകളുടെ പുനരുദ്ധാരണം, വെള്ളക്കെട്ടുണ്ടായ പൊതു സ്ഥലങ്ങളിലെ വെള്ളക്കെട്ട് നീക്കം ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ,

തകർച്ച സംഭവിച്ച പൊതു ആസ്തികളുടെ പുനരുദ്ധാരണം എന്നിങ്ങനെ മഹാത്മാ ഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മുഖേന ഏറ്റെടുക്കാൻ കഴിയുന്ന എല്ലാ പ്രവൃത്തികളും പരമാവധി ഏറ്റെടുത്ത് ദുരന്ത ലഘൂകരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

വിശ്വസ്തതയോടെ.

13/9

മിഷൻ ഡയറക്ടർ

13.8

GOVERNMENT OF KERALA

Abstract

Disaster Management Department – State Disaster Response Fund 2018-19 – Allotment of fund to District Collectors- Sanctioned – Orders issued.

DISASTER MANAGEMENT(A) DEPARTMENT

G.O.(Rt)No.441/2018/DMD Dated,Thiruvananthapuram, 16/08/2018

ORDER

Government are pleased to release an an amount of Rs.24,05,00,000/-(Twenty four crore Five lakhs only) from the head of account **2245-02-101-94 F-Other Items** under SDRF to the District Collectors as per annexure.

2) The fund should be utilized only for the purpose for which it is allotted. The Amount should be utilized from the current years budget subject to the condition laid down in the SDRF norms. Utilization certificate should be furnished to Government on time.

(By order of the Governor)
K SHYLA SREE
ADDITIONAL SECRETARY

To:

The Commissioner, Land Revenue, Thiruvananthapuram.

All District Collectors

The Member Secretary, Kerala State Disaster Management Authority, Observatory hills,Vikas Bhavan, Thiruvananthapuram-33

The Principal Accountant General (Audit) Kerala, Thiruvananthapuram

The Accountant General (A&E) Kerala, Thiruvananthapuram

The Accountant General, Branch office, Kottayam ,Ernakulam ,Thrissur, Kozhikode,

District Treasury Officers, District Treasury, Thiruvananthapuram, Kollam, Alappuzha, Pathanamthitta, Kottayam, Idukki, Ernakulam, Thrissur, Palakkad, Malappuram, Kozhikode, Wayanadu, Kannur , Kasaragod

Stock File/Office Copy

ALLOTMENT OF FUND

District	2245-02-101-94 F-OTHER ITEMS	TOTAL
Thruvananthapuram	10000000	10000000
Kollam	5000000	5000000
Pathenamthitta	30000000	30000000
Alappuzha	30000000	30000000
Kottayam	10000000	10000000
Idukki	10000000	10000000
Ernakulam	50000000	50000000
Thrissur	40000000	40000000
Palakkad	10000000	10000000
Malappuram	10000000	10000000
Kozhikode	10000000	10000000
Wayanadu	10000000	10000000
Kannur	10000000	10000000
Kasaragod	5500000	5500000
Total	**240500000**	**240500000**

കേരള സർക്കാർ

സംഗ്രഹം

ദുരന്ത നിവാരണ (എ) വകുപ്പ് - മഴക്കെടുതി - സംസ്ഥാനത്ത് ഒട്ടാകെ കാലവർഷക്കെടുതി മൂലമുണ്ടായ നാശനഷ്ടങ്ങൾ ദുരിതാശ്വാസ നടപടികൾ സ്വീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ദുരന്ത നിവാരണ (എ) വകുപ്പ്

സ.ഉ.(കൈ) നം. 13/ 2018/ ദു.നി.വ. തിരുവനന്തപുരം, തീയതി, 16/ 08/ 2018

പരാമർശം:- 1. സ.ഉ.(എം.എസ്) നം. 6/ 2018/ ഡി.എം.ഡി. തീയതി 02.06.2018
2. സ.ഉ.(എം.എസ്) നം. 7/ 2018/ ഡി.എം.ഡി. തീയതി 21.06.2018
3. സ.ഉ.(പി) നം. 2/ 2018/ ഡി.എം.ഡി. തീയതി 26.07.2018
4. സ.ഉ.(പി) നം. 3/ 2018/ ഡി.എം.ഡി. തീയതി 03.08.2018
5. സ.ഉ.(എം.എസ്) നം. 12/ 2018/ ഡി.എം.ഡി. തീയതി 10.08.2018

ഉത്തരവ്

ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിലുണ്ടായ രൂക്ഷമായ കാലവർഷക്കെടുതി കണക്കിലെടുത്ത് പ്രസ്തുത ജില്ലകളെ പരാമർശം (3), (4) ഉത്തരവുകൾ പ്രകാരം ദുരന്ത ബാധിത ജില്ലകളായി നോട്ടിഫൈ ചെയ്യുകയുണ്ടായി. പ്രസ്തുത കാലയളവിലെ നാശനഷ്ടങ്ങൾ വിലയിരുത്തി ദുരിതാശ്വാസത്തിനുള്ള നടപടികൾ സർക്കാർ കൈക്കൊള്ളുകയും പരാമർശം (5) ഉത്തരവ് പ്രകാരം ദുരിതാശ്വാസ നടപടികൾ സ്വീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുകയുമുണ്ടായി.

രണ്ടാംഘട്ട പ്രളയക്കെടുതിയിൽ പത്ത് ജില്ലകളെ ബാധിക്കുകയുണ്ടായി. കനത്ത നാശനഷ്ടങ്ങളാണ് ഉണ്ടായത്. ഈ സാഹചര്യത്തിൽ 14.08.2018-ൽ കൂടിയ മന്ത്രിസഭാ യോഗത്തിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന തീരുമാനങ്ങൾ കൂടി കൈക്കൊണ്ടിട്ടുണ്ട്. ഇതിന്മേൽ ബന്ധപ്പെട്ട വകുപ്പുകൾ സമയബന്ധിതമായി ഉത്തരവ് /നടപടികൾ സ്വീകരിക്കേണ്ടതാണ്.

(1) പ്രളയത്തിന്റെ തീവ്രതയും ദുരിതത്തിന്റെ കാഠിന്യവും കണക്കിലെടുത്ത് നേരത്തെ പ്രഖ്യാപിച്ച 198 വില്ലേജുകൾക്കു പുറമേ, പുതുതായി 254 വില്ലേജുകൾ കൂടി (അനുബന്ധം (1)) (ആകെ 452 വില്ലേജുകൾ) പ്രളയബാധിത പ്രദേശങ്ങളായി പ്രഖ്യാപിക്കുന്നു.

(2) രണ്ട് ദിവസത്തിലധികം വെള്ളം കെട്ടിനിൽക്കുക, മണ്ണിടിച്ചിൽ തുടങ്ങിയ കാരണങ്ങളാൽ വീട് വാസയോഗ്യമല്ലാതായ ഓരോ കുടുംബത്തിനും ഒറ്റപ്രാവശ്യത്തെ ആശ്വാസ ധനസഹായമായി 10,000/- രൂപ (എസ്.ഡി.ആർ.എഫ്-ൽ നിന്നുള്ള 3,800/- രൂപയ്ക്ക് പുറമേ സി.എം.ഡി.ആർ.എഫ്-ൽ നിന്ന് 6,200/- രൂപ) നിരക്കിൽ നൽകേണ്ടതാണ്. (നടപടി - റവന്യൂ / ദുരന്ത നിവാരണം / ഡി.ആർ.എഫ്. വകുപ്പുകൾ)

(3) പൂർണ്ണമായും തകർന്നതോ പൂർണ്ണമായും വാസയോഗ്യമല്ലാതാവുകയോ ചെയ്ത വീട് ഒന്നിന് 4 ലക്ഷം രൂപയും, വീടും സ്ഥലവും നഷ്ടപ്പെട്ടവർക്ക് ഇതിനു പുറമേ 3 മുതൽ 5 വരെ സെന്റ് സ്ഥലം വാങ്ങുന്നതിനായി പരമാവധി 6 ലക്ഷം രൂപയും പരാമർശം 1ഉം 2 ഉം ഉത്തരവിൽ നിഷ്കർഷിക്കുന്ന, നിലവിലുള്ള മാനദണ്ഡപ്രകാരം നൽകേണ്ടതാണ്. (നടപടി - ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്കും)

(4) കാലവർഷക്കെടുതിയിൽ മത്സ്യബന്ധന ഉപകരണങ്ങൾ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും നഷ്ടപരിഹാരം നൽകേണ്ടതാണ്. (നടപടി - ഡി.ആർ.എഫ്. /മത്സ്യബന്ധനം / ധനകാര്യം വകുപ്പുകൾ)

(5) a) സർക്കാർ, പൊതുമേഖല, കമ്പനി ജീവനക്കാരുടെ രണ്ട് ദിവസത്തെ ശമ്പളം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവനയായി നൽകേണ്ടതാണ്.

b) പൊതുമേഖല-സഹകരണ സ്ഥാപനങ്ങളുടെ കോപറേറ്റ് സോഷ്യൽ റസ്പോൺസിബിലിറ്റി ഫണ്ട് (സി.എസ്.ആർ)/ പൊതു നന്മ ഫണ്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവനയായി നൽകേണ്ടതാണ്. (നടപടി - വ്യവസായം / സഹകരണം / ആസൂത്രണ വകുപ്പുകൾ)

(6) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് ലഭിക്കുന്ന സംഭാവനകൾ കൈമാറി നൽകുന്നതിന് പൊതുമേഖലാ / സഹകരണ ബാങ്കുകൾ ഈടാക്കുന്ന കമ്മീഷനുകൾ, എക്സ്ചേഞ്ച് ചാർജ്ജുകൾ ഒഴിവാക്കണമെന്ന് സംസ്ഥാന ബാങ്കിംഗ് സമിതിയോട് ആവശ്യപ്പെടുവാൻ തീരുമാനിച്ചു. (നടപടി - റവന്യൂ (ജി) വകുപ്പ്)

(7) ദുരിതബാധിതർക്ക് ദുരിതാശ്വാസമായി സർക്കാർ നൽകുന്ന തുക നിക്ഷേപിക്കുന്ന ബാങ്ക് അക്കൗണ്ടുകളിൽ മിനിമം ബാലൻസ് സൂക്ഷിക്കണമെന്ന നിബന്ധന ഒഴിവാക്കണമെന്ന് ബാങ്കുകൾക്ക് നിർദ്ദേശം നൽകുവാൻ തീരുമാനിച്ചു. (നടപടി - റവന്യൂ (ജി) വകുപ്പ്)

(8) നഷ്ടപ്പെട്ട രേഖകൾ നൽകുന്നതിന് ഒരു തരത്തിലുള്ള കാലതാമസം വരാതെയും ഫീസ് ഈടാക്കാതെയും സമയബന്ധിതമായി നൽകുന്നതിന് അദാലത്തുകൾ ഗ്രാമപഞ്ചായത്ത് / മുനിസിപ്പാലിറ്റി / കോർപ്പറേഷൻ തലത്തിൽ സംഘടിപ്പിക്കേണ്ടതാണ്. രേഖകൾ നൽകുന്നതിന് 2018 സെപ്തംബർ 30 വരെ സമയം അനുവദിക്കുന്നതാണ്. ഇത്തരം ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിന് ജില്ലയിൽ ചുമതലയുള്ള മന്ത്രിമാരെയും ഒരു സെക്രട്ടറിതല ഉദ്യോഗസ്ഥനെയും

പ്രത്യേകം ചുമതലപ്പെടുത്തുന്നു. (മന്ത്രിമാരുടെയും സെക്രട്ടറിമാരുടെയും ലിസ്റ്റ് - അനുബന്ധം 2-ൽ ചേർക്കുന്നു) സെപ്തംബർ 3 മുതൽ 15 വരെയുള്ള തീയതികളിൽ ഈ അദാലത്തുകൾ നടത്തേണ്ടതും രേഖകൾക്കുള്ള അപേക്ഷകൾ അക്ഷയ കേന്ദ്രങ്ങൾ വഴി സൗജന്യമായി സ്വീകരിക്കേണ്ടതുമാണ്. അക്ഷയ കേന്ദ്രങ്ങൾക്ക് ലഭ്യമാക്കേണ്ട ഫീസ് സർക്കാർ നൽകുന്നതാണ്. (നടപടി - തദ്ദേശ സ്വയംഭരണ വകുപ്പ്)

(9) സമയബന്ധിതമായി ദുരിതാശ്വാസത്തിനുള്ള നഷ്ടപരിഹാരം നൽകാൻ ആവശ്യമായ തീരുമാനങ്ങളെടുക്കാനും നടപ്പാക്കാനും താഴെപ്പറയുന്ന അംഗങ്ങൾ ഉൾപ്പെട്ട ഒരു മന്ത്രിസഭാ ഉപസമിതിയെ നിയോഗിക്കുന്നു.

1. ശ്രീ. ഇ.പി.ജയരാജൻ, ബഹു.വ്യവസായ വകുപ്പ് മന്ത്രി
2. ശ്രീ. ഇ. ചന്ദ്രശേഖരൻ, ബഹു.റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി
3. അഡ്വ. മാത്യു ടി. തോമസ്, ബഹു.ജലവിഭവ വകുപ്പ് മന്ത്രി
4. ശ്രീ. എ.കെ. ശശീന്ദ്രൻ, ബഹു. ഗതാഗത വകുപ്പ് മന്ത്രി
5. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി, ബഹു. തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി

(10) കാലവർഷക്കെടുതിയിൽ മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ മുതലായവ മൂലം സാരമായി പരിക്കേറ്റവർക്ക് സൗജന്യ ചികിത്സ നൽകുന്നതാണ്. ഇതിനുള്ള നടപടികൾ അതാത് ജില്ലാ കളക്ടർമാർ സ്വീകരിക്കേണ്ടതാണ്. (നടപടി - എല്ലാ ജില്ലാ കളക്ടർമാർക്കും / ആരോഗ്യ വകുപ്പ്)

(11) സർക്കാരിന്റെ നേതൃത്വത്തിൽ നടത്താറുള്ള ഓണാഘോഷ പരിപാടികൾ കാലവർഷക്കെടുതിയുടെ പശ്ചാത്തലത്തിൽ ഇത്തവണ ഒഴിവാക്കേണ്ടതും ഓണാഘോഷ പരിപാടികൾക്കായി സർക്കാരിന്റെ വിവിധ വകുപ്പുകൾക്ക് ലഭ്യമാക്കിയ തുക ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കേണ്ടതുമാണ്.

(12) മഴക്കെടുതിയുമായി ബന്ധപ്പെട്ട് 08.08.2018-ലും 14.08.2018-ലും കൈക്കൊണ്ട തീരുമാനങ്ങൾക്ക് പുറമെയുള്ളവയെ സംബന്ധിച്ച് നിലവിലുള്ള നിയമങ്ങളും മാനദണ്ഡങ്ങളും അനുസരിച്ച് നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻപ്രകാരം)

പി.എച്ച്.കരുൺ

അഡീഷണൽ ചീഫ് സെക്രട്ടറി

കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം

എല്ലാ ജില്ലാ കളക്ടർമാർക്കും

മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, ഒബ്സർവേറ്ററി ഹിൽസ്, വികാസ്ഭവൻ പി.ഒ, തിരുവനന്തപുരം.

എല്ലാ ജില്ലാ ട്രഷറി ഓഫീസർമാർക്കും, (ട്രഷറി ഡയറക്ടർ, തിരുവനന്തപുരം മുഖാന്തിരം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ.&ഇ), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ, ബ്രാഞ്ച് ഓഫീസ്, കോട്ടയം , എറണാകുളം, കോഴിക്കോട്, തൃശ്ശൂർ
റവന്യൂ വകുപ്പ്
റവന്യൂ (ഡി.ആർ.എഫ്.) വകുപ്പ്
മത്സ്യബന്ധനം വകുപ്പ്
ധനകാര്യ വകുപ്പ്
വ്യവസായ വകുപ്പ്
സഹകരണ വകുപ്പ്
ആസൂത്രണ- സാമ്പത്തികകാര്യ വകുപ്പ്
ആരോഗ്യ കുടുംബക്ഷേമ വകുപ്പ്
തദ്ദേശ സ്വയംഭരണ വകുപ്പ്
പൊതുഭരണ (എസ്.സി) വകുപ്പ്
വിവര പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്
പകർപ്പ് :- ബഹു: മുഖ്യമന്ത്രിയുടെ പി.എസിന്
റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രിയുടെ പി.എസിന്
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്
അഡീഷണൽ ചീഫ് സെക്രട്ടറിയുടെ (റവന്യൂവും ദുരന്ത നിവാരണവും വകുപ്പ്) പേഴ്സണൽ സെക്രട്ടറിക്ക്
അഡീഷണൽ സെക്രട്ടറിയുടെ (ദുരന്ത നിവാരണ വകുപ്പ്) സി.എ-യ്ക്ക്
ഡി.എം.(ബി) വകുപ്പ്
ഡി.എം. (എ 4) സീറ്റിന്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

അനുബന്ധം - 1

Sl. No.	District	Taluk	Village
1	Malappuram	Nilambur	Chokkad
2	Malappuram	Nilambur	Karulai
3	Malappuram	Nilambur	Akampadam
4	Malappuram	Nilambur	Vazhikadavu
5	Malappuram	Nilambur	Kurumpalangode
6	Malappuram	Nilambur	Kerala Estate
7	Malappuram	Nilambur	Amarambalam
8	Malappuram	Nilambur	Nilambur
9	Malappuram	Nilambur	Edakkara
10	Malappuram	Nilambur	Chungathara
11	Malappuram	Nilambur	Karuvarakund
12	Malappuram	Nilambur	Mampad
13	Malappuram	Nilambur	Pullipadam
14	Malappuram	Nilambur	Porur
15	Malappuram	Nilambur	Thuvvur
16	Malappuram	Nilambur	Wandoor
17	Malappuram	Nilambur	Vellayur
18	Malappuram	Nilambur	Kalikavu
19	Malappuram	Nilambur	Thiruvali
20	Malappuram	Nilambur	Moothedam
21	Malappuram	Nilambur	Pothukallu
22	Malappuram	Kondotty	Vazhayur
23	Malappuram	Kondotty	Vazhakkad
24	Malappuram	Kondotty	Cheekod
25	Malappuram	Kondotty	Muthuvalloor
26	Malappuram	Ernad	Veettilappara
27	Malappuram	Ernad	Uragetteri
28	Malappuram	Ernad	Keezhuparambu
29	Malappuram	Ernad	Edavanna
30	Malappuram	Ernad	Areecode
31	Kannur	Iritty	Kottiyoor
32	Kannur	Iritty	Kelakam
33	Kannur	Iritty	Kanichar
34	Kannur	Iritty	Vilamana
35	Kannur	Iritty	Nuchiyad
36	Kannur	Iritty	Payam
37	Kannur	Iritty	Aralam
38	Kannur	Iritty	Ayyankunnu
39	Kannur	Iritty	Thillenkeri
40	Kannur	Iritty	Muzhakunnu
41	Kannur	Taliparamba	Eruvessi

42	Kannur	Taliparamba	Kooveri
43	Kannur	Taliparamba	Taliparamba
44	Kannur	Taliparamba	Payyavoor
45	Kannur	Taliparamba	Irikkur
46	Kannur	Taliparamba	Naduvil
47	Kannur	Taliparamba	Udayagiri
48	Kannur	Taliparamba	Chengalayi
49	Kannur	Taliparamba	Chapparapadavu
50	Kannur	Payyanur	Cherupuzha
51	Kannur	Kannur	Edakkad
52	Kannur	Kannur	Muzhappilangad
53	Kannur	Kannur	Chirakkal
54	Kannur	Kannur	Elayavoor
55	Palakkad	Palakkad	All villages (30)
56	Kozhikode	Thamarasherry	" (20)
57	Ernakulam	Aluva	" (18)
58	Ernakulam	Paravoor	" (13)
59	Wayanad	Entire district	" (49)
60	Idukki	Entire district	" (67)

നേരത്തെ പ്രളയബാധിതമായി പ്രഖ്യാപിച്ച വില്ലേജുകളുടെ എണ്ണം - 198

ആലപ്പുഴ, കോട്ടയം ജില്ലകളിലെ എല്ലാ വില്ലേജുകളും പത്തനംതിട്ട ജില്ലയിലെ നിരണം, പെരിങ്ങര, കടപ്ര, നെടുമ്പ്രം, കാവുംഭാഗം വില്ലേജുകളും ചേർത്ത് ആകെ 198 വില്ലേജുകൾ ഇതിനകം പ്രളയബാധിത മേഖലയായി പ്രഖ്യാപിച്ചിട്ടുണ്ട്. പുതുതായി ഇടുക്കി, വയനാട് ജില്ലകളിലെ എല്ലാ വില്ലേജുകളും എറണാകുളം ജില്ലയിലെ ആലുവ, പരവൂർ താലൂക്കുകളിലെ എല്ലാ വില്ലേജുകളും പാലക്കാട് ജില്ലയിലെ പാലക്കാട് താലൂക്കിലെ എല്ലാ വില്ലേജുകളും കോഴിക്കോട് ജില്ലയിലെ താമരശ്ശേരി താലൂക്കിലെ എല്ലാ വില്ലേജുകളും ഉൾപ്പെടുന്നു.

ആലപ്പുഴ ജില്ല (93)

കുട്ടനാട് താലൂക്ക്-14, അമ്പലപ്പുഴ താലൂക്ക്-14, ചേർത്തല താലൂക്ക്-21, കാർത്തികപ്പള്ളി താലൂക്ക്-18, മാവേലിക്കര താലൂക്ക്-15, ചെങ്ങന്നൂർ താലൂക്ക്-11.

കോട്ടയം ജില്ല (100)

ചങ്ങനാശ്ശേരി താലൂക്ക്-15, കാഞ്ഞിരപ്പള്ളി താലൂക്ക്-13, കോട്ടയം താലൂക്ക്-26, മീനച്ചൽ താലൂക്ക്-28, വൈക്കം താലൂക്ക്-18.

വയനാട്, ഇടുക്കി ജില്ലകൾ മുഴുവനും പ്രളയബാധിതമാണ്.

പാലക്കാട്, താമരശ്ശേരി, ആലുവ, പരവൂർ താലൂക്കുകളിലെ എല്ലാ വില്ലേജുകളും പ്രളയബാധിതമാണ്.

സംസ്ഥാനത്താകെ 452 വില്ലേജുകൾ പ്രളയബാധിതമായി കണക്കാക്കുന്നു.

അനുബന്ധം-2

പഴക്കെടുതിയുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ തലത്തിൽ അദാലത്തുകൾ സംഘടിപ്പിക്കുന്നതിനും രേഖകൾ നൽകുന്നതിനും മന്ത്രിമാർക്കും സെക്രട്ടറിമാർക്കും ജില്ലാതല ചുമതല നൽകിക്കൊണ്ടുള്ള ലിസ്റ്റ്.

ജില്ല	മന്ത്രിമാരുടെ പേര്	സെക്രട്ടറിമാരുടെ പേര്
തിരുവനന്തപുരം	ശ്രീ. കടകംപള്ളി സുരേന്ദ്രൻ	ശ്രീ. കെ. ആർ. ജ്യോതിലാൽ
കൊല്ലം	ശ്രീമതി ജെ. മേഴ്സിക്കുട്ടിയമ്മ	ശ്രീ. അനിൽ എക്സ്.
പത്തനംതിട്ട	അഡ്വ. മാത്യു ടി. തോമസ്	ശ്രീ. വേണുഗോപാൽ
ആലപ്പുഴ	ശ്രീ. ജി. സുധാകരൻ ശ്രീ. പി. തിലോത്തമൻ, ഡോ. ടി.എം. തോമസ് ഐസക്	ശ്രീ. കമല വർദ്ധന റാവു
കോട്ടയം	അഡ്വ. കെ. രാജു	ശ്രീമതി റാണി ജോർജ്ജ്
ഇടുക്കി	ശ്രീ. എം.എം. മണി	ശ്രീ. രാജൻ ഖോബ്രഗഡെ
എറണാകുളം	പ്രൊഫ. സി. രവീന്ദ്രനാഥ്	ശ്രീ. എം. ശിവശങ്കർ
തൃശ്ശൂർ	ശ്രീ. എ.സി. മൊയ്തീൻ അഡ്വ. വി.എസ്. സുനിൽകുമാർ	ശ്രീ. ബിജു പ്രഭാകർ
പാലക്കാട്	ശ്രീ. എ.കെ. ബാലൻ	ഡോ. ഇളങ്കോവൻ
മലപ്പുറം	ഡോ. കെ.ടി. ജലീൽ	ശ്രീമതി മിനി ആന്റണി
കോഴിക്കോട്	ശ്രീ. ടി.പി. രാമകൃഷ്ണൻ, ശ്രീ. എ.കെ. ശശീന്ദ്രൻ	ശ്രീ. കെ.വി. മോഹൻകുമാർ
വയനാട്	ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി	ഡോ. വേണു വി.
കണ്ണൂർ	ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ	ശ്രീ. എ. ഷാജഹാൻ
കാസറഗോഡ്	ശ്രീ. ഇ. ചന്ദ്രശേഖരൻ	ശ്രീ. കെ. ഗോപാലകൃഷ്ണ ഭട്ട്

കേരള സർക്കാർ

സംഗ്രഹം

ദുരന്ത നിവാരണ (എ) വകുപ്പ് - മഴക്കെടുതി - സംസ്ഥാനത്ത് ഒട്ടാകെ കാലവർഷക്കെടുതി മൂലമുണ്ടായ നാശനഷ്ടങ്ങൾ വിലയിരുത്തി ദുരിതാശ്വാസ നടപടികൾ സ്വീകരിക്കുന്നതിനുള്ള തുടർ നിർദ്ദേശങ്ങൾ - ഉത്തരവ് പുറപ്പെടുവിക്കുന്നു.

ദുരന്ത നിവാരണ (എ) വകുപ്പ്

സ.ഉ.(കൈ)നം.14/2018/ദു.നി.വ. തിരുവനന്തപുരം, തീയതി, 17/08/2018

പരാമർശം:- 1. സ.ഉ.(എം.എസ്)നം.12/2018/ഡി.എം.ഡി. തീയതി 10.08.2018
2. സ.ഉ.(എം.എസ്)നം.13/2018/ഡി.എം.ഡി. തീയതി 16.08.2018

ഉത്തരവ്

കേരളം ഇപ്പോൾ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന മഴക്കെടുതിയും വെള്ളപ്പൊക്കവും അതീവ ഗുരുതരമായതിനാൽ ദുരന്ത നിവാരണത്തിനായി കൂടുതൽ യോജിച്ചുള്ള പ്രവർത്തനം എല്ലാ ഭാഗത്തു നിന്നും ഉണ്ടാകേണ്ടതുണ്ട്. ഈ സാഹചര്യത്തിൽ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് 16.08.2018 ന് കൂടിയ മന്ത്രിസഭായോഗം താഴെപ്പറയുന്ന തീരുമാനങ്ങൾ കൂടി കൈക്കൊണ്ടിട്ടുണ്ട്. ഇതിന്മേൽ ബന്ധപ്പെട്ട വകുപ്പുകൾ സമയബന്ധിതമായി ഉത്തരവ് / നടപടികൾ സ്വീകരിക്കേണ്ടതാണ്.

1. മഴക്കെടുതിയിലും വെള്ളപ്പൊക്കത്തിലുംപ്പെട്ട് വീടുകളിലും മറ്റ് കെട്ടിടങ്ങളിലും കുടുങ്ങിപ്പോയിട്ടുള്ള ആൾക്കാർക്ക് ഭക്ഷണ സാധനങ്ങൾ എത്തിക്കുന്നതിന് അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പഞ്ചായത്ത് പ്രസിഡന്റ് / സെക്രട്ടറി, മുനിസിപ്പാലിറ്റി ചെയർമാൻ / സെക്രട്ടറി, കോർപ്പറേഷൻ ചെയർമാൻ / സെക്രട്ടറിമാർ നേതൃത്വം വഹിക്കേണ്ടതാണ്. (നടപടി:- തദ്ദേശ സ്വയംഭരണ വകുപ്പ്)
2. വെള്ളപ്പൊക്കം ബാധിക്കാൻ സാധ്യതയുള്ള ഡൗൺസ്ട്രീം പ്രദേശങ്ങളിൽ താമസിക്കുന്ന ജനങ്ങളെ അടിയന്തിരമായി ഒഴിപ്പിച്ച് സുരക്ഷിത സ്ഥലങ്ങളിൽ എത്തിക്കുന്നതിന് ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ നടപടി സ്വീകരിക്കേണ്ടതാണ്.
(നടപടി:- എല്ലാ ജില്ലാ കളക്ടർമാർക്കും)
3. മത്സ്യബന്ധന വകുപ്പിന്റെയും മത്സ്യത്തൊഴിലാളികളുടെയും ബോട്ടുകൾ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി ഉപയോഗപ്പെടുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുവാൻ മത്സ്യബന്ധന വകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നു.
(നടപടി:- മത്സ്യബന്ധനവും തുറമുഖവും വകുപ്പ്)
4. വിനോദ സഞ്ചാര വകുപ്പിന്റെ ബോട്ടുകൾ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി ഉപയോഗപ്പെടുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുവാൻ വിനോദ സഞ്ചാര വകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നു.

(നടപടി:- വിനോദ സഞ്ചാര വകുപ്പ്)

5. വയനാട് ജില്ലയിലെ എല്ലാ റേഷൻ കാർഡ് ഉടമകൾക്കും രണ്ട് ആഴ്ചത്തേക്ക് സൗജന്യ റേഷൻ അനുവദിക്കേണ്ടതാണ്. ഇതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നു.
(നടപടി:- ഭക്ഷ്യ-പൊതുവിതരണ വകുപ്പ്)

6. സർക്കാർ ജീവനക്കാർ ദുരന്ത നിവാരണ പ്രവർത്തനങ്ങളിൽ വ്യാപൃതരാകേണ്ടതാണ്. ഇത് ഡ്യൂട്ടിയുടെ ഭാഗമായി തന്നെ പരിഗണിക്കുന്നതുമാണ്.
(നടപടി:- എല്ലാ വകുപ്പുകൾക്കും)

7. ദുരന്ത നിവാരണത്തിന്റെ ഭാഗമായി ജനങ്ങളെ മാറ്റി പാർപ്പിക്കുന്നതിന് കഴിയുന്നതും വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒഴിവാക്കി കല്യാണ മണ്ഡപങ്ങൾ, കൺവെൻഷൻ സെന്ററുകൾ, സൗകര്യപ്രദമായ മറ്റ് ഹാളുകൾ മുതലായവ വാടകയ്ക്ക് എടുക്കുവാൻ ബന്ധപ്പെട്ട ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തുന്നു.
(നടപടി:- എല്ലാ ജില്ലാ കളക്ടർമാർക്കും)

8. വെള്ളപ്പൊക്കവും മഴക്കെടുതിയും ശമിച്ചാലുടൻ തന്നെ ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ആരോഗ്യ കുടുംബക്ഷേമ വകുപ്പും ശുചിത്വ മിഷനും യോജിച്ച് പ്രവർത്തിക്കേണ്ടതാണ്. ഇതിനാവശ്യമായ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ നേതൃത്വം നൽകേണ്ടതാണ്.
(നടപടി:- തദ്ദേശ സ്വയംഭരണം / ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ്/ എല്ലാ ജില്ലാ കളക്ടർമാർക്കും)

(ഗവർണറുടെ ഉത്തരവിൻപ്രകാരം)

പി.എച്ച്.കുര്യൻ

അഡീഷണൽ ചീഫ് സെക്രട്ടറി

കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, ഒബ്സർവേറ്ററി ഹിൽസ്, വികാസ്ഭവൻ പി.ഒ, തിരുവനന്തപുരം.
എല്ലാ ജില്ലാ ട്രഷറി ഓഫീസർമാർക്കും, (ട്രഷറി ഡയറക്ടർ, തിരുവനന്തപുരം മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ.&ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ, ബ്രാഞ്ച് ഓഫീസ്, കോട്ടയം , എറണാകുളം, കോഴിക്കോട്, തൃശ്ശൂർ
സെക്രട്ടേറിയറ്റിലെ ബന്ധപ്പെട്ട എല്ലാ വകുപ്പ് തലവൻമാർക്കും
റവന്യൂ വകുപ്പ്
മത്സ്യബന്ധനം വകുപ്പ്
ധനകാര്യ വകുപ്പ്
ആരോഗ്യ കുടുംബക്ഷേമ വകുപ്പ്
തദ്ദേശ സ്വയംഭരണ വകുപ്പ്
പൊതുഭരണ (എസ്.സി) വകുപ്പ്
വിവര പൊതുജന സമ്പർക്ക വകുപ്പ്

കേരള സർക്കാർ

സംഗ്രഹം

ദുരന്ത നിവാരണ (എ) വകുപ്പ് - സംസ്ഥാനത്ത് ഒട്ടാകെയുള്ള കാലവർഷക്കെടുതി മൂലമുണ്ടായ നാശനഷ്ടങ്ങൾ വിലയിരുത്തി അടിയന്തര നടപടികൾ സ്വീകരിക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് അനുമതി നൽകി – ഉത്തരവ് പുറപ്പെടുവിക്കുന്നു.

ദുരന്ത നിവാരണ(എ) വകുപ്പ്

സ.ഉ.(സാധാ) നം.450/2018/DMD തിരുവനന്തപുരം, തീയതി,18/08/2018

പരാമർശം:- 1 സ.ഉ.(എം.എസ്)നം.12/2018/ഡി.എം.ഡി. തീയതി 10.08.2018

2 സ.ഉ.(എം.എസ്)നം.13/2018/ഡി.എം.ഡി. തീയതി 16.08.2018

3 സ.ഉ.(എം.എസ്)നം.14/2018/ഡി.എം.ഡി. തീയതി 17.08.2018

ഉത്തരവ്

സംസ്ഥാനത്ത് കാലവർഷക്കെടുതി മൂലം ഉണ്ടായിക്കൊണ്ടിരിക്കുന്ന ദുരിതാശ്വാസ പ്രവർത്തനത്തിന്റെ ഭാഗമായി താഴെപ്പറയുന്ന അടിയന്തര ആശ്വാസ നടപടികൾ സ്വീകരിക്കുന്നതിന് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. രൂക്ഷമായ വെള്ളപ്പൊക്കത്തിന്റെ ഭാഗമായി ഉള്ള രക്ഷാപ്രവർത്തനത്തിന് ഒരു ബോട്ടിന് 3000/- രൂപ നിരക്കിൽ വാടകയ്ക്ക് എടുത്ത് ബോട്ടുകൾ ഉപയോഗിക്കേണ്ടതാണ്. ഇതിലേയ്ക്ക് ആവശ്യമായ നടപടികൾ ജില്ലാ കളക്ടർമാർ സ്വീകരിക്കേണ്ടതാണ്.

2. ഭക്ഷണ പായ്ക്കറ്റുകൾ എയർ ഡ്രോപ്പിംഗ് ചെയ്യുന്നതിലേക്കായി ഹെലികോപ്റ്റർ, വാടകയ്ക്ക് എടുത്ത് ഉപയോഗിക്കുന്നതിലേക്കായി അതാത് ജില്ലാ കളക്ടർമാർക്ക് അനുമതി നൽകുന്നു.

3. സ്വകാര്യ വാഹനങ്ങൾ ജില്ലാ കളക്ടർമാർക്ക് ഉചിതം എന്ന് തോന്നുന്ന നിരക്കിൽ വാടകയ്ക്ക് എടുത്ത് രക്ഷാപ്രവർത്തനത്തിന് ഉപയോഗിക്കാവുന്നതാണ്.

4. ബോട്ട് / ഹെലികോപ്റ്റർ, മറ്റ് വാഹനങ്ങൾ എന്നിവയുടെ ഡ്രൈവർമാർക്കും അനുബന്ധ ജീവനക്കാർക്കും ആഹാരത്തിനും മറ്റ് അടിസ്ഥാന ചെലവുകൾക്കും ആവശ്യമായ തുക നൽകുന്നതിനും വാഹനങ്ങളുടെ ഇന്ധന ചെലവിനും ഫണ്ട് ഉപയോഗിക്കാവുന്നതാണ്.

5. മേൽ പരാമർശിച്ചിരിക്കുന്ന ആവശ്യങ്ങളിന്മേൽ തുക നേരിട്ട് (cash payment)

നൽകുന്നതിന് ജില്ലാ കളക്ടർക്ക് അനുമതി നൽകുന്നു.

6. തൃശ്ശൂർ, എറണാകുളം, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം എന്നീ ജില്ലകളിലെ ജില്ലാ സപ്ലൈ ഓഫീസർമാരോ, സപ്ലൈകോ റീജിയണൽ ഓഫീസർമാരോ മുഖേന ഭക്ഷണം പായ്ക്ക് ചെയ്ത് വിൽക്കുന്നതിന്റെ ബില്ലുകൾ അതാത് ജില്ലാ കളക്ടർമാർക്ക് നൽകേണ്ടതും ആയത് പേയ്മെന്റ് നടത്തി സാധൂകരണത്തിനായി സർക്കാരിൽ സമർപ്പിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പി.എച്ച്.കുര്യൻ
അഡീഷണൽ ചീഫ് സെക്രട്ടറി

കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
ഡയറക്ടർ, സിവിൽ സപ്ലൈസ് ഡയറക്ടറേറ്റ്
ഡയറക്ടർ, ഫിഷറീസ് ഡയറക്ടറേറ്റ്
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, ഒബ്സർവേറ്ററി ഹിൽസ്,വികാസ്ഭവൻ പി.ഒ, തിരുവനന്തപുരം.
എല്ലാ ജില്ലാ ട്രഷറി ഓഫീസർമാർക്കും, (ട്രഷറി ഡയറക്ടർ, തിരുവനന്തപുരം മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ.&ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ, ബ്രാഞ്ച് ഓഫീസ്, കോട്ടയം , എറണാകുളം, കോഴിക്കോട്, തൃശ്ശൂർ
വിവര പൊതുജന സമ്പർക്ക വകുപ്പ്
പൊതുഭരണ വകുപ്പ്
മത്സ്യബന്ധന വകുപ്പ്
ഭക്ഷ്യപൊതുവിതരണ വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

പകർപ്പ് :- ബഹു: മുഖ്യമന്ത്രിയുടെ പി.എസിന്
റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രിയുടെ പി.എസിന്
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്
അഡീഷണൽ ചീഫ് സെക്രട്ടറിയുടെ (റവന്യൂവും ദുരന്ത നിവാരണവും വകുപ്പ്) പേഴ്സണൽ സെക്രട്ടറിക്ക്
സ്പെഷ്യൽ സെക്രട്ടറിയുടെ (റവന്യൂ വകുപ്പ്)സി.എ-യ്ക്ക്
അഡീഷണൽ സെക്രട്ടറിയുടെ (ദുരന്ത നിവാരണ വകുപ്പ്)സി.എ-യ്ക്ക്
ഡി.എം.(ബി) വകുപ്പ്
ഡി.എം. (എ4) സീറ്റിന്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

GOVERNMENT OF KERALA

Abstract

Health & Family Welfare Department –Floods in Kerala – Post flood Activities – Preliminary Measures – Guidelines -Orders issued.

HEALTH & FAMILY WELFARE (G) DEPARTMENT

G.O.(Ms) No. 171/2018/H&FWD Dated, Thiruvananthapuram, 19/08/2018

Read: 1. G.O(Ms) No.6/18/DMD dated 02/06/2018
2. G.O(Ms) No. 07/18/DMD dated 21/06/2018
3. G.O(MS) No.12/18/DMD dated 10/08/2018
4. G.O(Ms) No.13/18/DMD dated 16/08/2018.

ORDER

In the backdrop of the devastating flood which the state of kerala is facing at present, Government are pleased to order the following to guide public health response.

1. District Medical Officers are authorized to identify sites and to commence additional medical camps for the next thirty days in the Panchayats notified in the Government Orders read above, in addition to the existing Primary Health Centres/Family Health Centres. The camp should be staffed by Post Graduate Students deputed from Government or private Medical Colleges, the local JPHN/JHI and a nurse engaged from the bonded obligation candidates from Director of Medical Education/ Director of Health Services, any retired nurse or in their absence by any qualified nurse.

1. Sanction is accorded to all District Medical Officers to engage nurses on contract basis for the above purpose for one month.

2. In order to carry out the needed public health activities, District Medical Officers are authorized to hire 6 additional Junior Health Inspectors per Panchayat in the Panchayats referred to above from among the persons

trained by Directorate of Health Services. The Junior Health Inspectors will prepare Panchayat level action plans and carry them out for

- Chlorination of water sources
- Cleaning of debris (in partnership with Local Self Government Departments)
- Surveillance
- Water and food safety

So long camps remain in existence, District Medical Officers will assign responsibility of the camp to a JHI/JPHN who will be the nodal person for public health activities, surveillance and notifying health needs to higher levels at these camps.

4. The procurement of consumables and equipment will be managed by KMSCL. In view of the nature of the disaster, KMSCL will hold 200% of medicines required for this quarter. They will also hold four times (400%) of the bleaching powder and anti snake venom normally consumed and also ensure that the consumed quantity is replenished at 50%. They will estimate the liquid chlorine and chlorine tablets and arrange to stock them. The expenses for these will be met out of the funds allocated to KMSCL for procurement of drugs, to be recouped from State Disaster Relief Fund later.
5. KMCL will arrange additional space at regional and district levels to hold a large inventory of drugs. If no Government buildings are available, private buildings will be taken on rent to manage the load. KMSCL will also be allowed to engage additional labourers as required to manage the additional load using funds allocated to them.
6. KMSCL is also allowed to make drugs available to Government or Non Government Medical teams free of cost to conduct the camps.

7. Till 1st of September or till any date to be notified in future, the Faculty of Medical Colleges, not on duty, including those from Non Clinical Departments, will be pooled by the Superintendents and sent to the districts as notified by DME to provide the additional manpower needed to deal with the task of providing health care in peripheral centres. Till first of October, all non clinical Post Graduate Students will be deployed to man the additional Primary Centres being set up in affected Panchayats.

(By Order of the Governor)

RAJEEV SADHANANDHAN
ADDITIONAL CHIEF SECRETARY

To

The Director of Medical Education
The Director of Health Services
The Commissioner of Food Safety
All District Medical Officers (through Concerned DCs)
State Mission Director, NHM
The Managing Director, KMSCL
The Principal Accountant General (Audit), Kerala, Thiruvananthapuram .
The Accountant General (A&E), Kerala, Thiruvanathapuram
Information and Public Relations (Web and New Media) Department.
Stock file/Office Copy

Forwarded/By Order

GOVERNMENT OF KERALA

Abstract

Disaster Management (A) Department – Flood Relief -Arrangements for collecting, sorting and distribution of various relief items to relief camps - Orders issued.

DISASTER MANAGEMENT(A) DEPARTMENT

G.O.(Rt)No.451/2018/DMD Dated,Thiruvananthapuram, 19/08/2018

ORDER

It has come to the notice of the Government that large quantities of relief materials are lying at various collection centers in Thiruvananthapuram, that needs to be distributed to relief camps. It has been decided to dispatch the required quantities (based on the need) to various district collection points, for sorting and further distributing the same to relief camps.

In view of the above, following arrangements are made for streamlining the receipt, and dispatch of items to camps across various districts.

1. At **Thiruvananthapuram Airport**: Receipt of materials and dispatch at Thiruvananthapuram airport will be the responsibility of Shri. K. N. Satheesh IAS. He will dispatch the materials directly to the districts based on the need list furnished to him on a day to day basis.

2. **At Collection Points in Thiruvananthapuram District:** A team of officers consisting of Shri. S. Shanavas, IAS, Shri. Abdul Nasar and Shri. Gopala Krishnan IAS will make the inventory of items already received and being received and prepare a district–wise list, based on the request obtained from the District Collectors concerned. The overall arrangements at Thiruvananthapuram will be by the Dr. Vasuki IAS, District Collector, Thiruvananthapuram.

3. **At Collection Points in Ernakulam:**The activities in Ernakulam will be coordinated by Shri. M. Rajamanickam IAS and Shri. Jaffer Malik IAS. They will get in touch with the concerned District collectors and prepare the supply list to the Dy. Collector (Election) in the districts concerned.

4. **At Collection Points in Alleppy:** Activities in Thrissur district will be coordinated by Shri. Ajith Patil IAS and in Alleppy district by Shri. Padmakumar IAS and Dr. Chithra IAS.

They will monitor the situation closely and ensure that materials are delivered in time and distributed to the needy.

5. **Coordinators in the Thrissur:** Activities in Thrissur district will be coordinated by Shri. Ajith Patil IAS..

6. **In the Districts**: The Dy. Collector (Election) in the concerned district will be the nodal officer in-charge of receipt of materials and dispatch to the relief camps. He will be assisted by staff at taluk and village levels. He will in consultation with the District Collector prepare the list of required items on a day to day basis and continuously monitor the supply position. The District Collectors will make arrangements for transporting the items and ensure that, the perishable items are distributed on priority and there is no wastage of the materials.

7. **State Coordinators:** A team of officers consisting of Shri. Bishwanath Sinha IAS, Dr. K. Ellangovan IAS, Dr. M. Beena and Shri. K. Biju IAS will coordinate the activities closely and issue necessary instructions to ensure the optimal distribution of relief materials.

(By order of the Governor)

P.H.KURIAN

Additional Chief Secretary

To:

Officers concerned

The Commissioner, Land Revenue, Thiruvananthapuram

All District Collectors

The Member Secretary, KSDMA, Thiruvananthapuram

The Web and New Media, I & PRD

Stock File / Office Copy

Copy to :

PS to Chief Minister

PS to Minister, Revenue & Housing

AS to Chief Secretary

PS to Additional Chief Secretary, DMD

CA to Additional Secretary, DMD

Forwarded /By order

Section Officer

ഇ. ചന്ദ്രശേഖരൻ
റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
കേരള സർക്കാർ

.....191...../N/M/(Rev)/17

തിരുവനന്തപുരം
തീയതി 19.08.2018

കുറിപ്പ്

ദുരന്ത ബാധിത പ്രദേശങ്ങളിൽ വെള്ളം ഇറങ്ങിയ സ്ഥലങ്ങളിൽ വീടുകളും കിണറുകളും കുടിവെള്ള സ്രോതസ്സുകളും മറ്റും ശുചിയാക്കേണ്ടതായിട്ടുണ്ട് അതിന് നാടാകെ സഹകരിച്ചുകൊണ്ടുള്ള പ്രവർത്തനമായിരിക്കണം നടത്തേണ്ടത് അതിനായി ജില്ലാകളക്ടർ ബന്ധപ്പെട്ട ജനപ്രതിനിധികളെയും തദ്ദേശ സ്വയംഭരണം, ആരോഗ്യം, റവന്യൂ, ജലവിഭവം, വൈദ്യുതി, പോലീസ്, ഫയർഫോഴ്സ് തുടങ്ങിയ വിവിധ വകുപ്പുകളുടെ പ്രതിനിധികളെയും ശുചിത്വമിഷൻ പ്രതിനിധികളെയും സന്നദ്ധസംഘടനകൾ, റസിഡൻസ് അസോസിയേഷനുകൾ തുടങ്ങിയ പ്രാദേശികമായി ശുചീകരണ പ്രവർത്തനങ്ങൾ ഇടപെടാൻ കഴിയുന്ന എല്ലാപേരെയും പങ്കെടുപ്പിച്ച് ഒരു മീറ്റിംഗ് കൂടി അതത് സ്ഥലങ്ങളിലുള്ള വാസസ്ഥലങ്ങളും, കിണറുകളും, കുടിവെള്ള സ്രോതസ്സുകളും മറ്റും ശുചിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അതിന് ആവശ്യമായ ഫണ്ട് അനുവദിച്ചു നൽകേണ്ടതുമാണ്.

ഇ. ചന്ദ്രശേഖരൻ

എല്ലാ ജില്ലാകളക്ടർമാർക്കും

ഫോൺ-ഓഫീസ് : 0471-2333670, 2327068 വസതി : 2318602, 2314652
മൊബൈൽ : 9447557498, 9447672200

GOVERNMENT OF KERALA

FOOD AND CIVIL SUPPLIES (D) DEPARTMENT

No. 2783433/D3/2018/F&CSD.

Thiruvananthapuram,
Dated: 19.08.2018

From

The Secretary to Government.

To

The State Level Co-ordinator for Oil Companies,
C/o. Indian Oil Corporation Limited,
Panampilly Nagar, Cochi – 36.

All District Collectors

Director of Civil Supplies, Thiruvananthapuram

Sir,

Sub: F&CSD – Flood Relief Measures- Steps to be taken to ensure availability of LPG -reg

I am directed to intimate that uninterrupted availability of LPG is highly essential for the people at large especially for those residing in the flood affected areas. Hence I am to request you to take the following immediate steps to ensure the availability of LPG in the flood affected areas and the public at large, as a part of the various relief measures being adopted by the Government in the backdrop of the recent flood and the resultant havoc in the entire state.

1. Cash and Carry permission in all Districts.
2. Permission to effect refill delivery at public place to increase the numbers. Police Protection at such places to avoid law and order problem
3. Permission to use normal3/4 wheelers for transportation of cylinder refills from distributor to customer/cash and carry delivery at public place. Currently only RTO endorsed vehicles are allowed to transport LPG cylinders on road.
4. Police Protection at show rooms / LPG Godown at flood affected areas
5. Support from all labour unions for uninterrupted working of LPG bottling plants & distributorships including refill delivery, loading / unloading activity at distributor end

As LPG is the only fuel for cooking in the absence of firewood and the scarcity of the same will adds to the burden of the much suffered people at the flood affected areas, the above said measures may be implemented with utmost priority.

Yours faithfully,
MONYLAL B.S
Joint Secretary
For Secretary to Government

Approved for issue,

Section Officer

LPG Oil Industry Contact Co-ordinators

1. A. Ravi, GM (LPG-Sale) IOCL 9446002474 ravia@indianoil.in
2. Gopakumar Balakrishnan ,DGM (Kochi LPG) Regl Office 8547170186 gbala@hpcl.in
3. Venkitesan.K
   State Head (LPG) BPCL 9869360498 venkitesank4318@bharatpetroleum.in

GOVERNMENT OF KERALA

No.CA2/322/2018/CAD

Consumer Affairs Department
Thiruvananthapuram
Dated 19/08/2018

From
The Secretary

To
The Controller of Legal Metrology

All District Collectors

Sir,

Sub:- Consumer Affairs Department – Excess price above MRP for Bottled Drinking water in the flood affected areas- Directions - reg.

I am to invite your attention to the above mentioned subject and to inform you that various complaints have been received regarding the excess price above MRP for bottled drinking water in the flood affected areas. Hence I am to direct you to make sure that no excess amount is collected above MRP for all goods. The Petrol pumps in the flood affected areas which require re-calibration need to be attended on war footing.

Yours faithfully
Saju. S
Joint Secretary
For Secretary to Government

Approved for issue

Section Officer

GOVERNMENT OF KERALA

Abstract

Disaster Management Department – Flood – Relief measures – Clearance of affected areas- Orders issued.

DISASTER MANAGEMENT (A) DEPT

G.O.(Rt)No.453/2018/DMD Dated 20/08/2018,Thiruvananthapuram

Read 1 G.O.(P)No.2/2018/DMD dated 26.07.2018

2 G.O.(P)No.3/2018/DMD dated 03.08.2018

3 G.O.(Rt)No.450/2018/DMD dated 18.08.2018

ORDER

The Government are pleased to order that in the villages that are notified as flood affected, an amount of Rs. 25,000/-(Rupees Twenty Five Thousand Only) / Panchayat Ward and an amount of Rs. 50,000/-(Rupees Fifty Thousand Only) / Municipality or Corporation ward shall be utilized for clearance of affected areas. These funds shall be utilized for hiring of vehicles, pumps, boats, purchase of sanitation chemicals, expenditure in connection with engagement of volunteers etc. that are required for the clearance of affected areas. Expenditure in this regards shall be met from the Head of Account '2245-02-101-94 Flood-Other items',2018-19.

(By order of the Governor)
P.H.KURIAN
Additional Chief Secretary

To:

The Commissioner, Land Revenue, Thiruvananthapuram
All District Collectors
The Member Secretary, KSDMA, Observatory Hills, Vikas Bhavan P.O., Thiruvananthapuram
The Web and New Media, I & PRD
Stock File / Office Copy

Copy to :PS to Chief Minister
PS to Minister, Revenue & Housing
AS to Chief Secretary
PS to Additional Chief Secretary, Revenue&DMD

PS to Principal Secretary, Local Self Govt. Department

Forwarded / By Order

Section Officer

ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ നടപടിക്രമം

(ഹാജർ ഡോ. ആർ. അജയകുമാർ വർമ്മ.)

നം. 2813/A/2018/SM തീയതി: 20/08/2018

വിഷയം : മൃഗങ്ങളുടെയും മറ്റു ജന്തുക്കളുടെയും ശവശരീരങ്ങൾ സംസ്കരിക്കുന്നതിനുള്ള നടപടികൾ സംബന്ധിച്ച്.

സൂചന: ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ എടുത്ത തീരുമാനം

വെള്ളപ്പൊക്കബാധിതപ്രദേശങ്ങളിൽ നിരവധി മൃഗങ്ങളുടെയും മറ്റു ജന്തുക്കളുടെയും ശവശരീരങ്ങൾ ഉണ്ടാകാം. ഇവ അടിയന്തിരമായും സുരക്ഷിതമായും നിർമ്മാർജ്ജനം ചെയ്യുന്നതിന് താഴെപറയുന്ന നടപടികൾ ഉടനടി സ്വീകരിക്കേണ്ടതാണ്.

1. കണ്ടെത്തുന്ന മൃഗങ്ങളുടെ മൃതശരീരങ്ങൾ ഏറ്റവുമടുത്ത് ലഭ്യമായ പ്രദേശത്ത് തന്നെ സുരക്ഷിതമായി സംസ്കരിക്കേണ്ടതാണ്. ഇതിനായുള്ള സ്ഥലം കണ്ടെത്തുന്നതിന് മൃഗസംരക്ഷണ വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ജെ.സി.ബി ഉപയോഗപ്പെടുത്തി മൃഗസംരക്ഷണ വകുപ്പ് കണ്ടെത്തുന്ന സ്ഥലത്ത് മൃഗങ്ങളുടെ മൃതശരീരം എത്തിച്ച് താഴെപറയുന്ന രീതിയിൽ നിർമ്മാർജ്ജനം ചെയ്യേണ്ടതാണ്.

   a) ഉറപ്പുള്ള മണ്ണാണെങ്കിൽ ജലസ്രോതസിൽ നിന്നും 10 മീറ്റർ മാറി ലഭ്യമായ സ്ഥലത്ത് 5 മുതൽ 6 അടി വരെ താഴ്ചയിൽ കുഴിയെടുത്ത് അതിൽ കരിയില വിതറി അതിനുമുകളിൽ മൃഗങ്ങളുടെ മൃതശരീരങ്ങൾ വച്ച് മണ്ണിട്ട് മൂടുകയും നായ്ക്കൾ മാന്താതിരിക്കാൻ ഇഷ്ടിക അടുക്കി സംരക്ഷിക്കേണ്ടതാണ്. നീറ്റുകക്ക ലഭ്യമാണെങ്കിൽ അത് പൊതിഞ്ഞ് മൃതശരീരം മൂടാവുന്നതാണ്

   b) കുഴിയെടുക്കുവാൻ ബുദ്ധിമുട്ടുള്ള ഇടമാണെങ്കിൽ തൊണ്ട്, കരിയില ഇവ വിതറി മൃതശരീരം വച്ച് തൊണ്ടും ചിരട്ടയും ഉപയോഗിച്ച് ചിതയൊരുക്കി കത്തിച്ച് സംസ്കരിക്കാവുന്നതാണ്.

   c) മൊബൈൽ വാതക ശ്മശാനമോ മൊബൈൽ ഇൻസിനറേറ്ററുകളോ ലഭ്യമാണെങ്കിൽ അവ ഉപയോഗപ്പെടുത്തി കൂടുതൽ ഇന്ധനം ഉപയോഗപ്പെടുത്തി സംസ്കരിക്കേണ്ടതാണ്.

   d) ഈർപ്പമുള്ള മണ്ണാണെങ്കിൽ ജലസ്രോതസിൽ നിന്നും 10 മീറ്റർ മാറി ഇഷ്ടിക ഉപയോഗിച്ചോ മണ്ണ് ഉപയോഗിച്ചോ തറനിരപ്പിൽ നിന്നും 50 സെമീ ഉയർന്ന പ്ളാറ്റ്ഫോം നിർമ്മിച്ച് മൃതശരീരം അതിൽ വച്ച് ലഭ്യമാണെങ്കിൽ കരിയില, നീറ്റുകക്ക ഇവയിൽ പൊതിഞ്ഞ് മണ്ണിട്ട് മൂടേണ്ടതാണ്. മൺക്കൂമ്പാരം നായ്ക്കൾ മാന്താതിരിക്കാൻ കല്ലുകൾ വച്ച് സംരക്ഷിക്കേണ്ടതാണ്.

2. കണ്ടെത്തുന്ന മൃഗങ്ങളുടെ മൃതശരീരങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിന് അടുത്തെങ്ങും സുരക്ഷിതമായ സ്ഥലം ലഭ്യമല്ലെങ്കിൽ പൊതുസ്ഥലമോ സർക്കാർ വക വെള്ളക്കെട്ടില്ലാത്ത സ്ഥലമോ കണ്ടെത്തേണ്ടതാണ്. ഇതിനായി മൃഗസംരക്ഷണ വകുപ്പനെ ചുമതലപ്പെടുത്തിയിട്ടുള്ളതും വകുപ്പിന്റെ ഏറ്റവും അടുത്തുള്ള ഓഫീസിൽ ബന്ധപ്പെടേണ്ടതുമാണ്.

മേൽപ്പറഞ്ഞ രീതിയിൽ ഏതെങ്കിലും അവലംബിച്ച് മൃഗങ്ങളുടെ മൃതശരീരങ്ങൾ ഉടനടി സംസ്കരിക്കുന്നതിന് ശുചീകരണ പ്രവർത്തനങ്ങൾക്ക് ഉത്തരവാദിത്വപ്പെടുത്തിയിട്ടുള്ള നഗരസഭയിലെ ആരോഗ്യ വിഭാഗം ഉദ്യോഗസ്ഥനും പഞ്ചായത്തിലെ അസി. സെക്രട്ടറിയും നടപടി സ്വീകരിക്കണം. ഇക്കാര്യത്തിൽ കൂടുതൽ സ്പഷ്ടീകരണം ആവശ്യമെങ്കിൽ അടിയന്തിരമായി ശുചിത്വമിഷന്റെ സഹായം തേടാവുന്നതാണ്.

ഡോ. ആർ. അജയകുമാർ വർമ്മ.
(എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ)

സ്വീകർത്താവ്

എല്ലാ ജില്ലാ കോ - ഓർഡിനേറ്റർമാർക്കും

പകർപ്പ് : വൈസ് ചെയർപേഴ്സൺ, ഹരിതകേരളംമിഷൻ
മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
റൂറൽ ഡവലപ്മെന്റ് കമ്മീഷണർ, തിരുവനന്തപുരം

കേരള സർക്കാർ

ദുരന്ത നിവാരണ (എ) വകുപ്പ്

പരിപത്രം

നമ്പർ. ഡി.എംഎ 1/378/2018-ഡി.എം.ഡി

തിരുവനന്തപുരം,
തീയതി : 21/08/2018

വിഷയം:- ദുരന്ത നിവാരണ വകുപ്പ് - വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങൾ - ക്യാമ്പുകളുടെ നടത്തിപ്പിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ - സംബന്ധിച്ച്

സൂചന:-
1. സ.ഉ(എം.എസ്)നം.6/2018/ഡി.എം.ഡി തീയതി 02.06.2018.
2. സ.ഉ(എം.എസ്)നം.7/2018/ഡി.എം.ഡി തീയതി 21.06.2018.
3. സ.ഉ(പി)നം.2/2018/ഡി.എം.ഡി തീയതി 26.07.2018.
4. സ.ഉ(പി)നം.3/2018/ഡി.എം.ഡി തീയതി 03.08.2018.
5. സ.ഉ(എം.എസ്) നം.12/2018/ഡി.എം.ഡി തീയതി 10.08.2018.
6. സ.ഉ(എം.എസ്) നം.13/2018/ഡി.എം.ഡി തീയതി 16.08.2018.
7. സ.ഉ(എം.എസ്) നം.14/2018/ഡി.എം.ഡി തീയതി 17.08.2018.

സംസ്ഥാനം അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന രൂക്ഷമായ പ്രളയക്കെടുതികളുടെ പശ്ചാത്തലത്തിൽ ദുരന്ത ബാധിതരെ പുനരധിവസിപ്പിച്ചിരിക്കുന്ന ദുരിതാശ്വാസ ക്യാമ്പുകളുടെ സുഗമമായ നടത്തിപ്പുമായി ബന്ധപ്പെട്ട് വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. എല്ലാ ക്യാമ്പുകളിലും ചുമതലക്കാരായി രണ്ട് ഉദ്യോഗസ്ഥരെ നിയോഗിക്കണം. ഷിഫ്റ്റ് വ്യവസ്ഥയിൽ ഇവരുടെ സേവനം എല്ലാദിവസവും 8 മണിക്കൂർ വീതം ക്യാമ്പിൽ ലഭ്യമായിരിക്കണം.
2. ഇലക്ഷൻ സമയത്തെ രീതിയിൽ എട്ട് ക്യാമ്പുകൾക്ക് ഒരു സെക്ടർ ഓഫീസർ എന്ന നിലയിൽ ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തണം. ജില്ലാ കളക്ടർക്ക് ഏതൊരു വകുപ്പിലെയും ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്താം. ഈ ഉദ്യോഗസ്ഥന് ഒരു വാഹനം വാടകയ്ക്ക് നൽകുകയും, ദിവസവും ഒരു തവണ എങ്കിലും ഇദ്ദേഹം ക്യാമ്പുകൾ സന്ദർശിച്ച് വൈകിട്ട് 3 മണിക്കുള്ളിൽ ക്യാമ്പ് പരിപാലന വിവര ശേഖരണ ഫോറം പൂരിപ്പിച്ച് വാങ്ങുകയും വേണം. ഇത്തരത്തിൽ ശേഖരിച്ച ഫോറം അതാത് സെക്ടർ ഓഫീസർമാർ ജില്ലാ എമർജൻസി ഓപ്പറേഷൻസ് സെന്ററിൽ WhatsApp/ഇമെയിൽ എന്നിവ വഴി ലഭ്യമാക്കുകയും ചെയ്യുക. ഇതിനായി WhatsApp/ഇമെയിൽ എന്നിവ ജില്ലാ തലത്തിൽ ലഭ്യമാക്കുക.
3. എല്ലാ ക്യാമ്പുകളിലും ക്യാമ്പ് പരിപാലന കമ്മിറ്റി രൂപീകരിക്കുക. കമ്മിറ്റി അംഗങ്ങൾ വാർഡ് മെമ്പർ, ക്യാമ്പിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥൻ, ക്യാമ്പിലെ ഒരു വനിതാ പ്രതിനിധി, ക്യാമ്പിലെ ഒരു പുരുഷ പ്രതിനിധി.
4. ക്യാമ്പിന് പുറത്തുള്ള ആരെയും കമ്മിറ്റിയിൽ അംഗം ആക്കുവാൻ പാടുള്ളതല്ല.
5. പ്രസ്തുത കമ്മിറ്റി എല്ലാ ദിവസവും രണ്ട് തവണ എങ്കിലും യോഗം ചേർന്ന് ക്യാമ്പ് നടത്തിപ്പ് വിലയിരുത്തേണ്ടതാണ്.

6. വിലയിരുത്തേണ്ട വിഷയങ്ങൾ ചുവടെ ചേർക്കുന്നു:

2018 - ക്യാമ്പ് പരിപാലന വിവര ശേഖരണ ഫോറം			
ക്യാമ്പിന്റെ പേര്, വില്ലേജ്			
റിപ്പോർട്ട് തീയതി, സമയം			
ക്രമ നം.	വിഷയം	സാഹചര്യം	
1	ഭക്ഷണ ലഭ്യത	നാളത്തെ ആവശ്യത്തിന് ഉണ്ട്	
		നാളത്തെ ആവശ്യത്തിന് ഇല്ല	
2	ആർക്കെങ്കിലും അസുഖം ഉണ്ടോ	ഉണ്ട്	
		ഇല്ല	
3	വൈദ്യുതി/ജനറേറ്റർ	ഉണ്ട്	
		ഇല്ല	
4	പ്രവർത്തിക്കുന്ന എത്ര ശുചിമുറികൾ ഉണ്ട്		
5	ഡോക്ടറുടെ സേവനം ലഭ്യമാണോ	ഉണ്ട്	
		ഇല്ല	
6	സ്ത്രീകൾ എത്ര		
7	ഗർഭിണികൾ എത്ര		
8	പുരുഷന്മാർ എത്ര		
9	കുട്ടികൾ എത്ര		
10	അംഗപരിമിതർ എത്ര		
11	ശുദ്ധ ജല ലഭ്യത ക്യാമ്പിൽ ഉണ്ടോ	ഉണ്ട്	
		ഇല്ല	

7. ക്യാമ്പുകളിൽ ഭക്ഷണവും മറ്റ് അത്യാവശ്യ വസ്തുക്കളും എത്തിക്കുന്ന വിവിധ രാഷ്ട്രീയ പാർട്ടികളും, സന്നദ്ധ സംഘടനകളും, മത സ്ഥാപനങ്ങളും, വ്യക്തികളും ക്യാമ്പിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥന്റെ കൈവശം മാത്രം ഇവ നൽകേണ്ടതാണ്. ലഭിക്കുന്ന വസ്തുക്കളുടെ വിതരണം ക്യാമ്പ് പരിപാലന കമ്മിറ്റിയുടെ ഉത്തരവാദിത്തവുമാണ്. സർക്കാർ സംവിധാനത്തിലൂടെ അല്ലാതെ ലഭിക്കുന്ന സഹായങ്ങൾക്ക് പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കുക.
8. ക്യാമ്പുകളിൽ സന്നദ്ധ സംഘടനകൾ, രാഷ്ട്രീയ സംഘടനകൾ, മത സ്ഥാപനങ്ങൾ എന്നിവർ നേരിട്ട് വസ്തുവകകളും, ആഹാര സാധനങ്ങളും വിതരണം ചെയ്യുന്നില്ല എന്ന് ക്യാമ്പിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥൻ കർശനമായി ഉറപ്പ് വരുത്തണം.
9. ക്യാമ്പുകളിൽ രാഷ്ട്രീയ, ജാതി, മത പരിഗണനകൾ ഉണ്ടാകുവാൻ പാടുള്ളതല്ല.
10. ക്യാമ്പുകളിൽ വിവിധ രാഷ്ട്രീയ പാർട്ടികളും, സന്നദ്ധ സംഘടനകളും, രാഷ്ട്രീയ സംഘടനകളും, മത സ്ഥാപനങ്ങളും അവരുടെ അടയാളങ്ങൾ ഒഴിവാക്കിക്കൊണ്ട് ക്യാമ്പിൻറെ പ്രവർത്തനങ്ങളുമായി സഹകരിക്കണം.

മേൽ നിർദ്ദേശങ്ങളിൽ കാര്യക്ഷമമായും സമയബന്ധിതമായും നടപടി സ്വീകരിക്കേണ്ടതാണ്.

പി.എച്ച് കുര്യൻ
അഡീഷണൽ ചീഫ് സെക്രട്ടറി

എല്ലാ ജില്ലാ കളക്ടർമാർക്കും
ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം

മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, ഒബ്സർവേറ്ററി ഹിൽസ്,
വികാസ് ഭവൻ പി.ഒ, തിരുവനന്തപുരം
ഡയറക്ടർ, ഗ്രാമവികസന വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, നഗരകാര്യ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, ആരോഗ്യ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, കൃഷി വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, ഫിഷറീസ് വകുപ്പ്, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് (റോഡ്സ് & ബ്രിഡ്ജസ്) വകുപ്പ്
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, സാമൂഹ്യ നീതി വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
റവന്യൂ വകുപ്പ്
ഭക്ഷ്യ പൊതുവിതരണ വകുപ്പ്
ജലവിഭവ വകുപ്പ്
ആരോഗ്യ വകുപ്പ്
തദ്ദേശ സ്വയംഭരണ വകുപ്പ്
സാമൂഹ്യനീതി വകുപ്പ്
കൃഷി വകുപ്പ്
ഫിഷറീസ് വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

പകർപ്പ് :- ബഹു: മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
എല്ലാ മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്
റവന്യൂ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ യ്ക്ക്

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

ഡിസാസ്റ്റർ മാനേജ്മെന്റ് (എ) വകുപ്പ്

പരിപത്രം

നമ്പർ. ഡി.എം.1/385/2018/ഡി.എം.ഡി.

തിരുവനന്തപുരം,
തീയതി : 22/08/2018

വിഷയം:- ദുരന്ത നിവാരണ (എ)വകുപ്പ് - വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങൾ - ദുരിതാശ്വാസ ക്യാമ്പുകളിലേക്കുള്ള ഭക്ഷ്യ ഭക്ഷ്യേതര സാധനങ്ങളുടെ സംഭരണവും വിതരണം - മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

സൂചന:- 21.08.2018-ലെ ഡി.എം.ഡി.1-378/18 നമ്പർ പരിപത്രം.

കേരള സംസ്ഥാനം അഭിമുഖീകരിക്കുന്ന അതിരൂക്ഷമായ പ്രളയക്കെടുതി മൂലം ദുരിതം അനുഭവിക്കുന്നവർക്ക് യഥാസമയം സഹായം എത്തിക്കുന്നതിൽ ന്യൂനതകൾ ഉണ്ടായിട്ടുണ്ടെന്നുള്ള പരാതികളുടെ പശ്ചാത്തലത്തിൽ ദുരിതബാധിതരെ പുനരധിവസിപ്പിക്കുന്നതിനും ആശ്വാസം എത്തിക്കുന്നതിനും ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് ആവശ്യമായ ഭക്ഷ്യ ഭക്ഷ്യേതര വസ്തുക്കൾ സംഭരിക്കുന്നതിനും അവ വിതരണം ചെയ്യുന്നതിനും താഴെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

(1) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാ ദുരിതാശ്വാസ ക്യാമ്പുകളിലും ചുമതലയ്ക്കായി ഉദ്യോഗസ്ഥരേയും, സെക്ടർ ഓഫീസർമാരേയും നിയമിച്ച് സൂചന പ്രകാരം ഉത്തരവായിരുന്നു. എന്നാൽ ഭക്ഷ്യ ഭക്ഷ്യേതര സാധനങ്ങളുടെ സമാഹരണത്തിലും വിതരണത്തിനുമായി ഒരു കേന്ദ്രീകൃത സംവിധാനത്തിന്റെ അപര്യാപ്തത സംജാതമായിട്ടുള്ളതിനാൽ ഭക്ഷ്യ ഭക്ഷ്യേതര സാധനങ്ങളുടെ സമാഹരണത്തിനും വിതരണത്തിനുമായി ജില്ലാ തല നോഡൽ ഓഫീസറെ അടിയന്തിരമായി ചുമതലപ്പെടുത്തേണ്ടതാണ്.

(2) നോഡൽ ഓഫീസറുടെ മേൽനോട്ടത്തിൽ ജില്ലയിൽ ആവശ്യാനുസരണം ഡെപ്യൂട്ടി തഹസീൽദാർ / ജൂനിയർ സൂപ്രണ്ടിന്റെ നേതൃത്വത്തിൽ സംഭരണ/വിതരണ കേന്ദ്രങ്ങൾ ആരംഭിക്കേണ്ടതാണ്.

(3) സംഭരണ/ വിതരണ കേന്ദ്രങ്ങളിൽ നോഡൽ ഓഫീസറുടെ അറിവോടെ കൂടി മാത്രമേ ഭക്ഷ്യ ഭക്ഷ്യേതര സാധനങ്ങൾ സംഭരിക്കാവൂ.

(4) സംഭരണ/വിതരണ കേന്ദ്രങ്ങളിൽ സർക്കാർ, സന്നദ്ധസംഘടനകൾ, വ്യക്തികൾ തുടങ്ങി എല്ലാ മാർഗ്ഗങ്ങളിലൂടെയും ലഭ്യമാകുന്ന ഭക്ഷ്യ ഭക്ഷ്യേതര സാധനങ്ങളുടെ വിശദമായ പട്ടിക തരം / ഇനം തിരിച്ച് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്.

(5) ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് നിത്യേന ആവശ്യമായ ഭക്ഷ്യ ഭക്ഷ്യേതര സാധനങ്ങളുടെ പട്ടിക ക്യാമ്പിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥൻ തയ്യാറാക്കേണ്ടതും അവ ഇൻഡന്റ് നൽകി സംഭരണ / വിതരണ കേന്ദ്രങ്ങളിൽ നിന്നും ഏറ്റുവാങ്ങേണ്ടതുമാണ്. ഏറ്റുവാങ്ങുന്ന സാധനങ്ങൾ സംബന്ധിച്ച വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ നിർബന്ധമായും സൂക്ഷിക്കേണ്ടതാണ്.

(6) ക്യാമ്പുകളിൽ എത്താത്ത ദുരിതബാധിതർക്ക് കൂടി അർഹതയുടെ അടിസ്ഥാനത്തിൽ ഭക്ഷ്യ ഭക്ഷ്യേതര സാധനങ്ങൾ വിതരണം ചെയ്യാവുന്നതാണ്. ഉൾപ്രദേശങ്ങളിൽ ഒറ്റപ്പെട്ട് കഴിയുന്ന ദുരിത ബാധിതർക്കും അവശ്യ സാധനങ്ങൾ ലഭ്യമാകുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

(7) സംഭരണ / വിതരണ കേന്ദ്രങ്ങളിൽ നിന്നും ക്യാമ്പുകളിലേക്ക് വിതരണം ചെയ്യുന്ന സാധനങ്ങളുടെ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി up to date ആയി സൂക്ഷിക്കേണ്ടതാണ്.

(8) സംഭരണ / വിതരണ കേന്ദ്രങ്ങളിൽ ആവശ്യസാധനങ്ങളുടെ ലഭ്യതക്കുറവ് ഉണ്ടാകുന്ന പക്ഷം നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് ഇൻഡന്റ് നൽകി ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പിൽ നിന്നു ലഭ്യമാക്കേണ്ടതാണ്. ഇത്തരത്തിൽ ലഭ്യമാക്കുന്ന സാധനങ്ങളുടെ വരവും, വിതരണ കണക്കും, സാധനങ്ങളുടെ വിലയും ഒരു പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

(9) സംഭരണ /വിതരണ കേന്ദ്രങ്ങളിൽ ആവശ്യമെങ്കിൽ സഹായത്തിനായി സന്നദ്ധപ്രവർത്തകരെ നോഡൽ ഓഫീസർക്ക് നിയോഗിക്കാവുന്നതാണ്.

(10) സംഭരണ /വിതരണ കേന്ദ്രങ്ങളിലും ദുരിതാശ്വാസ ക്യാമ്പുകളിലും പുറമെ നിന്നുള്ള അനാവശ്യ ഇടപെടലുകൾ കർശനമായും നിയന്ത്രിക്കേണ്ടതാണ്.

(11) സർക്കാരിന്റെ മേൽനോട്ടത്തിൽ അല്ലാതെ മതം, രാഷ്ട്രീയം, സംഘടന എന്നിവയുടെ അടിസ്ഥാനത്തിൽ പ്രത്യേക ഗ്രൂപ്പുകൾക്ക് വേണ്ടി സ്വകാര്യ ക്യാമ്പുകൾ നടത്തുകയാണെങ്കിൽ ആ ക്യാമ്പുകളിലേക്ക് സാധനങ്ങൾ സംഭരണ / വിതരണം കേന്ദ്രങ്ങളിൽ നിന്നും വിതരണം ചെയ്യാൻ പാടുള്ളതല്ല. അത്തരം ക്യാമ്പുകളിൽ കഴിയുന്നവരെ കൂടി പൊതു ക്യാമ്പുകളുടെ ഭാഗമാക്കേണ്ടതാണ്.

(12) സംഭരണ /വിതരണ കേന്ദ്രങ്ങളിൽ നിന്നും വ്യക്തികൾ, സംഘടനകൾ ഭക്ഷ്യ ഭക്ഷ്യേതര സാധനങ്ങൾ ഏറ്റുവാങ്ങി സംഭരിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

(13) ഭക്ഷ്യേതര സാധനങ്ങൾ പ്രത്യേകമായ കണക്ക് വച്ച് എല്ലാവർക്കും കൃത്യമായും തുല്യമായും ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്തി വിതരണം ചെയ്യേണ്ടതാണ്. ഒരു ക്യാമ്പിൽ ഒരേ നിലവാരത്തിലും തരത്തിലുമുള്ള സാധനങ്ങൾ ലഭിച്ചുവെന്ന് പരമാവധി ഉറപ്പ് വരുത്തേണ്ടതാണ്.

(14) മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾ കുറ്റമറ്റ രീതിയിൽ നടക്കുന്നുവെന്ന് ജില്ലാ കളക്ടർ ഉറപ്പ് വരുത്തേണ്ടതും ഇക്കാര്യങ്ങളിൽ ഉണ്ടാകുന്ന വീഴ്ചകൾ ഗൗരവമായി വീക്ഷിക്കുന്നതുമാണ്.

പി.എച്ച് കുര്യൻ
അഡീഷണൽ ചീഫ് സെക്രട്ടറി

എല്ലാ ജില്ലാ കളക്ടർമാർക്കും
ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം

മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി,
റവന്യൂ കോംപ്ലക്സ്, പബ്ലിക്ക് ഓഫീസ് ബിൽഡിംഗ്, തിരുവനന്തപുരം
ഡയറക്ടർ, ഭക്ഷ്യപൊതുവിതരണ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, ഗ്രാമവികസന വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, നഗരകാര്യ വകുപ്പ്, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
തദ്ദേശ സ്വയംഭരണ വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

പകർപ്പ് :- ബഹു: മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്
ദുരന്ത നിവാരണ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ യ്ക്ക്
സ്പെഷ്യൽ സെക്രട്ടറിയുടെ (റവന്യൂ വകുപ്പ്) സി.എ.യ്ക്ക്
അഡീഷണൽ സെക്രട്ടറിയുടെ (ദുരന്ത നിവാരണ വകുപ്പ്) സി.എ.യ്ക്ക്

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

ലാൻഡ് റവന്യൂ കമ്മീഷണറുടെ നടപടിക്രമം
പബ്ലിക്ക് ആഫീസ് ബിൽഡിംഗ്, മ്യൂസിയം ജംഗ്ഷൻ, തിരുവനന്തപുരം - 33
(ഹാജർ : എ.റ്റി.ജെയിംസ്, ഐ.എ.എസ്)

എൽ.ആർ (എച്ച്)2-37242/18 (1) തീയതി : 22/08/2018

വിഷയം : ദുരന്തനിവാരണ വകുപ്പ് - വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങൾ - ദുരിതാശ്വാസ ക്യാമ്പുകളിലേയ്ക്കുള്ള ഭക്ഷ്യ ഭക്ഷ്യേതര സാധനങ്ങളുടെ സംഭരണവും വിതരണവും - മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന : 22/08/2018 ലെ ഡി.എം.1-378/18 നമ്പർ പരിപത്രം.

കേരള സംസ്ഥാനം അഭിമുഖീകരിക്കുന്ന അതിരൂക്ഷമായ പ്രളയക്കെടുതി മൂലം ദുരിതം അനുഭവിക്കുന്ന പശ്ചാത്തലത്തിൽ ദുരന്തബാധിതരെ പുനരധിവസിപ്പിക്കുന്ന തിനും ആശ്വാസം എത്തിക്കുന്നതിനും ദുരിതാശ്വാസ ക്യാമ്പുകളിലേയ്ക്ക് ആവശ്യമായ ഭക്ഷ്യ ഭക്ഷ്യേതര വസ്തുക്കൾ സംഭരിക്കുന്നതിനും അവ വിതരണം ചെയ്യുന്നതിനും സൂചന പ്രകാരം സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായിട്ടുണ്ട്. ടി ഉത്ത രവ് പ്രകാരം ഭക്ഷ്യ ഭക്ഷ്യേതര സാധനങ്ങളുടെ സമാഹരണത്തിനും വിതരണത്തിനുമായി ജില്ലാ തലത്തിൽ ഒരു ഗസറ്റഡ് ഉദ്യോഗസ്ഥനെ നോഡൽ ആഫീസറായി നിയമിച്ചിട്ടു ള്ളതും ടിയാളുടെ മേൽനോട്ടത്തിൽ ജില്ലയിൽ ആവശ്യാനുസരണം ഡെപ്യൂട്ടി തഹ സിൽദാർ / ജൂനിയർ സൂപ്രണ്ടിന്റെ നേതൃത്വത്തിൽ സംഭരണ/വിതരണ കേന്ദ്രങ്ങൾ ആരം ഭിക്കാനും നിർദ്ദേശിച്ചിട്ടുള്ളതുമാണ്. ടി പ്രവർത്തനങ്ങളുടെ സംസ്ഥാനതലത്തിലുള്ള ഏകോപനത്തിനും നടത്തിപ്പിനുമായി ശ്രീ.ഇ.മുഹമ്മദ് സഫീർ, അസിസ്റ്റന്റ് സെക്രട്ടറി, സ്റ്റേറ്റ് ലാൻഡ് ബോർഡിനെ സംസ്ഥാനതല നോഡൽ ആഫീസറായി നിയമിച്ച് ഉത്തരവാ കുന്നു.

സംസ്ഥാന തല നോഡൽ ആഫീസർ സംഭരണ/വിതരണ കേന്ദ്രങ്ങളിൽ ലഭ്യമായ ഭക്ഷ്യ ഭക്ഷ്യേതര സാധനങ്ങളുടെ ഇനം തിരിച്ചുള്ള വിവരങ്ങളും, അവ എവിടെ നിന്നും ലഭ്യമായിയെന്നതിന്റെ വിശദാംശങ്ങളും, ഓരോ ക്യാമ്പിലേയ്ക്കും വിതരണം ചെയ്ത ഭക്ഷ്യ ഭക്ഷ്യേതര വസ്തുക്കളുടെ ഇനം തിരിച്ചുള്ള കണക്കും, ഭക്ഷ്യ വസ്തുക്കൾ പൊതുവിതരണ വകുപ്പിൽ നിന്നും ഇൻഡന്റ് നൽകി വാങ്ങിയിട്ടുണ്ടെങ്കിൽ ആയതിന്റെ കണക്കും ജില്ലാ തലത്തിലുള്ള നോഡൽ ആഫീസർമാരിൽ നിന്നും ലഭ്യമാക്കി് സമർപ്പി ക്കേണ്ടതാണ്

(ഒപ്പ്)
കമ്മീഷണർ

ബന്ധപ്പെട്ട ഉദ്യോഗസ്ഥന്

പകർപ്പ് :
1. സെക്രട്ടറി, സ്റ്റേറ്റ് ലാൻഡ് ബോർഡ്, തിരുവനന്തപുരം
2. കമ്മീഷണറുടെ സി.എ
3. കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

അസിസ്റ്റന്റ് കമ്മീഷണർ (ഡി.എം)

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പ്രളയക്കെടുതി - പുനരധിവാസ നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി ഏകീകരണവും അനുബന്ധ പ്രവൃത്തികൾക്കുമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തുക ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്

സ.ഉ.(സാധാ) നം. 2314/2018/തസ്വഭവ തിരുവനന്തപുരം, തീയതി, 23/08/2018

പരാമർശം:- 16/08/2018 ലെ സ.ഉ.(സാധാ) നം. 2262/2018/തസ്വഭവ നമ്പർ ഉത്തരവ്.

ഉത്തരവ്

പ്രളയക്കെടുതിയുടെ ഭാഗമായുള്ള ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തുന്നത് സംബന്ധിച്ച് പരാമർശ ഉത്തരവ് പ്രകാരം നൽകിയ നിർദ്ദേശങ്ങളിൽ താഴെപറയുന്ന നിർദ്ദേശങ്ങൾ കൂടി ഉൾപ്പെടുത്തിക്കൊണ്ട് പരാമർശിത ഉത്തരവ് ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പ്രളയക്കെടുതിയോടനുബന്ധിച്ചുള്ള പുനരധിവാസ നടപടികൾ ത്വരിതപ്പെടുത്തുന്നതിന് വെള്ളം കയറിയ വീടുകൾ, മുറ്റം, കിണർ എന്നിവ വൃത്തിയാക്കുന്നതിനും ടോയ്ലറ്റ് ഉപയോഗയോഗ്യമാക്കുന്നതിനും വൈദ്യുത ഉപകരണങ്ങൾ നന്നാക്കുന്നതിനും അതിനുവേണ്ട ലഘു ഉപകരണങ്ങളോ സാധനങ്ങളോ വാങ്ങുന്നതിനും ഇലക്ട്രീഷ്യൻ/പ്ലംബർ എന്നിവരുടെ സേവനം പ്രയോജനപ്പെടുത്തുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നോ, തനത് ഫണ്ടിന്റെ അഭാവത്തിൽ പ്ലാൻ ഫണ്ടിൽ നിന്നോ ഒറ്റത്തവണമാത്രം തുക ചെലവഴിക്കുന്നതിനുള്ള അനുമതി നൽകുന്നു.

മേൽ പരാമർശിത ഉത്തരവ് ടി ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
റ്റി.കെ.ജോസ് ഐ.എ.എസ്,
അഡീഷണൽ ചീഫ് സെക്രട്ടറി.

എല്ലാ ജില്ലാ കളക്ടർമാർക്കും
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ,തിരുവനന്തപുരം
ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ (പകർപ്പ് വകുപ്പ് തലവൻമാർ മുഖേന)
ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേയ്ക്കായി)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

GOVERNMENT OF KERALA
FOOD AND CIVIL SUPPLIES (D) DEPARTMENT

No. 2783433/D3/2018/F&CSD.

Thiruvananthapuram,
Dated:24.08.2018

From

The Secretary to Government.

To

The Additional Chief Secretary, Labour Department
The Principal Secretary, Transport Department
The Labour Commissioner, Thiruvananthapuram
The Transport Commissioner, Thiruvananthapuram
The District Collectors/ The District Supply Officers.

Sir,

Sub: F&CSD – Flood Relief Measures- Steps to be taken to ensure availability of LPG- working of LPG Bottling Plants during Onam Holidays -reg

Ref:- 1. This office Letter of even number dated 20.08.2018
2. E- mail Message from the Secretary , Ministry of Petroleum & Natural Gas, GOI

In continuation of the Government letter cited, I am directed to intimate that the Oil Marketing Companies plan to operate the Bottling Plants on 26th and 27th of August , though the Onam holidays are from 24th to 27th of August, considering the exigent situation resulted by the unprecedented floods in the State. However Truck Drivers and Contract Workmen are not willing to work during these days. Since uninterrupted supply and availability of LPG is highly indispensable for bringing back normalcy in the flood affected areas. every possible efforts have been taken in co -ordination with the Oil Industry to ensure the same. But this will yield the desired result only with the co-operation of the Workers and the Truck Drivers . Hence I am directed to request you to take immediate steps, including arranging meeting with the Unions and the Labourers, to bring the contractual staff and truck drivers etc to work so that the work of providing LPG services is not hampered during the crucial period

Yours faithfully,
MINI ANTONY
Secretary to Government

Approved for issue,

Section Officer

LPG Oil Industry Contact Co-ordinators

1. A. Ravi, GM (LPG-Sale) IOCL 9446002474 ravia@indainoil.in
2. Gopakumar Balakrishnan, DGM (Kochi LPG) Regl Office 8547170186 gbala@hpcl.in
3. Venkatesan.K
State Head (LPG) BPCL 9869360498 venkatesank4318@bharatpetroleum.in

GOVERNMENT OF KERALA
FOOD AND CIVIL SUPPLIES (D) DEPARTMENT

No. 2783433/D3/2018/F&CSD.

Thiruvananthapuram,
Dated:24.08.2018

From

The Secretary to Government.

To

The Additional Chief Secretary, Labour Department
The Principal Secretary, Transport Department
The Labour Commissioner, Thiruvananthapuram
The Transport Commissioner, Thiruvananthapuram
The District Collectors/ The District Supply Officers.

Sir,

Sub: F&CSD – Flood Relief Measures- Steps to be taken to ensure availability of LPG- working of LPG Bottling Plants during Onam Holidays -reg

Ref:- 1. This office Letter of even number dated 20.08.2018
2. E- mail Message from the Secretary , Ministry of Petroleum & Natural Gas, GOI

In continuation of the Government letter cited, I am directed to intimate that the Oil Marketing Companies plan to operate the Bottling Plants on 26th and 27th of August , though the Onam holidays are from 24th to 27th of August, considering the exigent situation resulted by the unprecedented floods in the State. However Truck Drivers and Contract Workmen are not willing to work during these days. Since uninterrupted supply and availability of LPG is highly indispensable for bringing back normalcy in the flood affected areas. every possible efforts have been taken in co -ordination with the Oil Industry to ensure the same. But this will yield the desired result only with the co-operation of the Workers and the Truck Drivers . Hence I am directed to request you to take immediate steps, including arranging meeting with the Unions and the Labourers, to bring the contractual staff and truck drivers etc to work so that the work of providing LPG services is not hampered during the crucial period

Yours faithfully,
MINI ANTONY
Secretary to Government

Approved for issue,

Section Officer

LPG Oil Industry Contact Co-ordinators

1. A. Ravi, GM (LPG-Sale) IOCL 9446002474 ravia@indainoil.in
2. Gopakumar Balakrishnan, DGM (Kochi LPG) Regl Office 8547170186 gbala@hpcl.in
3. Venkatesan.K
State Head (LPG) BPCL 9869360498 venkatesank4318@bharatpetroleum.in

കേരള സർക്കാർ

ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്

നം.74 /2018/ധന തിരുവനന്തപുരം, തീയതി: 14.08.2018

പരിപത്രം

വിഷയം — മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിലേക്ക് സർക്കാർ ജീവനക്കാരുടെ 2018 ഓഗസ്റ്റ് മാസത്തെ ശമ്പളത്തിൽ നിന്നും ഒരു വിഹിതം നൽകുന്നതു - സംബന്ധിച്ച്.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിലേക്ക് സംസ്ഥാന സർക്കാർ ജീവനക്കാരുടേയും അദ്ധ്യാപകരുടേയും ഓഗസ്റ്റ് മാസത്തെ ശമ്പളത്തിൽ നിന്നും രണ്ടു ദിവസത്തെ ശമ്പളത്തിൽ കുറയാത്ത തുക നൽകണമെന്ന് ബഹു. മുഖ്യമന്ത്രി അഭ്യർത്ഥിക്കുകയുണ്ടായി. ശമ്പളത്തിൽ നിന്നും ഈ കിഴിവ് നടത്തി ഒടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഡി ഡി ഒ മാരുടേയും വകുപ്പ് മേധാവികളുടെയും അറിവിലേക്കും സത്വര നടപടികൾക്കുമായി പുറപ്പെടുവിക്കുന്നു.

1. സ്പാർക്ക് സംവിധാനത്തിൽ പ്രസ്തുത തുക കുറവ് ചെയ്യുന്നതിനും ആയതിന്റെ പട്ടിക തയ്യാറാക്കുന്നതിനുമുള്ള സംവിധാനം ഉണ്ടായിരിക്കുന്നതാണ്. ഇതോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്ന പെർഫോർമയിൽ ജീവനക്കാരിൽ നിന്നും സമ്മതപത്രം സ്വീകരിച്ച ശേഷം കിഴിവ് നടത്തേണ്ടതാണ്.

2. മേൽ പ്രകാരം കിഴിവ് ചെയ്യപ്പെടുന്ന തുക ഡി ഡി ഒ മാരുടെ സ്പെഷ്യൽ റ്റി എസ് ബി അക്കൗണ്ടിലേക്ക് ആദ്യം വരവ് രേഖപ്പെടുത്തി തുടർന്ന് തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേരിലെ 701010200000080 നമ്പർ ട്രഷറി അക്കൗണ്ടിലേക്ക് വരവ് ചെയ്യുന്നതായിരിക്കും. ഓഗസ്റ്റ് മാസത്തെ ബില്ലിനോടൊപ്പം ഈ ഇനത്തിലുള്ള കിഴിവു തുകയുടെ വിവരവും CMDRF എന്നും രേഖപ്പെടുത്തിയ റ്റി എസ് ബി ചെക്ക് നിർബന്ധമായും ഡി ഡി ഒ മാർ അടക്കം ചെയ്യേണ്ടതാണ്.

3. ബില്ലിൽ പ്രസ്തുത ഫണ്ടിലേക്കുള്ള തുക ഒന്നുമില്ലായെങ്കിൽ ആയതു സംബന്ധിച്ച സാക്ഷ്യപത്രം ഡി ഡി ഒ രേഖപ്പെടുത്തേണ്ടതാണ്.

4. ഓഗസ്റ്റ് മാസത്തെ ശമ്പള ബില്ലുകൾ ഇതിനോടകം ട്രഷറിയിലേക്കു സമർപ്പിച്ചിട്ടുള്ള കേസുകളിൽ മേൽ കിഴിവ് സെപ്തംബർമാസത്തെ ശമ്പളത്തിൽ നിന്നും നടത്താവുന്നതാണ്.

5. സ്പാർക്ക് സംവിധാനത്തിലൂടെ അല്ലാതെ ശമ്പള ബില്ലുകൾ തയ്യാറാക്കുന്ന മറ്റു സ്ഥാപനങ്ങളിലെ ഡി ഡി ഓ മാർ ജീവനക്കാരിൽ നിന്നും തുക ശേഖരിച്ചു നിലവിലെ രീതിയിൽ CMDRF യിലേക്ക് ഒടുക്കാവുന്നതാണ്

6. ഇതുമായി ബന്ധപ്പെട്ട് റീഫണ്ട് നൽകുന്നതിനുള്ള അപേക്ഷകൾ പിന്നീട് പരിഗണിക്കുന്നതല്ല. ആകയാൽ ശമ്പള ബില്ല് തയ്യാറാക്കുന്നത് വളരെ ശ്രദ്ധയോടെ ആയിരിക്കണമെന്ന് പ്രത്യേകം നിർദ്ദേശിക്കുന്നു.

7 ആദായ നികുതി ഇളവിനുള്ള സാക്ഷ്യപത്രം നൽകുന്നതും, അതുമായി ബന്ധപ്പെട്ട മറ്റ് നടപടികളും അതത് ഡി ഡി ഒ മാർ തന്നെ ധനകാര്യ (ഫണ്ട്സ്) വകുപ്പുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ടതാണ്.

8. ഇതു സംബന്ധിച്ച് ട്രഷറി ഓഫീസർമാർ പാലിക്കേണ്ട നിർദ്ദേശങ്ങൾ അടിയന്തിരമായി ട്രഷറി ഡയറക്ടർ നൽകേണ്ടതാണ്.

മേൽ നിർദ്ദേശങ്ങൾ കണിശമായി പാലിക്കുന്നുണ്ടെന്ന് എല്ലാ വകുപ്പ് മേധാവികളും ഉറപ്പ് വരുത്തേണ്ടതാണ്.

മനോജ് ജോഷി
പ്രിൻസിപ്പൽസെക്രട്ടറി (ധനകാര്യം)

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും.
എല്ലാ ജില്ലാ കളക്ടർമാർക്കും.
എല്ലാ വകുപ്പ മേധാവികൾക്കും.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ഗവർണറുടെ സെക്രട്ടറി, രാജ് ഭവൻ, തിരുവനന്തപുരം.
സെക്രട്ടറി, നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.
സെക്രട്ടറി, കേരളാ പബ്ളിക് സർവ്വീസ് കമ്മിഷൻ, തിരുവനന്തപുരം.
രജിസ്ട്രാർ, കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ (ആമുഖ കത്ത് സഹിതം),
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം.
രജിസ്ട്രാർ. കേരള ലോകായുക്ത, തിരുവനന്തപുരം.
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, പട്ടം, തിരുവനന്തപുരം.
സെക്രട്ടറി, സംസ്ഥാന വിവരാവകാശ കമ്മിഷൻ, തിരുവനന്തപുരം.
സ്പാർക്ക് പി എം യു, തിരുവനന്തപുരം
നോഡൽ ഓഫീസർ, www.finance.kerala.gov.in
ധനകാര്യ(ഫണ്ട്സ്) വകുപ്പ്
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് (മാധ്യമ പ്രചാരണത്തിനായി)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

സമ്മതപത്രം

എന്റെ _____ മാസത്തെ ശമ്പളത്തിൽ നിന്നും _____ രൂപ / _____ ദിവസത്തെ തുക കുറവ് ചെയ്ത് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവനയായി നൽകുന്നതിന് സമ്മതമാണെന്ന് ഇതിനാൽ സമ്മതിച്ച് ഒപ്പിട്ട് നൽകുന്നു.

തീയതി:
സ്ഥലം:

പേര്:
പെൻ
ഉദ്യോഗപ്പേര്:
ഓഫീസ്:

To
ബന്ധപ്പെട്ട DDO / വകുപ്പ് / ഓഫീസ് മേധാവിക്ക്

ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം
വഞ്ചിയൂർ.പി.ഒ., തിരുവനന്തപുരം. പിൻ - 695035
ഫോൺ: 0471-2302490 ഫാക്സ്:0471-2303025/20303080
ഇ-മെയിൽ: dhskerala@gmail.com
വെബ്സൈറ്റ്: www.dhs.kerala.gov.in

വെള്ളപ്പൊക്കത്തിന് ശേഷം അവലംബിക്കേണ്ട ആരോഗ്യ മുൻകരുതലുകൾ

വെള്ളപ്പൊക്കം മാറി ആളുകൾ വീടുകളിലേക്ക് തിരിച്ചുപോയി തുടങ്ങുമ്പോൾ ഉണ്ടാകാവുന്ന ആരോഗ്യ പ്രശ്നങ്ങൾ നിരവധിയാണ്

1. പാമ്പ് കടി
2. വൈദ്യുതാഘാതം
3. പരുക്കുകൾ
4. ജലജന്യ രോഗങ്ങൾ
5. ജന്തുജന്യരോഗങ്ങൾ
6. കൊതുക്ജന്യരോഗങ്ങൾ
7. വായുജന്യരോഗങ്ങൾ
8. മലിനജലവും ആയി സമ്പർക്കം മൂലം ഉണ്ടാകാവുന്ന രോഗങ്ങൾ

1. പാമ്പ് കടി

പ്രഥമശുശ്രൂഷ

- ശരീരത്തിന്റെ മറ്റു ഭാഗങ്ങളിലേക്ക് വിഷം വ്യാപിക്കുന്നത് പരമാവധി തടയുന്നതിനുള്ള പ്രഥമശുശ്രൂഷയാണ് പ്രാഥമിക ലക്ഷ്യം
- പാമ്പു കടിയേറ്റെന്ന് മനസ്സിലായാൽ ഒരു കാരണവശാലും പരിഭ്രാന്തരാകുകയോ കടിയേറ്റ വ്യക്തിയെ പേടിപ്പിക്കുകയോ അരുത്. പേടിച്ചാൽ രക്തയോട്ടം കൂടുകയും അതുവഴി വിഷം ശരീരത്തിൽ പെട്ടെന്ന് വ്യാപിക്കുന്നതിനും കാരണമാകും
- മുറിവേറ്റ ഭാഗം സോപ്പും വെള്ളവും ഉപയോഗിച്ച് നന്നായി കഴുകുക
- കടിയേറ്റ വ്യക്തിയെ ഒരു നിരപ്പായ പ്രതലത്തിൽ കിടത്തുക
- മുറിവിന് മുകളിലായി കയറോ തുണിയോ മുറുക്കി കേട്ടേണ്ടതില്ല. ഇത് രക്തയോട്ടം തടസപ്പെടുത്തി കോശങ്ങൾ നശിക്കുന്നതിന് കാരണമാകും
- അഥവാ മുറിവിന് മുകളിൽ തുണി കെട്ടണമെന്നുണ്ടെങ്കിൽ ഒരു വിരൽ ഇടാവുന്ന അയവിൽ മാത്രം തുണി കെട്ടാവുന്നതാണ്
- നിങ്ങളുടെ പരിസരത്ത് പാമ്പുകടിക്കുള്ള ചികിത്സ ലഭ്യമായിട്ടുള്ള ഏറ്റവും അടുത്ത ആശുപത്രി മനസ്സിലാക്കി എത്രയും വേഗം വിദഗദ്ദ സേവനം ലഭ്യമാക്കുക.

2. <u>വൈദ്യുതാഘാതം</u>

- സുരക്ഷിതമായി വ്യക്തിയും വൈദ്യുതിയുമായുള്ള ബന്ധം വേർപ്പെടുത്തുക
- രോഗിക്ക് ബോധം നഷ്ടപ്പെട്ടിട്ടില്ലെങ്കിൽ നിരപ്പായ പ്രതലത്തിൽ കിടത്തി, ആശ്വസിപ്പിച്ച് ഹൃദയസ്പന്ദനവും ശ്വാസോച്ഛ്വാസവും നിരീക്ഷിച്ച് സാധാരണ നിലയിലായെന്ന് ഉറപ്പു വരുത്തി വിദഗദ വൈദ്യ സഹായം നൽകുക
- ബോധം നഷ്ടപ്പെട്ടിട്ടുണ്ടെങ്കിൽ നിരപ്പായ പ്രതലത്തിൽ കിടത്തി, കഴുത്ത് ഒരു വശത്തേക്ക് ചരിച്ച്, താടി അൽപ്പം ഉയർത്തി, ശ്വാസതടസ്സം ഇല്ലായെന്ന് ഉറപ്പു വരുത്തുകയും ഉടൻ വിദഗദ വൈദ്യസഹായം നൽകുകയും ചെയ്യുക.

3. <u>പരുക്കുകൾ</u>

പരുക്കേറ്റ രോഗികൾക്ക് മെഡിക്കൽ ക്യാമ്പ്, മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ, മൊബൈൽ പൊതുജനാരോഗ്യ യൂണിറ്റുകൾ എന്നിവിടങ്ങളിൽ നിന്ന് പരിചരണവും ടെറ്റനസ് ടോക്സോയഡ് ഇൻജക്ഷനും നൽകുന്നതാണ്.

4. <u>ജലജന്യരോഗങ്ങൾ</u>

(വയറിളക്കം, കോളറ, ടൈഫോയ്ഡ്, മഞ്ഞപ്പിത്തം മുതലായവ)

- തിളപ്പിച്ച വെള്ളം മാത്രം കുടിക്കുക
- വെള്ളം ബ്ലീച്ചിംഗ് പൗഡർ ഉപയോഗിച്ച് സൂപ്പർ ക്ലോറിനേറ്റ് ചെയ്ത് ഉപയോഗിക്കുക
- പാത്രങ്ങളും പച്ചക്കറികളും കഴുകുന്ന വെള്ളം ക്ലോറിനേറ്റ് ചെയ്ത് ഉപയോഗിക്കുക
- ഭക്ഷണം പാചകം ചെയ്യും മുൻപും കഴിക്കുന്നതിന മുൻപും മലമൂത്ര വിസർജ്ജനത്തിന ശേഷവും കൈകൾ സോപ്പും വെള്ളവും ഉപയോഗിച്ച് കഴുകുക
- വയറിളക്കം വന്നാൽ ഒ.ആർ.എസ്. ലായനി ആവശ്യാനുസരണം നൽകുക. കൂടെ ഉപ്പിട്ട കഞ്ഞി വെള്ളം, കരിക്കിൻ വെള്ളം എന്നിവയും കൂടുതലായി നൽകുക
- വയറിളക്കം ബാധിച്ചാൽ ഭക്ഷണവും വെള്ളവും കൂടുതലായി നൽകേണ്ടതുണ്ട്
- നിർജ്ജലീകരണത്തിന്റെ ലക്ഷണങ്ങൾ (വർദ്ധിച്ച ദാഹം, ഉണങ്ങിയ നാവും ചുണ്ടുകളും, വരണ്ട ചർമ്മം, മയക്കം, മൂത്രക്കുറവ്, കടുത്ത മഞ്ഞ നിറത്തിൽ മൂത്രം മുതലായവ) കണ്ടാൽ ഉടനെ ആശുപത്രിയിൽ എത്തിക്കുക.

5. <u>ജന്തുജന്യരോഗങ്ങൾ (എലിപ്പനി)</u>

- എലി, കന്നുകാലികൾ , നായ്ക്കൾ എന്നിവയുടെ മൂത്രം കൊണ്ട് മലിനം ആകാൻ സാധ്യതയുള്ള വെള്ളവുമായുള്ള സമ്പർക്കമാണ് എലിപ്പനിക്ക് കാരണമാകുന്നത്. അതുകൊണ്ട് മലിനജലവുമായി സമ്പർക്കം പരമാവധി ഒഴിവാക്കുക
- കൈകാലുകളിൽ മുറിവുകൾ ഉള്ളവർ മലിനജലവുമായി സമ്പർക്കം വരാതെ നോക്കുകയോ, വ്യക്തിഗത സുക്ഷാമാർഗ്ഗങ്ങൾ സ്വീകരിക്കുകയോ ചെയ്യുക.
- മലിനജലത്തിൽ ജോലി ചെയ്യേണ്ടി വരുന്നവരും ദുരിതാശ്വാസ പ്രവർത്തനത്തിന്റെ ഭാഗമായി ശുചീകരണ പ്രവർത്തനത്തിലേർപ്പെടേണ്ടി വരുന്നവരും എലിപ്പനിക്കെതിരെ പ്രതിരോധ ഗുളിക (ആഴ്ച്ചയിൽ ഒരിക്കൽ 200 മി.ഗ്രാം. ഡോക്സിസൈക്ലിൻ) നിർബന്ധമായും സ്വീകരിക്കേണ്ടതാണ്.

6. കൊതുകുജന്യരോഗങ്ങൾ

- ഡെങ്കിപ്പനി, മലമ്പനി, വെസ്റ്റ് നൈൽ പനി, ജപ്പാൻ ജ്വരം മുതലായ കൊതുക്ജന്യരോഗങ്ങൾ വെള്ളപ്പൊക്കത്തിന ശേഷം കൂടുതലായി വരാൻ സാധ്യതയുണ്ട്.
- കൊതുക് വളരാൻ സാധ്യതയുള്ള സാഹചര്യങ്ങൾ നിർബന്ധമായും ഒഴിവാക്കുക
- കൊതുക് /കൊതുക് കൂത്താടി സാന്നിദ്ധ്യം ശ്രദ്ധയിൽ പെട്ടാൽ ആയത് ആരോഗ്യപ്രവർത്തകരെ അറിയിക്കുകയും പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുക

7. വായുജന്യരോഗങ്ങൾ

- ചിക്കൽപോക്സ്, എച്ച്1 എൻ 1, വൈറൽ പനി തുടങ്ങിയ വായുജന്യ രോഗങ്ങൾ വെള്ള വെള്ളപ്പൊക്കത്തിന ശേഷം കൂടുതലായി വരാൻ സാധ്യതയുണ്ട്.
  - ചിക്കൻപോക്സിനെതിരായ ബോധവത്ക്കരണം നൽകുക.
  - ചിക്കൻപോക്സ് ലക്ഷണങ്ങൾ പ്രകടമായാൽ രോഗികളെ മാറ്റി പാർപ്പിച്ച് പ്രത്യേകമായ ചികിത്സ നൽകുക.
  - എച്ച് 1 എൻ 1, വൈറൽപനി തുടങ്ങിയ രോഗങ്ങൾക്ക് ആവശ്യമായ ബോധവത്ക്കരണവും പരിചരണവും നൽകുക.

8. മലിനജലവും ആയി സമ്പർക്കം മൂലം ഉണ്ടാകാവുന്ന രോഗങ്ങൾ

- ത്വക്ക് രോഗങ്ങളും , കണ്ണ്, ചെവി എന്നിവയിലെ അണുബാധകളും വെള്ളപ്പൊക്കത്തിന ശേഷം കൂടുതലായി വരാൻ സാധ്യതയുണ്ട്.
- കഴിയുന്നതും ചർമ്മം ഈർപ്പരഹിതമായി സൂക്ഷിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.
- മലിനജലത്തിൽ ഇറങ്ങേണ്ടി വരുമ്പോൾ ആയതിന ശേഷം ക്ലോറിനേറ്റ് ചെയ്ത വെള്ളത്തിൽ കൈകാലുകൾ കഴുകി വൃത്തിയാക്കി ഉണക്കേണ്ടതാണ്.
- വളംകടി പോലെയുള്ള രോഗങ്ങൾ ശ്രദ്ധയിൽ പെട്ടാൽ ഉടൻ വൈദ്യസഹായം ഉറപ്പാക്കുക.
- ചെങ്കണ്ണ്, ചെവിയിലുണ്ടാകുന്ന അണുബാധ എന്നിവയ്ക്കും വൈദ്യസഹായം ഉറപ്പാക്കുക.

16/8/2018 **അഡീഷണൽ ഡയറക്ടർ(പൊതുജനാരോഗ്യം)**

പൊതുജനാരോഗ്യവിഭാഗം, ആരോഗ്യവകുപ്പ് കാര്യാലയം, തിരുവനന്തപുരം

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കാലവർഷക്കെടുതി - ദുരിതാശ്വാസപ്രവർത്തനങ്ങൾ നടത്തുന്നതിന്റെ ഭാഗമായി അടിയന്തിര പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്

G.O.(Rt)No.2262/2018/LSGD തീയതി,തിരുവനന്തപുരം, 16/08/2018

പരാമർശം:- 10.08.2018-ലെ സ.ഉ.(സാധാ) നം. 2221/2018/ത.സ്വ.ഭ.വ.

ഉത്തരവ്

കാലവർഷക്കെടുതിയുടെ ഭാഗമായുള്ള ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിന് പരാമർശത്തിലെ ഉത്തരവ് പ്രകാരം യഥേഷ്ടാനുമതി നൽകിയിരുന്നു. സംസ്ഥാനത്തെ സ്ഥിതിവിശേഷം വളരെ ഗുരുതരമായി തുടരുന്നതുകൊണ്ട് തദ്ദേശ ഭരണസ്ഥാപന ങ്ങൾക്ക് അടിയന്തിരമായി ചില പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കേണ്ട സാഹചര്യമുണ്ട്. ആയതിനാൽ നിലവിലുള്ള നടപടിക്രമങ്ങൾ ലഘൂകരിച്ച് പ്രവൃത്തികൾ ഏറ്റെടുക്കു ന്നതിന് സർക്കാർ ചുവടെ വിവരിക്കുന്ന നിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവാകുന്നു.

2. തദ്ദേശഭരണസ്ഥാപനങ്ങൾക്ക് താഴെപ്പറയുന്ന പ്രവൃത്തികൾ അടിയന്തിര സ്വഭാവ ത്തോടെ ഏറ്റെടുത്ത് നടപ്പാക്കാവുന്നതാണ്.

- ആശുപത്രികൾ കൈമാറി ലഭിച്ചിട്ടുള്ള തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് PHC/CHC താലൂക്ക്/ജനറൽ/ജില്ലാ ആശുപത്രികളിലേക്ക് അടിയന്തിരമായി ആവശ്യമായ മരുന്ന് വാങ്ങൽ. ഇത് KMSC, കാരുണ്യ, നീതി മെഡിക്കൽ സ്റ്റോർ, ജൻ ഔഷധി എന്നിവിടങ്ങളിൽ നിന്നും വാങ്ങാവുന്നതാണ്.

- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള പൊതുകുടിവെള്ള സ്രോതസ്സുകൾ ഉപയോഗശൂന്യമായെങ്കിൽ അവ പ്രവർത്തനയോഗ്യമാക്കുന്നതിനു വേണ്ടി ശുദ്ധീകരിക്കാൻ ഒറ്റത്തവണത്തേക്ക് തുക ചെലവഴിക്കാവുന്നതാണ്.

- ഒറ്റപ്പെട്ടുപോയ സ്ഥലങ്ങളിൽ നിന്ന് തദ്ദേശവാസികളെ രക്ഷപ്പെടുത്തുന്നതിന് ആവശ്യമായ ക്രമീകരണം ചെയ്യാൻ തുക ചെലവഴിക്കാവുന്നതാണ്. അടിയന്തിര ഘട്ടങ്ങളിൽ ജനറേറ്ററുകൾ വാടകയ്ക്ക് എടുക്കൽ, മറ്റു രക്ഷാ ഉപകരണങ്ങൾ വാടകക്കെടുക്കുകയോ ഒഴിച്ചുകൂടാൻ പറ്റാത്ത അവസരങ്ങളിൽ വാങ്ങുകയോ ചെയ്യുക, ആവശ്യമായ തൊഴിലാളികൾക്ക് പ്രതിഫലം നൽകുക എന്നിവയ്ക്കും തുക ചെലവഴിക്കാവുന്നതാണ്.

- സർക്കാർ ചുമതലപ്പെടുത്തിയിട്ടുള്ള വിവിധ വകുപ്പുകൾ/ ഏജൻസികൾ നടത്തുന്ന പ്രവർത്തനങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇടപെടേണ്ടതില്ല. എന്നാൽ ഇങ്ങനെ ആരെയും ചുമതലപ്പെടുത്താത്ത മേഖലകളിൽ ആവശ്യമായ ഇടപെടൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നടത്താവുന്നതാണ്. അതിനായി തുക ചെലവഴിക്കാവുന്നതാണ്.

- തടസ്സപ്പെട്ട റോഡുകൾ രക്ഷാപ്രവർത്തനം സുഗമമാക്കുന്നതിനുവേണ്ടി സഞ്ചാര യോഗ്യമാക്കുന്നതിന് തുക ചെലവഴിക്കാവുന്നതാണ്. നടപ്പാക്കുന്ന ഇത്തരം പ്രവർത്തന ങ്ങൾ ബന്ധപ്പെട്ട AE/AEEമേൽനോട്ടം വഹിക്കേണ്ടതാണ്.

3 . അടിയന്തിര സ്വഭാവത്തോടെ ഇത്തരം പ്രവൃത്തികൾ നടപ്പാക്കേണ്ട സാഹചര്യം ഉള്ളതു കൊണ്ട് ഭരണസമിതി പെട്ടെന്ന് വിളിച്ചുചേർക്കുന്നതിന് കഴിയുന്നില്ലെങ്കിൽ തദ്ദേശഭരണ സ്ഥാപനത്തിന്റെ അദ്ധ്യക്ഷൻ, വികസനസ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ, സെക്രട്ടറി എന്നിവർ യോഗം ചേർന്ന് പ്രവൃത്തികൾ സംബന്ധിച്ച് തീരുമാനമെടുക്കാവുന്നതാണ്. എന്നാൽ ഇതിനുശേഷം ആദ്യം ചേരുന്ന ഭരണസമിതി യോഗത്തിൽ തന്നെ ഈ തീരുമാനങ്ങൾ അവതരിപ്പിക്കേണ്ടതാണ്.

4 . മേൽപ്പറഞ്ഞ പ്രവൃത്തികൾക്ക് തനത് ഫണ്ട് ഉപയോഗിക്കേണ്ടതാണ്. എന്നാൽ തനത് ഫണ്ട് ആവശ്യത്തിന് ലഭ്യമല്ലാത്ത തദ്ദേശഭരണസ്ഥാപനങ്ങൾക്ക് വികസന ഫണ്ട് ഉപയോഗിക്കാവുന്നതാണ്. മരുന്നുവാങ്ങൽ, അറ്റകുറ്റപ്പണി മുതലായ പ്രവൃത്തികൾക്ക് മെയിന്റനൻസ് ഫണ്ടും ഉപയോഗിക്കാവുന്നതാണ്. വികസന/ മെയിന്റനൻസ് ഫണ്ടുകൾ ഉപയോഗിക്കുകയാണെങ്കിൽ വാർഷിക പദ്ധതി ഇപ്പോൾ തന്നെ ഭേദഗതി ചെയ്ത് വിഹിതം കണ്ടെത്തേണ്ടതില്ല. സുലേഖ സോഫ്റ്റ് വെയറിലെ "അടിയന്തിര സ്വഭാവത്തിൽ ഏറ്റെടുക്കുന്ന പ്രോജക്ടുകൾ" (GO പ്രകാരമുള്ള പ്രോജക്ടുകൾ) എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി പ്രോജക്ടുകൾ തയ്യാറാക്കാവുന്നതാണ്. തനത് ഫണ്ട് ലഭ്യമല്ലെങ്കിൽ അത് സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

5. പ്രോജക്ടുകൾക്ക് വെറ്റിംഗ് ആവശ്യമില്ല. നിർവഹണ ഉദ്യോഗസ്ഥന്റെ സാക്ഷ്യ പത്രം മാത്രം മതിയാകും. ജില്ലാ ആസൂത്രണ സമിതിയുടെ മുൻകൂർ അനുമതിയും ആവശ്യമില്ല. എസ്റ്റിമേറ്റ് തയ്യാറാക്കേണ്ട പ്രവൃത്തികൾക്ക് അവ തയ്യാറാക്കി ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും സോഫ്റ്റ് വെയറിലൂടെയല്ലാതെ സാങ്കേതികാനുമതി വാങ്ങി നിർവഹണനടപടികൾ ആരംഭിക്കാവുന്നതാണ്. പ്രോജക്ടുകളുടെ ചെലവുകൾ വഹിക്കുന്നതിനുവേണ്ട ബില്ലുകൾ തയ്യാറാക്കുന്നതിനും ഇപ്പോൾ ലഭ്യമായ ഫണ്ടുപയോഗിച്ച് അത് ട്രഷറിയിൽ നിന്നും മാറുന്നതിനുമുള്ള ക്രമീകരണങ്ങൾ സുലേഖ, സാംഖ്യ സോഫ്റ്റ് വെയറുകളിൽ ഏർപ്പെടുത്തുന്നതാണ്.

6 . വാർഷികപദ്ധതിയിൽ ഭേദഗതി അനുവദിക്കുന്ന സമയത്ത് മേഖലാ നിബന്ധനകൾ ക്കനുസൃതമായി പ്രോജക്ടുകൾക്ക് വേണ്ട വിഹിതം കണ്ടെത്തേണ്ടതും വാർഷിക പദ്ധതി പരിഷ്കരിച്ച് ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

T K JOSE

ADDITIONAL CHIEF SECRETARY

എല്ലാ ജില്ലാ കളക്ടർമാർക്കും
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്.
ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ (പകർപ്പ് വകുപ്പ് തലവൻമാർ മുഖേന)
തദ്ദേശസ്വയംഭരണ (ഇ.ഡബ്ല്യൂ) വകുപ്പ് (അറിവിലേക്കും തുടർ നടപടിക്കുമായി)
ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ & എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ/ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Phudushkumar

സെക്ഷൻ ഓഫീസർ

തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയറുടെ കാര്യാലയം, തിരുവനന്തപുരം.
ചീഫ് എൻജിനീയറുടെ നടപടിക്രമം
(ഹാജർ : ശ്രീ. പി.ആർ.സജികുമാർ)

വിഷയം:– തസ്വഭവ – സാങ്കേതിക വിഭാഗം – കാലവർഷക്കെടുതി 2018 – ആലപ്പുഴ ജില്ല കുട്ടനാട് മേഖലയിൽ ദുരിതാശ്വസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും നാശനഷ്ടങ്ങൾ വിലയിരുത്തുന്നതിനും ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൂചന:–

ഉത്തരവ് നമ്പർ എ3/10718/18/സിഇ/തസ്വഭവ തീയതി:26.08.2018.

ആലപ്പുഴ ജില്ലയിലെ കുട്ടനാട് മേഖലയിൽ ഗുരുതര പ്രളയ ബാധിത പ്രദേശങ്ങളിൽ നാശനഷ്ടങ്ങൾ വിലയിരുത്തുന്നതിനു വേണ്ടി ജീവനക്കാരുടെ സേവനം ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ കൊല്ലം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ നിയന്ത്രണത്തിലുള്ള **കൊല്ലം ജില്ലയിലെ** വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എൻജിനീയറിംഗ് വിഭാഗത്തിലെ **ഒന്നാം തരം ഓവർസീയർ, രണ്ടാംതരം ഓവർസീയർ, മൂന്നാം തരം ഓവർസീയർ** എന്നിവരുടെ സേവനം താത്കാലികമായി വിട്ടുനൽകുന്നതിന് അനുമതി നൽകികൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. ഇതോടൊപ്പമുള്ള പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ജീവനക്കാർ **28/08/2018 തീയതി രാവിലെ 10 മണിക്ക് ആലപ്പുഴ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ ആഫീസിൽ** റിപ്പോർട്ട് ചെയ്യേണ്ടതും, നിയന്ത്രണാധികാരിയുടെ നിർദ്ദേശപ്രകാരം പ്രവർത്തിക്കേണ്ടതുമാണ്. ടി ജീവനക്കാർ ഈ ഉത്തരവ് കർശനമായി പാലിക്കേണ്ടതും, വീഴ്ച്ച വരുത്തുന്ന ഉദ്യോഗസ്ഥർക്ക് എതിരേ കർശന നടപടി സ്വീകരിക്കുന്നതുമാണ്. ടി ആവശ്യത്തിലേക്കായി സാങ്കേതിക വിഭാഗം ജീവനക്കാരെ ആവശ്യാനുസരണം ഇനിയും ചുമതലപ്പെടുത്തുന്നതാണ്.

ഉള്ളടക്കം:– ജീവനക്കാരുടെ പട്ടിക.

ഒപ്പ്
ചീഫ് എൻജിനീയർ

അംഗീകാരത്തോടെ

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ

പകർപ്പ്:– (1) എല്ലാ ജീവനക്കാർക്കും.
(2) സൂപ്രണ്ടിംഗ് എൻജിനീയർ ദക്ഷിണ മേഖല തിനുവനന്തപുരം.
(3) എക്സിക്യൂട്ടീവ് എൻജിനീയർ ജില്ലാ പഞ്ചായത്ത് (കൊല്ലം/ആലപ്പുഴ) തുടർ നടപടികൾക്കായി

LSGD Division Kollam				
Name of LSGI	Designation of the Officer	Name of the Officer	Mobile No.	Remarks
LSGD Division Kollam	First Grade Overseer - 1	Deepak.V.V	9142720750	
LSGD Sub Division Chavara				
LSGD Sub Division Chavara	First Grade Overseer - 1	Shaji.B.S	9446032411	
LSGD SuB Division Vettikavala				
LSGD SuB Division Vettikavala	First Grade Overseer - 1	SureshKumar.B.M	9447724723	
LSGD Section Vettikkavala	First Grade Overseer - 1	Stephen. T	9995590911	
LSGD Sub Division Kottarakkara				
LSGD Section Veliyam	First Grade Overseer - 1	Sudevan.L	9497589983	
LSGD Section Kareepra	First Grade Overseer - 1	SUNIL KUMAR P	9995035226	
LSGD SuB Division Chittumala				
LSGD Sub Division Chittumala	First Grade Overseer - 1	Vinodkumar.V	9947097552	
LSGD Sub Division Chadayamangalam				
LSGD Sub Division Chadayamangalam	First Grade Overseer - 1	Abdul Rahim.S	9495431982	
LSGD Section Ittiva	First Grade Overseer -1	GireeshKumar.T	8921768995	
LSGD Sub Division Sasthamcotta				
LSGD Sub Division Sasthamcotta	First Grade Overseer - 1	Dileep Kumar.S	8921516141	
LSGD Section Sasthamcotta	First Grade Overseer - 1	Jayakumar.K	9847416823	
LSGD Sub Division Mukhathala				
LSGD Sub Division Mukhathala	First Grade Overseer - 1	Shafeek.A	9645044554	9656120132
LSGD Sub Division Pathanapuram				
LSGD Sub Division Pathanapuram	First Grade Overseer - 1	Johny Kutty .P.Y	9447032446	
LSGD Section Pattazhy	First Grade Overseer - 1	Shihabudeen	9446548606	
LSGD Sub Division Anchal				
LSGD Sub Division Anchal	First Grade Overseer - 1	Vijayakumar.V.S	9497849164	
LSGD Section Karavaloor	First Grade Overseer - 1	Sathya Prakas.D	9447559241	
LSGD Sub Division Ithikkara				

LSGD Section Chathanoor	First Grade Overseer	Jayaraj.V.K	9595510080	
LSGD Section Poothakulam	First Grade Overseer	Jayakumar.B	9847841464	

Sd/-

CHIEF ENGINEER

LSGD Division Kollam				
Name of LSGI	Designation of the Officer	Name of the Officer	Mobile No.	Remarks
LSGD SuB Division Vettikavala				
LSGD Section Pavithreswaram	Second Grade Overseer - 1	Nitheesh.C.R	9447713983	
LSGD SuB Division Chittumala				
LSGD Section Kundara/Perayam	Second Grade Overseer - 1	Pradeep Kumar. C.S	9447303362	
LSGD Section Perinad	Second Grade Overseer - 1	Sajeev.S	9446591467	
LSGD Section thrikkaruva/ Pananyam	Second Grade Overseer - 1	Sajeev.G	9946412928	
LSGD Sub Division Chadayamangalam				
LSGD Section Chadayamangalam/ Nilamel	Second Grade Overseer -1	Regukumar.J	9995780012	
LSGD Section Chithara	Second Grade Overseer -1	Sasikumar.K	9447072541	
LSGD Section Elamad	Second Grade Overseer -1	Arun lal.T	9446076216	
LSGD Sub Division Sasthamcotta				
LSGD Sub Division Sasthamcotta	Second Grade Overseer - 1	Sujith.R	9446055681	
LSGD Section West Kallada	Second Grade Overseer - 2	Sideec.S	9446332195	
LSGD Sub Division Anchal				
LSGD Section Yeroor/Alayamon	Second Grade Overseer - 1	Ajeeb.R.s	9447657934	
	Second Grade Overseer - 1	Shajahan.S	9747262481	
LSGD Section Thenmala/Aryankavu	Second Grade Overseer - 1	Hareeshkumar	9446505849	
LSGD Sub Division Pathanapuram				
LSGD Section Vilakkudy	Second Grade Overseer - 1	Anil Kumar.C	9656339639	
LSGD Sub Division Oachira				
LSGD SubDivision Oachira	Second Grade Overseer	Biju.B	9847299893	
LSGD Sub Division Ithikkara				
LSGD Section Kalluvathukkal	Second Grade Overseer	Lokesan.P	9895604697	

Sd/-

CHIEF ENGINEER

LSGD Division Kollam				
Name of LSGI	Designation of the Officer	Name of the Officer	Mobile No.	Remarks
LSGD SuB Division Vettikavala				
LSGD Section Ummannoor	Third Grade Overseer - 1	Raju Rama chandran	9539435668	
LSGD Section Pavithreswaram	Third Grade Overseer - 1	Arun.R.T	8281393831	
LSGD Sub Division Kottarakkara				
LSGD Section Neduvatyhoor	Third Grade Overseer -1	SAJOY R	9048828580	
LSGD Section Veliyam	Third Grade Overseer -1	AJAYAKUMAR S	9400903485	6282963737
LSGD Section Kareepra	Third Grade Overseer -1	FATHAHUDEEN Y	9446527687	
LSGD SuB Division Chittumala				
LSGD Section East Kallada	Third Grade Overseer - 1	Mujeeb Rehuman	9747695430	
LSGD Section Thrikkaruva	Third Grade Overseer - 1	Sajikumar.B	9400458915	
LSGD Sub Division Chadayamangalam				
LSGD Section Kadakkal/Kummil	Third Grade Overseer -1	Adarsh. V.S	7012034328	
LSGD Section Velinalloor	Third Grade Overseer -1	Binu. V	9497688388	
LSGD Sub Division Sasthamcotta				
LSGD Section Sooranad North	Third Grade Overseer - 1	Praveen P.S	9562102029	
LSGD Section Poruvazhy	Third Grade Overseer - 1	Sreejith.C	9946441093	
LSGD Section Kunnathur	Third Grade Overseer - 1	Manoj.J	9846257892	
LSGD Section Sasthamcotta	Third Grade Overseer - 1	Philips.D	9496409943	
LSGD Sub Division Anchal				
LSGD Section Anchal	Third Grade Overseer - 1	Ganesh.C.Nair	9447992799	
LSGD Section Alayamon	Third Grade Overseer - 1	Sabu.S	9745937358	
LSGD Section Thenmala	Third Grade Overseer - 1	Maheshkumar	9446853752	
LSGD Section Kulathupuzha	Third Grade Overseer - 1	Amal Babu	9645070648	
LSGD Sub Division Chavara				
LSGD Section Thevalakkara	Third Grade Overseer - 1	Hashim.M	9567426383	
	Third Grade Overseer - 1	Salu Sasi	9447205433	
LSGD Sub Division Mukhathala				
LSGD Section Nedumpana	Third Grade Overseer - 1	Ajayakumar.T	9447188988	

LSGD Section Kottamkara	Third Grade Overseer - 1	Anilkumar.R	9446321092	
LSGD Sub Division Pathanapuram				
LSGD Section Pathanapuram	Third Grade Overseer - 1	Santhosh Kumar	9447862928	
LSGD Section Piravanthoor	Third Grade Overseer - 1	Ajith Balu.C.S	9400365850	
LSGD Section Vilakkudy	Third Grade Overseer - 1	Josemon.O	9961000977	
LSGD Sub Division Oachira				
LSGD Section Clappana/Alappad	Third Grade Overseer	Akash A Kumar	9074341410	
LSGD Section Thazhava	Third Grade Overseer	Sanjai.N	7907931814	
LSGD Section Thodiyoor	Third Grade Overseer	Harees.M	9037681948	
LSGD Sub Division Ithikkara				
LSGD Section Adichanalloor	Third Grade Overseer	Ajikumar.S	9447074425	
LSGD Section Poothakulam	Third Grade Overseer	Gireesh Kumar.K	9746515817	

Sd/-

CHIEF ENGINEER

കേരള സർക്കാർ

സംഗ്രഹം

ദുരന്ത നിവാരണ (എ) വകുപ്പ് - മഴക്കെടുതി - സംസ്ഥാനത്ത് ഒട്ടാകെ കാലവർഷക്കെടുതി മൂലമുണ്ടായ നാശനഷ്ടങ്ങൾ ദുരിതാശ്വാസ നടപടികൾ സ്വീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ദുരന്ത നിവാരണ (എ) വകുപ്പ്

സ.ഉ.(കൈ) നം. 13/ 2018/ ദു.നി.വ. തിരുവനന്തപുരം, തീയതി, 16/ 08/ 2018

പരാമർശം:- 1. സ.ഉ.(എം.എസ്) നം. 6/ 2018/ ഡി.എം.ഡി. തീയതി 02.06.2018
2. സ.ഉ.(എം.എസ്) നം. 7/ 2018/ ഡി.എം.ഡി. തീയതി 21.06.2018
3. സ.ഉ.(പി) നം. 2/ 2018/ ഡി.എം.ഡി. തീയതി 26.07.2018
4. സ.ഉ.(പി) നം. 3/ 2018/ ഡി.എം.ഡി. തീയതി 03.08.2018
5. സ.ഉ.(എം.എസ്) നം. 12/ 2018/ ഡി.എം.ഡി. തീയതി 10.08.2018

ഉത്തരവ്

ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിലുണ്ടായ രൂക്ഷമായ കാലവർഷക്കെടുതി കണക്കിലെടുത്ത് പ്രസ്തുത ജില്ലകളെ പരാമർശം (3), (4) ഉത്തരവുകൾ പ്രകാരം ദുരന്ത ബാധിത ജില്ലകളായി നോട്ടിഫൈ ചെയ്യുകയുണ്ടായി. പ്രസ്തുത കാലയളവിലെ നാശനഷ്ടങ്ങൾ വിലയിരുത്തി ദുരിതാശ്വാസത്തിനുള്ള നടപടികൾ സർക്കാർ കൈക്കൊള്ളുകയും പരാമർശം (5) ഉത്തരവ് പ്രകാരം ദുരിതാശ്വാസ നടപടികൾ സ്വീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുകയുമുണ്ടായി.

രണ്ടാംഘട്ട പ്രളയക്കെടുതിയിൽ പത്ത് ജില്ലകളെ ബാധിക്കുകയുണ്ടായി. കനത്ത നാശനഷ്ടങ്ങളാണ് ഉണ്ടായത്. ഈ സാഹചര്യത്തിൽ 14.08.2018-ൽ കൂടിയ മന്ത്രിസഭാ യോഗത്തിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന തീരുമാനങ്ങൾ കൂടി കൈക്കൊണ്ടിട്ടുണ്ട്. ഇതിന്മേൽ ബന്ധപ്പെട്ട വകുപ്പുകൾ സമയബന്ധിതമായി ഉത്തരവ് /നടപടികൾ സ്വീകരിക്കേണ്ടതാണ്.

(1) പ്രളയത്തിന്റെ തീവ്രതയും ദുരിതത്തിന്റെ കാഠിന്യവും കണക്കിലെടുത്ത് നേരത്തെ പ്രഖ്യാപിച്ച 198 വില്ലേജുകൾക്കു പുറമേ, പുതുതായി 254 വില്ലേജുകൾ കൂടി (അനുബന്ധം (1)) (ആകെ 452 വില്ലേജുകൾ) പ്രളയബാധിത പ്രദേശങ്ങളായി പ്രഖ്യാപിക്കുന്നു.

(2) രണ്ട് ദിവസത്തിലധികം വെള്ളം കെട്ടിനിൽക്കുക, മണ്ണിടിച്ചിൽ തുടങ്ങിയ കാരണങ്ങളാൽ വീട് വാസയോഗ്യമല്ലാതായ ഓരോ കുടുംബത്തിനും ഒറ്റപ്രാവശ്യത്തെ ആശ്വാസ ധനസഹായമായി 10,000/- രൂപ (എസ്.ഡി.ആർ.എഫ്-ൽ നിന്നുള്ള 3,800/- രൂപയ്ക്ക് പുറമേ സി.എം.ഡി.ആർ.എഫ്-ൽ നിന്ന് 6,200/- രൂപ) നിരക്കിൽ നൽകേണ്ടതാണ്. (നടപടി - റവന്യൂ / ദുരന്ത നിവാരണം / ഡി.ആർ.എഫ്. വകുപ്പുകൾ)

(3) പൂർണ്ണമായും തകർന്നതോ പൂർണ്ണമായും വാസയോഗ്യമല്ലാതാവുകയോ ചെയ്ത വീട് ഒന്നിന് 4 ലക്ഷം രൂപയും, വീടും സ്ഥലവും നഷ്ടപ്പെട്ടവർക്ക് ഇതിനു പുറമേ 3 മുതൽ 5 വരെ സെന്റ് സ്ഥലം വാങ്ങുന്നതിനായി പരമാവധി 6 ലക്ഷം രൂപയും പരാമർശം 1ഉം 2 ഉം ഉത്തരവിൽ നിഷ്കർഷിക്കുന്ന, നിലവിലുള്ള മാനദണ്ഡപ്രകാരം നൽകേണ്ടതാണ്. (നടപടി - ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്കും)

(4) കാലവർഷക്കെടുതിയിൽ മത്സ്യബന്ധന ഉപകരണങ്ങൾ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും നഷ്ടപരിഹാരം നൽകേണ്ടതാണ്. (നടപടി - ഡി.ആർ.എഫ്. /മത്സ്യബന്ധനം / ധനകാര്യം വകുപ്പുകൾ)

(5) a) സർക്കാർ, പൊതുമേഖല, കമ്പനി ജീവനക്കാരുടെ രണ്ട് ദിവസത്തെ ശമ്പളം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവനയായി നൽകേണ്ടതാണ്.

b) പൊതുമേഖല-സഹകരണ സ്ഥാപനങ്ങളുടെ കോപറേറ്റ് സോഷ്യൽ റസ്പോൺസിബിലിറ്റി ഫണ്ട് (സി.എസ്.ആർ)/ പൊതു നന്മ ഫണ്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവനയായി നൽകേണ്ടതാണ്. (നടപടി - വ്യവസായം / സഹകരണം / ആസൂത്രണ വകുപ്പുകൾ)

(6) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് ലഭിക്കുന്ന സംഭാവനകൾ കൈമാറി നൽകുന്നതിന് പൊതുമേഖലാ / സഹകരണ ബാങ്കുകൾ ഈടാക്കുന്ന കമ്മീഷനുകൾ, എക്സ്ചേഞ്ച് ചാർജ്ജുകൾ ഒഴിവാക്കണമെന്ന് സംസ്ഥാന ബാങ്കിംഗ് സമിതിയോട് ആവശ്യപ്പെടുവാൻ തീരുമാനിച്ചു. (നടപടി - റവന്യൂ (ജി) വകുപ്പ്)

(7) ദുരിതബാധിതർക്ക് ദുരിതാശ്വാസമായി സർക്കാർ നൽകുന്ന തുക നിക്ഷേപിക്കുന്ന ബാങ്ക് അക്കൗണ്ടുകളിൽ മിനിമം ബാലൻസ് സൂക്ഷിക്കണമെന്ന നിബന്ധന ഒഴിവാക്കണമെന്ന് ബാങ്കുകൾക്ക് നിർദ്ദേശം നൽകുവാൻ തീരുമാനിച്ചു. (നടപടി - റവന്യൂ (ജി) വകുപ്പ്)

(8) നഷ്ടപ്പെട്ട രേഖകൾ നൽകുന്നതിന് ഒരു തരത്തിലുള്ള കാലതാമസം വരാതെയും ഫീസ് ഈടാക്കാതെയും സമയബന്ധിതമായി നൽകുന്നതിന് അദാലത്തുകൾ ഗ്രാമപഞ്ചായത്ത് / മുനിസിപ്പാലിറ്റി / കോർപ്പറേഷൻ തലത്തിൽ സംഘടിപ്പിക്കേണ്ടതാണ്. രേഖകൾ നൽകുന്നതിന് 2018 സെപ്തംബർ 30 വരെ സമയം അനുവദിക്കുന്നതാണ്. ഇത്തരം ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിന് ജില്ലയിൽ ചുമതലയുള്ള മന്ത്രിമാരെയും ഒരു സെക്രട്ടറിതല ഉദ്യോഗസ്ഥനെയും

പ്രത്യേകം ചുമതലപ്പെടുത്തുന്നു. (മന്ത്രിമാരുടെയും സെക്രട്ടറിമാരുടെയും ലിസ്റ്റ് - അനുബന്ധം 2-ൽ ചേർക്കുന്നു) സെപ്തംബർ 3 മുതൽ 15 വരെയുള്ള തീയതികളിൽ ഈ അദാലത്തുകൾ നടത്തേണ്ടതും രേഖകൾക്കുള്ള അപേക്ഷകൾ അക്ഷയ കേന്ദ്രങ്ങൾ വഴി സൗജന്യമായി സ്വീകരിക്കേണ്ടതുമാണ്. അക്ഷയ കേന്ദ്രങ്ങൾക്ക് ലഭ്യമാക്കേണ്ട ഫീസ് സർക്കാർ നൽകുന്നതാണ്. (നടപടി - തദ്ദേശ സ്വയംഭരണ വകുപ്പ്)

(9) സമയബന്ധിതമായി ദുരിതാശ്വാസത്തിനുള്ള നഷ്ടപരിഹാരം നൽകാൻ ആവശ്യമായ തീരുമാനങ്ങളെടുക്കാനും നടപ്പാക്കാനും താഴെപ്പറയുന്ന അംഗങ്ങൾ ഉൾപ്പെട്ട ഒരു മന്ത്രിസഭാ ഉപസമിതിയെ നിയോഗിക്കുന്നു.

1. ശ്രീ. ഇ.പി.ജയരാജൻ, ബഹു.വ്യവസായ വകുപ്പ് മന്ത്രി
2. ശ്രീ. ഇ. ചന്ദ്രശേഖരൻ, ബഹു.റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി
3. അഡ്വ. മാത്യു ടി. തോമസ്, ബഹു.ജലവിഭവ വകുപ്പ് മന്ത്രി
4. ശ്രീ. എ.കെ. ശശീന്ദ്രൻ, ബഹു. ഗതാഗത വകുപ്പ് മന്ത്രി
5. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി, ബഹു. തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി

(10) കാലവർഷക്കെടുതിയിൽ മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ മുതലായവ മൂലം സാരമായി പരിക്കേറ്റവർക്ക് സൗജന്യ ചികിത്സ നൽകുന്നതാണ്. ഇതിനുള്ള നടപടികൾ അതാത് ജില്ലാ കളക്ടർമാർ സ്വീകരിക്കേണ്ടതാണ്. (നടപടി - എല്ലാ ജില്ലാ കളക്ടർമാർക്കും / ആരോഗ്യ വകുപ്പ്)

(11) സർക്കാരിന്റെ നേതൃത്വത്തിൽ നടത്താറുള്ള ഓണാഘോഷ പരിപാടികൾ കാലവർഷക്കെടുതിയുടെ പശ്ചാത്തലത്തിൽ ഇത്തവണ ഒഴിവാക്കേണ്ടതും ഓണാഘോഷ പരിപാടികൾക്കായി സർക്കാരിന്റെ വിവിധ വകുപ്പുകൾക്ക് ലഭ്യമാക്കിയ തുക ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കേണ്ടതുമാണ്.

(12) മഴക്കെടുതിയുമായി ബന്ധപ്പെട്ട് 08.08.2018-ലും 14.08.2018-ലും കൈക്കൊണ്ട തീരുമാനങ്ങൾക്ക് പുറമെയുള്ളവയെ സംബന്ധിച്ച് നിലവിലുള്ള നിയമങ്ങളും മാനദണ്ഡങ്ങളും അനുസരിച്ച് നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻപ്രകാരം)

പി.എച്ച്.കുര്യൻ

അഡീഷണൽ ചീഫ് സെക്രട്ടറി

കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം

എല്ലാ ജില്ലാ കളക്ടർമാർക്കും

മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, ഒബ്സർവേറ്ററി ഹിൽസ്, വികാസ്ഭവൻ പി.ഒ, തിരുവനന്തപുരം.

എല്ലാ ജില്ലാ ട്രഷറി ഓഫീസർമാർക്കും, (ട്രഷറി ഡയറക്ടർ, തിരുവനന്തപുരം മുഖാന്തിരം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ.&ഇ), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ, ബ്രാഞ്ച് ഓഫീസ്, കോട്ടയം , എറണാകുളം, കോഴിക്കോട്, തൃശ്ശൂർ
റവന്യൂ വകുപ്പ്
റവന്യൂ (ഡി.ആർ.എഫ്.) വകുപ്പ്
മത്സ്യബന്ധനം വകുപ്പ്
ധനകാര്യ വകുപ്പ്
വ്യവസായ വകുപ്പ്
സഹകരണ വകുപ്പ്
ആസൂത്രണ- സാമ്പത്തികകാര്യ വകുപ്പ്
ആരോഗ്യ കുടുംബക്ഷേമ വകുപ്പ്
തദ്ദേശ സ്വയംഭരണ വകുപ്പ്
പൊതുഭരണ (എസ്.സി) വകുപ്പ്
വിവര പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്
പകർപ്പ് :- ബഹു: മുഖ്യമന്ത്രിയുടെ പി.എസിന്
റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രിയുടെ പി.എസിന്
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്
അഡീഷണൽ ചീഫ് സെക്രട്ടറിയുടെ (റവന്യൂവും ദുരന്ത നിവാരണവും വകുപ്പ്) പേഴ്സണൽ സെക്രട്ടറിക്ക്
അഡീഷണൽ സെക്രട്ടറിയുടെ (ദുരന്ത നിവാരണ വകുപ്പ്)സി.എ-യ്ക്ക്
ഡി.എം.(ബി) വകുപ്പ്
ഡി.എം. (എ 4) സീറ്റിന്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

അനുബന്ധം - 1

Sl. No.	District	Taluk	Village
1	Malappuram	Nilambur	Chokkad
2	Malappuram	Nilambur	Karulai
3	Malappuram	Nilambur	Akampadam
4	Malappuram	Nilambur	Vazhikadavu
5	Malappuram	Nilambur	Kurumpalangode
6	Malappuram	Nilambur	Kerala Estate
7	Malappuram	Nilambur	Amarambalam
8	Malappuram	Nilambur	Nilambur
9	Malappuram	Nilambur	Edakkara
10	Malappuram	Nilambur	Chungathara
11	Malappuram	Nilambur	Karuvarakund
12	Malappuram	Nilambur	Mampad
13	Malappuram	Nilambur	Pullipadam
14	Malappuram	Nilambur	Porur
15	Malappuram	Nilambur	Thuvvur
16	Malappuram	Nilambur	Wandoor
17	Malappuram	Nilambur	Vellayur
18	Malappuram	Nilambur	Kalikavu
19	Malappuram	Nilambur	Thiruvali
20	Malappuram	Nilambur	Moothedam
21	Malappuram	Nilambur	Pothukallu
22	Malappuram	Kondotty	Vazhayur
23	Malappuram	Kondotty	Vazhakkad
24	Malappuram	Kondotty	Cheekod
25	Malappuram	Kondotty	Muthuvalloor
26	Malappuram	Ernad	Veettilappara
27	Malappuram	Ernad	Uragetteri
28	Malappuram	Ernad	Keezhuparambu
29	Malappuram	Ernad	Edavanna
30	Malappuram	Ernad	Areecode
31	Kannur	Iritty	Kottiyoor
32	Kannur	Iritty	Kelakam
33	Kannur	Iritty	Kanichar
34	Kannur	Iritty	Vilamana
35	Kannur	Iritty	Nuchiyad
36	Kannur	Iritty	Payam
37	Kannur	Iritty	Aralam
38	Kannur	Iritty	Ayyankunnu
39	Kannur	Iritty	Thillenkeri
40	Kannur	Iritty	Muzhakunnu
41	Kannur	Taliparamba	Eruvessi

42	Kannur	Taliparamba	Kooveri
43	Kannur	Taliparamba	Taliparamba
44	Kannur	Taliparamba	Payyavoor
45	Kannur	Taliparamba	Irikkur
46	Kannur	Taliparamba	Naduvil
47	Kannur	Taliparamba	Udayagiri
48	Kannur	Taliparamba	Chengalayi
49	Kannur	Taliparamba	Chapparapadavu
50	Kannur	Payyanur	Cherupuzha
51	Kannur	Kannur	Edakkad
52	Kannur	Kannur	Muzhappilangad
53	Kannur	Kannur	Chirakkal
54	Kannur	Kannur	Elayavoor
55	Palakkad	Palakkad	All villages (30)
56	Kozhikode	Thamarasherry	" (20)
57	Ernakulam	Aluva	" (18)
58	Ernakulam	Paravoor	" (13)
59	Wayanad	Entire district	" (49)
60	Idukki	Entire district	" (67)

നേരത്തെ പ്രളയബാധിതമായി പ്രഖ്യാപിച്ച വില്ലേജുകളുടെ എണ്ണം - 198

ആലപ്പുഴ, കോട്ടയം ജില്ലകളിലെ എല്ലാ വില്ലേജുകളും പത്തനംതിട്ട ജില്ലയിലെ നിരണം, പെരിങ്ങറ, കടപ്ര, നെടുമ്പ്രം, കാവുംഭാഗം വില്ലേജുകളും ചേർത്ത് ആകെ 198 വില്ലേജുകൾ ഇതിനകം പ്രളയബാധിത മേഖലയായി പ്രഖ്യാപിച്ചിട്ടുണ്ട്. പുതുതായി ഇടുക്കി, വയനാട് ജില്ലകളിലെ എല്ലാ വില്ലേജുകളും എറണാകുളം ജില്ലയിലെ ആലുവ, പരവൂർ താലൂക്കുകളിലെ എല്ലാ വില്ലേജുകളും പാലക്കാട് ജില്ലയിലെ പാലക്കാട് താലൂക്കിലെ എല്ലാ വില്ലേജുകളും കോഴിക്കോട് ജില്ലയിലെ താമരശ്ശേരി താലൂക്കിലെ എല്ലാ വില്ലേജുകളും ഉൾപ്പെടുന്നു.

ആലപ്പുഴ ജില്ല (93)

കുട്ടനാട് താലൂക്ക്-14, അമ്പലപ്പുഴ താലൂക്ക്-14, ചേർത്തല താലൂക്ക്-21, കാർത്തികപ്പള്ളി താലൂക്ക്-18, മാവേലിക്കര താലൂക്ക്-15, ചെങ്ങന്നൂർ താലൂക്ക്-11.

കോട്ടയം ജില്ല (100)

ചങ്ങനാശ്ശേരി താലൂക്ക്-15, കാഞ്ഞിരപ്പള്ളി താലൂക്ക്-13, കോട്ടയം താലൂക്ക്-26, മീനച്ചൽ താലൂക്ക്-28, വൈക്കം താലൂക്ക്-18.

വയനാട്, ഇടുക്കി ജില്ലകൾ മുഴുവനും പ്രളയബാധിതമാണ്.

പാലക്കാട്, താമരശ്ശേരി, ആലുവ, പരവൂർ താലൂക്കുകളിലെ എല്ലാ വില്ലേജുകളും പ്രളയബാധിതമാണ്.

സംസ്ഥാനത്താകെ 452 വില്ലേജുകൾ പ്രളയബാധിതമായി കണക്കാക്കുന്നു.

അനുബന്ധം-2

മഴക്കെടുതിയുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ തലത്തിൽ അദാലത്തുകൾ സംഘടിപ്പിക്കുന്നതിനും രേഖകൾ നൽകുന്നതിനും മന്ത്രിമാർക്കും സെക്രട്ടറിമാർക്കും ജില്ലാതല ചുമതല നൽകിക്കൊണ്ടുള്ള ലിസ്റ്റ്.

ജില്ല	മന്ത്രിമാരുടെ പേര്	സെക്രട്ടറിമാരുടെ പേര്
തിരുവനന്തപുരം	ശ്രീ. കടകംപള്ളി സുരേന്ദ്രൻ	ശ്രീ. കെ. ആർ. ജ്യോതിലാൽ
കൊല്ലം	ശ്രീമതി ജെ. മേഴ്സിക്കുട്ടിയമ്മ	ശ്രീ. അനിൽ എക്സ്.
പത്തനംതിട്ട	അഡ്വ. മാത്യു ടി. തോമസ്	ശ്രീ. വേണുഗോപാൽ
ആലപ്പുഴ	ശ്രീ. ജി. സുധാകരൻ ശ്രീ. പി. തിലോത്തമൻ, ഡോ. ടിഎം. തോമസ് ഐസക്	ശ്രീ. കമല വർദ്ധന റാവു
കോട്ടയം	അഡ്വ. കെ. രാജു	ശ്രീമതി റാണി ജോർജ്ജ്
ഇടുക്കി	ശ്രീ. എം.എം. മണി	ശ്രീ. രാജൻ ഖോബ്രഗഡെ
എറണാകുളം	പ്രൊഫ. സി. രവീന്ദ്രനാഥ്	ശ്രീ. എം. ശിവശങ്കർ
തൃശ്ശൂർ	ശ്രീ. എ.സി. മൊയ്തീൻ അഡ്വ. വി.എസ്. സുനിൽകുമാർ	ശ്രീ. ബിജു പ്രഭാകർ
പാലക്കാട്	ശ്രീ. എ.കെ. ബാലൻ	ഡോ. ഇളങ്കോവൻ
മലപ്പുറം	ഡോ. കെ.ടി. ജലീൽ	ശ്രീമതി മിനി ആന്റണി
കോഴിക്കോട്	ശ്രീ. ടി.പി. രാമകൃഷ്ണൻ, ശ്രീ. എ.കെ. ശശീന്ദ്രൻ	ശ്രീ. കെ.വി. മോഹൻകുമാർ
വയനാട്	ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി	ഡോ. വേണു വി.
കണ്ണൂർ	ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ	ശ്രീ. എ. ഷാജഹാൻ
കാസറഗോഡ്	ശ്രീ. ഇ. ചന്ദ്രശേഖരൻ	ശ്രീ. കെ. ഗോപാലകൃഷ്ണ ഭട്ട്

"ഭരണഭാഷ – മാതൃഭാഷ"

വളരെ അടിയന്തിരം

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
തദ്ദേശസ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ലക്സ്, മൂന്നാം നില
പബ്ലിക് ആഫീസ് ബിൽഡിംഗ്
തിരുവനന്തപുരം - 33

Phone : 0471 – 2324951
0471 – 2325071
Tele Fax : 0471 – 2324951
Email: celsgd@gmail.com
Website: www. celsgd.kerala.gov.in

നം. ഡിബി 2/16412/2017/സിഇ/തസ്വഭവ തീയതി: 16.08.2018

സർക്കുലർ

വിഷയം:- തസ്വഭവ - സാങ്കേതിക വിഭാഗം - കാലവർഷക്കെടുതികൾ നേരിടുന്നത് - സംബന്ധിച്ച്

സൂചന:- ഈ കാര്യാലയത്തിലെ 15.08.2018 - ലെ ഇതേ നമ്പർ സർക്കുലർ

കാലവർഷക്കെടുതി നേരിടുന്നതിന്റെ ഭാഗമായി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയും എഞ്ചിനീയറിംഗ് വിഭാഗത്തിലെ ജീവനക്കാർ സാങ്കേതികവും മറ്റുമായ എല്ലാവിധ സഹായ സഹകരണങ്ങളും നൽകേണ്ടതാണെന്ന് സൂചന പ്രകാരം നിർദ്ദേശിച്ചിരുന്നു. ഇക്കാര്യത്തിൽ കൂടുതൽ വ്യക്തതയുള്ള നിർദ്ദേശം നൽകണമെന്ന് സർക്കാർ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന ഉത്തരവുകൾ പുറപ്പെടുവിക്കുന്നു.

ജില്ലാ ഹെഡ്ക്വാർട്ടറിൽ പ്രവർത്തിക്കുന്ന കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, ജില്ലാപഞ്ചായത്ത് എന്നിവിടങ്ങളിലെ എഞ്ചിനീയറിംഗ് മേധാവികൾ ജില്ലാകളക്ടർ, എ.ഡി.എം, തദ്ദേശസ്ഥാപനങ്ങളിലെ മേയർ / ചെയർമാൻ / ജില്ലാപഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറിമാർ എന്നിവരെ നേരിൽ കണ്ട് ദുരിതാശ്വാസ പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകണമെന്ന് നിർദ്ദേശിക്കുന്നു. ഇക്കാര്യത്തിൽ താങ്കളുടെ കീഴിലുള്ള എല്ലാ ഉദ്യോഗസ്ഥരെയും (മിനിസ്റ്റീരിയൽ + സാങ്കേതികം) ഉൾപ്പെടുത്തി ദുരിതാശ്വാസ പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകുന്ന വകുപ്പുകളുമായി ചേർന്ന് മുൻപന്തിയിൽ നിന്ന് പ്രവർത്തിക്കണമെന്ന് നിർദ്ദേശിക്കുന്നു. അതുപോലെ തന്നെ ബ്ലോക്ക് / പഞ്ചായത്ത് തലങ്ങളിലും ബന്ധപ്പെട്ട എഞ്ചിനീയർമാർ അവരവരുടെ അധികാരപരിധിയിലുള്ള രക്ഷാപ്രവർത്തനങ്ങൾ നടത്തി വരുന്ന വകുപ്പുകളുമായി നേരിൽ കാണുകയും തഹസിൽദാർമാർ, പ്രസിഡന്റ്, സെക്രട്ടറി എന്നിവരുമായി യോജിച്ച് ആവശ്യമായ എല്ലാ പ്രവർത്തനങ്ങളും മുൻപന്തിയിൽ നിന്ന് ചെയ്യണമെന്ന് നിർദ്ദേശിക്കുന്നു. 24 മണിക്കൂറും തുറന്ന് പ്രവർത്തിക്കുന്ന ഓഫീസിന്റെ ഭാഗമായി നിലകൊള്ളണമെന്നും അനാവശ്യമായ തരത്തിലുള്ള ഒരവധിയും നൽകരുതെന്നും അവധി നൽകേണ്ട മേലധികാരികൾക്ക് ഇതിനാൽ നിർദ്ദേശം

(മറുപുറം)

നൽകുന്നു. ഓണാഘോഷവുമായി ബന്ധപ്പെട്ട് ഒരു ആഘോഷങ്ങളും നടത്തരുതെന്നും അവധി ദിവസങ്ങളിൽപ്പോലും രക്ഷാപ്രവർത്തനങ്ങളിൽ പങ്കെടുത്ത് പ്രവർത്തിക്കണമെന്നും നിർദ്ദേശിക്കുന്നു. അതാത് സ്ഥാപനങ്ങളിലെ പ്രവർത്തന റിപ്പോർട്ട് മേലധികാരികൾ വഴി ഈ കാര്യാലയത്തിൽ ഹാജരാക്കേണ്ടതാണ്. കാലവർഷക്കെടുതിമൂലമുണ്ടായ ആസ്തികളുടെ പുനരുദ്ധാരണത്തിനായി എസ്റ്റിമേറ്റ് തയ്യാറാക്കൽ, സാങ്കേതികാനുമതി നൽകൽ, പ്രവൃത്തി നിർവ്വഹിക്കൽ തുടങ്ങിയ നടപടിക്രമങ്ങൾ തടസ്സം കൂടാതെ സ.ഉ (സാധാ) നം. 2221/2018/തസ്വഭവ, തീയതി. 10.08.2018 ഉത്തരവിൽ നിർദ്ദേശിക്കുന്നതുപോലെ നടത്തേണ്ടതാണ്. കൂടാതെ ഇപ്പോഴത്തെ പ്രളയവുമായി ബന്ധപ്പെട്ട് ജലഗതാഗത മാർഗ്ഗങ്ങളിലേയും താഴ്ന്ന പ്രദേശങ്ങളിലെയും ജലനിരപ്പ് (MFL) കണ്ടെത്തി ആയത് Flood Level Register - ലോ, കമ്പ്യൂട്ടർ അധിഷ്ഠിത ഡാറ്റയായോ അതാത് കാര്യാലയങ്ങളിൽ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണെന്നും നിർദ്ദേശിക്കുന്നു. ഭാവിയിൽ നിർമ്മാണങ്ങൾ നടത്തുന്നതിന് ഇത് പ്രയോജനപ്പെടുത്തേണ്ടതാണ്.

ചീഫ് എഞ്ചിനീയർ

എസ്.എ/

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കാലവർഷക്കെടുതി - ദുരിതാശ്വാസ പ്രവർത്തനങ്ങൾ. നടത്തുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ തുക ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്

സ.ഉ.(സാധാ) നം. 2221/2018/തസ്വഭവ തിരുവനന്തപുരം, തീയതി, 10/08/2018.

പരാമർശം:- 26/07/2018 ലെ സ.ഉ.(സാധാ) നം. 2047/2018/തസ്വഭവ നമ്പർ ഉത്തരവ്

ഉത്തരവ്

പരാമർശ പ്രകാരം മഴക്കാല ദുരിതാശ്വാസ പ്രവർത്തനത്തിന്റെ ഭാഗമായി ദുരിത ബാധിത പ്രദേശങ്ങളിൽ ഗുരുതരമായ സാംക്രമിക രോഗങ്ങൾ, പകർച്ച വ്യാധികൾ എന്നിവ തടയുന്നതിന് ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി ആവശ്യമായ തുക ചെലവിടുന്നതിന് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

സംസ്ഥാനത്തെ സ്ഥിതി വിശേഷം വളരെ ഗുരുതരമായ രീതിയിൽ മാറിയിട്ടുള്ള സാഹചര്യത്തിൽ ദുരന്ത നിവാരണ പ്രവർത്തനങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സജീവമായി ഇടപെടേണ്ടതുണ്ട്. ദുരന്ത ബാധിതരുടെ പുനരധിവാസം, കുടിവെള്ളം ലഭ്യമാക്കൽ, തകർന്ന് പോയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ഘടക സ്ഥാപനങ്ങളുടെയും സംരക്ഷണം, ഉൾപ്പെടെയുള്ള എല്ലാവിധ ക്രമീകരണങ്ങളും ചെയ്യുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്ന് ആവശ്യമായ തുക വിനിയോഗിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. കൂടാതെ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

- ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ നടന്ന് വരുന്ന ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ പൂർണ്ണമായ പങ്കാളിത്തവും സഹകരണവും ലഭ്യമാക്കുവാൻ തദ്ദേശ സ്വയംഭരണ മേധാവികളും ഉദ്യോഗസ്ഥരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.
- ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്നതിൽ എസ്റ്റിമേറ്റ് തയ്യാറാക്കൽ, സാങ്കേതികാനുമതി നൽകൽ തുടങ്ങിയ നടപടി ക്രമങ്ങൾ തടസ്സമാകുന്നില്ല എന്ന് ചീഫ് എഞ്ചിനീയർ ഉറപ്പ് വരുത്തേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
റ്റി.കെ.ജോസ് ഐ.എ.എസ്,
അഡീഷണൽ ചീഫ് സെക്രട്ടറി.

എല്ലാ ജില്ലാ കളക്ടർമാർക്കും
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ,തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ (പകർപ്പ് വകുപ്പ് തലവൻമാർ മുഖേന)
തദ്ദേശ സ്വയംഭരണ (ഇ.ഡബ്ല്യൂ) വകുപ്പ് (അറിവിലേയ്ക്കും തുടർ നടപടിക്കുമായി).
ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

"ഭരണഭാഷ മാതൃഭാഷ"

പഞ്ചായത്ത് ഡയറക്ടറുടെ നടപടിക്രമങ്ങൾ
(ഹാജർ:എം.പി.അജിത്കുമാർ)

വിഷയം :- പഞ്ചായത്ത് വകുപ്പ്- ദുരന്ത നിവാരണം – പഞ്ചായത്ത് വകുപ്പിലെ ദുരന്ത നിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് തിരുവനന്തപുരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ശ്രീ.ഹിൽക്ക് രാജിനെ പഞ്ചായത്ത് ജോയിൻറ് ഡയറക്ടറുടെ അധിക ചുമതല നൽകി ഉത്തരവാകുന്നത് -സംബന്ധിച്ച്

പരാമർശം:- ഈ ഓഫീസിലെ 16.08.2018 ലെ ഇതേ നമ്പർ ഉത്തരവ്

ഉത്തരവ് നമ്പർ ജി2-12156/12 തീയതി.16.08.2018

സംസ്ഥാനത്തെ ദുരന്തത്തിലാക്കിയ പ്രളയക്കെടുതി പല ഗ്രാമ പഞ്ചായത്തുകളെയും ബാധിച്ചിരിക്കുന്ന സാഹചര്യത്തിൽ പഞ്ചായത്ത് വകുപ്പുമായി ബന്ധപ്പെട്ട് ദുരന്ത നിവാരണം ദുരിതാശ്വാസ ക്യാമ്പുകളുടെ രൂപീകരണം,നടത്തിപ്പ് തുടർന്ന് സർക്കാർ നിർദ്ദേശിക്കുന്ന ഭാവി പ്രവര്ത്തനങ്ങൾ എന്നിവക്ക് പഞ്ചായത്ത് ഡയറക്ടറെ സഹായിക്കുന്നതിനായി തിരുവനന്തപുരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടര് ശ്രീ.ഹിൽക്ക് രാജിന് പഞ്ചായത്ത് ജോയിൻറ് ഡയറക്ടറുടെ അധിക ചുമതല നൽകി ഉത്തരവാകുന്നു.ടിയാൻ പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയത്തിൽ ഹാജരായി ദുരിതാശ്വാസ പ്രവര്ത്തനങ്ങൾ ഏകോപിപ്പിക്കേണ്ടതും ഡയറക്ടറുടെ നിർദ്ദേശാനുസരണം പ്രവർത്തിക്കേണ്ടതുമാണ്.

എം.പി.അജിത്കുമാർ
പഞ്ചായത്ത് ഡയറക്ടറുടെ
പൂർണ്ണ അധിക ചുമതല വഹിക്കുന്ന
പഞ്ചായത്ത് അഡീഷണൽ ഡയറക്ടർ

പകർപ്പ് :

1. ബഹു. അഡീഷണൽ ചീഫ് സെക്രട്ടറി,തദ്ദേശ സ്വയം ഭരണ വകുപ്പ് (ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം
3. സൂപ്രണ്ട് ഇ സെക്ഷൻ
4. പഞ്ചായത്ത് ഡയറക്ടറുടെ സി.എ
5. അഡീഷണൽ ഡയറക്ടറുടെ സി.എ
6. ജോയിന്റ് ഡയറക്ടറുടെ സി.എ

കരുതൽ അധികം.

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - മഴക്കെടുതിയെ തുടർന്ന് പ്രളയ ബാധിത പ്രദേശങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ സ്വീകരിക്കേണ്ട ശുചീകരണ പ്രവർത്തനങ്ങൾ സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയം ഭരണ (ഡി.സി) വകുപ്പ്

സ.ഉ.(സാധാ)നം.2267/2018/തസ്വഭവ തിരുവനന്തപുരം, തീയതി 17.08.2018

പരാമർശം :-1. മഴക്കെടുതികൾ മൂലമുണ്ടായ നാശ നഷ്ടങ്ങൾ സംബന്ധിച്ച് അവലോകനം ചെയ്യുന്നതിന് ബഹു.മുഖ്യ മന്ത്രിയുടെ അധ്യക്ഷതയിൽ 08.08.2018-ൽ ചേർന്ന യോഗത്തിലെ തീരുമാനങ്ങൾ

2. ദുരന്ത നിവാരണ (എ) വകുപ്പിന്റെ 10.08.2018 ലെ സ.ഉ(കൈ)നം.12/2018/DMD നമ്പർ ഉത്തരവ്

ഉത്തരവ്

കേരളം ഇപ്പോൾ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന മഴക്കെടുതിയും വെള്ളപ്പൊക്കവും അതീവ ഗുരുതരമായതിനാൽ ദുരന്ത നിവാരണത്തിനായി കൂടുതൽ യോജിച്ചുള്ള പ്രവർത്തനങ്ങൾ എല്ലാ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതുണ്ട്. ദുരന്ത നിവാരണത്തിന്റെ ഭാഗമായി ജനങ്ങളെ മാറ്റിപാർപ്പിക്കുന്നതിന് കഴിയുന്നതും വിദ്യാഭാസ സ്ഥാപനങ്ങൾ ഒഴിവാക്കി കല്യാണ മണ്ഡപങ്ങൾ, കൺവെൻഷൻ സെന്ററുകൾ, സൗകര്യ പ്രദമായ മറ്റ് ഹാളുകൾ/ കെട്ടിടങ്ങൾ മുതലായവ വാടകയ്ക്കോ സൗജന്യമായോ ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് ആവശ്യമായ എല്ലാ സഹായങ്ങളും അതാത് തദ്ദേശ സ്വയംഭരണ സ്ഥാപന അധ്യക്ഷന്മാരും സെക്രട്ടറിമാരും ഉറപ്പുവരുത്തേണ്ടതാണ് .

മഴക്കെടുതിയെ തുടർന്ന് പ്രളയ ബാധിത പ്രദേശങ്ങളിലെ വീടുകളിലും സ്ഥാപനങ്ങളിലും കിണറുകളിലും മറ്റും മണ്ണും ചെളിയും ഉൾപ്പെടയുള്ള മാലിന്യങ്ങൾ അടിഞ്ഞുകൂടിയിട്ടുണ്ട്. പ്രസ്തുത മാലിന്യങ്ങൾ നീക്കം ചെയ്ത് വീടുകളും സ്ഥാപനങ്ങളും കിണറുകളും ഉപയോഗ യോഗ്യമാക്കുന്നതിന് ശുചീകരണ നടപടികൾ തദ്ദേശസ്വയംഭരണസ്ഥാപന തലത്തിൽ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട്. ഇതിന്റെ ഭാഗമായി മഴക്കെടുതിയെ തുടർന്ന് പ്രളയ ബാധിത പ്രദേശങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ താഴെ പറയുന്ന ശുചീകരണ നടപടികൾ അടിയന്തരമായി സ്വീകരിക്കേണ്ടതാണ്.

- വെള്ളപ്പൊക്കവും മഴക്കെടുതിയും ശമിച്ചാലുടൻതന്നെ ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ, ശുചിത്വ മിഷനും ആരോഗ്യ കുടുംബക്ഷേമ വകുപ്പുമായി യോജിച്ച് പ്രവർത്തിക്കേണ്ടതും ഇതിനാവശ്യമായ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ നേതൃത്വം നൽകേണ്ടതുമാണ്. ഇക്കാര്യത്തിലേക്കായി ഡംപിങ് സ്ഥലങ്ങൾ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കണ്ടെത്തേണ്ടതാണ്.

- ശുചീകരണ പ്രവർത്തനങ്ങൾക്കായി കുടുംബശ്രീ പ്രവർത്തകരുടെയും, ഹരിതകർമ്മ സേനയുടെയും, സന്നദ്ധ-സാമൂഹ്യ സംഘടനകളുടെയും, യുവജന-വിദ്യാർത്ഥി സംഘടനകളുടെയും സേവനം പരമാവധി പ്രയോജനപ്പെടുത്തേണ്ടതാണ്.
- മലിനജലം കലർന്ന കിണറുകളുടെ ശുചീകരണം (well sanitation)) നടത്തി ഉപയോഗ യോഗ്യമാക്കുന്നതിനു പ്രാഥമിക പരിഗണന നൽകേണ്ടതാണ്.
- കയ്യുറ, മാസ്ക് തുടങ്ങി ശുചീകരണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ വസ്തുക്കളുടെ ലഭ്യത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉറപ്പാക്കേണ്ടതാണ്
- പ്രളയ ബാധിത പ്രദേശങ്ങളിലെ വീടുകളിൽ പാമ്പ് ഉൾപ്പെടുയുള്ള ജീവികളുടെ സാന്നിധ്യം മുന്നിൽ കണ്ട് ശുചീകരണ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.
- വെള്ളപ്പൊക്കവും മഴക്കെടുതികളുമായി ബന്ധപ്പെട്ട് ഉണ്ടാകാൻ സാധ്യതയുള്ള ആരോഗ്യ പ്രശ്നങ്ങൾ സംബന്ധിച്ച് ആരോഗ്യ വകുപ്പ് പുറപ്പെടുവിക്കുന്ന നിർദേശങ്ങൾ കൃത്യമായും പാലിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

കെ. ഗോപാലകൃഷ്ണ ഭട്ട്

ഗവ. സ്പെഷ്യൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ
പഞ്ചായത്ത് ഡയറക്ടർ
ആരോഗ്യ വകുപ്പ് ഡയറക്ടർ
എല്ലാ ജില്ലാ കളക്ടർമാർക്കും
ഗ്രാമ വികസന കമ്മീഷണർ
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
എല്ലാ ഗ്രാമ പഞ്ചായത്ത് അധ്യക്ഷന്മാർക്കും/ സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ നഗരസഭാ അധ്യക്ഷന്മാർക്കും/ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ മുനിസിപ്പൽ കോർപറേഷൻ അധ്യക്ഷന്മാർക്കും/ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ ഇന്ന് തന്നെ പ്രസിദ്ധപ്പെടുത്തുന്നതിന്)
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ (വ്യാപകമായ പ്രസിദ്ധീകരണത്തിന്)
പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം നമ്പർ OA.2432 തീയതി 16.08.2018)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്- ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ സെക്രട്ടറിക്ക്
തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശ സ്വയം ഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി (റൂറൽ) യുടെ പി.എ.യ്ക്ക്
തദ്ദേശ സ്വയം ഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ യ്ക്ക്

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - മഴക്കെടുതി - സംസ്ഥാനത്ത് ഒട്ടാകെ കാലവർഷക്കെടുതി മൂലമുണ്ടായ നാശനഷ്ടങ്ങൾ - ദുരിതാശ്വാസ നടപടികൾ സ്വീകരിക്കുന്നതിനുള്ള ക്രമീകരണങ്ങൾ - നിർദ്ദേശങ്ങൾ നൽകി ഉത്തരവു പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

സ.ഉ. (കൈ) നം.**114/2018/തസ്വഭവ.** തീയതി, തിരുവനന്തപുരം,**17/08/2018.**

പരാമർശം :- സ.ഉ(കൈ) നം. 13/2018 ദു.നി.വ തീയതി 16/08/2018.

ഉത്തരവ്

സംസ്ഥാനത്ത് ഒട്ടാകെ കാലവർഷക്കെടുതി മൂലം നാശനഷ്ടങ്ങളുണ്ടായ സാഹചര്യത്തിൽ ദുരിതാശ്വാസ നടപടികൾ സ്വീകരിക്കുന്നതിനുള്ള 'മാർഗ്ഗ നിർദ്ദേശങ്ങൾ പരാമർശ ഉത്തരവ് പ്രകാരം പുറപ്പെടുവിക്കുകയുണ്ടായി. ആയതിന്റെ തുടർച്ചയായി ദുരിതാശ്വാസ നടപടികൾ സ്വീകരിക്കുന്നതിന് സർക്കാർ താഴെ പറയുന്ന നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. മഴക്കെടുതിയിലും വെള്ളപ്പൊക്കത്തിലുംപെട്ട് വീടുകളിലും മറ്റ് കെട്ടിടങ്ങളിലും കുടുങ്ങപ്പോയിട്ടുള്ള ആൾക്കാർക്ക് ഭക്ഷണ സാധനങ്ങൾ എത്തിക്കുന്നതിന് അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പഞ്ചായത്ത് പ്രസിഡന്റ് / സെക്രട്ടറി, മുൻസിപ്പാലിറ്റി ചെയർമാൻ / സെക്രട്ടറി, കോർപ്പറേഷൻ ചെയർമാൻ / സെക്രട്ടറിമാർ നേതൃത്വം വഹിക്കേണ്ടതാണ്.

2. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരും ദുരന്ത നിവാരണ പ്രവർത്തനങ്ങളിൽ വ്യാപൃതരാകേണ്ടതും ഇത് ഡ്യൂട്ടിയുടെ ഭാഗമായി തന്നെ പരിഗണിക്കുന്നതുമാണ്. അടിയന്തിര ഘട്ടങ്ങളിലല്ലാതെ ജീവനക്കാർക്ക് അവധി അനുവദിക്കേണ്ടതില്ല.

3. ദുരന്ത നിവാരണത്തിന്റെ ഭാഗമായി ജനങ്ങളെ മാറ്റി പാർപ്പിക്കുന്നതിന് കഴിയുന്നതും വിദ്യാഭ്യാസ സ്ഥാപനങ്ങളെ ഒഴിവാക്കി കല്യാണമണ്ഡപങ്ങൾ, കൺവെൻഷൻ സെന്ററുകൾ, സൗകര്യപ്രദമായ മറ്റു ഹാളുകൾ മുതലായവ കണ്ടെത്തി വാടകയ്ക്കെടുക്കുവാൻ ബന്ധപ്പെട്ട ജില്ലാ കളക്ടർമാരെ സഹായിക്കുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ചുമതലപ്പെടുത്തുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
കെ.ഗോപാലകൃഷ്ണ ഭട്ട്
സ്പെഷ്യൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം.
ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം.
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
റവന്യൂ വകുപ്പ്
പൊതുഭരണ (എസ്.സി) വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
ഡയറക്ടർ, ഐ. കെ. എം. (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.
പകർപ്പ് - ബഹു. മുഖ്യമന്ത്രിയുടെ പി.എസിന്
തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രിയുടെ പി.എസിന്
റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രിയുടെ പി.എസിന്
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എക്ക്

ഉത്തരവിൻപ്രകാരം
സെക്ഷൻ ഓഫീസർ

ഗ്രാമവികസന വകുപ്പ് അഡീഷണൽ ഡെവലപ്പ്മെന്റ് കമ്മീഷണറുടെ നടപടിക്രമം

(ഹാജർ : വി.എസ്.സന്തോഷ് കുമാർ)

വിഷയം :- ഗ്രാ.വി.വ-പ്രളയദുരിതാശ്വാസ പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിലേയ്ക്കായി -ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :- 1) സർക്കാരിന്റെ 16.08.2018 തീയതിയിലെ ജി.ഒ(ആർ.റ്റി) 2262/2018/തസ്വഭവ നമ്പർ ഉത്തരവ്.

2) ഈ ഓഫീസിൽ നിന്നുള്ള 16.08.2018 തീയതിയിലെ ഇതേ നമ്പർ കത്ത്.

3) 17/08/2018 ലെ അഡീഷണൽ ഡെവലപ്പ്മെന്റ് കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിലെ നിർദ്ദേശം.

ഉത്തരവ് നം. ഡിപി4/12889/18/സിആർഡി **തീയതി: 17/08/2018**

കാലവർഷക്കെടുതി മൂലമുള്ള പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങൾ കൃത്യതയോടെയും ഉത്തരവാദിത്വത്തോടെയും നടത്തുന്നതിലേക്ക് ഗ്രാമവികസന വകുപ്പിന്റെ എല്ലാ ജില്ലകളിലെയും ദാരിദ്ര്യലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടർമാരെ ചുമതലപ്പെടുത്തിക്കൊണ്ട് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു. പ്രോജക്ട് ഡയറക്ടർമാർ മറ്റ് ജില്ലാതല ഓഫീസർമാരുടെയും തങ്ങളുടെ ജില്ലയിലെ ബ്ലോക്ക് പഞ്ചായത്തുകളുടെയും സഹകരണത്തോടെ ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കേണ്ടതും നിലവിലുള്ള റവന്യൂ/ഡിസാസ്റ്റർ മാനേജ്മെന്റ് ടീമിന് സഹായകരമായി ജില്ലാ കളക്ടറുടെ നിർദ്ദേശങ്ങൾ പാലിച്ചു പ്രവർത്തിക്കേണ്ടതുമാണ്.

ചുമതലകൾ:-

1. സർക്കാരിൽ നിന്നുള്ള 16.08.2018 തീയതിയിലെ ജി.ഒ.(ആർ.ടി)നം. 2262/2018/എൽ.എസ്. ജി.ഡി നമ്പർ ഉത്തരവ് പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
2. ഓരോ ബ്ലോക്ക് പഞ്ചായത്ത് തലത്തിലും ജോയിന്റ് ബി.ഡി.ഒ/എക്സ്റ്റൻഷൻ ഓഫീസർമാർ/ഹെഡ് ക്ലാർക്ക്/ഹെഡ് അക്കൗണ്ടന്റുമാർ എന്നിവർ ചുമതലക്കാരായും വി.ഇ.ഒ/മിനിസ്റ്റീരിയൽ സ്റ്റാഫ് എന്നിവരെ അസിസ്റ്റന്റുമാരുമായും നിയോഗിച്ച് പ്രത്യേക ടീമിനെ രൂപീകരിച്ച് പ്രവർത്തിക്കേണ്ടതും 24 മണിക്കൂറും പ്രവർത്തിക്കുന്ന ഒരു കൺട്രോൾ റൂം തുറക്കേണ്ടതുമാണ്.
3. ടീമുകൾ നിലവിലുള്ള റവന്യൂ/ഡിസാസ്റ്റർ മാനേജ്മെന്റ് ടീമിന് സഹായകരമായി പ്രവർത്തിക്കേണ്ടതാണ്.
4. ഒറ്റപ്പെട്ട സ്ഥലങ്ങളിൽ അകപ്പെട്ട കുടുംബങ്ങളെ കണ്ടെത്തി നിലവിലെ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി സുരക്ഷിത സ്ഥാനങ്ങളിൽ എത്തിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.
5. ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് ആവശ്യമായ വസ്തുക്കൾ ശേഖരിച്ച് റവന്യൂ വകുപ്പിന് കൈമാറേണ്ടതാണ്.
6. ആവശ്യമെങ്കിൽ വലിയ ക്യാമ്പുകളിൽ ഒരു ഉദ്യോഗസ്ഥനെ ക്യാമ്പ് മാനേജരായി നിയോഗിക്കാവുന്നതാണ്.
7. പുതുതായി ക്യാമ്പുകൾ തുടങ്ങുന്നതിന് അനുയോജ്യമായ കെട്ടിടങ്ങൾ കണ്ടെത്തി റവന്യൂ വകുപ്പിനെ അറിയിക്കേണ്ടതാണ്.
8. ക്യാമ്പ്. പി.എച്ച്.സി സംവിധാനം മരുന്നുകൾ, ഭക്ഷണം മറ്റ് നിത്യോപയോഗ സാധനങ്ങൾ വസ്ത്രങ്ങൾ തുടങ്ങിയവ ശേഖരിക്കാൻ റവന്യൂ വകുപ്പിനെ സഹായിക്കേണ്ടതാണ്.

9. കുടിവെള്ളവുമായി ബന്ധപ്പെട്ട വിഷയങ്ങൾ കേരള വാട്ടർ അതോറിറ്റിയുമായി ചേർന്ന് ക്രമീകരിക്കുകയും ആവശ്യമുള്ള ക്യാമ്പുകളിൽ കുടിവെള്ളം എത്തിക്കേണ്ടതുമാണ് ഇക്കാര്യം റവന്യൂ വകുപ്പിനെ അറിയിക്കുകയും വേണം.
10. ജില്ലയിലെ ജില്ലാ മെഡിക്കൽ ഓഫീസർ(ഹെൽത്ത്), റവന്യൂ ഓഫീസർമാർ തുടങ്ങിയവരുടെ സഹായത്തോടെ വേണ്ട വിധത്തിലുള്ള ഏകോപിത പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.
11. ഗ്രാമവികസന വകുപ്പിലെ മുഴുവൻ ഉദ്യോഗസ്ഥരും സർവ്വ സഹായങ്ങളും ദുരിതബാധിതർക്ക് നൽകുന്നതിനായി തയ്യാറാകേണ്ടതാണ്.
12. ദുരിതശ്വാസ പ്രവർത്തനങ്ങൾ അവസാനിക്കും വരെ സംസ്ഥാന, ജില്ല, ബ്ലോക്ക്തലത്തി ലുള്ള ഒരു ഉദ്യോഗസ്ഥർക്കും അവധി അനുവദിക്കുന്നതല്ല.

ഒപ്പ്

അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ I

സ്വീകർത്താവ്:-

1. എല്ലാ പ്രോജക്ട് ഡയറക്ടർ മാർക്കും.
2. എല്ലാ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ)/(പി.എ)മാർക്കും.
3. എല്ലാ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും.
4. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

ജൂനിയർ സൂപ്രണ്ട്

എസ്.എസ് 17.8.2018

ശുചിത്വമിഷൻ
തദ്ദേശസ്വയംഭരണ വകുപ്പ്
കേരള സർക്കാർ

നം.2773/എ/2018/എസ്.എം **തീയതി : 17/08/2018**

പരിപത്രം

വിഷയം :- തദ്ദേശസ്വയംഭരണ വകുപ്പ് - ശുചിത്വമിഷൻ - അപ്രതീക്ഷിതവും, അഭൂതപൂർവ്വവുമായ പ്രളയക്കെടുതി - അടിയന്തിര ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നത്-നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

സംസ്ഥാനം നേരിട്ടുകൊണ്ടിരിക്കുന്ന അപ്രതീക്ഷിതവും, അഭൂതപൂർവ്വവുമായ പ്രളയക്കെടുതിയെ തുടർന്നുള്ള ദുരിതാശ്വാസ നടപടികളുടെ ഭാഗമായി ദുരിതാശ്വാസ ക്യാമ്പുകളിലും, വീടുകളിലും, പൊതു ഇടങ്ങളിലും ശുചിത്വം ഉറപ്പുവരുത്തുന്നതിന് ചുവടെ ചേർക്കുന്ന അടിയന്തിര പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തണമെന്ന് നിർദ്ദേശിക്കുന്നു.

1. ജില്ലയിലെ ദുരിതാശ്വാസ ക്യാമ്പുകൾ സന്ദർശിച്ച് ശുചിത്വസംവിധാനങ്ങൾ ഉറപ്പുവരുത്തി, അടിയന്തിരമായി പരിഹരിക്കേണ്ട വിഷയങ്ങൾ ക്യാമ്പ് പ്രവർത്തിക്കുന്ന സ്ഥലത്തെ തദ്ദേശസ്ഥാപനത്തിന്റേയും, ജില്ലാഭരണകൂടത്തിന്റേയും ശ്രദ്ധയിൽ കൊണ്ടുവരിക
2. ജില്ലാ ഭരണകൂടവുമായി ബന്ധപ്പെട്ട് ശുചിത്വമേഖലയിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക. ജില്ലാമിഷൻ ടീം ഇതിലേയ്ക്ക് 24 മണിക്കൂറും പ്രവർത്തനസജ്ജരാകുക. സംസ്ഥാന മിഷനിൽ നിന്ന് സഹായം വേണ്ടതുണ്ടെങ്കിൽ അടിയന്തിരമായി അറിയിക്കേണ്ടതാണ്
3. ക്യാമ്പ് പ്രവർത്തിക്കുന്ന സ്ഥലങ്ങളിലെ ശൗചാലയങ്ങൾ പരിപാലിക്കുന്നു എന്ന് ഉറപ്പുവരുത്തുക. ഇതിനായി ബന്ധപ്പെട്ട തദ്ദേശസ്ഥാപനത്തിന്റേയും, ക്യാമ്പ് പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥന്റേയും സേവനം തേടേണ്ടതാണ്
4. ക്യാമ്പുകളിലെ ആഹാരാവശിഷ്ടങ്ങൾ സംസ്കരിക്കുന്നതിലേയ്ക്ക് വെള്ളക്കെട്ടില്ലാത്തതും മഴ നനയാത്തതുമായ ഇടങ്ങളിൽ വളക്കുഴികൾ സ്ഥാപിക്കുന്നു എന്ന് ഉറപ്പുവരുത്തുക. (തുമ്പൂർമുഴി മാതൃകയിലുള്ള സംസ്കരണ സംവിധാനങ്ങൾ തദ്ദേശസ്ഥാപനം വഴി സ്ഥാപിക്കുവാൻ സാധിക്കുമെങ്കിൽ അത്തരം പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുക. പ്രാദേശികമായി ലഭ്യമായ വിവിധതരത്തിലുള്ള കണ്ടെയ്നറുകൾ തുടങ്ങിയവയും യുക്തിസഹമായി കംപോസ്റ്റിംഗിന് ഉപയോഗിക്കാം. കമ്പോസ്റ്റിംഗ് വേഗതയിലാക്കുന്നതിന് ഇനോക്കുലം, ചാണകം തുടങ്ങിയവ ഉപയോഗപ്പെടുത്താവുന്നതാണ്)

5. ക്യാമ്പ് പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ പരിസരത്ത് വെള്ളം കെട്ടിനിൽക്കുന്നത് ശ്രദ്ധയിൽപെട്ടാൽ അവ ഒഴുക്കി വിടുന്നു എന്ന് ഉറപ്പാക്കുക. ഒഴുക്കി വിടാൻ പറ്റാത്ത തരത്തിൽ വെള്ളം കെട്ടികിടക്കുന്ന ഇടങ്ങളിൽ ആരോഗ്യവകുപ്പിന്റെ സഹായത്തോടെ കൊതുക് നശീകരണത്തിനുള്ള മരുന്നുകൾ തളിപ്പിക്കുക
6. ശുചിത്വമിഷന്റെ റിസോഴ്സ് പേഴ്സൺമാരെ ഓരോ ക്യാമ്പുകളിലും നിയോഗിച്ച് ശുചിത്വനിർദ്ദേശങ്ങൾ ജനങ്ങളിൽ എത്തിക്കുക.
7. പകർച്ചവ്യാധികൾ തടയുന്നതിലേയ്ക്ക് ആരോഗ്യവകുപ്പുമായി ചേർന്ന് മുൻകരുതലുകൾ എടുക്കുന്നതിന് നടപടികൾ സ്വീകരിക്കുക
8. അടിയന്തിര ഘട്ടങ്ങളിൽ ബ്ലോക്ക്, മുനിസിപ്പൽ, പഞ്ചായത്ത് ആഫീസുകളിൽ ശുചിത്വ എമർജൻസി സെന്ററുകൾ സ്ഥാപിച്ച് ശുചിത്വപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക. ഇതിലേയ്ക്ക് റിസോഴ്സ് പേഴ്സൺമാരുടെ സേവനം വിനിയോഗിക്കാവുന്നതാണ്.
9. അങ്കണവാടികൾ, സ്കൂൾശൗചാലയങ്ങൾ, പൊതുശൗചാലയങ്ങൾ ഇവയ്ക്ക് കേടുപാടുകൾ പറ്റിയിട്ടുണ്ടെങ്കിൽ അവ ഉപയോഗയോഗ്യമാക്കുന്നു എന്ന് ഉറപ്പുവരുത്തുക.
10. ജില്ലയിൽ മഴക്കെടുതി രൂക്ഷമായ പ്രദേശങ്ങളിലെ എല്ലാ പട്ടികജാതി/പട്ടികവർഗ്ഗ കോളനികളിലും **ജില്ലാമിഷൻ കോ-ഓർഡിനേറ്റർ നേരിട്ട് സന്ദർശിച്ച് വാർഡ്മെമ്പറിന്റെ നേതൃത്വത്തിൽ ശുചീകരണ പ്രവർത്തനം നടത്തുന്നതിന് വേണ്ട നിർദ്ദേശങ്ങൾ നൽകുക.**
11. ക്യാമ്പുകളിൽ നിന്ന് മടങ്ങി സ്വന്തം വാസസ്ഥലങ്ങളിലേയ്ക്ക് പോകുന്നവരുടെ ഭവനങ്ങൾ സന്ദർശനം നടത്തി ശുചിത്വസൗകര്യം ഉറപ്പാക്കുക. കുടുംബശ്രീ ജില്ലാമിഷൻ കോ-ഓർഡിനേറ്റർമാരുടെ സഹായത്തോടെ, അയൽക്കൂട്ടങ്ങൾ മുഖേനെ ശുചിത്വസൗകര്യങ്ങളുടെ ന്യൂനതകൾ തദ്ദേശസ്ഥാപനത്തിന് റിപ്പോർട്ട് ചെയ്യേണ്ടതും അവ മെച്ചപ്പെടുത്തുന്നതിന് വേണ്ട ഉപദേശ-നിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്.
12. ശുചിത്വ മാലിന്യ സംസ്കരണ ഉപാധികളുടെ അറ്റകുറ്റപ്പണികൾക്കാവശ്യമുള്ള സാങ്കേതിക ഉപദേശം ടെക്നിക്കൽ കൺസൾട്ടന്റുമാർ വഴി അടിയന്തിരമായി നൽകേണ്ടതാണ്.
13. ശുചിത്വമിഷന്റെ സർവ്വീസ് പ്രൊവൈഡർമാരുടെ സേവനം ലഭ്യമാക്കുന്നതിലേയ്ക്ക് അവരുടെ വിലാസവും, ബന്ധപ്പെടേണ്ട നമ്പറും മാധ്യമങ്ങൾക്കും, ജനപ്രതിനിധികൾക്കും, ഉദ്യോഗസ്ഥർക്കും ലഭ്യമാക്കേണ്ടതാണ്.
14. ക്യാമ്പുകളിലും വാസസ്ഥലങ്ങളിലുമുള്ള പ്ലാസ്റ്റിക് വസ്തുക്കൾ ശേഖരിച്ച് ചാക്കുകളിൽ കെട്ടി സൂക്ഷിക്കുക. ഇത് ശേഖരിക്കുന്നതിനു വേണ്ട സംവിധാനം ക്ലീൻ കേരള കമ്പനിയും, സ്ക്രാപ് ഡീലേഴ്സും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ആലോചിച്ച് ചെയ്യുന്നതിനുവേണ്ട സംവിധാനം ഒരുക്കുക.
15. ശുദ്ധമായ കുടിവെള്ളം എല്ലാവർക്കും ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കുക തെളിഞ്ഞിരിക്കുന്നുവെന്നതുകൊണ്ടു മാത്രം എല്ലാ വെള്ളവും സുരക്ഷിതമല്ല. വെള്ളത്തിൽ രോഗകാരികൾ ആയേക്കാവുന്ന ബാക്ടീരിയ, വൈറസ് തുടങ്ങിയ സൂക്ഷ്മ ജീവികളും കൊതുകുകൾ, വിരകൾ, അട്ടകൾ തുടങ്ങിയവയുടെ മുട്ടകളും

ഉണ്ടാകാൻ സാധ്യതയുണ്ട്. അതിനാൽ കുടിക്കുവാനുള്ള വെള്ളം തിളപ്പിച്ച ശേഷം ചൂടാറ്റി ഉപയോഗിക്കുക. തിളച്ചാൽ മതിയാകും. കൂടുതൽ സമയം തിളപ്പിക്കേണ്ടതില്ല. ചൂടാറ്റുവാൻ തിളപ്പിച്ച വെള്ളത്തിലേക്ക് ഒരു കാരണവശാലും പച്ചവെള്ളം ചേർത്ത് ഉപയോഗിക്കരുത്.

16. കൂടുതൽ നാൾ സംഭരിച്ചുവച്ചിട്ടുള്ള വെള്ളവും പൊതുവിതരണം നടത്തുന്ന വെള്ളവും കിണറ്റിലെ വെള്ളവും ക്ലോറിനേറ്റ് ചെയ്ത് മാത്രം ഉപയോഗിക്കുക.
17. ക്ലോറിനേഷൻ എന്നത് തികച്ചും പ്രായോഗികവും ഫലപ്രദവുമായ അണുനശീകരണ മാർഗ്ഗമാണ്. ബ്ലീച്ചിംഗ് പൗഡറാണ് സാധാരണയായി ക്ലോറിനേഷന് ഉപയോഗിക്കുന്നത്. ഒമ്പതടി വ്യാസമുള്ള കിണറിന് ഒരു കോൽ വെള്ളത്തിലേക്ക് (ഒരു പടവ് / പാമ്പിരി) ഏകദേശം ഒരു ടേബിൾ സ്പൂൺ ബ്ലീച്ചിംഗ് പൗഡർ മതിയാകും. വലുപ്പം കൂടിയ കിണറുകൾക്ക് ഇതനുസരിച്ച് കൂടുതൽ ബ്ലീച്ചിംഗ് പൗഡർ ഉപയോഗിക്കുക.
18. ആദ്യ തവണ സൂപ്പർ ക്ലോറിനേഷൻ ചെയ്യുകയായിരിക്കും ഉത്തമം. അതിനായി ബ്ലീച്ചിംഗ് പൗഡറിന്റെ അളവ് ഏറെക്കുറെ ഇരട്ടിയാക്കുക. ആവശ്യത്തിനുള്ള ബ്ലീച്ചിംഗ് പൗഡർ ഒരു പ്ലാസ്റ്റിക് ബക്കറ്റിലെടുത്ത് മുക്കാൽ ഭാഗം വെള്ളമൊഴിച്ച് നന്നായി ഇളക്കി ചേർക്കുക. അതിനു ശേഷം അഞ്ച് മിനിട്ട് ഊറാൻ അനുവദിക്കുക. പിന്നീട് തെളിഞ്ഞ വെള്ളം മാത്രം കിണറ്റിലേക്ക് ഒഴിച്ച് കിണർ വെള്ളം നന്നായി ഇളക്കുക. അര മണിക്കൂറിനു ശേഷം ഉപയോഗിക്കാം. കിണറിലെ വെള്ളത്തിന് ക്ലോറിന്റെ നേരിയ ഗന്ധം വേണം അതാണ് ശരിയായ അളവ്. ഒട്ടും ഗന്ധം ഇല്ലെങ്കിൽ അൽപം കൂടി ബ്ലീച്ചിംഗ് പൗഡർ ഒഴിക്കുക.
19. മഴക്കാലം കഴിയുന്നതു വരെ ഇടക്കിടെ ജലസ്രോതസ്സിൽ ക്ലോറിനേഷൻ ചെയ്യേണ്ടതാണ്. മഴക്കാലത്തിനുശേഷം ഇടവേളകളുടെ ദൈർഘ്യം വർദ്ധിപ്പിക്കാം.
20. കിണറുകളും ലഭ്യമായ കുടിവെള്ള സ്രോതസ്സുകളും ശുദ്ധീകരിക്കുന്നതിനും പരിസരവും പൊതു ഇടങ്ങളും ശുചിയായി വയ്ക്കുന്നതിനും വേണ്ട പ്രവർത്തനങ്ങൾക്ക് വലിയ പ്രചരണം നൽകേണ്ടതും പൊതുജനങ്ങൾക്ക് വേണ്ട പ്രേരണയും സഹായവും ലഭ്യമാക്കേണ്ടതുമാണ്.

മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കെല്ലാം റിസോഴ്സ് പേഴ്സൺമാരുടെ പ്രവർത്തനം വേണ്ടത്ര ഉറപ്പാക്കേണ്ടതാണ്. ഈ പ്രവർത്തനങ്ങൾ എല്ലാംതന്നെ വേഗത്തിലും ചിട്ടയോടേയും സംഘടിപ്പിക്കുകയും വിവരങ്ങൾ സംസ്ഥാനമിഷനിൽ യഥാസമയം റിപ്പോർട്ട് ചെയ്യുകയും ചെയ്യേണ്ടതാണ്.

എക്സിക്യൂട്ടീവ് ഡയറക്ടർ

എല്ലാ ജില്ലാ ശുചിത്വ മിഷൻ കോ-ഓർഡിനേറ്റർമാർക്കും.

കേരള സർക്കാർ

സംഗ്രഹം

ദുരന്ത നിവാരണ (എ) വകുപ്പ് – മഴക്കെടുതി – സംസ്ഥാനത്ത് ഒട്ടാകെ കാലവർഷക്കെടുതി മൂലമുണ്ടായ നാശനഷ്ടങ്ങൾ വിലയിരുത്തി ദുരിതാശ്വാസ നടപടികൾ സ്വീകരിക്കുന്നതിനുള്ള തുടർ നിർദ്ദേശങ്ങൾ – ഉത്തരവ് പുറപ്പെടുവിക്കുന്നു.

ദുരന്ത നിവാരണ(എ) വകുപ്പ്

സ.ഉ.(കൈ) നം.14/2018/DMD തീയതി,തിരുവനന്തപുരം, 17/08/2018

പരാമർശം:– 1 സ.ഉ.(എം.എസ്)നം.12/2018/ഡി.എം.ഡി. തീയതി 10.08.2018

2 സ.ഉ.(എം.എസ്)നം.13/2018/ഡി.എം.ഡി. തീയതി 16.08.2018

ഉത്തരവ്

കേരളം ഇപ്പോൾ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന മഴക്കെടുതിയും വെള്ളപ്പൊക്കവും അതീവ ഗുരുതരമായതിനാൽ ദുരന്ത നിവാരണത്തിനായി കൂടുതൽ യോജിച്ചുള്ള പ്രവർത്തനം എല്ലാ ഭാഗത്തു നിന്നും ഉണ്ടാകേണ്ടതുണ്ട്. ഈ സാഹചര്യത്തിൽ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് 16.08.2018 ന് കൂടിയ മന്ത്രിസഭായോഗം താഴെപ്പറയുന്ന തീരുമാനങ്ങൾ കൂടി കൈക്കൊണ്ടിട്ടുണ്ട്. ഇതിന്മേൽ ബന്ധപ്പെട്ട വകുപ്പുകൾ സമയബന്ധിതമായി ഉത്തരവ് / നടപടികൾ സ്വീകരിക്കേണ്ടതാണ്.

1. മഴക്കെടുതിയിലും വെള്ളപ്പൊക്കത്തിലുംപ്പെട്ട് വീടുകളിലും മറ്റ് കെട്ടിടങ്ങളിലും കുടുങ്ങിപ്പോയിട്ടുള്ള ആൾക്കാർക്ക് ഭക്ഷണ സാധനങ്ങൾ എത്തിക്കുന്നതിന് അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പഞ്ചായത്ത് പ്രസിഡന്റ് / സെക്രട്ടറി, മുനിസിപ്പാലിറ്റി ചെയർമാൻ / സെക്രട്ടറി, കോർപ്പറേഷൻ ചെയർമാൻ / സെക്രട്ടറിമാർ നേതൃത്വം വഹിക്കേണ്ടതാണ്. (നടപടി:– തദ്ദേശ സ്വയംഭരണ വകുപ്പ്)

2. വെള്ളപ്പൊക്കം ബാധിക്കാൻ സാധ്യതയുള്ള ഡൗൺസ്ട്രീം പ്രദേശങ്ങളിൽ താമസിക്കുന്ന ജനങ്ങളെ അടിയന്തിരമായി ഒഴിപ്പിച്ച് സുരക്ഷിത സ്ഥലങ്ങളിൽ എത്തിക്കുന്നതിന് ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ നടപടി സ്വീകരിക്കേണ്ടതാണ്.(നടപടി:– എല്ലാ ജില്ലാ കളക്ടർമാർക്കും)

3. മത്സ്യബന്ധന വകുപ്പിന്റെയും മത്സ്യത്തൊഴിലാളികളുടെയും ബോട്ടുകൾ ദുരിതാശ്വാസ

പ്രവർത്തനങ്ങൾക്കായി ഉപയോഗപ്പെടുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുവാൻ മത്സ്യബന്ധന വകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നു.(നടപടി:- മത്സ്യബന്ധനവും തുറമുഖവും വകുപ്പ്)

4. വിനോദ സഞ്ചാര വകുപ്പിന്റെ ബോട്ടുകൾ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി ഉപയോഗപ്പെടുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുവാൻ വിനോദ സഞ്ചാര വകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നു..(നടപടി:- വിനോദ സഞ്ചാര വകുപ്പ്)

5. വയനാട് ജില്ലയിലെ എല്ലാ റേഷൻ കാർഡ് ഉടമകൾക്കും രണ്ട് ആഴ്ചത്തേക്ക് സൗജന്യ റേഷൻ അനുവദിക്കേണ്ടതാണ്. ഇതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ഭക്ഷ്യ - പൊതുവിതരണ വകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നു.(നടപടി: - ഭക്ഷ്യ-പൊതുവിതരണ വകുപ്പ്)

6. സർക്കാർ ജീവനക്കാർ ദുരന്ത നിവാരണ പ്രവർത്തനങ്ങളിൽ വ്യാപൃതരാകേണ്ടതാണ്. ഇത് ഡ്യൂട്ടിയുടെ ഭാഗമായി തന്നെ പരിഗണിക്കുന്നതുമാണ്.(നടപടി:- എല്ലാ വകുപ്പുകൾക്കും)

7. ദുരന്ത നിവാരണത്തിന്റെ ഭാഗമായി ജനങ്ങളെ മാറ്റി പാർപ്പിക്കുന്നതിന് കഴിയുന്നതും വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒഴിവാക്കി കല്യാണ മണ്ഡപങ്ങൾ, കൺവെൻഷൻ സെന്ററുകൾ, സൗകര്യപ്രദമായ മറ്റ് ഹാളുകൾ മുതലായവ വാടകയ്ക്ക് എടുക്കുവാൻ ബന്ധപ്പെട്ട ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തുന്നു.(നടപടി:- എല്ലാ ജില്ലാ കളക്ടർമാർക്കും)

8. വെള്ളപ്പൊക്കവും മഴക്കെടുതിയും ശമിച്ചാലുടൻ തന്നെ ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ആരോഗ്യ കുടുംബക്ഷേമ വകുപ്പും ശുചിത്വ മിഷനും യോജിച്ച് പ്രവർത്തിക്കേണ്ടതാണ്. ഇതിനാവശ്യമായ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ നേതൃത്വം നൽകേണ്ടതാണ്.(നടപടി:- തദ്ദേശ സ്വയംഭരണം / ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ്/ എല്ലാ ജില്ലാ കളക്ടർമാർക്കും)

(ഗവർണറുടെ ഉത്തരവിൻപ്രകാരം)

പി.എച്ച്.കുര്യൻ

അഡീഷണൽ ചീഫ് സെക്രട്ടറി

പകർപ്പ്:

കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം

എല്ലാ ജില്ലാ കളക്ടർമാർക്കും

മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, ഒബ്സർവേറ്ററി ഹിൽസ്, വികാസ്ഭവൻ പി.ഒ, തിരുവനന്തപുരം.

എല്ലാ ജില്ലാ ട്രഷറി ഓഫീസർമാർക്കും, (ട്രഷറി ഡയറക്ടർ, തിരുവനന്തപുരം മുഖാന്തിരം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ.&ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ, ബ്രാഞ്ച് ഓഫീസ്, കോട്ടയം , എറണാകുളം, കോഴിക്കോട്, തൃശ്ശൂർ

സെക്രട്ടേറിയറ്റിലെ ബന്ധപ്പെട്ട എല്ലാ വകുപ്പ് തലവൻമാർക്കും

റവന്യൂ വകുപ്പ്

മത്സ്യബന്ധനം വകുപ്പ്

ധനകാര്യ വകുപ്പ്

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്
തദ്ദേശ സ്വയംഭരണ വകുപ്പ്
പൊതുഭരണ (എസ്.സി) വകുപ്പ്
വിവര പൊതുജന സമ്പർക്ക വകുപ്പ്

കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

പകർപ്പ് :- ബഹുഃ മുഖ്യമന്ത്രിയുടെ പി.എസിന്

റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രിയുടെ പി.എസിന്

ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്

അഡീഷണൽ ചീഫ് സെക്രട്ടറിയുടെ (റവന്യൂവും ദുരന്ത നിവാരണവും വകുപ്പ്) പേഴ്സണൽ സെക്രട്ടറിക്ക്

അഡീഷണൽ സെക്രട്ടറിയുടെ (ദുരന്ത നിവാരണ വകുപ്പ്)സി.എ-യ്ക്ക്

ഡി.എം.(ബി) വകുപ്പ്

ഡി.എം. (എ4) സീറ്റിന്

File No.DMA1/370/2018-DMD

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

389/ഡി.സി.3/2018/തസ്വഭവ

തദ്ദേശസ്വയംഭരണ (ഡി.സി.) വകുപ്പ്
തീയതി : 18.08.2018.

സർക്കുലർ

വിഷയം :- ത.സ്വ.ഭ.വ. - പ്രളയബാധിത പ്രദേശങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ സ്വീകരിക്കേണ്ട അടിയന്തര നടപടികൾ - സംബന്ധിച്ച്.

കേരളം ഇപ്പോൾ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന വലിയ വെള്ളപ്പൊക്കവും മഴക്കെടുതിയും നേരിടുന്നതിനായി റവന്യൂ അധികാരികളുമായി സഹകരിച്ചുകൊണ്ട് താഴെപറയുന്ന അടിയന്തര നടപടികൾ എല്ലാ മുനിസിപ്പാലിറ്റികളും, കോർപ്പറേഷനുകളും, ഗ്രാമപഞ്ചായത്തുകളും സ്വീകരിക്കേണ്ടതാണ്.

i. പ്രളയബാധിതമായ പഞ്ചായത്ത് / നഗരസഭ / കോർപ്പറേഷനോട് തൊട്ട് ചേർന്ന് സ്ഥിതിചെയ്യുന്ന നിലവിൽ പ്രളയം വലിയതോതിൽ ബാധിച്ചിട്ടില്ലാത്ത തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ ജലാംശമില്ലാത്ത ഭക്ഷ്യവസ്തുക്കൾ (dry food items - ബിസ്കറ്റ്, റസ്ക്, ബ്രഡ്, ബൺ, പഴങ്ങൾ, അവൽ മുതലായവ), കുപ്പിവെള്ളം എന്നിവ ശേഖരിച്ച് ക്യാമ്പിൽ എത്തിപ്പെടാനാകാതെ ചിതറികിടക്കുന്നവർക്ക് എത്തിക്കുന്നതിനുവേണ്ടി പരിശ്രമിക്കണം.

ii. വെള്ളപ്പൊക്കത്തിലും മഴക്കെടുതിയിലും പെട്ട് ദുരിതാശ്വാസക്യാമ്പുകളിലുള്ളവർക്ക് ആവശ്യമായ ഭക്ഷ്യവസ്തുക്കൾ (അരി, പയർ, പഞ്ചസാര, തേയില, കുപ്പിവെള്ളം, ഭക്ഷ്യഎണ്ണ, മറ്റ് പലവ്യഞ്ജന സാധനങ്ങൾ) സമാഹരിച്ച് ആവശ്യമായ സ്ഥലങ്ങളിലേയ്ക്ക് എത്തിക്കേണ്ടതാണ്.

iii. ക്യാമ്പിൽ എത്തിപ്പെടാനാകാതെ ചിതറികിടക്കുന്നവർക്ക് ആവശ്യമായ ഭക്ഷണസാധനങ്ങൾ, കുടിവെള്ളം, മരുന്ന് തുടങ്ങിയവ എത്തിക്കുന്നതിനും വെള്ളപ്പൊക്കം നിയന്ത്രണവിധേയമായതിനു ശേഷമുള്ള ശുചീകരണ പ്രവർത്തനങ്ങൾക്കും എല്ലാ സന്നദ്ധ-സാമൂഹ്യ സംഘടനകളുടെയും രാഷ്ട്രീയ പാർട്ടികളുടെ യുവജന-വിദ്യാർത്ഥി സംഘടനകളുടെയും സേവനം പരമാവധി പ്രയോജനപ്പെടുത്തേണ്ടതാണ്.

iv. വിവിധ കേന്ദ്രങ്ങളിൽ നിന്ന് സമാഹരിച്ച് എത്തിക്കുന്ന സാധന സാമഗ്രികൾ പ്രളയം വലിയതോതിൽ ബാധിച്ചിട്ടില്ലാത്ത സമീപ പഞ്ചായത്തുകളിൽ / നഗരസഭകളിൽ ശേഖരിച്ച് ആവശ്യാനുസരണം പ്രളയബാധിത പ്രദേശങ്ങളിൽ വിതരണം ചെയ്യുന്നതിനുള്ള ക്രമീകരണം ഏർപ്പെടുത്തേണ്ടതാണ്.

v. തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ നിർവ്വഹിക്കുന്ന പ്രവൃത്തികളുടെ പ്രതിദിന റിപ്പോർട്ട് ബന്ധപ്പെട്ട വകുപ്പ് മേധാവികൾക്ക് e-mail മുഖേന അതാത് ദിവസം ലഭ്യമാക്കേണ്ടതാണ്. കോപ്പി താഴെപ്പറയുന്ന e-mail id കളിലും നല്കേണ്ടതാണ്. acslsgd@gmail.com, splsecy.pard@kerala.gov.in, aslsgd@kerala.gov.in

vi. പ്രതിദിന പ്രവർത്തനറിപ്പോർട്ട് തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ upload ചെയ്യുന്നതിനുള്ള നടപടികൾ Executive Director, Information Kerala Mission സ്വീകരിക്കേണ്ടതാണ്.

vii. ഗ്രാമപഞ്ചായത്തുകളുടെ പ്രവർത്തനം അതാത് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ ഏകോപിപ്പിക്കേണ്ടതും റിപ്പോർട്ട് പഞ്ചായത്ത് ഡയറക്ടർക്ക് നൽകേണ്ടതുമാണ്. (കോപ്പികൾ ഇ-മെയിൽ വഴി ഗവൺമെന്റിലും നൽകണം.)

viii. മുനിസിപ്പാലിറ്റി / കോർപ്പറേഷനുകളുടെ പ്രവർത്തനം നഗരകാര്യ ഡയറക്ടറേറ്റിൽ നിന്നും ഏകോപിപ്പിക്കേണ്ടതാണ്. റിപ്പോർട്ട് നഗരകാര്യ ഡയറക്ടർ ഗവൺമെന്റിലേയ്ക്ക് നൽകേണ്ടതുമാണ്.

മേൽ നടപടികൾ എല്ലാ ഗ്രാമപഞ്ചായത്ത് / മുനിസിപ്പാലിറ്റി / കോർപ്പറേഷൻ അദ്ധ്യക്ഷൻമാരും, സെക്രട്ടറിമാരും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരും പ്രളയദുരിതാശ്വാസത്തിന്റെ ഗൗരവം മനസ്സിലാക്കി അടിയന്തരമായി സ്വീകരിക്കേണ്ടതാണ്.

ടി.കെ.ജോസ്,
അഡീഷണൽ ചീഫ് സെക്രട്ടറി,
തദ്ദേശസ്വയംഭരണ വകുപ്പ്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ കോർപ്പറേഷൻ മേയർമാർക്കും / സെക്രട്ടറിമാർക്കും.
(നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ നഗരസഭ ചെയർമാൻ / ചെയർപേഴ്സൺമാർക്കും / സെക്രട്ടറിമാർക്കും.
(നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും. (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ നഗരകാര്യ റീജണൽ ജോയിന്റ് ഡയറക്ടർമാർക്കും
(നഗരകാര്യ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
(വ്യാപകമായ പ്രസിദ്ധീകരണത്തിന്)
ഡയറക്ടർ, വിവരപൊതുജന സമ്പർക്കവകുപ്പ്
(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

പകർപ്പ് :- മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
ആരോഗ്യകുടുംബക്ഷേമ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

കേരള സർക്കാർ

സംഗ്രഹം

ദുരന്ത നിവാരണ (എ) വകുപ്പ് - സംസ്ഥാനത്ത് ഒട്ടാകെയുള്ള കാലവർഷക്കെടുതി മൂലമുണ്ടായ നാശനഷ്ടങ്ങൾ വിലയിരുത്തി അടിയന്തര നടപടികൾ സ്വീകരിക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

ദുരന്ത നിവാരണ(എ) വകുപ്പ്

സ.ഉ.(സാധാ) നം.450/2018/DMD തിരുവനന്തപുരം, തീയതി,18/08/2018

പരാമർശം:- 1 സ.ഉ.(എം.എസ്)നം.12/2018/ഡി.എം.ഡി. തീയതി 10.08.2018

2 സ.ഉ.(എം.എസ്)നം.13/2018/ഡി.എം.ഡി. തീയതി 16.08.2018

3 സ.ഉ.(എം.എസ്)നം.14/2018/ഡി.എം.ഡി. തീയതി 17.08.2018

ഉത്തരവ്

സംസ്ഥാനത്ത് കാലവർഷക്കെടുതി മൂലം ഉണ്ടായിക്കൊണ്ടിരിക്കുന്ന ദുരിതാശ്വാസ പ്രവർത്തനത്തിന്റെ ഭാഗമായി താഴെപ്പറയുന്ന അടിയന്തര ആശ്വാസ നടപടികൾ സ്വീകരിക്കുന്നതിന് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. രൂക്ഷമായ വെള്ളപ്പൊക്കത്തിന്റെ ഭാഗമായി ഉള്ള രക്ഷാപ്രവർത്തനത്തിന് ഒരു ബോട്ടിന് 3000/- രൂപ നിരക്കിൽ വാടകയ്ക്ക് എടുത്ത് ബോട്ടുകൾ ഉപയോഗിക്കേണ്ടതാണ്. ഇതിലേയ്ക്ക് ആവശ്യമായ നടപടികൾ ജില്ലാ കളക്ടർമാർ സ്വീകരിക്കേണ്ടതാണ്.

2. ഭക്ഷണ പായ്ക്കറ്റുകൾ എയർ ഡ്രോപ്പിംഗ് ചെയ്യുന്നതിലേക്കായി ഹെലികോപ് റ്റർ, വാടകയ്ക്ക് എടുത്ത് ഉപയോഗിക്കുന്നതിലേക്കായി അതാത് ജില്ലാ കളക്ടർമാർക്ക് അനുമതി നൽകുന്നു.

3. സ്വകാര്യ വാഹനങ്ങൾ ജില്ലാ കളക്ടർമാർക്ക് ഉചിതം എന്ന് തോന്നുന്ന നിരക്കിൽ വാടകയ്ക്ക് എടുത്ത് രക്ഷാപ്രവർത്തനത്തിന് ഉപയോഗിക്കാവുന്നതാണ്.

4. ബോട്ട് / ഹെലികോപ് റ്റർ, മറ്റ് വാഹനങ്ങൾ എന്നിവയുടെ ഡ്രൈവർമാർക്കും അനുബന്ധ ജീവനക്കാർക്കും ആഹാരത്തിനും മറ്റ് അടിസ്ഥാന ചെലവുകൾക്കും ആവശ്യമായ തുക നൽകുന്നതിനും വാഹനങ്ങളുടെ ഇന്ധന ചെലവിനും ഫണ്ട് ഉപയോഗിക്കാവുന്നതാണ്.

5. മേൽ പരാമർശിച്ചിരിക്കുന്ന ആവശ്യങ്ങളിന്മേൽ തുക നേരിട്ട് (cash payment)

നൽകുന്നതിന് ജില്ലാ കളക്ടർക്ക് അനുമതി നൽകുന്നു.

6. തൃശ്ശൂർ, എറണാകുളം, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം എന്നീ ജില്ലകളിലെ ജില്ലാ സപ്ലൈ ഓഫീസർമാരോ, സപ്ലൈകോ റീജിയണൽ ഓഫീസർമാരോ മുഖേന ഭക്ഷണം പായ്ക്ക് ചെയ്ത് വിൽക്കുന്നതിന്റെ ബില്ലുകൾ അതാത് ജില്ലാ കളക്ടർമാർക്ക് നൽകേണ്ടതും ആയത് പേയ്മെന്റ് നടത്തി സാധൂകരണത്തിനായി സർക്കാരിൽ സമർപ്പിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പി.എച്ച്.കുര്യൻ
അഡീഷണൽ ചീഫ് സെക്രട്ടറി

കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
ഡയറക്ടർ, സിവിൽ സപ്ലൈസ് ഡയറക്ടറേറ്റ്
ഡയറക്ടർ, ഫിഷറീസ് ഡയറക്ടറേറ്റ്
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, ഒബ്സർവേറ്ററി ഹിൽസ്,വികാസ്ഭവൻ പി.ഒ, തിരുവനന്തപുരം.
എല്ലാ ജില്ലാ ട്രഷറി ഓഫീസർമാർക്കും, (ട്രഷറി ഡയറക്ടർ, തിരുവനന്തപുരം മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ.&ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ, ബ്രാഞ്ച് ഓഫീസ്, കോട്ടയം , എറണാകുളം, കോഴിക്കോട്, തൃശ്ശൂർ
വിവര പൊതുജന സമ്പർക്ക വകുപ്പ്
പൊതുഭരണ വകുപ്പ്
മത്സ്യബന്ധന വകുപ്പ്
ഭക്ഷ്യപൊതുവിതരണ വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

പകർപ്പ് :- ബഹു: മുഖ്യമന്ത്രിയുടെ പി.എസിന്
റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രിയുടെ പി.എസിന്
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്
അഡീഷണൽ ചീഫ് സെക്രട്ടറിയുടെ (റവന്യൂവും ദുരന്ത നിവാരണവും വകുപ്പ്) പേഴ്സണൽ സെക്രട്ടറിക്ക്
സ്പെഷ്യൽ സെക്രട്ടറിയുടെ (റവന്യൂ വകുപ്പ്)സി.എ-യ്ക്ക്
അഡീഷണൽ സെക്രട്ടറിയുടെ (ദുരന്ത നിവാരണ വകുപ്പ്)സി.എ-യ്ക്ക്
ഡി.എം.(ബി) വകുപ്പ്
ഡി.എം. (എ4) സീറ്റിന്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും 2017-18-ലെ ബോണസ്/പ്രത്യേക ഉത്സവബത്ത വിതരണം ചെയ്യുന്നത് സംബന്ധിച്ച് ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========

ധനകാര്യ (ലോൺസ്) വകുപ്പ്

സ.ഉ.(അച്ചടി)നം.134/2018/ധന തിരുവനന്തപുരം,2018 ആഗസ്റ്റ് 18

പരാമർശം:- 08.08.2018-ലെ സ.ഉ.(അച്ചടി) നമ്പർ 124/2018/ധന.

ഉത്തരവ്

സമാനതകളില്ലാത്ത പ്രളയ ദുരന്തത്തിൽ നിന്നും ജനങ്ങളെ കൈപിടിച്ചുയർത്തുവാൻ സംസ്ഥാന സർക്കാർ കൈകൊണ്ടുവരുന്ന നടപടികളുടെ ഭാഗമായി സംസ്ഥാന സർക്കാർ ജീവനക്കാർക്ക് 2017-18-ൽ പരാമർശ ഉത്തരവിലെ ഖണ്ഡിക 6(i) മുതൽ (xv)വരെയുള്ള വിഭാഗങ്ങൾക്ക് 2,750/- രൂപ(രണ്ടായിരത്തി എഴുനൂറ്റി അമ്പത് രൂപ മാത്രം) നിരക്കിൽ അനുവദിച്ച പ്രത്യേക ഉത്സവബത്ത ബഹു: മുഖ്യ മന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് ജീവനക്കാരുടെ സംഭാവനയായി നല്കി ഉത്തരവാകുന്നു.

ഇതിനോടകം ടി തുക കൈപ്പറ്റിയ ജീവനക്കാരുണ്ടെങ്കിൽ അവരുടെ ഈ മാസത്തെ ശമ്പളത്തിൽ നിന്നോ അഥവാ ശമ്പള ബില്ലുകൾ ഇതിനോടകം ട്രഷറിയിൽ സമർപ്പിച്ചിട്ടുണ്ടെങ്കിൽ സെപ്റ്റംബർ മാസത്തെ ശമ്പളത്തിൽ നിന്നോ ആയത് തിരിച്ചു പിടിക്കുവാൻ എല്ലാ ഡി.ഡി.ഒ-മാർക്കും ഇതിനാൽ നിർദേശം നൽകുന്നു.

പരാമർശ ഉത്തരവിലെ മറ്റു നിബന്ധനകളെല്ലാം അതേപടി നിലനിൽക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

മനോജ് ജോഷി
ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറി

പകർപ്പ്:-

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ/ ജി ആന്റ് എസ്എസ്.എ), തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ഇ ആന്റ് ആർഎസ്.എ)കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ) ആന്റ് ഇ) കേരളം, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്.
എല്ലാ വകുപ്പ് തലവൻമാർ, ഓഫീസർമാർക്ക്.
സെക്രട്ടറിയേറ്റിലെ എല്ലാ വകുപ്പുകൾ, സെക്ഷനുകൾക്ക്.
സെക്രട്ടറി, കേരള പബ്ലിക് സർവീസ് കമ്മീഷൻ.
എല്ലാ യൂണിവേഴ്സിറ്റികളുടെയും രജിസ്ട്രാർമാർക്ക്.
സെക്രട്ടറി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്.
മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ.
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം.
എല്ലാ ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറിമാർ / പ്രിൻസിപ്പൽ സെക്രട്ടറിമാർ/ സെക്രട്ടറിമാർ/ സ്പെഷ്യൽ സെക്രട്ടറിമാർ/ അഡീഷണൽ സെക്രട്ടറിമാർ/ ജോയിന്റ് സെക്രട്ടറിമാർ/ ഡെപ്യൂട്ടി സെക്രട്ടറിമാർ/ അണ്ടർ സെക്രട്ടറിമാർ.
ഗവർണ്ണറുടെ സെക്രട്ടറി, രാജ് ഭവൻ, തിരുവനന്തപുരം.
മുഖ്യമന്ത്രിയുടേയും മറ്റ് മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്.
സ്പീക്കറുടെയും ഡെപ്യൂട്ടി സ്പീക്കറുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്.
പ്രതിപക്ഷനേതാവിന്റെയും ഗവൺമെന്റ് ചീഫ് വിപ്പിന്റെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്.
മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ, കേരളം.
പൊതുജന സമ്പർക്ക വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
പബ്ലിക് റിലേഷൻസ് ഡയറക്ടർ, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, കേരളം, തിരുവനന്തപുരം.
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറി.
റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ. ഗവൺമെന്റ് ആന്റ് ബാങ്ക് അക്കൗണ്ട്സ് (എൻ.ബി) സെക്ഷൻ, ബന്ദ്ര (ഇ), മുംബൈ.
എല്ലാ ദേശസാത്കൃത ബാങ്കുകളുടെയും ഹെഡ് ഓഫീസുകൾ.
ചീഫ് റീജിയണൽ മാനേജർ, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ, തിരുവനന്തപുരം.
ചീഫ് മാനേജർ, ധനകാര്യ അക്കൗണ്ട്സ്, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ, തിരുവനന്തപുരം.
റീജിയണൽ മാനേജർ, യൂണിയൻ ബാങ്ക് ഓഫ് ഇൻഡ്യ, തിരുവനന്തപുരം, എറണാകുളം.
അസിസ്റ്റന്റ് ഡിവിഷണൽ മാനേജർ സെൻട്രൽ ബാങ്ക് ഓഫ് ഇൻഡ്യ, തിരുവനന്തപുരം.
സീനിയർ മാനേജർ, കാനറാ ബാങ്ക്, തിരുവനന്തപുരം.
സീനിയർ മാനേജർ, സർക്കിൾ ഓഫീസ് (അനക്സ്), കാനറാ ബാങ്ക്, തിരുവനന്തപുരം.
ഡിവിഷണൽ മാനേജർ, സിൻഡിക്കേറ്റ് ബാങ്ക്, തിരുവനന്തപുരം.
മാനേജർ, സോണൽ ഓഫീസ്, ഇൻഡ്യൻ ബാങ്ക്, എം.ജി.റോഡ്, തിരുവനന്തപുരം.
റീജിയണൽ മാനേജർ, ഇൻഡ്യൻ ഓവർസീസ് ബാങ്ക്, തിരുവനന്തപുരം.
റീജിയണൽ മാനേജർ, വിജയ ബാങ്ക്, തിരുവനന്തപുരം.
ഡയറക്ടർ ഓഫ് ട്രഷറീസ്, കേരളം, തിരുവനന്തപുരം.
ജില്ലാ ട്രഷറികൾ, സബ് ട്രഷറികൾ
അക്കൗണ്ടന്റ് ജനറൽ(എ&ഇ), തമിഴ്നാട്, ചെന്നൈ.
അക്കൗണ്ടന്റ് ജനറൽ (എ&ഇ),ആന്ധ്രാപ്രദേശ്, ഹൈദരാബാദ്.
അക്കൗണ്ടന്റ് ജനറൽ (എ&ഇ),കർണ്ണാടക, ബാംഗ്ലൂർ.
അക്കൗണ്ടന്റ് ജനറൽ (എ&ഇ),മഹാരാഷ്ട്ര, മുംബൈ.
അക്കൗണ്ടന്റ് ജനറൽ (എ&ഇ),രാജസ്ഥാൻ, ജയ്പൂർ.
അക്കൗണ്ടന്റ് ജനറൽ (എ&ഇ),മിസോറാം, ഐസ്വാൾ.
അക്കൗണ്ടന്റ് ജനറൽ (എ&ഇ),ഗുജറാത്ത്, അഹമ്മദാബാദ്.
അക്കൗണ്ടന്റ് ജനറൽ (എ&ഇ),ഹരിയാന, ചണ്ഡീഗഡ്.

അക്കൗണ്ടന്റ് ജനറൽ (എ&ഇ),ജമ്മു & കാശ്മീർ, ശ്രീനഗർ.
അക്കൗണ്ടന്റ് ജനറൽ (എ&ഇ),അരുണാചൽ പ്രദേശ്, ഇറ്റാനഗർ.
അക്കൗണ്ടന്റ് ജനറൽ (എ&ഇ),ഗോവ, പനാജി.
അക്കൗണ്ടന്റ് ജനറൽ(എ&ഇ),ഹിമാചൽ പ്രദേശ്, സിംല.
അക്കൗണ്ടന്റ് ജനറൽ(എ&ഇ),മധ്യപ്രദേശ്, ഗ്വാളിയർ.
അക്കൗണ്ടന്റ് ജനറൽ(എ&ഇ),ഒറീസ്സ, ഭുവനേശ്വർ.
അക്കൗണ്ടന്റ് ജനറൽ(എ&ഇ),ഉത്തർപ്രദേശ്, അലഹബാദ്.
അക്കൗണ്ടന്റ് ജനറൽ(എ&ഇ),ബീഹാർ, പാറ്റ്ന.
അക്കൗണ്ടന്റ് ജനറൽ(എ&ഇ),പശ്ചിമ ബംഗാൾ, കൊൽക്കത്ത.
അക്കൗണ്ടന്റ് ജനറൽ(എ&ഇ),ഉത്തരാഞ്ചൽ, ഡെറാഡൂൺ.
അക്കൗണ്ടന്റ് ജനറൽ(എ&ഇ),ആസ്സാം, ദിസ്പൂർ, ഗുഹാവത്തി.
അക്കൗണ്ടന്റ് ജനറൽ(എ&ഇ),മണിപ്പൂർ, ഇംഫാൽ.
അക്കൗണ്ടന്റ് ജനറൽ(എ&ഇ),ത്രിപുര, അഗർത്തല.
അക്കൗണ്ടന്റ് ജനറൽ(എ&ഇ),ഛത്തീസ്ഗഡ്, റായ്പൂർ.
അക്കൗണ്ടന്റ് ജനറൽ(എ&ഇ),നാഗാലാന്റ്, കൊഹിമ.
അക്കൗണ്ടന്റ് ജനറൽ(എ&ഇ),സിക്കിം, ഗാങ്ടോക്.
അക്കൗണ്ടന്റ് ജനറൽ(എ&ഇ), മേഘാലയ, ഷില്ലോങ്.
അക്കൗണ്ടന്റ് ജനറൽ(എ&ഇ), ഝാർഖണ്ഡ്, റാഞ്ചി
പ്രിൻസിപ്പൽ അക്കൗണ്ട്സ് ഓഫീസർ, പോണ്ടിച്ചേരി.
പ്രിൻസിപ്പൽ അക്കൗണ്ട്സ് ഓഫീസർ, ഡൽഹി അഡ്മിനിസ്ട്രേഷൻ, വികാസ് ഭവൻ, ന്യൂഡൽഹി.
നോഡൽ ഓഫീസർ, ധനകാര്യം
കരുതൽ കോപ്പി/ ആഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

ത.സ്വ.ഭ.വ. - പ്രളയ ദുരിതാശ്വാസം - കേരളം ഇപ്പോൾ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന പ്രളയംമൂലം വെള്ളംകയറി നശിച്ച വീടുകൾ, സ്ഥാപനങ്ങൾ, പൊതുസ്ഥലങ്ങൾ തുടങ്ങിയവ ഉപയോഗയോഗ്യമാക്കി നൽകുന്നതിന് സ്വീകരിക്കേണ്ട അടിയന്തരനടപടികൾ സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്

സ.ഉ. (സാധാ) നമ്പർ.2288/2018/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം 19.08.2018.

പരാമർശം :- (1) സ.ഉ. (സാധാ) 2267/2018/തസ്വഭവ തീയതി 17.08.2018.

(2) സർക്കുലർ നമ്പർ 389/ഡി.സി.3/2018/തസ്വഭവ തീയതി 18.08.2018.

(3) 19.08.2018 ന് ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിലെ തീരുമാനങ്ങൾ.

ഉത്തരവ്

കേരളം ഇപ്പോൾ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന മഴക്കെടുതിയും പ്രളയവുംമൂലം സംസ്ഥാനത്ത് വ്യാപകമായി വീടുകളും സ്ഥാപനങ്ങളും പൊതുസ്ഥലങ്ങളും വെള്ളവും ചെളിയും മാലിന്യവും കയറി വാസയോഗ്യവും ഉപയോഗ്യയോഗ്യവുമല്ലതായി തീർന്നിരിക്കുകയാണ്. വെള്ളപ്പൊക്കത്തിന്റെ തീവ്രത കുറഞ്ഞുവരുന്ന സാഹചര്യത്തിൽ പ്രളയബാധിത പ്രദേശങ്ങളിലെ വീടുകളും, സ്ഥാപനങ്ങളും, കുടിവെള്ള സ്രോതസുകളും, പൊതുസ്ഥലങ്ങളും ശുചിയാക്കി ജനങ്ങളുടെ ആരോഗ്യവും ശുചിത്വവും ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾക്ക് മുൻഗണന നൽകേണ്ടതുണ്ട്. ഈ സാഹചര്യത്തിൽ വെള്ളപ്പൊക്കവും മഴക്കെടുതിയും ശമിച്ചാലുടൻതന്നെ അടിയന്തരമായി താഴെപ്പറയുന്ന നടപടികൾ സ്വീകരിക്കേണ്ടതാണ്.

i. വെള്ളപ്പൊക്കത്തിൽ വീട് വിട്ട് മാറിതാമസിക്കേണ്ടിവന്നവരുടെ എല്ലാ വീടുകളും, തദ്ദേശസ്വയംഭരണ വകുപ്പിന് കൈമാറി കിട്ടിയ സ്ഥാപനങ്ങൾ, മറ്റ് സ്ഥാപനങ്ങൾ, പൊതു സ്ഥലങ്ങൾ തുടങ്ങിയവയും ചെളിയും മാലിന്യങ്ങളും മാറ്റി ശുചിയാക്കി വാസയോഗ്യമാക്കേണ്ടതിന്റെ പൂർണ്ണ ഉത്തരവാദിത്വം അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. ഇതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ശുചിത്വമിഷൻ, ഹരിതകേരളം മിഷൻ തുടങ്ങിയവരുടെ പിന്തുണയോടെ ശുചീകരണ പ്രവൃത്തികൾ വെള്ളമിറങ്ങിയ സ്ഥലങ്ങളിൽ അടിയന്തരമായി ഏറ്റെടുത്ത് നടത്തേണ്ടതാണ്.

ii. വെള്ളപ്പൊക്കത്തിൽ ജീവഹാനി സംഭവിച്ച മൃഗങ്ങളുടെ ശവശരീരങ്ങൾ പ്രത്യേകമായി മറവുചെയ്യേണ്ടതാണ്.

iii. ശുചീകരണത്തിനായി വാർഡ് തലത്തിൽ വോളന്റിയേഴ്സ് ടീം രൂപീകരിക്കേണ്ടതും ശുചീകരണ പ്രവൃത്തികൾക്കാവശ്യമായ ഉപകരണങ്ങൾ (മൺവെട്ടി, മൺകോരി, ചൂല്, ഇരിമ്പ് ചട്ടി, റബ്ബർ കുട്ട, ഗ്ലൗസ്, ഗംബൂട്ട്സ് മുതലായവ) വാടകയ്ക്ക് എടുക്കുകയോ

വാങ്ങുകയോ ചെയ്യുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിക്കേണ്ടതാണ്.

iv. ശുചീകരണ പ്രവർത്തനങ്ങൾക്കായി രൂപീകരിച്ചിട്ടുള്ള വാർഡുതല വോളന്റിയേഴ്സ് ടീമുകളിലേയ്ക്ക് വീടുകളുടെ / സ്ഥാപനങ്ങളുടെ എണ്ണത്തിനനുസരിച്ച് സന്നദ്ധ-സാമൂഹ്യ സംഘടനകളുടെയും രാഷ്ട്രീയ പാർട്ടികളുടെ വിദ്യാർത്ഥി - യുവജന സംഘടനകളുടെയും, എൻ.എസ്.എസ്., എൻ.സി.സി., യൂത്ത് ക്ലബുകൾ, സ്റ്റുഡന്റ് പോലീസ് കേഡറ്റ്സ്, കുടുംബശ്രീ പ്രവർത്തകർ, തൊഴിലുറപ്പ് പദ്ധതി തൊഴിലാളികൾ തുടങ്ങിയവരുടെയും സേവനം ഉറപ്പ് വരുത്തേണ്ടതാണ്.

v. ശുചീകരണത്തിനായി മതിയായ എണ്ണം ആൾക്കാരെ കിട്ടാതെ വരുന്ന സാഹചര്യങ്ങളിൽ അന്യസംസ്ഥാന തൊഴിലാളികൾ ഉൾപ്പടെയുള്ളവരെ ദിവസവേതനത്തിൽ ജോലിക്ക് നിയോഗിക്കാവുന്നതാണ്.

vi. പ്രളയബാധിതമായ പഞ്ചായത്ത് / നഗരസഭ / കോർപ്പറേഷനോട് തൊട്ട് ചേർന്ന് സ്ഥിതിചെയ്യുന്ന നിലവിൽ പ്രളയം വലിയതോതിൽ ബാധിച്ചിട്ടില്ലാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ അവശ്യ സാധനങ്ങൾ പ്രളയ ബാധിത പ്രദേശങ്ങളിൽ / ക്യാമ്പുകളിൽ എത്തിക്കുന്നതിന് ആവശ്യമായ സഹായങ്ങൾ ചെയ്യേണ്ടതാണ്.

vii. ദുരിതാശ്വാസക്യാമ്പുകളിൽ മതിയായ എണ്ണം ശുചിമുറികൾ ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ ബയോ ടോയ് ലറ്റുകൾ, താൽകാലിക ശുചിമുറികൾ നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ ശുചിത്വമിഷൻ സ്വീകരിക്കേണ്ടതാണ്.

viii. ശുചീകരണ പ്രവർത്തനങ്ങൾക്കായി ആരോഗ്യവകുപ്പിൽ നിന്നും ലഭിക്കുന്ന ശുചീകരണ സാമഗ്രികൾ (ബ്ലീച്ചിംഗ് പൗഡർ മുതലായവ) മതിയാകാതെ വരുന്ന സന്ദർഭങ്ങളിൽ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പുറമെ നിന്ന് വാങ്ങാവുന്നതാണ്.

ix. കിണറുകൾ ആരാഗ്യവകുപ്പ് നിർദ്ദേശിക്കുന്ന രീതിയിൽ ശുചീകരണം (well sanitation) നടത്തി ഉപയോഗ യോഗ്യമാക്കുന്നതിന് പ്രത്യേക പരിഗണന നൽകേണ്ടതാണ്.

x. വീടുകളിലും സ്ഥാപനങ്ങളിലും മറ്റും വെള്ളം കയറി ഉപയോഗ ശൂന്യമായ വസ്തുക്കളിൽ ജൈവമാലിന്യങ്ങൾ തരംതിരിച്ച് ഉറവിടങ്ങളിൽ തന്നെ സംസ്കരിക്കേണ്ടതും, അജൈവമാലിന്യങ്ങൾ ശേഖരിച്ച് തൽക്കാലം പ്രത്യേകമായി സൂക്ഷിക്കുകയും പിന്നീട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറേണ്ടതുമാണ്.

xi. പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ഉപകരണങ്ങളും വേതനവും നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

xii. സ്വച്ഛ്ഭാരത് മിഷൻ (ഗ്രാമീൺ) ഘടകത്തിൽ ഉൾപ്പെടുത്തി ഗ്രാമീണ മേഖലയിലെ കേട് വന്ന ശൗചാലയങ്ങൾ പുതുക്കിപണിയുന്നതിന് ആവശ്യമായ നടപടികൾ ശുചിത്വമിഷൻ സ്വീകരിക്കേണ്ടതാണ്. അതുപോലെ സ്വച്ഛ്ഭാരത് മിഷൻ (അർബൻ) ഘടകത്തിൽ ഉൾപ്പെടുത്തി നഗരപ്രദേശങ്ങളിലെ ശൗചാലയങ്ങളിലും ആവശ്യമായ അറ്റകുറ്റപണികൾ നടത്തേണ്ടതാണ്.

xiii. പ്രളയബാധിത പ്രദേശങ്ങളിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഗ്രാമപഞ്ചായത്ത് തലത്തിൽ അസിസ്റ്റന്റ് സെക്രട്ടറിമാരെയും, നഗരസഭകളിൽ ഹെൽത്ത് ഓഫീസർ / ഹെൽത്ത് സൂപ്പർവൈസർ / ഹെൽത്ത് ഇൻസ്പക്ടർമാരെയും ചുമതലപ്പെടുത്തണ്ടതാണ്. ഗ്രാമപഞ്ചായത്തുകളിലും ഹെൽത്ത് ഇൻസ്പക്ടർമാരുടെ പങ്കാളിത്തം ഉറപ്പാക്കണം.

xiv. ഗ്രാമവികസന വകുപ്പിലെ എല്ലാ ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തി ബ്ലോക്ക് തലത്തിൽ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കേണ്ടതാണ്. ഇതിന്റെ ഔദ്യോഗിക ചുമതല ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്കായിരിക്കും.

xv. പ്രളയബാധിത പ്രദേശങ്ങളിൽ കെട്ടികിടക്കുന്ന പ്ലാസ്റ്റിക്കുകൾ, പ്ലാസ്റ്റിക് കുപ്പികൾ, ഗ്ലാസ്, മെറ്റൽ, റബ്ബർ, ലെതർ തുടങ്ങിയവ പ്രത്യേകം ശേഖരിക്കേണ്ടതും, തൽക്കാലം

സൂക്ഷിച്ചുവച്ച് പിന്നീട് ക്ലീൻ കേരള കമ്പനിയുടെ പിന്തുണയോടെ കൈമാറ്റം ചെയ്യേണ്ടതുമാണ്.

മേൽ പറഞ്ഞ പ്രകാരം ശുചീകരണ പ്രവർത്തനങ്ങൾ നടത്തുമ്പോൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്ന ശുചിത്വമിഷൻ നൽകിയ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. ജില്ലാ-ബ്ലോക്ക് പഞ്ചായത്ത് സമിതികളുടെ സജീവ പിന്തുണ മേൽ കാര്യങ്ങളിൽ ഉറപ്പാക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
റ്റി.കെ.ജോസ്,
അഡീഷണൽ ചീഫ് സെക്രട്ടറി.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് വൈസ്ചെയർപേഴ്സൺ, ഹരിതകേരളം മിഷൻ.
എല്ലാ ഗ്രാമപഞ്ചായത്ത് അദ്ധ്യക്ഷൻമാർക്കും സെക്രട്ടറിമാർക്കും.
(പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും.
(നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻ / ചെയർപേഴ്സൺ / സെക്രട്ടറിമാർക്കും
(നഗരകാര്യ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ ഇന്നുതന്നെ പ്രസിദ്ധപ്പെടുത്തുന്നതിന്)
ഐ&പി.ആർ.(വെബ് & ന്യൂമീഡിയ) വകുപ്പ് (വ്യാപകമായ പ്രചരണത്തിനും സംസ്ഥന
സർക്കാരിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനും)
ഓഫീസ് കോപ്പി / കരുതൽ ഫയൽ

പകർപ്പ് :- മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
ആരോഗ്യവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.
റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.
ആരോഗ്യകുടുംബക്ഷേമ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി (റൂറൽ) യുടെ പി.എ.
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി(അർബൻ)യുടെ സി.എ.
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിമാരുടെ സി.എ..മാർക്ക്.
തദ്ദേശസ്വയംഭരണ (ഡി.എ)/(ഡി.ബി) വകുപ്പ് ജോയിന്റ്
സെക്രട്ടറിയുടെ സി.എ.യ്ക്ക്.
തദ്ദേശസ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയുടെ സി.എ.യ്ക്ക്.
തദ്ദേശസ്വയംഭരണ (ഡി.സി.) വകുപ്പ് അണ്ടർസെക്രട്ടറി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

നഗര - പഞ്ചായത്ത് പ്രദേശങ്ങളിൽ നടത്തേണ്ട ശുചീകരണ മാർഗ്ഗ നിർദ്ദേശങ്ങൾ

മഴക്കെടുതിയെ തുടർന്ന് വെള്ളം കയറി നാശോൻമുഖമായ ഇടങ്ങൾ പൂർണ്ണമായും ശുചീകരിച്ച് ഉപയോഗയോഗ്യമാക്കേണ്ടതുണ്ട്. ഇതിനായി താഴെ പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ സ്വീകരിക്കേണ്ട താണ്.

1. ഒരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെയും ശുചീകരണ പ്രക്രിയയ്ക്ക് ഉപദേശ നിർദ്ദേശങ്ങൾ നൽകുന്നതിന് ഒരു ശുചിത്വകാമ്പയിൻ പ്രതിനിധിയെ(ഹരിത കേരളം മിഷൻ കോർഡിനേറ്റർ, ശുചിത്വമിഷൻ ഉദ്യോഗസ്ഥർ, ഗ്രാമവികസന വകുപ്പ് ഉദ്യോഗസ്ഥർ, ആർ പി മാർ തുടങ്ങിയവരിൽ ആരെങ്കിലും ഒരാൾ) ലഭ്യമാക്കണം. ഇവർക്കായിരിക്കും ശുചീകരണപ്രവർത്തനത്തിന്റെ സംഘാടന ചുമതല.

2. നഗരഭരണ പ്രദേശത്ത് ഹെൽത്ത് ഓഫീസർ, ഹെൽത്ത് സൂപ്പർവൈസർ അല്ലെങ്കിൽ ഹെൽത്ത് ഇൻസ്പെക്ടർക്കും, ഗ്രാമ പഞ്ചായത്തുകളിൽ അസിസ്റ്റന്റ് സെക്രട്ടറിക്കും ആയിരിക്കും ശുചീകരണ പ്രക്രിയ ഏകോപിപ്പിക്കുന്നതിനുള്ള പൂർണ്ണ ചുമതല. ഗ്രാമ പഞ്ചായത്തുകളിൽ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ പങ്കാളിത്തവും ഉറപ്പാക്കണം.

3. വാർഡ് അടിസ്ഥാനത്തിലാണ് ശുചീകരണ പ്രവർത്തനം ഏറ്റെടുക്കേണ്ടത്. ഇതിനായി എല്ലാ വീടുകളിലും എത്തി ശുചീകരണ പ്രവർത്തനം നടത്തേണ്ട താണ്. ഓരോ വാർഡിലും ര ണ്ടോ മൂന്നോ ദിവസം കൊണ്ട് എല്ലാ വീടുകളിലും ശുചീകരണം പൂർത്തിയാക്കുകയും വേണം. ഇതിനായി വലിയതോതിൽ വോളന്റിയർമാരെ ഓരോ വാർഡിലും സംഘടിപ്പിക്കണം. വാർഡ് മെമ്പറിന്റെ നേതൃത്വത്തിലായിരിക്കണം പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടത്. കുറഞ്ഞത് 5 പേരുള്ള 10 സ്ക്വാഡ് എങ്കിലും ഓരോ വാർഡിലും സംഘടിപ്പിക്കണം. നഗരപ്രദേശങ്ങളിൽ സ്ക്വാഡുകളുടെ എണ്ണം ഇരട്ടിയാക്കണം. ഇതിനായി ഓരോ വാർഡിലുമുള്ള ശുചിത്വ ആരോഗ്യ സമിതി, കുടുംബശ്രീ പ്രവർത്തകർ, എൻ.എസ്സ്.എസ്സ് വോളന്റിയർമാർ, വിദ്യാർത്ഥികൾ, യുവജനങ്ങൾ, യൂത്തക്ലബ് അംഗങ്ങൾ, ആശാ പ്രവർത്തകർ, തൊഴിലാളി സംഘടനകൾ, തൊഴിലുറപ്പ് തൊഴിലാളികൾ, കാർഷിക കർമ്മ സേന സന്നദ്ധ പ്രവർത്തകർ, സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾ, അംഗനവാടി വർക്കർമാർ/ഹെൽപ്പർമാർ തുടങ്ങിയവരിൽ നിന്നും ഇവരെ ക ണ്ടെത്തണം. സ്ക്വാഡുകൾക്ക് അവർ പോകേണ്ട വാർഡിന്റെ വിവിധ ഭാഗങ്ങളിലുള്ള വീടുകളും സ്ഥാപനങ്ങളും നിർണ്ണയിച്ച് നൽകണം.

4. തൊഴിലുറപ്പ് സംവിധാനത്തിൽ നിന്നും, കാർഷിക കർമ്മ സേനയിൽ നിന്നും ഓരോ സ്ക്വാഡിനും വേണ്ട ശുചീകരണ ഉപകരണങ്ങൾ (മൺ വെട്ടി, തൂമ്പ, മൺകോരി, മണ്ണ് കോരാനുള്ള ചട്ടി, വാക്കത്തി, ബക്കറ്റ് ആവശ്യമുള്ള മറ്റ് ഉപകരണങ്ങൾ)

പ്രാദേശികമായി സംഘടിപ്പിക്കേണ്ട താണ്. ലഭ്യമല്ലായെങ്കിൽ പ്രാദേശികമായി അവ വാടകയ്ക്ക് എടുക്കുകയോ വിലയ്ക്ക് വാങ്ങുകയോ ചെയ്യേണ്ട താണ്.

5. ശുചീകരണത്തിന് വേണ്ടിവരുന്ന ബ്ലീച്ചിംഗ് പൗഡർ സ്ഥലത്തെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ നിന്ന് ശേഖരിക്കണം. ഇത് ലഭ്യമല്ലായെങ്കിൽ പ്രാദേശികമായി ഇവ വാങ്ങേണ്ട താണ്.

6. രൂപീകരിച്ച സ്ക്വാഡുൾക്ക് വിവിധ ക്ലീനിംഗ് പ്രവർത്തനങ്ങൾ എപ്രകാരം ചെയ്യാം എന്ന് അധികം സമയമെടുക്കാതെ ലഘുവായി വിശദീകരിച്ച് നൽകണം

7. ഓരോ വീടുകളിലും അംഗൻവാടി, ആശുപത്രി, സ്കൂളുകൾ തുടങ്ങിയ സ്ഥാപനങ്ങളിലും എത്തുന്ന ശുചീകരണ സന്നദ്ധ പ്രവർത്തകർ താഴെ പറയുന്ന രീതിയിൽ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

a. വീടുകളുടെ ചുറ്റിനും ഉള്ളിലും പരിശോധിച്ച് ഇഴജന്തുക്കളും മറ്റ് ജീവികളും ഇല്ലായെന്ന് ഉറപ്പാക്കണം. ചത്ത് കിടക്കുന്ന മൃഗങ്ങളെ വെള്ളകെട്ടില്ലാത്ത പ്രദേശത്ത് കുഴിയെടുത്ത് സംസ്കരിക്കണം.

b. വീടിനകത്തും പുറത്തും ടോയിലെറ്റിലും അടിഞ്ഞ് കൂടിയിട്ടുള്ള മണ്ണും ചെളിയും മറ്റ്മാലിന്യങ്ങളും വാരി പറമ്പിന്റെ മൂലയ്ക്ക് സുരക്ഷിതമായി നിക്ഷേപിക്കണം.

c. ഇപ്രകാരം ശേഖരിച്ച മാലിന്യത്തിൽ പ്ലാസ്റ്റിക്കോ, കുപ്പികളോ, ഉണ്ടെങ്കിൽ അവ വൃത്തിയാക്കി ചാക്കിൽ കെട്ടി സൂക്ഷിച്ചു വെക്കണം. പിന്നീട് അത് ശേഖരിക്കുന്നതാണ്.

d. വീടുകളിൽ നനഞ്ഞ ഉപയോഗശൂന്യമായിട്ടുള്ള കിടക്കൾ, തുണികൾ ഫർണീച്ചറുകൾ തുടങ്ങിയവ വീടിന് പുറത്ത് ഉണക്കാൻ സൗകര്യത്തിനായി വയ്ക്കേണ്ട താണ്.

e. വീടിന്റെ ഉൾവശവും, വരാന്തയിലും ഭിത്തികളിലും വെള്ളം ഉപയോഗിച്ച് കഴുകി വൃത്തിയാക്കേണ്ട താണ്. പ്രഷർ പമ്പ് ഉ ണ്ടെങ്കിൽ അത് ഉപയോഗിക്കാവുന്നതാണ്.

f. കെട്ടിടത്തിന്റെ സമീപത്തുള്ള കിണറുകളും, ജലസംഭരണികളും ബ്ലീച്ചിംഗ് പൗഡറുപയോഗിച്ച് ക്ലോറിനേഷൻ നടത്തണം. കിണറിലെ ഒരു മീറ്റർ ആഴത്തിലുള്ള വെള്ളത്തിന് രണ്ട് റ്റീസ്പൂൺ ബ്ലീച്ചിംഗ് പൗഡർ എന്ന കണക്കിൽ ഒരു

ബക്കറ്റിൽ രണ്ട് ലിറ്റർ വെള്ളത്തിൽ കലക്കി വെച്ചതിന് ശേഷം തെളിഞ്ഞ ലായനി കിണറ്റിലൊഴിച്ച് ഇളക്കണം. ആദ്യത്തെ ക്ലോറിനേഷന് ഇരട്ടി (നാല് റ്റീസ്പൂൺ) ബ്ലീച്ചിംഗ് പൗഡർ ഉപയോഗിക്കേണ്ട താണ്. തുടക്കത്തിൽ ആഴ്ച്ചയിൽ രണ്ട് പ്രാവശ്യം കൂടുമ്പോഴും പിന്നീട് ആഴ്ച്ചയിൽ ഒരിക്കലും മഴക്കാലം തീരുന്നതു വരെ ഈ പ്രക്രീയ തുടരാൻ വീട്ടുകാർക്ക് നിർദ്ദേശം നൽകണം.

g. വീടിന്റെ മുറ്റവും പരിസരവും വെള്ളം കെട്ടി നിൽക്കുന്ന സ്ഥിതിയാണെങ്കിൽ അത് ഒഴുക്കി വിടുകയും ബ്ലീച്ചിംഗ് പൗഡർ വിതറേണ്ട തുമാണ്.

h. ടോയിലെറ്റ് ഉപയോഗിക്കുന്നതിന് മുമ്പ് ഉള്ളിലും ചുറ്റുപാടും ബ്ലീച്ചിംഗ് പൗഡർ വിതറി ശുദ്ധീകരിക്കേണ്ട താണ്.

i. വീട്ടിലുണ്ടാകുന്ന ആഹാരാവശിഷ്ടങ്ങളുൾപ്പടെയുള്ള അഴുകുന്ന മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് വീടിന് സമീപത്ത് നനവില്ലാത്ത സ്ഥലമുണ്ടെങ്കിൽ കിണറിൽ നിന്നും മൂന്ന് മീറ്റർ മാറി കമ്പോസ്റ്റ് കുഴി അഥവാ വളക്കുഴി നിർമ്മിച്ച് നൽകേണ്ട താണ്. ഈർപ്പമുള്ള പ്രദേശങ്ങളിൽ ബക്കറ്റ്, മറ്റ് കണ്ടെനറുകൾ ഇവ ഉപയോഗപ്പെടുത്തി അഴുകുന്ന മാലിന്യങ്ങൾ കമ്പോസ്റ്റിംഗ് പ്രക്രിയകൾക്ക് വിധേയമാക്കണം. ഇപ്രകാരം ചെയ്യുമ്പോൾ കമ്പോസ്റ്റിംഗ് പാത്രത്തിൽ ഈർപ്പം അധികം ഉ ണ്ടെങ്കിൽ കരിയിലപ്പൊടിയോ പേപ്പർ കഷണങ്ങളോ ഈർപ്പം കുറയ്ക്കുന്നതിന് ഉപയോഗിക്കാം . ഇനോക്കുലം, ചാണകപ്പൊടി ഇവ കമ്പോസ്റ്റിംഗ് പ്രക്രിയ വേഗത്തിൽ ആക്കുന്നതാണ്.

j. ക്ലീനിംഗ് നിർവ്വഹണത്തിന് ശേഷം സ്ക്വാഡ് താഴെ പറയുന്ന നിർദ്ദേശങ്ങൾ നൽകേണ്ട താണ്.

i) പ്ലാസ്റ്റിക്ക് തുടങ്ങിയ അഴുകാത്ത വസ്തുക്കൾ വൃത്തിയാക്കി ചാക്കുകളിൽ കെട്ടി വയ്ക്കുവാൻ നിർദ്ദേശം നൽകേ ണ്ടതാണ്. അവ ശേഖരിക്കുന്നതിനുള്ള സംവിധാനം ക്ലീൻ കേരള കമ്പനിയുമായി ചേർന്ന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ പിന്നീട് നിർവ്വഹിക്കുന്നതാണ്.

ii) വെള്ളം കെട്ടി നിൽക്കുന്ന സാഹചര്യം പരമാവധി ഒഴിവാക്കിയും , ഈർപ്പമുള്ള സ്ഥലങ്ങളിൽ ബ്ലീച്ചിംഗ് പൗഡർ വിതറിയും കൊതുക് വളരുന്നതിനും രോഗ സാധ്യത ഇല്ലാതാക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ ഇടക്കിടെ സ്വീകരിക്കണമെന്ന് വീട്ടുകാരെ ബോധ്യപ്പെടുത്തണം.

GOVERNMENT OF KERALA

Abstract

Disaster Management (A) Department – Flood Relief -Arrangements for collecting, sorting and distribution of various relief items to relief camps - Orders issued.

DISASTER MANAGEMENT(A) DEPARTMENT

G.O.(Rt)No.451/2018/DMD Dated,Thiruvananthapuram, 19/08/2018

ORDER

It has come to the notice of the Government that large quantities of relief materials are lying at various collection centers in Thiruvananthapuram, that needs to be distributed to relief camps. It has been decided to dispatch the required quantities (based on the need) to various district collection points, for sorting and further distributing the same to relief camps.

In view of the above, following arrangements are made for streamlining the receipt, and dispatch of items to camps across various districts.

1. **At Thiruvananthapuram Airport**: Receipt of materials and dispatch at Thiruvananthapuram airport will be the responsibility of Shri. K. N. Satheesh IAS. He will dispatch the materials directly to the districts based on the need list furnished to him on a day to day basis.

2. **At Collection Points in Thiruvananthapuram District:** A team of officers consisting of Shri. S. Shanavas, IAS, Shri. Abdul Nasar and Shri. Gopala Krishnan IAS will make the inventory of items already received and being received and prepare a district–wise list, based on the request obtained from the District Collectors concerned. The overall arrangements at Thiruvananthapuram will be by the Dr. Vasuki IAS, District Collector, Thiruvananthapuram.

3. **At Collection Points in Ernakulam:**The activities in Ernakulam will be coordinated by Shri. M. Rajamanickam IAS and Shri. Jaffer Malik IAS. They will get in touch with the concerned District collectors and prepare the supply list to the Dy. Collector (Election) in the districts concerned.

4. **At Collection Points in Alleppy:** Activities in Thrissur district will be coordinated by Shri. Ajith Patil IAS and in Alleppy district by Shri. Padmakumar IAS and Dr. Chithra IAS.

They will monitor the situation closely and ensure that materials are delivered in time and distributed to the needy.

5. **Coordinators in the Thrissur**: Activities in Thrissur district will be coordinated by Shri. Ajith Patil IAS.

6. **In the Districts**: The Dy. Collector (Election) in the concerned district will be the nodal officer in-charge of receipt of materials and dispatch to the relief camps. He will be assisted by staff at taluk and village levels. He will in consultation with the District Collector prepare the list of required items on a day to day basis and continuously monitor the supply position. The District Collectors will make arrangements for transporting the items and ensure that, the perishable items are distributed on priority and there is no wastage of the materials.

7. **State Coordinators:** A team of officers consisting of Shri. Bishwanath Sinha IAS, Dr. K. Ellangovan IAS, Dr. M. Beena and Shri. K. Biju IAS will coordinate the activities closely and issue necessary instructions to ensure the optimal distribution of relief materials.

(By order of the Governor)

P.H.KURIAN

Additional Chief Secretary

To:

Officers concerned

The Commissioner, Land Revenue, Thiruvananthapuram

All District Collectors

The Member Secretary, KSDMA, Thiruvananthapuram

The Web and New Media, I & PRD

Stock File / Office Copy

Copy to :

PS to Chief Minister

PS to Minister, Revenue & Housing

AS to Chief Secretary

PS to Additional Chief Secretary, DMD

CA to Additional Secretary, DMD

Forwarded /By order

Section Officer

നം.എസ്.എസ്(1)/19-08/2018/ഡി.പി.ഐ. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം. തീയതി: 19.08.2018.

സർക്കുലർ

വിഷയം: കാലവർഷക്കെടുതി - വിവരശേഖരണവും നടപടികളും.

1. മഴയിലും വെള്ളപ്പൊക്കത്തിലും സ്കൂൾ പാഠപുസ്തകങ്ങൾ നഷ്ടപ്പെട്ടതു സംബന്ധിച്ച വിവരം ആഗസ്റ്റ് 31 നകം വിദ്യാർത്ഥികൾ സ്കൂളുകളിൽ അറിയിക്കേണ്ടതാണ്. വിദ്യാഭ്യാസ ഉപഡയറക്ടർമാർ പ്രസ്തുത വിവരം ശേഖരിച്ച് സെപ്റ്റംബർ ഒന്നിന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നൽകേണ്ടതാണ്. സെപ്റ്റംബർ ആദ്യം നിലവിലുള്ള അധിക നീക്കിയിരിപ്പിൽ (Buffer Stock) ലഭ്യമായ പുസ്തകങ്ങൾ വിതരണത്തിന് ലഭ്യമാക്കേണ്ടതാണ്. ആവശ്യമായ അധിക പുസ്തകങ്ങൾ അച്ചടിച്ച് സെപ്റ്റംബർ ആദ്യവാരത്തിൽതന്നെ വിതരണം ചെയ്യാൻ ടെക്സ്റ്റ് ബുക്ക് ഓഫീസർ നടപടി സ്വീകരിക്കേണ്ടതാണ്.
2. യൂണിഫോം നഷ്ടപ്പെട്ട കുട്ടികൾ പ്രസ്തുത വിവരം ജൂലൈ 31 നു മുമ്പ് സ്കൂളിൽ അറിയിക്കേണ്ടതും, ബന്ധപ്പെട്ട ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ വിദ്യാഭ്യാസ ഉപഡയറക്ടർ മുഖേന സെപ്റ്റംബർ മൂന്നിന് വൈകിട്ട് 5 മണിക്കുമുമ്പായി പൊതു വിദ്യാഭ്യാസ ഡയറക്ടറെ അറിയിക്കേണ്ടതുമാണ്.
3. വിദ്യാഭ്യാസ വകുപ്പ് വിതരണം ചെയ്യുന്ന വിവിധ സർട്ടിഫിക്കറ്റ് നഷ്ടപ്പെട്ടവർ സെപ്റ്റംബർ 3 നു മുമ്പായി ബന്ധപ്പെട്ട സ്കൂളിൽ വിവരങ്ങൾ രജിസ്റ്റർ ചെയ്യേണ്ടതാണ്. വിദ്യാഭ്യാസ ഉപഡയറക്ടർമാർ ഈ വിവരങ്ങൾ ശേഖരിച്ച് സെപ്റ്റംബർ 5 ന് പരീക്ഷാ ഭവനിൽ പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ ലഭ്യമാക്കണം. പരീക്ഷാ ഭവനിലും ഡിപിഐ ഓഫീസിലുംഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റ് സമയബന്ധിതമായി വിതരണം ചെയ്യുന്നതിന് പ്രത്യേക സെൽ രൂപീകരിക്കുന്നതാണ്.
4. ഓണാവധി കഴിഞ്ഞ് സ്കൂൾ തുറക്കുന്നതിനുമുമ്പായി അതത് സ്കൂളിലെ അധ്യാപകർ/ പൂർവ്വവിദ്യാർത്ഥികൾ/ അധ്യാപക-രക്ഷാകർത്തൃ സമിതി പ്രവർത്തകർ തുടങ്ങിയവർ സ്വമനസ്സാലെ മുന്നിട്ടിറങ്ങി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജലപ്രതിനിധികളുടെ നേതൃത്വത്തിൽ പഠനപ്രവർത്തനങ്ങൾക്കുവേണ്ടി സ്കൂളുകൾ ഒരുക്കേണ്ടതാണ്. ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ/ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ ഇതിനുവേണ്ട നേതൃത്വം നൽകേണ്ടതാണ്.

5. അപകടാവസ്ഥയിലുള്ള സ്കൂൾ കെട്ടിടങ്ങളുടെ വിവരങ്ങൾ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ വിദ്യാഭ്യാസ ഉപഡയറക്ടർമാർ മുഖേന ജില്ലാ കളക്ടർമാർക്കും പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിനും കൈമാറേണ്ടതും ബദൽ സംവിധാനം ഏർപ്പെടുത്തുന്നതിന് കൂട്ടായ ശ്രമങ്ങൾ നടത്തേണ്ടതുമാണ് (ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും, പി.റ്റി.എ സമിതികളും ഈ പ്രവർത്തനങ്ങൾക്ക് ഒത്തു ചേർന്ന് പ്രവർത്തിക്കേണ്ടതാണ്)
6. സ്കൂൾതലത്തിൽ ഉണ്ടായ നഷ്ടങ്ങൾ വിലയിരുത്തി സെപ്റ്റംബർ 5 നുമുമ്പായി ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർമാർ മുഖാന്തരം പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.
7. 29/08/2018 ന് സ്കൂൾ തുറക്കുന്നതിനുമുമ്പായി സ്കൂൾ ഉച്ചഭക്ഷണത്തിന് ആവശ്യമായ ഭക്ഷ്യവസ്തുക്കൾ ലഭ്യമാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

പൊതു വിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ്:

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും.

എല്ലാ ജില്ലാ /ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.

MOST URGENT / FLOOD RELIEF

കേരള സർക്കാർ

സംഗ്രഹം

ത.സ്വ.ഭ.വ. - പ്രളയ ദുരിതാശ്വാസം - കേരളം ഇപ്പോൾ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന പ്രളയംമൂലം വെള്ളംകയറി നശിച്ച വീടുകൾ, സ്ഥാപനങ്ങൾ, പൊതുസ്ഥലങ്ങൾ തുടങ്ങിയവ ശ്രുചീകരണം നടത്തി ഉപയോഗയോഗ്യമാക്കി നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നതിന് ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ തദ്ദേശസ്വയംഭരണ വകുപ്പ് കേന്ദ്രീകരിച്ച് കൺട്രോൾ റൂം രൂപീകരിച്ച് ഉത്തരവാകുന്നു.

തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്

സ.ഉ. (സാധാ) നമ്പർ.2293/2018/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം.20.08.2018

പരാമർശം :- (1) സ.ഉ. (സാധാ) 2267/2018/തസ്വഭവ തീയതി 17.08.2018.
(2) സർക്കുലർ നമ്പർ 389/ഡി.സി.3/2018/തസ്വഭവ തീയതി 18.08.2018.
(3) സ.ഉ.(സാധാ) 2288/2018/തസ്വഭവ തീയതി 19.08.2018.

ഉത്തരവ്

കേരളം ഇപ്പോൾ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന മഴക്കെടുതിയും പ്രളയവുംമൂലം വെള്ളവും ചെളിയും മാലിന്യവും കയറി വാസയോഗ്യവും ഉപയോഗ്യയോഗ്യവുമല്ലതായി തീർന്നിരിക്കുന്ന വീടുകൾ, തദ്ദേശസ്വയംഭരണ വകുപ്പിന് കൈമാറി കിട്ടിയ സ്ഥാപനങ്ങൾ, മറ്റ് സ്ഥാപനങ്ങൾ, പൊതു സ്ഥലങ്ങൾ തുടങ്ങിയവ ശ്രുചിയാക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ (ward wise) നടന്നുവരുന്ന പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നതിനായി സെക്രട്ടേറിയറ്റിലെ തദ്ദേശസ്വയംഭരണ വകുപ്പ് കേന്ദ്രീകരിച്ച് താഴെപ്പറയുന്ന ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഒരു കൺട്രോൾ റൂം രൂപീകരിച്ച് ഉത്തരവാകുന്നു.

ശ്രീ.മോഹൻദാസ് എസ്, **(ടീം ലീഡർ)**
അഡീഷണൽ സെക്രട്ടറി,
തദ്ദേശസ്വയംഭരണ വകുപ്പ്.
Mob No. 9446487798
email id : mohan101602@kerala.gov.in

ശ്രീ.വിഷ്ണു എസ്.ചന്ദ്രൻ,
ഐ.റ്റി. സ്പെഷ്യലിസ്റ്റ്,
കെ.എൽ.ജി.എസ്.ഡി.പി.
Mob. No. 9400069359

ശ്രീ.ബാലുമഹേന്ദ്ര ബി.,
സെക്ഷൻ ഓഫീസർ,
തദ്ദേശസ്വയംഭരണ (എ.ബി.) വകുപ്പ്.
Mob No. 9037167112

ശ്രീ.ബിനോയ് മാത്യു,
സെക്ഷൻ ഓഫീസർ,
തദ്ദേശസ്വയംഭരണ (എ.സി.) വകുപ്പ്.
Mob No. 9447646141

2. വെള്ളപ്പൊക്ക ദുരിതാശ്വാസപ്രവർത്തനങ്ങളുടെ ഭാഗമായി നടത്തുന്ന, വെള്ളംകയറി വാസയോഗ്യമല്ലാതായി മാറിയ വീടുകളും സ്ഥാപനങ്ങളും വാസയോഗ്യമാക്കി മാറ്റുന്നതിനുള്ള ശുചീകരണ പ്രവർത്തനങ്ങളുടെ പ്രതിദിനവിവരങ്ങളും (daily report) അന്നേദിവസം വരെ ചെയ്തിട്ടുള്ള പ്രവൃത്തികളുടെ ആകെ വിവരങ്ങളും (cumulative details) നഗരകാര്യ ഡയറക്ടർ, ഗ്രാമവികസന കമ്മീഷണർ, പഞ്ചായത്ത് ഡയറക്ടർ, ശുചിത്വമിഷൻ എന്നിവരിൽ നിന്നും ഓരോ ദിവസവും സമാഹരിച്ച് മുഖ്യമന്ത്രിയുടെ ഓഫീസിലും, ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റിക്കും, ജില്ലാ ഭരണകൂടങ്ങൾക്കും, ആരോഗ്യകുടുംബക്ഷേമ വകുപ്പിനും മറ്റ് ബന്ധപ്പെട്ട വകുപ്പുകൾക്കും അതാത് ദിവസം 5 മണിയോടെ കൺട്രോൾ റൂമിൽ നിന്നും സമർപ്പിക്കേണ്ടതാണ്. പ്രസ്തുത വിവരങ്ങൾ സർക്കാരിന്റെയും, തദ്ദേശസ്വയംഭരണ വകുപ്പിന്റെയും വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികളും കൺട്രോൾ റൂം സ്വീകരിക്കേണ്ടതാണ്. ജില്ലാതലത്തിൽ നിന്നും ഫീൽഡ് തലത്തിൽ നിന്നും മറ്റും ശുചീകരണ പ്രവർത്തനങ്ങൾക്ക് ഇടയിൽ ഉണ്ടാകുന്ന സംശയങ്ങൾ കൺട്രോൾറൂം ദൂരീകരിക്കേണ്ടതും, മറ്റ് വകുപ്പുകളുമായി ബന്ധപ്പെട്ട് ചെയ്യേണ്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
റ്റി.കെ ജോസ്
ഗവ.അഡീഷണൽ ചീഫ് സെക്രട്ടറി

ബന്ധപ്പെട്ട വ്യക്തികൾക്ക്.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് വൈസ്ചെയർപേഴ്സൺ, ഹരിതകേരളം മിഷൻ.
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ.
മിഷൻ ഡയറക്ടർ, കെ.എൽ.ജി.എസ്.ഡി.പി.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ ഇന്നുതന്നെ പ്രസിദ്ധപ്പെടുത്തുന്നതിന്)
ഐ&പി.ആർ.(വെബ് & ന്യൂമീഡിയ) വകുപ്പ് (വ്യാപകമായ പ്രചരണത്തിനും സംസ്ഥന സർക്കാരിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനും)
ഓഫീസ് കോപ്പി / കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

ഗ്രാമവികസന കമ്മീഷണറേറ്റിലെ അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണറുടെ നടപടിക്രമം

(ഹാജർ : വി.എസ്.സന്തോഷ് കുമാർ)

ഗ്രാ.വി.വ- പ്രളയദുരിതാശ്വാസം - ഗ്രാമവികസന കമ്മീഷണറേറ്റ്, സ്വരാജ് ഭവൻ, നന്തൻകോട് - സംസ്ഥാനതല കൺട്രോൾ റൂം തുറന്ന് പ്രവർത്തിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉത്തരവ് നം. ഡിപി4/12889/18/സിആർഡി തീയതി: 20/08/18

പരാമർശം :- 1) സർക്കാരിൽ നിന്നുള്ള 17.08.2018 തീയതിയിലെ സ.ഉ.(സാധാ)നം.2267/18/തസ്വഭവ നമ്പർ കത്ത്.

2) 17.08.2018 തീയതിയിൽ അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിലെ നിർദ്ദേശം.

3) ഈ ഓഫീസിൽ നിന്നുള്ള 17.08.2018-ലെ ഇതേ നമ്പർ നടപടിക്രമം.

ഉത്തരവ്

കാലവർഷക്കെടുതി മൂലമുള്ള പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടത്തുന്നതിനായി പരാമർശം (3) പ്രകാരം എല്ലാ ജില്ലകളിലും ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടർമാരുടെ ചുമതലയിൽ കൺട്രോൾ റൂം തുറന്ന് ജില്ലാതല ടീം രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. വകുപ്പിന്റെ സംസ്ഥാനതല ഏകോപനത്തിനായി ഗ്രാമവികസന കമ്മീഷണറേറ്റിൽ അടിയന്തരമായി ഒരു കൺട്രോൾ റൂം തുറന്ന് പ്രവർത്തിപ്പിച്ചു കൊണ്ടും, ആയതിന്റെ സംസ്ഥാനതല ചുമതലകൾ നിർവ്വഹിക്കുന്നതിലേക്കായി ചുവടെ പറയുന്ന ഉദ്യോഗസ്ഥരെ നിയോഗിച്ചുകൊണ്ടും ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉദ്യോഗസ്ഥർ	ബന്ധപ്പെടേണ്ട നമ്പർ
1. ശ്രീ.വി.എസ്.സന്തോഷ് കുമാർ, (അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ I)	0471-2318583
2. ശ്രീ. എൽ.പി.ചിത്തർ (അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ II)	9497568156
3. ശ്രീ.സി.പി.ജോസഫ് (ജോയിന്റ് ഡെവലപ്മെന്റ് കമ്മീഷണർ)	9446093613
4. ശ്രീമതി. ദിവ്യ.ജി ഡെപ്യൂട്ടി ഡയറക്ടർ (പി & എം)	9496727983
5. ശ്രീ. ഗോപൻ.പി.എൻ (സീനിയർ സൂപ്രണ്ട്)	9495520465

ടി ഉദ്യോഗസ്ഥർ പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങൾ സംബന്ധിച്ച് ഗ്രാമവികസന വകുപ്പിന്റെ ഏകോപന ചുമതലകൾ നിർവ്വഹിച്ച് ദൈനംദിന റിപ്പോർട്ട് ഗ്രാമവികസന കമ്മീഷണർക്ക് സമർപ്പിക്കേണ്ടതാണ്.

(ഒപ്പ്)
അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ

പകർപ്പ്:-

1. ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
2. ഉദ്യോഗസ്ഥർക്ക്.
3. അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്, ഗവൺമെന്റ് സെക്രട്ടറിയേറ്റ്, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
4. എല്ലാ പ്രോജക്ട് ഡയറക്ടർമാർക്കും.
5. എല്ലാ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ) മാർക്കും
6. എല്ലാ ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർമാർക്കും.
7. സി.ആർ.ഡി, എ.ഡി.ഡി.സി-I, എ.ഡി.ഡി.സി-II, ജെ.ഡി.സി-മാർ, സീനിയർ എ.ഒ, സീനിയർ എഫ്.ഒ എന്നിവരുടെ സി.എ മാർ
8. എ.ഒ, എ.എ, ഗ്രാമവികസന കമ്മീഷണറേറ്റ്, തിരുവനന്തപുരം.
9. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

ജൂനിയർ സൂപ്രണ്ട്

ബി.വി.

GOVERNMENT OF KERALA

Abstract

Disaster Management Department – Flood – Relief measures – Clearance of affected areas- Orders issued.

DISASTER MANAGEMENT (A) DEPT

G.O.(Rt)No.453/2018/DMD Dated 20/08/2018,Thiruvananthapuram

Read 1 G.O.(P)No.2/2018/DMD dated 26.07.2018

2 G.O.(P)No.3/2018/DMD dated 03.08.2018

3 G.O.(Rt)No.450/2018/DMD dated 18.08.2018

ORDER

The Government are pleased to order that in the villages that are notified as flood affected, an amount of Rs. 25,000/-(Rupees Twenty Five Thousand Only) / Panchayat Ward and an amount of Rs. 50,000/-(Rupees Fifty Thousand Only) / Municipality or Corporation ward shall be utilized for clearance of affected areas. These funds shall be utilized for hiring of vehicles, pumps, boats, purchase of sanitation chemicals, expenditure in connection with engagement of volunteers etc. that are required for the clearance of affected areas. Expenditure in this regards shall be met from the Head of Account '2245-02-101-94 Flood-Other items',2018-19.

(By order of the Governor)
P.H.KURIAN
Additional Chief Secretary

To:

The Commissioner, Land Revenue, Thiruvananthapuram
All District Collectors
The Member Secretary, KSDMA, Observatory Hills, Vikas Bhavan P.O., Thiruvananthapuram
The Web and New Media, I & PRD
Stock File / Office Copy

Copy to :PS to Chief Minister
PS to Minister, Revenue & Housing
AS to Chief Secretary
PS to Additional Chief Secretary, Revenue&DMD

PS to Principal Secretary, Local Self Govt. Department

Forwarded / By Order

Section Officer

ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ നടപടിക്രമം

(ഹാജർ ഡോ. ആർ. അജയകുമാർ വർമ്മ.)

നം. 2813/A/2018/SM തീയതി: 20/08/2018

==========

വിഷയം : മൃഗങ്ങളുടെയും മറ്റു ജന്തുക്കളുടെയും ശവശരീരങ്ങൾ സംസ്കരിക്കുന്നതിനുള്ള നടപടികൾ സംബന്ധിച്ച്.

സൂചന: ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ എടുത്ത തീരുമാനം

വെള്ളപ്പൊക്കബാധിതപ്രദേശങ്ങളിൽ നിരവധി മൃഗങ്ങളുടെയും മറ്റു ജന്തുക്കളുടെയും ശവശരീരങ്ങൾ ഉണ്ടാകാം. ഇവ അടിയന്തിരമായും സുരക്ഷിതമായും നിർമ്മാർജ്ജനം ചെയ്യുന്നതിന് താഴെപ്പറയുന്ന നടപടികൾ ഉടനടി സ്വീകരിക്കേണ്ടതാണ്.

1. കണ്ടെത്തുന്ന മൃഗങ്ങളുടെ മൃതശരീരങ്ങൾ ഏറ്റവുമടുത്ത് ലഭ്യമായ പ്രദേശത്ത് തന്നെ സുരക്ഷിതമായി സംസ്കരിക്കേണ്ടതാണ്. ഇതിനായുള്ള സ്ഥലം കണ്ടെത്തുന്നതിന് മൃഗസംരക്ഷണ വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ജെ.സി.ബി ഉപയോഗപ്പെടുത്തി മൃഗസംരക്ഷണ വകുപ്പ് കണ്ടെത്തുന്ന സ്ഥലത്ത് മൃഗങ്ങളുടെ മൃതശരീരം എത്തിച്ച് താഴെപ്പറയുന്ന രീതിയിൽ നിർമ്മാർജ്ജനം ചെയ്യേണ്ടതാണ്.

   a) ഉറപ്പുള്ള മണ്ണാണെങ്കിൽ ജലസ്രോതസിൽ നിന്നും 10 മീറ്റർ മാറി ലഭ്യമായ സ്ഥലത്ത് 5 മുതൽ 6 അടി വരെ താഴ്ചയിൽ കുഴിയെടുത്ത് അതിൽ കരിയില വിതറി അതിനുമുകളിൽ മൃഗങ്ങളുടെ മൃതശരീരങ്ങൾ വച്ച് മണ്ണിട്ട് മൂടുകയും നായ്ക്കൾ മാന്താതിരിക്കാൻ ഇഷ്ടിക അടുക്കി സംരക്ഷിക്കേണ്ടതാണ്. നീറ്റുകക്ക ലഭ്യമാണെങ്കിൽ അത് പൊതിഞ്ഞ് മൃതശരീരം മൂടാവുന്നതാണ്

   b) കുഴിയെടുക്കുവാൻ ബുദ്ധിമുട്ടുള്ള ഇടമാണെങ്കിൽ തൊണ്ട്, കരിയില ഇവ വിതറി മൃതശരീരം വച്ച് തൊണ്ടും ചിരട്ടയും ഉപയോഗിച്ച് ചിതയൊരുക്കി കത്തിച്ച് സംസ്കരിക്കാവുന്നതാണ്.

   c) മൊബൈൽ വാതക ശ്മശാനമോ മൊബൈൽ ഇൻസിനറേറ്ററുകളോ ലഭ്യമാണെങ്കിൽ അവ ഉപയോഗപ്പെടുത്തി കൂടുതൽ ഇന്ധനം ഉപയോഗപ്പെടുത്തി സംസ്കരിക്കേണ്ടതാണ്.

   d) ഈർപ്പമുള്ള മണ്ണാണെങ്കിൽ ജലസ്രോതസിൽ നിന്നും 10 മീറ്റർ മാറി ഇഷ്ടിക ഉപയോഗിച്ചോ മണ്ണ് ഉപയോഗിച്ചോ തറനിരപ്പിൽ നിന്നും 50 സെ.മീ ഉയർന്ന പ്ലാറ്റ്ഫോം നിർമ്മിച്ച് മൃതശരീരം അതിൽ വച്ച് ലഭ്യമാണെങ്കിൽ കരിയില, നീറ്റുകക്ക ഇവയിൽ പൊതിഞ്ഞ് മണ്ണിട്ട് മൂടേണ്ടതാണ്. മൺക്കൂമ്പാരം നായ്ക്കൾ മാന്താതിരിക്കാൻ കല്ലുകൾ വച്ച് സംരക്ഷിക്കേണ്ടതാണ്.

2. കണ്ടെത്തുന്ന മൃഗങ്ങളുടെ മൃതശരീരങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിന് അടുത്തെങ്ങും സുരക്ഷിതമായ സ്ഥലം ലഭ്യമല്ലെങ്കിൽ പൊതുസ്ഥലമോ സർക്കാർ വക വെള്ളക്കെട്ടില്ലാത്ത സ്ഥലമോ കണ്ടെത്തേണ്ടതാണ്. ഇതിനായി മൃഗസംരക്ഷണ വകുപ്പനെ ചുമതലപ്പെടുത്തിയിട്ടുള്ളതും വകുപ്പിന്റെ ഏറ്റവും അടുത്തുള്ള ഓഫീസിൽ ബന്ധപ്പെടേണ്ടതുമാണ്.

മേൽപ്പറഞ്ഞ രീതിയിൽ ഏതെങ്കിലും അവലംബിച്ച് മൃഗങ്ങളുടെ മൃതശരീരങ്ങൾ ഉടനടി സംസ്കരിക്കുന്നതിന് ശുചീകരണ പ്രവർത്തനങ്ങൾക്ക് ഉത്തരവാദിത്വപ്പെടുത്തിയിട്ടുള്ള നഗരസഭയിലെ ആരോഗ്യ വിഭാഗം ഉദ്യോഗസ്ഥനും പഞ്ചായത്തിലെ അസി. സെക്രട്ടറിയും നടപടി സ്വീകരിക്കണം. ഇക്കാര്യത്തിൽ കൂടുതൽ സ്പഷ്ടീകരണം ആവശ്യമെങ്കിൽ അടിയന്തിരമായി ശുചിത്വമിഷന്റെ സഹായം തേടാവുന്നതാണ്.

ഡോ. ആർ. അജയകുമാർ വർമ്മ.
(എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ)

സ്വീകർത്താവ്

എല്ലാ ജില്ലാ കോ - ഓർഡിനേറ്റർമാർക്കും

പകർപ്പ് : വൈസ് ചെയർപേഴ്സൺ, ഹരിതകേരളംമിഷൻ
മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
റൂറൽ ഡവലപ്മെന്റ് കമ്മിഷണർ, തിരുവനന്തപുരം

കേരള സർക്കാർ

നം.76/2018/ധന **ധനകാര്യ (ലോൺസ്) വകുപ്പ്**

തിരുവനന്തപുരം

തീയതി: 21/08/2018

പരിപത്രം

വിഷയം:- ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംസ്ഥാന സർക്കാർ ജീവനക്കാരുടെ 2017-18-ലെ പ്രത്യേക ഉത്സവബത്ത നൽകുന്നതിനുള്ള നിർദ്ദേശങ്ങൾ സംബന്ധിച്ച്.

സൂചന:- 1. 08/08/2018-ലെ സ.ഉ.(അച്ചടി)നം.124/2018/ധന.
2. 18/08/18-ലെ സ.ഉ.(അച്ചടി)നം.134/2018/ധന.

സമാനതകളില്ലാത്ത പ്രളയ ദുരന്തത്തിൽ നിന്നും ജനങ്ങളെ കൈപിടിച്ചുയർത്തുവാൻ സംസ്ഥാന സർക്കാർ കൈക്കൊണ്ടുവരുന്ന നടപടികളുടെ ഭാഗമായി സംസ്ഥാന സർക്കാർ ജീവനക്കാർക്ക് 2017-18-ൽ സൂചന 1 ഉത്തരവ് പ്രകാരം അനുവദിച്ച 2,750/-രൂപ (രണ്ടായിരത്തി എഴുന്നൂറ്റി അമ്പത് രൂപ മാത്രം) പ്രത്യേക ഉത്സവബത്ത ബഹു: മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് ജീവനക്കാരുടെ സംഭാവനയായി നൽകി സൂചന 2 പ്രകാരം ഉത്തരവായിരുന്നു.

ഈ സാഹചര്യത്തിൽ സൂചന 1 ഉത്തരവ് അടിസ്ഥാനപ്പെടുത്തി ജീവനക്കാർക്ക് 2,750/-രൂപ (രണ്ടായിരത്തി എഴുന്നൂറ്റി അമ്പത് രൂപ മാത്രം) ഉത്സവബത്ത അനുവദിക്കുന്ന സംസ്ഥാന സർക്കാറിന്റെ കീഴിലുള്ള എല്ലാ സ്ഥാപനങ്ങളും സൂചന 2 ഉത്തരവിലെ നിർദ്ദേശം പാലിച്ചുകൊണ്ട് ഉത്സവബത്തയ്ക്കായി മാറ്റി വച്ചിട്ടുള്ള മുഴുവൻ തുകയും ബഹു.മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് നൽകേണ്ടതാണ്. പ്രസ്തുത തുക തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേരിലുള്ള 701010200000080 നമ്പർ

ട്രഷറി അക്കൗണ്ടിലേയ്ക്കും ബാങ്ക് മുഖേന ശമ്പളം നൽകുന്ന സ്ഥാപനങ്ങൾ SBI A/c No.67319948232-ലേയ്ക്കും ഉടനടി വരവ് ചെയ്യേണ്ടതും വിശദ വിവരം ധനകാര്യ (ഫണ്ട്സ്) വകുപ്പിനെ അറിയിക്കേണ്ടതാണെന്നും എല്ലാ ഡി.ഡി.ഒ-മാർക്കും ഇതിനാൽ നിർദ്ദേശം നൽകുന്നു.

മനോജ് ജോഷി
ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറി

പകർപ്പ്:-
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ/ ജി ആന്റ് എസ്.എസ്.എ), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ ആന്റ് ആർ.എസ്.എ)കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരളം, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്.
എല്ലാ വകുപ്പ് തലവൻമാർ, ഓഫീസർമാർക്ക്.
സെക്രട്ടറിയേറ്റിലെ എല്ലാ വകുപ്പുകൾ, സെക്ഷനുകൾക്ക്.
സെക്രട്ടറി, കേരള പബ്ലിക് സർവീസ് കമ്മീഷൻ.
എല്ലാ യൂണിവേഴ്സിറ്റികളുടെയും രജിസ്ട്രാർമാർക്ക്.
സെക്രട്ടറി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്.
മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ.
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം.
എല്ലാ ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറിമാർ / പ്രിൻസിപ്പൽ സെക്രട്ടറിമാർ/ സെക്രട്ടറിമാർ/ സ്പെഷ്യൽ സെക്രട്ടറിമാർ/ അഡീഷണൽ സെക്രട്ടറിമാർ/ ജോയിന്റ് സെക്രട്ടറിമാർ/ ഡെപ്യൂട്ടി സെക്രട്ടറിമാർ/ അണ്ടർ സെക്രട്ടറിമാർ.
ഗവർണ്ണറുടെ സെക്രട്ടറി, രാജ് ഭവൻ, തിരുവനന്തപുരം.
മുഖ്യമന്ത്രിയുടേയും മറ്റ് മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്.
സ്പീക്കറുടെയും ഡെപ്യൂട്ടി സ്പീക്കറുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്.
പ്രതിപക്ഷനേതാവിന്റെയും ഗവൺമെന്റ് ചീഫ് വിപ്പിന്റെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്.
മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ, കേരളം.
പൊതുജന സമ്പർക്ക വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
പബ്ലിക് റിലേഷൻസ് ഡയറക്ടർ, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, കേരളം, തിരുവനന്തപുരം.
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറി
റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ, ഗവൺമെന്റ് ആന്റ് ബാങ്ക് അക്കൗണ്ട്സ് (എൻ.ബി) സെക്ഷൻ, ബന്ദ്ര (ഇ), മുംബൈ.
എല്ലാ ദേശസാത്കൃത ബാങ്കുകളുടെയും ഹെഡ് ഓഫീസുകൾ.
നോഡൽ ഓഫീസർ, ധനകാര്യം
കരുതൽ കോപ്പി/ ആഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

പൊതുഭരണം - വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനം - ഉദ്യോഗസ്ഥരുടെ ക്രമീകരണം സംബന്ധിച്ച് ഉത്തരവാകുന്നു.

പൊതുഭരണ (ഏകോപനം) വകുപ്പ്

സ.ഉ. (സാധാ)നം.5580/2018/പൊഭവ തീയതി, തിരുവനന്തപുരം,21.08.2018.

ഉത്തരവ്

22.08.2018 മുതലുള്ള പൊതു അവധി ദിവസങ്ങളിൽ വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങളെയും ദുരിതാശ്വാസ പ്രവർത്തനങ്ങളെയും ദുരിതാശ്വാസ ക്യാമ്പുകളുടെ സുഗമമായ പ്രവർത്തനത്തേയും ബാധിക്കാതിരിക്കാൻ താഴെപ്പറയുന്ന ക്രമീകരണം വരുത്തി ഉത്തരവാകുന്നു.

1. വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങളെയും ദുരിതാശ്വാസ ക്യാമ്പുകളുടെ സുഗമമായ പ്രവർത്തനത്തേയും ബാധിക്കാതിരിക്കാൻ ഉദ്യോഗസ്ഥരുടെ സഹകരണം വകുപ്പ മേധാവികളും ജില്ലാ കളക്ടർമാരും വകുപ്പുതല ജില്ലാ മേധാവികളും ദുരിതാശ്വാസ ക്യാമ്പിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥരും ഉറപ്പുവരുത്തേണ്ടതാണ്.

2. സെക്രട്ടേറിയറ്റിൽ ഇതിനാവശ്യമായ ഉദ്യോഗസ്ഥരുടെ ക്രമീകരണം അതത് വകുപ്പ സെക്രട്ടറിമാർ നടത്തേണ്ടതാണ്.

3. അവധി ദിവസങ്ങളിൽ പ്രവർത്തിയെടുക്കുന്ന ഉദ്യോഗസ്ഥർക്ക് മറ്റൊരു ദിവസം കോമ്പൻസേഷൻ ഓഫ് നൽകേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

ബിശ്വനാഥ് സിൻഹ
പ്രിൻസിപ്പൽ സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും
എല്ലാ വകുപ്പ മേധാവികൾക്കും
എല്ലാ ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർമാൻമാർക്കും/എല്ലാ ജില്ലാ കളക്ടർമാർക്കും
പൊതുമേഖലാ സ്ഥാപനങ്ങളുടെയും സ്വയംഭരണ സ്ഥാപനങ്ങളുടെയും മേലധികാരികൾക്ക്
ഗവർണറുടെ സെക്രട്ടറി, രാജ് ഭവൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
സെക്രട്ടറി, നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
നിയമം, ധനകാര്യം ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്
(പ്രസ്സ് റിലീസിനും മാധ്യമങ്ങളിലൂടെ വിപുലമായ പ്രചരണം നടത്തുന്നതിനുമായി)
വെബ് & ന്യൂ മീഡിയ (സർക്കാർ വെബ്സൈറ്റിൽ ചേർക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

ദുരന്ത നിവാരണ വകുപ്പ് – കാലവർഷക്കെടുതികൾ – ദുരിതാശ്വാസ പ്രവർത്തനങ്ങൾ– ഏകോപനം – തുടർനിർദ്ദേശങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ദുരന്ത നിവാരണ(എ) വകുപ്പ്

സ.ഉ.(കൈ) നം.16/2018/DMD തീയതി 21/08/2018,തിരുവനന്തപുരം

പരാമർശം:– 1 സ.ഉ.(എം.എസ്)നം.12/2018/ഡി.എം.ഡി. തീയതി 10.08.2018

2 സ.ഉ.(എം.എസ്)നം.13/2018/ഡി.എം.ഡി. തീയതി 16.08.2018

3 സ.ഉ.(എം.എസ്)നം.14/2018/ഡി.എം.ഡി. തീയതി 17.08.2018

ഉത്തരവ്

സംസ്ഥാനത്ത് കാലവർഷക്കെടുതി മൂലം ഉണ്ടായിട്ടുള്ള നാശനഷ്ടങ്ങൾ പരിഹരിച്ച് സംസ്ഥാനത്തെ പൂർവ്വ സ്ഥിതിയിൽ എത്തിക്കുന്നതിന് കൂട്ടായ പ്രയത്നം ഉണ്ടാകേണ്ടതുണ്ടെന്ന് 21.08.2018 ലെ മന്ത്രിസഭായോഗം വിലയിരുത്തി താഴെപ്പറയുന്ന കാര്യങ്ങൾ തീരുമാനിച്ചു.

1. കേന്ദ്രസർക്കാരിൽ നിന്നും സംസ്ഥാനത്തിന് അർഹതപ്പെട്ട വിഹിതം നേടിയെടുക്കേണ്ടതാണ്. ഇതര സംസ്ഥാനങ്ങളും സന്നദ്ധ സംഘടനകളും വ്യക്തികളും ഫണ്ടിനുപരിയായി നൽകുന്ന സാധന സാമഗ്രികൾ വ്യക്തമായ വ്യവസ്ഥകളോടെ സ്വീകരിക്കേണ്ടതും ആയത് ദുരിതാശ്വാസ ക്യാമ്പിൽ കഴിയുന്ന അർഹതപ്പെട്ടവർക്ക് വിതരണം ചെയ്യേണ്ടതും അതിന് പര്യാപ്തമായ സാധനങ്ങൾ തികയാത്തത് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും ചെലവാക്കേണ്ടതുമാണ്.
2. രക്ഷാപ്രവർത്തനത്തിലേർപ്പെട്ട മത്സ്യത്തൊഴിലാളികളേയും സന്നദ്ധ പ്രവർത്തകരേയും ഒരു പൊതുചടങ്ങളിൽ വച്ച് ആദരിക്കുകയും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സർട്ടിഫിക്കറ്റ് നൽകുകയും ചെയ്യുന്നതാണ്.
3. ആർമി, നേവി, എയർഫോഴ്സ്, കോസ്റ്റ്ഗാർഡ്, സി.ആർ.പി.എഫ്., ബി.എസ്.എഫ്., എൻ.ഡി.ആർ.എഫ്. എന്നിവയിലെ സേനാംഗങ്ങളെ ഒരു പൊതു ചടങ്ങ് സംഘടിപ്പിച്ച് ആദരിക്കുന്നതാണ്.
4. പോലീസ്, ഫയർഫോഴ്സ്, റവന്യൂ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങി രക്ഷാപ്രവർത്തനത്തിലേർപ്പെട്ട ഉദ്യോഗസ്ഥരെ അഭിനന്ദിച്ച് സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജുമെന്റ് അതോറിറ്റി, സർട്ടിഫിക്കറ്റ് നൽകുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പി.എച്ച്.കുര്യൻ

അഡീഷണൽ ചീഫ് സെക്രട്ടറി

File No.DMA1/382/2018-DMD

കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, ഒബ്സർവേറ്ററി ഹിൽസ്, വികാസ്ഭവൻ പി.ഒ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ.&ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ, ബ്രാഞ്ച് ഓഫീസ്, കോട്ടയം , എറണാകുളം, കോഴിക്കോട്, തൃശ്ശൂർ
വിവര പൊതുജന സമ്പർക്ക വകുപ്പ്
ആഭ്യന്തര വകുപ്പ്
റവന്യൂ വകുപ്പ്
പൊതുഭരണ (ഏകോപന) വകുപ്പ്
പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം.നം.2436 തീയതി 21.08.2018)

സ്റ്റേറ്റ് പ്രോട്ടോക്കോൾ ഓഫീസർ, പൊളിറ്റിക്കൽ വകുപ്പ്
തദ്ദേശ സ്വയംഭരണ വകുപ്പ്
മത്സ്യബന്ധനവും തുറമുഖവും വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

പകർപ്പ് :- ബഹു: മുഖ്യമന്ത്രിയുടെ പി.എസിന്
റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രിയുടെ പി.എസിന്
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്
അഡീഷണൽ ചീഫ് സെക്രട്ടറിയുടെ (റവന്യൂവും ദുരന്ത നിവാരണവും വകുപ്പ്) പേഴ്സണൽ സെക്രട്ടറിക്ക്
സ്പെഷ്യൽ സെക്രട്ടറിയുടെ (റവന്യൂ വകുപ്പ്)സി.എ-യ്ക്ക്
അഡീഷണൽ സെക്രട്ടറിയുടെ (ദുരന്ത നിവാരണ വകുപ്പ്)സി.എ-യ്ക്ക്
ഡി.എം.(ബി) വകുപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

ദുരന്ത നിവാരണ (എ) വകുപ്പ്

പരിപത്രം

നമ്പർ. ഡി.എംഎ 1/378/2018-ഡി.എം.ഡി

തിരുവനന്തപുരം,
തീയതി : 21/08/2018

വിഷയം:- ദുരന്ത നിവാരണ വകുപ്പ് - വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങൾ - ക്യാമ്പുകളുടെ നടത്തിപ്പിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ - സംബന്ധിച്ച്

സൂചന:-
1. സ.ഉ(എം.എസ്)നം.6/2018/ഡി.എം.ഡി തീയതി 02.06.2018.
2. സ.ഉ(എം.എസ്)നം.7/2018/ഡി.എം.ഡി തീയതി 21.06.2018.
3. സ.ഉ(പി)നം.2/2018/ഡി.എം.ഡി തീയതി 26.07.2018.
4. സ.ഉ(പി)നം.3/2018/ഡി.എം.ഡി തീയതി 03.08.2018.
5. സ.ഉ(എം.എസ്) നം.12/2018/ഡി.എം.ഡി തീയതി 10.08.2018.
6. സ.ഉ(എം.എസ്) നം.13/2018/ഡി.എം.ഡി തീയതി 16.08.2018.
7. സ.ഉ(എം.എസ്) നം.14/2018/ഡി.എം.ഡി തീയതി 17.08.2018.

സംസ്ഥാനം അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന രൂക്ഷമായ പ്രളയക്കെടുതികളുടെ പശ്ചാത്തലത്തിൽ ദുരന്ത ബാധിതരെ പുനരധിവസിപ്പിച്ചിരിക്കുന്ന ദുരിതാശ്വാസ ക്യാമ്പുകളുടെ സുഗമമായ നടത്തിപ്പുമായി ബന്ധപ്പെട്ട് വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. എല്ലാ ക്യാമ്പുകളിലും ചുമതലക്കാരായി രണ്ട് ഉദ്യോഗസ്ഥരെ നിയോഗിക്കണം. ഷിഫ്റ്റ് വ്യവസ്ഥയിൽ ഇവരുടെ സേവനം എല്ലാദിവസവും 8 മണിക്കൂർ വീതം ക്യാമ്പിൽ ലഭ്യമായിരിക്കണം.
2. ഇലക്ഷൻ സമയത്തെ രീതിയിൽ എട്ട് ക്യാമ്പുകൾക്ക് ഒരു സെക്ടർ ഓഫീസർ എന്ന നിലയിൽ ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തണം. ജില്ലാ കളക്ടർക്ക് ഏതൊരു വകുപ്പിലെയും ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്താം. ഈ ഉദ്യോഗസ്ഥന് ഒരു വാഹനം വാടകയ്ക്ക് നൽകുകയും, ദിവസവും ഒരു തവണ എങ്കിലും ഇദ്ദേഹം ക്യാമ്പുകൾ സന്ദർശിച്ച് വൈകിട്ട് 3 മണിക്കുള്ളിൽ ക്യാമ്പ് പരിപാലന വിവര ശേഖരണ ഫോറം പൂരിപ്പിച്ച് വാങ്ങുകയും വേണം. ഇത്തരത്തിൽ ശേഖരിച്ച ഫോറം അതാത് സെക്ടർ ഓഫീസർമാർ ജില്ലാ എമർജൻസി ഓപ്പറേഷൻസ് സെന്ററിൽ WhatsApp/ഇമെയിൽ എന്നിവ വഴി ലഭ്യമാക്കുകയും ചെയ്യുക. ഇതിനായി WhatsApp/ഇമെയിൽ എന്നിവ ജില്ലാ തലത്തിൽ ലഭ്യമാക്കുക.
3. എല്ലാ ക്യാമ്പുകളിലും ക്യാമ്പ് പരിപാലന കമ്മിറ്റി രൂപീകരിക്കുക. കമ്മിറ്റി അംഗങ്ങൾ - വാർഡ് മെമ്പർ, ക്യാമ്പിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥൻ, ക്യാമ്പിലെ ഒരു വനിതാ പ്രതിനിധി, ക്യാമ്പിലെ ഒരു പുരുഷ പ്രതിനിധി.
4. ക്യാമ്പിന് പുറത്തുള്ള ആരെയും കമ്മിറ്റിയിൽ അംഗം ആക്കുവാൻ പാടുള്ളതല്ല.
5. പ്രസ്തുത കമ്മിറ്റി എല്ലാ ദിവസവും രണ്ട് തവണ എങ്കിലും യോഗം ചേർന്ന് ക്യാമ്പ് നടത്തിപ്പ് വിലയിരുത്തേണ്ടതാണ്.

6. വിലയിരുത്തേണ്ട വിഷയങ്ങൾ ചുവടെ ചേർക്കുന്നു:

2018 - ക്യാമ്പ് പരിപാലന വിവര ശേഖരണ ഫോറം			
ക്യാമ്പിന്റെ പേര്, വില്ലേജ്			
റിപ്പോർട്ട് തീയതി, സമയം			
ക്രമ നം.	വിഷയം	സാഹചര്യം	
1	ഭക്ഷണ ലഭ്യത	നാളത്തെ ആവശ്യത്തിന് ഉണ്ട്	
		നാളത്തെ ആവശ്യത്തിന് ഇല്ല	
2	ആർക്കെങ്കിലും അസുഖം ഉണ്ടോ	ഉണ്ട്	
		ഇല്ല	
3	വൈദ്യുതി/ജനറേറ്റർ	ഉണ്ട്	
		ഇല്ല	
4	പ്രവർത്തിക്കുന്ന എത്ര ശുചിമുറികൾ ഉണ്ട്		
5	ഡോക്ടറുടെ സേവനം ലഭ്യമാണോ	ഉണ്ട്	
		ഇല്ല	
6	സ്ത്രീകൾ എത്ര		
7	ഗർഭിണികൾ എത്ര		
8	പുരുഷന്മാർ എത്ര		
9	കുട്ടികൾ എത്ര		
10	അംഗപരിമിതർ എത്ര		
11	ശുദ്ധ ജല ലഭ്യത ക്യാമ്പിൽ ഉണ്ടോ	ഉണ്ട്	
		ഇല്ല	

7. ക്യാമ്പുകളിൽ ഭക്ഷണവും മറ്റ് അത്യാവശ്യ വസ്തുക്കളും എത്തിക്കുന്ന വിവിധ രാഷ്ട്രീയ പാർട്ടികളും, സന്നദ്ധ സംഘടനകളും, മത സ്ഥാപനങ്ങളും, വ്യക്തികളും ക്യാമ്പിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥന്റെ കൈവശം മാത്രം ഇവ നൽകേണ്ടതാണ്. ലഭിക്കുന്ന വസ്തുക്കളുടെ വിതരണം ക്യാമ്പ് പരിപാലന കമ്മിറ്റിയുടെ ഉത്തരവാദിത്തവുമാണ്. സർക്കാർ സംവിധാനത്തിലൂടെ അല്ലാതെ ലഭിക്കുന്ന സഹായങ്ങൾക്ക് പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കുക.
8. ക്യാമ്പുകളിൽ സന്നദ്ധ സംഘടനകൾ, രാഷ്ട്രീയ സംഘടനകൾ, മത സ്ഥാപനങ്ങൾ എന്നിവർ നേരിട്ട് വസ്തുവകകളും, ആഹാര സാധനങ്ങളും വിതരണം ചെയ്യുന്നില്ല എന്ന് ക്യാമ്പിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥൻ കർശനമായി ഉറപ്പ് വരുത്തണം.
9. ക്യാമ്പുകളിൽ രാഷ്ട്രീയ, ജാതി, മത പരിഗണനകൾ ഉണ്ടാകുവാൻ പാടുള്ളതല്ല.
10. ക്യാമ്പുകളിൽ വിവിധ രാഷ്ട്രീയ പാർട്ടികളും, സന്നദ്ധ സംഘടനകളും, രാഷ്ട്രീയ സംഘടനകളും, മത സ്ഥാപനങ്ങളും അവരുടെ അടയാളങ്ങൾ ഒഴിവാക്കിക്കൊണ്ട് ക്യാമ്പിൻറെ പ്രവർത്തനങ്ങളുമായി സഹകരിക്കണം.

മേൽ നിർദ്ദേശങ്ങളിൽ കാര്യക്ഷമമായും സമയബന്ധിതമായും നടപടി സ്വീകരിക്കേണ്ടതാണ്.

പി.എച്ച് കുര്യൻ
അഡീഷണൽ ചീഫ് സെക്രട്ടറി

എല്ലാ ജില്ലാ കളക്ടർമാർക്കും
ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം

മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, ഒബ്സർവേറ്ററി ഹിൽസ്,
വികാസ് ഭവൻ പി.ഒ, തിരുവനന്തപുരം
ഡയറക്ടർ, ഗ്രാമവികസന വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, നഗരകാര്യ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, ആരോഗ്യ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, കൃഷി വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, ഫിഷറീസ് വകുപ്പ്, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് (റോഡ്സ് & ബ്രിഡ്ജസ്) വകുപ്പ്
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, സാമൂഹ്യ നീതി വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
റവന്യൂ വകുപ്പ്
ഭക്ഷ്യ പൊതുവിതരണ വകുപ്പ്
ജലവിഭവ വകുപ്പ്
ആരോഗ്യ വകുപ്പ്
തദ്ദേശ സ്വയംഭരണ വകുപ്പ്
സാമൂഹ്യനീതി വകുപ്പ്
കൃഷി വകുപ്പ്
ഫിഷറീസ് വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

പകർപ്പ് :- ബഹു: മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
എല്ലാ മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്
റവന്യൂ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ യ്ക്ക്

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

GOVERNMENT OF KERALA

Abstract

Disaster Management (A) Department – Flood- Relief measures – provide a kit of essential food materials for families leaving the relief camps – items specified - Orders issued.

DISASTER MANAGEMENT(A) DEPARTMENT

G.O.(Rt)No.457/2018/DMD Dated, Thiruvananthapuram, **22/08/2018**

Read:- G.O.(Ms)no.8/2018/DMD dated 19.07.2018

ORDER

Government have issued relief measures to the flood affected families as per Government Order read above. In continuation of this, Government are pleased to provide a kit of essential food materials for families leaving the relief camps. The list of the items included in the kit is as follows.

1.Rice -5kg
2.Green gram -500gm
3.Turdal -500gm
4.Cocunut oil -500gm
5.Sambar Powder -200gm
6.Chilli Powder -200gm
7.Corrinder Powder -100gm
8.Turmeric Powder -50gm
9.Sugar -500gm
10.Onion Big - 1Kg
11.Onion small -500gm
12.Potato -1kg
13. Country beans/beans -500gm
14. Bucket - 1 (medium size)
15. Bathing cup – 1
16. Soap - 1
17. Tooth paste -1

18. Tooth Brush – 4 nos.

19. Comb – 1

20. Kaily - 1

21 Nighty -1

22.Cloths for kid - 2 pairs

The above materials shall be procured through SupplyCo and HortiCorp and the same shall be packed in the district receipt and disbursing centres and transport to each camp.

In addition to these essential items other nonfood articles available in the district receipt and disbursing center received from donors, will be added to the kit in an equitable manner. Materials shall be procured from SupplyCo and HortiCorp only after taking into account of donors provided materials available in the district receipt and disbursing Centre. The expenditure in this regard will be met from head of account '2245-02-101-94-Flood – Other Items'

(BY ORDER OF THE GOVERNOR)

P.H.KURIAN
Additional Chief Secretary

To

The Commissioner, Land Revenue, Thiruvananthapuram
All District Collectors
The Member Secretary, KSDMA, Thiruvananthapuram
Food and Civil Supplies Department
Local Self Government Department
The Managing Director, Horticorp
The Web and New Media, I & PRD
Stock File / Office Copy

Copy to :

PS to Chief Minister
PS to Minister, Revenue & Housing
AS to Chief Secretary
PS to Additional Chief Secretary, DMD
CA to Additional Secretary, DMD

Forwarded / By Order

Section Officer

കേരള സർക്കാർ

ഡിസാസ്റ്റർ മാനേജ്മെന്റ് (എ) വകുപ്പ്

പരിപത്രം

നമ്പർ. ഡി.എം.1/385/2018/ഡി.എം.ഡി. തിരുവനന്തപുരം,
തീയതി : 22/08/2018

വിഷയം:- ദുരന്ത നിവാരണ (എ)വകുപ്പ് - വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങൾ - ദുരിതാശ്വാസ ക്യാമ്പുകളിലേക്കുള്ള ഭക്ഷ്യ ഭക്ഷ്യേതര സാധനങ്ങളുടെ സംഭരണവും വിതരണം - മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

സൂചന:- 21.08.2018-ലെ ഡി.എം.ഡി.1-378/18 നമ്പർ പരിപത്രം.

കേരള സംസ്ഥാനം അഭിമുഖീകരിക്കുന്ന അതിരൂക്ഷമായ പ്രളയക്കെടുതി മൂലം ദുരിതം അനുഭവിക്കുന്നവർക്ക് യഥാസമയം സഹായം എത്തിക്കുന്നതിനും ദുരിതബാധിതരെ പുനരധിവസിപ്പിക്കുന്നതിനും ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് ആവശ്യമായ ഭക്ഷ്യ ഭക്ഷ്യേതര വസ്തുക്കൾ സംഭരിക്കുന്നതിനും അവ വിതരണം ചെയ്യുന്നതിനും താഴെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

(1) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാ ദുരിതാശ്വാസ ക്യാമ്പുകളിലും ചുമതലയ്ക്കായി ഉദ്യോഗസ്ഥരേയും, സെക്ടർ ഓഫീസർമാരേയും നിയമിച്ച് സൂചന പ്രകാരം ഉത്തരവായിരുന്നു. ഇതിന് പുറമെ ഭക്ഷ്യ ഭക്ഷ്യേതര സാധനങ്ങളുടെ സമാഹരണത്തിനും വിതരണത്തിനുമായി ജില്ലാതല നോഡൽ ഓഫീസറെ അടിയന്തിരമായി ചുമതലപ്പെടുത്തേണ്ടതാണ്.

(2) നോഡൽ ഓഫീസറുടെ മേൽനോട്ടത്തിൽ ജില്ലയിൽ ആവശ്യമായ ഉദ്യോഗസ്ഥരുടെ സഹായത്തോടെ സംഭരണ/വിതരണ കേന്ദ്രങ്ങൾ ആരംഭിക്കേണ്ടതാണ്.

(3) സംഭരണ/ വിതരണ കേന്ദ്രങ്ങളിൽ നോഡൽ ഓഫീസറുടെ അറിവോടെ കൂടി മാത്രമേ ഭക്ഷ്യ ഭക്ഷ്യേതര സാധനങ്ങൾ സംഭരിക്കാവൂ.

(4) സംഭരണ/വിതരണ കേന്ദ്രങ്ങളിൽ സർക്കാർ, സന്നദ്ധസംഘടനകൾ, വ്യക്തികൾ തുടങ്ങി എല്ലാ മാർഗ്ഗങ്ങളിലൂടെയും ലഭ്യമാകുന്ന ഭക്ഷ്യ ഭക്ഷ്യേതര സാധനങ്ങളുടെ വിശദമായ പട്ടിക തരം / ഇനം തിരിച്ച് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്.

(5) ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് നിത്യേന ആവശ്യമായ ഭക്ഷ്യ ഭക്ഷ്യേതര സാധനങ്ങളുടെ പട്ടിക ക്യാമ്പിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥൻ തയ്യാറാക്കേണ്ടതും അവ ഇൻഡന്റ് നൽകി സംഭരണ / വിതരണ കേന്ദ്രങ്ങളിൽ നിന്നും ഏറ്റുവാങ്ങേണ്ടതുമാണ്. ഏറ്റുവാങ്ങുന്ന സാധനങ്ങൾ സംബന്ധിച്ച വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ നിർബന്ധമായും സൂക്ഷിക്കേണ്ടതാണ്.

(6) ക്യാമ്പുകളിൽ എത്താത്ത ദുരിതബാധിതർക്ക് കൂടി അർഹതയുടെ അടിസ്ഥാനത്തിൽ ഭക്ഷ്യ ഭക്ഷ്യേതര സാധനങ്ങൾ വിതരണം ചെയ്യാവുന്നതാണ്. ഉൾപ്രദേശങ്ങളിൽ ഒറ്റപ്പെട്ട് കഴിയുന്ന ദുരിത ബാധിതർക്കും അവശ്യ സാധനങ്ങൾ ലഭ്യമാകുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

(7) സംഭരണ / വിതരണ കേന്ദ്രങ്ങളിൽ നിന്നും ക്യാമ്പുകളിലേക്ക് വിതരണം ചെയ്യുന്ന സാധനങ്ങളുടെ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി up to date ആയി സൂക്ഷിക്കേണ്ടതാണ്.

(8) സംഭരണ / വിതരണ കേന്ദ്രങ്ങളിൽ ആവശ്യസാധനങ്ങളുടെ ലഭ്യതക്കുറവ് ഉണ്ടാകുന്ന പക്ഷം നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് ഇൻഡന്റ് നൽകി ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പിൽ നിന്നു ലഭ്യമാക്കേണ്ടതാണ്. ഇത്തരത്തിൽ ലഭ്യമാക്കുന്ന സാധനങ്ങളുടെ വരവും, വിതരണ കണക്കും, സാധനങ്ങളുടെ വിലയും ഒരു പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

(9) സംഭരണ /വിതരണ കേന്ദ്രങ്ങളിൽ ആവശ്യമെങ്കിൽ സഹായത്തിനായി സന്നദ്ധപ്രവർത്തകരുടെ സേവനം നോഡൽ ഓഫീസർക്ക് ഉപയോഗിക്കാവുന്നതാണ്.

(10) സംഭരണ /വിതരണ കേന്ദ്രങ്ങളിലും ദുരിതാശ്വാസ ക്യാമ്പുകളിലും പുറമെ നിന്നുള്ള അനാവശ്യ ഇടപെടലുകൾ കർശനമായും നിയന്ത്രിക്കേണ്ടതാണ്.

(11) സർക്കാരിന്റെ മേൽനോട്ടത്തിൽ അല്ലാതെ മതം, രാഷ്ട്രീയം, സംഘടന എന്നിവയുടെ അടിസ്ഥാനത്തിൽ പ്രത്യേക ഗ്രൂപ്പുകൾക്ക് വേണ്ടി സ്വകാര്യ ക്യാമ്പുകൾ നടത്തുകയാണെങ്കിൽ ആ ക്യാമ്പുകളിലേക്ക് സാധനങ്ങൾ സംഭരണ / വിതരണം കേന്ദ്രങ്ങളിൽ നിന്നും വിതരണം ചെയ്യാൻ പാടുള്ളതല്ല. അത്തരം ക്യാമ്പുകളിൽ കഴിയുന്നവരെ കൂടി പൊതു ക്യാമ്പുകളുടെ ഭാഗമാക്കേണ്ടതാണ്.

(12) സംഭരണ /വിതരണ കേന്ദ്രങ്ങളിൽ നിന്നും വ്യക്തികൾ, സംഘടനകൾ എന്നിവർ ഭക്ഷ്യ ഭക്ഷ്യേതര സാധനങ്ങൾ ഏറ്റുവാങ്ങി സംഭരിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

(13) ഭക്ഷ്യേതര സാധനങ്ങൾ പ്രത്യേകമായ കണക്ക് വച്ച് എല്ലാവർക്കും കൃത്യമായും തുല്യമായും ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്തി വിതരണം ചെയ്യേണ്ടതാണ്. ഒരു ക്യാമ്പിൽ ഒരേ നിലവാരത്തിലും തരത്തിലുമുള്ള സാധനങ്ങൾ ലഭിച്ചുവെന്ന് പരമാവധി ഉറപ്പ് വരുത്തേണ്ടതാണ്.

(14) മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾ കുറ്റമറ്റ രീതിയിൽ നടക്കുന്നുവെന്ന് ജില്ലാ കളക്ടർ ഉറപ്പ വരുത്തേണ്ടതും ഇക്കാര്യങ്ങളിൽ ഉണ്ടാകുന്ന വീഴ്ചകൾ ഗൗരവമായി വീക്ഷിക്കുന്നതുമാണ്.

(15) ഭക്ഷ്യ ഭക്ഷ്യേതര സാധനങ്ങളുടെ സംഭരണവും വിതരണവുമായി ബന്ധപ്പെട്ട് സംസ്ഥാന തലത്തിൽ ഏകോപിപ്പിക്കുന്നതിന് അസിസ്റ്റന്റ് ലാന്റ് റവന്യൂ കമ്മീഷണർ ശ്രീമതി. ഗീത എ.-യെ ചുമതലപ്പെടുത്തുന്നു.

പി.എച്ച് കുര്യൻ
അഡീഷണൽ ചീഫ് സെക്രട്ടറി

എല്ലാ ജില്ലാ കളക്ടർമാർക്കും
ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി,
റവന്യൂ കോംപ്ലക്സ്, പബ്ലിക്ക് ഓഫീസ് ബിൽഡിംഗ്, തിരുവനന്തപുരം

ഡയറക്ടർ, ഭക്ഷ്യപൊതുവിതരണ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, ഗ്രാമവികസന വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, നഗരകാര്യ വകുപ്പ്, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
തദ്ദേശ സ്വയംഭരണ വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

പകർപ്പ് :- ബഹു: മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്
ദുരന്ത നിവാരണ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ യ്ക്ക്
സ്പെഷ്യൽ സെക്രട്ടറിയുടെ (റവന്യൂ വകുപ്പ്) സി.എ.യ്ക്ക്
അഡീഷണൽ സെക്രട്ടറിയുടെ (ദുരന്ത നിവാരണ വകുപ്പ്) സി.എ.യ്ക്ക്

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

കേരള സർക്കാർ
സംഗ്രഹം

ഭക്ഷ്യ പൊതുവിതരണ വകുപ്പ് - വെള്ളപ്പൊക്കത്തിൽ റേഷൻ കാർഡ് നഷ്ടപ്പെട്ട കുടുംബങ്ങൾക്ക് ഡൂപ്ലിക്കേറ്റ് റേഷൻ കാർഡ് വിതരണം ചെയ്യുന്നത് സംബന്ധിച്ച് — നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു

==========

ഭക്ഷ്യ പൊതുവിതരണ (ബി) വകുപ്പ്

സ.ഉ.(സാധാ) നം.435/2018/ഭ.പൊ.വി.വ തിരുവനന്തപുരം, തീയതി 23/08/2018

==========

ഉത്തരവ്

സംസ്ഥാനത്ത് 2018 ആഗസ്റ്റ് മാസത്തിൽ ഉണ്ടായ പ്രളയത്തിൽ പല കുടുംബങ്ങൾക്കും റേഷൻ കാർഡുകൾ നഷ്ടപ്പെടുകയുണ്ടായി. സാധാരണക്കാരുടെ പല ആവശ്യങ്ങൾക്കും റേഷൻ കാർഡ് ഒരു ആധികാരിക രേഖയായും, റഫറൽ രേഖയായും ഉപയോഗിക്കുന്ന സാഹചര്യത്തിൽ റേഷൻ കാർഡിന്റെ അഭാവം പല ബുദ്ധിമുട്ടുകളും സൃഷ്ടിക്കുമെന്നതിനാൽ അടിയന്തരമായി അവർക്ക് ഡൂപ്ലിക്കേറ്റ് റേഷൻ കാർഡുകൾ നല്കേണ്ടതുണ്ട്. ഇതിനായി താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

1) റേഷൻ കാർഡ് പൂർണ്ണമായും നഷ്ടപ്പെട്ടവർ, ഡൂപ്ലിക്കേറ്റ് കാർഡിനുള്ള അപേക്ഷയോടൊപ്പം സ്വയം സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലം നല്കിയാൽ മതിയാകും.
2) കേടുപാടുകൾ പറ്റിയ റേഷൻ കാർഡുകൾ കൈവശമുള്ളവർ അപേക്ഷയോടൊപ്പം അവ തിരികെ നല്കേണ്ടതാണ്.
3) അപേക്ഷയോടൊപ്പം 200/- രൂപയുടെ മുദ്രപ്പത്രത്തിൽ സത്യവാങ്മൂലം നല്കേണ്ടതില്ല.
4) അപേക്ഷയോടൊപ്പം നല്കുന്ന സത്യവാങ്മൂലത്തിൽ മന:പൂർവ്വം തെറ്റായ/വ്യാജമായ വിവരങ്ങൾ നല്കുകയോ ശരിയായ വസ്തുതകൾ മറച്ചു വയ്ക്കുകയോ ചെയ്താൽ അതിന് കാർഡുടമ മാത്രമായിരിക്കും ഉത്തരവാദി.
5) ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് ഡേറ്റ ലഭ്യമാക്കി, ഡൂപ്ലിക്കേറ്റ് കാർഡുകൾ വിതരണം ചെയ്യുന്നതിനുള്ള ക്രമീകരണങ്ങൾ സിവിൽ സപ്ലൈസ് ഡയറക്ടർ, സ്റ്റേറ്റ് ഇൻഫർമേറ്റിക്സ് ഓഫീസർ-എൻ.ഐ.സി, ഡയറക്ടർ-സി.ഡിറ്റ് എന്നിവർ യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പിലാക്കേണ്ടതാണ്.
6) ഇത് സംബന്ധിച്ച് ജില്ലാ സപ്ലൈ ഓഫീസ്, താലൂക്ക് സപ്ലൈ ഓഫീസ് എന്നിവിടങ്ങളിൽ നടത്തേണ്ട ക്രമീകരണങ്ങൾ, ഉദ്യോഗസ്ഥരുടെ വിന്യാസം എന്നീ കാര്യങ്ങളിൽ സിവിൽ സപ്ലൈസ് ഡയറക്ടർ അടിയന്തര നടപടി സ്വീകരിക്കേണ്ടതാണ്.

ഇപ്രകാരം വിതരണം ചെയ്യുന്ന ഡൂപ്ലിക്കേറ്റ് റേഷൻ കാർഡുകൾ സാധാരണ കാർഡുകൾ പോലെ ഉള്ള ആധികാരിക രേഖയായും മറ്റ് ആവശ്യങ്ങൾക്കുള്ള റഫറൽ രേഖയായും ഉപയോഗിക്കാവുന്നതും ബന്ധപ്പെട്ട അധികാരികളും കേന്ദ്ര/സംസ്ഥാന സർക്കാർ വകുപ്പുകളും ഏജൻസികളും ഇപ്പോഴത്തെ പ്രത്യേക സാഹചര്യത്തിൽ ആധികാരിക രേഖയായി പരിഗണിക്കേണ്ടതുമാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
മണിലാൽ.ബി.എസ്
ജോയിന്റ് സെക്രട്ടറി

എല്ലാ വകുപ്പ് മേധാവികൾക്കും
എല്ലാ ജില്ലാ കളക്ടർമാർക്കും
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
സിവിൽ സപ്ലൈസ് കമ്മീഷണർ, തിരുവനന്തപുരം.
സിവിൽ സപ്ലൈസ് ഡയറക്ടർ, തിരുവനന്തപുരം
ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, സപ്ലൈകോ, മാവേലി ഭവൻ, കൊച്ചി
സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും
സ്റ്റേറ്റ് ഇൻഫർമേറ്റിക്സ് ഓഫീസർ, എൻ.ഐ.സി, തിരുവനന്തപുരം.
ഡയറക്ടർ, സി.ഡിറ്റ്, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് കോപ്പി/ ഓഫീസ് സെക്ഷൻ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പ്രളയക്കെടുതിയോടനുബന്ധിച്ചുള്ള പുനരധിവാസ നടപടികൾ ത്വരിതപ്പെടുത്തുന്നത് സംബന്ധിച്ച് തീരുമാനങ്ങൾ നടപ്പാക്കുന്നതിൻമേൽ - അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്

സ.ഉ.(സാധാ) നം. 2310/2018/തസ്വഭവ തിരുവനന്തപുരം, തീയതി, 23/08/2018

ഉത്തരവ്

പ്രളയക്കെടുതിയോടനുബന്ധിച്ചുള്ള പുനരധിവാസ നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി താഴെ പ്പറയുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നതിൻമേൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് തനതു ഫണ്ടിൽ നിന്നും തുക സംഭാവനയായി നൽകാവുന്നതാണ്. ഇതിന് ഗവർണമെന്റിൽ നിന്നും പ്രത്യേക അനുമതി ആവശ്യമില്ല. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് സ്വന്തം നിലയിൽ തുക സമാഹരിച്ചും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന ചെയ്യാവുന്നതാണ്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സ്വന്തം ദുരിതാശ്വാസ ഫണ്ടിലേക്ക് ഇപ്പോൾ തുകകൾ ശേഖരിക്കുവാൻ പാടില്ല.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
റ്റി.കെ.ജോസ് ഐ.എ.എസ്,
അഡീഷണൽ ചീഫ് സെക്രട്ടറി.

എല്ലാ ജില്ലാ കളക്ടർമാർക്കും
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ,തിരുവനന്തപുരം
ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ (പകർപ്പ് വകുപ്പ് തലവൻമാർ മുഖേന)
ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

" ഭരണഭാഷ - മാതൃഭാഷ "

നം. ഇ1/16629/2018

ട്രഷറി ഡയറക്ടറേറ്റ്,
തിരുവനന്തപുരം.
തീയതി: 23/8/2018

പ്രേഷകൻ
ട്രഷറി ഡയറക്ടർ

സ്വീകർത്താവ്
എല്ലാ ട്രഷറി ഓഫീസർമാരും

സർ,

വിഷയം: ബഹു.മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംസ്ഥാന സർക്കാർ ജീവനക്കാരുടെ 2017-18 ലെ പ്രത്യേക ഉത്സവബത്ത തിരച്ചടയ്ക്കുന്നതിനുള്ള നിർദ്ദേശം സംബന്ധിച്ച സ്പഷ്ടീകരണം.

സൂചന:
(1) സർക്കാർ ഉത്തരവ് (അച്ചടി) നം.124/2018/ധന തീയതി 8/8/2018
(2) സർക്കാർ ഉത്തരവ് (അച്ചടി) നം. 134/2018/ധന. തീയതി 18/8/2018.
(3) സർക്കാർ പരിപത്രം നം.76/2018/ധന തീയതി 21/8/2018.

സൂചന കത്തുകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

സംസ്ഥാന സർക്കാർ സൂചന (1) ലെ ഉത്തരവ് പ്രകാരം അനുവദിച്ച പ്രത്യേക ഉത്സവബത്ത (2750/- രൂപ) പ്രളയ ദുരന്തത്തിൽ നിന്നും ജനങ്ങളെ കൈപിടിച്ച് ഉയർത്തുന്നതിന്റെ ഭാഗമായി ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവനയായി നല്കി സൂചന (2) പ്രകാരം സർക്കാർ ഉത്തരവായിരുന്നു.

പ്രസ്തുത തുക സൂചന (3) ലെ സർക്കാർ പരിപത്രം പ്രകാരം തിരിച്ച് പിടിച്ച് ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് അടയ്ക്കുമ്പോൾ എല്ലാ ട്രഷറി ഓഫീസർമാർ/ ട്രഷറി വകുപ്പിലെ ഡി.ഡി.ഒ.മാർ താഴെപ്പറയുന്ന കാര്യങ്ങൾ പ്രത്യേക ശ്രദ്ധിക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു.

1. യതൊരു കാരണവശാലും തിരിച്ചടയ്ക്കുന്ന ഉത്സവബത്ത തുകയായ 2750/- രൂപ ROP -ൽ അടയ്ക്കുവാൻ പാടുള്ളതല്ല.

2. ഉത്സവബത്ത തുകയായ 2750/- രൂപയുടെ ബില്ലുകൾ ഇനി ട്രഷറികളിൽ സമർപ്പിക്കുകയാണെങ്കിൽ അവ ബന്ധപ്പെട്ട സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വ്യക്തമായി കാര്യം രേഖപ്പെടുത്തി ഒബ്ജക്ട് ചെയ്തു മടക്കി നല്കേണ്ടതാണ്.

3. ഇതിനകം തന്നെ പാസ്സാക്കി നല്കുകയോ ക്രെഡിറ്റിൽ വന്നിട്ടുള്ളതോ ആയ പ്രസ്തുത വിഭാഗത്തിൽപ്പെട്ട ബില്ലുകൾ **സർക്കാരിൽ നിന്നും ലഭിക്കുന്ന തുടർനിർദ്ദേശങ്ങൾക്കനുസരണമായി** അടുത്തമാസത്തെ (സെപ്തബർ 2018) ശമ്പളത്തിൽ നിന്നും തിരിച്ച് പിടിക്കേണ്ടതുമാണ്.

4. മറ്റ് ജീവനക്കാരുടെ (യുണിവേഴ്സിറ്റി, സർക്കാർ സ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയവ) ശമ്പളത്തിൽ/ക്ലെയിംമിൽ നിന്നും തിരിച്ച് പിടിയ്ക്കേണ്ട മേൽ ഉത്സവബത്ത സൂചന (3) ലെ സർക്കാർ സർക്കുലർ 76/2018/ധന തീയതി 21/8/2018 ലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് തന്നെ ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് അടയ്ക്കേണ്ടതുമാണെന്ന് നിർദ്ദേശിക്കുന്നു. ഇതു സംബന്ധിച്ച സംശങ്ങൾ ബന്ധപ്പെട്ട ലെയിസൻ ഓഫീസർമാരുമായി ബന്ധപ്പെട്ട് ദൂരികരിക്കേണ്ടതുമാണെന്നും അറിയിക്കുന്നു.

വിശ്വസ്തതയോടെ,
ട്രഷറി ഡയറക്ടർ

//അംഗീകാരത്തോടുകൂടി//

// സീനിയർ സൂപ്രണ്ട്//

Directorate of Treasuries, "Krishna Buildings", T.C.No.28/629, Thycaud P.O., Thiruvananthapuram, Pin.695014. Ph.No.0471-2322533,
Fax No.0471-2324229, Mail id:- keralatreasury@gmail.com. website:treasury.kerala.gov.in

തദ്ദേശസ്വയം ഭരണ വകുപ്പ്- കാലവർഷക്കെടുതി – ആസ്തികളുടെ പുനർനിർമ്മാണ പ്രവൃത്തികളും മെയിന്റനൻസ് പ്രവൃത്തികളും തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ 2018-19 വാർഷിക പദ്ധതിയുടെ ഭാഗമാക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയം ഭരണ (ഡി.എ) വകുപ്പ്

സ.ഉ.(സാധാ).നം.2313/2018/തസ്വഭവ തിരുവനന്തപുരം, തീയതി: 23-08-2018

പരാമർശം:
1. 10.08.2018 ലെ സ.ഉ (സാധാ) നം.2221/2018/ത.സ്വ.ഭ.വ
2. 16.08.2018 ലെ സ.ഉ (സാധാ) നം.2262/2018/ത.സ്വ.ഭ.വ
3. 17.08.2018 ലെ സ.ഉ (സാധാ) നം.2267/2018/ത.സ്വ.ഭ.വ
4. 19.08.2018 ലെ സ.ഉ (സാധാ) നം.2288/2018/ത.സ്വ.ഭ.വ
5. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ 13.08.2018 ലെ യോഗ തീരുമാനം
6. ബഹുതദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 21/08/2018 ന് ചേർന്ന യോഗതീരുമാനം

ഉത്തരവ്

മഴക്കെടുതിയെ തുടർന്ന് ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തുവാൻ തനത്ഫണ്ട് വിനിയോഗിക്കുന്നതിനും അടിയന്തിര സ്വഭാവമുള്ള പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിനും തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി പരാമർശം 1, 2 എന്നിവ പ്രകാരം ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നു. കൂടാതെ, പ്രളയബാധിത പ്രദേശങ്ങളിൽ സ്വീകരിക്കേണ്ട ശുചീകരണ പ്രവർത്തനങ്ങൾ സംബന്ധിച്ച നടപടികളും ഉപയോഗയോഗ്യമല്ലാതായി തീർന്ന വീടുകൾ, സ്ഥാപനങ്ങൾ, പൊതുസ്ഥലങ്ങൾ എന്നിവ ശുചിയാക്കി ഉപയോഗയോഗ്യമാക്കുന്നതിന് സ്വീകരിക്കേണ്ട നടപടികളും വിശദമാക്കി പരാമർശം 3, 4 എന്നിവ പ്രകാരം ഉത്തരവാകുകയും ചെയ്തിരുന്നു.

2)പൂർണ്ണമായോ ഭാഗികമായോ തകർന്ന റോഡുകൾ ഉൾപ്പെടെയുള്ള ആസ്തികളുടെ പുനർനിർമ്മാണവും അറ്റകുറ്റപ്പണിയും നടത്തേണ്ട സാഹചര്യം നേരിടുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അടിയന്തിര സ്വഭാവമുള്ള പ്രവൃത്തികൾ അവയുടെ നടപ്പ് വാർഷിക പദ്ധതിയുടെ ഭാഗമാക്കുന്നതിന് അനുമതി നൽകേണ്ടതുണ്ടെന്ന് 2018 ആഗസ്റ്റ് 21-ന് തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ തീരുമാനിക്കുകയുണ്ടായി അതിന്റെ അടിസ്ഥാനത്തിൽ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ 2018-19 വാർഷിക പദ്ധതി ഭേദഗതി ചെയ്യുന്നതിന് ചുവടെ വിവരിക്കുന്ന മാർഗനിർദ്ദേശങ്ങൾ അംഗീകരിച്ച് സർക്കാർ ഉത്തരവാകുന്നു.

1. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള ആസ്തികളിൽ പ്രളയക്കെടുതി കാരണം അറ്റകുറ്റപ്പണിയോ പുനർനിർമ്മാണമോ വാങ്ങലോ ആവശ്യമായ എല്ലാ ആസ്തികളുടെയും വിവരങ്ങൾ തദ്ദേശ ഭരണ സ്ഥാപനത്തിന്റെ അദ്ധ്യക്ഷൻ, വികസന

സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ, ബന്ധപ്പെട്ട എഞ്ചിനീയർ, സെക്രട്ടറി എന്നിവർ സംയുക്തമായി പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കേണ്ടതാണ്.

2. ഇപ്രകാരം തയ്യാറാക്കുന്ന പ്രവൃത്തികളുടെ പട്ടികയിൽ നിന്നും അടിയന്തിര സ്വഭാവത്തോടെ നടപ്പാക്കേണ്ട പ്രവൃത്തികൾ 2018-19 വാർഷിക പദ്ധതിയുടെ ഭാഗമാക്കാവുന്നതും അതിന് നടപ്പ് വാർഷിക പദ്ധതി ഭേദഗതി ചെയ്യാവുന്നതുമാണ്. റോഡുകൾ ഉൾപ്പെടെയുള്ള ആസ്തികളുടെ പുനർനിർമ്മാണം, അറ്റകുറ്റപ്പണി എന്നിവയുള്ള പ്രോജക്ടുകൾ പുതുതായി ഏറ്റെടുക്കാവുന്നതാണ്. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലെ കേടായ ഉപകരണങ്ങൾ/ സാമഗ്രികൾ റിപ്പയർ ചെയ്യുന്നതിനും പുതിയവ വാങ്ങുന്നതിനും ഉള്ള പ്രോജക്ടുകളും ഏറ്റെടുക്കാവുന്നതാണ് (ഉദാ: അംഗൻവാടികളിലെ കളിക്കോപ്പുകൾ, മറ്റ് ഉപകരണങ്ങൾ മുതലായവ). പുതിയ റോഡ് നിർമ്മാണ പ്രോജക്ടുകൾ ഏറ്റെടുക്കാൻ പാടില്ല.

3. അടിയന്തിര സ്വഭാവമുള്ള പ്രവൃത്തികൾ മാത്രം ഇപ്പോൾ ഏറ്റെടുക്കേണ്ടതും അല്ലാത്തവ അടുത്ത വർഷത്തേക്ക് മാറ്റേണ്ടതുമാണ്.

4. തദ്ദേശഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള ആസ്തികളും സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പ്രവൃത്തികൾ അതത് തലത്തിലെ തദ്ദേശ ഭരണ സ്ഥാപനങ്ങൾ മാത്രമേ ഏറ്റെടുക്കാൻ പാടുള്ളൂ. എന്നാൽ, ഗ്രാമപ്രദേശങ്ങളിൽ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ആസ്തികളും സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്ക് വേണ്ട വിഹിതം ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളിൽ നിന്നും ഗ്രാമപഞ്ചായത്തിന് കൈമാറാവുന്നതാണ്. മതിയായ വിഹിതം ഗ്രാമപഞ്ചായത്തിന് ലഭ്യമല്ലെങ്കിൽ, ഗ്രാമപഞ്ചായത്തിന്റെ സമ്മതത്തോടുകൂടി മാത്രം ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്ക് ഗ്രാമപഞ്ചായത്തിന്റെ റോഡ് ഉൾപ്പെടെയുള്ള ആസ്തികളും സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ഏറ്റെടുക്കാവുന്നതാണ്. ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ നടപ്പാക്കുന്ന പ്രോജക്ടുകളുടെ അടങ്കൽ തുകയ്ക്ക് നിശ്ചയിച്ചിട്ടുള്ള കുറഞ്ഞ പരിധിയും ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ നടപ്പാക്കുന്ന റോഡ് പ്രവൃത്തികൾക്ക് ഉണ്ടാകേണ്ട വീതി സംബന്ധിച്ച കുറഞ്ഞ പരിധിയും ഇത്തരം പ്രവൃത്തികളുടെ കാര്യത്തിൽ ബാധകല്ല.

5. ഖണ്ഡിക 2-ൽ പ്രതിപാദിച്ചിട്ടുള്ള പ്രോജക്ടുകൾ വാർഷിക പദ്ധതിയുടെ ഭാഗമാക്കുന്നതിന് താഴെ പറയുന്ന മാർഗങ്ങളിലൂടെ ലഭ്യമാകുന്ന വിഹിതം മേഖലാ നിബന്ധനകൾക്ക് വിധേയമായി ഉപയോഗിക്കണം.

   (i) ജില്ലാ ആസൂത്രണസമിതി അനുമതി നിരസിച്ചതോ വെറ്റിംഗ് ഓഫീസർ അനുമതി നിരസിച്ചതോ സാങ്കേതികാനുമതി ലഭിക്കാത്തതോ ആയ പ്രോജക്ടുകൾ ഉപേക്ഷിക്കുന്നതിലൂടെ ലഭിക്കുന്ന വിഹിതം

   (ii) സബ്സിഡി മാർഗ്ഗരേഖ പാലിക്കാതെയുള്ള പ്രോജക്ടുകൾ ഒഴിവാക്കുന്നതിലൂടെ ലഭിക്കുന്ന വിഹിതം.

   (iii) ടെണ്ടർ സേവിംഗ്സ്

   (iv) വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ ഏതെങ്കിലും പ്രോജക്ട് എം.പിയുടെ പ്രത്യേക വികസന പരിപാടി, എം.എൽ.എ യുടെ പ്രത്യേക വികസന ഫണ്ട്, കേന്ദ്ര/ സംസ്ഥാന പദ്ധതികൾ തുടങ്ങിയ മറ്റ് പരിപാടികളുടെ ഫണ്ട് ഉപയോഗിച്ച് നടപ്പാക്കുകയാണെങ്കിൽ പ്രസ്തുത പ്രോജക്ട് ഉപേക്ഷിക്കുന്നതിലൂടെ ലഭിക്കുന്ന വിഹിതം.

(v) സ്ഥലം ലഭിക്കാതിരിക്കുകയോ കോടതി കേസുകൾ കാരണമോ നിർവഹണം ആരംഭിക്കാൻ കഴിയുന്നില്ലെങ്കിൽ. പ്രസ്തുത പ്രോജക്ട് ഉപേക്ഷിക്കുന്നതിലൂടെ ലഭിക്കുന്ന വിഹിതം.

(vi) മികച്ച തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച പ്രത്യേക ധനസഹായം (പൊതു വിഭാഗം വികസനഫണ്ട് വിഭാഗത്തിൽ അനുവദിച്ചിട്ടുള്ള ഈ തുകയ്ക്ക് മേഖലാ നിബന്ധനകൾ ബാധകമല്ല.)

(vii) അനിവാര്യമായി നടപ്പാക്കേണ്ടതും കരാറിൽ ഏർപ്പെട്ടതുമായ പ്രോജക്ടുകൾ ഒഴികെ തൽക്കാലം നടപ്പാക്കേണ്ടതില്ലെന്ന് ഭരണസമിതി കണ്ടെത്തുന്ന പ്രോജക്ടുകൾ ഉപേക്ഷിക്കുന്നതിലൂടെയോ പ്രോജക്ടുകളുടെ അടങ്കൽ തുക കുറവ് ചെയ്യുന്നതിലൂടെയോ ലഭിക്കുന്ന വിഹിതം.

6. പൂർണ്ണമായും തകർന്ന കെട്ടിടങ്ങളുടെ പുനർനിർമ്മാണത്തിന് ഇപ്പോഴത്തെ സവിശേഷ സാഹചര്യം പരിഗണിച്ച് നോൺ റോഡ് മെയിന്റനൻസ് ഫണ്ട് ഉപയോഗിക്കുവാൻ പ്രത്യേക അനുമതി നൽകുന്നു. അതുപോലെ പൂർണ്ണമായും തകർന്ന റോഡുകളുടെ പുനർനിർമ്മാണത്തിന് റോഡ് മെയിന്റനൻസ് ഫണ്ടും ഉപയോഗിക്കാവുന്നതാണ്.

7. പ്രളയക്കെടുതി കാരണം തകർന്ന റോഡുകളുടെ അറ്റകുറ്റപ്പണിക്കും പുനർനിർമ്മാണ ത്തിനും ഉള്ള പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് ആവശ്യമെങ്കിൽമാത്രം എല്ലാ തലത്തിലേയും തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് നോൺറോഡ് മെയിന്റനൻസ് ഫണ്ടിൽ നിന്നും 40 ശതമാനം വരെ റോഡ് മെയിന്റനൻസിന് ഉപയോഗിക്കാ വുന്നതാണ്.

8. മേൽപറഞ്ഞ മാർഗങ്ങളിലൂടെ മതിയായ വിഹിതം കണ്ടെത്താൻ കഴിയുന്നില്ലെങ്കിൽ പൊതു വിഭാഗം സാധാരണ വിഹിതത്തിൽ നിന്നും പശ്ചാത്തല മേഖലയിൽ ഗ്രാമപഞ്ചായത്തുകൾക്ക് 40 ശതമാനം വരെയും ബ്ലോക്ക് പഞ്ചായത്തുകൾക്ക് 35 ശതമാനം വരെയും ജില്ലാ പഞ്ചായത്തുകൾക്ക് 50 ശതമാനം വരെയും നഗര സഭകൾക്ക് 55 ശതമാനം വരെയും തുക ഈ വർഷത്തേയ്ക്ക് മാത്രം വകയിരുത്താവു ന്നതാണ്. ഉല്പാദന മേഖലയുടെ കുറഞ്ഞ വിഹിതം ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളുടെ കാര്യത്തിൽ 20 ശതമാനമായും ജില്ലാ പഞ്ചായത്തിന്റെ കാര്യത്തിൽ 25 ശതമാനമായും കുറവ് ചെയ്യാവുന്നതാണ്.

9. അടിയന്തിര പ്രവൃത്തികൾ വാർഷിക പദ്ധതിയുടെ ഭാഗമാക്കുന്നതിനുവേണ്ടി നടത്തുന്ന ഭേദഗതിയോടൊപ്പം താഴെ പറയുന്ന കൂട്ടിച്ചേർക്കലുകളും ഭേദഗതികളും കൂടി വാർഷിക പദ്ധതിയിൽ വരുത്താവുന്നതാണ്.

(i) അങ്കണവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും ഹോണറേറിയം, ഇ.എം. എസ് ഭവന പദ്ധതി വായ്പാ തിരിച്ചടവ്, അമൃത് (AMRUT) പദ്ധതിക്കുള്ള തിരിച്ചടവ് എന്നിവയുമായി ബന്ധപ്പെട്ട ട്രാൻസ്ഫർ ക്രെഡിറ്റുകൾ ചെലവ് കണക്കിനത്തിൽ ഉൾപ്പെടുത്തൽ [സ.ഉ(സാ.ധാ)നം.6345/2018/ധന; തീയതി 25.07.2018].

(ii) എസ്.സി.എസ്.പി, ടി.എസ്.പി പ്രോജക്ടുകൾക്ക് സോഷ്യൽമാപ്പും ഫീസിബിലിറ്റി സർട്ടിഫിക്കറ്റും ലഭിക്കാതെ വന്നാൽ പകരം പുതിയ പ്രോജക്ട് (പട്ടികജാതി വികസന ഓഫീസർ/ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ സാക്ഷ്യപ്പെടുത്തണം)

(iii) കേന്ദ്ര/സംസ്ഥാന പദ്ധതികളുടെ തദ്ദേശഭരണ സ്ഥാപനം വിഹിതം വകയിരുത്തു ന്നതിനുള്ള പ്രോജക്ട് (നിലവിലുള്ള പ്രോജക്ടിന്റെ വിഹിതം വർദ്ധിപ്പിക്കുകയും ആകാം)

(iv) അഗതി രഹിത കേരളം പ്രോജക്ടിന് മതിയായ വിഹിതം വകയിരുത്തുക

(v) സർക്കാർ നിർദ്ദേശ പ്രകാരം ഏറ്റെടുക്കേണ്ട പ്രോജക്ടുകൾ (ഉദാ: ശുചീകരണ പ്രവർത്തനങ്ങൾ)

(vi) 02.05.2018 ലെ ഡി.എ 1/439/2018/തസ്വഭവ സർക്കുലർ പ്രകാരം കാറ്റഗറി-2 ൽ വരേണ്ട സ്പിൽ ഓവർ പ്രോജക്ടുകൾ വാർഷിക പദ്ധതിയുടെ ഭാഗമാക്കുക, കാറ്റഗറി 1 ൽ തെറ്റായി ഉൾപ്പെടുത്തിയിരിക്കുന്ന സ്പിൽ ഓവർ പ്രോജക്ടുകൾ കാറ്റഗറി 2 ലേക്ക് മാറ്റുക മുതലായവ

(vii) ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളുടെ വിഹിതം കൂട്ടിച്ചേർത്ത് ഗ്രാമപഞ്ചായത്തുകളുടെ ലൈഫ് മിഷൻ പ്രോജക്ടുകൾ പരിഷ്കരിക്കൽ

(viii) സ്വച്ഛ് ഭാരത് മിഷൻ അഭിയാൻ പ്രകാരം ശുചിത്വ മിഷനിൽ നിന്നും ലഭിച്ച വിഹിതം ഉപയോഗിച്ച് പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കൽ (ശുചിത്വ പ്രോജക്ടുകൾക്ക് വിനിയോഗിക്കേണ്ടതാണ്)

10. പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കുന്നത് ഉൾപ്പെടെ ഈ ഉത്തരവ് പ്രകാരമുള്ള വാർഷിക പദ്ധതി ഭേദഗതി സംബന്ധിച്ച എല്ലാ നടപടിക്രമങ്ങളും (പ്രോജക്ട് വെറ്റിംഗ് ഉൾപ്പെടെ) പൂർത്തിയാക്കി പരിഷ്കരിച്ച വാർഷിക പദ്ധതി 2018 സെപ്റ്റംബർ 15 -നകം ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

പാറ്റ്സി സ്റ്റീഫൻ

ജോയിന്റ് സെക്രട്ടറി

1. പഞ്ചായത്ത് ഡയറക്ടർ
2. നഗരകാര്യ ഡയറക്ടർ
3. ഗ്രാമ വികസന കമ്മീഷണർ
4. എല്ലാ ഗ്രാമപഞ്ചായത്ത് അധ്യക്ഷൻമാർക്കും/സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
5. എല്ലാ നഗരസഭാ അധ്യക്ഷൻമാർക്കും/സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
6. എല്ലാ മുനിസിപ്പൽ കോർപ്പറേഷൻ അധ്യക്ഷൻമാർക്കും/സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
7. എല്ലാ ബ്ലോക്ക് പഞ്ചായത്ത് അധ്യക്ഷൻമാർക്കും/സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
8. എല്ലാ ജില്ലാ പഞ്ചായത്ത് അധ്യക്ഷൻമാർക്കും/സെക്രട്ടറിമാർക്കും
9. എല്ലാ ജില്ലാ ആസൂത്രണ സമിതി അധ്യക്ഷൻമാർക്കും
10. എല്ലാ ജില്ലാ കളക്ടർമാർക്കും
11. എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
12. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
13. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ ഇന്നുതന്നെ പ്രസിദ്ധപ്പെടുത്തുന്നതിന്)
14. ഡയറക്ടർ, ഐ&പി.ആർ.ഡി/വെബ് & ന്യൂ മീഡിയ (വ്യാപകമായ പ്രസിദ്ധീകരണത്തിന്)
15. കരുതൽ ഫയൽ/ഓഫീസ് കോപ്പി)

പകർപ്പ്

1. ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
3. ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ സെക്രട്ടറിക്ക്
4. തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പിഎയ്ക്ക്
5. തദ്ദേശ സ്വയം ഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സിഎയ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പ്രളയക്കെടുതി - പുനരധിവാസ നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി ഏകീകരണവും അനുബന്ധ പ്രവൃത്തികൾക്കുമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തുക ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്

സ.ഉ.(സാധാ) നം. 2314/2018/തസ്വഭവ തിരുവനന്തപുരം, തീയതി, 23/08/2018

പരാമർശം:- 16/08/2018 ലെ സ.ഉ.(സാധാ) നം. 2262/2018/തസ്വഭവ നമ്പർ ഉത്തരവ്.

ഉത്തരവ്

പ്രളയക്കെടുതിയുടെ ഭാഗമായുള്ള ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തുന്നത് സംബന്ധിച്ച് പരാമർശ ഉത്തരവ് പ്രകാരം നൽകിയ നിർദ്ദേശങ്ങളിൽ താഴെപറയുന്ന നിർദ്ദേശങ്ങൾ കൂടി ഉൾപ്പെടുത്തിക്കൊണ്ട് പരാമർശിത ഉത്തരവ് ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പ്രളയക്കെടുതിയോടനുബന്ധിച്ചുള്ള പുനരധിവാസ നടപടികൾ ത്വരിതപ്പെടുത്തുന്നതിന് വെള്ളം കയറിയ വീടുകൾ, മുറ്റം, കിണർ എന്നിവ വൃത്തിയാക്കുന്നതിനും ടോയ്ലറ്റ് ഉപയോഗയോഗ്യമാക്കുന്നതിനും വൈദ്യുത ഉപകരണങ്ങൾ നന്നാക്കുന്നതിനും അതിനുവേണ്ട ലഘു ഉപകരണങ്ങളോ സാധനങ്ങളോ വാങ്ങുന്നതിനും ഇലക്ട്രീഷ്യൻ/പ്ലംബർ എന്നിവരുടെ സേവനം പ്രയോജനപ്പെടുത്തുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നോ, തനത് ഫണ്ടിന്റെ അഭാവത്തിൽ പ്ലാൻ ഫണ്ടിൽ നിന്നോ ഒറ്റത്തവണമാത്രം തുക ചെലവഴിക്കുന്നതിനുള്ള അനുമതി നൽകുന്നു.

മേൽ പരാമർശിത ഉത്തരവ് ടി ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
റ്റി.കെ.ജോസ് ഐ.എ.എസ്,
അഡീഷണൽ ചീഫ് സെക്രട്ടറി.

എല്ലാ ജില്ലാ കളക്ടർമാർക്കും
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ,തിരുവനന്തപുരം
ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ (പകർപ്പ് വകുപ്പ് തലവൻമാർ മുഖേന)
ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേയ്ക്കായി)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

GOVERNMENT OF KERALA

Abstract

Finance Department- Urgent repairs of Government buildings damaged in the recent floods – entrusting the works to the Accredited Agencies - Orders Issued.

FINANCE (INDUSTRIES & PUBLIC WORKS - B) DEPARTMENT

G.O.(P)No.137/2018/Fin Dated, Thiruvananthapuram, 23.08.2018

Read:-
1. G.O.(P)No. 95/2017/Fin dated 25.07.2017
2. G.O.(P)No. 122/2017/Fin dated 18.09.2017
3. G.O.(P)No. 142/2017/Fin dated 09.11.2017
4. G.O.(P)No. 25/2018/Fin dated 21.02.2018
5. G.O.(P)No. 29/2018/Fin dated 28.02.2018
6. G.O.(P)No. 52/2018/Fin dated 29.03.2018
7. G.O.(P) No. 116/2018/Fin dated 26.07.2018
8. G.O.(P) No. 118/2018/Fin dated 03.08.2018

ORDER

Large number of Government buildings including hospitals and schools have been damaged in the recent floods. There is a need to quickly repair the damages and restart function in those buildings.

Therefore Government are pleased to issue orders to allow any Department or Government agency to engage any of the Accredited Agencies vide Government Orders read above for undertaking the repair works for the damages caused by the recent floods. The works could be entrusted to any Accredited Agencies as per the terms and conditions prescribed in the Government Orders read above. The funds of the concerned Departments from the appropriate heads could be utilized for this purpose.

(By Order of the Governor)
MANOJ JOSHI
Principal Secretary (Finance).

To

The Principal Accountant General (A&E) Kerala, Thiruvanathapuram
The Principal Accountant General (G&SSA) Kerala, Thiruvanathapuram
The Principal Accountant General (E&RSA) Kerala, Thiruvanathapuram
All Heads of Departments and Offices
The Secretary to Governor
All Departments of Secretariat
All Private Secretaries to Ministers
Private Secretary to Chief Minister
Private Secretary to the Leader of Opposition
All Secretaries to Government
The Registrar, High Court of Kerala
The Secretary, Kerala Human Rights Commission, Thiruvananthapuram
The Election Commissioner, State Election Commission,Thiruvananthapuram
The Registrar, University of Kerala/Cochin/Kozhikode/Kottayam
The Nodal Officer, www.finance.kerala.gov.in
Stock file/Office Copy (E-941020)

Forwarded/By Order

Section Officer

കേരള സർക്കാർ

പൊതുവിദ്യാഭ്യാസ (ജി) വകുപ്പ്

നം. ജി3/356/18/പൊവിവ.

തിരുവനന്തപുരം
തീയതി, 23/08/2018

സർക്കുലർ

വിഷയം: പൊതുവിദ്യാഭ്യാസ വകുപ്പ് - പ്രകൃതി ദുരന്തത്തിന് ശേഷമുള്ള സ്കൂൾ പ്രവർത്തനം - സംബന്ധിച്ച്

പ്രകൃതി ദുരന്തത്തിന് ശേഷമുള്ളസ്കൂൾ പ്രവർത്തനം സംബന്ധിച്ച് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ ഇതിനാൽ പുറപ്പെടുവിക്കുന്നു.

1. ഇപ്പോൾ ഉണ്ടായ മഴക്കെടുതി മുഖാന്തിരം സ്കൂളുകൾ പലതും വെള്ളപ്പൊക്കത്തിൽ ഭാഗികമായോ, പൂർണ്ണമായോ മുങ്ങിയതായി അറിയാൻ കഴിഞ്ഞിട്ടുണ്ട്. ഭാവിയിൽ സ്വീകരിക്കേണ്ട മുൻകരുതൽ നടപടിയുടെ ഭാഗമായും, പുനർ നിർമ്മാണ വേളകളിൽ സ്വീകരിക്കേണ്ട സാങ്കേതിക തീരുമാനങ്ങൾക്കു വേണ്ടിയും നിലവിലുള്ള കെട്ടിടത്തിന്റെ ഏതു ഭാഗം വരെ ജലനിരപ്പുയർന്നുവെന്ന് അടയാളപ്പെടുത്തലുകൾ (marking) നടത്തേണ്ടതും , ജലനിരപ്പുയർന്ന തീയതി രേഖപ്പെടുത്തേണ്ടതുമാണ്. ഇതു സംബന്ധിച്ച് വിവരങ്ങൾ രേഖാമൂലം ഒരു ഡോക്യുമെന്റായി തയ്യാറാക്കി വയ്ക്കേണ്ടതാണ്. ഇത് സംബന്ധിച്ച് എല്ലാ വിദ്യാലയ അധികൃതർക്കും നിർദ്ദേശം നൽകേണ്ടതാണ്.
2. സ്കൂൾ തുറക്കുന്നതിനു മുൻപു തന്നെ സ്കൂളും പരിസരവും ശുചീകരിക്കുന്ന പ്രവർത്തനങ്ങൾ പൂർത്തിയാക്കണം. ശുദ്ധമായ കുടിവെള്ളത്തിന്റെ ലഭ്യത, വൃത്തിയുള്ള ടോയ് ലെറ്റ് എന്നിവ ഉറപ്പാക്കണം. സന്നദ്ധ പ്രവർത്തകർ ആരോഗ്യ പ്രവർത്തകർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവരുടെ സഹകരണം ഉറപ്പാക്കണം.
3. വെള്ളപ്പൊക്ക ബാധിത പ്രദേശത്തെ സ്കൂൾ കെട്ടിടത്തിന്റെ സുരക്ഷ ബന്ധപ്പെട്ട അധികാരികൾ പരിശോധിച്ചു ഉറപ്പു വരുത്തണം.

4. സംസ്ഥാന തലത്തിൽ തയ്യാറാക്കിയ ഫോർമാറ്റ് ഉപയോഗിച്ച് വെള്ളപ്പൊക്ക ബാധിത പ്രദേശത്തെ സ്കൂളുകളുടെ നഷ്ടക്കണക്ക് ശേഖരിക്കണം.
5. സ്കൂൾ തുറക്കുന്നതിനു തലേ ദിവസം ആസൂത്രണ യോഗം ചേർന്നു വേണ്ട തയ്യാറെടുപ്പുകൾ നടത്തണം.
6. സ്കൂൾ തുറന്ന് ആദ്യത്തെ മൂന്നു ദിവസം കുട്ടികൾക്ക് ഉല്ലാസം പകരുന്ന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യണം. വിവിധ തരം കളികൾ, സംഘപ്രവർത്തനങ്ങൾ, കുട്ടികൾക്ക് ആത്മവിശ്വാസം പകരുന്ന വിവിധ പരിപാടികൾ എന്നിവ സംഘടിപ്പിക്കാവുന്നതാണ്.
7. രക്ഷാപ്രവർത്തനത്തിൽ ഏർപ്പെട്ട കുട്ടികളും അദ്ധ്യാപകരും ജീവനക്കാരും ഉണ്ടെങ്കിൽ അവരുടെ അനുഭവം പങ്കു വെക്കാനും അവരെ അനുമോദിക്കാനും ഉള്ള അവസരമൊരുക്കണം.
8. തിരക്കിട്ടു പാഠഭാഗങ്ങൾ തീർക്കാനോ പരീക്ഷകൾ നടത്താനോ ശ്രമിക്കുന്നത് ഗുണകരമാകില്ല. ഒന്നാം ടേമിൽ പഠിച്ചതിന്റെ ഓർമ്മപ്പുതുക്കലിന് ആദ്യത്തെ ഒരാഴ്ച ഉപയോഗിക്കണം. തുടർന്ന് പുതിയ പാഠ ഭാഗങ്ങളിലേയ്ക്കു പ്രവേശിക്കാവുന്നതാണ്.
9. മാനസിക വ്യഥ അനുഭവിക്കുന്ന കുട്ടികളെ കണ്ടെത്തി സാന്ത്വനിപ്പിക്കാനും ആത്മ വിശ്വാസം പകരാനുമുള്ള ഉത്തരവാദിത്തം മുഴുവൻ അധ്യാപകരും ഏറ്റെടുക്കണം.

കെ. വി. മുരളീധരൻ
സ്പെഷ്യൽ സെക്രട്ടറി

പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ
ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, എസ്.സി.ഇ.ആർ.ടി, തിരുവനന്തപുരം
ഡയറക്ടർ, എസ്.ഐ . ഇ.ടി, തിരുവനന്തപുരം
പൊതുവിദ്യാഭ്യാസ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും.
ഐ&പി.ആർ.ഡി(വെബ്&ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

ജി2-12561/12

പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം , തീയതി.24/08/2018

പഞ്ചായത്ത് ഡയറക്ടർ

എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും

സർ,

വിഷയം – മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവനകൾ സ്വീകരിക്കുന്നത് – സംബന്ധിച്ച്.

സൂചന : സ.ഉ.(സാ) നം.2310/2018/തസ്വഭവ തീയതി 23.08.2018

സമാനതകളില്ലാത്ത പ്രളയ ദുരന്തമാണ് നിലവിൽ കേരളം അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്നത്. പ്രളയത്തിന് ശേഷമുള്ള ദുരന്തനിവാരണ പ്രവർത്തനങ്ങൾ പുനർ നിർമ്മാണ പ്രവർത്തനങ്ങൾ ശുചീകരണ പ്രവർത്തനങ്ങൾ എന്നിവ വളരെ പ്രാധാന്യമർഹിക്കുന്നതും ഏറെ ചെലവ് വരുന്നതുമാണ്. ഇതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് പരമാവധി തുക ലഭ്യമാക്കുന്നതിന് ബഹു.മുഖ്യമന്ത്രി അഭ്യർത്ഥിച്ചിട്ടുണ്ട്. സൂചന ഉത്തരവ് പ്രകാരം, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനതു ഫണ്ടിൽ നിന്നും സ്വന്തം നിലയിൽ തുക സമാഹരിച്ചും സംഭാവന നൽകാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്.

ഈ സാഹചര്യത്തിൽ പ്രളയക്കെടുതികൾ കാര്യമായി ബാധിച്ചിട്ടില്ലാത്ത ഗ്രാമപഞ്ചായത്തുകൾ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് പരമാവധി തുക സംഭാവനയായി ലഭ്യമാക്കുന്നതിന് ആവശ്യമായ പ്രചാരണം നടത്തുന്നതിനും ഇപ്രകാരം ലഭ്യമാക്കുന്ന തുക ഗ്രാമ പഞ്ചായത്ത് ഓഫീസിൽ രശീതി നൽകി സ്വീകരിക്കുന്നതിനും പ്രത്യേക സൌകര്യം ഏർപ്പെടുത്തുന്നതിന് നിർദ്ദേശം നൽകേണ്ടതാണ്.

ഇപ്രകാരം ലഭിക്കുന്ന തുക ഫ്രണ്ട് ഓഫീസിൽ 320800299 എന്ന അക്കൗണ്ട് ഹെഡിൽ സ്വീകരിക്കേണ്ടതും ലഭിച്ച തുക താഴെ പറയുന്ന അക്കൌണ്ടിലേക്ക് ഒടുക്കേണ്ടതുമാണ്. ഇതിനകം മറ്റേതെങ്കിലും അക്കൗണ്ട് ഹെഡിൽ ഈയിനത്തിൽ തുക സ്വീകരിച്ചിട്ടുള്ള ഗ്രാമ പഞ്ചായത്തുകൾ ജേണൽ എൻട്രി വഴി പ്രസ്തുത തുക മേൽപ്പറഞ്ഞ അക്കൗണ്ട് ഹെഡിലേക്ക് മാറ്റേണ്ടതാണ്.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കുള്ള തുക ഒടുക്കേണ്ട അക്കൌണ്ട് നമ്പർ - 67319948232
ബാങ്കിൻറെ പേര് - SBI City Branch, Thiruvananthapuram
IFS Code - SBIN 0070028

സംഭാവന നൽകിയ വ്യക്തികൾ ഇത് സംബന്ധിച്ച് ഒരു സാക്ഷ്യപത്രം പിന്നീട് ആവശ്യപ്പെടുന്ന പക്ഷം ദുരിതാശ്വാസ നിധിയിലേക്ക് തുക അടവാക്കിയതിന് ശേഷം ആ വിവരം കൂടി ഉൾപ്പെടുത്തി സാക്ഷ്യപത്രം നൽകുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

മേൽപ്പറഞ്ഞ പ്രകാരം സന്നദ്ധരായ വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളൽ നിന്നും തുക സമാഹരിച്ച് ഒടുക്കുന്നതു കൂടാതെ തനതു ഫണ്ട് മിച്ചമുള്ള ഗ്രാമ പഞ്ചായത്തുകൾ പരമാവധി തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കു സംഭാവന ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

വിശ്വസ്തതയോടെ

എം.പി. അജിത്ത് കുമാർ
പഞ്ചായത്ത് ഡയറക്ടർ (രേധിക ചുമതല)

PROF. C. RAVEENDRANATH
MINISTER FOR EDUCATION
GOVERNMENT OF KERALA

26.08.2018

ഒത്തൊരുമയിലൂടെ കേരളത്തെ നമുക്ക് പുനർനിർമ്മിക്കാം

പ്രിയപ്പെട്ട കുട്ടുകാരെ,

കഠിനമായ മഴയെത്തുടർന്ന് നേരത്തേ ഓണാവധി തുടങ്ങിയിരുന്നല്ലോ. ഓണം കഴിഞ്ഞ് സ്കൂൾ തുറക്കുന്നത് സവിശേഷ സാഹചര്യത്തിലാണ്. നാം ഒരിക്കലും പ്രതീക്ഷിക്കാത്ത തരത്തിൽ പ്രളയം കേരളത്തെയാകെ ഉലച്ചുകളഞ്ഞതിനു ശേഷമാണ് നാം സ്ക്കൂളിലെത്തുന്നത്. നമ്മെ കീഴടക്കാനെത്തിയ പ്രളയത്തെ നാം ഒറ്റക്കെട്ടായി നേരിട്ടു. ജാതിയോ, മതമോ, പദവിയോ നോക്കാതെ എല്ലാവരും ഒരുമയോടെ പ്രവർത്തിച്ചു. ധനികനെന്നോ, ദരിദ്രനെന്നോ ഭേദമില്ലാതെ വീടുവിട്ട് ഇറങ്ങേണ്ടിവന്ന എല്ലാവരും ദുരിതാശ്വാസ ക്യാമ്പിലാണ് കഴിഞ്ഞത്. എന്തൊരു സഹകരണമാണ് എല്ലായിടത്തും കണ്ടത്. ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ വിദ്യാർത്ഥികളും അധ്യാപകരും അനധ്യാപകരും നല്ലതുപോലെ പങ്കാളികളായിട്ടുണ്ട്. അവർ സാമൂഹിക പ്രതിബദ്ധതയുടെ പ്രതീകങ്ങളാണ്. നമ്മുടെ അഭിമാനമാണ്.

ഒത്തൊരുമയുടെ ഓണമായിരുന്നു ഇത്തവണത്തേത്. ദുരിതാശ്വാസ ക്യാമ്പുകളിൽ നാടൊന്നിച്ച് ഓണമുണ്ടു. പ്രളയം വരാത്തിടങ്ങളിൽ ആഘോഷങ്ങളൊന്നുമില്ലാതെ വിഷമമനുഭവിക്കുന്നവരോട് ഐക്യദാർഢ്യം പ്രകടിപ്പിച്ചായിരുന്നു ഓണത്തെ വരവേറ്റത്.

ദുരിതമനുഭവിക്കുന്നവരെ സ്വന്തം കുടുംബാംഗങ്ങളായാണ് കേരള ജനത കണ്ടത്. നന്മയുടെ പ്രതീകങ്ങളായി നാടാകെ മാറി. ആവശ്യമായ സഹായങ്ങൾ സ്വയമേവ നല്കുകയാണ് എല്ലാവരും. എന്തൊരു സ്നേഹവായ്പാണ് പ്രകടമാകുന്നത്.

ഇത് വലിയ പാഠമാണ്.

മാനവികതയുടെ പാഠം.

മനുഷ്യരൊന്നാണെന്ന പാഠം.

ഓർക്കേണ്ട ഏറ്റവും പ്രധാന കാര്യം നമുക്ക് ജീവിതം തിരിച്ചുകിട്ടി എന്നതാണ്. മറ്റെല്ലാം ഉണ്ടാക്കാനാകും. നഷ്ടപ്പെട്ട പുസ്തകങ്ങൾ സർക്കാർ വേഗം എത്തിക്കും. യൂണിഫോം നഷ്ടപ്പെട്ടവർക്ക് അതും നല്കും. പഠനോപകരണങ്ങൾ നല്കുന്നതിന് സമൂഹം മുന്നോട്ട് വരുന്നുണ്ട്. വീടും സ്കൂളും പഴയപടിക്കാൻ നാട്ടാരും, പൊതുവിദ്യാഭ്യാസ വകുപ്പിലെ മുഴുവൻ ജീവനക്കാരും സർക്കാരും ഒപ്പമുണ്ട്.

മനുഷ്യരുടെ ഏറ്റവും വലിയ കരുത്ത് പ്രതിസന്ധികളെ മറികടക്കുവാനുള്ള കഴിവാണ്. കൂട്ടായ പ്രവർത്തനത്തിലൂടെ ഒരുഘട്ടം നാം തരണം ചെയ്തു. നിരാശപ്പെട്ട് പിൻവാങ്ങാൻ കേരള ജനത തയ്യാറല്ല. നിങ്ങളും അപ്രകാരം ചിന്തിക്കുന്നവരാണല്ലോ. പ്രളയം വന്ന ഇടങ്ങളിൽ അല്പം ജാഗ്രതവേണം. ഇഴജീവികൾ ഒഴുകിവന്ന് ജീവരക്ഷയ്ക്കായി പറ്റിയ ഇടങ്ങളിൽ ഇരിപ്പുണ്ടാകും. കുറച്ചു ദിവസം ഇക്കാര്യം നല്ലതുപോലെ ശ്രദ്ധിക്കണം. കിണർ ബ്ലീച്ചിംഗ് പൗഡർ ഉപയോഗിച്ച് ശുദ്ധീകരിക്കണം. തിളപ്പിച്ചാറിയ വെള്ളം മാത്രമെ കുടിക്കാവൂ. ജലം പല രീതിയിൽ മലിനമാകാൻ സാധ്യതയുണ്ട്. ശുചിത്വകാര്യം പ്രത്യേകം ശ്രദ്ധിക്കണം. പകർച്ചവ്യാധികൾക്കെതിരായി കരുതിയിരിക്കണം.

ഇന്നത്തെ പ്രതിസന്ധി മറികടക്കാൻ ലോകമാകെ നമ്മെ സഹായിക്കുന്നു. മാനവസ്നേഹത്തിന്റെ നറുമണം എല്ലായിടത്തുമുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് പല കാര്യങ്ങൾക്കായി കരുതിയ സമ്പാദ്യമെല്ലാം സംഭാവന ചെയ്ത വിദ്യാർത്ഥികളായ സഹോദരന്മാരും സഹോദരിമാരുമുണ്ട്.

എന്താണ് നമുക്ക് ചെയ്യാൻ കഴിയുക. കളിയും ചിരിയും പാട്ടും കഥയുമൊക്കെയായി എല്ലാവരുടെയും മനസ്സിൽ സന്തോഷം നിറയ്ക്കുക എന്നതാണ് അതിൽ പ്രധാനം. വിഷമഘട്ടത്തിൽ ഒരു പരിധിയിലപ്പുറം പതറാൻ പാടില്ല. പ്രതീക്ഷയാണ് ജീവിതത്തെ മുന്നോട്ട് നയിക്കുന്നത്. ഇത് സ്വയവും സഹപാഠികളെയും ഓർമ്മിപ്പിച്ചുകൊണ്ടിരിക്കണം. ഇതുവരെയുള്ളതിൽനിന്ന് പതിന്മടങ്ങ് സ്നേഹത്തോടെ എല്ലാവരുമായി പെരുമാറണം. ആശ്വാസം ആവശ്യമുള്ളവർക്ക് തങ്ങളാലാകുംവിധം നല്കാൻ ശ്രദ്ധിക്കണം. മനക്കരുത്തുള്ള കുട്ടികളാണ് കേരളത്തിലേതെന്ന് ലോകം അറിയണം. എന്തു പ്രയാസമുണ്ടെങ്കിലും കൂട്ടായി സധൈര്യം നാം നേരിടണം. ഇത് ഉറച്ച് സ്വയം തീരുമാനമാകണം.

സ്വന്തം ജീവിതത്തെയും കേരളീയരുടെ ജീവിതത്തെയും ഉയരങ്ങളിലെത്തിക്കാനുള്ള തീവ്രശ്രമമാണ് ഇപ്പോൾ നടക്കേണ്ടത്. സഹപാഠികൾക്ക് താങ്ങും തണലുമായി പ്രവർത്തിച്ചും നന്നായി പഠിച്ചും കേരളത്തിന്റെയും ലോകത്തിന്റെയും അഭിമാനമായി മാറാൻ ഓരോ വിദ്യാർത്ഥിയും പരിശ്രമിക്കുമെന്ന് കരുതുന്നു.

നമ്മളാരും ഒറ്റയ്ക്കല്ല. ഒരുമിച്ച് ചേർന്ന് മുന്നേറാം.

സ്നേഹപൂർവ്വം

സി.രവീന്ദ്രനാഥ്
പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി

Office : 3rd Floor, Annexe-II
Government Secretariat, Thiruvananthapuram-695 001
Phone-Office : 0471-2327574 Fax : 0471-2332133 Res : 0487-2383229
Mobile : 9447973300 Website : www.ravindranath.org E-mail : min.ednoffice@gmail.com

No. L.S.G. Flood Relief Control Room/18-IV, Dated.26.08.2018.

അടിയന്തര സന്ദേശം

വിഷയം: ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന 26/08/2018-ലെ അവലോകന യോഗത്തിലെ തീരുമാനം

---

1. പ്രളയാനന്തര ശുചീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി ശേഖരിക്കപ്പെടുന്ന ജൈവേതര മാലിന്യങ്ങൾ സൂക്ഷിക്കുന്നതിനുവേണ്ടി ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും ഉചിതമായ ഒന്നോ രണ്ടോ സ്ഥലങ്ങൾ കണ്ടെത്തി *നാളെ (27/08/2018 തീയതിയ്ക്ക്) ഉച്ചയ്ക്ക് 12.00 മണിക്കകത്തിൽ* സർക്കാരിനെ അറിയിക്കണമെന്ന അടിയന്തിര നിർദ്ദേശം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറി/ അദ്ധ്യക്ഷന്മാർക്ക് നൽകേണ്ടതും, അതിന് കർശനമായി പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

   സർക്കാരിനെ അറിയിക്കേണ്ട ഇ-മെയിൽ വിലാസം:

   floodcontrollsgd@gmail.com

2. ഓണാവധിക്കുശേഷം സ്കൂളുകൾ തുറക്കുന്നതിന് തടസ്സമുണ്ടാകുന്നതിനാൽ, പ്രളയ ബാധിത മേഖലകളിലെ സ്കൂളുകൾ അടിയന്തരമായി ശുചീകരിക്കുന്നതിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കണമെന്ന് ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറി/അദ്ധ്യക്ഷന്മാർക്ക് അടിയന്തര നിർദ്ദേശം നൽകേണ്ടതാണ്.

അഡീഷണൽ ചീഫ് സെക്രട്ടറിക്കുവേണ്ടി
തദ്ദേശ സ്വയംഭരണ വകുപ്പ്

സർക്കുലർ

1. പഞ്ചായത്ത് ഡയറക്ടർ
2. നഗരകാര്യ ഡയറക്ടർ
3. ഡെപ്യൂട്ടി ഡയറക്ടർ, പഞ്ചായത്ത് (ആലപ്പുഴ/ കോട്ടയം/ പത്തനംതിട്ട/ എറണാകുളം / തൃശ്ശൂർ/ വയനാട്)

പകർപ്പ്

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
2. അഡീഷണൽ സെക്രട്ടറി (നഗരകാര്യം)യുടെ സി.എയ്ക്ക്
3. സ്പെഷ്യൽ സെക്രട്ടറി (ഗ്രാമം)യുടെ സി.എയ്ക്ക്

No. L.S.G. Flood Relief Control Room/18-V, Dated.26.08.2018.

അടിയന്തിര സന്ദേശം

സൂചന: ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന 26/08/2018-ലെ അവലോകന യോഗത്തിലെ തീരുമാനം

പ്രളയാനന്തര ശുചീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി ശേഖരിക്കപ്പെടുന്ന അജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് ക്ലീൻ കേരളാ കമ്പനിയെ ചുമതലപ്പെടുത്തിയിട്ടുണ്ടെങ്കിലും ആവശ്യമുള്ള പക്ഷം മറ്റുള്ള സ്ഥാപനങ്ങളെ കൂടി ഇതിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ച് അടിയന്തരമായി സർക്കാരിൽ അറിയിക്കേണ്ടതാണ്.

സർക്കാരിൽ അറിയിക്കേണ്ട ഇ-മെയിൽ വിലാസം:

floodcontrollsgd@gmail.com

അഡീഷണൽ ചീഫ് സെക്രട്ടറിക്കുവേണ്ടി
തദ്ദേശ സ്വയംഭരണ വകുപ്പ്

സ്വീകർത്താവ്

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ

പകർപ്പ്

ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ്
മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.

"ഭരണഭാഷ മാതൃഭാഷ"

ജി2-12561/12

പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം. തീയതി:26.08.2018

പഞ്ചായത്ത് ഡയറക്ടർ
തിരുവനന്തപുരം

എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും.

സർ,

വിഷയം:- പഞ്ചായത്ത് വകുപ്പ് - പ്രളയ ദുരിതാശ്വാസം - മൃഗങ്ങളുടെയും പക്ഷികളുടെയും മറ്റ് ജന്തുക്കളുടെയും ശവശരീരങ്ങൾ സംസ്കരിക്കുന്നതിനുള്ള നടപടികൾ - സംബന്ധിച്ച്.

സൂചന:- 1) സ.ഉ (സാധാ)നം.2288/18/തസ്വഭവ തീയതി.19.08.18.
2) ഈ കാര്യാലയത്തിലെ 22.08.18ലെ ഇതേ നമ്പർ കത്ത്.

****

വെള്ളപ്പൊക്കവും മഴക്കെടുതികളും ശമിച്ചതിനു ശേഷം സ്വീകരിക്കേണ്ട നടപടികളെ സംബന്ധിച്ചും മൃഗങ്ങളുടെയും പക്ഷികളുടെയും മൃതശരീരങ്ങൾ കൈകാര്യം ചെയ്യേണ്ടത് സംബന്ധിച്ച് സൂചനകൾ പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതാണ്. എന്നാൽ മൃഗങ്ങളുടെയും പക്ഷികളുടെയും ശവശരീരങ്ങൾ മറവ് ചെയ്യുന്നതുമായി ബന്ധപ്പെട്ട ചെലവുകൾ വഹിക്കുന്നതിന് ചില പഞ്ചായത്തുകൾ വിമുഖത കാണിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 1996ലെ കേരള പഞ്ചായത്ത് രാജ് (അനാഥപ്രേതങ്ങളും മൃഗങ്ങളുടെ ശവശരീരങ്ങളും മറവു ചെയ്യൽ) ചട്ടങ്ങൾ പ്രകാരം മൃഗങ്ങളുടെ ശവശരീരമോ ശരീരങ്ങളുടെ അവശിഷ്ടങ്ങളോ മറവു ചെയ്യുന്നതിന് പ്രസിഡന്റോ സെക്രട്ടറിയോ നടപടിയെടുക്കേണ്ടതാണെന്നും അതിനാവശ്യമായ ചെലവ് പഞ്ചായത്ത് ഫണ്ടിൽ നിന്നും വഹിക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. ആയതിനാൽ സൂചന (2)ലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് മൃഗങ്ങളുടെയും പക്ഷികളുടെയും മറ്റ് ജന്തുക്കളുടെയും മൃതശരീരങ്ങൾ സംസ്കരിക്കുന്നതിന് മൃഗസംരക്ഷണ വകുപ്പിന്റെ സഹായത്തോടെ ഗ്രാമപഞ്ചായത്ത് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും ആവശ്യമുള്ള തുക പഞ്ചായത്ത് ഫണ്ടിൽ നിന്നും ചെലവ് ചെയ്യേണ്ടതുമാണെന്ന് നിർദ്ദേശിക്കുന്നു.

വിശ്വസ്തതയോടെ,

പഞ്ചായത്ത് ഡയറക്ടർ

എച്ച്/

പ്രളയക്കെടുതിയോടനുബന്ധിച്ചുള്ള പുനരധിവാസ ശുചീകരണ പ്രവർത്തനങ്ങൾ

ബഹു. പഞ്ചായത്ത് ഡയറക്ടർ ശ്രീ.അജിത്കുമാർ .എം.പി യുടെ അദ്ധ്യക്ഷതയിൽ 27/08/2018 ന് ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്

യോഗം ഉച്ചയ്ക്ക് 3 മണിയ്ക്ക് പത്തനംതിട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ചേംബറിൽ ആരംഭിച്ചു. ബഹു.പഞ്ചായത്ത് ഡയറക്ടർ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ പഞ്ചായത്ത് ഡയറക്ടറേറ്റിലെ ജീവനക്കാർ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഡിഡിപി ഓഫിസിലെ സീനിയർ സൂപ്രണ്ട്, പെർഫോമൻസ് ഓഡിറ്റ് യൂണിറ്റുകളിലെ സീനിയർ സൂപ്രണ്ടുമാർ ഡിഡിപി, എഡിപി ഓഫീസുകളിലെ ജൂനിയർ സൂപ്രണ്ടുമാർ എന്നിവർ പങ്കെടുത്തു.

കേരള സംസ്ഥാനം സാക്ഷ്യം വഹിച്ച അതീവ ഗുരുതരമായ മഴക്കെടുതിയും അനുബന്ധ പ്രളയവും ബാധിച്ച വീടുകളും, പൊതുസ്ഥലങ്ങളും, കിണറുകളും മറ്റും വെള്ളമിറങ്ങയിതിനു ശേഷം ശുചീകരണം നടത്തുക എന്ന പ്രവർത്തനമാണ് തുടർ നാളുകളിൽ മുൻഗണനാ ക്രമത്തിൽ ചെയ്ത് തീർക്കുന്നതിന് ബഹു. സർക്കാർ തദ്ദേശ സ്വയംഭരണ വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുള്ളത്. സർക്കാർ/സർക്കാർ ഇതര സന്നദ്ധപ്രവർത്തകർ ഉൾപ്പെടെ എല്ലാ വിഭാഗം അളുകളെയും ഉൾപ്പെടുത്തി നിശ്ചിത രൂപവും കൃത്യതയും ഏകോപനവും ഉറപ്പു വരുത്തി സമയബന്ധിതമായി ശുചീകരണ പ്രവർത്തനം പൂർത്തീകരിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുൻകൈ എടുക്കണമെന്ന് പഞ്ചായത്ത് ഡയറക്ടർ ആമുഖമായി അറിയിച്ചു.

കാലവർഷക്കെടുതിയും അനുബന്ധമായുണ്ടായ പ്രളയവും മൂലം ജില്ലയിൽ ഉണ്ടായ നാശനഷ്ടങ്ങൾ സംബന്ധിച്ചും, വെള്ളമിറങ്ങയതിനു ശേഷം പഞ്ചായത്ത് വകുപ്പ് ഏറ്റെടുത്ത് നടത്തി വരുന്ന പ്രളയബാധിത പ്രദേശങ്ങളിലെ ശുചീകരണ പ്രവർത്തനങ്ങളുടെ കാര്യക്ഷമമായ പുരോഗതിയെ സംബന്ധിച്ചും പത്തനംതിട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ യോഗത്തിൽ വിശദമാക്കുകയുണ്ടായി.

തുടർന്ന്, യോഗത്തിൽ പങ്കെടുത്ത പെർഫോമൻസ് ഓഡിറ്റ് യൂണിറ്റ് സീനിയർ സൂപ്രണ്ടുമാരോട് താങ്കളുടെ അധികാരപരിധിയിൽ വരുന്ന ഗ്രാമപഞ്ചായത്തുകളിൽ വെള്ളമിറങ്ങിയതിനു ശേഷം നടത്തിയ ശുചീകരണ പ്രവർത്തനങ്ങളുടെ നിലവിലുള്ള അവസ്ഥ വിശദമാക്കുന്നതിന് ബഹു. പഞ്ചായത്ത് ഡയറക്ടർ ആവശ്യപ്പെടുകയുണ്ടായി.

പെർഫോമൻസ് ഓഡിറ്റ് യൂണിറ്റ്-1 ന്റെ പരിധിയിൽ വരുന്ന അതിതീവ്ര വെള്ളപ്പൊക്കം ബാധിച്ച റാന്നി, റാന്നി-അങ്ങാടി, ചെറുകോൽ എന്നീ ഗ്രാമപഞ്ചായത്തുകളിലെ വീടുകളുടെയും, കിണറുകളുടെയും, പൊതു സ്ഥലങ്ങളുടെയും ശുചീകരണ പ്രവർത്തനം കൃത്യമായി ഏകോപിപ്പിച്ച് നടത്തതക്ക വിധത്തിൽ ആവശ്യത്തിന് ജീവനക്കാരെ ലഭ്യമാകുന്നില്ലായെന്നും ആയതിലേക്ക് ആവശ്യമായ ജീവനക്കാരെ നിയോഗിച്ച് നൽകണമെന്നും സീനിയർ സൂപ്രണ്ട് അഭിപ്രായപ്പെടുകയുണ്ടായി. അതിതീവ്രമല്ലാത്തതും എന്നാൽ തീവ്രവുമായ തോതിൽ വെള്ളപ്പൊക്കം ബാധിച്ച റാന്നി-പഴവങ്ങാടി, മല്ലപ്പുഴശ്ശേരി, കോഴഞ്ചേരി എന്നീ പ്രളയബാധിത പ്രദേശങ്ങളിൽ ശുചീകരണ പ്രവർത്തനം കൃത്യമായി നടന്നു വരുന്നതായും സീനിയർ സൂപ്രണ്ട് അറിയിക്കുകയുണ്ടായി.

പെർഫോമൻസ് ഓഡിറ്റ് യൂണിറ്റ് -2 ന്റെ അധികാര പരിധിയിൽ വരുന്ന അതിതീവ്ര പ്രളയബാധിത പ്രദേശമായ ആറന്മുളയിൽ ശുചീകരണവുമായി ബന്ധപ്പെട്ട് ജീവനക്കാരുടെ

ഏകോപനത്തോടെയും കൃത്യതയോടും കൂടിയുള്ള ശുചീകരണ പ്രവർത്തനങ്ങൾ നടന്നുവരുന്നതായും, ക്ലീനിംഗ് ആവശ്യമായിട്ടുള്ള 1772 ഇടങ്ങളിൽ ഏകദേശം 462 ഇടങ്ങളിൽ ശുചീകരണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുള്ളതായും ബാക്കിയുള്ളവ മുൻഗണനാ ക്രമത്തിൽ ഏകോപിപ്പിച്ച് പൂർത്തീകരിച്ച് വരുന്നതായും സീനിയർ സൂപ്രണ്ട് അഭിപ്രായപ്പെടുകയുണ്ടായി. കൂടാതെ കുളനട, മെഴുവേലി ഉൾപ്പെടെ അതിതീവ്ര പ്രളയബാധിത പ്രദേശമല്ലാത്ത യൂണിറ്റിന്റെ പരിധിയിൽ വരുന്ന മറ്റ് ഗ്രാമപഞ്ചായത്തുകളിലും ശുചീകരണ പ്രവർത്തനങ്ങൾ യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തീകരിച്ച് വരുന്നതായും സീനിയർ സൂപ്രണ്ട് അറിയിച്ചു.

പെർഫോമൻസ് ഓഡിറ്റ് യൂണിറ്റ് -3 ന്റെ അധികാര പരിധിയിൽ വരുന്ന അതിതീവ്ര പ്രളയബാധിത പഞ്ചായത്തുകളായ അയിരൂർ, പെരിങ്ങര, നിരണം, കടപ്ര, തോട്ടപ്പുഴശ്ശേരി, കുറ്റൂർ,നെടുമ്പ്രം, എന്നീ ഗ്രാമപഞ്ചായത്ത് ഓഫീസുകൾ വെള്ളത്തിൽ മുങ്ങി ഏതാണ്ട് എല്ലാ രേഖകളും ഉപയോഗിക്കാൻ പറ്റാത്ത വിധം നശിച്ചുവെന്നും എന്നാൽ ജീവനക്കാരുടെയും സന്നദ്ധ പ്രവർത്തകരുടെയും ശ്രമകരമായ പരിശ്രമത്തിലൂടെ ശുചീകരണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നതായും സീനിയർ സൂപ്രണ്ട് അറിയിച്ചു. തീവ്ര പ്രളയബാധിത ഗ്രാമപഞ്ചായത്തുകളായ കോയിപ്രം, ഇരവിപേരൂർ എന്നീ ഗ്രാമപഞ്ചായത്തുകളിൽ ശുചീകരണ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തീകരിച്ച് വരുന്നതായും സീനിയർ സൂപ്രണ്ട് അറിയിക്കുകയുണ്ടായി. നെടുമ്പ്രം ഉൾപ്പെടെ പ്രളയം ബാധിച്ച ഗ്രാമപഞ്ചായത്തുകളിലെ ജീവനക്കാരെ കളക്ടറുടെ ഡ്യൂട്ടിയ്ക്ക് നിയോഗിച്ചതും, ശുചീകരണ പ്രവർത്തനം ഏകോപിപ്പിച്ച് നടപ്പിൽ വരുത്തുന്നതിന് ആവശ്യമായ ജീവനക്കാരുടെ അപര്യാപ്തതയും ശുചീകരണ പ്രവർത്തനം പൂർത്തീകരിക്കുന്നതിൽ കാലതാമസം വരുന്നതായും ആയത് പരിഹരിച്ച് നൽകണമെന്നും സീനിയർ സൂപ്രണ്ട് ആവശ്യപ്പെടുകയുണ്ടായി.

ശുചീകരണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ സാധന സാമഗ്രികൾ കൂടി സമയബന്ധിതമായി ലഭ്യമാക്കണമെന്ന് പെർഫോമൻസ് ഓഡിറ്റ് സീനിയർ സൂപ്രണ്ടുമാർ യോഗത്തിൽ ആവശ്യപ്പെടുകയുണ്ടായി.

യൂണിസെഫിന്റെ പ്രതിനിധികൾ റാന്നി,പുളിക്കീഴ് എന്നീ ബ്ലോക്കുകളുടെ പരിധിയിലുള്ള ഗ്രാമപഞ്ചായത്തുകളിൽ നേരിട്ടെത്തി വാട്ടർ പ്യൂരിഫിക്കേഷൻ, കിണർ ശുചീകരണം കുടിവെള്ള ടെസ്റ്റിംഗ് മുതലായ പ്രവൃത്തികൾ നടത്തി വരുന്നതായും, ക്യാമ്പുകളിൽ നിന്നും മാലിന്യങ്ങൾ നീക്കം ചെയ്തു വരുന്നതായും, പ്രളയത്തിനുശേഷം ജില്ലയുടെ വിവിധ ഭാഗങ്ങളിൽ അടിഞ്ഞുകൂടിയ മാലിന്യങ്ങളിൽ ജൈവ അജൈവ മാലിന്യങ്ങൾ തരംതിരിച്ച് ആയത് സംസ്കരിക്കുന്നതിന് ആവശ്യമായിട്ടുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായും യോഗത്തിൽ പങ്കെടുത്ത ഹരിതകേരള മിഷൻ പ്രതിനിധി ശ്രീ.ക്രിസ്റ്റി അഭിപ്രായപ്പെടുകയുണ്ടായി. മാത്രമല്ല ബ്ലീച്ചിംഗ് പൗഡർ ഉൾപ്പെടെ ശുചീകരണത്തിന് ആവശ്യമായിട്ടുള്ള സാധന സാമഗ്രികൾ ലഭ്യമാക്കണമെന്നും യോഗത്തിൽ ശ്രീ.ക്രിസ്റ്റി ആവശ്യപ്പെട്ടു. ശ്രീ.ക്രിസ്റ്റിയുടെ സേവനത്തെ ബഹു. പഞ്ചായത്ത് ഡയറക്ടർ പ്രകീർത്തിച്ചു.

ശ്രീ.ക്രിസ്റ്റിയുടെ അഡ്രസ്സ്- Chris Global Traders, Thiruvalla, Ph.No- 9496002423
E.mail- chrismamatha@gmail.com

ശുചീകരണ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടപ്പിലാക്കുന്നതിന് ജില്ലയിലെ വിവധ ഗ്രാമപഞ്ചായത്തുകൾ കേന്ദ്രീകരിച്ച് ഹബ്ബുകൾ പ്രവർത്തിച്ചു വരുന്നതായും, വോളന്റീയേഴ്സിന് ഭക്ഷണം കമ്മ്യൂണിറ്റി കിച്ചൺ വഴി വിതരണം ചെയ്തു വരുന്നുവെന്നും, ശുചീകരണ സാധനസാമഗ്രികളുടെ ക്ഷാമം രൂക്ഷമാണ്. ആയതിലനാൽ 10,000 ഗംബൂട്ട്, 10,000 ഗ്ലൗസ്, 1000 Showel, മറ്റ് ക്ലീനിംഗ് മെറ്റീരിയലുകൾ അടിയന്തിരമായി ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി ഉണ്ടാക്കണമെന്ന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ യോഗത്തിൽ ആവശ്യപ്പെട്ടു.

ശുചീകരണവുമായി ബന്ധപ്പെട്ട മേൽ പരാമർശിച്ച അഭിപ്രായങ്ങളുടെ അടിസ്ഥാനത്തിൽ ബഹു. പഞ്ചായത്ത് ഡയറക്ടർ ചുവടെ പറയും പ്രകാരമുള്ള നിർദ്ദേശങ്ങൾ /തീരുമാനങ്ങൾ നടപ്പിൽ വരുത്തുന്നതിന് നിർദ്ദേശിക്കയുണ്ടായി.

- അതിതീവ്ര വെള്ളപ്പൊക്ക ബാധിത പ്രദേശങ്ങളിലെ ശുചീകരണ പ്രക്രിയ ഏകോപിപ്പിച്ച് അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് ആവശ്യമായ ജീവനക്കാരെ മറ്റ് ഗ്രാമപഞ്ചായത്ത് ഓഫീസുകളിൽ നിന്നും (അസി, സെക്രട്ടറിമാർ, ജൂനിയർ സൂപ്രണ്ടുമാർ, ഹെഡ്ക്ലാർക്കുമാർ, സീനിയർ ക്ലാർക്കുമാർ, ജൂനിയർ ക്ലാർക്കുമാർ) നിയോഗച്ച് നൽകുന്നതിന് പത്തനംതിട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് പൂർണ്ണ ചുമതല നൽകി നിർദ്ദേശിക്കുന്നു.
- വെള്ളപ്പൊക്ക ബാധിത മേഖലയിലെ വീടുകളും, കിണറുകളും, പൊതുസ്ഥലങ്ങളും അടിയന്തിരമായി ക്ലീൻ ചെയ്ത് ആയത് ഉപയോഗയോഗ്യമാക്കുന്നതിലേക്ക് സർക്കാർ/സർക്കാർ ഇതര സന്നദ്ധ സംഘടനകളുടെ സഹകരണം ലഭ്യമാക്കി ആയത് ഏകോപിപ്പിച്ച് അടിയന്തിരമായി ശുചീകരണ പ്രക്രിയ പൂർത്തീരിക്കുന്നതിന് ആവശ്യമായ തുടർ നടപടി സ്വീകരിക്കേണ്ടതാണ്.
- ശുചീകരണം പൂർത്തിയാക്കിയ പ്രദേശങ്ങളിലെ കിണറുകളിലെ കുടിവെള്ളം ഉപയോഗ യോഗ്യമാണോയെന്ന് പരിശോധിച്ച് ഉപയോഗിക്കുന്നതിന് ആവശ്യമായ നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.
- തീവ്ര പ്രളയബാധിത പ്രദേശത്തെ ശുചീകരണ പ്രവർത്തനത്തെ ഏകോപിപ്പിച്ച് നടപ്പിൽ വരുത്തുന്നതിന് പ്രസ്തുത ഗ്രാമപഞ്ചായത്തുകളിൽ നിന്നും ബഹു. കളക്ടറുടെ ഡ്യൂട്ടിയ്ക്ക് നിയോഗിക്കപ്പെട്ട ജീവനക്കാരെ ആയതിൽ നിന്നും ഒഴിവാക്കി പഞ്ചായത്ത് സെക്രട്ടറി മുമ്പാകെ ഡ്യൂട്ടിയ്ക്ക് ഹാജരാകുന്നതിന് ആവശ്യമായ തുടർ നടപടി സ്വീകരിക്കേണ്ടതാണ്.
- ശുചീകരണ പ്രവർത്തനത്തിന് സന്നദ്ധ സംഘടനകളും മറ്റും ലഭ്യമാക്കുന്ന സാധന സാമഗ്രികൾ അടിയന്തിരമായി തന്നെ ഹബ്ബുകളിൽ എത്തിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.
- ശുചീകരണ പ്രവർത്തനത്തിന് മോട്ടോർ ആവശ്യമായിട്ടുള്ള ഗ്രാമപഞ്ചായത്തുകൾക്ക് ആയത് അടിയന്തിരമായി നൽകുന്നതിനുള്ള തുടർ നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശിച്ചു.
- ജില്ലയിലെ പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർമാരോ, അവർ നിയോഗിക്കുന്ന പ്രതിനിധികളോ എല്ലാ ദിവസവും അവരവരുടെ അധികാര പരിധിയിൽ വരുന്ന ഗ്രാമപഞ്ചായത്തുകളിൽ നേരിട്ടെത്തി ശുചീകരണ പ്രവർത്തനങ്ങൾ വിലയിരുത്തി അപ്പപ്പോൾ തന്നെ വിവരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ധരിപ്പിക്കേണ്ടതാണ്.
- ജില്ലയിലെ വിവധ ഗ്രാമപഞ്ചായത്തുകളിൽ സജ്ജമാക്കിയിട്ടുള്ള ദുരിതാശ്വാസ ക്യാമ്പുകൾ ഏത് പെർഫോമൻസ് ഓഡിറ്റ് യൂണിറ്റിന്റെ പരിധിയിയിലാണോ വരുന്നത് പ്രസ്തുത ക്യാമ്പുകളിൽ അതാത് പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർമാർ പരിശോധന നടത്തേണ്ടതും, പോരായ്മകൾ ഉണ്ടെങ്കിൽ ആയത് സംബന്ധിച്ച വിവരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന ജില്ലാ ഭരണകൂടത്തെ അറിയിക്കേണ്ടതുമാണ്.
- പ്രളയബാധിത പ്രദേശങ്ങളിൽ ക്ലീനിംഗ് നടത്തുന്നതിന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ആവശ്യപ്പെട്ട സാധന സാമഗ്രികൾ സമയബന്ധിതമായി ലഭ്യമാക്കി നൽകുന്നതിന് തീരുമാനിച്ചു.
- പ്രളയത്തോടനുബന്ധിച്ച് തകർന്നു പോയതും, കേടുപാടുകൾ സംഭവിച്ചതുമായ വീടുകളുടെയും മറ്റും സ്റ്റാറ്റസ് കൃത്യമായി LSGD എഞ്ചിനീയറിംഗ് വിഭാഗം ചെയ്യുന്നുണ്ടോയെന്നും സെക്രട്ടറിമാർ അവർക്ക് വേണ്ട സഹായങ്ങൾ

ചെയ്യുന്നുണ്ടോയെന്നും പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർമാർ ശ്രദ്ധിക്കണമെന്ന് നിർദ്ദേശിച്ചു.

- പ്രളയത്തോടനുബന്ധിച്ച് വെള്ളമിറങ്ങിയ സ്ഥലങ്ങളിലും മറ്റും കുമിഞ്ഞുകൂടിയ മാലിന്യങ്ങൾ ജൈവ ആജൈവ മാലിന്യങ്ങളായി തരം തിരിച്ച് പരിസ്ഥിതിയ്ക്ക് കോട്ടം വരാത്ത വിധത്തിൽ സംസ്കരിക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾ ഹരിതകേരള മിഷനുമായി സഹകരിച്ച് ഹരിതകേരള നിർദ്ദേശങ്ങൾ പാലിച്ച് നടപ്പിലാക്കേണ്ടതും ആയത് പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർമാർ മോണിട്ടർ ചെയ്യേണ്ടതുമാണ്.
- കാലവർഷക്കെടുതിയുമായി ബന്ധപ്പെട്ട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഡ്യൂട്ടിയ്ക്ക് നിയോഗിച്ച ജീവനക്കാർക്ക് അതാത് ഓഫീസുകളിൽ നിന്നും ഡ്യൂട്ടി സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ടോയെന്ന് പരിശോധിച്ചു മാത്രമേ തുടർ ശമ്പളം നൽകാവൂ എന്ന് നിർദ്ദേശിച്ചു.
- തീവ്രപ്രളയക്കെടുതിയ്ക്ക് ഇടയായ ഗ്രാമപഞ്ചായത്തുകളിലെ വാർഡുകൾക്ക് ബഹു. ജില്ലാ കളക്ടർ അനുവദിച്ച തുക തുടർ പ്രവർത്തനങ്ങൾക്കു വേണ്ടി ചെലവഴിച്ചുട്ടുണ്ടെയെന്ന് ഉറപ്പ് വരുത്തുന്നതിന് ഡി.ഡി.പി ഓഫീസിലെ സീനിയർ സൂപ്രണ്ട് ശ്രീ.രാജേഷ്കുമാർ. പി.ജെ യെ ചുമതലപ്പെടുത്തി തീരുമാനിച്ചു.
- ശുചീകരണവുമായി ബന്ധപ്പെട്ട് ഏതു സമയത്തും എല്ലാ കാര്യത്തിലും സീനിയർ സൂപ്രണ്ടുമാർ അതീവ ശ്രദ്ധാലുക്കളായിരിക്കേണ്ടതും എന്തെങ്കിലും പോരായ്മകൾ കണ്ടെത്തിയാൽ അപ്പോൾ തന്നെ ആയത് സംബന്ധിച്ച വിവരം രേഖാമൂലം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ അറിയിക്കുന്നതിനും നിർദ്ദേശിച്ചു.
- ശുചീകരണ പ്രവർത്തനവുമായി ബന്ധപ്പെട്ടെത്തുന്ന സന്നദ്ധ പ്രവർത്തകർക്ക് ആഹാരം ആവശ്യമായിട്ടുള്ള പക്ഷം ആയത് ഹബ്ബുകളുടെ സഹായത്തോടുകൂടി ലഭ്യമാക്കി കൊടുക്കുന്നതിന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്ക് അറിയിപ്പ് നൽകുന്നത് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറോട് നിർദ്ദേശിച്ചു.

മുകളിൽ പരാമർശിച്ചിരിക്കുന്ന തീരുമാനങ്ങൾ നിർദ്ദേശിച്ച് യോഗം 6.30 പി.എം ന് അവസാനിച്ചു.

ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ നടപടിക്രമം

(ഹാജർ: ഡോ. ആർ. അജയകുമാർ വർമ്മ)

വിഷയം:- തസ്വഭവ - ശുചിത്വമിഷൻ - വെള്ളപ്പൊക്കാനന്തര ശുചീകരണ പ്രവർത്തനങ്ങൾ - അജൈവ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൂചന :-
1) ബഹു. മുഖ്യ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 26-08-2018 തീയതിയിൽ ചേർന്ന യോഗ തീരുമാനം.
2) ബഹു. ഹരിത കേരളം എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സന്റെ അദ്ധ്യക്ഷതിയിൽ 27-08-2018-ൽ ചേർന്ന യോഗതീരുമാനം.
3) ഹരിത കേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർ പേഴ്സന്റെ 27-08-2018-ലെ എ2/1924/ഹ.കെ.മി/18 നമ്പർ കത്ത്.

ഉത്തരവ് നം. 2813/എ/2018/എസ്.എം. **തീയതി: 27/08/2018**

പ്രളയ ബാധിത പ്രദേശങ്ങിൽ നിന്നും ശേഖരിക്കുന്ന തുണികൾ, മെത്തകൾ, പാസ്റ്റിക് വസ്തുക്കൾ, ഇ-മാലിന്യങ്ങൾ ഉൾപ്പെടെയുള്ള അജൈവമാലിന്യങ്ങൾ നീക്കം ചെയ്ത് സംസ്കരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ക്ലീൻ കേരള കമ്പനിയെ ചുമതലപ്പെടുത്തിയിരുന്നു. ആവശ്യമെങ്കിൽ കൂടുതൽ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി അജൈവ മാലിന്യ നിർമ്മാർജ്ജന പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിച്ച് സർക്കാരിനെ അറിയിക്കുവാൻ സൂചന (1) പ്രകാരം ചേർന്ന യോഗം തീരുമാനമെടുത്തിട്ടുണ്ട്. വർദ്ധിച്ച തോതിൽ മാലിന്യം അടിഞ്ഞു കൂടിയിട്ടുള്ളതിനാലും വളരെ വേഗം ഇവ നീക്കം ചെയ്യേണ്ടതിനാലും കൂടുതൽ മാലിന്യം ശേഖരിക്കേണ്ട വയനാട്, തൃശൂർ, എറണാകുളം, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം ജില്ലകളിൽ അധിക ക്രമീകരണങ്ങൾ വരുത്തേണ്ടതുണ്ട്.

ഇതു സംബന്ധിച്ച് 27-08-2018-ൽ ബഹു. ഹരിത കേരളം എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ ഡോ. ടി.എൻ. സീമ അവർകളുടെ അദ്ധ്യക്ഷതയിൽ സൂചന (2) പ്രകാരം ചേർന്ന യോഗം, പ്രളയബാധിത പ്രദേശങ്ങളിലെ അജൈവ മാലിന്യങ്ങളും, ഇ-മാലിന്യങ്ങളും നീക്കം ചെയ്യുന്നതിന് ഒഴിവാക്കാൻ കഴിയാത്ത സാഹചര്യം കണക്കിലെടുത്ത് ക്ലീൻ കേരള കമ്പനിയുടെ സേവനത്തിന് പുറമെ സന്നദ്ധതയറിയിച്ചിട്ടുള്ള മറ്റു സ്ഥാപനങ്ങളുടെയും, സംഘടനകളുടെയും സേവനങ്ങൾ കൂടി സ്വീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. സൂചന (3) പ്രകാരം ഇത്തരത്തിൽ നിയോഗിക്കാനാകുന്ന സ്ഥാപനങ്ങളുടെയും സംഘടകളുടെയും പേര് വിവരം ഹരിത കേരളം മിഷൻ നൽകിയിട്ടുണ്ട്.

1) ഗ്രീൻ വേംസ് എക്കോ സൊലൂഷൻസ്, എൽ.എൽ.പി, വെസ്റ്റ് ഹിൽ, കോഴിക്കോട്-5
2) ക്രിസ്സ് ഗ്ലോബൽ ട്രേഡേഴ്സ്, വെങ്ങൽ, ആലുംതുരുത്തി പി.ഒ. തിരുവല്ല.
3) ഒലീന മഹിളാ സമാജം, വെസ്റ്റ് ഹിൽ, കോഴിക്കോട്.
4) നിറവ് സീറോ വേസ്റ്റ് മാനേജ്മെന്റ്, കോഴിക്കോട്.

D:\beena\PROCEEDINGS\Flood - 27-8-2108.docx

5) പ്ലാസ്റ്റിക് റീ-സൈക്ലിംഗ് ഇൻഡസ്ട്രീയൽ അസോസിയേഷൻ, പെരുമ്പാവൂർ, എറണാകുളം.

6) സ്ക്രാപ് മർച്ചൻസ് അസോസിയേഷന്റെ വയനാട്, തൃശൂർ, എറണാകുളം, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം ജില്ലകളിലെ കേരള ജില്ലാ ഘടകങ്ങൾ.

മേൽ ഏജൻസികൾ/സ്ഥാപനങ്ങൾ/സംഘടനകളുടെ മേൽ വിലാസം അനുബന്ധമായി ചേർത്തിട്ടുണ്ട്.

മേൽ ഏജൻസികൾ/സ്ഥാപനങ്ങൾ/സംഘടനകൾ എന്നിവരുടെ സേവനം നിലവിലെ സർക്കാർ നിയമങ്ങൾക്കനുസൃതായി പ്രയോജനപ്പെടുത്തി പ്രളയബാധിത പ്രദേശങ്ങളിലെ തുണികൾ, മെത്തകൾ, പാസ്റ്റിക് വസ്തുക്കൾ, ഇ-മാലിന്യങ്ങൾ ഉൾപ്പെടെയുള്ള അജൈവമാലിന്യങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അടിയന്തിരമായി നീക്കം ചെയ്യുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

ഇതു സംബന്ധിച്ചുള്ള ചെലവുകൾ 16-08-2018-ലെ സ.ഉ(സാധാ)2262/2018/ത.സ്വ.ഭ.വ പ്രകാരം അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും വഹിക്കേണ്ടതാണ്.

ഈ നടപടിക്രമം സംസ്ഥാനം ഇപ്പോൾ നേരിടുന്ന പ്രളയാനന്തര ശുചീകരണ പ്രവർത്തനങ്ങൾക്ക് മാത്രം ബാധകമായിരിക്കും.

ഒപ്പ്/-
എക്സിക്യൂട്ടീവ് ഡയറക്ടർ

To

എല്ലാ ജില്ലാ ശുചിത്വ മിഷൻ കോ-ഓർഡിനേറ്റർമാർക്കും

പകർപ്പ്: 1) അഡീഷണൽ ചീഫ് സെക്രട്ടറി, ത.സ്വ.ഭവ. (ആമുഖ കത്ത് സഹിതം)
2) എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ, ഹരിത കേരള മിഷൻ (ആമുഖ കത്ത് സഹിതം)
3) കമ്മീഷണർ, ഗ്രാമവികസന വകുപ്പ് (ആമുഖ കത്ത് സഹിതം)
4) ഡയറക്ടർ, പഞ്ചായത്ത് വകുപ്പ് (ആമുഖ കത്ത് സഹിതം)
5) ഡയറക്ടർ, നഗരകാര്യ വകുപ്പ് (ആമുഖ കത്ത് സഹിതം)
6) വയനാട്, തൃശൂർ, എറണാകുളം, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം ജില്ലാകളക്ടർമാർ (അറിവിലേയ്ക്കായി)
6) ഇൻഫർമേഷൻ കേരള മിഷൻ

ഉത്തരവിൻ പ്രകാരം

ഡയറക്ടർ (ഓപ്പറേഷൻസ്)
27.8.18

D:\beena\PROCEEDINGS\Flood - 27-8-2108.docx

Annexure

I. Details of State Level office bears Plastic Re-cycling Industrial Association (PRIYA)

1. Siyad Ali,
President PRIYA,
Hamara Plastics,
Nediyara (Jn), Govt. LP School Road,
Kodanad P.O – 683 544
Ph: 9947702486, 9388584838
hamaraplastic@gmail.com

2. Abdul Samad,
Secretary PRIYA,
KSA Plastics, Mudickal P.O,
Perumbavur
Ph: 9496406999

3. Fakrudeen,
Treasurer PRIYA
ENPEES Plastics,
Door No. 41, Municipal Vegetable Market
Main Road, Perumbavur.
Ernakulam – 683547
Ph: 9388941490

II. Details Kerala Scrap Merchant Association District Officials – 2018

Sl. No.	Name, Designation & Phone Number	District
1)	Muhammed Ashique, President Ph: 9747491253	Pathanamthitta
	Sreejesh, Secretary Ph: 8589857770	
2)	Babuji, President Ph: 9447366314	Alappuzha
3)	Abbas Parayil, President Ph: 9946536853	Kottayam
	Rathnappan Ayimanam, Secretary Ph: 9387294291	
4)	Siraj Ernakulam, President Ph: 9447743891	Ernakulam
	Rasheed Kalady, Secretary Ph: 9847913419	
5)	T.G. Babu, President Ph: 9447352539	Thrissur
	Subair. K.K, Secretary Ph; 9447528262	
6)	M.C Bava, President Ph: 9388171162	Wayanadu
	Attakoya Thangal, Secretary, Ph: 9747518148	

III. Haritha Sahaya Sthapanangal

1) Green Worms Eco Solution LLP, 2/21, Nambeeshan Colony, West Hill Chungam, West Hill P.O, Kozhiokode – 5
2) Criss Global Traders, Vengal, Alumthuruthi P.O, Thiruvalla, - 689113
3) Oleena Mahila Samajam, West Hill P.O, Kozhikode – 673 005.
4) Niravu Zero Waste Management, Neravu Farmers Producer Co. Ltd., Vengeri P.O, Kozhikode – 673 010, niravuvengerikzd@gmail.com , babuvengeri@gmail.com, Ph: 0495 2371301, 9447276177.

നമ്പർ എസ്.എസ്.1/28/8/ഡി.പി.ഐ. പൊതുവിദ്യാഭ്യാസ ഡയറക്ടറാഫീസ്
തിരുവനന്തപുരം, തീയതി 28.08.2018

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
എല്ലാ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും
എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും
എല്ലാ ജില്ലാ പ്രോജക്ട് ആഫീസർമാർക്കും

സർ,

വിഷയം; പൊ.വി.-പ്രളയ ബാധിക മേഖലകളിൽ സ്കൂൾ തുറക്കുമ്പോൾ സ്വീകരിക്കേണ്ട മുൻകരുതലുകൾ-സംബന്ധിച്ച്.

ഓണാവധി കഴിഞ്ഞ് ഈ മാസം 29-ന് സ്കൂൾ തുറക്കുകയാണല്ലോ? നാം ഇതുവരെ അനുഭവിച്ചറിയാത്ത പ്രളയ ദുരന്തമാണ് ഇക്കുറി കേരളം നേരിട്ടത്. അതുകൊണ്ട് തന്നെ പ്രളയബാധിത മേഖലകളിലെ വിദ്യാലയങ്ങൾ വീണ്ടും തുറക്കുമ്പോൾ നാം ഒട്ടേറെ മുൻകരുതലുകൾ സ്വീകരിക്കേണ്ടിയിരിക്കുന്നു. ദുരന്തം നേരിട്ടും ദൃശ്യമാധ്യമങ്ങളിലൂടെ കണ്ടറിഞ്ഞും വിഹ്വലമായ മനസ്സോടെയായിരിക്കും ബഹുഭൂരിപക്ഷം കുട്ടികളും സ്കൂളിലെത്തുക. ജീവിതം ഇനി എങ്ങനെ മുന്നോട്ടുപോകും എന്ന ആശങ്ക അവരിൽ പലർക്കുമുണ്ടാകാം. സ്വന്തം വീടുകൾ തകർന്നും ഉറ്റവർ ഇല്ലാതായും വളർത്തുമൃഗങ്ങൾ അടക്കം പ്രിയപ്പെട്ടതെല്ലാം നഷ്ടപ്പെട്ടും ആഘാതമേറ്റ മനസ്സുമായി വരുന്നവരാവും അവരിൽ പലരും. അവർക്ക് സന്തോഷവും ആശ്വാസവും ആത്മവിശ്വാസവും പകരുന്നതിലാവണം ആദ്യ ദിവസങ്ങളിൽ നമ്മുടെ ശ്രദ്ധ. മധുരം നൽകിയും ഒത്തൊരുമിച്ച് പാട്ടുകൾ പാടിയും സ്നേഹപൂർവ്വം സാന്ത്വനിപ്പിച്ചും അവരുടെ മനസ്സിനെ ദീപ്തമാക്കാൻ നമുക്കാകണം. അതോടൊപ്പം ആരോഗ്യ-ശുചിത്വ-സുരക്ഷിതത്വ വിഷയങ്ങളിലും അതീവ ജാഗ്രത വേണം. അതിനായി താഴെപ്പറയുന്ന നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം പാലിക്കേണ്ടതാണ്.

1. പ്രളയ ബാധിത പ്രദേശങ്ങളിലെ വിദ്യാലയങ്ങളിൽ ആഗസ്റ്റ് 29, 30 തീയതികളിൽ പഠനപ്രവർത്തനങ്ങളുടെ ഭാഗമായി കുട്ടികളുടെ മാനസികോല്ലാസവും ആത്മവിശ്വാസവും വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആവിഷ്ക്കരിച്ചു നടപ്പാക്കണമെന്ന് ബഹു. പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി നിർദ്ദേശം നൽകിയിട്ടുണ്ട്.
2. എല്ലാ സ്കൂളുകളിലും പി.ടി.എ. കമ്മിറ്റി കഴിയുന്നതും 29-ന് തന്നെ യോഗം ചേർന്ന് പരിസര ശുചിത്വവും കുട്ടികളുടെ ആരോഗ്യവും ഉറപ്പു

വരുത്തുന്നതിനും ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കുന്നതിനും സ്കൂളുകളുടെ പ്രവർത്തനം സുഗമമായി നടത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കണം. ഹയർ സെക്കണ്ടറി പ്രിൻസിപ്പൽമാരും ഹെഡ്മാസ്റ്റർമാരും ഈ അവസരത്തിൽ ഒരേ മനസ്സോടെ ഒരുമയോടെ മാതൃകാപരമായി പ്രവർത്തിക്കണം.

3. ആദ്യ ദിവസം തന്നെ സ്കൂൾ അസംബ്ലി വിളിച്ചു ചേർത്ത് കുട്ടികൾക്ക് ആത്മവിശ്വാസം പകരുന്ന വിധത്തിലുള്ള സന്ദേശം നൽകണം. ഇതു സംബന്ധിച്ച് നമ്മുടെ പൊതു വിദ്യാഭ്യാസവകുപ്പു മന്ത്രി നൽകിയ സന്ദേശം അസംബ്ലിയിൽ വായിക്കേണ്ടതാണ്. (ഈ സന്ദേശം വാട്സ് ആപ്പ് മുഖേനയും ഈ-മെയിൽ വഴിയും ലഭ്യമാകും. എ.ഇ..ഒ. മാരും ഡി.ഇ.ഒ. മാരും ഡി.ഡി.ഇ. മാരും ഇതര വിഭാഗങ്ങളുടെ ജില്ലാ/മേഖലാതലത്തിലുള്ള മേലുദ്യോഗസ്ഥൻമാരും തങ്ങളുടെ പരിധിയിലുള്ള പ്രഥമ അധ്യാപകരുമായി ബന്ധപ്പെട്ട് ഇക്കാര്യം ഉറപ്പുവരുത്തണം.)

4. സ്കൂൾ കിണറിലെ വെള്ളം ആരോഗ്യവകുപ്പ് അധികൃതരുടെ നിർദ്ദേശപ്രകാരം ജലശുദ്ധീകരണത്തിനുള്ള ബ്ലീച്ചിംഗ് പൗഡറിട്ട് അണുവിമുക്തമാക്കേണ്ടതാണ്.

5. സ്കൂൾ ജലസംഭരണികൾ വൃത്തിയാക്കി സൂക്ഷിക്കേണ്ടതാണ്. കുടിവെള്ള വിതരണ പൈപ്പുലൈനുകൾ മലിനജലവുമായി സമ്പർക്കമുണ്ടാവുന്നില്ലെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

6. തിളപ്പിച്ചാറിയ വെള്ളം മാത്രമേ കുടിക്കാൻ ഉപയോഗിക്കാവു. ഓർക്കുക, പകർച്ച വ്യാധികളുടെ മുഖ്യ സ്ത്രോതസ്സുകളിലൊന്നാണ് നാം കുടിക്കുന്ന വെള്ളം.

7. പാചകത്തിനും ആഹാരം കഴിക്കാനും ഉപയോഗിക്കുന്ന പാത്രങ്ങളുടെ ശുചിത്വം ഉറപ്പുവരുത്തേണ്ടതാണ്. മാലിന്യം കലർന്ന വെള്ളത്തിലാവും അവ കഴുകി വച്ചിരിക്കുക. അതുകൊണ്ട് തിളച്ച വെള്ളത്തിൽ മുക്കി വച്ച് അണുവിമുക്തമാക്കിയശേഷമേ അവ ഉപയോഗിക്കാവു. കുട്ടികൾക്കും ഇക്കാര്യത്തിൽ നിർദ്ദേശം നൽകുക.

8. ഓട് മേഞ്ഞ കെട്ടിടങ്ങളുടെ കഴുക്കോലിലും പട്ടികയിലും ഓടുകൾക്കിടയിലും തകർന്നു വീണ മതിലുകളുടെയും കെട്ടിടങ്ങളുടെയും കല്ലുകൾക്കിടയിലും ബഞ്ചുകളുടെയും ഡസ്കുകളുടെയും ഇടയിലും ഇഴജന്തുക്കൾ ഇല്ലായെന്ന് ഉറപ്പുവരുത്തേണ്ടതാണ്. ആരോഗ്യവകുപ്പ് അധികൃതരുമായി ആലോചിച്ച് ഇക്കാര്യത്തിൽ ആവശ്യമായ മുൻകരുതലുകൾ സ്വീകരിക്കേണ്ടതാണ്.

9. സ്കൂൾ മുറ്റത്ത് വൻതോതിൽ ചെളി അടിഞ്ഞുകൂടിയിട്ടുണ്ടെങ്കിൽ അത് വെയിലേറ്റ് ഉണങ്ങി പൊടിയായി പറക്കാൻ സാധ്യതയുണ്ടെന്നു കണ്ടാൽ

ആരോഗ്യവകുപ്പ് അധികൃതരുമായി ആലോചിച്ച് ആവശ്യമായ മുൻകരുതൽ സ്വീകരിക്കേണ്ടതാണ്.

10. ടോയിലറ്റുകളുടെ ശുചിത്വം എല്ലാ ദിവസവും ഉറപ്പുവരുത്തേണ്ടതാണ്.

11. സ്കൂൾ മതിലുകൾക്ക് വെള്ളം കയറി ബലക്ഷയം ഉണ്ടാവാൻ സാധ്യതയുള്ളതിനാൽ ആവശ്യമായ മുൻകരുതലുകൾ സ്വീകരിക്കേണ്ടതാണ്. കുട്ടികൾ അത്തരം മതിലുകൾ ചാടിക്കയറാനോ മതിലുകളോട് ചേർന്ന് കളിക്കാനോ അനുവദിക്കരുത്.

12. വെള്ളം കയറി ഉപയോഗശൂന്യമായ അരിയും പയറും മറ്റും ഫംഗസ് ബാധയുള്ളതിനാൽ ഉണക്കിയെടുത്ത് ഉപയോഗിക്കരുത്. അവ ഉടൻതന്നെ നശിപ്പിക്കണം

13.പ്രളയബാധക്കിരയായ സ്കൂൾ കെട്ടിടങ്ങളുടെ സുരക്ഷിതത്വം എൽ.എസ്.ജി.ഡി. എഞ്ചിനീയർമാരെക്കൊണ്ട് പരിശോധിപ്പിച്ച് ഉറപ്പ് വരുത്തണം.

14. വെള്ളപ്പൊക്കത്തിൽ അടിഞ്ഞുകൂടിയ ചെളി, മാലിന്യങ്ങൾ, ജീവികളുടെ അവശിഷ്ടങ്ങൾ എന്നിവ ശാസ്ത്രീയമായി സംസ്കരിക്കേണ്ടതാണ്. വെള്ളപ്പൊക്കത്തിൽ അടിഞ്ഞുകൂടിയ ദുർഗന്ധം വമിക്കുന്ന ചെളി പിന്നെ വെയിലേറ്റ് ഉണങ്ങി അന്തരീക്ഷ വായുവിനെ മലിനപ്പെടുത്താൻ സാധ്യതയുള്ളതിനാൽ ഇപ്പോഴെ സുരക്ഷിതമായ ഏതെങ്കിലും ഭാഗത്ത് കുഴിയെടുത്ത് മൂടുന്നത് നല്ലതായിരിക്കും.

15. പല സ്കൂളുകളിലും വെള്ളപ്പൊക്കത്തിൽ നശിച്ച ലൈബ്രറി പുസ്തകങ്ങൾ വാരിക്കൂട്ടി ഇട്ടിരിക്കുന്നതായി കണ്ടു. കുട്ടികളെ ഉപയോഗിച്ച് ഇവ വെയിലത്ത് ഉണങ്ങാൻ വയ്പിക്കുകയോ അടുക്കി വെയ്പ്പിക്കുകയോ ചെയ്യരുത്. മാരകമായ അണുക്കളുടെ സ്ത്രോതസ്സായിരിക്കും നനവാർന്ന ഈ പുസ്തകങ്ങൾ. ഉപയോഗ യോഗ്യമല്ലെങ്കിൽ അവ നശിപ്പിച്ചേക്കുക. അപകടസാധ്യതയുള്ളതോ രോഗബാധയുണ്ടാവാനിടയുള്ളതോ ആയ യാതൊരു പ്രവർത്തനങ്ങളിലും കുട്ടികളെ പങ്കെടുപ്പിക്കുകയോ അവരുടെ സേവനം നിർബന്ധിക്കുകയോ ചെയ്യരുത്.

16. പ്രളയബാധയിൽ നാശം നേരിട്ട സ്കൂൾ ലാബുകളിലെ രാസവസ്തുക്കളും മറ്റും അപകടകരമായ നിലയിൽ അല്ലെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

17. പാഠപുസ്തകങ്ങൾ, യൂണിഫോം എന്നിവ നഷ്ടപ്പെട്ട കുട്ടികൾ നേരത്തെ നിർദ്ദേശിച്ച പ്രകാരം ഈ മാസം 31-ന് മുമ്പ് സ്കൂളിൽ വിവരം റിപ്പോർട്ട് ചെയ്യണം. 29-ന് തുറക്കാൻ കഴിയാത്ത സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് അതാത് സ്കൂൾ തുറന്ന് മൂന്ന് ദിവസത്തിനകം റിപ്പോർട്ട് ചെയ്താൽ മതിയാകും.

18. നോട്ട് ബുക്കുകൾ, ഇൻസ്ട്രുമെന്റ് ബോക്സ്, സ്കൂൾ ബാഗ്, ഷൂസ് എന്നിവ നഷ്ടപ്പെട്ട കുട്ടികൾക്ക് പ്രാദേശിക തലത്തിലോ ജില്ലാതലത്തിലോ ബാങ്കുകൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ, സന്നദ്ധസംഘടനകൾ തുടങ്ങിയവയുടെ സ്പോൺസർഷിപ്പിലൂടെ അവ ലഭ്യമാക്കാൻ ഡി.ഡി., ഡി.ഇ.ഒ,, എ.ഇ.ഒ., ഡി.പി.ഒ. തുടങ്ങിയ വിവിധ മേഖലകളിലെ ഉദ്യോഗസ്ഥൻമാർ ശ്രമിക്കേണ്ടതാണ്.

19. വിദ്യാഭ്യാസ വകുപ്പ് സ്പോൺസർഷിപ്പിലൂടെ സമാഹരിച്ച് ജില്ലയിൽ എത്തിക്കുന്ന നോട്ട് ബുക്കുകൾ, ഷൂസ് മറ്റ് പഠനോപകരണങ്ങൾ എന്നിവ പ്രളയ ബാധിത പ്രദേശങ്ങളിലെ എല്ലാ വിദ്യാലയങ്ങളിലും ആവശ്യക്കാരായ മുഴുവൻ വിദ്യാർത്ഥികൾക്കും ലഭ്യമാക്കാൻ ഡി.ഡി.മാർ, ഡി.ഇ.ഒ. മാർ, എ.ഇ.ഒ.മാർ തുടങ്ങിയവർ നടപടി സ്വീകരിക്കേണ്ടതാണ്.

20 മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നുണ്ടെന്ന് വിവിധ തലങ്ങളിലുള്ള ഉദ്യോഗസ്ഥർ ഉറപ്പ് വരുത്തേണ്ടതാണ്. വാട്സ് ആപ്പ് ഗ്രൂപ്പുകൾ, ഫെയ്സ്ബുക്ക് ഉൾപ്പെടെയുള്ള സാമൂഹ്യമാധ്യമങ്ങൾ വഴി ഈ നിർദ്ദേശങ്ങൾക്ക് പരമാവധി പ്രചാരണം നൽകേണ്ടതാണ്.

പൊതുവിദ്യാഭ്യാസ വകുപ്പിലെ മുഴുവൻ ജീവനക്കാരുടെയും അഭ്യുദയകാംക്ഷികളുടെയും പരിപൂർണ്ണ സഹകരണം പ്രതീക്ഷിച്ചു കൊള്ളുന്നു.

വിശ്വസ്തതയോടെ,

കെ.വി.മോഹൻകുമാർ, ഐ.എ.എസ്,
പൊതുവിദ്യാഭ്യാസ ഡയറക്ടർ
&
സ്പെഷ്യൽ സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്

കേരള സർക്കാർ

ധനകാര്യ (നോഡൽ സെന്റർ-ബി) വകുപ്പ്

സർക്കുലർ

നമ്പർ : 80/2018/ധന **തിരുവനന്തപുരം, തീയതി : 30/08/2018**

വിഷയം: ധനകാര്യ വകുപ്പ് - പ്രളയക്കെടുതി ലഘൂകരിക്കുന്നതിനായി നിയോജകമണ്ഡല ആസ്തി വികസന ഫണ്ട് പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുന്നത് - സംബന്ധിച്ച്.

സൂചന: 1. സ.ഉ.(അച്ചടി) നം. 119/2018/ധന തീയതി 04/08/2018
2. 03/07/2018 ലെ സർക്കുലർ നം. 61/2018/ധന

സമാനതകളില്ലാത്ത രൂക്ഷമായ പ്രളയക്കെടുതിക്കാണ് ഓഗസ്റ്റ് മാസം സംസ്ഥാനം സാക്ഷ്യം വഹിച്ചത്. പല ജില്ലകളിലേയും റോഡുകൾക്കും പാലങ്ങൾക്കും കെട്ടിടങ്ങൾക്കും കനത്ത നാശനഷ്ടമാണ് കാലവർഷം വരുത്തി വച്ചത്. ഈ അത്യപൂർവ്വ സാഹചര്യം കണക്കിലെടുത്തു കൊണ്ടും അടിസ്ഥാന സൗകര്യങ്ങൾ പൂർവ്വ സ്ഥിതിയിലേക്ക് എത്തിക്കാൻ നിയോജകമണ്ഡല ആസ്തി വികസന ഫണ്ട് കൂടി പ്രയോജനപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടു കൂടിയും താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. നിയോജകമണ്ഡല ആസ്തി വികസന പദ്ധതി 2017-18, 2018-19 എന്നിവയിൽ അനുമതി നൽകിയതും എന്നാൽ ഇതുവരെ ആരംഭിക്കാത്തതുമായ പ്രവൃത്തികൾ റദ്ദാക്കി പകരം പ്രളയം മൂലം കേടുപാടുകൾ സംഭവിച്ചതോ തകർന്നതോ ആയ റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ എന്നിവ നിർമ്മിക്കുന്നതിനോ പുനരുദ്ധരിക്കുന്നതിനോ പദ്ധതിയുടെ മാനദണ്ഡങ്ങൾ പ്രകാരം അനുമതിയുള്ളതും ഈ ഘട്ടത്തിൽ ഉപകാരപ്രദമായതുമായ മറ്റു പ്രവൃത്തികൾ നടപ്പാക്കുന്നതിനോ ഉള്ള ശിപാർശകൾ സമർപ്പിക്കാവുന്നതാണ്.
2. 2017-18, 2018-19 എന്നീ സാമ്പത്തികവർഷങ്ങളിൽ അവശേഷിക്കുന്ന ആസ്തി വികസന ഫണ്ടും ഇതിനായി ചെലവഴിക്കാവുന്നതാണ്.
3. നിയോജകമണ്ഡല ആസ്തി വികസന പദ്ധതി 2017-18 നു കീഴിൽ ശിപാർശകൾ സമർപ്പിക്കുന്നതിനും ഭരണാനുമതി നൽകുന്നതിനുമുള്ള സമയപരിധി 31/12/2018 ആയി ദീർഘിപ്പിച്ച് നൽകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
സഞ്ജീവ് കൗശിക്
പ്രിൻസിപ്പൽ സെക്രട്ടറി (ധനകാര്യ റിസോഴ്സസ്)

പകർപ്പ്:-

1. എല്ലാ എം.എൽ.എ. മാർക്കും
2. എല്ലാ വകുപ്പ് സെക്രട്ടറിമാർക്കും
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ജി&എസ്.എസ്.എ)കേരള, തിരുവനന്തപുരം.
5. അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ) കേരള, തിരുവനന്തപുരം.
6. എല്ലാ വകുപ്പ് തലവൻമാർക്കും.
7. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
8. സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി

9. ഡെപ്യൂട്ടി സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി
10. പ്രതിപക്ഷനേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി
11. ധനകാര്യ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
12. മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
13. എല്ലാ വകുപ്പ് സെക്രട്ടറിമാർക്കും
14. എല്ലാ ജില്ലാ കളക്ടർമാർക്കും
15. ട്രഷറി ഡയറക്ടർ
16. നോഡൽ ഓഫീസർ, www.finance.kerala.gov.in
17. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - ജീവനക്കാര്യം- സംസ്ഥാനത്തെ നഗരസഭകളിൽ ഹെൽത്ത് ഓഫീസർ/മെഡിക്കൽ ഓഫീസർ തസ്തികയിൽ ഒഴിവുകൾ നികത്തുന്നതിനായി കരാർ വ്യവസ്ഥയിൽ നിയമനം നടത്തുന്നത് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഇ.യു.) വകുപ്പ്

സ.ഉ. (സാധാ) നം. 2326/ 2018/ തസ്വഭവ. തീയതി, തിരുവനന്തപുരം, 30/ 08/ 2018.

പരാമർശം :- നഗരകാര്യ ഡയറക്ടറുടെ 20.08.2018 ലെ ഇ 5-18059/ 2011 നമ്പർ കത്ത്.

ഉത്തരവ്

നഗരകാര്യ വകുപ്പിൽ ഹെൽത്ത്ഓഫീസർ ഗ്രേഡ് 1,2 എന്നീ പ്രൊമോഷൻ തസ്തികയും ഹെൽത്ത് ജോയിന്റ് ഡയറക്ടർ എന്ന തസ്തികയും ഉൾപ്പെടെ അലോപ്പതി ഡോക്ടർമാരുടെ 19 തസ്തികകളാണുള്ളത്. ഇതിൽ തിരുവനന്തപുരം ,കൊല്ലം, തൃശ്ശൂർ, കണ്ണൂർ കോട്ടയം, പാലക്കാട്,തലശ്ശേരി, ചങ്ങനാശേരി, ആലപ്പുഴ എന്നിവിടങ്ങളിൽ ഓരോന്നു വീതം ആകെ 9, കൊച്ചിയിൽ രണ്ട് കോഴിക്കോട് അഞ്ച് എന്നിങ്ങനെ പ്രൊമോഷൻ തസ്തികകൾ ഉൾപ്പെടെ ആകെ 16 ഒഴിവുകൾ വിവിധ ഗ്രേഡുകളിൽ നിലവിലുണ്ട്. വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി നഗരസഭകൾ കേന്ദ്രീകരിച്ച ശുചീകരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും ഡോക്ടർമാരുടെ സേവനം ആവശ്യമായി വന്നിരിയ്ക്കുകയാണെന്നും അലോപ്പതി മെഡിക്കൽ ഓഫീസർമാരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണെന്നും പരാമർശ പ്രകാരം നഗരകാര്യ ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം ,കൊല്ലം, തൃശ്ശൂർ, കണ്ണൂർ കോട്ടയം, പാലക്കാട്,തലശ്ശേരി, ചങ്ങനാശേരി, ആലപ്പുഴ എന്നിവിടങ്ങളിൽ ഓരോന്നു വീതം, കൊച്ചിയിൽ രണ്ട് കോഴിക്കോട് അഞ്ച് എന്നിങ്ങനെ പ്രൊമോഷൻ തസ്തികകൾ ഉൾപ്പെടെയുള്ള ഹെൽത്ത് ഓഫീസർ/മെഡിക്കൽ ഓഫീസർ തസ്തികകളിൽ നിലവിലുള്ള 16 ഒഴിവുകളിൽ ഒരു വർഷത്തേയ്ക്ക് കരാർ അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി നിയമനം നടത്തുന്നതിന് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. നിയമനം ഒരുവർഷത്തേക്കു കരാർ വ്യവസ്ഥയിലായിരിക്കണം.
2. പി.എസ്.സി യിൽ നിന്നും പുതിയ നിയമനം നടത്തുമ്പോഴോ ഈ ജീവനക്കാർ ഒരുവർഷം പൂർത്തിയാകുമ്പോഴോ ഏതാണോ ആദ്യം അപ്പോൾ ടി കരാർ അവസാനിപ്പിക്കേണ്ടതാണ്.
3. പ്രാഥമികാരോഗ്യകേന്ദ്രങ്ങളിൽ എൻ.ആർ എച് എം സ്കീം പ്രകാരം നിയമിക്കുന്ന ഡോക്ടർമാർക്ക് ആരോഗ്യ കുടുംബക്ഷേമവകുപ്പ നൽകുന്ന വേതനത്തിന് തുല്യമായ തുക നിയമനം ലഭിക്കുന്നവർക്ക് നൽകേണ്ടതാണ്.
4. വിവിധ കോർപ്പറേഷൻ/ മുനിസിപ്പാലിറ്റിഎന്നിവിടങ്ങളിലുള്ള ഒഴിവുകളിൽ കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിനായി അർബൻ ഡയറക്ടർ,നഗരകാര്യ ഡയറക്ടറേറ്റ് ആരോഗ്യവിഭാഗം ജോയിന്റ് ഡയറക്ടർ എന്നിവർ അടങ്ങുന്ന കമ്മിറ്റി രൂപീകരിക്കേണ്ടതാണ്.
5. നിയമിക്കപ്പെടേണ്ടവരെ കേന്ദ്രീകൃത വ്യവസ്ഥയിൽ സെലക്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്

ഗവർണറുടെ ഉത്തരവിൻ പ്രകാരം
എസ്.മോഹൻദാസ്
അഡീഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, സ്റ്റേറ്റ് ഓഡിറ്റ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്),
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ. തിരുവനന്തപുരം (ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

കേരള സർക്കാർ

നം.ഡി.ബി.1/521/2018/തസ്വഭവ

തദ്ദേശസ്വയംഭരണ(ഡിബി) വകുപ്പ്,
തിരുവനന്തപുരം, തീയതി, 30.08.2018

സർക്കുലർ

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - പ്രളയത്തിന്റെ പശ്ചാത്തലത്തിൽ പരിസ്ഥിതിലോല പ്രദേശങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത് സംബന്ധിച്ച് - നിർദ്ദേശം പുറപ്പെടുവിക്കുന്നു.

സൂചന:- 28-08-2018 തീയതിയിലെ ചീഫ് സെക്രട്ടറിയുടെ കുറിപ്പ്.

സംസ്ഥാനത്ത് അടുത്തിടെ ഉണ്ടായ മഹാപ്രളയത്തിൽ പല ജില്ലകളിലും ഉരുൾപൊട്ടലുകൾ ഉണ്ടാവുകയും നിരവധി ജീവനും സ്വത്തിനും നാശനഷ്ടം സംഭവിക്കുകയും ഉണ്ടായി. ഈ പ്രളയത്തെ തുടർന്ന് തകർന്ന വീടുകൾ, ഉരുൾപൊട്ടൽ പോലുള്ള ദുരന്തങ്ങൾ സംഭവിച്ച അതേ സ്ഥലത്തു തന്നെ പുനർ നിർമ്മിക്കുവാൻ ജനങ്ങൾ ശ്രമിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

പരിസ്ഥിതി ലോല പ്രദേശങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത് സംബന്ധിച്ച് സർക്കാർ ശാസ്ത്രീയമായ പഠനം നടത്തുവാൻ ഉദ്ദേശിക്കുന്നു. ആയതിനാൽ പ്രസ്തുത പഠനം/ വിശകലനം പൂർത്തിയാകുന്നതുവരെ സംസ്ഥാനത്തെ ഉരുൾപൊട്ടൽ സാധ്യതയുള്ള പരിസ്ഥിതിലോല പ്രദേശങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുവാൻ പാടുള്ളതല്ല.

എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാരും സർക്കാർ തീരുമാനം കർശനമായും പാലിക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി
അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്കു വേണ്ടി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ
എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപന മേധാവികൾക്കും സെക്രട്ടറിമാർക്കും(പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ, ഗ്രാമവികസന കമ്മീഷണർ മുഖാന്തിരം)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ചീഫ്, എസ്.ആർ.ജി, സംസ്ഥാന ആസൂത്രണ ബോർഡ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

©
കേരള സർക്കാർ
Government of Kerala
2018

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2018-20

കേരള ഗസറ്റ്
KERALA GAZETTE

അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 7 Vol. VII	തിരുവനന്തപുരം, വ്യാഴം Thiruvananthapuram, Thursday	2018 ആഗസ്റ്റ് 30 30th August 2018 1194 ചിങ്ങം 14 14th Chingam 1194 1940 ഭാദ്രം 8 8th Bhadra 1940	നമ്പർ No. 2234

GOVERNMENT OF KERALA

Abstract

DISASTER MANAGEMENT DEPARTMENT—FLOOD—LIST OF VILLAGES, TALUKS AND DISTRICTS NOTIFIED AS FLOOD/LANDSLIDE AFFECTED—ORDERS ISSUED

DISASTER MANAGEMENT (A) DEPARTMENT

G. O. (P) No. 04/2018/DMD.

Dated, Thiruvananthapuram, 29th August, 2018.

Read:—1. G. O. (P) No. 02/2018/DMD dated 26-7-2018.
2. G. O. (P) No. 03/2018/DMD dated 3-8-2018.
3. G. O. (Ms.) No. 13/2018/DMD dated 16-8-2018.

ORDER

The State of Kerala is facing severe calamities in the ongoing South West Monsoon (2018). Various villages in the districts of Kerala are severely affected with the excessive rainfall, flooding, landslide and consequent disasters which has caused damage to property and disruption to normal life.

33/3292/2018/S-2.

(2) As per the Government Order read as 1st paper above, the districts of Alappuzha and Kottayam are declared as flood affected and as per Government Order read as 2nd paper above 5 villages of Thiruvalla Taluk, viz. Niranam, Peringara, Kadapra, Nedumbram, Kavumbhagom in Pathanamthitta District and as per Government Order read as 3rd paper above another 254 villages in Malappuram, Kannur, Palakkad, Kozhikode, Ernakulam, Wayanad and Idukki Districts are also declared as flood affected in the South West Monsoon Season of 2018.

(3) In addition to this, the list of various Villages, Taluks and Districts notified as flood/landslide affected in the State of Kerala during the ongoing South West Monsoon 2018 is attached as Annexure to this Government Order. A formal gazette notification will be issued shortly.

By order of the Governor,

P. H. KURIAN,
Additional Chief Secretary and
State Relief Commissioner.

To

All Additional Chief Secretaries/Principal Secretaries/Secretaries.

The Commissioner, Land Revenue, Thiruvananthapuram.

The District Collectors, Thiruvananthapuram/Kollam/Pathanamthitta/Alappuzha/Kottayam/Idukki/Ernakulam/Thrissur/Malappuram/Kozhikode/Palakkad/Wayanad/Kannur/Kasargod.

The Member Secretary, KSDMA, Observatory Hills, Vikas Bhavan P.O., Thiruvananthapuram.

The Head Scientist, SEOC, Observatory Hills, Vikas Bhavan P.O., Thiruvananthapuram.

The Director, Agriculture, Vikas Bhavan, Thiruvananthapuram.

The Director, Animal Husbandry Department, Thiruvananthapuram.

The Chief Engineer, Ground Water Departments.

The Chief Engineer, Irrigation Department, Thiruvananthapuram.

The Director, Health Services, Thiruvananthapuram.

The Managing Director, KWA, Thiruvananthapuram.

The Secretary, KSEB, Vydyuthi Bhavan, Thiruvananthapuram.

The Director, ILDM, PTP Nagar, Thiruvananthapuram.

All District Treasury Officers (Through Treasury Director, Thiruvananthapuram).

The Principal Accountant General (Audit) Kerala, Thiruvananthapuram.

The Accountant General (A&E) Kerala, Thiruvananthapuram.

The Accountant General, Branch Office, Kottayam.

Web & New Media, I & PRD.

Stock File/Office Copy.

Copy to

The PS to Chief Minister.

The PS to All Ministers.

The Additional Secretary to Chief Secretary.

The PA to Additional Chief Secretary (Revenue & DM).

The PS to Principal Secretary, Finance Department.

The PS to Secretary, Water Resources Department.

The PS to Secretary, Agriculture Department.

The PS to Secretary, Animal Husbandry Department.

ANNEXURE

Villages, Taluks and Districts notified as flood/landslide affected till 29-8-2018

Sl. No.	*Village*	*Taluk*	*District*
(1)	(2)	(3)	(4)
1	All Villages (93)	All Taluks	Alappuzha
2	All Villages (100)	All Taluks	Kottayam
3	All Villages (70)	All Taluks	Pathanamthitta
4	All Villages (127)	All Taluks	Ernakulam
5	All Villages (255)	All Taluks	Thrissur
6	All Villages (49)	All Taluks	Wayanad
7	All Villages (67)	All Taluks	Idukki
8	Ayanivelikulangara	Karunagapally	Kollam
9	Chavara	Karunagapally	Kollam
10	Kallelibhagom	Karunagapally	Kollam
11	Karunagapally	Karunagapally	Kollam
12	Pavumba	Karunagapally	Kollam
13	Thazhava	Karunagapally	Kollam
14	Thekkumbhagom	Karunagapally	Kollam
15	Thevalakkara	Karunagapally	Kollam
16	Thodiyoor	Karunagapally	Kollam
17	Vadakkumthala	Karunagapally	Kollam
18	Adichanalloor	Kollam	Kollam
19	East Kallada	Kollam	Kollam
20	Iravipuram	Kollam	Kollam
21	Kilikolloor	Kollam	Kollam
22	Kollam	Kollam	Kollam

(1)	(2)	(3)	(4)
23	Kottamkara	Kollam	Kollam
24	Mancode	Kollam	Kollam
25	Mayyanad	Kollam	Kollam
26	Mulavana	Kollam	Kollam
27	Mundrothuruth	Kollam	Kollam
28	Panayam	Kollam	Kollam
29	Paravoor	Kollam	Kollam
30	Sakthikulangara	Kollam	Kollam
31	Thrikkadavoor	Kollam	Kollam
32	Thrikkovilvattom	Kollam	Kollam
33	Vadakkevila	Kollam	Kollam
34	Kulakkada	Kottarakkara	Kollam
35	Pavithreswaram	Kottarakkara	Kollam
36	Kunnathur	Kunnathur	Kollam
37	Mynagappally	Kunnathur	Kollam
38	Poruvazhy	Kunnathur	Kollam
39	Sasthamcotta	Kunnathur	Kollam
40	Sooranad North	Kunnathur	Kollam
41	Sooranad South	Kunnathur	Kollam
42	West Kallada	Kunnathur	Kollam
43	Piravanthur	Pathanapuram	Kollam
44	Edamon	Punalur	Kollam
45	Malappuram	Eranad	Malapuram
46	Veettilappara	Eranad	Malapuram
47	Uragatteri	Eranad	Malapuram
48	Keezhuparambu	Eranad	Malapuram

(1)	(2)	(3)	(4)
49	Edavanna	Eranad	Malapuram
50	Areecode	Eranad	Malapuram
51	Manjeri	Eranad	Malapuram
52	Perakamanna	Eranad	Malapuram
53	Kuruvambalam	Perinthalmanna	Malapuram
54	Pulamanthole	Perinthalmanna	Malapuram
55	Alangad	Ponnani	Malapuram
56	Edappal	Ponnani	Malapuram
57	Nannamukku	Ponnani	Malapuram
58	Perumpadappa	Ponnani	Malapuram
59	Tavanur	Ponnani	Malapuram
60	Irimbiliyam	Tirur	Malapuram
61	Kattipparuthi	Tirur	Malapuram
62	Kuttippuram	Tirur	Malapuram
63	Moonniyur	Tirurangadi	Malapuram
64	Nannambra	Tirurangadi	Malapuram
65	Othukkungal	Tirurangadi	Malapuram
66	Parappur	Tirurangadi	Malapuram
67	Thennala	Tirurangadi	Malapuram
68	Tirurangadi	Tirurangadi	Malapuram
69	Vengara	Tirurangadi	Malapuram
70	Kondotty	Kondoty	Malapuram
71	Chelembra	Kondoty	Malapuram
72	Pulikkal	Kondoty	Malapuram
73	Chokkad	Nilambur	Malapuram
74	Karulai	Nilambur	Malapuram

(1)	(2)	(3)	(4)
75	Akampadam	Nilambur	Malapuram
76	Vazhikadavu	Nilambur	Malapuram
77	Kurumpalangode	Nilambur	Malapuram
78	Kerala Estate	Nilambur	Malapuram
79	Amarambalam	Nilambur	Malapuram
80	Nilambur	Nilambur	Malapuram
81	Edakkara	Nilambur	Malapuram
82	Chungathara	Nilambur	Malapuram
83	Karuvarakund	Nilambur	Malapuram
84	Mampad	Nilambur	Malapuram
85	Pullipadam	Nilambur	Malapuram
86	Porur	Nilambur	Malapuram
87	Thuvvur	Nilambur	Malapuram
88	Wandoor	Nilambur	Malapuram
89	Vellayur	Nilambur	Malapuram
90	Kalikavu	Nilambur	Malapuram
91	Thiruvali	Nilambur	Malapuram
92	Moothedam	Nilambur	Malapuram
93	Pothukallu	Nilambur	Malapuram
94	Vazhayur	Kondotty	Malapuram
95	Vazhakkad	Kondotty	Malapuram
96	Muthuvalloor	Kondotty	Malapuram
97	Cheekod	Kondotty	Malapuram
98	Aanakkara	Pattambi	Palakkad
99	Thiruvegappura	Pattambi	Palakkad
100	Vallappuzha	Pattambi	Palakkad

(1)	(2)	(3)	(4)
101	Muthuthala	Pattambi	Palakkad
102	Pattithara	Pattambi	Palakkad
103	Oongalloor 1	Pattambi	Palakkad
104	Pattambi	Pattambi	Palakkad
105	Kulukkalloor	Pattambi	Palakkad
106	Paruthoor	Pattambi	Palakkad
107	Thirumattakkod 1	Pattambi	Palakkad
108	Kappoor	Pattambi	Palakkad
109	Vilayoor	Pattambi	Palakkad
110	Kizhakkanjery 1	Alathoor	Palakkad
111	Kizhakkanjery 2	Alathoor	Palakkad
112	Mangalam Dam	Alathoor	Palakkad
113	Alathoor	Alathoor	Palakkad
114	Tharur 1	Alathoor	Palakkad
115	Kavassery 2	Alathoor	Palakkad
116	Puthukkode	Alathoor	Palakkad
117	Vadakkanchery 1	Alathoor	Palakkad
118	Vadakkanchery 2	Alathoor	Palakkad
119	Vandazhy 1	Alathoor	Palakkad
120	Vandazhy 2	Alathoor	Palakkad
121	Nelliyambathy	Chittoor	Palakkad
122	Nenmara	Chittoor	Palakkad
123	Elavanjery	Chittoor	Palakkad
124	Ayiloor	Chittoor	Palakkad
125	Kayaradi	Chittoor	Palakkad
126	Thiruvazhiyad	Chittoor	Palakkad
127	Vadakarapathy	Chittoor	Palakkad

(1)	(2)	(3)	(4)
128	Pallassana	Chittoor	Palakkad
129	Vadavannoor	Chittoor	Palakkad
130	Muthalamada 1	Chittoor	Palakkad
131	Kollamkode 1	Chittoor	Palakkad
132	Kollamkode 2	Chittoor	Palakkad
133	Kottoppadam 1	Mannarkad	Palakkad
134	Karakurissi	Mannarkad	Palakkad
135	Agaly	Mannarkad	Palakkad
136	Kottathara	Mannarkad	Palakkad
137	Paadavayal	Mannarkad	Palakkad
138	Alanalloor 3	Mannarkad	Palakkad
139	Karimba 1	Mannarkad	Palakkad
140	Palakkayam	Mannarkad	Palakkad
141	Kallamala	Mannarkad	Palakkad
142	Ottappalam 1	Ottappalam	Palakkad
143	Ottappalam 2	Ottappalam	Palakkad
144	Karimuzha 2	Ottappalam	Palakkad
145	Cherpulassery	Ottappalam	Palakkad
146	Ambalappara 2	Ottappalam	Palakkad
147	Shornur 1	Ottappalam	Palakkad
148	Shornur 2	Ottappalam	Palakkad
149	Thrikkideeri 1	Ottappalam	Palakkad
150	Thrikkideeri 2	Ottappalam	Palakkad
151	Sreekrishnapuram 1	Ottappalam	Palakkad
152	Kadambazhipuram 2	Ottappalam	Palakkad
153	Chalavara	Ottappalam	Palakkad
154	All Villages (30)	Palakkad	Palakkad

33/3292/2018/S-2.

(1)	(2)	(3)	(4)
155	Kottiyoor	Iritty	Kannur
156	Kelakam	Iritty	Kannur
157	Kanichar	Iritty	Kannur
158	Vilamana	Iritty	Kannur
159	Nuchiyad	Iritty	Kannur
160	Payam	Iritty	Kannur
161	Aralam	Iritty	Kannur
162	Ayyankunnu	Iritty	Kannur
163	Thillenkeri	Iritty	Kannur
164	Muzhakunnu	Iritty	Kannur
165	Eruvessi	Taliparamba	Kannur
166	Kooveri	Taliparamba	Kannur
167	Taliparamba	Taliparamba	Kannur
168	Payyavoor	Taliparamba	Kannur
169	Irikkur	Taliparamba	Kannur
170	Naduvil	Taliparamba	Kannur
171	Udayagiri	Taliparamba	Kannur
172	Chengalayi	Taliparamba	Kannur
173	Chapparapadavu	Taliparamba	Kannur
174	Cherupuzha	Payyanur	Kannur
175	Edakkad	Kannur	Kannur
176	Muzhappilangad	Kannur	Kannur
177	Chirakkal	Kannur	Kannur
178	Elayavoor	Kannur	Kannur
179	All Villages (20)	Thamarasherry	Kozhikode

Total Villages : 981

PRINTED AND PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM. 2018.

കേരള സർക്കാർ

സംഗ്രഹം

ദുരന്ത നിവാരണ വകുപ്പ് - പ്രളയം 2018 – വീടുകളുടെയും കടകളുടെയും മറ്റ് സ്ഥാപനങ്ങളുടെയും നാശനഷ്ടങ്ങളുടെ ഡിജിറ്റൽ അടിസ്ഥാന വിവര ശേഖരണം - തദ്ദേശ സ്വയംഭരണ വകുപ്പിനെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ദുരന്ത നിവാരണ (എ) വകുപ്പ്

സ.ഉ.(കൈ)നം. **18/2018/ഡി.എം.ഡി.** തിരുവനന്തപുരം, തീയതി, **03/09/2018**

ഉത്തരവ്

സമാനതകൾ ഇല്ലാത്ത അതിരൂക്ഷമായ പ്രകൃതി ദുരന്തമാണ് കേരളം നേരിട്ടത്. ദുരന്തത്തിൽ നഷ്ടപ്പെട്ടതും കേടുപാടുകൾ സംഭവിച്ചതുമായ വീടുകളുടെ പുനർനിർമ്മാണം ഇവയിൽ ഏറ്റവും പ്രധാനമാണ്. ഇതിനായി പ്രകൃതിക്ഷോഭത്തിൽ തകർന്ന വീടുകളുടെ കണക്കെടുപ്പ് വേഗം നടത്തേണ്ടതുണ്ടെന്ന് സർക്കാർ വിലയിരുത്തിയതിന്റെ പശ്ചാത്തലത്തിൽ വീടുകളുടെയും കടകളുടെയും മറ്റ് സ്ഥാപനങ്ങളുടെയും നാശനഷ്ടങ്ങളുടെ ഡിജിറ്റൽ അടിസ്ഥാന വിവര ശേഖരണം നടത്തുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പിനെ ചുമതലപ്പെടുത്തി ഇതിനാൽ ഉത്തരവാകുന്നു. ആയതിലേക്കായി ചുവടെ കൊടുത്തിരിക്കുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതും തുടർപ്രവർത്തനങ്ങൾ സ്വീകരിക്കേണ്ടതുമാണ്.

2. വിവര ശേഖരണവും ക്രോഡീകരണവും പരിശോധനയും കമ്പ്യൂട്ടറധിഷ്ഠിതമായി വേഗത്തിൽ പൂർത്തീകരിക്കുന്നതിനായി ദുരന്ത ബാധിതമായ എല്ലാ വീടുകളുടെയും നിലവിലുള്ള സ്ഥിതി ഒരു mobile app വഴി കെട്ടിടത്തിന്റെ അഥവാ സ്ഥലത്തിന്റെ ഫോട്ടോഗ്രാഫ് അടക്കം എത്രയും വേഗം രേഖപ്പെടുത്തി ലഭ്യമാക്കുന്നതിനായി ഉള്ള നടപടി ആരംഭിക്കേണ്ടതുണ്ട്. ഇങ്ങനെ തയ്യാറാക്കുന്ന ഡിജിറ്റൽ അടിസ്ഥാന വിവരശേഖരണം തദ്ദേശഭരണ സ്ഥാപനതല എഞ്ചിനീയർമാരും അവരെ സഹായിക്കാനായി രൂപീകരിക്കുന്ന പ്രാദേശിക സാങ്കേതിക വിദഗ്ധരും അടങ്ങുന്ന പാനലിനെ ഏൽപ്പിക്കേണ്ടതും അവർ നേരിട്ട് നടത്തുന്ന പരിശോധനയുടെയും നാശനഷ്ടവിലയിരുത്തലിന്റെയും അടിസ്ഥാനത്തിൽ സർക്കാർ നിശ്ചയിക്കുന്ന നഷ്ടപരിഹാരം അനുവദിക്കുകയും ചെയ്യേണ്ടതാണ്. തുടർപ്രവർത്തനങ്ങൾ താഴെപ്പറയുന്ന നിർവ്വഹണക്രമം മാത്രം പാലിക്കേണ്ടതാണ്.

3. നാശനഷ്ടത്തിന്റെ തോത് വിലയിരുത്തുന്നതിന് താഴെപ്പറയുന്ന രീതി സ്വീകരിക്കേണ്ടതാണ്.

കാറ്റഗറി	നാശനഷ്ട ശതമാനം	നാശനഷ്ടത്തിന്റെ തരം
1	15%	മുട്ടൊപ്പം പൊക്കത്തിൽ (50 സെ.മി) വെള്ളം കയറി, ചെറിയ കേടുപാടുകൾ വന്നു. OR 10% ത്തിൽ താഴെ മേച്ചിൽ ഓടുകൾ നഷ്ടമായി
2	16-29%-	വെള്ളം കയറിയതു കൊണ്ട് തറയ്ക്ക് കേടുപാടുകൾ വന്നു, ഇലക്ട്രിക്കൽ - പ്ലംബിങ് തകരാറുകൾ വന്നു.

		OR മേൽക്കൂരയുടെ 25 % വരെ മേച്ചിൽ ഓടുകൾ നഷ്ടമായി, ഇലക്ട്രിക്കൽ - പ്ലംബിങ് തകരാറുകൾ വന്നു.
3	30-59 %	ജനലും വാതിലും മുങ്ങുന്ന പൊക്കത്തിൽ (ലിന്റൽ ലെവൽ) വെള്ളം കയറിയത് മൂലം ചുമർ ദുർബ്ബലമായി, പൊട്ടലുകൾ വന്നു. OR 50% ൽ ഏറെ മേച്ചിൽ ഓടുകൾ നഷ്ടമായി എന്നാൽ മേച്ചിൽക്കൂട് സ്ട്രക്ചറൽ തകരാറില്ല.
4	60-74%	ഒന്നോ ഏറെ ചുമരുകൾ തകർന്നു, എന്നാൽ മേച്ചിൽ ഓടുകൾ നഷ്ടമായതല്ലാതെ മേൽക്കൂരയ്ക്ക് സ്ട്രക്ചറൽ തകരാറില്ല.
5	>75%	മേൽക്കൂര തകർന്നു. (സ്ട്രക്ചറൽ തകരാറ്)

4. ഇക്കാര്യത്തിൽ തകർക്കമുണ്ടായാൽ അപ്പീൽ നൽകുന്നതിലേയ്ക്കായി ജില്ലാ കളക്ടറെ അപ്പലേറ്റ് അതോറിറ്റിയായി നിയമിച്ച് ഉത്തരവാകുന്നു.

5. ആഗോളതലത്തിൽ ഉപയോഗിച്ച് കാര്യക്ഷമത ഉറപ്പുക്കിയിട്ടുള്ള ഓപ്പൺസോഴ്സ് ക്രൗഡ് സോഴ്സിങ് പ്ലാറ്റ്ഫോമുകൾ അടിസ്ഥാനമാക്കി, ഡിജിറ്റൽ വിവരശേഖരണത്തിനുള്ള മൊബൈൽ ആപ്പ് തയ്യാറാക്കുന്നതിനും വിവരശേഖരണം നടത്തുന്ന സന്നദ്ധസേനകളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും സംവിധാനങ്ങൾ ഏർപ്പാടാക്കിയിട്ടുണ്ട്. സർക്കാരിന്റെ വിവരസാങ്കേതികവിദ്യാ വകുപ്പിന്റെ കീഴിലുള്ള വിവിധ വകുപ്പുകളുടെ ഏകോപിത ചുമതലയാണ് മൊബൈൽ ആപ്പ് വിന്യസനവും വിവരം ശേഖരണത്തിന്റെ ക്രോഡീകരണവും സൂക്ഷിപ്പും നിർവ്വഹിക്കുക.

6. വിവരശേഖരണം നടത്തുന്ന സന്നദ്ധസേനകൾക്ക് പ്രാദേശികമായ പിന്തുണ സംവിധാനമായി തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിലുള്ള ഇൻഫർമേഷൻ കേരളാ മിഷന്റെ ടെക്നിക്കൽ വിഭാഗം പ്രവർത്തിക്കേണ്ടതും പ്രാദേശിക ഫീൽഡ് പ്രവർത്തനം അതതു തദ്ദേശസ്വയം ഭരണ സ്ഥാപനത്തിലെ ജനപ്രതിനിധികളും സെക്രട്ടറിയും ചേർന്ന് ക്രമീകരിക്കേണ്ടതുമാണ്. സന്നദ്ധസേനകൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്നു പ്രവർത്തിക്കാൻ സംവിധാനമുണ്ടാക്കുകയും, അവരുടെ പ്രവർത്തനം ഏകോപിപ്പിക്കുകയും ചെയ്യുന്നതിനുള്ള മേൽനോട്ട ചുമതല വഹിക്കാൻ താഴെപ്പറയുന്നവരടങ്ങുന്ന സംസ്ഥാനതല സമിതി രൂപീകരിച്ച് ഉത്തരവാകുന്നു.

i. ഡോ.കെ.എൻ ഹരിലാൽ, മെമ്പർ, സംസ്ഥാന ആസൂത്രണ ബോർഡ്.
ii. ആർ. ഗിരിജ ഐ.എ.എസ്, അഡീഷണൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്
iii. ഡോ. സജി ഗോപിനാഥ്, സി.ഇ.ഒ., സ്റ്റാർട്ട് അപ് മിഷൻ
iv. ഡോ. ജോയി ഇളമൺ, ഡയറക്ടർ, കില

7. നാശനഷ്ടത്തിന്റെ തോത് ശതമാനം കണക്കാക്കുന്നതിൽ തർക്കമുണ്ടായാൽ ജില്ലാകളക്ടർക്ക് അപ്പീൽ നൽകാവുന്നതാണ്. അപ്പീൽ തീർപ്പാക്കുന്നതിനായി കളക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, പൊതുമരാമത്തു വകുപ്പ് (കെട്ടിട വിഭാഗം), ഹൗസിങ് ബോർഡ് എന്നിവിടങ്ങളിൽ നിന്നായി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിൽ കുറയാത്ത രണ്ട്

പേർ അടങ്ങുന്ന പാനൽ ഉണ്ടാക്കുകയും തർക്കമുള്ള കെട്ടിടത്തിന്റെയും ഉണ്ടായ തകരാറിന്റെയും സാങ്കേതിക വിലയിരുത്തൽ നടത്തുകയും വേണം. ഈ പാനലിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കളക്ടറുടെ തീരുമാനം അന്തിമം ആയിരിക്കും.

(ഗവർണറുടെ ഉത്തരവിൻപ്രകാരം)

പി.എച്ച്.കുര്യൻ

അഡീഷണൽ ചീഫ് സെക്രട്ടറി &

സ്റ്റേറ്റ് റിലീഫ് കമ്മീഷണർ

കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം

എല്ലാ ജില്ലാ കളക്ടർമാർക്കും

മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, ഒബ്സർവേറ്ററി ഹിൽസ്, വികാസ്ഭവൻ പി.ഒ, തിരുവനന്തപുരം.

ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്

ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ്

ഡോ.കെ.എൻ ഹരിലാൽ, മെമ്പർ, സംസ്ഥാന ആസൂത്രണ ബോർഡ്.

ശ്രീമതി. ആർ. ഗിരിജ ഐ.എ.എസ്, അഡീഷണൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്

ഡോ. സജി ഗോപിനാഥ്, സി.ഇ.ഒ., സ്റ്റാർട്ട് അപ് മിഷൻ

ഡോ. ജോയി ഇളമൺ, ഡയറക്ടർ, കില

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ.&ഇ), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ, ബ്രാഞ്ച് ഓഫീസ്, കോട്ടയം

തദ്ദേശ സ്വയംഭരണ വകുപ്പ്

പൊതുഭരണ (എസ്.സി) വകുപ്പ്

വിവര പൊതുജന സമ്പർക്ക വകുപ്പ്

കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

പകർപ്പ് :- ബഹുഃ മുഖ്യമന്ത്രിയുടെ പി.എസിന്

റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രിയുടെ പി.എസിന്

ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്

അഡീഷണൽ ചീഫ് സെക്രട്ടറിയുടെ (റവന്യൂവും ദുരന്ത നിവാരണവും വകുപ്പ്) പേഴ്സണൽ സെക്രട്ടറിക്ക്

അഡീഷണൽ സെക്രട്ടറിയുടെ (ദുരന്ത നിവാരണ വകുപ്പ്)സി.എ-യ്ക്ക്

ഡി.എം.(ബി) വകുപ്പ്

ഡി.എം. (എ 4) സീറ്റിന്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

നം. എൻ2/90010/2017/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി. 03/09/2018
Phone No. 0471 – 2328438
Email: scholarshipdpi@gmail.com

സർക്കുലർ

വിഷയം :- പൊതുവിദ്യാഭ്യാസം - ദുരിതാശ്വാസ പ്രവർത്തനം - 2018 ആഗസ്റ്റിലെ പേമാരിയും, വെള്ളപ്പൊക്കവും - ദുരന്തനിവാരണ - ദുരിതാശ്വാസ പ്രവർത്തനങ്ങൾ - കേരളത്തിന്റെ പുനർ നിർമ്മാണം - വിദ്യാർത്ഥികളിലൂടെ - ഫണ്ട് ശേഖരിക്കുന്നത് - സംബന്ധിച്ച്.

സൂചന :- 31.08.2018 ലെ മന്ത്രിസഭായോഗ തീരുമാനങ്ങൾ

2018 ആഗസ്റ്റ് 9 മുതൽ സംസ്ഥാനത്ത് നടമാടിയപ്രളയദുരന്തം കേരളത്തിൽ അക്ഷരാർത്ഥത്തിൽ നാശം വിതച്ചിരിക്കുകയാണ്. കാലവർഷക്കെടുതിമൂലം നിരവധി പേർക്ക് ജീവൻ നഷ്ടപ്പെട്ടു. അനേകായിരങ്ങൾക്ക് വീടും, സമ്പാദ്യവും, വിലപ്പെട്ട രേഖകളും നഷ്ടപ്പെട്ടു. സ്കൂൾ കെട്ടിടങ്ങൾ ഉപയോഗിക്കാനാവാത്ത വിധത്തിൽ കേടുപാടുകൾ സംഭവിക്കുകയോ പൂർണമായും നശിക്കുകയോ ചെയ്തിട്ടുണ്ട്. അനേകായിരം സ്കൂൾ കുട്ടികളുടെ പാഠ പുസ്തകങ്ങൾ, യൂണിഫോം, പഠനോപകരണങ്ങൾ തുടങ്ങിയവ പൂർണ്ണമായും നശിക്കുകയോ/നഷ്ടപ്പെടുകയോ ചെയ്തു.

ഈ സാഹചര്യത്തിൽ ദുരന്തത്തിൽപ്പെട്ടവരെ സഹായിക്കുന്നതോടൊപ്പം കേരളത്തെ പുനർനിർമ്മിക്കേണ്ടത് നാം ഓരോരുത്തരുടെയും കടമയും കർത്തവ്യവുമാണ്. ആയതിനാൽ സംസ്ഥാനത്തെ എല്ലാ സർക്കാർ/എയ്ഡഡ്/അംഗീകൃത അൺ എയ്ഡഡ്, ഇതര സ്വകാര്യ സ്കൂളുകൾ/CBSE/ICSE/KV/ നവോദയ സ്കൂളുകൾ എന്നിവിടങ്ങളിലെ കുട്ടികളിൽ നിന്നും ദുരിതാശ്വാസ നിധി സ്വരൂപിക്കുന്നതിന് സൂചന പ്രകാരം തീരുമാനിച്ചിട്ടുണ്ട്. സ്കൂൾ കുട്ടികളിൽ നിന്നും സ്വരൂപിക്കുന്ന ദുരിതാശ്വാസ ഫണ്ട് പൊതുവിദ്യാഭ്യാസ വകുപ്പ് ആരംഭിച്ചിരിക്കുന്ന സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ (ജഗതി ശാഖ) ചുവടെ പറയുന്ന കറന്റ് അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ്.

കറന്റ് അക്കൗണ്ട് നമ്പർ	-	**37918513327**	**എസ്.ബി.ഐ. ജഗതി**
IFS കോഡ്	-	**SBIN0070568**	**തിരുവനന്തപുരം**

2018 സെപ്തംബർ 11 ന് കേരളത്തിലാകമാനമുള്ള സ്കൂൾ കുട്ടികളിൽ നിന്നും ദുരിതാശ്വാസ ഫണ്ട് ശേഖരിക്കുന്നതിനാണ് തീരുമാനിച്ചിരിക്കുന്നത്. ഈ ഏകദിന ധനസമാഹരണ യജ്ഞത്തിലൂടെ പരമാവധി ദുരിതാശ്വാസ നിധി സ്വരൂപിക്കുവാൻ എല്ലാ സർക്കാർ/എയ്ഡഡ്/ അംഗീകൃത അൺ എയ്ഡഡ്, ഇതര സ്വകാര്യ സ്കൂളുകൾ/CBSE /ICSE/ KV/നവോദയ സ്കൂളുകൾ എന്നിവടങ്ങളിലെ പ്രഥമാധ്യാപകർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വെബ്സൈറ്റിൽ (www.education.kerala.gov.in) നൽകിയിരിക്കുന്ന ലിങ്ക് ഉപയോഗിച്ചും സമാഹരിച്ച ഫണ്ട് പ്രസ്തുത അക്കൗണ്ടിൽ അടയ്ക്കാവുന്നതാണ്.

ഇന്റർനെറ്റ് ബാങ്കിംഗ്/ഡെബിറ്റ് കാർഡ് മുഖേന പണം നിക്ഷേപിക്കാവുന്നതാണ്. പണമായി നിക്ഷേപിക്കുകയാണെങ്കിൽ മേൽപറഞ്ഞ ലിങ്കിൽ നിന്നും ലഭിക്കുന്ന 'ചെലാൻ' ഉപയോഗിച്ച് കേരളത്തിലെ ഏത് എസ്.ബി.ഐ ശാഖയിലും മറ്റ് ചാർജ്ജുകൾ ഒന്നും നൽകാതെ പണം അടയ്ക്കാവുന്നതാണ്.

കുട്ടികളിൽ നിന്ന് ധനസമാഹരണം നടത്തുമ്പോൾ യാതൊരു കാരണവശാലും കുട്ടികളുടെ പേര് വിവരങ്ങൾ വെളിപ്പെടുത്തേണ്ടതില്ല. ക്ലാസ് തലത്തിൽ പൊതുവായി പണം ശേഖരിച്ച ശേഷം സ്കൂളിലെ പൊതുവായ ഫണ്ട് എന്ന നിലയ്ക്ക് പ്രഥമാധ്യാപകർ/പ്രിൻസിപ്പാൾ മേൽ പറഞ്ഞ അക്കൗണ്ടിലേയ്ക്ക് പണം അടയ്ക്കേണ്ടതാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ് :-
1. **എല്ലാ ഡി.ഡി.ഇ മാർക്കും**
2. **എല്ലാ ഡി.ഇ.ഒ മാർക്കും**
3. **എല്ലാ എ.ഇ.ഒ മാർക്കും**
4. **എല്ലാ സർക്കാർ/എയ്ഡഡ്/മറ്റ് പ്രൈവറ്റ് സ്കൂൾ/** CBSE/ICSE **പ്രഥമാധ്യാപകർക്കും/പ്രിൻസിപ്പൾമാർക്കും.**

സംഗ്രഹം

ദുരന്ത നിവാരണ വകുപ്പ് - പ്രളയം 2018 – ദുരിതാശ്വാസ വസ്തുക്കൾ ദുരന്തബാധിതർക്ക് വിതരണം ചെയ്യുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ - ഉത്തരവ് പുറപ്പെടുവിക്കുന്നു.

ദുരന്ത നിവാരണ (എ) വകുപ്പ്

സ.ഉ.(സാധാ)നം.480/2018/ദു.നി.വ. തിരുവനന്തപുരം, തീയതി, 04/09/2018

പരാമർശം:- 1. സ.ഉ(കൈ)നം. 13/2018/ഡി.എം.ഡി തീയതി 16/08/2018.
2. സ.ഉ(കൈ)നം. 14/2018/ഡി.എം.ഡി തീയതി 17/08/2018.
3. സ.ഉ(കൈ)നം. 16/2018/ഡി.എം.ഡി തീയതി 21/08/2018.
4. സ.ഉ(സാധാ)നം. 457/2018/ഡി.എം.ഡി തീയതി 22/08/2018.

ഉത്തരവ്

സംസ്ഥാനം അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന രൂക്ഷമായ പ്രളയക്കെടുതികളുടെ പശ്ചാത്തലത്തിൽ വിവിധ ദുരിതാശ്വാസ ക്യാമ്പുകളിൽ പാർപ്പിച്ചവരിൽ ദുരിതാശ്വാസ ക്യാമ്പുകളിൽനിന്നു വീടുകളിലേയ്ക്ക് മടങ്ങിയ എല്ലാ കുടുംബങ്ങൾക്കും ഭക്ഷ്യവസ്തുക്കളുടെയും ഭക്ഷ്യേതരവസ്തുക്കളുടെയും കിറ്റുകൾ വിതരണം ചെയ്തിരുന്നു. ചില ജില്ലകളിൽ ദുരിതാശ്വാസ ക്യാമ്പുകൾ ഇപ്പോഴും പ്രവർത്തിക്കുന്നുണ്ട്. കുറച്ചുകാലംകൂടി അവ തുടർന്നു പ്രവൃത്തിക്കാൻ സാദ്ധ്യതയുള്ളതിനാൽ നിലവിൽ ജില്ലാകളക്ടർമാരുടെ പക്കൽ ലഭ്യമായതും ഭാവിയിൽ ലഭ്യമാകുന്നതുമായ ദുരിതാശ്വാസ വസ്തുക്കൾ ദുരന്തബാധിതർക്കു വിതരണം ചെയ്യുന്നതിന് ചുവടെ കൊടുത്തിരിക്കുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

i. ലഭ്യമായ ഭക്ഷ്യ-ഭക്ഷ്യേതരവസ്തുക്കൾ ഇപ്പോഴും ദുരിതാശ്വാസ ക്യാമ്പുകൾ പ്രവർത്തിക്കുന്ന ജില്ലകളിലെ കലക്ടർമാർ, ക്യാമ്പുകളിലെ ആവശ്യം തിട്ടപ്പെടുത്തി, കൈമാറേണ്ടതാണ്.

ii. സമൂഹത്തിലെ ഏറ്റവും ദുർബല വിഭാഗമായ പട്ടികവർഗ്ഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് ഏറ്റവും മുൻഗണന നല്കേണ്ടതാണ്. വയനാട്, അട്ടപ്പാടി, നിലമ്പൂർ, ഇടുക്കി, ആറളംഫാം എന്നീ സ്ഥലങ്ങളിലെ ദുരന്തബാധിതരായ പട്ടികവർഗ്ഗത്തിൽപ്പെട്ട കുടുംബങ്ങൾക്കു ചുവടെ ചേർക്കുന്ന വസ്തുക്കൾ മുഴുവനായും വിതരണം ചെയ്യേണ്ടതാണ്.

1. ബെഡ്ഷീറ്റ്/പുതപ്പ്
2. കുട്ടികൾക്കുള്ള വസ്ത്രങ്ങൾ
3. പുരുഷന്മാർക്കുള്ള വസ്ത്രങ്ങൾ
4. സ്ത്രീകൾക്കുള്ള വസ്ത്രങ്ങൾ
5. തുണിത്തരങ്ങൾ
6. ടവ്വൽ/തോർത്ത്
7. അടിവസ്ത്രങ്ങൾ
8. സാനിറ്ററി നാപ്കിൻ
9. പാദരക്ഷകൾ

10. ബാത് സോപ്പ്
11. അലക്കുസോപ്പ്
12. വിവിധതരം മാറ്റുകൾ
13. മെത്ത
14. പായ
15. തലയിണ
16. ചൂല്/ടോയിലറ്റ് ബ്രഷ്
17. മെഴുകുതിരി
18. പാത്രങ്ങൾ - സ്റ്റീൽ/പ്ലാസ്റ്റിക്/അലുമിനിയം
19. ഗ്ലാസ് / കപ്പ് – സ്റ്റീൽ
20. പ്ലേറ്റ്
21. വിവിധതരം പാത്രങ്ങൾ
22. ബക്കറ്റ്/മഗ്ഗ്
23. മണ്ണെണ്ണ സ്റ്റൗ
24. തീപ്പെട്ടി
25. കൊതുകുനിവാരണ വസ്തുക്കൾ
26. ടൂത്ത് പേസ്റ്റ് / ടൂത്ത് ബ്രഷ്
27. ഷാംപൂ & ഹെയർ ഓയിൽ
28. സൗരോർജ വിളക്ക്/ടോർച്ച്/LED ലൈറ്റ് /ബൾബ്
29. പഠനോപകരണങ്ങൾ
30. ടിഫിൻ ബോക്സ്/വാട്ടർ ബോട്ടിൽ
31. ടാർപ്പോളിൻ

ദുരന്തബാധിതരായ പട്ടികവർഗ്ഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക്, ആദ്യം എത്തുന്നവർക്ക് ആദ്യം (First come first served) എന്ന മുൻഗണന ക്രമത്തിൽ, മേൽ വസ്തുക്കൾ ജില്ലാ കലക്ടർമാർ വിതരണം ചെയ്യേണ്ടതാണ്.

iii. ബ്ലീച്ചിംഗ് പൗഡർ, ലോഷൻ, ഗ്ലൗസ്, ശുചീകരണ ഉപകരണങ്ങൾ തുടങ്ങിയവ ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി ശുചിത്വ മിഷനു കൈമാറേണ്ടതാണ്.

iv. ആന്റിസെപ്റ്റിക് ലോഷൻ, അണുനാശിനി, ഡെറ്റോൾ, ഹാന്റ് വാഷ്, ORS, അഡൽറ്റ് ഡയപർ, മരുന്നുകൾ തുടങ്ങിയവ ആരോഗ്യ വകുപ്പിനു കൈമാറേണ്ടതാണ്.

v. കുട്ടികൾക്കാവശ്യമായ ചുവടെ ചേർക്കുന്ന വസ്തുക്കൾ ദുരന്തബാധിത പ്രദേശങ്ങളിലെ അംഗൻവാടികൾക്കു കൈമാറേണ്ടതാണ്.

1. പാക്ക്ഡ് ഫുഡ്, ഡ്രൈ ഫ്രൂട്സ്, സ്നാക്സ്
2. ബേബി ഫുഡ്
3. പാനീയങ്ങൾ
4. ബിസ്കറ്റ്, ബ്രഡ്
5. സെറിലാക്, ലാക്ടോജൻ
6. ഹോർലിക്സ്, ഓട്സ്

7. പാൽ, പാൽപ്പൊടി
8. ന്യൂഡിൽസ്
9. റവ, റാഗി
10. പായസക്കൂട്ട്, സേമിയ
11. ശർക്കര
12. തേയില, കാപ്പിപ്പൊടി
13. ബേബി ക്രീം/ലോഷൻ
14. കുട്ടികൾക്കുള്ള ഡയപർ
15. സോപ്പുപൊടി
16. ഗ്യാസ് സ്റ്റൗ

മേൽ വസ്തുക്കൾ ലഭ്യമായ ജില്ലകളിൽനിന്ന് സാമൂഹ്യനീതി വകുപ്പ് സെക്രട്ടറി അവ കൈപ്പറ്റേണ്ടതാണ്.

മേൽ വസ്തുക്കളിൽ കുട്ടികൾക്കാവശ്യമായ ഭക്ഷ്യവസ്തുക്കൾ ഉപയോഗിക്കുന്നതിനുമുമ്പ് അംഗൻവാടി അധികൃതർ അവ കർശനമായി പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തേണ്ടതാണ്.

vi. പറവൂർ (എറണാകുളം), കുട്ടനാട് (ആലപ്പുഴ), കൊടുങ്ങല്ലൂർ (തൃശ്ശൂർ), വൈക്കം (കോട്ടയം) എന്നീ താലൂക്കുകളിലെ ദുരന്തബാധിതരായ ഏറ്റവും പാവപ്പെട്ട കുടുംബങ്ങൾക്ക്, ആദ്യം എത്തുന്നവർക്ക് ആദ്യം എന്ന മുൻഗണന ക്രമത്തിൽ (First come first served), ചുവടെ ചേർക്കുന്ന വസ്തുക്കൾ വിതരണം ചെയ്യേണ്ടതാണ്.

1. അരി
2. അരിപ്പൊടി
3. അവൽ
4. കടല
5. പരിപ്പ്
6. ഉഴുന്ന്
7. പയർ വർഗ്ഗങ്ങൾ
8. തേങ്ങ
9. വെളിച്ചെണ്ണ
10. ഭക്ഷ്യ എണ്ണ
11. പഞ്ചസാര
12. മുളകുപൊടി
13. മല്ലിപ്പൊടി, മഞ്ഞൾപ്പൊടി
14. മസാലപ്പൊടി, സാമ്പാർപ്പൊടി
15. ഡാൽഡാ/നെയ്യ്
16. മുതിര
17. സവാള
18. ചെറിയ ഉള്ളി
19. ഉരുളക്കിഴങ്ങ്
20. പച്ചക്കറികൾ

21. അച്ചാർ, പപ്പടം
22. ഉപ്പ്
23. സോയ

ഈ പ്രവർത്തനങ്ങൾക്കായി കുടുംബശ്രീയുടെ സേവനം ജില്ലാ കലക്ടർമാർ ഉപയോഗപ്പെടുത്താവുന്നതാണ്.

vii. ലഭ്യമായ കുപ്പിവെള്ളം ആലപ്പുഴ ജില്ലയിലെ ദുരന്തബാധിതർക്കു വിതരണം ചെയ്യേണ്ടതാണ്.

viii. ഭാവിയിൽ ലഭ്യമാകുന്ന ദുരിതാശ്വാസ വസ്തുക്കൾ വിതരണം ചെയ്യുന്നതിന് മേൽ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻപ്രകാരം)
പി. എച്ച്. കുര്യൻ
അഡീഷണൽ ചീഫ് സെക്രട്ടറി

കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, ഒബ്സർവേറ്ററി ഹിൽസ്, വികാസ്ഭവൻ പി.ഒ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ.&ഇ), കേരള, തിരുവനന്തപുരം
ആരോഗ്യ വകുപ്പ്
വിവര പൊതുജന സമ്പർക്ക വകുപ്പ്
സാമൂഹ്യ നീതി വകുപ്പ്
സാമൂഹ്യ ക്ഷേമ വകുപ്പ്
പട്ടികജാതി പട്ടിക വർഗ്ഗ വികസന വകുപ്പ്
പൊതുമരാമത്ത് വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്
പകർപ്പ് :- ബഹു: മുഖ്യമന്ത്രിയുടെ പി.എസിന്
റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രിയുടെ പി.എസിന്
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്
അഡീഷണൽ ചീഫ് സെക്രട്ടറിയുടെ (റവന്യൂവും ദുരന്ത നിവാരണവും വകുപ്പ്) പേഴ്സണൽ സെക്രട്ടറിക്ക്
അഡീഷണൽ സെക്രട്ടറിയുടെ (ദുരന്ത നിവാരണ വകുപ്പ്)സി.എ-യ്ക്ക്
അഡീഷണൽ ചീഫ് സെക്രട്ടറി, ആരോഗ്യ വകുപ്പ്
അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്
സ്പെഷ്യൽ സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ്
പൊതുഭരണ (എസ്.സി) വകുപ്പ്
ഡി.എം.(ബി) വകുപ്പ്

ഉത്തരവിൻപ്രകാരം
സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

പൊതുഭരണ വകുപ്പ് - സംസ്ഥാനത്തെ പ്രളയക്കെടുതിയുടെ പശ്ചാത്തലത്തിൽ സർക്കാരിന്റെ ആഭിമുഖ്യത്തിലുള്ള ഉത്സവ ആഘോഷപരിപാടികൾ ഒരു വർഷത്തേക്ക് ഒഴിവാക്കികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതുഭരണ (ഏകോപനം) വകുപ്പ്

സ.ഉ. (കൈ)നം. 195/2018/പൊഭവ തീയതി, തിരുവനന്തപുരം, 04/09/2018

ഉത്തരവ്

സംസ്ഥാനത്തുണ്ടായ പ്രളയക്കെടുതിയുടെ പശ്ചാത്തലത്തിൽ സർക്കാരിന്റെ ആഭിമുഖ്യത്തിലുള്ളതും, സർക്കാരിന്റെ ഫണ്ട് ഉപയോഗിച്ച് നടത്തുന്നതുമായ ഫിലിം ഫെസ്റ്റിവൽ യുവജനോത്സവം, കലോത്സവം, വിനോദസഞ്ചാര വകുപ്പിന്റേതുൾപ്പെടെയുള്ള എല്ലാ വകുപ്പുകളുടെയും ആഘോഷപരിപാടികൾ ഒരു വർഷത്തേയ്ക്ക് ഒഴിവാക്കികൊണ്ട് ഉത്തരവാകുന്നു. ഇതിനായി നീക്കിവച്ചിട്ടുള്ള തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിലേക്ക് നൽകുവാൻ വകുപ്പ് അദ്ധ്യക്ഷൻമാരും വകുപ്പുമേധാവികളും സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
ബിശ്വനാഥ് സിൻഹ
പ്രിൻസിപ്പൽ സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും, സ്പെഷ്യൽ സെക്രട്ടറിമാർക്കും
ഗവർണറുടെ സെക്രട്ടറി, രാജ് ഭവൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
സെക്രട്ടറി, നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
എല്ലാ പൊതുമേഖലാ, സ്വയംഭരണ സ്ഥാപനങ്ങളുടേയും മേധാവികൾക്ക്
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ വകുപ്പു മേധാവികൾക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
രജിസ്ട്രാർ, കേരള അഡ്മിന്സ്ട്രേറ്റീവ് ട്രൈബ്യൂണൽ (ആമുഖ കത്ത് സഹിതം)
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം)
രജിസ്ട്രാർ, കേരള ലോകായുക്ത, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, പട്ടം, തിരുവനന്തപുരം
സെക്രട്ടറി, സംസ്ഥാന വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം
രജിസ്ട്രാർ, കേരള /കാലിക്കറ്റ്/ കുസാറ്റ് /കണ്ണൂർ/മഹാത്മാഗാന്ധി/ആരോഗ്യ - സർവ്വകലാശാലകൾ
രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല, മണ്ണുത്തി, തൃശൂർ
രജിസ്ട്രാർ, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി. പി.ഓ, എറണാകുളം
രജിസ്ട്രാർ, കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് & അലൈഡ് സയൻസസ്, തൃശൂർ-680 596
രജിസ്ട്രാർ, കേരള വെറ്ററിനറി & ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി, ക്യാമ്പ് ഓഫീസ്, കേരള കാർഷിക സർവ്വകലാശാലാ ക്യാമ്പസ്, മണ്ണുത്തി, തൃശൂർ
രജിസ്ട്രാർ, കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആന്റ് ഓഷൻ സ്റ്റഡീസ്, പനങ്ങാട്, കൊച്ചി
ഡയറക്ടർ, വൊക്കേഷണൽ ഹയർ സെക്കൻഡറി എഡ്യൂക്കേഷൻ, തിരുവനന്തപുരം.
ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് പബ്ലിക് ഇൻസ്ട്രക്ഷൻ, ജഗതി, തിരുവനന്തപുരം.
ഡയറക്ടർ, എനർജി മാനേജ്മെന്റ് സെന്റർ, ശ്രീകൃഷ്ണ നഗർ, ശ്രീകാര്യം, തിരുവനന്തപുരം - 695 017
നിയമം, ധനകാര്യം ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് (മാധ്യമങ്ങളിലൂടെ വിപുലമായ പ്രചരണത്തിന്)
വെബ് & ന്യൂ മീഡിയ (സർക്കാർ വെബ്സൈറ്റിൽ ചേർക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

GOVERNMENT OF KERALA

Abstract

Disaster Management (A) Department – Executive Sub Committee for Disaster Management for the Mullaperiyar Dam – modified - Orders issued.

DISASTER MANAGEMENT (A) DEPARTMENT

G.O.(Rt)No.475/2018/DMD Dated 04/09/2018,Thiruvananthapuram

Read 1 G.O.(Rt)No.360/2018/DMD dated 23.06.2018

2 Lr No.DM/57/2011/KSDMA dated 25.06.2018 from Member Secretary, Kerala State Disaster Management Authority (KSDMA).

3 G.O.(Rt)No.463/2018/DMD dated 29.08.2018

ORDER

As per Government Order read as 1st paper above, Government have constituted a sub-committee Under Section 21 of the DM Act 2005, exclusively to monitor measures for ensuring a high level preparedness to face any disaster which is unpredictable in relation to Mullaperiyar Dam. Subsequently modification has been sanctioned as per GO read as 3rd paper above based on the proposal of Member Secretary, Kerala State Disaster Management Authority.

2) It has come to the notice of Government that the Members viz, Additional Chief Secretary Health and Additional Chief Secretary Finance has no relevance to the subject matter, Government re-examined the matter in detail and are pleased to reconstitute the Sub-Committee with the following members.

Additional Chief Secretary, Revenue & DM Department – Chairperson
Additional Chief Secretary, Home Department – Member
Secretary, Water Resources Department – Member
Secretary, LSGD – Member
Member Secretary, KSDMA – Convenor
Deputy Director, Periyar Tiger Reserve, Thekkady – Member
Chief Engineer, ISW, Irrigation Department – Member
Chief Engineer, Dam Safety, KSEB – Member
District Collector, Idukki

3) The Government Order read as 1st and 3rd are hereby cancelled.

(By order of the Governor)
P.H.KURIAN
Additional Chief Secretary

To:

The Secretary, Ministry of Water Resources, River Development & Ganga Rejuvenation, Room No.412, Shakthi Bhawan, Rafi Marg, New Delhi – 110 001
The Under Secretary, Ministry of Home Affairs, DM Division, C-wing, 3rd Floor, NDCC-II, Jai Singh Road, New Delhi – 110001
The Secretary, Water Resources Department

File No.DM1/212/2018-DMD

I/3534295/2018

The Secretary, Local Self Government Department
The Commissioner, Land Revenue, Thiruvananthapuram
The Additional Chief Secretary, Home Affairs, Thiruvananthapuram
The District Collector, Idukki
The Member Secretary, KSDMA, Thiruvananthapuram
The Superintendent of Police, Idukki – 685 601
The Deputy Director, Periyar Tiger Reserve, Thekkady – 685 536
The Chief Engineer, ISW, Irrigation Department, Vikas Bhavan,Thiruvananthapuram
The Chief Engineer, Dam Safety, KSEB, Vydyuthi Bhavan, Pattom
Water Resources Department
Local Self Government Department
Power Department
Forest Department
The Web and New Media, I & PRD (webprd@kerala.gov.in)
Stock File / Office Copy

Copy to :
PS to Minister, Water Resources
PS to Minister, Revenue & Housing
AS to Chief Secretary
PS to Additional Chief Secretary, DMD
PS to Additional Chief Secretary, Home Affairs Department
CA to Additional Secretary, DMD

Forwarded /By order

Section Officer

കേരള സർക്കാർ

സംഗ്രഹം

ധനകാര്യവകുപ്പ്- പ്രളയ ദുരന്തത്തിൽ നഷ്ടപ്പെട്ട ട്രഷറി രേഖകളുടെ ഡ്യൂപ്ളിക്കേറ്റ് നൽകുന്നതിനുള്ള ഫീസ് ഇളവ് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

ധനകാര്യ (സ്ക്രീനിംഗ്) വകുപ്പ്

സ.ഉ. (സാധാ) നം.**7431/2018/ധന**. തിരുവനന്തപുരം, തീയതി **05.09.2018**

പരാമർശം - 1.. ട്രഷറി ഡയറക്ടറുടെ 31/08/2018-ലെ എ 3/17085/2018 നമ്പർ കത്ത്.

ഉത്തരവ്

പരാമർശത്തിലെ കത്ത് പ്രകാരം പ്രളയ ദുരന്തത്തിൽ നഷ്ടപ്പെട്ട ട്രഷറി രേഖകളുടെ ഡ്യൂപ്ളിക്കേറ്റ്/പകരം പുതിയവ നൽകുന്നതിന് നിരവധി അപേക്ഷകൾ ലഭിച്ചു കൊണ്ടിരിക്കുന്നുവെന്നും, നിലവിലെ നിയമമനുസരിച്ച് ഓരോന്നിനും നിർണ്ണയിക്കപ്പെട്ട ഫീസുകൾ/ചാർജ്ജുകൾ എന്നിവ ഒടുക്കിയാൽ മാത്രമേ ഇടപാടുകാർക്ക് പ്രസ്തുത രേഖകളുടെ ഡ്യൂപ്ളിക്കേറ്റ്/പുതിയവ വിതരണം ചെയ്യാൻ കഴിയുകയുള്ളൂ എന്നും ട്രഷറി ഡയറക്ടർ അറിയിച്ചിരിക്കുന്നു. അപ്രതീക്ഷിതമായുണ്ടായ ദുരന്തത്തിൽ നഷ്ടപ്പെട്ട പ്രസ്തുത രേഖകൾ അടിയന്തിരമായി തന്നെ പ്രത്യേക കൗണ്ടറുകൾ സജ്ജീകരിച്ചുകൊണ്ട് വിതരണം ചെയ്യേണ്ടത് അനിവാര്യമാകയാൽ രേഖകളുടെ പകർപ്പുകൾ ഫീസ്/ചാർജ്ജ് ഇല്ലാതെ തന്നെ നൽകുന്നതിനാവശ്യമായ ഉത്തരവ് നൽകണമെന്നാവശ്യപ്പെട്ടിരിക്കുകയാണ്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, പ്രളയ ദുരിതത്തിൽ നഷ്ടപ്പെട്ട താഴെ പറയുംപ്രകാരമുള്ള രേഖകൾ **പ്രളയ ദുരിതത്തിൽ കഷടപ്പെടുന്ന ട്രഷറി ഇടപാടുകാരിൽ നിന്നും,** പ്രസ്തുത രേഖകൾ സമീപകാലത്തുണ്ടായ പ്രളയത്തിൽ നഷ്ടപ്പെട്ടതാണെന്ന്, വ്യക്തിഗത രേഖകളെ സംബന്ധിച്ച് ഗസറ്റഡ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ സത്യവാങ്ങ് മൂലവും ഓഫീസ് രേഖകൾക്ക് അതാത് ഡിഡിഒ മാരുടെ സർട്ടിഫിക്കറ്റും എഴുതി വാങ്ങിയ ശേഷം ചാർജ്ജ്/ഫീസ് ഇല്ലാതെ തന്നെ 31/10/2018 വരെ നൽകുന്നതിന് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. ട്രഷറി ബിൽബുക്ക്
2. സേവിംഗ്സ് ബാങ്ക് ചെക്ക് ബുക്ക്/പാസ് ബുക്ക്
3. ചലാനടച്ചതിന്റെ സർട്ടിഫിക്കറ്റ് ഓഫ് റെമിറ്റൻസ്
4. ടോക്കൺ
5. പി പി ഒ-യുടെ ഡ്യൂപ്ലിക്കറ്റ്(പെൻഷൻ ബുക്കിന്റെ പെൻഷണറുടെ ഭാഗം)

ട്രഷറി ഡയറക്ടർ എല്ലാ ട്രഷറി ഓഫീസർമാർക്കും ഇതു സംബന്ധിച്ച് വേണ്ട നിർദ്ദേശം നൽകേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

സുരേഷ് കുമാർ ഒ.ബി.
അണ്ടർ സെക്രട്ടറി (ധനകാര്യം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ജി & എസ്.എസ്.എ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്. എ) കേരള, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
പ്രസിദ്ധീകരണത്തിന്(പബ്ലിക് റിലേഷൻസ് വകുപ്പ്)
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

GOVERNMENT OF KERALA

Abstract

Disaster Management Department – Kerala Flood 2018 - Finalisation of the beneficiaries list eligible for Rs. 10,000/- - Orders issued.

DISASTER MANAGEMENT (A) DEPARTMENT

G.O.(Rt)No.484/2018/DMD Dated, Thiruvananthapuram, **05/09/2018**

Read:- G.O.(Ms) No.13/2018/DMD dated 16.08.2018

ORDER

The list of beneficiaries eligible for Rs. 10,000/- shall be sealed and finalised as on today (5-09-2018). The transfer of funds to the account of these finalised list shall continue. No fresh addition of beneficiary is permitted hereafter.

2. If any person has a complaint of non-inclusion, he/she shall approach the concerned Tahsildar and file a petition. The Tahsildar shall conduct a detailed inquiry and dispose the matter on a case by case basis, here after.

(BY ORDER OF THE GOVERNOR)
P.H.KURIAN
Additional Chief Secretary &
State Relief Commissioner

To
All Additional Chief Secretaries / Principal Secretaries / Secretaries
The Commissioner, Land Revenue, Thiruvananthapuram
All District Collectors
The Member Secretary, KSDMA, Observatory Hills, Vikas Bhavan P.O., Thiruvananthapuram
All District Treasury Officers (Through Treasury Director, Thiruvananthapuram)
The Principal Accountant General (Audit) Kerala, Thiruvananthapuram
The Accountant General (A&E) Kerala, Thiruvananthapuram
The Accountant General, Branch Office, Kottayam, Kozhikode, Thrissur, Ernakulam
Revenue (DRF) Department
Web & New Media, I& PRD
Stock File / Office Copy

Copy to
The PS to Chief Minister
The PS to Minister for Revenue and Disaster Management
The Special Secretary to Chief Secretary
The PS to Additional Chief Secretary (Revenue & DM)
CA to Special Secretary (Revenue)
CA to Additional Secretary (Revenue & DM)

Forwarded / By order

Section Officer

GOVERNMENT OF KERALA

Abstract

Disaster Management Department – Kerala Flood 2018 - Fixing flood marking plates for permanent marking of highest flood line in flood affected Government Buildings, electric poles, Local Self Government buildings, Schools, Hospitals, Public Libraries, Public Sector Undertakings and buildings of Government Aided Institutions – Sanctioned - Orders issued.

DISASTER MANAGEMENT (A) DEPARTMENT

G.O.(Rt)No. 483/2018/DMD Dated, Thiruvananthapuram, 05/09/2018

Read:- Note No.DM/938/2018/SDMA dated 31/08/2018 from the Additional Chief Secretary, Disaster Management Department.

ORDER

The Kerala State Disaster Management Authority has resolved to fix flood marking plates for permanent marking of highest flood line in flood affected Government buildings, electric poles, Local Self Government buildings, Schools, Hospitals, Public Libraries, Public Sector Undertakings and buildings of Government Aided Institutions.

2) The Government are pleased to order that all Government Departments, Local Self Government Institutions, Public Sector Undertakings, Government Aided Institutions, Kerala State Electricity Board Ltd., Schools, Hospitals and Public Libraries shall fix flood marking plates for permanent marking of highest flood line in flood affected Government Buildings, electric poles, Local Self Government Buildings, Schools, Hospitals, Public Libraries, buildings of Public Sector Undertakings and buildings of Government Aided Institutions indicating the maximum attatined water level from the ground level of the structure/building with date of the flood inscribed in it.

3) The flood marking plate shall be placed at the maximum flood water level that the specific structure/building was impacted. The flood marking plate shall contain the following information 1) maximum water level in meters as measured from the ground level of the building/structure and 2) the date that the flood water reached the maximum water level. A standard template for the plate is attached as follows.

2018ലെ വെള്ളപ്പൊക്കം **(Kerala Flood 2018)** _____ മീറ്റർ (Meters)
_____ തീയതി (Date)

4) The District Collectors shall direct all concerned Officers to ensure compliance to this within two weeks from the date of this order. The District Collectors shall book

the expenditure for this under Flood-Other Items (5% capacity building grant), except the cost incurred by Kerala State Electricity Board Ltd (KSEBL) and Public Sector Undertakings. Kerala State Electricity Board Ltd (KSEBL) and Public Sector Undertakings shall spend their own funds for this purpose.

(BY ORDER OF THE GOVERNOR)
P.H.KURIAN
Additional Chief Secretary to Govt.

To

The Commissioner, Land Revenue, Thiruvananthapuram
All District Collectors
The Member Secretary, Kerala State Disaster Management Authority and Observatory Hills, Vikas Bhavan P.O, Thiruvananthapuram-33
The Director, Panchayath Directorate, Thiruvananthapuram
The Director, Urban Affairs, Thiruvananthapuram
The Director, Health Services, Thiruvananthapuram
The Commissioner, Rural Development, Thiruvananthapuram
The Director of Public Instructions, Thiruvananthapuram
The Director, Higher Education, Thiruvananthapuram
The Director, Collegiate Education, Thiruvananthapuram
All Heads of Departments
The Chief Managing Director, Kerala State Electricity Board Ltd
The Managing Director, Public Sector Undertakings
The Principal Accountant General (A&E)/(Audit) Kerala, Thiruvananthapuram.
All Treasury Officers (through Director of Treasuries, Thiruvananthapuram)
Stock File/Office Copy.

Copy to:-
PS to Chief Minister
PS to Minister (Revenue & Housing)
AS to Chief Secretary
PS to Additional Chief Secretary (Revenue & DM)
I & PR (Web & New Media) Department

Forwarded/By Order,

Section Officer

ഹയർസെക്കന്ററിഡയറക്ടറുടെ
കാര്യാലയം,ഹൗസിംഗ്ബോർഡ്
ബിൽഡിംങ്സ്, ശാന്തിനഗർ,
തിരുവനന്തപുരം

നം.എസിഡി.സി.2/125872/2018/എച്ച്.എസ്.ഇ തീയതി: 06/09/2018

സർക്കുലർ

വിഷയം: ഹ.സെ.വി. - ദുരിതാശ്വാസ പ്രവർത്തനം - 2018 ആഗസ്റ്റിലെ പേമാരിയും, വെള്ളപ്പൊക്കവും - ദുരന്തനിവാരണ - ദുരിതാശ്വാസ പ്രവർത്തനങ്ങൾ - കേരളത്തിന്റെ പുനർ നിർമ്മാണം - വിദ്യാർത്ഥികളിലൂടെ - ഫണ്ട് ശേഖരിക്കുന്നത് സംബന്ധിച്ച്.

സൂചന: 31/08/2018 ലെ മന്ത്രിസഭായോഗ തീരുമാനങ്ങൾ.

പ്രളയദുരന്തം വരുത്തിവെച്ച സമാനതകളില്ലാത്ത ദുരിതങ്ങളെ അതിജീവിക്കാനുള്ള പരിശ്രമത്തിലാണ് കേരളം. ഒരൊറ്റ ദിനം കൊണ്ട് ജീവിതത്തിൽ അതു വരെ നേടിയ സർവ്വതും നഷ്ടപ്പെട്ട നിസ്സഹായരായ മനുഷ്യരാണ് നമുക്കു ചുറ്റുമുള്ളത്. നിരവധി പേർക്ക് ജീവൻ നഷ്ടപ്പെട്ടു. സ്കൂൾ കെട്ടിടങ്ങൾ ഉപയോഗിക്കാനാവാത്ത വിധത്തിൽ കേടുപാടുകൾ സംഭവിക്കുകയോ പൂർണ്ണമായും നശിക്കുകയോ ചെയ്തിട്ടുണ്ട്. അനേകായിരം കുട്ടികളുടെ പാഠപുസ്തകങ്ങൾ, പഠനോപകരണങ്ങൾ തുടങ്ങിയവ പൂർണ്ണമായും നശിക്കുകയോ/നഷ്ടപ്പെടുകയോ ചെയ്തു. നിത്യജീവിതത്തിന്റെ അടിസ്ഥാനാവശ്യങ്ങൾ നിർവ്വഹിക്കാൻ പോലുമാകാതെ ജീവിതത്തിനു മുന്നിൽ പകച്ചു നിൽക്കുന്ന നമ്മുടെ സഹോദരങ്ങളെ ജീവിതത്തിന്റെ പ്രതീക്ഷകളിലേക്ക് തിരികെയെത്തിക്കേണ്ടത് ഒരു സാമൂഹ്യജീവി എന്ന നിലയിൽ നമ്മളോരോരുത്തരുടേയും ചുമതലയാണ്. ദുരന്ത സന്ദർഭങ്ങളിൽ നാം പ്രകടിപ്പിച്ച സഹജീവി സ്നേഹത്തിന്റെ ഉദാത്തമാതൃക നമുക്ക് തുടരേണ്ടതുണ്ട്. കൊച്ചുകുട്ടികളുടെ സമ്പാദ്യക്കുടുക്ക മുതൽ മുതിർന്ന പൗരന്മാരുടെ പെൻഷൻ തുക വരെ യാതൊരു വൈമനസ്യവുമില്ലാതെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് പ്രവഹിക്കുന്ന ആവേശകരമായ കാഴ്ചയാണ് നാം ദിവസേന കണ്ടുകൊണ്ടിരിക്കുന്നത്. നമുക്കും ഈ മഹായജ്ഞത്തിന്റെ ഭാഗമാകേണ്ടതുണ്ട്.

സംസ്ഥാനത്തെ എല്ലാ സർക്കാർ/എയ്ഡഡ്/അംഗീകൃത അൺഎയ്ഡഡ്, ഇതര സ്വകാര്യ സ്കൂളുകൾ/CBSE/ICSE/KV/നവോദയ സ്കൂളുകൾ എന്നിവിടങ്ങളിലെ കുട്ടികളിൽ നിന്നും ദുരിതാശ്വാസ നിധി സ്വരൂപിക്കുന്നതിന് സൂചന പ്രകാരം തീരുമാനിച്ചിട്ടുണ്ട്. കുട്ടികളിൽ നിന്നും സ്വരൂപിക്കുന്ന

ദുരിതാശ്വാസ ഫണ്ട് പൊതുവിദ്യാഭ്യാസ വകുപ്പ് ആരംഭിച്ചിരിക്കുന്ന സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ (ജഗതി ശാഖ) ചുവടെ പറയുന്ന കറന്റ് അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ്.

കറണ്ട് അക്കൗണ്ട് നമ്പർ - 37918513327	}	**എസ്.ബി.ഐ., ജഗതി,**
IFS കോഡ് - SBIN0070568		**തിരുവനന്തപുരം**

2018 സെപ്തംബർ 11 ന് കേരളത്തിലാകമാനമുള്ള സ്കൂൾ കുട്ടികളിൽ നിന്നും ദുരിതാശ്വാസ ഫണ്ട് ശേഖരിക്കുന്നതിനാണ് തീരുമാനിച്ചിരിക്കുന്നത്. ഈ ഏകദിന ധനസമാഹരണ യജ്ഞത്തിലൂടെ പരമാവധി ദുരിതാശ്വാസ നിധി സ്വരൂപിക്കുവാൻ എല്ലാ സർക്കാർ/എയ്ഡഡ്/അംഗീകൃത അൺഎയ്ഡഡ്, ഇതര സ്വകാര്യസ്കൂളുകൾ/ CBSE/ICSE/KV/നവോദയ സ്കൂളുകൾ എന്നിവിടങ്ങളിലെ പ്രിൻസിപ്പൽമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വെബ്സൈറ്റിൽ (www.education.kerala.gov.in) നൽകിയിരിക്കുന്ന ലിങ്ക് ഉപയോഗിച്ചും സമാഹരിച്ച ഫണ്ട് പ്രസ്തുത അക്കൗണ്ടിൽ അടയ്ക്കാവുന്നതാണ്.

ഇന്റർനെറ്റ് ബാങ്കിംങ്/ഡെബിറ്റ് കാർഡ് മുഖേന പണം നിക്ഷേപിക്കാവുന്നതാണ്. പണമായി നിക്ഷേപിക്കുകയാണെങ്കിൽ മേൽപറഞ്ഞ ലിങ്കിൽ നിന്നും ലഭിക്കുന്ന "ചെലാൻ" ഉപയോഗിച്ച് കേരളത്തിലെ ഏത് എസ്.ബി.ഐ. ശാഖയിലും മറ്റ് ചാർജ്ജുകൾ ഒന്നും നൽകാതെ പണം അടയ്ക്കാവുന്നതാണ്.

കുട്ടികളിൽ നിന്ന് ധനസമാഹരണം നടത്തുമ്പോൾ യാതൊരു കാരണവശാലും കുട്ടികളുടെ പേര് വിവരങ്ങൾ വെളിപ്പെടുത്തേണ്ടതില്ല. ക്ലാസ് തലത്തിൽ പൊതുവായി പണം ശേഖരിച്ച ശേഷം സ്കൂളിലെ പൊതുവായ ഫണ്ട് എന്ന നിലയ്ക്ക് പ്രിൻസിപ്പാൾ മേൽ പറഞ്ഞ അക്കൗണ്ടിലേയ്ക്ക് പണം അടയ്ക്കേണ്ടതാണ്.

ഒപ്പ്

ഡയറക്ടർ

ഹയർ സെക്കൻഡറി വിദ്യാഭ്യാസം

പകർപ്പ്:

1. എല്ലാ ആർ.ഡി.ഡി. മാർക്കും
2. എല്ലാ സർക്കാർ/എയ്ഡഡ്/അൺ എയ്ഡഡ്/മറ്റ് പ്രൈവറ്റ് സ്കൂൾ/ CBSE/ICSE/KV/നവോദയ സ്കൂളുകൾ പ്രിൻസിപ്പൽമാർക്കും

കേരള സർക്കാർ

സംഗ്രഹം

ദുരന്ത നിവാരണ വകുപ്പ് - പ്രളയം 2018 - പ്രളയക്കെടുതികൾ - വീട് നഷ്ടപ്പെട്ടവരുടെ പുനരധിവാസം - വാസയോഗ്യമായ ഭൂമി കണ്ടെത്തി വീടുകൾ / ഫ്ലാറ്റുകൾ നിർമ്മിക്കുന്നത് സംബന്ധിച്ച് നടപടി സ്വീകരിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ദുരന്ത നിവാരണ (എ) വകുപ്പ്

സ.ഉ.(സാധാ)നം.**486/2018/ഡി.എം.ഡി.** തിരുവനന്തപുരം, തീയതി, **06/09/2018**

പരാമർശം: റവന്യൂ വകുപ്പ് മന്ത്രിയുടെ 06.09.2018-ലെ 198/N/M(Rev)/18 നമ്പർ കുറിപ്പ്

ഉത്തരവ്

കേരള സംസ്ഥാന നാളിതുവരെ ദർശിച്ചിട്ടില്ലാത്ത പ്രളയവും കാലവർഷക്കെടുതികളുമാണ് ഇക്കഴിഞ്ഞ ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ ഉണ്ടായത്. ഉരുൾപൊട്ടലും മണ്ണിടിച്ചിലും കാരണം പല വീടുകളും മണ്ണിനടിയിലായി. പ്രളയം കാരണം ചില വീടുകളിൽ രണ്ട് നില വരെ വെള്ളം കയറുന്ന സാഹചര്യവും ഉണ്ടായി. വെള്ളം കയറിയ ചില വീടുകൾ തകർന്നു വീഴാതെ നിലനിൽക്കുന്നുണ്ടെങ്കിലും ഭൂമി വിണ്ടു കീറി നിൽക്കുന്നതുകൊണ്ടും കുന്നുകളും മലകളും ഇടിഞ്ഞു വീഴാൻ പാകത്തിൽ നിൽക്കുന്നതുകൊണ്ടും താമസത്തിന് യോഗ്യമല്ലാതായിത്തീർന്നിട്ടുണ്ട്. പ്രളയവും കാലവർഷക്കെടുതികളും മൂലം വീട് നഷ്ടപ്പെട്ടവരെയും, വീട് വാസയോഗ്യമല്ലാതായിത്തീർന്നവരെയും വാസയോഗ്യമായതും പരിസ്ഥിതിക്ക് അനുയോജ്യമായതുമായ ഭൂമിയിൽത്തന്നെ പുനരധിവസിപ്പിക്കേണ്ടതുണ്ട്. ആയതിനാൽ വാസയോഗ്യമല്ലാത്തതും പരിസ്ഥിതിക്ക് അനുയോജ്യമല്ലാത്തതുമായ ഭൂമി ഒഴിവാക്കിക്കൊണ്ട് പുനരധിവാസം സാധ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

2. വാസയോഗ്യമല്ലാത്തതും പരിസ്ഥിതിക്ക് അനുയോജ്യമല്ലാത്തതുമായ ഭൂമി ഏതാണെന്ന് കണ്ടെത്തി അതിനുപകരം പ്രളയ ദുരന്ത ബാധിതർക്ക് വാസയോഗ്യമായതും പരിസ്ഥിതിക്ക് അനുയോജ്യമായതുമായ ഭൂമി നൽകി അതിൽ വീടുകൾ വച്ച് താമസിപ്പിക്കുകയോ ഭൂമിയുടെ ലഭ്യത കുറവുള്ള പ്രദേശങ്ങളിൽ ഫ്ലാറ്റുകൾ നിർമ്മിച്ച് അതിൽ താമസിപ്പിക്കുകയോ ചെയ്യേണ്ടതുണ്ട്.

3. എല്ലാ ജില്ലാ കളക്ടർമാരും അവരവരുടെ ജില്ലകളിൽ മേൽപ്പറഞ്ഞ പ്രകാരം എത്ര കുടുംബങ്ങളെ മാറ്റിപ്പാർപ്പിക്കേണ്ടി വരുമെന്നത് കണ്ടെത്തി അവർക്ക് മേൽപ്പറഞ്ഞ രീതിയിൽ പുനരധിവാസം സാധ്യമാക്കുന്നതിന് വാസയോഗ്യമായതും പരിസ്ഥിതിക്ക് അനുയോജ്യമായതുമായ ഭൂമി കണ്ടെത്തി ഈ ഉത്തരവ് തീയതി മുതൽ 3 ആഴ്ചയ്ക്കുള്ളിൽ സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

4. സർക്കാർ ഭൂമിയോ പുറമ്പോക്ക് ഭൂമിയോ മറ്റ് വകുപ്പുകളുടെ കൈവശം ഉപയോഗിക്കാതെ കിടക്കുന്ന ഭൂമിയോ സന്നദ്ധ സംഘടനകളോ, വ്യക്തികളോ, സ്ഥാപനങ്ങളോ സംഭാവന ചെയ്യുന്ന ഭൂമിയോ ഇതിനായി ഉപയോഗിക്കാവുന്നതാണ്. ഭൂമി ലഭ്യമായിട്ടുള്ളിടത്ത് ഓരോ കുടുംബത്തിനും 3 മുതൽ 5 സെന്റ് വരെ ഭൂമി നൽകി അതിൽ വീടുകൾ നിർമ്മിക്കുകയും ഭൂമി ലഭ്യത കുറവുള്ളയിടങ്ങളിൽ ഫ്ളാറ്റുകൾ നിർമ്മിക്കുകയും ചെയ്യുകൊണ്ട് പുനരധിവസിപ്പിക്കുന്നതിന് ഊന്നൽ നൽകേണ്ടതാണ്.

5. ലാന്റ് റവന്യൂ കമ്മീഷണർ ഇത് സംബന്ധിച്ച പ്രവർത്തനം ഏകോപിപ്പിക്കുകയും ക്രോഡീകരിച്ച റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുകയും ചെയ്യേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)
പി.എച്ച് കുര്യൻ
അഡീഷണൽ ചീഫ് സെക്രട്ടറി

കമ്മീഷണർ, ലാന്റ് റവന്യൂ തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ വകുപ്പ് തലവൻമാർക്കും
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, വികാസ് ഭവൻ പി.ഒ., തിരുവനന്തപുരം
എല്ലാ വകുപ്പ് സെക്രട്ടറിമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ, ബ്രാഞ്ച് ഓഫീസ്, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്
തദ്ദേശ സ്വയംഭരണ വകുപ്പ്
ഭവന നിർമ്മാണ വകുപ്പ്
ധനകാര്യ വകുപ്പ്
റവന്യൂ (ഡി.ആർ.എഫ്) വകുപ്പ്
ഗ്രാമവികസന വകുപ്പ്
റവന്യൂ (എ / ബി / എൽ / യു) വകുപ്പുകൾക്ക് (അടിയന്തിര നടപടി സ്വീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി
പകർപ്പ് :- ബഹു: മുഖ്യമന്ത്രിയുടെ പി.എസിന്
റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രിയുടെ പി.എസിന്
ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ സെക്രട്ടറിക്ക്
റവന്യൂവും ദുരന്ത നിവാരണവും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേഴ്സണൽ അസിസ്റ്റന്റിന്
റവന്യൂ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ-യ്ക്ക്
ദുരന്ത നിവാരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ-യ്ക്ക്
ഡി.എം.(ബി) വകുപ്പ്
ഡി.എം. (എ 4) സീറ്റിന്

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

നം. എൻ2/90010/2017/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി. 07/09/2018
Phone No. 0471 – 2328438
Email: scholarshipdpi@gmail.com

സർക്കുലർ

വിഷയം :- പൊതുവിദ്യാഭ്യാസം - വിദ്യാർത്ഥികളിൽ നിന്നും 11/9/2018 ന് പ്രളയ ദുരന്തത്തിൽപ്പെട്ടവരെ സഹായിക്കുന്നതിന് ഫണ്ട് ശേഖരണം സംബന്ധിച്ച് ബഹു.മുഖ്യമന്ത്രിയുടെ സന്ദേശം സ്കൂൾ അസംബ്ലിയിൽ വായിക്കുന്നത്-സംബന്ധിച്ച്.

സൂചന :- 1) ബഹു.മുഖ്യമന്ത്രി സ്കൂൾ വിദ്യാർത്ഥികൾക്കായി നൽകുന്ന സന്ദേശം.
2) 3.09.2018 ന് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ എൻ2/90010/17/ ഡിപിഐ നമ്പർ സർക്കുലർ.

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാതരം സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളിൽ നിന്നും പ്രളയദുരിതം അനുഭവിക്കുന്നവരെ സഹായിക്കുന്നതിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സഹായം അഭ്യർത്ഥിച്ചുക്കൊണ്ട് ബഹു.മുഖ്യമന്ത്രി വിദ്യാർത്ഥികൾക്കായി ഒരു സന്ദേശം തയ്യാറാക്കി നൽകിയിട്ടുണ്ട്. പ്രസ്തുത സന്ദേശം എല്ലാ പ്രഥമാദ്ധ്യാപകരും പ്രിന്റ് എടുത്ത് സ്കൂൾ അസംബ്ലിയിൽ 10/09/2018 രാവിലെ വായിക്കേണ്ടതും, 11/9/2018 ന് നടക്കുന്ന ഫണ്ട് ശേഖരണം പൊതുവിദ്യാഭ്യാസ വകുപ്പ് തയ്യാറാക്കിയിരിക്കുന്ന ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതുമാണ്. എസ്.ബി.ഐയുടെ തിരുവനന്തപുരം ജഗതിയിലുള്ള ശാഖയിൽ എടുത്തിരിക്കുന്ന കറണ്ട് അക്കൗണ്ട് (അക്കൗണ്ട് നം. **37918513327, IFS കോഡ്-SBIN0070568)** ഈ ആവശ്യത്തിന് മാത്രമുള്ളതും താത്കാലികവുമാണ്. ആയതിനാൽ 11,12 തീയതികളിൽ തന്നെ ഇതിലേയ്ക്ക് തുക നിക്ഷേപിച്ച് ഈ പരിപാടി വമ്പിച്ച വിജയമാക്കണമെന്നും അറിയിക്കുന്നു.

പൊതുവിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ് : -

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്കർമാർക്കും
2. എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
3. എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
4. എല്ലാ KITE ജില്ലാകോർഡിനേറ്റർമാർക്കും.
5. എല്ലാ മിഷൻ കോർഡിനേറ്റർമാർക്കും.

ഈ സർക്കുലറും മുഖ്യമന്ത്രിയുടെ സന്ദേശവും ഇന്നുതന്നെ എല്ലാ സ്കൂൾ പ്രഥമാദ്ധ്യാപകർക്ക് നൽകേണ്ടതും നിർദ്ദേശം നടപ്പിലാക്കേണ്ടതുമാണ്.

കേരള സർക്കാർ

സംഗ്രഹം

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി-പ്രകൃതി ക്ഷോഭത്തെ തുടർന്ന് പ്രഖ്യാപിച്ച പുതിയ സാമ്പത്തിക സഹായ പദ്ധതിയുടെ കീഴിലുള്ള ഗാർഹിക വായ്പാ പദ്ധതി നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

റവന്യൂ (ഡിആർഎഫ്-എ)വകുപ്പ്

സ.ഉ.(കൈ) 326/2018/റവ. തിരുവനന്തപുരം, തീയതി-07/09/2018

ഉത്തരവ്

കേരളം ഇന്നേവരെ കണ്ടതിൽ വച്ച് ഏറ്റവും രൂക്ഷമായ പ്രകൃതി ക്ഷോഭത്താൽ നാടിനു പൊതുവായി നേരിട്ടിട്ടുള്ള നഷ്ടത്തിനൊപ്പം ദുരന്തത്തിന്റെ ആഘാതത്തിൽ കഷ്ടപ്പെട്ടു നിൽക്കുന്നവരെ ചേർത്തു പിടിക്കാനും ആശ്വസിപ്പിക്കാനും തങ്ങളുടെ ജീവിതവും ജീവനോപാധികളും തിരിച്ചു പിടിക്കുന്നതിനുള്ള കൈത്താങ്ങ് നല്കുക എന്ന ലക്ഷ്യം മുൻനിർത്തി RKLS (Resurgent Kerala Loan Scheme) എന്നൊരു പുതിയ സാമ്പത്തിക സഹായ പദ്ധതി രൂപീകരിച്ച് സർക്കാർ ഉത്തരവാകുന്നു.

പ്രസ്തുത പദ്ധതി പ്രകാരം, പ്രളയക്കെടുതിയെത്തുടർന്ന് വീടുകൾക്കും വീട്ടുപകരണങ്ങൾക്കും നാശനഷ്ടം സംഭവിച്ചവർക്ക് തിരിച്ചടവ് ഉറപ്പുവരുത്തിക്കൊണ്ട് ഗാർഹിക ഉപകരണങ്ങൾ വാങ്ങാനും ഉപജീവനോപാധികൾക്കും മറ്റു കാര്യങ്ങൾക്കുമായി കുടുംബനാഥയ്ക്ക് 1,00,000/- രൂപാവരെ ബാങ്ക് വായ്പ ലഭ്യമാക്കുന്നതിന്, കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

ഇത് സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. സർക്കാർ പ്രഖ്യാപിച്ച ഒറ്റ പ്രാവശ്യത്തെ ആശ്വാസ ധനസഹായമായ 10000/- രൂപയ്ക്ക് അർഹരായ പ്രകൃതിക്ഷോഭബാധിത പ്രദേശങ്ങളിലെ നിവാസികൾക്കാണ് ഈ പദ്ധതിയുടെ സഹായം ലഭിക്കുക.

2. അർഹരായ കുടുംബശ്രീ അംഗങ്ങൾക്ക് കുടുംബശ്രീ സംഘടനാസംവിധാനം വഴിയാണ് ഈ വായ്പ ലഭ്യമാകുക. മുകളിൽ പറഞ്ഞ മാനദണ്ഡ പ്രകാരം അർഹരായിട്ടുള്ള കുടുംബശ്രീ അംഗങ്ങളല്ലാത്തവർക്ക് വായ്പ ആവശ്യമെങ്കിൽ കുടുംബശ്രീ അയൽക്കൂട്ടങ്ങളിൽ അംഗത്വം നൽകി വായ്പ ലഭിക്കുന്നതിനുള്ള നടപടി കുടുംബശ്രീ സ്വീകരിക്കേണ്ടതാണ്. അർഹരായവരുടെ ലിസ്റ്റ് ബന്ധപ്പെട്ട താലൂക്ക് ഓഫീസുകളിൽ നിന്നും ശേഖരിച്ച് കുടുംബശ്രീ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. വായ്പ തിരിച്ചടവ് കാലാവധി 36-48 മാസങ്ങളായി നിജപ്പെടുത്താവുന്നതാണ്. വായ്പ തിരിച്ചടവിന് ചുരുങ്ങിയത് 6 മാസത്തെ മോറട്ടോറിയം ബാങ്ക് ഏർപ്പെടുത്തേണ്ടതാണ്.

4. വായ്പയുടെ പലിശ (9%) കുടുംബശ്രീ കണക്കാക്കി സമർപ്പിക്കുന്ന തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും കുടുംബശ്രീ മുഖേന സർക്കാർ അനുവദിക്കുന്നതാണ്.

5. വായ്പാതിരിച്ചടവ് ഗഡുക്കൾ കുറഞ്ഞ തുകയിൽ നിന്ന് കൂടി വരുന്ന രീതിയിലേക്ക് (Step up) ക്രമപ്പെടുത്തേണ്ടതാണ്.

6. കാലതാമസം കൂടാതെ അർഹരായ അംഗങ്ങളുടെ വായ്പ അപേക്ഷകൾ ബാങ്കുകളിലെത്തിക്കാൻ കുടുംബശ്രീ നടപടി സ്വീകരിക്കേണ്ടതാണ്. ബാങ്കുകളിൽ നിന്ന് വായ്പ അനുവദിച്ച ശേഷം കൃത്യമായ തിരിച്ചടവ് ഉറപ്പുവരുത്തുന്നതിനുള്ള നടപടിയും മേൽനോട്ടവും കുടുംബശ്രീ സംഘടനാസംവിധാനം വഴി സ്വീകരിക്കേണ്ടതാണ്

7. ഗാർഹികോപകരണങ്ങളുടെ ആവശ്യകത എത്രയെന്നും (need assessment) ആ ഉപകരണങ്ങൾ ന്യായവിലയ്ക്ക് കുടുംബശ്രീ അംഗങ്ങൾക്ക് ലഭ്യമാക്കുന്നതിന് അവ നിർമ്മിക്കുന്ന കമ്പനികളുമായി കരാർ ഉണ്ടാക്കുന്നതിനും, നിലവിലുള്ള വായ്പാ ഭാരം കണക്കാക്കി എത്ര തുക കുടുംബശ്രീ അംഗങ്ങൾക്ക് കൂടുതൽ ലഭ്യമാക്കാമെന്നും സംബന്ധിച്ച് കുടുംബശ്രീ ഡയറക്ടർ വിശദമായ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

8. വായ്പയുടെ കൃത്യമായ തിരിച്ചടവ് ഉറപ്പിക്കുന്നതിനായി കുടുംബശ്രീ സംഘടനാസംവിധാനത്തിന്റെ പ്രവർത്തനം ശക്തമാക്കേണ്ടതാണ്.

9. വായ്പാ തിരിച്ചടവിൽ മനഃപൂർവ്വമായ വീഴ്ച വരുത്തുന്നവരെ പ്രത്യേകം പട്ടികയിൽപ്പെടുത്തുകയും തുടർന്നുള്ള എല്ലാ പദ്ധതിയിൽ നിന്നും ഒഴിവാക്കുകയും ചെയ്യുന്നതാണ്.

10) വായ്പ ലഭ്യമാക്കുന്നതു സംബന്ധിച്ച് ബാങ്ക് കൺസോർഷ്യം/SLBC യുമായി ആവശ്യമായ കൂടിയാലോചന നടത്താൻ ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നു.

11) ഇതിനുശേഷം ആവശ്യമെങ്കിൽ ബാങ്കുകൾ/ബാങ്ക് കൺസോർഷ്യം/SLBC യുമായി ഈ പദ്ധതിയ്ക്കുവേണ്ടി കരാറിലേർപ്പെടാൻ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തുന്നു.

ഈ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഈ പദ്ധതി കുടുംബശ്രീ സംഘടനാസംവിധാനം വഴി നടപ്പിലാക്കാനുള്ള തുടർ ഉത്തരവുകൾ/ സർക്കുലറുകൾ/ നടപടിക്രമങ്ങൾ പുറപ്പെടുവിക്കാൻ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പി.എച്ച്.കുര്യൻ
അഡീഷണൽ ചീഫ് സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ , കുടുംബശ്രീ, തിരുവനന്തപുരം
കൺവീനർ, SLBC
ജനറൽ മാനേജർ, കാനറാ ബാങ്ക്.
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
തദ്ദേശസ്വയംഭരണ വകുപ്പ്
ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ചുമതലയിൽ)
ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
റവന്യൂവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
റവന്യൂവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
ധനകാര്യ (ഫണ്ട്സ്) വകുപ്പ്,
ദുരന്ത നിവാരണ വകുപ്പ്
റവന്യൂ (ഡിആർഎഫ്--ബി, സി വകുപ്പ്)
വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Sreelekha, A.S
സെക്ഷൻ ആഫീസർ

കേരള സർക്കാർ

സംഗ്രഹം

ദുരന്ത നിവാരണ വകുപ്പ് - മഴക്കെടുതിയെത്തുടർന്ന് നഷ്ടപ്പെട്ട രേഖകൾ - ഡ്യൂപ്ലിക്കേറ്റ്/ പുതുക്കിയ രേഖകൾ - ഫീസ് വാങ്ങാതെ നൽകുന്നതിനുള്ള നിർദ്ദേശങ്ങൾ സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ദുരന്ത നിവാരണ (എ) വകുപ്പ്

സ.ഉ.(കൈ)നം.**21/2018/ഡി.എം.ഡി.** തിരുവനന്തപുരം, തീയതി, **07/09/2018**

പരാമർശം:- 1. സ.ഉ(എം.എസ്)നം.12/2018/ഡി.എം.ഡി. തീയതി 10.08.2018.

2. സ.ഉ(എം.എസ്)നം.13/2018/ഡി.എം.ഡി. തീയതി 16.08.2018.

3. സ.ഉ(എം.എസ്)നം.17/2018/ഡി.എം.ഡി. തീയതി 01.09.2018.

ഉത്തരവ്

പ്രളയക്കെടുതിയെത്തുടർന്ന് വിവിധ രേഖകൾ നഷ്ടപ്പെട്ടവർക്ക്, യൂണിവേഴ്സിറ്റികൾ, സർക്കാർ സ്ഥാപനങ്ങൾ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, ബോർഡുകൾ, കോർപ്പറേഷനുകൾ, കമ്മീഷനുകൾ, ഡയറക്ടറേറ്റുകൾ തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്ന് ഡ്യൂപ്ലിക്കേറ്റ്/ പുതുക്കിയ രേഖകൾ നൽകുമ്പോൾ യാതൊരുവിധ ഫീസും ഈടാക്കാൻ പാടുള്ളതല്ല എന്ന് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻപ്രകാരം)

കെ.ഷൈലശ്രീ

അഡീഷണൽ സെക്രട്ടറി

കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം

എല്ലാ ജില്ലാ കളക്ടർമാർക്കും

മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, ഒബ്സർവേറ്ററി ഹിൽസ്, വികാസ്ഭവൻ പി.ഒ, തിരുവനന്തപുരം.

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് സഹിതം)

സെക്രട്ടറി, കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ, പട്ടം, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

എല്ലാ വകുപ്പ് തലവൻമാർക്കും

പൊതുമേഖലാ സ്ഥാപനങ്ങളുടെ തലവൻമാർക്കും അദ്ധ്യക്ഷൻമാർക്കും

സെക്രട്ടറിയേറ്റിലെ എല്ലാ വകുപ്പുകൾക്കും (വകുപ്പിന് കീഴിലുള്ള വിവിധ വകുപ്പ് തലവൻമാർക്കും കമ്മീഷനുകൾക്കും സ്ഥാപനങ്ങൾക്കും അടിയന്തിര നിർദ്ദേശം നൽകുന്നതിനായി)

എല്ലാ യൂണിവേഴ്സിറ്റികളുടെയും രജിസ്ട്രാർമാർക്ക് (ആമുഖ കത്ത് സഹിതം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ.&ഇ), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ, ബ്രാഞ്ച് ഓഫീസ്, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്

പബ്ലിക്ക് റിലേഷൻസ് വകുപ്പ് (വിപുലമായ പ്രചാരണത്തിനായി)

വിവര പൊതുജന സമ്പർക്ക വകുപ്പ്

കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

പകർപ്പ് :- ബഹു: മുഖ്യമന്ത്രിയുടെ പി.എസിന്

റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രിയുടെ പി.എസിന്

ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ സെക്രട്ടറിക്ക്

റവന്യൂവും ദുരന്ത നിവാരണവും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്

ദുരന്ത നിവാരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ-യ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Email : barcouncilofkerala@hotmail.com
www.barcouncilkerala.org

Phone : Off : 0484 - 2394195
0484 - 2394513
Fax : 0484 - 2397429

सत्यमेव जयते

BAR COUNCIL OF KERALA

(Statutory Body Constituted under the Advocates Act, 1961)
Bar Council Bhavan, High Court Campus, Kochi-682 031

No.KBC/BA/1322/2018 Dated: 11.9.2018.

From
The Secretary
To
The President/Secretary
All the Bar Associations in the State.
Sir,

Sub: Relief for flood affected Advocates from the Bar Council of India – reg.
Ref: 1.Bar Council of India letter No.BCI/3409/2018 (Council) dated 5.9.2018.
2. Resolution No.138/2018 of the Special Committee of the Bar Council of Kerala dated 6.9.2018.

It is informed that the Bar Council of India as per communication dated 5.9.2018 has sanctioned Rs.25 Lakhs for flood affected lawyers of Kerala State in view of the recent tragedy of the Kerala floods which has disrupted and uprooted many advocates. All the affected advocates are requested to file application along with supporting evidence for the damages sustained to the Bar Council of Kerala. The application form is enclosed herewith. The application along with supporting documents shall reach the office of the Bar Council of Kerala on or before 25.9.2018 so that the Bar Council of Kerala can scrutinize the application and forward the same to the Bar Council of India.

Thanking you.

Yours faithfully,

K AJAYAN
Secretary

Encl: As above.

BAR COUNCIL OF INDIA

Format of Application for claiming Flood Relief of Bar Council of India

1	Name of the Advocate	
2	Address with Pin code of the Member	
	Telephone No.	
	House No.	
	Ward No.	
	Name of Taluk	
	Name of Village	
	Name of Panchayat/Municipality	
4	Enrolment No.	
5	Name of Bar Association in which the Advocates is a Member	
7	Total amount of Damages sustained	
8	Details of Damages (Separate sheet should be attached with supporting evidence)	

Declaration

I do hereby declare that the all the facts stated above are true to the best of my knowledge and belief.

Place:

Date: Signature of the Applicant

Recommended by:

President/Secretary of Bar Association

NB: Please submit the above application on or before 25-09-2018

കേരള സർക്കാർ

സംഗ്രഹം

ധനകാര്യ വകുപ്പ് - കാലവർഷക്കെടുതി - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്ക് സർക്കാർ ജീവനക്കാരുടെ ഒരു മാസത്തെ ശമ്പളം നൽകുന്നത് - മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

==========

ധനകാര്യ (ഫണ്ട്സ്) വകുപ്പ്

സ.ഉ.(അച്ചടി) നം.144/2018/ധന. തീയതി, തിരുവനന്തപുരം, 11.09.2018

==========

ഉത്തരവ്

സംസ്ഥാനത്ത് അപ്രതീക്ഷിതമായി ഉണ്ടായ പ്രളയക്കെടുതി വരുത്തി വച്ചിട്ടുള്ള നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിനും സംസ്ഥാനത്തിന്റെ പൂർവ്വസ്ഥിതി വീണ്ടെടുക്കുന്നതിനുമായുള്ള പുനർനിർമ്മാണ പ്രവർത്തനങ്ങൾക്ക് ചുരുങ്ങിയത് 30000 കോടി രൂപ വേണ്ടി വരുമെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ട്. ഇതിൽ 10000 കോടി രൂപയോളം റവന്യൂ വരുമാനത്തിലൂടെ സമാഹരിക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിട്ടിട്ടുള്ളത്. സർക്കാർ ജീവനക്കാരുടെ ഒരു മാസത്തെ ശമ്പളവും പെൻഷൻകാരുടെ ഒരു മാസത്തെ പെൻഷനും വഴി 3800 കോടി രൂപയോളം സമാഹരിക്കുവാൻ കഴിയുന്നതാണ്. മേൽ സാഹചര്യത്തിൽ, സംസ്ഥാനത്തെ സർക്കാർ ജീവനക്കാരും മറ്റുള്ള വരുമാനക്കാരും തങ്ങളുടെ ഒരു മാസത്തെ ശമ്പളം/വരുമാനം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവനയായി നൽകണമെന്ന് ബഹു. മുഖ്യമന്ത്രി അഭ്യർത്ഥിച്ചിട്ടുണ്ട്. ഇതനുസരിച്ച് സംസ്ഥാനത്തെ സർക്കാർ ജീവനക്കാരുടെയും മറ്റുള്ളവരുടെയും ഒരു മാസത്തെ ശമ്പളം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവനയായി നൽകുന്നത് സംബന്ധിച്ച് സർക്കാർ താഴെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

1 ഒരു മാസത്തെ ശമ്പളത്തുക കണക്കാക്കേണ്ടത് 2018 സെപ്റ്റംബർ മാസത്തെ ഗ്രോസ് സാലറി അടിസ്ഥാനമാക്കിയാണ്.

2 ഒരു മാസത്തെ ആകെ ശമ്പളത്തിനു തുല്യമായ തുക പരമാവധി 10 ഗഡുക്കളായി

നൽകാവുന്നതാണ്.

3. പ്രളയക്കെടുതിയുമായി ബന്ധപ്പെട്ട് ജീവനക്കാർ മുൻപ് സംഭാവന നൽകിയിട്ടുണ്ടെങ്കിൽ ആയത് ഒരു മാസത്തെ ശമ്പളത്തുകയിൽ നിന്നും കുറവു വരുത്തി ബാക്കിയുള്ള തുക മാത്രം സംഭാവനയായി സ്വീകരിക്കുന്നതാണ്. ഇതിനായി ജീവനക്കാർ രസീത് സഹിതം ഡി.ഡി ഒ മാർക്ക് അപേക്ഷ നൽകേണ്ടതാണ്.
4. ഇൻകം ടാക്സ് റൂൾ 80G പ്രകാരം ഇളവിനു അർഹതയുള്ളവർക്ക് ബന്ധപ്പെട്ട ഡി.ഡി. ഒ മാർ അതാതു സാമ്പത്തിക വർഷം ഇളവു നൽകേണ്ടതാണ്.
5. ജീവനക്കാർ ശമ്പളത്തിൽ നിന്നു സംഭാവനയായി നൽകുന്ന തുക 2018 സെപ്റ്റംബർ മാസത്തെ ശമ്പളം മുതൽ കുറവു വരുത്തിത്തുടങ്ങേണ്ടതാണ്.
6. ജീവനക്കാർക്ക് തങ്ങളുടെ പ്രോവിഡന്റ് ഫണ്ടിൽ നിന്നും സെപ്ററംബർ മാസത്തെ ശമ്പളത്തിന് തുല്യമായ തുക ദുരിതാശ്വാസ നിധിയിലേക്ക് അടയ്ക്കാവുന്നതാണ്. ഇതിനുള്ള അപേക്ഷ ജീവനക്കാർ അടിയന്തരമായി സമർപ്പിക്കേണ്ടതാണ്.
7. ജീവനക്കാർക്ക് താൽപര്യമുള്ള പക്ഷം, ഒരു മാസത്തെ ശമ്പളം നൽകുന്നതിനു പകരമായി സെപ്റ്റംബർ മാസത്തെ ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ 30 ദിവസത്തെ ആർജ്ജിതാവധി സറണ്ടർ ചെയ്ത് അവധി ശമ്പളം ദുരിതാശ്വാസ നിധിയിലേക്ക് സംഭാവനയായി നൽകാവുന്നതാണ്. എന്നാൽ നടപ്പു സാമ്പത്തിക വർഷം ഒരു പ്രാവശ്യം സറണ്ടർ ചെയ്ത് കഴിഞ്ഞ ജീവനക്കാരുടെ ആർജ്ജിതാവധി അക്കൗണ്ടിൽ 30 ദിവസത്തെ അവധി അവശേഷിക്കുന്നുവെങ്കിൽ ദുരിതാശ്വാസ നിധിയിൽ അടയ്ക്കുന്നതിനു വേണ്ടി അവർക്ക് ഒരു പ്രാവശ്യം കൂടെ 30 ദിവസത്തെ ആർജ്ജിതാവധി സറണ്ടർ ചെയ്യുന്നതിന് പ്രത്യേകാനുമതി നൽകുന്നു. ഇതിനുള്ള അപേക്ഷ ജീവനക്കാർ അടിയന്തരമായി സമർപ്പിക്കേണ്ടതാണ്.
8. പത്തു മാസം കൊണ്ട് ഗ്രോസ് സാലറി സംഭാവന ചെയ്യാൻ സാധിക്കാത്ത ജീവനക്കാർക്ക് പി എഫ് വായ്പാ തിരിച്ചടവിന് സെപ്റ്റംബർ 2018 ലെ ശമ്പളം മുതൽ പത്തു മാസത്തേക്കു അവധി അനുവദിക്കുന്നു. എന്നാൽ തിരിച്ചടവ് കാലാവധിക്ക് മുൻപ് റിട്ടയർ ചെയ്യുന്ന ജീവനക്കാരുടെ തിരിച്ചടവിൽ ബാക്കിയുള്ള തുക അവരുടെ ഡി സി ആർ ജി യിൽ ക്രമീകരിക്കുന്നതായിരിക്കും .ഇതിനായി പി.എഫ് ചട്ടങ്ങൾ ഇളവ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.
9. ശമ്പള പരിഷ്കരണ കുടിശികയ്ക്ക് അർഹതയുള്ള ജീവനക്കാരുടെ കുടിശിക ഇതിലേക്ക് വരവ് ചെയ്യാവുന്നതാണ് .ഇങ്ങനെയുള്ളവരുടെ കുടിശിക ഇതിലേക്ക് വരവ് ചെയ്തതിനു ശേഷം ബാക്കിയുള്ള തുക ഒറ്റതവണയായോ പരമാവധി 10 ഗഡുക്കളായോ നൽകാവുന്നതാണ്
10. ഒരു മാസത്തെ ശമ്പളം സംഭാവനയായി നൽകുന്നതിന് വിമുഖതയുള്ള ജീവനക്കാർ ഒഴികെ ബാക്കി എല്ലാ ജീവനക്കാരും ഒരു മാസത്തെ ശമ്പളം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവനയായി നൽകേണ്ടതാണ് . സംഭാവനയായി നൽകുന്നതിന് വിമുഖതയുള്ള ജീവനക്കാർ അനുബന്ധമായി നൽകിയിരിക്കുന്ന പ്രസ്താവന സെപ്റ്റംബർ മാസം ഇരുപത്തി രണ്ടാം തീയതിക്ക് മുൻപേ ബന്ധപ്പെട്ട ഡി.ഡി. ഒ മാരെ അറിയിക്കേണ്ടതാണ് .
11. സംഭാവന നല്കാൻ സമ്മതമല്ല എന്ന പ്രസ്താവന സമർപ്പിച്ച ജീവനക്കാർ ഒഴികെയുള്ളവരുടെ സംഭാവന ബന്ധപ്പെട്ട ഡി.ഡി. ഒ മാർ സ്പാർക്ക് മുഖേന ശമ്പളത്തിൽ

ഒഴികെയുള്ളവരുടെ സംഭാവന ബന്ധപ്പെട്ട ഡി.ഡി. ഒ മാർ സ്പാർക്ക് മുഖേന ശമ്പളത്തിൽ നിന്നു കുറവ് ചെയ്ത് ഇതിനായി നിശ്ചയിക്കപ്പെട്ടിരിക്കുന്ന അക്കൗണ്ടിൽ ഒടുക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പി. ജയലക്ഷ്മി
അഡീഷണൽ സെക്രട്ടറി (ധനകാര്യം)

പകർപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജനറൽ & സോഷ്യൽ സെക്ടർ ഓഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇക്കണോമിക് & റവന്യൂ സെക്ടർ ഓഡിറ്റ്) കേരള, തിരുവനന്തപുരം.
എല്ലാ വകുപ്പുകൾക്കും
ഡയറക്ടർ, ട്രഷറി
എല്ലാ ജില്ലാ /സബ് ട്രഷറി
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ, തിരുവനന്തപുരം
സെക്രട്ടറിയേറ്റ്, എല്ലാ വകുപ്പുകളും
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
സർവ്വകലാശാലകൾ, കേരള
അഡ്വക്കേറ്റ് ജനറൽ, എറണാകുളം
എല്ലാ പൊതുമേഖല സ്ഥാപനങ്ങൾക്കും
പ്രിൻസിപ്പൽ സെക്രട്ടറിമാർ, സെക്രട്ടറിമാർ, അഡീഷണൽ സെക്രട്ടറിമാർ, ജോയിന്റ് സെക്രട്ടറിമാർ, അണ്ടർ സെക്രട്ടറിമാർ,
സെക്രട്ടറി , ഗവർണർ
സെക്രട്ടറി, സ്റ്റേറ്റ് ഇലക്ഷൻ കമ്മീഷൻ, കേരള, തിരുവനന്തപുരം
പ്രൈവറ്റ് സെക്രട്ടറി, മുഖ്യമന്ത്രി, മറ്റ് മന്ത്രിമാർ
പ്രൈവറ്റ് സെക്രട്ടറി, സ്പീക്കർ
പ്രൈവറ്റ് സെക്രട്ടറി, ഡപ്യൂട്ടി സ്പീക്കർ
പ്രൈവറ്റ് സെക്രട്ടറി, പ്രതിപക്ഷ നേതാവ്
അഡീഷണൽ സെക്രട്ടറി, ചീഫ് സെക്രട്ടറി
രജിസ്ട്രാർ, കേരള ലോകായുക്ത, തിരുവനന്തപുരം
സെക്രട്ടറി, കേരള മനുഷ്യവകാശ കമ്മീഷൻ

നോഡൽ ഓഫിസർ, www.finance.kerala.gov.in

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പ്രസ്താവന

പ്രളയക്കെടുതിയുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് എന്റെ ഒരു മാസത്തെ ശമ്പളത്തിനു തുല്യമായ തുക നൽകുന്നതിന് സമ്മതമല്ലെന്ന് അറിയിക്കുന്നു.

ഒപ്പ് :

തീയതി :

പേര് :

സ്ഥലം :

പെൻ. :

ഉദ്യോഗപ്പേര് :

ഓഫീസ് :

കേരള സർക്കാർ

സംഗ്രഹം

ദുരന്ത നിവാരണ വകുപ്പ് - കാലവർഷക്കെടുതി 2018 - ദേശീയ /സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്ന് അനുവദിക്കുന്ന ദുരിതാശ്വാസം -സ്പഷ്ടീകരണം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

ദുരന്ത നിവാരണ (എ) വകുപ്പ്

സ.ഉ.(സാധാ)നം.**497/2018/ഡി.എം.ഡി.** തിരുവനന്തപുരം, തീയതി, **13 സെപ്റ്റംബർ 2018**

പരാമർശം:- സ.ഉ(കൈ)നം.194/2015/ഡി.എം.ഡി തീയതി 20.05.2015.

ഉത്തരവ്

ദേശീയ/സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്ന് അംഗീകൃത പ്രകൃതിദുരന്തങ്ങളെ തുടർന്ന് നഷ്ടപരിഹാരം/ധനസഹായം അനുവദനീയമല്ല. 2015-ലെ സംസ്ഥാന ദുരന്ത പ്രതികരണ നിധി മാനദണ്ഡപ്രകാരം, നാശനഷ്ടങ്ങൾക്ക് ദുരിതാശ്വാസം (gratuitous relief) മാത്രമാണ് അനുവദനീയമായിട്ടുള്ളത്. മേൽ സാഹചര്യത്തിൽ 2018-ലെ കാലവർഷക്കെടുതികളുടെ പശ്ചാത്തലത്തിൽ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിൽ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും ദുരന്ത ബാധിതർക്കുള്ള നഷ്ടപരിഹാരം/ ധനസഹായം എന്ന് പ്രതിപാദിച്ചിട്ടുള്ളയിടങ്ങളിൽ ആയതിന് പകരമായി ദുരിതാശ്വാസം (gratuitous relief) എന്ന് തിരുത്തി വായിക്കേണ്ടതാണ് എന്ന് വ്യക്തത വരുത്തി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)
പി.എച്ച് കരുൺ
അഡീഷണൽ ചീഫ് സെക്രട്ടറി

കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, ഒബ്സർവേറ്ററി ഹിൽസ്, വികാസ്ഭവൻ പി.ഒ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ.&ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ, ബ്രാഞ്ച് ഓഫീസ്, കോട്ടയം, എറണാകുളം, കോഴിക്കോട്, തൃശ്ശൂർ
വിവിധ വകുപ്പുകളുടെ അഡീഷണൽ ചീഫ് സെക്രട്ടറി / പ്രിൻസിപ്പൽ സെക്രട്ടറി / സെക്രട്ടറി / സ്പെഷ്യൽ സെക്രട്ടറിമാർക്കും
എല്ലാ വകുപ്പ് മേധാവികൾക്കും
പൊതുഭരണ (എസ്.സി) വകുപ്പ്
എല്ലാ ജില്ലാ ട്രഷറി ഓഫീസർമാർക്കും (ഡയറക്ടർ, ട്രഷറി ഡയറക്ടറേറ്റ് മുഖേന)
വിവര പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്
പകർപ്പ് :- ബഹു: മുഖ്യമന്ത്രിയുടെ പി.എസിന്
എല്ലാ വകുപ്പ് മന്ത്രിമാരുടെയും പി.എസ്. ന്

ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്
അഡീഷണൽ ചീഫ് സെക്രട്ടറിയുടെ (റവന്യൂവും ദുരന്ത നിവാരണവും വകുപ്പ്)
പേഴ്സണൽ സെക്രട്ടറിക്ക്
അഡീഷണൽ സെക്രട്ടറിയുടെ (ദുരന്ത നിവാരണ വകുപ്പ്)സി.എ-യ്ക്ക്
ഡി.എം.(ബി) വകുപ്പ്
ഡി.എം. (എ 4) സീറ്റിന്

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

സംഗ്രഹം

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി – പ്രകൃതി ക്ഷോഭത്തെ തുടർന്ന് പ്രഖ്യാപിച്ച RKLS പദ്ധതിയുടെ നടത്തിപ്പ് - വിശദാംശങ്ങൾ പുറപ്പെടുവിക്കുന്നതു സംബന്ധിച്ച്

സൂചന: സ.ഉ.(കൈ) 326/2018/റവ തിരുവനന്തപുരം തീയതി 07/09/2018

KSHO/8943/C/18 dated 13/9/2018

പരിപത്രം

കേരളം ഇന്നേവരെ കണ്ടതിൽവച്ച് ഏറ്റവും രൂക്ഷമായ പ്രകൃതിക്ഷോഭമാണ് നമ്മെക്കടന്ന് പോയിരിക്കുന്നത്. കോടിക്കണക്കിന് രൂപയുടെ നാശനഷ്ടമാണ് ഇതിലൂടെ നമുക്ക് നേരിട്ടിട്ടുള്ളത്. ഈ ദുരന്തത്തിന് മുമ്പിൽ പകച്ചു നിൽക്കുകയല്ല നഷ്ടപ്പെട്ടവയ്ക്ക് പകരം കൂടുതൽ മെച്ചമായവ മെനഞ്ഞെടുക്കാനുള്ള തയ്യാറെടുപ്പാണ് ഇപ്പോൾ നമുക്കാവശ്യം. ഒരുമിച്ച് നിന്ന് പുതിയൊരു കേരളം പണിതുയർത്തുന്നതിനുള്ള വിവിധ ശ്രമങ്ങൾക്കാണ് കേരള സർക്കാർ തുടക്കം കുറിച്ചിട്ടുള്ളത്

നാടിന് പൊതുവായി നേരിട്ടിട്ടുള്ള നഷ്ടത്തിനൊപ്പം തന്നെ പ്രധാനവും ഒരളവുവരെ അതിലുമേറെ ആഘാതമുളവാക്കുന്നതുമാണ് സാധാരണ ജനങ്ങൾക്ക് നേരിട്ടിട്ടുള്ള വ്യക്തിഗത നഷ്ടങ്ങൾ. ജീവിതകാല സമ്പാദ്യവും ഉപജീവനമാർഗ്ഗവും നഷ്ടമായവർ അതെങ്ങനെ നേരിടണമെന്നറിയാത്ത അവസ്ഥയിലാണ്. ദുരന്തത്തിന്റെ ആഘാതത്തിൽ പകച്ചുപോകുന്നവർക്ക് തങ്ങളുടെ ജീവിതവും ജീവനോപാധികളും തിരിച്ചു പിടിക്കുന്നതിനുള്ള കൈത്താങ്ങ് നൽകുകയെന്നതാണ് ഇതിനുള്ള നടപടികളിൽ പ്രധാനം.

ഈ പ്രത്യേക ലക്ഷ്യം മുൻനിർത്തി സർക്കാർ പ്രഖ്യാപിച്ച തിരിച്ചടവ് ഉറപ്പാക്കികൊണ്ടുള്ള വായ്പാ പദ്ധതിയാണ് **റിസർജന്റ് കേരള ലോൺ സ്കീം** (Resurgent Kerala Loan Scheme-RKLS). 2018 ഓഗസ്റ്റിലുണ്ടായ പ്രകൃതിക്ഷോഭത്തിന്റെ ആഘാതമേറ്റ വ്യക്തികൾക്ക് സമയബന്ധിതമായും വേഗത്തിലും വായ്പ ലഭ്യമാക്കുക എന്നതാണ് ഈ സ്കീമിന്റെ പ്രധാന ലക്ഷ്യം.

സൂചന ഉത്തരവു പ്രകാരം തുടർ നടപടിക്രമങ്ങൾ പുറപ്പെടുവിക്കുന്നതിനായി കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറെ സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ RKLS പദ്ധതിയുടെ നടപടിക്രമം താഴെപ്പറയുന്ന പ്രകാരം അംഗീകരിച്ച് പുറപ്പെടുവിക്കുന്നു

1. RKLS പദ്ധതിയുടെ ലക്ഷ്യം

പ്രളയക്കെടുതിയെ തുടർന്ന് വീടുകൾക്കും വീട്ടുപകരണങ്ങൾക്കും നാശനഷ്ടം സംഭവിച്ചവർക്ക് തിരിച്ചടവ് ഉറപ്പാക്കിക്കൊണ്ട് ഗാർഹിക ഉപകരണങ്ങൾ വാങ്ങുന്നതിനും ഉപജീവനോപാധികൾ നേടുന്നതിനും ആവശ്യകത കണക്കാക്കി കുടുംബനാഥക്ക് / കുടുംബശ്രീ അംഗത്തിനു 1,00,000/- രൂപ വരെ പലിശ രഹിത വായ്പ ലഭ്യമാക്കുക.

2 . റിസർജന്റ് കേരള ലോൺ സ്കീമിന്റെ ഗുണഭോക്താവ് ആര്?

- സർക്കാർ പ്രഖ്യാപിച്ച ഒറ്റ പ്രാവശ്യത്തെ ആശ്വാസ ധനസഹായമായ 10000/ രൂപക്ക് അർഹരായ പ്രകൃതിക്ഷോഭ ബാധിത പ്രദേശങ്ങളിലെ കുടുംബശ്രീ അംഗങ്ങളാണ് ഈ വായ്പാ പദ്ധതിയിൽ ഉൾപ്പെടുക.

- ഇത്തരത്തിൽ പതിനായിരം രൂപയുടെ സർക്കാർ ധനസഹയം ലഭിച്ച കുടുംബത്തിലെ ഗൃഹനാഥ/ വനിതാ കുടുംബാംഗം നിലവിൽ കുടുംബശ്രീ അയൽക്കൂട്ടത്തിൽ അംഗമല്ലായെങ്കിൽ അംഗത്വം സ്വീകരിക്കുന്ന മുറക്ക് ഈ പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്. വായ്പ കാലയളവിൽ ഇവർ അയൽക്കൂട്ടത്തിൽ തുടരണമെന്ന് ഉറപ്പാക്കണം.

3. റിസർജന്റ് കേരള വായ്പ എന്തിന്?

- പ്രളയത്തിൽ നഷ്ടപ്പെട്ട ഗൃഹോപകരണങ്ങൾ വാങ്ങുന്നതിനോ (ഉദാഹരണത്തിന് ടിവി, ഫ്രിഡ്ജ്, മിക്സി, ഗ്യാസ് സ്ററൗ, ഫർണിച്ചർ,മെത്ത, കുക്കർ മുതലായവ), വീടീന്റെ ചെറിയ അറ്റകുറ്റ പണികൾക്കായി സാധനങ്ങൾ വാങ്ങുന്നതിനോ (വീടു പൂർണ്ണമായോ ഭാഗികമായോ നഷ്ടപ്പെട്ടവർക്കുള്ള ധനസഹായം സർക്കാർ തലത്തിൽ പ്രത്യേകം പരിഗണിക്കും), നഷ്ടമായ ഉപജീവനോപാധികൾ (കോഴി, ആട് മുതലായ മുതൽമുടക്ക് കുറഞ്ഞ സംരഭങ്ങൾ മാത്രം) എന്നിവ നേടുന്നതിനോ ഈ വായ്പാ തുക ഉപയോഗിക്കാവുന്നതാണ്.

4. **പദ്ധതി സവിശേഷതകൾ**

- കുടുംബശ്രീ അയൽക്കൂട്ട വായ്പയായിട്ടായിരിക്കും ഈ പദ്ധതി നടപ്പിലാക്കുക
- പരമാവധി ഒരു ലക്ഷം രൂപവരെയാണ് ഒരു വ്യക്തിക്ക് വായ്പയായി ലഭിക്കുന്നത്. എന്നാൽ ബാങ്കിന്റെ വ്യവസ്ഥയനുസരിച്ച് ഒരു അയൽക്കൂട്ടത്തിന് യാതൊരു ഈടുമില്ലാതെ ബാങ്ക് അനുവദിക്കുന്ന പരമാവധി വായ്പ തുക 10 ലക്ഷമായതിനാൽ (നിലവിലെ ബാധ്യത+ പുതുതായി അപേക്ഷിക്കാനുദ്ദേശിക്കുന്ന വായ്പ= 10ലക്ഷം രൂപയിൽ അധികരിക്കരുത്) ഇതിനുള്ളിൽ വരുന്ന തുകയേ വായ്പ തുകയായി അയൽക്കൂട്ടത്തിന് ബാങ്കിനോട് ആവശ്യപ്പെടാൻ കഴിയൂ.
- 36 മാസം മുതൽ 48 മാസം വരെയായിരിക്കും തിരിച്ചടവു കാലാവധി.
- വായ്പയുടെ പലിശ (9%) മുഖ്യമന്ത്രിയുടെ ദുരിതാശ്വസനിധിയിൽ നിന്നും വഹിക്കും
- വായ്പാ തിരിച്ചടവിൽ മനപ്പൂർവ്വമായ വീഴ്ച്ചവരുത്തുന്നവരെ പ്രത്യേകം പട്ടികയിൽപ്പെടുത്തുകയും തുടർന്നുള്ള സർക്കാരിന്റെ എല്ലാ പദ്ധതിയിൽ നിന്നും ഒഴിവാക്കുകയൂം ചെയ്യും.
- കുടുംബശ്രീ അയൽക്കൂട്ടത്തിനായിരിക്കും വായ്പ അനുവദിക്കുന്നത്. അയൽക്കൂട്ടം അർഹരായ വ്യക്തിഗത അപേക്ഷകർക്ക് തുക ലഭ്യമാക്കും.
- ബാങ്ക് മോറട്ടോറിയം അനുവദിക്കുമെങ്കിലും വായ്പ ലഭ്യമായ അടുത്ത മാസം മുതൽ വായ്പാ തിരിച്ചടവ് ഗുണഭോക്താവ് അയൽക്കൂട്ടത്തിന് നൽകുന്നുണ്ടെന്ന് കുടുംബശ്രീ മിഷൻ ഉറപ്പുവരുത്തുന്നതാണ്. ആദ്യത്തെ ഒരു വർഷക്കാലയളവിൽ തിരിച്ചടവ് തുക താരതമ്യേന കുറഞ്ഞ തോതിലായിരിക്കും. രണ്ടാമത്തെ വർഷം മുതൽ തിരിച്ചടവ് ഒരു നിശ്ചിത തുകയായി ക്രമീകരിക്കുന്നതാണ്. അയൽക്കൂട്ടത്തിൽനിന്ന് വായ്പ ലഭിച്ച അംഗം ആഴ്ച്ച വ്യവസ്ഥയിലോ, മാസവ്യവസ്ഥയിലോ അടുത്ത മാസം മുതൽ വായ്പാ തിരിച്ചടവ് അയൽക്കൂട്ടത്തിലേക്ക് നൽകേണ്ടതാണ്. (ആദ്യത്തെ ഒരു വർഷത്തിൽ ആദ്യത്തെ മൂന്നു മാസം ഓരോ മാസവും 400, അടുത്ത മൂന്നു മാസം 600 (ഓരോ മാസവും), പിന്നെ 800,1000എന്നിങ്ങനെ തിരിച്ചടവ് തുക ക്രമീകരിക്കാവുന്നതാണ്)

- വായ്പയുടെ പലിശ തുക(9%) സർക്കാരിൽ നിന്ന് കൈപ്പറ്റി കുടുംബശ്രീ ജില്ലാമിഷൻ മുഖേന അയൽക്കൂട്ടങ്ങൾക്ക് ലഭ്യമാക്കുന്നതാണ്.

3. പ്രവർത്തന രീതി

- കുടുംബശ്രീ ജില്ലാമിഷൻ താലൂക്ക് ഓഫീസുകളിൽ നിന്ന് 10,000 രൂപ അടിയന്തിര സഹായമായി ലഭിച്ച കുടുംബങ്ങളുടെ പട്ടിക ശേഖരിക്കുകയും സിഡിഎസിനു നൽകുകയും ചെയ്യണം.
- കുടുംബശ്രീ അംഗങ്ങളല്ലാത്തതും എന്നാൽ സർക്കാരിന്റെ ഒറ്റത്തവണ സമാശ്വാസ ധനസഹായം ലഭിച്ചവരുമായ കുടുംബങ്ങളിലെ ഗൃഹനാഥക്കോ/വനിതാ കുടുംബാംഗത്തിനോ കുടുംബശ്രീയിൽ അംഗമാകുന്നതിന് അവസരം ഉണ്ടായിരിക്കും. അംഗമാകുന്നവർ കുടുംബശ്രീ ദർശനം ഉൾക്കൊള്ളുന്നതിനും അയൽക്കൂട്ട യോഗങ്ങളിൽ പങ്കെടുത്ത് സ്വാഭാവിക പ്രവർത്തനം ആരംഭിക്കുന്നമുറയ്ക്കും ആയിരിക്കും ഇവരുടെ വായ്പാ അപേക്ഷ പരിഗണിക്കുക.

- പ്രസ്തുത പദ്ധതി പ്രകാരം വായ്പ ആവശ്യമുള്ള അർഹരായ കുടുംബശ്രീ അംഗങ്ങളെ അതാത് അയൽക്കൂട്ടങ്ങൾ കണ്ടെത്തി എ ഡി എസ് മുഖേന അപേക്ഷ സി ഡി എസിനു കൈമാറും. അയൽക്കൂട്ടം ഇവരുടെ വായ്പാവശ്യത്തെക്കുറിച്ച് പഠിക്കുകയും ആവശ്യം മനസിലാക്കിയും തിരിച്ചടക്കാനുള്ള പ്രാപ്തി വിലയിരുത്തിയും ഓരോ വ്യക്തിക്കും അനുവദിക്കാവുന്ന തുക എത്രയെന്ന് കണ്ടെത്തണം. അയൽക്കൂട്ടത്തിന്റെ കൂട്ടുത്തരവാദിത്വത്തിലാണ് ഗുണഭോക്താവിന് അനുവദിക്കാവുന്ന തുക നിശ്ചയിക്കേണ്ടത്.

- വായ്പാപേക്ഷ പരിശോധിച്ച് അപേക്ഷകയുടെ നാശനഷ്ടങ്ങളുടെ വിവരങ്ങൾ വസ്തുനിഷ്ഠമായി അളക്കുകയും, ഇവരുടെ മുൻകാലത്തെ തിരിച്ചടവ് സ്വഭാവവും, വായ്പ തിരിച്ചടവിനുള്ള കഴിവ്, നിലവിലെ ബാധ്യത എന്നിവ കണക്കാക്കി അവർക്ക് അനുവദിക്കാവുന്ന പരമാവധി വായ്പ തുക (ഒരു ലക്ഷത്തിൽ കവിയരുത്) കണക്കാക്കേണ്ടതാണ്. **എന്നാൽ അയൽക്കൂട്ടത്തിന് അപേക്ഷിക്കാവുന്ന പരമാവധി വായ്പ തുക 10 ലക്ഷം രൂപയിൽ കവിയാനും പാടില്ല**. യാതൊരു ബാഹ്യ ഇടപെടലുകളും ഇക്കാര്യത്തിൽ ഉണ്ടാകാൻ പാടില്ല. **അർഹതപ്പെട്ട തുക നിഷേധിക്കുന്ന സാഹചര്യമോ അർഹതയില്ലാത്ത തുക ശുപാർശ ചെയ്യുന്ന സാഹചര്യമോ ഉണ്ടാകാൻ പാടില്ല**. ഇത്തരം തെറ്റായ പ്രവണത ഉണ്ടായാൽ അത്തരം അയൽക്കൂട്ടങ്ങളെ കരിമ്പട്ടികയിൽ

ഉൾപ്പെടുത്തുന്നതും തുടർന്നുള്ള സർക്കാരിന്റെ പദ്ധതികളിൽ നിന്നും ഒഴിവാക്കുന്നതുമാണ്.

- ലോൺ ആവശ്യമുള്ള അർഹരായ ഗുണഭോക്താക്കൾ നിശ്ചിത അപേക്ഷ കുടുംബശ്രീ അയൽക്കൂട്ടത്തിന് നൽകണം. (മാതൃക **അനുബന്ധം 1** ആയി ചേർത്തിരിക്കുന്നു) അതോടൊപ്പം ലോൺ തിരിച്ചടവ് കൃത്യമായി നടത്തുമെന്നുള്ള സത്യവാങ്മൂലം റവന്യു സ്റ്റാമ്പ് ഒട്ടിച്ച വെള്ള പേപ്പറിൽ എഴുതി അപേക്ഷക അയൽക്കൂട്ടത്തിനു നൽകണം. (മാതൃക **അനുബന്ധം 2** ആയി ചേർത്തിരിക്കുന്നു)

- അയൽക്കൂട്ടം, ഈ അപേക്ഷകളുടെ അടിസ്ഥാനത്തിൽ RKLS ലോണിനുള്ള അപേക്ഷ (മാതൃക **അനുബന്ധം 3** ആയി ചേർത്തിരിക്കുന്നു) വ്യക്തമായ ശുപാർശകളോടെ എഡിഎസിനു കൈമാറുകയും, എഡിഎസ് ആയത് ശുപാർശചെയ്ത് സി ഡി എസിനു കൈമാറുകയും സി ഡി എസ് ശുപാർശ രേഖപ്പെടുത്തി ബാങ്കുകൾക്ക് കൈമാറുകയും ചെയ്യേണ്ടതാണ്

- ബാങ്കുകൾ സമയബന്ധിതമായി പ്രസ്തുത വായ്പ ലഭ്യമാക്കുന്നതിനുള്ള നടപടി കൈക്കൊള്ളുന്നതാണ്. ലോൺ മേളകൾ സംഘടിപ്പിച്ച് ഏകജാലക സംവിധാനത്തിലൂടെ ലോൺ വിതരണത്തിനുള്ള നടപടികൾ (സി ഡി എസ്/ബ്ലോക്ക് തലത്തിൽ) ജില്ലാ മിഷൻ സ്വീകരിക്കേണ്ടതാണ്.
- അയൽക്കൂട്ടത്തിന് നൽകേണ്ട പലിശ സംബന്ധിച്ചുള്ള വിശദാംശങ്ങൾ ശേഖരിച്ച് ക്രോഡീകരിച്ച് സർക്കാരിന് സമർപ്പിക്കുന്നതിനുള്ള ഉത്തരവാദിത്വം കുടുംബശ്രീ ജില്ലാമിഷനായിരിക്കും.
- കുടുംബശ്രീ അയൽക്കൂട്ടത്തിലൂടെ ഗുണഭോക്താവ് വായ്പാ തിരിച്ചടവ് നടത്തുന്നതായിരിക്കും. വായ്പാ തിരിച്ചടവ് ഉറപ്പുവരുത്തുന്നതിനുള്ള ഉത്തരവാദിത്വം കുടുംബശ്രീ ത്രിതല സംഘടനാ സംവിധാനത്തിൽ നിക്ഷിപ്തമാണ്.

- അയൽക്കൂട്ടം ഗുണഭോക്താവിൽനിന്ന് പലിശ അടക്കമുള്ള തുകയാണ് ബാങ്കിലേക്ക് തിരിച്ചടക്കേണ്ടതാണ്. പലിശ തുക (9%) സർക്കാരിൽ നിന്നും കൈപ്പറ്റി കുടുംബശ്രീ മിഷൻ മുഖേന അയൽക്കൂട്ടങ്ങൾക്ക് ലഭ്യമാക്കുന്നതാണ്. അയൽക്കൂട്ടങ്ങൾ ഈ തുക ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് കാലവിളംബം കൂടാതെ നിക്ഷേപിക്കണം.

- വായ്പയ്ക്ക് താങ്ങായി (Subvention) സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള പലിശ തുക യഥാസമയം കുടുംബശ്രീ ജില്ലാ മിഷൻ മുഖേന അയൽക്കൂട്ടങ്ങൾക്ക് ലഭ്യമാക്കുന്നതാണ്.
- അപേക്ഷ പരിശോധിച്ച് ഏറ്റവുമടുത്ത ദിവസം തന്നെ ബാങ്ക് തുക കൈമാറുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.
- ഗുണഭോക്താക്കൾക്കാവശ്യമായ ഉപകരണങ്ങൾ മിതമായ വിലയ്ക്ക് ലഭ്യമാക്കുന്നതിനായി കുടുംബശ്രീ ജില്ലാ മിഷൻ നടപടികൾ സ്വീകരിക്കുന്നതാണ്. ജില്ലാ മിഷനുകൾ ഈ കമ്പനികളുമായി സഹകരിച്ച് ബ്ളോക്കുതല വിപണനമേളകൾ സംഘടിപ്പിക്കുകയും അവശ്യോപകരണങ്ങൾ സമയബന്ധിതമായി ഗുണഭോക്താവിന് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും വേണം.
- ഏതെങ്കിലും സാഹചര്യത്തിൽ ഒരു കുടുംബത്തിൽ നിന്നും ഒന്നിലധികം അംഗങ്ങൾ ഒരു അയൽക്കൂട്ടത്തിലോ ഒന്നിലധികം അയൽക്കൂട്ടങ്ങളിലോ അംഗങ്ങളായി വന്നാൽ ഒരു അംഗത്തിനു മാത്രമേ വായ്പയ്ക്ക് അർഹതയുണ്ടായിരിക്കുകയുള്ളു. സർക്കാരിൽ നിന്നും ഒറ്റത്തവണ സമാശ്വാസ തുക ലഭിച്ചവരുടെ ബാങ്ക് പാസ്ബുക്ക് പകർപ്പ് വ്യക്തിഗത അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്.

പദ്ധതിയിൽ പങ്കാളിയാകുന്നവരുടെ ഉത്തരവാദിത്തങ്ങൾ

അപേക്ഷക

- കുടുംബശ്രീ പ്രവർത്തനങ്ങളിൽ സജീവമായിരിക്കണം. അയൽക്കൂട്ട യോഗങ്ങളിലും പരിപാടികളിലും കൃത്യമായി പങ്കെടുക്കണം.
- കുടുംബശ്രീയിൽ അംഗത്വം നേടിയിട്ടില്ലെങ്കിൽ ഏറ്റവുമടുത്ത കുടുംബശ്രീ അയൽക്കൂട്ടത്തിൽ അംഗത്വം നേടണം. അതോടൊപ്പം കുടുംബശ്രീ പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുക്കുകയും വേണം.
- ലോൺ കൃത്യമായി തിരിച്ചടക്കുന്നതിൽ അതീവ ജാഗ്രത പുലർത്തണം.
- ലോൺ തുകയുടെ ശരിയായ വിനിയോഗം ഉറപ്പു വരുത്തണം.

അയൽക്കൂട്ടം

- അർഹരായവർക്ക് മാത്രം ലോൺ ലഭിക്കുന്നുവെന്ന് ഉറപ്പാക്കുന്നു.

- കുടുംബശ്രീ അംഗമല്ലാത്ത അർഹരായവരും ലോൺ ആവശ്യമുള്ളവരുമായവർക്ക് അയൽക്കൂട്ടത്തിൽ അംഗത്വം കൊടുക്കുന്നു.
- അപേക്ഷകയുടെ ആവശ്യകത വസ്തുനിഷ്ഠമായി വിലയിരുത്തുന്നു.
- ലോൺ അപേക്ഷകൾ സ്വീകരിക്കുകയും അംഗങ്ങളുമായി കരാറിൽ ഏർപ്പെടുകയും ചെയ്യുന്നു.
- ലോൺ തുക സമയബന്ധിതമായി ലഭ്യമാക്കുന്നതിന് പരിശ്രമിക്കുന്നു.
- ലഭ്യമായ ലോൺ തുക അപേക്ഷകർക്ക് കാലവിളംബം കൂടാതെ അവരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് കൈമാറുന്നു.
- ലോൺ തിരിച്ചടവ് ഉറപ്പാക്കുന്നു.
- ലോൺ തിരിച്ചടവ് മുടങ്ങുന്ന സാഹചര്യത്തിൽ ബന്ധപ്പെട്ട അംഗത്തെ നേരിൽ കണ്ട് പ്രശ്നങ്ങൾ മനസ്സിലാക്കി പരിഹാര മാർഗ്ഗങ്ങൾ തേടുന്നു. (ഉദാ. വായ്പ ലഭിച്ച ഗുണഭോക്താവിന്റെ സമ്പാദ്യത്തിൽനിന്ന് ലഭ്യമാക്കുക തുടങ്ങിയവ)
- ലോൺ തിരിച്ചടവ് സ്റ്റേറ്റ്മെന്റ് യഥാസമയം എ ഡി എസിനു കൈമാറുന്നു.
- ലഭ്യമായ ലോൺ തുക ശരിയായി വിനിയോഗിക്കുന്നതിന് അംഗത്തെ പ്രേരിപ്പിക്കുന്നു.
- ഏതെങ്കിലും സാഹചര്യത്തിൽ ഒരു കുടുംബത്തിൽ നിന്നും ഒന്നിലധികം അംഗങ്ങൾ ഒരു അയൽക്കൂട്ടത്തിലോ ഒന്നിലധികം അയൽക്കൂട്ടങ്ങളിലോ അംഗങ്ങളായി വന്നാൽ ഒരു അംഗത്തിനു മാത്രമേ വായ്പയ്ക്ക് അർഹതയുണ്ടായിരിക്കുകയുള്ളു. ഇക്കാര്യം ഉറപ്പാക്കുന്നു.

എ ഡി എസ്

- പ്രളയാനന്തര സഹായമായ പതിനായിരം രൂപ സർക്കാരിൽ നിന്ന് ലഭ്യമായവരുടെ ലിസ്റ്റ് സി ഡി എസിൽ നിന്ന് ശേഖരിച്ച് അയൽക്കൂട്ടങ്ങൾക്ക് കൈമാറുന്നു.
- അയൽക്കൂട്ടങ്ങൾ സമർപ്പിക്കുന്ന അപേക്ഷകളുടെ നിജസ്ഥിതി പരിശോധിക്കുന്നു.
- അപേക്ഷകൾ യാതൊരു പക്ഷപാതവും കൂടാതെ വേഗത്തിൽ ശുപാർശ രേഖപ്പെടുത്തി സി ഡി എസിന് കൈമാറുന്നു.
- ഏതെങ്കിലും അയൽക്കൂട്ടം ലോൺ ആവശ്യമുള്ള ഒരു അപേക്ഷകയുടെ അംഗത്വം ഏതെങ്കിലും സാഹചര്യത്തിൽ നിഷേധിച്ചാൽ ആ

അയൽക്കൂട്ടത്തിൽ നേരിട്ട് സന്ദർശിച്ച് അയക്കൂട്ട അംഗത്വം ഒരു സ്ത്രീയുടെ അവകാശമാണെന്നും അതു നിഷേധിക്കാൻ പാടില്ലായെന്നും അംഗങ്ങളെ ബോധ്യപ്പെടുത്തണം.

- അയൽക്കൂട്ട അംഗ സംഖ്യ ഇരുപതാണെങ്കിൽ അത്തരം സാഹചര്യങ്ങളിൽ അപേക്ഷകയെ തൊട്ടടുത്തുള്ള മറ്റ് അയൽക്കൂട്ടത്തിൽ ചേർക്കുന്നതിന് നടപടി സ്വീകരിക്കുന്നു.
- ലോൺ തിരിച്ചടവ് നിരീക്ഷിക്കുന്നു. സ്റ്റേറ്റ്മെന്റുകൾ യഥാസമയം അയൽക്കൂട്ടങ്ങളിൽ നിന്നും ശേഖരിച്ച് സി ഡി എസിന് കൈമാറുന്നു.
- ഏതെങ്കിലും സാഹചര്യത്തിൽ ലോൺ തിരിച്ചടവ് മുടങ്ങുകയാണെങ്കിൽ ബന്ധപ്പെട്ട അയൽക്കൂട്ട യോഗത്തിൽ പങ്കെടുത്ത് പ്രശ്ന പരിഹാരം ഉണ്ടാക്കുന്നു. വിവരങ്ങൾ യഥാസമയം സി ഡി എസിന് കൈമാറുന്നു.

സി ഡി എസ്

- സർക്കാരിൽ നിന്നും പ്രളയ ബാധിതർക്ക് ഒറ്റതവണ സമാശ്വാസമായി 10,000 രൂപ ലഭിച്ചവരുടെ ലിസ്റ്റ് റവന്യു ഉദ്യോഗസ്ഥരിൽ/ജില്ലാമിഷനിൽ നിന്ന് ശേഖരിച്ച് ബന്ധപ്പെട്ട എ ഡി എസുകൾക്ക് കൈമാറുന്നു.
- എ ഡി എസുകളിൽ നിന്ന് ലഭിച്ച അപേക്ഷകൾ കാലവിളംബം കൂടാതെ ബാങ്കുൾകൾക്ക് കൈമാറുന്നു.
- ജില്ലാ മിഷൻ നിർദ്ദേശ പ്രകാരം ലോൺ മേള സംഘടിപ്പിക്കുന്നു.
- ലോൺ തിരിച്ചടവ് കൃത്യമായി നിരീക്ഷിക്കുന്നു.
- ലോൺ തിരിച്ചടവ് സ്റ്റേറ്റ്മെന്റ് എം ഐ എസിൽ നാളിതീകരിക്കുന്നു.
- പലിശ സ്റ്റേറ്റ്മെന്റ്/ലോൺ വിതരണ സ്റ്റേറ്റ്മെന്റ് യഥാസമയം ജില്ലാമിഷനു കൈമാറുന്നു.
- RKLS പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിനാവശ്യമായ വിവരങ്ങൾ എല്ലാ ദിവസവും (ജില്ലാ മിഷൻ ആവശ്യപ്പെടുന്നതുവരെ) അതാതു ദിവസം ഉച്ചക്ക് രണ്ടു മണിക്ക് മുൻപ് ജില്ലാ മിഷനു കൈമാറുന്നു.
- RKLS പദ്ധതിയുടെ ഓഫീസ് സംബന്ധമായ എല്ലാ പ്രവർത്തനങ്ങളുടെയും ഉത്തരവാദിത്തം സി ഡി എസ് അക്കൗണ്ടന്റിനായിരിക്കും.

- സർക്കാരിൽ നിന്നും ഒറ്റത്തവണ സമാശ്വാസ തുക ലഭിച്ചവരുടെ വിവരങ്ങൾ (**അനുബന്ധം 4**) പ്രകാരം സി ഡി എസിൽ ശേഖരിച്ച് എക്സൽ ഷീറ്റിൽ സൂക്ഷിക്കേണ്ടതും ആയത് ഒരു കുടുംബത്തിൽ നിന്നും ഒന്നിൽ കൂടുതൽ

അപേക്ഷ സമർപ്പിച്ചിട്ടില്ലായെന്ന് ഉറപ്പുവരുത്തുന്നതിനായി ഉപയോഗിക്കേണ്ടതുമാണ്.

ജില്ലാ മിഷൻ

- അർഹരായവരുടെ പട്ടിക റവന്യു ഉദ്യോഗസ്ഥരിൽ നിന്നും ശേഖരിച്ച് സി ഡി എസുകൾക്ക് കൈമാറുന്നു.
- ടി പദ്ധതിക്കാവശ്യമായ പ്രചരണം കുടുംബശ്രീ ത്രിതല സംഘടനാ സംവിധാനം വഴി നൽകുന്നു.
- സി ഡി എസ് ഭാരവാഹികളുടെ യോഗം വിളിച്ചു ചേർത്ത് ആവശ്യമായ മുന്നൊരുക്ക പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.
- ബാങ്ക് ഉദ്യോഗസ്ഥരുടെ/ഭാരവാഹികളുടെ യോഗം വിളിച്ചു ചേർത്ത് പദ്ധതിയുടെ സുഗമമായ നടത്തിപ്പ് ഉറപ്പാക്കുന്നു.
- പദ്ധതി നടത്തിപ്പിനാവശ്യമായ നിരീക്ഷണ സംവിധാനം ഏർപ്പെടുത്തുന്നു .ബ്ലോക്ക് കോ ഓർഡിനേറ്റർമാർക്ക് സി ഡി എസുകളുടെ ചുമതല നൽകുന്നു.
- തിരിച്ചടവ് കൃത്യമായി നിരീക്ഷിക്കുന്നു.
- പദ്ധതി ഗുണഭോക്താക്കൾക്കായി ആവശ്യമായ ബോധവത്ക്കരണ പരിപാടികളും മാനസിക പിന്തുണാ പരിപാടികളും സംഘടിപ്പിക്കുന്നു.
- പലിശ സംബന്ധിച്ച സ്റ്റേറ്റ്മെന്റ് സംസ്ഥാന മിഷന് യഥാസമയം കൈമാറുന്നു.
- ടി പദ്ധതിയുമായി ബന്ധപ്പെട്ട വെബ് ടേബിളുകൾ എല്ലാ ദിവസവും പകൽ 4 മണിക്ക് മുൻപായി നാളിതീകരി**ക്കുന്നു**.

ബാങ്ക്

- ലോൺ തുക സമയബന്ധിതമായി അയൽക്കൂട്ടത്തിന് അനുവദിക്കുക
- പലിശ സ്റ്റേറ്റ്മെന്റ്, ലോൺ വിതരണ സ്റ്റേറ്റ്മെന്റ് സി ഡി എസുകൾ ആവശ്യപ്പെടുന്ന മുറക്ക് കൈമാറുക.
- ലോൺ തിരിച്ചടവ് സംബന്ധമായ പ്രശ്നങ്ങൾ ആദ്യഘട്ടത്തിൽ സി ഡി എസിൽ പരിഹാരം ഉണ്ടാകാത്ത പക്ഷം ജില്ലാ മിഷന് കൈമാറുക.
- ലോൺ തിരിച്ചടവ് പുരോഗതി ബി എൽ ബി സിയിലും ഡി എൽ ബി സിയിലും ചർച്ച ചെയ്യുക.
- **പ്രകൃതി ക്ഷോഭത്തെ തുടർന്ന് പ്രഖ്യാപിച്ച പദ്ധതി ആയതിനാൽ SLBC യിൽ അനുവദിച്ചിട്ടുള്ള താഴെ ചേർത്തിരിക്കുന്ന ഇളവുകൾ പാലിക്കുന്നുണ്ടെന്ന് ബാങ്കുകൾ ഉറപ്പാക്കുക.**

- ✓ വായ്പതുക അയൽക്കൂട്ട കോർപ്പസിന് ആനുപാതികമായി കണക്കാക്കേണ്ടതില്ല
- ✓ ഈ പദ്ധതിയുടെ അടിയന്തിര പ്രാധാന്യം കണക്കിലെടുത്ത് ഒരു അയൽക്കൂട്ടത്തിന് ഒന്നിൽ കൂടുതൽ തവണ വായ്പയ്ക്ക് അപേക്ഷിക്കാവുന്നതാണ്
- ✓ വായ്പാ ലഭ്യതയ്ക്ക് അയൽക്കൂട്ടം ആരംഭിച്ച് ആറുമാസം പൂർത്തീകരിച്ചിരിക്കണം എന്ന വ്യവസ്ഥ ഇളവുചെയ്യുന്നു

സംസ്ഥാന മിഷൻ

- പദ്ധതി പ്രവർത്തനങ്ങൾക്കാവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ തയ്യാറാക്കുക
- ആവശ്യമെങ്കിൽ തുടർമാർഗ്ഗ നിർദ്ദേശങ്ങൾ യഥാസമയം പുറപ്പെടുവിക്കുക.
- പദ്ധതിയുടെ പ്രവർത്തന പുരോഗതി ദൈനംദിനം വിലയിരുത്തുക.
- പലിശ തുക C.M.D.F-ൽ നിന്ന് യഥാസമയം ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക. ലഭിക്കുന്ന തുക അയൽക്കൂട്ടങ്ങൾക്ക് കൈമാറുക.
- പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ഓരോഘട്ടത്തിലെയും നടപടികൾ ത്വരിതപ്പെടുത്താനാവശ്യമായ നടപടികൾ സ്വീകരിക്കുക.
- പദ്ധതിയുമായി ബന്ധപ്പെട്ട് ആവശ്യമായ നയപരമായ തീരുമാനങ്ങൾ കൈക്കൊള്ളുക. വിലയിരുത്തലും നിരീക്ഷണവും ഉറപ്പാക്കുക. തുടർ ഉത്തരവുകൾ പുറപ്പെടുവിക്കുക.

സമയക്രമം

തീയതി	പ്രവർത്തനം	ലക്ഷ്യം	ഉത്തരവാദിത്വം
13/9/2018, 14/9/2018	സി ഡി എസ് ചെയർപേഴ്സന്മാരുടെ ജില്ലാതല യോഗം	പദ്ധതി വിശദീകരണം	ജില്ലാ മിഷൻ
14/9/2018, 15/9/2018	സി ഡി എസ് ജനറൽബോഡി	പദ്ധതി വിശദീകരണം	ബ്ലോക്ക് കോ ഓർഡിനേറ്റർ, സി ഡി എസ് ചെയർപേഴ്സൻ,മെമ്പർ സെക്രട്ടറി
15/9/2018 16/9/2018	അയൽക്കൂട്ട യോഗം	പദ്ധതി വിശദീകരണം, അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുക, ലോൺ അപേക്ഷകൾ സ്വീകരിക്കുക	ബന്ധപ്പെട്ട എ ഡി എസ് ഭാരവാഹികൾ

17/9/2018	എ ഡി എസ്തല പരിശോധന (സി ഡി എസ് ഓഫീസിൽ)	അനർഹരായവരെ ഓഴിവാക്കുക, അപേക്ഷയിലെ പിശുകുകൾ തിരുത്തുക, ബന്ധപ്പെട്ടവരുടെ ശുപാർശകൾ രേഖപ്പെടുത്തുക	ബന്ധപ്പെട്ട എ ഡി എസ് ഭാരവാഹികൾ
17/9/2018, 18/9/2018	സി ഡി എസ്തല പരിശോധനയും അപേക്ഷകൾ ബാങ്കുകൾക്ക് കൈമാറലും	അപേക്ഷകൾ ക്രമപ്പെടുത്തുക, ബന്ധപ്പെട്ടവരുടെ ശുപാർശകൾ രേഖപ്പെടുത്തുക, അപേക്ഷകൾ ബാങ്കിന് കൈമാറുക, ആവശ്യമായ വിവരങ്ങൾ ജില്ലാ മിഷനു കൈമാറുക	സി ഡി എസ് ചെയർപേഴ്സൻ,മെമ്പർ സെക്രട്ടറി, സി ഡി എസ് ഭരണസമിതി അംഗങ്ങൾ
19/9/2018 മുതൽ 25/9/2018 വരെ	ബാങ്കുകൾ ലോൺ അനുവദിക്കൽ	അർഹതപ്പെട്ട എല്ലാവർക്കും വായ്പ ഉറപ്പാക്കുക	ബന്ധപെട്ട ബാങ്കുകൾ
25/9/2018 മുതൽ 30/9/2018 വരെ	ഗൃഹോപകരണ മേളകൾ	ആർ കെ എൽ എസ് ഗുണഭോക്താക്കൾക്ക് മിതമായ നിരക്കിൽ ഗൃഹോപകരണങ്ങൾ ലഭ്യമാക്കുക	ജില്ലാ മിഷൻ

(ഒപ്പ്)
എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ

സ്വീകർത്താവ്

1. എല്ലാ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്കും
2. എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും

പകർപ്പ്

1. എല്ല ഗവേണിംഗ് ബോഡി അംഗങ്ങൾക്ക്
2. അക്കൗണ്ട്സ് സെക്ഷൻ
3. കരുതൽ/അധികം

ഉത്തരവിൻ പ്രകാരം

പ്രോഗ്രാം ഓഫീസർ (സംഘടന)

Annexure-1

From

To

റിസർജന്റ് കേരള വായ്പയ്ക്കുള്ള അപേക്ഷ

(കുടുംബശ്രീ അംഗം അയൽക്കൂട്ടത്തിന് സമർപ്പിക്കേണ്ടത്)

അയൽക്കൂട്ട അംഗത്തിന്റെ പേര്:	
മേൽവിലാസം	
അയൽക്കൂട്ടത്തിൽ അംഗമായ വർഷം	
അംഗീകൃത തിരിച്ചറിയൽ കാർഡ് നമ്പർ	
ബാങ്ക് അക്കൗണ്ട് വിശദാംശങ്ങൾ	
നിലവിൽ ബാങ്ക് വായ്പ ഉണ്ടോ ?	
ഉണ്ടെങ്കിൽ ഇനിയും എത്ര തുക തിരിച്ചടയ്ക്കണം? കാലാവധി എത്ര ?	

പ്രളയത്തിൽ നഷ്ടപ്പെട്ട ഗൃഹോപകരണങ്ങളുടേയും മറ്റും വിവരങ്ങൾ

ക്രമ.നം	വസ്തുക്കൾ	എണ്ണം	മതിപ്പ് നഷ്ടം
1	മിക്സി		
2	ടിവി		
3	ഫ്രിഡ്ജ്		
4	കുക്കർ		
5	ഫർണിച്ചർ		
6	മെത്ത		
7	വാഷിംഗ് മഷീൻ		
8	ഗ്യാസ് സ്റ്റൗ		
9	മറ്റുള്ളവ		
ആകെ			
വിശദീകരണം(എന്തെങ്കിലും ഉണ്ടെങ്കിൽ):			

വായ്പയുടെ ആവശ്യകത

ക്രമ.നം	വസ്തുക്കൾ	എണ്ണം	ആവശ്യമായ തുക
1	മിക്സി	1	
2	ടിവി	1	
3	ഫ്രിഡ്ജ്	1	
4	കുക്കർ	1	
5	ഫർണിച്ചർ -(മേശ,കസേര,കട്ടിൽ,അലമാര)	ഉദാ: 1മേശ 2 കസേര	
6	മെത്ത		
7	വാഷിംഗ് മഷീൻ	1	
8	ഗ്യാസ് സ്റ്റൗ	1	
9	മേൽ പറയാത്തവ		
10	മറ്റുള്ളവ(വീടിന്റെ ചെറിയതോതിലെ റിപ്പയർ, ജീവനോപാധികൾ കണ്ടെത്താൻ തുടങ്ങിയവ)		
ആകെ			
ആകെ തുക 1 ലക്ഷം രൂപയിൽ അധികരിക്കരുത്			

കേരള സർക്കാർ കുടുംബശ്രീ വഴി നടപ്പിലാക്കി വരുന്ന റിസർജന്റ് കേരള ലോൺ പദ്ധതി പ്രകാരം മേൽ ആവശ്യങ്ങൾക്കായി ----------രൂപ

----------വായ്പയായി അനുവദിച്ചു തരണമെന്ന് അപേക്ഷിക്കുന്നു. വായ്പ കൃത്യമായി തിരിച്ചടക്കുന്നതാണെന്നും ഇതു സംബന്ധമായ മുഴുവൻ നിബന്ധനകളും പാലിക്കുമെന്നും ഉറപ്പ് നൽകുന്നു. ഏതെങ്കിലും കാരണവശാൽ തിരിച്ചടവു മുടങ്ങുകയാണെങ്കിൽ ആയത് എന്നിൽനിന്നും എന്റെ സ്വത്തുക്കളിൽനിന്നും ഈടാക്കുന്നതിന് എനിക്ക് സമ്മതമാണെന്നും അറിയിക്കുന്നു. വായ്പയായി റൊക്കം കൈപ്പറ്റിയ സംഖ്യയ്ക്ക് പ്രോമിസറി നോട്ട് ഈടായി നൽകുകയും ചെയ്യുന്നുണ്ട്. എന്റെ വീട്ടിൽ നിന്നും മറ്റ് വനിതാ കുടുംബാംഗങ്ങൾ ഈ വായ്പക്കായി എന്റെ അയൽക്കൂട്ടത്തിലോ മറ്റ് അയൽക്കൂട്ടങ്ങളിലോ അപേക്ഷിച്ചിട്ടില്ലായെന്നും ഇതിനാൽ ബോധ്യപ്പെടുത്തിക്കൊള്ളുന്നു.

എന്ന്

സാക്ഷിയുടെ പേരും ഒപ്പും

വായ്പക്കാരന്റെ പേരും ഒപ്പും

Annexure- 2

പ്രോമിസറി നോട്ട്

സംഖ്യ ..... രൂപ മാത്രം തീയതി:

മേൽ എഴുതിയ ..... രൂപ ..... അയൽക്കൂട്ടത്തിൽ കൃത്യമായ തവണ വ്യവസ്ഥകൾക്കും, നിബന്ധനകൾക്കും അനുസരിച്ച് തിരികെ നൽകി ബോധ്യപ്പെടുത്തി കൊള്ളാമെന്ന് .....
അംശം .....------- ദേശത്ത് ..... വീട്ടിൽ ---------- ആളുടെ മകൾ/ഭാര്യ ആയ ഞാൻ ഇതിനാൽ വാഗ്ദാനം ചെയ്തിരിക്കുന്നു പ്രതിഫല സംഖ്യ ..... ആവശ്യത്തിന് മുഴുവനും റൊക്കം കിട്ടി ബോധിച്ചിരിക്കുന്നു.

സാക്ഷികൾ 1.

2. പേരും ഒപ്പും

റവന്യൂ സ്റ്റാമ്പ്

Annexure-3

കുടുംബശ്രീ

RKLS വായ്പയ്ക്കുള്ള അപേക്ഷാ ഫോറം

ബാങ്കിന്റെ പേര്:..... ബ്രാഞ്ച്:..... അപേക്ഷാ തീയതി .....

1. സി ഡി എസ്സിന്റെ പേര് :

2. എ ഡി എസ്സ്/വാർഡ് പേര്/നമ്പർ :

3. അയൽക്കൂട്ടത്തിന്റെ പേര് :

4. അയൽക്കൂട്ടത്തിന്റെ അഫിലിയേഷൻ നമ്പർ/തീയ്യതി :

5. അഫിലിയേഷൻ പുതുക്കിയ തീയ്യതി :

6. അയൽക്കൂട്ടത്തിലെ ആകെ അംഗങ്ങളുടെ എണ്ണം :

   ബി പി എൽ അംഗങ്ങൾ :

   എ. പി എൽ അംഗങ്ങൾ :

   എസ് സി : ...., എസ് ടി :....., ജനറൽ:.....

7. അയൽക്കൂട്ടത്തിന്റെ നാളിതുവരെയുള്ള ആകെ സമ്പാദ്യം (അപേക്ഷാ തീയതി അനുസരിച്ച്)

8. അയൽക്കൂട്ടം നാളിതുവരെ നൽകിയ ആകെ ആന്തരീക വായ്പ (അപേക്ഷാ തീയതി അനുസരിച്ച്)

9. അയൽക്കൂട്ടം 2016 – 17 ഓഡിറ്റ് പൂർത്തീകരിച്ചതാണോ? അതെ ☐ അല്ല ☐

10. ഓഡിറ്റ് ചെയ്ത തീയ്യതി :

11. ഓഡിറ്റ് പരാമർശങ്ങൾ പരിഹരിച്ചിട്ടുണ്ട് : അതെ ☐ അല്ല ☐

12. RKLS പ്രകാരം ആവശ്യമായ

13. വായ്പാ തുക ആവശ്യമായ ആകെ അയൽക്കൂട്ട അംഗങ്ങളുടെ എണ്ണം :

14. RKLS പ്രകാരം ആവശ്യമായ
വായ്പാ തുക :

വായ്പ ആവശ്യമായ അംഗങ്ങളുടെ വിവരങ്ങൾ

ക്രമ.നം	അംഗത്തിന്റെ പേര്	അംഗമായ വർഷം	ആവശ്യമായ തുക	ആവശ്യങ്ങളുടെ ലഘു വിവരണം
	ആകെ തുക			

മേൽപറഞ്ഞ വിവരങ്ങൾ സത്യമാണെന്നും ടിയാളുടെ വീട്ടിൽ നിന്നും മറ്റംഗങ്ങളാരും ഈ വായ്പാ പദ്ധതിക്കായി ഈ അയൽക്കൂട്ടത്തിലോ മറ്റ് അയൽക്കൂട്ടങ്ങളിലോ അപേക്ഷിച്ചിട്ടില്ലായെന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഒപ്പ്, തീയതി
അയൽക്കൂട്ടം പ്രസിഡണ്ട്
പേര്, വിലാസം, ഫോൺനമ്പർ

ഒപ്പ്, തീയതി
അയൽക്കൂട്ടം സെക്രട്ടറി
പേര്, വിലാസം, ഫോൺ

(അയൽക്കൂട്ടത്തിന്റെ മുദ്ര)

എ ഡി എസ്സിന്റെ മേലൊപ്പ്

ഒപ്പ്, തീയതി
എ ഡി എസ്സ് ചെയർപേഴ്സൺ / സെക്രട്ടറി
പേര്:

സി ഡി എസ്സിന്റെ ശുപാർശ

..... അയൽക്കൂട്ടത്തിന് RKLS സ്കീമിൽ ഉൾപ്പെടുത്തി വായ്പ അനുവദിക്കാവുന്നതാണ്.

ഒപ്പ്, തീയതി
സി.ഡി.എസ് ചെയർപേഴ്സൺ
പേര്

ഒപ്പ്, തീയതി
മെമ്പർ സെക്രട്ടറി
പേര്

(ഓഫീസ് മുദ്ര)

അനുബന്ധം 4

സർക്കാരിൽ നിന്നും ഒറ്റത്തവണ സമാശ്വാസ തുക കിട്ടിയവരുടെയും അവരുടെ കുടുംബത്തിൽ നിന്നും RKLS വായ്പക്ക് അപേക്ഷിച്ചവരുടെയും വിവരങ്ങൾ (എക്സൽ ഷീറ്റിൽ തയ്യാറാക്കേണ്ടത്)

Mapping of Beneficiaries who received One time Relief with Kudumbashree Members									
Sl No	Name of the Beneficiary who received FRs	Bank Account No	Bank	Branch	House Address	Name of the Kudumbashree member who submitted the loan application form	NHG	ADS	CDS

ബാങ്ക് ബ്രാഞ്ചുകൾ സി.ഡി.എസ്സിനു നൽകേണ്ട വായ്പാ വിതരണ സ്റ്റേറ്റ്മെന്റ്

.....ബാങ്ക് .....ബ്രാഞ്ച്

2018 RKLS വായ്പാ വിതരണ സ്റ്റേറ്റ്മെന്റ്

സി ഡി എസ്സിന്റെ പേര് .....

ക്രമ നം	അയൽക്കൂട്ടത്തിന്റെ പേര്	അഫിലിയേഷൻ നമ്പർ	വായ്പാ നമ്പർ/ തീയ്യതി	ആകെ അനുവദിച്ച വായ്പ	പലിശ നിരക്ക്	കാലാവധി (മാസം)	തവണ തുക	വാർഷിക പലിശ തുക (ആദ്യ വർഷം)	പലിശ തുക (ആദ്യ വർഷം)	റിമാർക്സ്
ആകെ										

ഒപ്പ്, തീയതി (സീൽ)
ബ്രാഞ്ച് മാനേജർ
..... ബാങ്ക്

ഒപ്പ്, തീയതി (സീൽ)
സി ഡി എസ്സ് ചെയർപെഴ്സൺ / മെമ്പർ സെക്രട്ടറി
പേര്

ജില്ലാ മിഷൻ തയ്യാറാക്കി സംസ്ഥാന മിഷന് നൽകേണ്ട ബാങ്ക്-ബ്രാഞ്ച്-സി.ഡി.എസ് തിരിച്ചുള്ള ക്രോഡീകരിച്ച വായ്പാ വിതരണ സ്റ്റേറ്റ്മെന്റ്

.....ജില്ല ..... മാസം..... വർഷം

സി..ഡി.എസ്സിന്റെ പേര്	ബാങ്കിന്റെ പേര്	ബ്രാഞ്ചിന്റെ പേര്	അയൽക്കൂട്ട എണ്ണം	വായ്പാതുക	വാർഷിക പലിശ തുക (ആദ്യ വർഷം)	പലിശ തുക (1 ലക്ഷം രൂപ വരെയുള്ള വായ്പാ തുകയ്ക്ക്)
ആകെ						

ഒപ്പ്, തീയതി (സീൽ)
ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ
..... കുടുംബശ്രീ ജില്ലാ മിഷൻ

ബാങ്ക് സി.ഡി.എസ്സിനു നൽകേണ്ട വാർഷികപലിശ സബ്സിഡി ക്ലെയിം സ്റ്റേറ്റ്മെന്റിന്റെ മാതൃക

.....ബാങ്ക് ..... ബ്രാഞ്ച് ..... മാസം ..... വർഷം

സി ഡി എസ്സിന്റെ പേര്.....

ക്രമ നം	അയൽക്കൂട്ടത്തിന്റെ പേര്	വായ്പാ നമ്പർ/ തീയതി	വായ്പാ തുക	പലിശ നിരക്ക്	വായ്പാ നീക്കിയിരിപ്പ്	തിരിച്ചടവ് വിശദാംശങ്ങൾ (കഴിഞ്ഞ 12 മാസത്തെ)		വാർഷിക പലിശ തുക ..... വർഷം	പലിശ സബ്സിഡി തുക ..... .ഗഡു	തിരിച്ചടവിൽ കുടിശ്ശിക ഉണ്ടെങ്കിൽ	
						തിരിച്ചടച്ച മുതൽ	തിരിച്ചടച്ച പലിശ			മുതൽ	പലിശ
ആകെ											

ഒപ്പ്, തീയതി (സീൽ)
ബ്രാഞ്ച് മാനേജർ
.....ബാങ്ക്

ഒപ്പ്, തീയതി (സീൽ)
സി ഡി എസ്സ് ചെയർപെഴ്സൺ / മെമ്പർ സെക്രട്ടറി
പേര്

ജില്ലാ മിഷൻ തയ്യാറാക്കി സംസ്ഥാന മിഷന് നൽകേണ്ട ബാങ്ക്-ബ്രാഞ്ച്-സി.ഡി.എസ് തിരിച്ചുള്ള ക്രോഡീകരിച്ച സബ്സിഡി ക്ലെയിം സ്റ്റേറ്റ്മെന്റ്

.....ജില്ല ..... മാസം..... വർഷം

സി..ഡി.എസ്സിന്റെ പേര്	ബാങ്കിന്റെ പേര്	ബ്രാഞ്ചിന്റെ പേര്	അയൽക്കൂട്ടങ്ങളുടെ എണ്ണം	വായ്പാതുക	വാർഷിക പലിശ തുക (.....വർഷം)	പലിശ തുക ..... ഗഡു (1 ലക്ഷം രൂപ വരെയുള്ള വായ്പാ തുകയ്ക്ക്)
ആകെ						

ഒപ്പ്, തീയതി (സീൽ)
ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ
..... കുടുംബശ്രീ ജില്ലാ മിഷൻ

അയൽക്കൂട്ടത്തിന്റെ വായ്പാ രജിസ്റ്റർ

(ഒരംഗത്തിന് ഒരു പേജ്)

അയൽക്കൂട്ടത്തിന്റെ പേര് :

അഫിലിയേഷൻ നമ്പർ :

ബാങ്കിന്റെ പേര് :

അക്കൗണ്ട് നമ്പർ :

വായ്പ തുക :

തിരിച്ചടവ് കാലം :

തിരിച്ചടവ് തുക :

ക്രമ നമ്പർ	അംഗത്തിന്റെ പേര്	വായ്പ നൽകിയ തീയ്യതി	വായ്പ തുക	വായ്പ യുടെ ആവശ്യം	തിരിചടച്ചു തീർത്ത തീയതി	കുറിപ്പ്

അംഗത്തിന്റെ പേര് :

തീയതി	വായ്പതുക	പലിശ	തന്മാസം പലിശ ഉൾപ്പെടെ തിരിച്ചടക്കേണ്ട തുക	10ാം ആഴ്ച	20ാം ആഴ്ച	30ാം ആഴ്ച	40ാം ആഴ്ച	50ാം ആഴ്ച	ആകെ	മാസാവസാനം തിരിച്ചടക്കേണ്ട ആകെ തുക

GOVERNMENT OF KERALA

Abstract

Electronics & Information Technology Department - 'Certificate Retrieval Camps' at the flood affected areas in the State to provide a single point source to issue multiple certificates - Guidelines issued

ELECTRONICS & INFORMATION TECHNOLOGY (B) DEPARTMENT

G.O.(Rt)No.238/2018/ITD Dated,Thiruvananthapuram, 14/09/2018

Read 1 GO(MS)No.13/2018/DMD dated 16.08.2018

2 GO(MS)No.21/2018/DMD dated 07.09.2018

3 GO(P)6/2018/ITD Dated 11/09/2018

3 Letter No:e-Gov/18/KSITM /2904 dated 10.09.2018 from the Head, e-Governance, Kerala State IT Mission.

ORDER

As the State witnessing the worst floods in nearly a century, apart from deaths and damages to property, many people have lost vital documents like Birth Certificates, Marriage Certificates, Election ID Cards, Land Deeds, Bank Documents , Ration Cards and other valuable documents. Thus the survivors are put in deep distress, being unable to avail many benefits / services from Government.

2. Government have already issued directions to various departments to make arrangements to reclaim important documents of the public damaged or lost due to floods. It has also been decided as per G.O read as first paper above to conduct Certificate/Document Retrieval Camps/Adalats in flood affected areas with the participation of LSGIs, departments concerned, Kerala State IT Mission and Akshaya entrepreneurs in co-ordination with concerned District Administration. Electronics & IT Department has developed an application to facilitate search for documents of multiple departments from a single interface. It is also planned to facilitate Digi-Locker accounts for citizens, so as to ensure all the documents are electronically and seamlessly available to citizens. This will be a transformative shift from the conventional method to the fully IT enabled system in service delivery. The Kerala State IT Mission has requested to issue guidelines for conducting the adalats/camps for

Certificate retrieval as per the letter read as 4th paper above

3. Government have examined the matter in detail and decided to conduct Certificate/Document Retrieval Camps/Adalats in flood effected areas in the Statewide and are pleased to issue the following directions for better conduct of the adalats / camps for certificate retrieval : -

i. The details of certificates lost/damaged during the natural calamity should be assessed and consolidated by Local Body concerned or by the Camp Nodal Officer concerned. In addition to this, assessment may also be done using the application through Whatsapp developed by the IT Mission.

ii. The consolidated information of the details and requirements of lost/damaged certificates should be given to the District Collector concerned.

iii. All Departments concerned should appoint an IT Nodal Officer for this project in District level and Taluk Level with topmost priority.

iv. A district level committee should be formed for this purpose under the leadership of District Collector, composed of District Level Heads of Departments concerned, DIO of NIC, District Project Manager of Kerala State IT Mission and DTO of Information Kerala Mission. The District Project Manager, DeGS & KSITM will be the Nodal Officer who will provide necessary technical and managerial support to District Collector. The District Collector can setup suitable administrative arrangements required for the conduct of the program.

v. The Committee should finalize the total number of Certificate Camps required at common convenient public locations in each district and should give necessary directions to the Revenue authorities/concerned department for making arrangements.It is suggested that the facilities available at the Block level may be leveraged in consultation with Rural Development Department

vi. Registration, e-Aadhaar, Digi-Locker, Common Search Desks and Exit Counters will be manned by staff from Kerala State IT Mission, Akshaya and Departmental Service Desks will be manned by staff of the concerned department. The District Collector will make necessary arrangements for this purpose. Student Volunteers may also be deployed, if required.

vii. Details of Adalat programs should be given wide publicity through I&PRD and LSGD with support of elected ward members.

viii. Queue Management System for Adalat Camps will be based on 'First Come First Serve basis' Service Counters. Visitors need to do their basic registration with their Name, Gender, House Name, Contact

Number, Local Body, Village, Taluk, and Pincode. The service desks will be arranged sequentially in ascending order of their demands so as to ensure small queues at each service desk.

ix. Manpower charge for the Akshaya Centre Entrepreneurs who are assigned for the Adalat will be provided by Kerala State IT Mission.

x. All Departments should make arrangements to exempt service fee for the certificates as ordered in G.O read as second paper above, by providing an option called Flood Relief Adalat.

xi. Physical Certificates will have to be sent by the Departments concerned to the addresses of the applicants.

xii. An Information/Help Desk may be put up by District Information Officer to address the doubts related to disaster relief support and CMDRF.

xiii. Daily consolidated report should be prepared and needs to be handed over to District Project Manager, DeGS & KSITM by the IT nodal officer of the Department concerned.

4. Infrastructure Arrangements

i. The responsibility of setting up infrastructure for Adalat will be with the district IT eGovernance Society which will arrange tables, chairs, lights, power plug points, drinking water facility etc at the camp. If Adalat is planned for the people of more than one local body, then venue can be identified based on the convenience of those local bodies.

ii. The Department concerned needs to arrange the IT peripherals required in the departmental service desk. DeGS/KSITM will provide IT peripherals required for registration, e-Aadhaar, Digi-Locker, DB Search, exit counters and announcing systems, if required. Venues with internet and electricity facilities available will be given preference. Expenditure for conducting camps can be met out of the funds available with DeGS. Kerala State IT Mission will transfer funds to DeGS, based on requirement. The host Local Self Government Institution will provide other common facilities required for the Adalat.The District Collectors may also explore the possibilities of conducting the Adalats in Schools/Colleges.

iii. Network connectivity shall be provided by BSNL and should also provide the LAN, connectivity ports/wifi at the Adalat camps. KSITM should make necessary arrangements for this at State level.

iv. KSEB should ensure continuous power supply at the Adalat camps.

v. Vehicle requirements for the transit of equipments and camp personnels of Akshaya Project should be taken care by the Revenue

File No.IT-B2/135/2018-ITD

Department.

5. Detailed Standard Operating Procedure will be provided by Kerala State IT Mission to the District Teams.

(By order of the Governor)
M. SIVASANKAR
SECRETARY

To:
All Additional Chief Secretaries / Principal Secretaries / Secretaries /Special Secretaries
All Head of Departments
The Director of Panchayats,Thiruvananthapuram
The Director of Urban Affires ,Thiruvananthapuram
All District Collectors
All Grama Panchayat Secretaries (Through Dir. of Panchayat)
All Municipal secretaries (Through Dir. of Urban Affairs)
All Corporation Secretaries
The Chairman& Managing Director, Kerala State Electricity Board
The Director, Kerala State IT Mission, Thiruvananthapuram
The Director, Akshaya, Thiruvananthapuram
The Executive Director, Information Kerala Mission,Thiruvananthapuram
The Chairman, SLBC, SLBC Cell, Circle Office, Canara Bank Building, MG Road, Thiruvananthapuram-695001
The Chief General Manager, BSNL, Thiruvananthapuram
State Informatics Officer, NIC Kerala State Centre, Thiruvananthapuram
The Principal Accountant General (A&E)/(G&SSA), Thiruvananthapuram
The Director, I & PRD (for publicizing through a press release)
The Information Officer, I & PRD (Web and New Media)
Local Self Government Department
Revenue Department
Stock File/Office Copy

Forwarded /By order

Section Officer

Copy to : PS to Secretary (E&IT)
CA to Joint Secretary

കേരള സർക്കാർ

നം.ഡി.എ 1/652/2018/ തസ്വഭവ തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്,
തിരുവനന്തപുരം, തീയതി :17.09.2018

സർക്കുലർ

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ്- പ്രളയക്കെടുതി നേരിടുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ട നടപടികൾ -സംബന്ധിച്ച്

സൂചന:- വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 05.09.18 ൽ കൂടിയ യോഗത്തിന്റെ പൊതു വിഷയ തീരുമാനം നംബർ 3

==========

പ്രളയക്കെടുതി നേരിടുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് താഴെ പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:

(1) പ്രളയക്കെടുതി നേരിടുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വളരെ പ്രധാനപ്പെട്ട ചുമതലയുണ്ട്. ഈ സാഹചര്യത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ലഭിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം ഏറ്റവും ഗുണപരമായ പ്രോജക്ടുകൾക്ക് ഉപയോഗിക്കേണ്ടതാണ്. അത്യാവശ്യം ഇല്ലാത്തതും മാറ്റി വയ്ക്കാവുന്നതുമായ പ്രോജക്ടുകൾ, ഡി.പി.സി/വെറ്റിംഗ് ഓഫീസർ നിരസിച്ച പ്രോജക്ടുകൾ എന്നിവയിലെ വിഹിതം പ്രളയക്കെടുതി മൂലം നശിച്ച ആസ്തികൾ പുനഃസൃഷ്ടിക്കുന്നതിന് ഉപയോഗിക്കേണ്ടതാണ്. ഈ കാര്യത്തിൽ ജില്ലാ ആസൂത്രണസമിതിയും തദ്ദേശഭരണ സ്ഥാപനങ്ങളും പ്രത്യേക ജാഗ്രത പാലിക്കേണ്ടതും പ്രദേശത്തിന്റേയും പ്രോജക്ടുകളുടേയും സ്വഭാവമനുസരിച്ച് സർക്കാർ നിർദ്ദേശത്തിന്റെ യഥാർത്ഥ ഉദ്ദേശ്യം ഉൾക്കൊണ്ട് തീരുമാനമെടുക്കേണ്ടതാണ്. എന്നാൽ പ്രളയം മൂലം നാശനഷ്ടം സംഭവിച്ചിട്ടില്ലാത്ത ജില്ലകളിലും തദ്ദേശഭരണ സ്ഥാപനങ്ങളിലും വാർഷിക പദ്ധതിയിൽ സർക്കാർ നിർദ്ദേശിച്ചിട്ടുള്ള പ്രോജക്ടുകൾ ഏറ്റെടുക്കാനല്ലാതെ അഴിച്ചുപണി നടത്തുവാൻ പാടില്ലാത്തതാകുന്നു.

(2) പ്രളയം ബാധിക്കാത്ത പ്രദേശങ്ങളിൽ പ്രളയക്കെടുതി മൂലമുള്ള പുനർ നിർമ്മാണമെന്ന നിലയിലുള്ള പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതല്ല.

(3) പാണ്ടനാട്, തിരുവൻവണ്ടൂർ, റാന്നി അടക്കം പല പഞ്ചായത്തുകളിലും പ്രളയത്തെ ത്തുടർന്ന് കമ്പ്യൂട്ടർ അടക്കമുള്ള ഉപകരണങ്ങൾ നശിച്ചുപോയിട്ടുള്ളതാണ്. ഇത്തരം ഉപകരണങ്ങൾ റിപ്പയർ ചെയ്യാൻ കഴിയുന്നവ റിപ്പയർ ചെയ്യുകയും അല്ലെങ്കിൽ അടിയന്തിരമായി വാങ്ങി ഓഫീസ് പ്രവർത്തനം സുഗമമാക്കാൻ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിക്കേണ്ടതുമാണ്. കൂടാതെ ഇതിനകം ഇത്തരം ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ടെങ്കിൽ ആയതിന് സാധൂകരണം നൽകുന്നു. ഇതിന്റെ കണക്ക് പഞ്ചായത്ത്, നഗരകാര്യ ഡയറക്ടർമാരും ഗ്രാമവികസന കമ്മീഷണറും എടുക്കേണ്ടതും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(4) കുട്ടനാട് പോലെ കുടിവെള്ള പ്രശ്നമുള്ളിടത്ത് കുടിവെള്ള വിതരണത്തിന് ഗ്രാമപഞ്ചായത്തുകളും നഗരസഭകളും ക്രമീകരണം ചെയ്യേണ്ടതാണ്. നിലവിലെ കിയോസ്കുകൾ വൃത്തിയാക്കി ഉപയോഗപ്രദമാക്കേണ്ടതാണ്. പുതിയ വാട്ടർ കിയോസ്കുകൾ സ്ഥാപിക്കേണ്ടതിന്ആവശ്യമെങ്കിൽ വാട്ടർ ടാങ്കുകൾ വാങ്ങേണ്ടതാണ്. കിണറുകൾ സാനിട്ടേഷൻ നടത്തുന്നതുവരെ KWA യുടെശുദ്ധീകരിച്ച വെള്ളം ടാങ്കർ ലോറികളിൽ വിതരണം മുടക്കം കൂടാതെ നടത്തേണ്ടതാണ്. ഉൾപ്രദേശങ്ങളിൽ കുടിവെള്ളമെത്തിക്കുന്നതിന് വീതി കുറഞ്ഞ റോഡുകൾക്കനുയോജ്യമായ വാഹനം വാടകയ്ക്കെടുക്കേണ്ടതാണ്. ആവശ്യമെങ്കിൽ ബോട്ടുകളോ വള്ളങ്ങളോ ഉപയോഗിച്ചും കുടിവെള്ള വിതരണം

നടത്താവുന്നതാണ്.

(5) പ്രളയമേഖലയിൽ തകർന്ന റോഡുകൾ ഉപയോഗയോഗ്യമാക്കുന്നതിന് 23.08.2018- ലെ സ.ഉ(സാധാ). നം.2313/ 2018/ തസ്വഭ സർക്കാർ ഉത്തരവിൽ പറഞ്ഞ പ്രകാരം തുക കണ്ടെത്തേണ്ടതാണ്. തുക തികയാതെ വന്നാൽ പുതിയ റോഡുകൾക്കുമുള്ള പ്രോജക്ട് ഒഴിവാക്കി തുക കണ്ടെത്തേണ്ടതാണ്.

(6) ഗതാഗതം പുനസ്ഥാപിക്കുന്നതിനുള്ള നടപടിയും കെട്ടിടങ്ങളുടെ റിപ്പയറിംഗും കഴിവതും വേഗം നടത്തേണ്ടതാണ്. കെട്ടിടത്തിന് റിപ്പയർ ചെയ്യാനാവാത്തവിധം നശിച്ച സ്ഥലങ്ങളിൽ തൽക്കാലം വാടകയ്ക്ക് കെട്ടിടമെടുത്ത് ഓഫീസിന്റെ പ്രവർത്തനം അവിടേയ്ക്ക് മാറ്റേണ്ടതാണ്. പുതിയവ നിർമ്മിക്കാനുള്ള നടപടി പിന്നീട് ആരംഭിക്കാവുന്നതാണ്.

(7) സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള സഹായങ്ങൾ അർഹരായവർക്ക് എത്തുന്നതിന് സഹായകരമാകുന്നതിനായി പ്രളയക്കെടുതിയിൽ സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള സഹായം സംബന്ധിച്ച വിവരങ്ങൾ പൊതുജനങ്ങളിൽ എത്തിക്കാൻ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും വിപുലമായ പ്രചരണം നടത്തേണ്ടതാണ്.

(8) കുട്ടനാട് പ്രദേശത്ത് പലയിടത്തും കക്കൂസ് റിപ്പയറിംഗ് ആവശ്യമുള്ളതിനാൽ ഇത്തരം കക്കൂസുകളുടെ റിപ്പയറിംഗ് കുട്ടനാട് മേഖലയിലെ അതത് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ചെയ്യാവുന്നതാണ്. എന്നാൽ ഇപ്പോഴും വെള്ളം കയറിക്കിടക്കുന്നിടത്ത് വെള്ളം ഇറങ്ങിയതിനുശേഷം റിപ്പയറിംഗ് നടത്തിയാൽ മതി. കുട്ടനാട് പ്രദേശത്ത് അനുയോജ്യമായ കക്കൂസ് നിർമ്മിക്കുന്നതിന്റെ സാധ്യത പരിശോധിച്ച് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ റിപ്പോർട്ട് നൽകേണ്ടതാണ്.കൂടാതെ വെള്ളപ്പൊക്കത്തിൽ നശിച്ചുപോയ പൊതു സ്ഥാപനങ്ങളിലെ ശൗചാലയങ്ങൾ അതത് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പുനർനിർമ്മിക്കുകയോ അറ്റകുറ്റപ്പണി നടത്തുകയോ ചെയ്യാവുന്നതാണ്.

(9) പ്രളയക്കെടുതിയുടെ പ്രത്യേക പശ്ചാത്തലത്തിൽ പശുക്കളെ വാങ്ങി നൽകുന്ന പ്രോജക്ടുകൾക്ക് തദ്ദേശഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണ്. ഇതിനായി ജില്ലാ/ബ്ലോക്ക് പഞ്ചായത്തുകൾക്കും കന്നുകാലികളെ നൽകുന്ന പ്രോജക്ട് ഏറ്റെടുക്കാൻ ഈ വർഷത്തേയ്ക്ക് മാത്രമായി പ്രത്യേക അനുമതി നൽകുന്നു. ഗ്രാമപഞ്ചായത്തുകൾ നൽകുന്ന ഗ്രാമസഭാ ലിസ്റ്റ് പ്രകാരമായിരിക്കണം ജില്ലാ/ ബ്ലോക്ക് പഞ്ചായത്തുകൾ ഈ പദ്ധതി നടപ്പാക്കേണ്ടത്. പ്രളയക്കെടുതിമൂലം കുറവു വന്ന സംസ്ഥാനത്തിന്റെ കന്നുകാലി സമ്പത്ത് വർദ്ധിപ്പിക്കുന്നതിന് കന്നുകാലികളെ സംസ്ഥാനത്തിനു പുറത്തുനിന്നു വാങ്ങേണ്ടതാണ്. സുതാര്യമായ രീതിയിൽ ഗുണമേന്മയുള്ള കന്നുകാലികളെ സംസ്ഥാനത്തിനു പുറത്തു നിന്നു വാങ്ങുന്നതിന് വെറ്ററിനറി ഡോക്ടർമാരും തദ്ദേശഭരണ സ്ഥാപനങ്ങളും അനുയോജ്യമായ പ്രത്യേക ക്രമീകരണം ഏർപ്പെടുത്തേണ്ടതാണ്. ഇതിനായി വാങ്ങുന്ന ആളിന്റേയും വിൽക്കുന്ന ആളിന്റേയും ആധാർ വിവരങ്ങൾ കൈമാറാവുന്നതാണ്. എല്ലാ കന്നുകാലികൾക്കും ഇൻഷ്വറൻസ് നിർബന്ധമാണ്. കന്നുകാലികളെ നൽകിയതിനുശേഷം തുടർന്നുള്ള വർഷങ്ങളിലും ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കേണ്ടതാണ്. കർഷകർക്ക് കറവ പശുക്കളെ വാങ്ങുന്നത് ബാങ്കു ലോൺ വഴിയാക്കുകയും അതിനെ പരമാവധി പ്രോത്സാഹിപ്പിക്കേണ്ടതുമാണ്. ഇങ്ങനെ വാങ്ങുന്ന ലോണിന്റെ പലിശ തദ്ദേശഭരണ സ്ഥാപനങ്ങൾ പൂർണ്ണമായി നൽകുന്ന രീതിയിൽ പരിഗണിക്കേണ്ടതാണ്. അതായത് ക്ഷീര കർഷകർക്ക് പലിശ രഹിത വായ്പ ലഭിക്കുന്ന രീതിയിൽ പദ്ധതി നടപ്പാക്കേണ്ടതാണ്.

(10) ഇൻഷ്വറൻസ് പരിരക്ഷയുള്ള കന്നുകാലികൾ നശിച്ചുപോയിട്ടുണ്ടെങ്കിൽ ഇവയുടെ ഇൻഷ്വറൻസ് തുക വാങ്ങി നൽകാൻ തദ്ദേശഭരണ സ്ഥാപനങ്ങളും വെറ്ററിനറി ഡോക്ടർമാരും പ്രത്യേകം ഇടപെടൽ നടത്തേണ്ടതാണ്.

(11) കൈമാറ്റം ചെയ്യതും അല്ലാത്തവരുമായ എല്ലാ ഉദ്യോഗസ്ഥരുടേയും യോഗം തദ്ദേശഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷൻമാർ വിളിച്ച് ചേർത്ത് വിവിധ വകുപ്പുകൾ നടപ്പാക്കുന്ന പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങൾ, മറ്റു പുനർ നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവ വിലയിരുത്തേണ്ടതും ആവശ്യമായ ഇടപെടൽ നടത്തേണ്ടതുമാണ്.

(12) തദ്ദേശഭരണ സ്ഥാപനങ്ങളിലെ പ്രളയക്കെടുതി നേരിടുന്നതിന് സർക്കാർ വകുപ്പുകളുടേയും മറ്റ് മേഖലകളിലേയും വിഭവ സ്രോതസ്സ് ഉപയോഗിക്കേണ്ടതാണ്. റോഡുകൾ,സ്കൂൾ കെട്ടിടം, അങ്കണവാടി കെട്ടിടം, ടോയ് ലറ്റുകൾ എന്നിവയുടെ പുനർ നിർമ്മാണവും അറ്റകുറ്റപ്പണിയും നടത്തുന്നതിന് സന്നദ്ധ സേവനം, MPLAD, MLASDF,CSR വിഹിതം, സ്പോൺസർഷിപ്പ് എന്നീ വിഭവ സ്രോതസ്സ് പരമാവധി ഉപയോഗപ്പെടുത്തേണ്ടതാണ്. എന്നാൽ തദ്ദേശഭരണ സ്ഥാപനങ്ങൾ പണപിരിവ് നടത്തരുത്.

(13) ഇപ്പോഴുണ്ടായ പ്രളയത്തിന്റെ അനുഭവം ഉൾക്കൊണ്ട് ഭാവിയിൽ വിവിധോദ്ദേശ്യ കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കേണ്ടതാണ്. ഇപ്പോഴുള്ള സ്കൂളുകൾക്കും മറ്റും ആവശ്യത്തിന് ടോയ് ലറ്റ് സൗകര്യം ഒരുക്കുന്നതിനോടൊപ്പം ഇത്തരം മികച്ച സൗകര്യങ്ങൾ കമ്മ്യൂണിറ്റി ഹാളിനും ഉണ്ടാകേണ്ടതാണ്. പ്രളയം ബാധിക്കാത്ത സ്ഥലങ്ങളിലുള്ള ഇത്തരം സ്ഥാപനങ്ങൾ കണ്ടെത്തി അടിയന്തിര ഘട്ടത്തിൽ ഇവ ഉപയോഗിക്കാൻ പര്യാപ്തമാക്കേണ്ടതാണ്.

(14) നവകേരള സൃഷ്ടിയുടെ ഭാഗമായി സ്വകാര്യ സംരംഭകരെക്കൊണ്ട് പരമാവധി ബാങ്ക് ലോൺ എടുപ്പിക്കുന്നതിന് പ്രോത്സാഹിപ്പിക്കണം. സംരംഭകർക്ക് അനുവദനീയമായ മേഖലകളിൽ പലിശ സബ്സിഡി നൽകുന്ന മാതൃക അവലംബിക്കേണ്ടതാണ്.

പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണം, തിരുവനന്തപുരം
മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ,തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ,ശുചിത്വ മിഷൻ,തിരുവനന്തപുരം
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൻമാർക്കും
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
(പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ മുൻസിപ്പാലിറ്റി ചെയർപേഴ്സൻമാർക്കും/സെക്രട്ടറിമാർക്കും(നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും- ഗ്രാമവികസനകമ്മീഷണർ മുഖേന
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം
കരുതൽ ഫയൽ / ഓഫീസ് കോപ്പി

പകർപ്പ്:- തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി (റൂറൽ) യുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി (അർബൻ) യുടെ പി.എ.യ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - പ്രളയാനന്തര ശുചീകരണത്തിന്റെ തുടർച്ചയായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 2018 സെപ്റ്റംബർ 22 മുതൽ ഒക്ടോബർ 2 വരെ നടത്തേണ്ട തീവ്ര ശുചീകരണ പ്രവർത്തനങ്ങൾ സംബന്ധിച്ച് നിർദ്ദേശം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്

സ.ഉ. (എം.എസ്)നമ്പർ.132/2018/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം 19/9/2018.

ഉത്തരവ്

പ്രളയാനന്തര ശുചീകരണ പ്രവർത്തനങ്ങളുടെ തുടർച്ചയായി വീടുകളിലും സ്ഥാപനങ്ങളിലും, പൊതുസ്ഥലങ്ങളിലുമുള്ള മാലിന്യങ്ങൾ നീക്കം ചെയ്ത് സംസ്കരിക്കുകയും അജൈവ മാലിന്യങ്ങൾ വേർതിരിച്ച് പുനചംക്രമണത്തിന് കൈമാറുകയും ചെയ്യുന്നത് ലക്ഷ്യമിട്ടുകൊണ്ട് 2018 സെപ്റ്റംബർ 22 മുതൽ ഒക്ടോബർ 2 വരെ തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ തീവ്ര ശുചീകരണ പരിപാടി സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത ശുചീകരണ പ്രവർത്തനത്തിന്റെ ഭാഗമായി നദികൾ, തോടുകൾ, മറ്റു ജലാശയങ്ങൾ പൊതുസ്ഥലങ്ങൾ എന്നിവിടങ്ങളിൽ നിലവിലുള്ള മാലിന്യങ്ങൾ നീക്കം ചെയ്ത് ജലാശയങ്ങൾ ശുചീകരിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. ഇതോടനുബന്ധിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് താഴെ പറയുന്ന നിർദ്ദേശങ്ങൾ നല്കി ഉത്തരവാകുന്നു.

- പഞ്ചായത്ത് വകുപ്പ്, നഗരകാര്യ വകുപ്പ്, ഗ്രാമവികസന വകുപ്പ് എന്നീ വകുപ്പുകളുടെ ഏകോപനത്തോടെ തീവ്ര ശുചീകരണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതാണ്. അതോടൊപ്പം ഹരിതകേരളംമിഷൻ, ശുചിത്വ മിഷൻ, ക്ലീൻ കേരള കമ്പനി, കുടുംബശ്രീ, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് മിഷൻ എന്നിവയുടെ സംയുക്ത നേതൃത്വവും ഏകോപനവും ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും ഉറപ്പാക്കേണ്ടതാണ്. ജില്ലാതല പ്രവർത്തനങ്ങളുടെ ഏകോപനത്തിന്റെ ചുമതല ജില്ലാ കളക്ടർക്കും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും ശുചിത്വമിഷന്റെ ജില്ലാ കോ-ഓർഡിനേറ്റർമാർക്കുമായിരിക്കും.

- തദ്ദേശ സ്വയംഭരണ സ്ഥാപന അദ്ധ്യക്ഷന്മാരുടെ മേൽനോട്ടത്തിൽ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിൽ ഈ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

- വിദ്യാലയങ്ങളിൽ ഹരിതകേരളം മിഷന്റെ സഹകരണത്തോടെ നടത്തുന്ന

ഹരിതോത്സവം പരിപാടിയുടെ ഭാഗമായി മാലിന്യം വേർതിരിക്കുന്ന പ്രവർത്തനങ്ങളിൽ അവബോധം ഉണ്ടാക്കുന്നതിനായി പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്നും വേണ്ട നിർദ്ദേശങ്ങൾ നൽകേണ്ടതാണ്

- സ്ഥാപന മേധാവികൾ ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുന്ന പ്രവർത്തനം ഊർജ്ജിതമാക്കേണ്ടതും എല്ലാ സർക്കാർ ഓഫീസുകളും 01/11/2018 മുതൽ ഗ്രീൻ പ്രോട്ടോക്കോൾ നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

- ജലാശയങ്ങളിൽ മാലിന്യം നിക്ഷേപിക്കാതിരിക്കുന്നതിനും ജലാശയ തീരത്തുള്ള മാലിന്യം നീക്കുന്നതിനും തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ കർശന നടപടികൾ സ്വീകരിക്കേണ്ടതാണ്. ജലാശയങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നവർക്ക് കേരള ഇറിഗേഷൻ & വാട്ടർ കൺസർവേഷൻ (ഭേദഗതി) ഓർഡിനൻസ് 2017, കേരള പഞ്ചായത്തീരാജ് ആക്ട് 1994, കേരള മുനിസിപ്പാലിറ്റി ആക്ട് 1994 എന്നിവ പ്രകാരമുള്ള ശിക്ഷയും പിഴയും നൽകുന്നതടക്കമുള്ള നിയമനടപടികൾ സ്വീകരിക്കേണ്ടതാണ്.

- നിലവിൽ ജില്ലകളുടെ ചാർജ്ജുള്ള മന്ത്രിമാർ തീവ്ര ശുചീകരണ പ്രവർത്തനങ്ങൾക്ക് കൂടി നേതൃത്വം നൽകുന്നത് ഉചിതമായിരിക്കും. ശുചീകരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും കൃത്യ സമയത്ത് വിജയകരമായി പൂർത്തീകരിക്കുന്നതിനും നേതൃത്വം നൽകുകയും ജില്ലകളിൽ ആവശ്യമായ യോഗങ്ങൾ വിളിച്ചുചേർക്കുകയും ഉചിതമായ പൊതുപരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുന്നതും ഉചിതമായിരിക്കും

- മേൽ പ്രവർത്തനങ്ങൾക്കായി അത്യാവശ്യമായ തുക (ഗ്രാമ പഞ്ചായത്തുകൾ പരമാവധി 10,000 രൂപ, നഗരസഭകൾ/കോർപ്പറേഷനുകൾ പരമാവധി 25,000 രൂപ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനതു/ പ്ലാൻ ഫണ്ടിൽ നിന്നും വിനിയോഗിക്കാവുന്നതാണ്.

- ജില്ലാതലത്തിൽ പ്രസ്തുത തീവ്ര ശുചീകരണ പ്രവർത്തനങ്ങളുടെ IEC പ്രവർത്തനങ്ങൾക്കായി ശുചിത്വമിഷന്റെ IEC ഫണ്ടിൽ നിന്നും ഒരു ലക്ഷം രൂപ വീതം ലഭ്യമാക്കേണ്ടതാണ്.

- മേൽപ്പറഞ്ഞ പ്രവർത്തനങ്ങളുടെ ഏകോപനം ശുചിത്വമിഷന്റെ ജില്ലാ കോഓർഡിനേറ്റർമാർ ഉറപ്പാക്കേണ്ടതാണ്.

- പ്രസ്തുത പ്രവർത്തനങ്ങളിൽ പ്രധാനപ്പെട്ട എല്ലാ വകുപ്പുകളുടെയും പങ്കാളിത്തം അതാത് ജില്ലാ കളക്ടർമാർ ഉറപ്പുവരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം,)

ടി.കെ.ജോസ്
അഡിഷണൽ ചീഫ് സെക്രട്ടറി

എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ് സൺ, ഹരിത കേരളം മിഷൻ ,തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ ,തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ ,തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും (എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ മുഖേന)
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് / സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ നഗരസഭാ/ കോർപറേഷൻ അധ്യക്ഷന്മാർക്കും/ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
ഗ്രാമ വികസന കമ്മീഷണർ ,തിരുവനന്തപുരം
പൊതു വിദ്യാഭാസ ഡയറക്ടർ ,തിരുവനന്തപുരം
മിഷൻ ഡയറക്ടർ ,ദേശീയ ഗ്രാമീണ തൊഴിലുറപ്പ് മിഷൻ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
മാനേജിങ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി ലിമിറ്റഡ്, തിരുവനന്തപുരം
പൊതു വിദ്യാഭ്യാസ വകുപ്പ്
എല്ലാ വകുപ്പ്/സ്ഥാപന മേധാവികൾക്കും (എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ മുഖേന)
അക്കൗണ്ടന്റ് ജനറൽ (എ&ഇ) / (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
പൊതുഭരണ (എസ്.സി.) വകുപ്പ് (O.A.No..... dated 19/9/2018)
പൊതുഭരണ (ഏകോപനം) വകുപ്പ്
ജലവിഭവ വകുപ്പ്
ആരോഗ്യ കുടുംബക്ഷേമ വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഡയറക്ടർ ഐ&പി.ആർ.(വെബ് & ന്യൂമീഡിയ) വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഓഫീസ് കോപ്പി / കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :- ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
എല്ലാ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയുടെ സി.എ.യ്ക്ക്
അണ്ടർ സെക്രട്ടറി

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ 2019-20 വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് നിർദ്ദേശം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ(സാധാ)നം. **2462/2018/തസ്വഭവ** **തീയതി, തിരുവനന്തപുരം 19.09.2018**

പരാമർശം :- 1. 29.01.2018 ലെ സ.ഉ (എം.എസ്) നം. 11/2018/ ത.സ്വ.ഭ.വ
2. 02.02.2018 ലെ സ.ഉ (എം.എസ്) നം. 17/2018/ ത.സ്വ.ഭ.വ
3. 14.02.2018 ലെ സ.ഉ (എം.എസ്) നം. 22/2018/ ത.സ്വ.ഭ.വ

ഉത്തരവ്

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ 2019-20 വർഷത്തേക്കുള്ള പദ്ധതി തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കാൻ സമയമായിരിക്കുകയാണ്. ഈ സാമ്പത്തിക വർഷാവസാനം പാർലമെന്റ് തെരഞ്ഞെടുപ്പ് നടക്കാൻ സാധ്യതയുണ്ട് എന്നതുകൊണ്ട് 2018 ഡിസംബർ മാസം അവസാനത്തോടുകൂടി പദ്ധതി രൂപീകരണം പൂർത്തിയാക്കി ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം നേടാൻ കഴിയുന്ന രൂപത്തിലുള്ള സമയക്രമത്തെക്കുറിച്ചാണ് സർക്കാർ ആലോചിക്കുന്നത്. പരാമർശത്തിലെ ഉത്തരവുകൾ പ്രകാരം പതിമൂന്നാം പദ്ധതിക്കാലത്തേക്ക് പുറപ്പെടുവിച്ച പദ്ധതി രൂപീകരണ മാർഗ്ഗരേഖയിലോ സബ്സിഡി മാർഗരേഖയിലോ വലിയ മാറ്റങ്ങൾ വരുത്താൻ ഉദ്ദേശിക്കുന്നില്ല എന്ന കാര്യം വ്യക്തമാക്കുന്നു. താഴെത്തട്ടിൽ നിന്നും സൂചിപ്പിച്ച ചില പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും കൂട്ടിച്ചേർക്കലുകൾ വരുത്തുന്നതിനും മാത്രം ശ്രമിക്കുന്നതാണ്. ഇത്തരത്തിൽ കൂട്ടിച്ചേർക്കലുകൾ വരുത്തിക്കൊണ്ടും പദ്ധതി രൂപീകരണത്തിന്റെ സമയക്രമം നിശ്ചയിച്ചുകൊണ്ടും വൈകാതെ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. എന്നാൽ, അതിനു മുൻപു തന്നെ പുതിയ വാർഷിക പദ്ധതി രൂപീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കേണ്ടതുണ്ട്. ആയതിനാൽ സർക്കാർ ചുവടെ വിവരിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

2) തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ ആസൂത്രണ സമിതികളും വർക്കിംഗ് ഗ്രൂപ്പുകളും പുനസംഘടിപ്പിക്കേണ്ടതുണ്ടെങ്കിൽ അത് സെപ്റ്റംബർ 28-ന് മുൻപ് പൂർത്തിയാക്കേണ്ടതാണ്. സംസ്ഥാനത്ത് ഉണ്ടായ മഹാപ്രളയത്തിന്റെയും ഇടയ്ക്കിടെ ഉണ്ടാകുന്ന പ്രകൃതി ദുരന്തങ്ങളുടെയും പശ്ചാത്തലത്തിൽ 'ജൈവവൈവിദ്ധ്യ മാനേജ്മെന്റ്, കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്തനിവാരണം' എന്ന മേഖലയ്ക്ക് എല്ലാ തലത്തിലെയും തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഒരു പുതിയ വർക്കിംഗ് ഗ്രൂപ്പ് നിർബന്ധമായും രൂപീകരിക്കേണ്ടതാണ്. ഈ വർക്കിംഗ് ഗ്രൂപ്പിന്റെ അദ്ധ്യക്ഷൻ തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പ്രസിഡന്റും (നഗരസഭകളിൽ ചെയർ പേഴ്സൺ/മേയർ) കൺവീനർ തദ്ദേശ ഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയും ആയിരിക്കണം. ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളിൽ വികസന സ്റ്റാന്റിംഗ് കമ്മിറ്റിക്ക് കീഴിലും ജില്ലാ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റിക്ക് കീഴിലും കോർപ്പറേഷനുകളിൽ നഗരാസൂത്രണ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് കീഴിലും വേണം വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തിക്കേണ്ടത്. വർക്കിംഗ് ഗ്രൂപ്പിൽ, ബന്ധപ്പെട്ട മേഖലകളിൽ പരിചയവും പ്രാവീണ്യവുമുള്ള പ്രഗത്ഭരെ ഉൾപ്പെടുത്തേണ്ടതാണ്. തദ്ദേശ ഭരണ സ്ഥാപന പരിധിയിൽ പ്രവർത്തിക്കുന്ന ജൈവവൈവിദ്ധ്യ പരിപാലന കമ്മിറ്റിയിലെയും ദുരന്തനിവാരണ സമിതിയിലെയും അംഗങ്ങളുടെ പ്രാതിനിധ്യം വർക്കിംഗ് ഗ്രൂപ്പിൽ ഉണ്ടാകണം. അതുപോലെ മഹാപ്രളയം അതിജീവിക്കുന്നതിന് സ്വമേധയാ സേവനം നൽകാൻ സന്നദ്ധരായ യുവാക്കൾ അടക്കമുള്ള എല്ലാ വിഭാഗം ജനങ്ങളുടെയും പ്രാതിനിധ്യം വർക്കിംഗ് ഗ്രൂപ്പിൽ ഉണ്ടാകുന്നതിന് ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

3) പുതിയ വാർഷിക പദ്ധതിയെ (2019-20) പറ്റിയുള്ള ചർച്ചയ്ക്ക് തുടക്കം കുറിയ്ക്കുന്നതിന് എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും 2018 ഒക്ടോബർ രണ്ടാം തീയതി ഗാന്ധിജയന്തി ദിനത്തിൽ ജനപ്രതിനിധികൾ, നിർവ്വഹണ ഉദ്യോഗസ്ഥർ, ആസൂത്രണ സമിതി അംഗങ്ങൾ, വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾ എന്നിവരുടെ ഒരു സംയുക്ത യോഗം വിളിച്ചുചേർക്കേണ്ടതാണ്. ഈ യോഗത്തിൽ 2018-19 ലെ

പദ്ധതി നടത്തിപ്പിന്റെ പുരോഗതിയും, പ്രളയംമൂലം ഉണ്ടായ നഷ്ടത്തെക്കുറിച്ചുള്ള വിലയിരുത്തലും റിപ്പോർട്ട് ചെയ്യേണ്ടതാണ്. ഒപ്പം, 2018-19 വാർഷിക പദ്ധതിയിൽ സർക്കാർ അനുവദിച്ച പ്രകാരം വരുത്തിയ മാറ്റങ്ങളും റിപ്പോർട്ട് ചെയ്യേണ്ടതാണ്. കൊടിയ വരൾച്ച, മഴക്കെടുതി, ഉരുൾപൊട്ടൽ, പ്രളയം, കടലാക്രമണം തുടങ്ങിയ പ്രകൃതി ദുരന്തങ്ങളുടെ പശ്ചാത്തലത്തിൽ അടുത്ത വാർഷിക പദ്ധതി രൂപീകരിക്കുന്നതിനുള്ള പ്രാഥമിക ചർച്ച നടത്തുകയും വേണം. പദ്ധതി രൂപീകരണത്തിനുള്ള ഗ്രാമ/വാർഡ് സഭകൾ ജനപങ്കാളിത്തത്തോടെ നവംബർ പകുതിക്ക് മുമ്പായി പൂർത്തിയാക്കുന്നതിന് സ്വീകരിക്കേണ്ട കർമ്മപരിപാടി യോഗത്തിൽ ആവിഷ്കരിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

4) കേരളത്തിൽ രണ്ട് ദശാബ്ദമായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ജനകീയാസൂത്രണം ഇന്ത്യയിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലേക്കും 'ഗ്രാമപഞ്ചായത്ത് വികസന പദ്ധതി' (Grama Panchayat Development Plan-GPDP) എന്ന പേരിൽ വ്യാപിപ്പിക്കുന്നതിന് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിരിക്കുന്നു എന്നത് കേരളത്തിന് അഭിമാനകരമായ ഒരു കാര്യമാണ്. കേന്ദ്ര സർക്കാർ ജനകീയാസൂത്രണം എല്ലാ സംസ്ഥാനങ്ങളിലേക്കും വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി കേരളത്തിലെ പദ്ധതി പ്രവർത്തനങ്ങളിൽ മാറ്റം വരുത്തേണ്ടതില്ല. എന്നാൽ ഇതു സംബന്ധിച്ച വിവരങ്ങൾ നൽകേണ്ടതുണ്ട്. എല്ലാ ഗ്രാമപഞ്ചായത്തുകളിലെയും പദ്ധതി ആസൂത്രണവും നിർവഹണവുമായി ബന്ധപ്പെട്ട കാര്യങ്ങളും സ്ഥിതി വിവരക്കണക്കുകളും കേന്ദ്ര സർക്കാർ നിർദ്ദേശിക്കുന്ന വിവരശേഖരണ സംവിധാനത്തിന് നൽകണം. ഗ്രാമപഞ്ചായത്തുകളുടെ പദ്ധതി രൂപീകരണ-നിർവഹണ പ്രവർത്തനങ്ങളും വികസന പ്രവർത്തനങ്ങളും സംബന്ധിച്ച നാം നൽകുന്ന വിവരങ്ങളെ അടിസ്ഥാനമാക്കി ഗ്രാമപഞ്ചായത്തുകളെ കേന്ദ്ര സർക്കാർ റാങ്ക് ചെയ്യുന്നതാണ്. കേന്ദ്ര സർക്കാർ നിർദ്ദേശിക്കുന്ന മൊബൈൽ ആപ്ലിക്കേഷനിലേക്ക് ഡാറ്റാ അപ് ലോഡ് ചെയ്യുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ വിശദമാക്കിക്കൊണ്ടും ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും ഭരണ സമിതികളെയും ഇതിന് ചുമതലപ്പെടുത്തിക്കൊണ്ടുമുള്ള ഉത്തരവ് ഉടൻതന്നെ പുറപ്പെടുവിക്കുന്നതാണ്.

5. പദ്ധതി ആസൂത്രണം സംബന്ധിച്ച് കേരളത്തിൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗരേഖയ്ക്ക് അനുസൃതമായി ഗ്രാമപഞ്ചായത്തുകൾ ഏറ്റെടുക്കുന്ന വികസന പ്രവർത്തനങ്ങൾ തന്നെ കേന്ദ്ര ഗവൺമെന്റിന്റെ 'ഗ്രാമപഞ്ചായത്ത് വികസന പദ്ധതിയുമായി' ബന്ധപ്പെട്ട വിവരശേഖരണ സംവിധാനത്തിലേക്ക് നൽകാവുന്നതാണ്. ഇതിന് സുലേഖ സോഫ്റ്റ് വെയറിൽ നിന്നും കേന്ദ്ര സർക്കാരിന്റെ പ്ലാൻ പ്ലസ് സോഫ്റ്റ് വെയറിലേക്ക് വിവര കൈമാറ്റം സാധ്യമാക്കുന്നതിനുള്ള സംവിധാനം പ്രാവർത്തികമാക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
റ്റി.കെ.ജോസ്
അഡീഷണൽ ചീഫ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
ഗ്രാമവികസന കമ്മീഷണർ
മെമ്പർ സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എല്ലാ ഗ്രാമപഞ്ചായത്ത് അധ്യക്ഷൻമാർക്കും/സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ നഗരസഭാ അധ്യക്ഷൻമാർക്കും/സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ മുനിസിപ്പൽ കോർപ്പറേഷൻ അധ്യക്ഷൻമാർക്കും/സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടർമാർക്കും(നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്ത് അധ്യക്ഷൻമാർക്കും/സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
എല്ലാ ജില്ലാ പഞ്ചായത്ത് അധ്യക്ഷൻമാർക്കും/സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ജില്ലാ ആസൂത്രണ സമിതി അധ്യക്ഷൻമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ജില്ലാ കളക്ടർമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും(സംസ്ഥാന റിസോഴ്സ് ഗ്രൂപ്പ് മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
ചെയർമാൻ, സംസ്ഥാന റിസോഴ്സ് ഗ്രൂപ്പ്, ആസൂത്രണ ബോർഡ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

സംസ്ഥാന പെർഫോർമെൻസ് ഓഡിറ്റ് ഓഫീസർ, ഗവ.സെക്രട്ടറിയേറ്റ്
ഡയറക്ടർ, ഐ&പി.ആർ.ഡി/വെബ് & ന്യൂ മീഡിയ (വ്യാപകമായ പ്രസിദ്ധീകരണത്തിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി)

പകർപ്പ് - ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു. തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ സെക്രട്ടറിക്ക്
തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
തദ്ദേശ സ്വയം ഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എയ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം
വഞ്ചിയൂർ.പി.ഒ., തിരുവനന്തപുരം. പിൻ - 695035
ഫോൺ: 0471-2302490 ഫാക്സ്:0471-2303025/20303080
ഇ-മെയിൽ: **dhskerala@gmail.com** വെബ്സൈറ്റ്: **www.dhs.kerala.gov.in**

വെള്ളപ്പൊക്കം - ആരോഗ്യ പരിരക്ഷയ്ക്കായി ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1. **ആരോഗ്യ പരിചരണവും ചികിത്സയും**

1.1. മെഡിക്കൽ ക്യാമ്പ്, മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ, മൊബൈൽ പൊതുജനാരോഗ്യ യൂണിറ്റുകൾ എന്നിവിടങ്ങളിൽ നിന്ന് പൊതുജനങ്ങൾക്ക് ആരോഗ്യ സേവനങ്ങൾ ലഭിക്കുന്നതാണ്.

1.2. എല്ലാ ആരോഗ്യസേവന കേന്ദ്രങ്ങളിലും ക്യാമ്പുകളിലും മുറിവ് പറ്റിയവർക്ക് പരിചരണവും ടെറ്റനസ് ടോക്സോയ്ഡ് ഇൻജക്ഷനും നൽകുന്നതാണ്.

1.3. മെഡിക്കൽ ക്യാമ്പുകളിലും മൊബൈൽ മെഡിക്കൽ യൂണിറ്റുകളിലും പൊതുജനാരോഗ്യ യൂണിറ്റുകളിലും ചികിത്സയ്ക്ക് പുറമെ ടാങ്ക്/ ഓവർഹെഡ് ടാങ്ക് തുടങ്ങിയവ ശുദ്ധീകരിക്കാൻ/അണുവിമുക്തമാക്കാൻ ബ്ലീച്ചിംഗ് പൗഡർ ലഭ്യമാണ്.

1.4. എല്ലാ സർക്കാർ ആരോഗ്യ സേവന യൂണിറ്റുകളിലും ആവശ്യമുള്ള മരുന്നുകളും മറ്റു സൗകര്യങ്ങളും ലഭ്യമാണ്. ഈ സേവനങ്ങൾ പൊതുജനങ്ങൾ ഉപയോഗിക്കേണ്ടതാണ്.

2. **പകർച്ചവ്യാധി നിയന്ത്രണം**

2.1. ജലജന്യരോഗങ്ങൾ, ജന്തുജന്യരോഗങ്ങൾ, പ്രാണിജന്യരോഗങ്ങൾ, വായുജന്യരോഗങ്ങൾ തുടങ്ങിയവയെ തടയാനായി ആരോഗ്യവകുപ്പ് എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

2.2. പൊതുജനങ്ങൾ താഴെ പറയുന്നവ നിർബന്ധമായും പാലിക്കേണ്ടതാണ്-

എ) ശുദ്ധജലം (ക്ലോറിനേറ്റ് ചെയ്തത്) മാത്രം കുടിക്കേണ്ടതാണ്

ബി) തിളപ്പിച്ചാറ്റിയ വെള്ളം അഭികാമ്യം

സി) ഇടയ്ക്കിടെ കൈകൾ സോപ്പും വെള്ളവും ഉപയോഗിച്ച് കഴുകുന്നത് അണുബാധ തടയും

ഡി) മഴവെള്ളത്തിൽ കുതിർന്ന ഭക്ഷണം ഉപയോഗിക്കരുത്

2.3. ആർക്കെങ്കിലും പനിയോ വയറിളക്കമോ ഉണ്ടായാൽ സർക്കാർ ആരോഗ്യസേവന ദാതാക്കളിൽ നിന്നും മെഡിക്കൽ ക്യാമ്പുകളിൽ നിന്നും സേവനങ്ങൾ ലഭ്യമാണ്.

3. **സുരക്ഷിത കുടിവെള്ളം**

3.1. ശരിയായ അളവിൽ ക്ലോറിൻ ഉപയോഗിച്ച് ശുദ്ധീകരിച്ച കുടിവെള്ളം ഉപയോഗിക്കണം.

3.2. വാട്ടർ ടാങ്കും ഓവർഹെഡ് ടാങ്കും ക്ലോറിനേറ്റ് ചെയ്യാൻ താഴെ പറയുന്ന രീതി അവലംബിക്കുക.

എ)1000 ലിറ്റർ വെള്ളം ക്ലോറിനേറ്റ് ചെയ്യാൻ 5 ഗ്രാം 33 ശതമാനം ബ്ലീച്ചിംഗ് പൗഡർ ഒരു ബക്കറ്റിലെടുത്ത് കുഴച്ച് പേസ്റ്റ് പരുവത്തിലാക്കുക.

ബി) വെള്ളം കുറേശെയായി ബക്കറ്റിന്റെ മുക്കാൽ ഭാഗം വരെ ഒഴിച്ച് നന്നായി കലക്കുക.

സി) ബ്ലീച്ചിംഗ് പൗഡർ അടിയാൻ 10-15 മിനുറ്റ് അനക്കാതെ വയ്ക്കുക

ഡി) തെളിഞ്ഞ വെള്ളം മറ്റൊരു ബക്കറ്റിലാക്കി ഓവർഹെഡ് ടാങ്കിൽ നല്ലതുപോലെ ഇളക്കി കലക്കുക. തുടർന്ന് ഒരു മണിക്കൂറിന ശേഷം ഈ വെള്ളം ഉപയോഗിക്കാവുന്നതാണ്.

3.3. പൈപ്പ്ലൈനിൽ പൊട്ടലുണ്ടെങ്കിൽ അറ്റകുറ്റപണികൾ തീർക്കുക. ലീക്ക് വരാതെ ശ്രദ്ധിക്കുക

4. **വെള്ളപ്പൊക്കത്തിന ശേഷം ടാങ്കും ഓവർഹെഡ് ടാങ്കും വൃത്തിയാക്കാനുള്ള നടപടിക്രമം**

4.1. കിണർവെള്ളവും കുഴൽക്കിണർ വെള്ളവും ശുദ്ധീകരിച്ച ശേഷം മാത്രം കുടിയ്ക്കുവാനുപയോഗിക്കുക.

അതിനുള്ള മാർഗ്ഗങ്ങൾ താഴെ നൽകിയിരിക്കുന്നു :-

എ) ആദ്യം ടാങ്കിലും ഓവർഹെഡ് ടാങ്കിലും ഉള്ള വെള്ളം മുഴുവനും ഒഴുക്കി കളയുക.

ബി) ബ്ലീച്ചിഗ് പൗഡർ ഉപയോഗിച്ച് ടാങ്കും ഓവർഹെഡ് ടാങ്കും ഉരച്ച് കഴുകുക

സി) അതിന ശേഷം വെള്ളം നിറയ്ക്കുക

ഡി) വെള്ളം ക്ലോറിനേറ്റ് ചെയ്ത് ശുദ്ധീകരിക്കുക

ഇ) എല്ലാ പൈപ്പിലും അഞ്ച് മിനിറ്റ് വെള്ളം ഒഴുക്കി കളയുക

4.2. ഇതുപോലെ കിണർ വെള്ളവും കുഴൽക്കിണർ വെള്ളവും ക്ലോറിനേറ്റ് ചെയ്ത് ഉപയോഗിക്കുക.

5. **താത്ക്കാലിക ദുരിതാശ്വാസ കേന്ദ്രത്തിൽ അവലംബിക്കേണ്ട മുൻകരുതലുകൾ**

5.1. തിളപ്പിച്ചാറ്റിയ വെള്ളം മാത്രം കുടിക്കാൻ ഉപയോഗിക്കുക

5.2. മലമൂത്ര വിസർജ്ജനത്തിന കക്കൂസ് ഉപയോഗിക്കുക. കക്കൂസ് ലഭ്യമല്ലെങ്കിൽ യുദ്ധകാലാടിസ്ഥാനത്തിൽ ഇലക്ട്രോണിക് ടോയ്ലറ്റ് സൗകര്യം ലഭ്യമാക്കാൻ ബന്ധപ്പെട്ട അധികാരികളെ അറിയിക്കുക.

5.3. ദുരിതാശ്വാസ കേന്ദ്രങ്ങളുടെ പരിസരം ബ്ലീച്ചിംഗ് പൗഡറും നീറ്റുകക്കയും (അനുപാതം 1:4) ഉപയോഗിച്ച് ആഴ്ച്ചയിൽ രണ്ടുതവണ അണുനശീകരണം നടത്തണം.

6. **ഈച്ചനിയന്ത്രണ പ്രവർത്തനങ്ങൾ**

6.1. ഭക്ഷണാവശിഷ്ടങ്ങളിലും അഴുകുന്ന മാലിന്യങ്ങളിലും ഈച്ചകൾ പെരുകാൻ ഇടയുള്ളതിനാൽ അവ അലക്ഷ്യമായി വലിച്ചെറിയാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി എത്രയും വേഗം സുരക്ഷിതമായി സംസ്ക്കരിക്കേണ്ടതാണ്.

6.2. ഈ സ്ഥലങ്ങൾ ബ്ലീച്ചിംഗ് പൗഡറും നീറ്റുകക്കയും ഉപയോഗിച്ച് അണു നശീകരണം അടിക്കടി നടത്തേണ്ടതാണ്.

7. **കൊതുക് നിയന്ത്രണം**

7.1. ഉപയോഗ ശൂന്യമായ ടയറുകൾ, പൊട്ടിയ മൺപാത്രങ്ങൾ, തൊണ്ടുകൾ , പ്ലാസ്റ്റിക് പാത്രങ്ങൾ എന്നിവയിലും നിർമ്മാണ സ്ഥലങ്ങളിലെ താത്ക്കാലിക വെള്ളക്കെട്ടുകളിലും കൊതുകുകൾ വംശവർദ്ധന നടത്തുന്നു.

7.2. താത്ക്കാലികമായി വെള്ളം കെട്ടി നിൽക്കാതെ ഉപയോഗ ശൂന്യമായ പാത്രങ്ങളും പ്ലാസ്റ്റിക് കുപ്പി, കപ്പ്, കവറുകൾ എന്നിവയും അലക്ഷ്യമായി വലിച്ചെറിയാതെ ശേഖരിച്ച്, വെള്ളം കെട്ടി നിൽക്കാത്ത വിധം നീക്കം ചെയ്യേണ്ടതാണ്.

8. **പൊതു നിർദ്ദേശങ്ങൾ**

8.1. സുരക്ഷിതമല്ലാത്ത മേഖലകളിൽ വസിക്കുന്നവർ നിർദ്ദേശം കിട്ടിയാലുടനെ ദുരിതാശ്വാസ കേന്ദ്രത്തിലേക്ക് മാറി താമസിക്കേണ്ടതാണ്.

പൊതുജനാരോഗ്യവിഭാഗം, ആരോഗ്യവകുപ്പ് കാര്യാലയം, തിരുവനന്തപുരം.

8.2. ഏതെങ്കിലും രോഗങ്ങൾക്ക് പതിവായി മരുന്ന് കഴിക്കുന്നവർ അത് തുടരേണ്ടതാണ്.

8.3. മഴക്കാലത്ത് യാത്രകൾ പരമാവധി ഒഴിവാക്കുക.

8.4. പക്ഷിമൃഗാദികളുടെ ശവശരീരങ്ങൾ ശ്രദ്ധയിൽപെട്ടാൽ അത് മുൻസിപ്പാലിറ്റിയുടെയോ തദ്ദേശസ്വയംഭരണാധികരികളുടെയോ ശ്രദ്ധയിൽപ്പെടുത്തി ആഴത്തിൽ കുഴിയെടുത്ത് ബ്ലീച്ചിംഗ് പൗഡർ വിതറി സംസ്ക്കരിക്കേണ്ടതാണ്.

കൂടുതൽ വിവരങ്ങൾക്ക് :- ദിശ -0471 2552056

അഡീഷണൽ ഡയറക്ടർ (പൊതുജനാരോഗ്യം)

16/8/2018

അച്ചടി & പ്രസിദ്ധീകരണം

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ

മുളങ്കുന്നത്തുകാവ് (P.O), തൃശ്ശൂർ, കേരള, ഇന്ത്യ - പിൻ: 680 581

ഫോൺ (ഓഫീസ്) (0487) 2207000, (ഡയറക്ടർ) 2201312, (ഡെപ്യൂട്ടി ഡയറക്ടർ) 2207002,
ഫാക്സ് : 0487-2201062
ഇ-മെയിൽ : info@kila.ac.in – Website : www.kila.ac.in

ഒരുമ പ്രിന്റേഴ്സ് & പബ്ലിഷേഴ്സ് ലിമിറ്റഡ് തൃശ്ശൂർ 9562625050